# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 26, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

432/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 34

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 34

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 102

**II അടിയന്തരപ്രമേയം**

കസ്റ്റഡി മരണം – 436

(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധക്ഷണിക്കൽ**

(1) കരാർ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ – 449
— ശ്രീ. ബി. സത്യൻ

(2) വടകര-മാഹി കനാൽ പദ്ധതി – 452
— ശ്രീ. പാറക്കൽ അബ്ദുല്ല

**IV സബ്മിഷൻ**

(1) സുരക്ഷാ ക്രമീകരണങ്ങൾ – 455
— ശ്രീ. കെ. സി. ജോസഫ്

(2) റൈസ് പാർക്ക് – 458
— ശ്രീ. സജി ചെറിയാൻ

(3) സർവ്വേയർ തസ്തികയിലെ നിയമനം – 460
— ശ്രീ. കെ. രാജൻ

(4) മരുന്നുകളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും ദൗർലഭ്യം 461
— ഡോ. എം. കെ. മുനീർ

(5) ബയോ മെഡിക്കൽ എഞ്ചിനീയർമാരുടെ നിയമനം – 463
— ശ്രീ. എൻ. വിജയൻപിള്ള

(6) അടിസ്ഥാന സൗകര്യ വികസനം – 465
— ശ്രീ. കെ. എസ്. ശബരീനാഥൻ

*പേജ്*

| | | | |
|---|---|---|---|
| | (7) സ്നേഹപൂർവ്വം പദ്ധതി<br>— ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് | - | 467 |
| | (8) കെട്ടിട നമ്പർ<br>— ശ്രീ. കെ. വി. അബ്ദുൾ ഖാദർ | - | 469 |
| | (9) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ<br>— ശ്രീ. കെ. വി. വിജയദാസ് | - | 471 |
| | (10) 110 കെ. വി. സബ്സ്റ്റേഷൻ<br>— ശ്രീ. വി. ടി. ബൽറാം | - | 473 |
| **V** | **മേശപ്പുറത്തുവച്ച കടലാസ്സുകൾ**<br>ചട്ടം 236(5), 236 (6), 47 (2) അനുസരിച്ചുള്ള കടലാസുകൾ | - | 475 |
| **VI** | **റിപ്പോർട്ട് സമർപ്പണം**<br>പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയാറ് മുതൽ<br>അൻപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ | - | 491 |
| **VII** | **ധനകാര്യം**<br>2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള<br>ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള<br>ചർച്ചയും വോട്ടെടുപ്പും<br>ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജല വിതരണവും ശുചീകരണവും<br>ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം<br>ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി | - | 491 |
| | **അനുബന്ധം** | - | 608 |

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 26 ബുധൻ*


വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15


നിയമസഭ 2019 ജൂൺ മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി പദ്ധതി**

1 (*421) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുന്നതിനായി ഇത്തരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് സാധിക്കുമോയെന്ന് അറിയിക്കാമോ;

(സി) അഗ്രോപാർക്കുകൾ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിന് ഏതൊക്കെ രീതിയിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിന്റെ കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഏകീകൃത ബ്രാൻഡ് നെയിമിൽ ഇറക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഇ) ഏതൊക്കെ ഏജൻസികളെയാണ് അഗ്രോപാർക്കുകളുടെ ചുമതല ഏൽപ്പിച്ചിരിക്കുന്നതെന്നും അവ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നതെന്നും വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി വിവിധ പദ്ധതികളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. മൂല്യവർദ്ധിത ഉൽപ്പന്ന വിപണിയിൽ കേരളത്തിലെ കാർഷിക വിഭവങ്ങൾക്കുള്ള രാജ്യാന്തര താൽപര്യം തിരിച്ചറിഞ്ഞിട്ടുണ്ട്. നിലവിൽ ചക്ക, മാങ്ങ, കൈതച്ചക്ക, വാഴപ്പഴം, പപ്പായ, ഓറഞ്ച്, നെല്ലിക്ക, പാഷൻഫ്രൂട്ട് മുതലായ ഫലവർഗ്ഗങ്ങളിൽനിന്നും സുഗന്ധ ദ്രവ്യങ്ങൾ, തേങ്ങ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയിൽനിന്നുമാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത്. കാർഷിക വിഭവങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിനായി എസ്.എഫ്.എ.സി. കേരളത്തിലെ വിവിധ ജില്ലകളിലായി തേങ്ങ, ചക്ക, മാങ്ങ, വാഴപ്പഴം, സുഗന്ധദ്രവ്യങ്ങൾ, മറ്റ് പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംരംഭകർക്ക് സബ്സിഡി നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണം തുടങ്ങുന്നതിനായി സംരംഭകർക്ക് വിവിധ പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോല്പന്ന സംസ്കരണത്തിനും വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കോക്കനട്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് കോഴിക്കോട് ജില്ലയിലെ കുത്താളി ഫാമിലും വേങ്ങേരിയിലും ഓരോ കോക്കനട്ട് അഗ്രോപാർക്ക് ആരംഭിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തരം നടപടി ആരംഭിച്ചിട്ടുണ്ട്. വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ഇവിടെ ലഭ്യമാകുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാളികേര വികസന ബോർഡ് (CDB) ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പായ്ക്ക് ചെയ്ത് ബ്രാൻഡ് നാമത്തോടുകൂടിയ വൈവിദ്ധ്യങ്ങളായ നാളികേര ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള സംരംഭങ്ങൾക്ക് പ്രോജക്ട് തുകയുടെ 25%, പരാമവധി 50 ലക്ഷം രൂപ back ended credit capital ആയി ധനസഹായം നൽകുന്നുണ്ട്. SFAC (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന നാളികേര അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് നടപടിയെടുത്തു വരികയാണ്. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് 25 ലക്ഷം രൂപയ്ക്ക് താഴെ ചെലവ് വരുന്ന പദ്ധതികൾക്ക് ആകെ മൂലധന ചെലവിന്റെ 50%, പരമാവധി 10 ലക്ഷം രൂപ back ended subsidy നൽകുന്നുണ്ട്. 25 ലക്ഷം മുതൽ 10 കോടി രൂപ വരെ ചെലവ് വരുന്ന സംരംഭങ്ങൾക്ക് കെട്ടിടത്തിനും, യന്ത്രസാമഗ്രികൾക്കും, സാങ്കേതിക വിദ്യയ്ക്കും ചെലവാകുന്ന തുകയുടെ 50%, പരമാവധി 50 ലക്ഷം രൂപ back ended subsidy നൽകുന്നുണ്ട്. 2019-20 വർഷം 12 കോടി രൂപയാണ് SFAC ഇതിനായി വകയിരുത്തിയിട്ടുള്ളത്.

പൊതുമേഖലാ സ്ഥാപനമായ കേരഫെഡ്, കേര വെളിച്ചെണ്ണയ്ക്ക് പുറമേ ഉപോല്പന്നങ്ങളായ കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക് പൗഡർ, കേരജം, കേശാമൃത്, ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് വിപണിയിലിറക്കിയിട്ടുണ്ട്. കേര വെളിച്ചെണ്ണയും, ഉപോല്പന്നങ്ങളും കേരള മാർക്കറ്റിലും, മറ്റിതര സംസ്ഥാനങ്ങളിലും കൂടാതെ വിദേശത്തും വിതരണം നടത്തിവരുന്നു.

മറ്റൊരു പൊതുമേഖലാ സ്ഥാപനമായ നാളികേര വികസന കോർപ്പറേഷൻ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര വിപണി, നീര ലഡു, നീര വിനീഗർ, നീര വെളിച്ചെണ്ണ, ചമ്മന്തിപ്പൊടി തുടങ്ങിയ ഉൽപ്പന്നങ്ങൾ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തുന്നു.

പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യ വർദ്ധനവിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള-യുടെ നേതൃത്വത്തിൽ താഴെ പറയുന്ന പദ്ധതികൾ തുടങ്ങിയിട്ടുണ്ട്:

1. <u>പഴം സംസ്കരണ യൂണിറ്റ്-</u> കോട്ടയം ജില്ലയിൽ പാറത്തോട് പ്രവർത്തിക്കുന്ന യൂണിറ്റിൽ വാഴപ്പഴം, പൈനാപ്പിൾ എന്നിവ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി 'തളിർ' ബ്രാൻഡിൽ വിതരണം തുടങ്ങിയിട്ടുണ്ട്. ബനാന കേക്ക്, പഴവർഗ്ഗങ്ങളുടെ കാൻഡികൾ എന്നിവയും വിപണിയിലെത്തിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. ചിപ്സ് യൂണിറ്റ്- എറണാകുളം ജില്ലയിലെ കാഞ്ഞൂർ, തിരുവാണിയൂർ സ്വാശ്രയ കർഷക സമിതികളുടെ മേൽനോട്ടത്തിൽ നാടൻ നേന്ത്രക്കായിൽനിന്നും ചിപ്സ് ഉൽപാദിപ്പിച്ച് വിപണനം ചെയ്യുന്നുണ്ട്.

3. മരിച്ചീനി സംസ്കരണ യൂണിറ്റ്- കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി സ്വാശ്രയ കർഷക സമിതിയുടെ കീഴിൽ മരച്ചീനിയിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ ചിപ്സ്, മുറുക്ക് എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നുണ്ട്.

4. കട്ട് വെജിറ്റബിൾ യൂണിറ്റ്- കേരളീയ വിഭവങ്ങളായ സാമ്പാർ, അവിയൽ, വിവിധയിനം മെഴുക്കുപുരട്ടി, തോരൻ എന്നിവ പാകം ചെയ്യുന്നതിന് പച്ചക്കറികൾ കഷ്ണങ്ങളാക്കി റെഡി ടു കുക്ക് പായ്ക്കറ്റുകളിൽ കട്ട് വെജിറ്റബിൾസ് എന്ന പേരിൽ വിപണിയിൽ എത്തിക്കുന്നു. തിരുവനന്തപുരം (കോവിൽനട), തൃശ്ശൂർ (പഴയന്നൂർ), എറണാകുളം (കുറുമശ്ശേരി), കോഴിക്കോട് (വെള്ളന്നൂർ) ജില്ലകളിൽ കട്ട് വെജിറ്റബിൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റർഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി ചുവടെച്ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം പ്രൈമറി/മൊബൈൽ/മിനിമൽ സംസ്കരണ യൂണിറ്റിന് 25 ലക്ഷം രൂപയും (യൂണിറ്റ് ഒന്നിന്) പ്രിസർവേഷൻ യൂണിറ്റ് പുതിയതിന് 2 ലക്ഷം രൂപയും പ്രിസർവേഷൻ യൂണിറ്റ് പുനരുദ്ധാരണത്തിന് 1 ലക്ഷം രൂപയും നൽകിവരുന്നു.

2019-20 സാമ്പത്തിക വർഷത്തെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചറിന്റെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 9 പ്രൈമറി/മൊബൈൽ/മിനിമൽ സംസ്കരണ യൂണിറ്റുകൾ (6 എണ്ണം സമതല പ്രദേശത്ത്, 3 എണ്ണം മലയോര പ്രദേശത്ത്), 8 പുതിയ പ്രിസർവേഷൻ യൂണിറ്റുകൾ, 8 പ്രിസർവേഷൻ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായുള്ള പ്രൊപ്പോസൽ എന്നിവ അനുമതിക്കായി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള ധനസഹായത്തിലൂടെ കോഴിക്കോട് ജില്ലയിലെ മലബാർ ഫുഡ് ആന്റ് ഹണി പ്രോസസ്സിംഗ് യൂണിറ്റിൽ തേനിൽനിന്നും തേൻ നെല്ലിക, തേൻ വെളുത്തുള്ളി, കാൻഡി എന്നിവയും മലപ്പുറം ജില്ലയിലെ ടീനാസ് ജാക്ക് പ്രോസസ്സിംഗ് യൂണിറ്റ്, ആലപ്പുഴ ജില്ലയിലെ വസന്തം ഫുഡ്സ് എന്നിവിടങ്ങളിൽ ചക്കയിൽനിന്നും ചക്കച്ചുള, ചക്കപ്പൊടി, ചക്കക്കുരുപ്പൊടി,

പപ്പടം, പായസം, ചക്കവരട്ടി, ചിപ്സ്, കേക്ക്, ബിസ്കറ്റ്, കുക്കീസ്, ഐസ്ക്രീം മുതലായവയും കാസർഗോഡ് ജില്ലയിലെ ഗ്രാമലക്ഷ്മി പ്രോസ്സസിംഗ് യൂണിറ്റിൽ കുരുമുളക്പൊടി, വെള്ളക്കുരുമുളക് പൊടി, മസാലക്കൂട്ടുകൾ (ഇറച്ചി, മീൻ, സാമ്പാർ), മഞ്ഞൾപൊടി, മല്ലിപ്പൊടി, മുളക്പൊടി എന്നിവയും എറണാകുളം ജില്ലയിലെ ജെ. എം. അഗ്രി ഫുഡ് പ്രോഡക്ട്സിൽ പാവക്ക, പയർ, കപ്പ, വാഴപ്പിണ്ടി എന്നിവയുടെ വറ്റലുകളും പപ്പടങ്ങളും സംസ്കരിച്ച് വിപണനം ചെയ്യുവാൻ സാധിക്കുന്നുണ്ട്.

സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷിവകുപ്പ് 2016 മുതൽ "വൈഗ" എന്ന അന്തർദ്ദേശീയ ശില്പശാല സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) സംരംഭകർ കർഷകരിൽനിന്ന് നേരിട്ട് കാർഷികോല്പന്നങ്ങൾ വാങ്ങുന്ന സാഹചര്യം സൃഷ്ടിക്കുകയാണെങ്കിൽ കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുന്നതിനായി മൂല്യവർദ്ധനവ്/മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് സാധിക്കും.

ചെലവുകൾ കഴിച്ച് പ്രതിമാസം 25,000 രൂപ വരെ വരുമാനം ലഭിക്കുന്ന യൂണിറ്റുകൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകൾ ഓരോന്നും കുറഞ്ഞത് 5 തൊഴിലാളികൾക്ക് പ്രത്യക്ഷത്തിലും 50-ഓളം കർഷക കുടുംബങ്ങൾക്ക് പരോക്ഷമായും തൊഴിലും വരുമാനവും നൽകിവരുന്നു.

(സി) കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിനുതകുന്ന വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ഉല്പാദന പദ്ധതികൾക്കൊപ്പം വിപണനത്തിനും വിളവെടുപ്പിന് ശേഷമുള്ള സംസ്കരണത്തിനും മൂല്യവർദ്ധനവിനും കൂടുതൽ അർത്ഥവത്തായ പദ്ധതി എന്ന നിലയിലാണ് അഗ്രോപാർക്കുകൾ രൂപീകരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നത്. വിള അധിഷ്ഠിത അഗ്രോപാർക്കുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. നാളികേരം, വാഴ, പച്ചക്കറികൾ, മാവ് എന്നീ വിളകളെ അടിസ്ഥാനമാക്കിയാണ് ആദ്യഘട്ടത്തിൽ അഗ്രോപാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട വിളകളിൽ ഉല്പാദിപ്പിക്കുവാൻ സാധ്യമായ ഏതൊരുല്പന്നവും നിർമ്മിക്കുന്നതിനുള്ള സൗകര്യമായിരിക്കും അഗ്രോപാർക്കുകളിൽ ലഭ്യമാവുക. ഇതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സംസ്കരണം, മൂല്യവർദ്ധനവ്, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയ കാര്യങ്ങൾക്കായുള്ള ആധുനിക/ അത്യാധുനികമായ സാങ്കേതിക ഉപകരണങ്ങൾ, സാങ്കേതിക സഹായം

ഉറപ്പുവരുത്തുന്നതിനുള്ള ചുറ്റുപാടുകൾ എന്നിവയെല്ലാംതന്നെ ടി അഗ്രോപാർക്കുകളിൽ ലഭ്യമായിരിക്കുന്നതാണ്. ഏറ്റവും പ്രധാനമായി കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾ മാത്രം ഉപയോഗിക്കുകവഴി കേരളത്തിലെ കർഷകർക്ക് നല്ലവില കിട്ടുവാനുള്ള സാഹചര്യവും സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

(ഡി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നീര വൃത്തിയായി സംസ്കരിച്ച് ഭംഗിയായ പായ്ക്കിംഗിൽ മനോഹരമായ മുദ്രയോടുകൂടി അത്യാകർഷകമായ പരസ്യവാചകത്തോടുകൂടി അവതരിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) KAICO, INKEL Ltd, VFPCK എന്നീ ഏജൻസികളെയാണ് അഗ്രോപാർക്കുകളുടെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. നാളികേരാധിഷ്ഠിത അഗ്രോപാർക്കുകൾ കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ ഫാമിലും വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിലും സ്ഥാപിക്കുന്നതിന് KAICO - യെ SPV ആയി തെരഞ്ഞെടുത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ ബനാന-ഹണി പാർക്ക് സ്ഥാപിക്കുന്നതിനുള്ള SPV- യും KAICO തന്നെയാണ്. വെജിറ്റബിൾ അഗ്രോപാർക്ക് ഇടുക്കി വണ്ടിപ്പെരിയാർ എന്ന സ്ഥലത്ത് VFPCK- യുടെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നതാണ്. മാംഗോ അഗ്രോപാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിൽ സ്ഥാപിക്കുന്നതായിരിക്കും. PPP മോഡിൽ മാംഗോ പാർക്ക് നിർമ്മിക്കുന്നതിന് INKEL Ltd -നെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, കാർഷിക മേഖലയിൽ കഴിഞ്ഞ മൂന്നുവർഷമായി പച്ചക്കറി ഉത്പാദനത്തിലും നെല്ലുൽപ്പാദനത്തിലും വലിയ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിൽ കൊടുമൺ റൈസ് എന്ന പദ്ധതി കർഷകരുടെ കൂട്ടായ്മയിലൂടെ ആരംഭിക്കുവാൻ കഴിഞ്ഞു. കഴിഞ്ഞ മൂന്ന് വർഷക്കാലമായി നടന്നുവരുന്ന വൈഗ അന്താരാഷ്ട്ര ശിൽപ്പശാലയും പ്രദർശനവും കൃഷി വകുപ്പിന്റെ കീഴിൽ ഒരു സ്ഥിരം സംവിധാനമായി നടപ്പാക്കാൻ തയ്യാറാകുമോ; സംസ്ഥാനത്ത് അതുമായി ബന്ധപ്പെട്ട് ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ക്രോഡീകരിച്ചുകൊണ്ട് എത്ര പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങൾക്ക് മൂല്യവർദ്ധിത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും അതിന്റെ ടെക്നോളജി കർഷകർക്ക് നൽകി കർഷകരെ സംരംഭകരാക്കാനും അതുവഴി കേരളത്തിലെ കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധിത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില

ലഭ്യമാക്കുന്നതിനുംവേണ്ടി ആരംഭിച്ച സംരംഭമാണ് വൈഗ. വൈഗ സ്ഥിരമായി എല്ലാ വർഷവും നടത്താനും അതിന്റെ സ്ഥിരം വേദിയായി തൃശ്ശൂരിനെ മാറ്റുന്നതിനുമുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. എല്ലാ വർഷവും ഡിസംബർ മാസം 27-ാം തീയതി മുതൽ 5 ദിവസമാണ് വൈഗ നടത്തിവരുന്നത്. വൈഗയിലൂടെ ഈ മൂന്ന് വർഷത്തിനകം 40 സംരംഭകരെ കാർഷിക മേഖലയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 40 സംരംഭകരും വളരെ നല്ല നിലയിൽ അവരുടെ ഉത്പന്നങ്ങൾ മാർക്കറ്റിൽ എത്തിച്ചു കൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം നിലവിലുള്ള 50 സംരംഭകരെ ശാക്തീകരിക്കുന്നതിന് പുതുതായി 50 സംരംഭങ്ങൾകൂടി ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പ്രളയവുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; എന്തെല്ലാം സഹായങ്ങളാണ് നമുക്ക് ചെയ്യാൻ സാധിച്ചിട്ടുള്ളത് ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വിശദമായ മറുപടി പറയേണ്ട കാര്യമാണിത്. 31,000 കോടി രൂപയുടെ നഷ്ടം സംഭവിച്ചുവെന്നാണ് കൃഷി വകുപ്പും യു. എൻ. എക്സ്പെർട്ടുകളും വിലയിരുത്തിയിരിക്കുന്നത്. അതനുസരിച്ചുള്ള ഒരു പാക്കേജ് കേന്ദ്ര ഗവൺമെന്റിന് നമ്മൾ സമർപ്പിച്ചിരുന്നു. പക്ഷെ ഒരു പ്രത്യേക പാക്കേജ് കേന്ദ്രത്തിൽനിന്ന് നമുക്ക് ലഭ്യമായില്ലെങ്കിലും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹായം ചേർത്തുകൊണ്ടുള്ള സാമ്പത്തിക സഹായങ്ങളെല്ലാം കർഷകർക്ക് നൽകിക്കഴിഞ്ഞു. നെൽകൃഷി മേഖലയിൽ നൽകിയിട്ടുള്ള സഹായത്തിന്റെ ഫലമായി നെൽകർഷകരെ പഴയ നിലയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. എന്നാൽ മലയോര മേഖലയിലെ കർഷകരുടെ കാര്യത്തിൽ ദീർഘകാല പദ്ധതികൾ നടപ്പാക്കിയാൽ മാത്രമേ അത് വിജയത്തിലേയ്ക്ക് എത്തിക്കാൻ സാധിക്കുകയുള്ളൂ. അതിനനുസൃതമായിട്ടുള്ള പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കുട്ടനാട്-ഇടുക്കി-വയനാട് പാക്കേജുകൾ നടപ്പാക്കുന്നതോടുകൂടി ഈ മേഖലയിൽ ദീർഘകാലാടിസ്ഥാനത്തിൽ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി ഗീതാ ഗോപി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെത്രാൻ കായലിൽ കൊയ്ത്തുത്സവവും ആറന്മുളയിൽ കൊയ്ത്തുപാട്ടും കേട്ടിട്ടുണ്ട്. 1500 ഏക്കർ തരിശുനിലത്താണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷി ചെയ്തത്. ഇതിലൂടെ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ പ്രകൃതി മൂലധനത്തിന്റെ ശോഷണത്തടയായി

എന്നുള്ളൊരു സന്ദേശം കൊടുത്തിട്ടുണ്ട്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ലോകവിപണി കയ്യടക്കുന്നത് ശ്രീലങ്കയും ഫിലിപ്പൈൻസും ആണ്. കേരളത്തിലെ ഭക്ഷ്യ ഉത്പന്നങ്ങളിൽ പ്രധാനമായ പഴവർഗ്ഗങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വ്യാപിപ്പിക്കുന്നതിന് ഏതെല്ലാം രീതിയിലുള്ള ഇടപെടലുകളാണ് ഈ വകുപ്പ് നടത്തുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ഗവൺമെന്റ് വന്നശേഷം 39,000 ഏക്കർ സ്ഥലത്താണ് തരിശുനിലകൃഷി ചെയ്തിരിക്കുന്നത്. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ 5 ശതമാനത്തോളം മാത്രമാണ് മൂല്യവർദ്ധിത ഉത്പന്നങ്ങളായി മാറിക്കൊണ്ടിരിക്കുന്നത്. ശ്രീലങ്ക, ഫിലിപ്പൈൻസ് പോലെയുള്ള രാജ്യങ്ങളിൽ ഉത്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 40 ശതമാനത്തിലധികം വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി അവരുടെ മാർക്കറ്റ് ഇന്ന് ലോകം കീഴടക്കിക്കൊണ്ടിരിക്കുകയാണ്. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് നമ്മൾ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി 2 അഗ്രോപാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പഴവർഗ്ഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഒല്ലൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ ഫാമിൽ ആരംഭിക്കുവാൻ പോകുന്ന അഗ്രോപാർക്കിന്റെ നിർമ്മാണപ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. പഴവർഗ്ഗങ്ങളും തേനും സംസ്കരിച്ചുകൊണ്ട് വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന അഗ്രോ പാർക്കുകൾ അടുത്ത മാസംതന്നെ ആരംഭിക്കുവാൻ കഴിയും.

ശ്രീമതി സി. കെ. ആശ: സർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; അങ്ങനെ പുതിയതായി ആരംഭിച്ച സംരംഭങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പ്രസ്തുത ചോദ്യത്തിന് ഞാൻ മറുപടി നൽകിയതാണ്. ആകെ 30 സംരംഭങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. പ്രസ്തുത സംരംഭങ്ങളെല്ലാം നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മാർക്കറ്റിംഗ്, ടെക്നോളജി, പുതിയ ടെക്നോളജികൾ എന്നിവ ലഭ്യമാക്കാനാവശ്യമായ കാര്യങ്ങളെല്ലാം SFAC (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) വഴി ലഭ്യമാക്കുന്നുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കേരളത്തിൽ ഉത്പാദിപ്പിക്കുന്ന സവിശേഷമായ കാർഷികോത്പന്നങ്ങളുടേയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടേയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കാർഷികോത്പന്നങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങളും മാത്രമല്ല കാർഷിക വിളകളും കയറ്റുമതി ചെയ്യുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് VFPCK (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള)-യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും പഴവർഗ്ഗങ്ങളും പച്ചക്കറികളും കയറ്റുമതി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായി കേരളത്തിൽ ഈ വർഷം 500 ഹെക്ടർ സ്ഥലത്ത് എക്സ്പോർട്ട് ഓറിയന്റഡായ വാഴപ്പഴം കൃഷി ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. 50 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾ കയറ്റുമതി ചെയ്യുന്നതിനാവശ്യമായിട്ടുള്ള കർഷകരെ സംഘടിപ്പിച്ചുകൊണ്ട് എക്സ്പോർട്ട് ഓറിയന്റഡായിട്ടുള്ള കൃഷി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കേരളത്തിന്റെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ പ്രിയമേറിവരുകയാണ്. അത് പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികളും SFAC മുഖാന്തരം ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് പുതിയ പദ്ധതികൾ ആരംഭിച്ച് മുന്നോട്ടുപോകുകയാണ്. വയനാട് ജില്ലയിലെ നിരവധി പാടങ്ങളും അതുപോലെ എന്റെ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ ഊരുകളിലുള്ള പാടങ്ങളും തരിശായി കിടക്കുകയാണ്. ഇതിന് പല കാരണങ്ങളുണ്ട്. ഒന്ന്, അവർക്ക് വെള്ളം ലഭിക്കുന്നില്ല; രണ്ട്, വന്യമൃഗശല്യം; മൂന്ന്, നെല്ല് ഉത്പാദിപ്പിച്ചാൽ അത് മാർക്കറ്റ് ചെയ്യാൻ കഴിയുന്നില്ല. ഇത്തരം സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾത്തന്നെ പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി രൂപീകരിക്കപ്പെട്ട സഹകരണ സ്ഥാപനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് പട്ടികവർഗ്ഗ മേഖലയിൽ കോർപ്പസ് ഫണ്ടിൽനിന്ന് എല്ലാ വർഷവും ധാരാളം പണം ചെലവഴിക്കുന്നുണ്ട്. രണ്ട് ഡിപ്പാർട്ട്മെന്റുകളും കൂടി യോജിച്ചുകൊണ്ട് പട്ടികവർഗ്ഗ ഊരുകളിലുള്ള പാടങ്ങൾ കൃഷിയോഗ്യമാക്കിയെടുത്ത് അവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വളരെ പ്രധാനപ്പെട്ട നിർദ്ദേശമാണിത്. കൃഷിവകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സംയോജിപ്പിച്ചുകൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കൃഷി സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുവാൻ കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെടുകയുണ്ടായി. മാത്രമല്ല, പട്ടികവർഗ്ഗ വകുപ്പുമായി ചേർന്നുകൊണ്ട് അവരുടെ പ്രധാനപ്പെട്ട കാർഷിക ഇനമായ

ചെറുധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുവാൻവേണ്ടി ആരംഭിച്ച അട്ടപ്പാടി മില്ലെറ്റ് വില്ലേജ് മാതൃകാപരമായ പ്രവർത്തനമായി മാറിയിട്ടുണ്ട്. 1700 ഏക്കർ സ്ഥലത്ത് ഇപ്പോൾ മില്ലെറ്റ് വില്ലേജിന്റെ പ്രവർത്തനം നടത്തുന്നുണ്ട്. അതോടൊപ്പംതന്നെ ഇടുക്കി, വയനാട് ജില്ലകളുൾപ്പെടെ പട്ടികവർഗ്ഗ വകുപ്പുമായി ചേർന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്. തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ട്രൈബൽ വാലി അഗ്രോ പ്രോഡക്റ്റെന്ന നിലയിൽ വിവിധ ട്രൈബൽ ഗ്രൂപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് അവരുടെ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാനുമുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതേ മാതൃകയിൽ വയനാട് ജില്ലയിൽ ആദിവാസി കർഷകർ നടത്തിക്കൊണ്ടിരിക്കുന്ന പരമ്പരാഗത നെൽവിത്തുകളെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. അവരുടെ തരിശായി കിടക്കുന്ന മുഴുവൻ പ്രദേശങ്ങളിലും ഈ പരമ്പരാഗത നെൽകൃഷി ചെയ്യുന്നതിനാവശ്യമായ നടപടികൾ ട്രൈബൽ ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് പ്രവർത്തനക്ഷമമാക്കുന്നതാണ്. അതോടൊപ്പം അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള യൂണിറ്റിന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലായിക്കഴിഞ്ഞിട്ടുണ്ട്. ആ യൂണിറ്റിന്റെ പ്രവർത്തനമാരംഭിക്കുന്നതോടുകൂടി ഉൽപ്പന്നങ്ങൾ കർഷകരിൽനിന്നും ആദിവാസി കൃഷിക്കാരിൽനിന്നും സംഭരിക്കുവാനാവശ്യമായ നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഏറ്റവും അനുയോജ്യമായ കാർഷിക മേഖലകൾ കണ്ടെത്തി അവയുടെ വികസനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിപ്രകാരം ഏതെല്ലാം മേഖലകളെയും കാർഷിക വിളകളെയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്; ഇപ്രകാരം പ്രത്യേക കാർഷിക മേഖലകളിലുൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി നേടിയെടുക്കുന്നതിനും ഇത്തരം ഉൽപ്പന്നങ്ങൾക്ക് ഭൗമസൂചിക പദവി നേടുന്നതിനുമുള്ള ശാസ്ത്രീയ പഠനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളത്തിന്റെ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ എന്ന നിലയിൽ വിവിധ പ്രദേശങ്ങളെ തെരഞ്ഞെടുക്കുകയുണ്ടായി. തൃശ്ശൂർ-പൊന്നാനി കോൾ മേഖല, കൈപ്പാട് കോൾ മേഖല, പൊക്കാളി മേഖല അതുപോലെതന്നെ അട്ടപ്പാടി ആദിവാസി കാർഷിക മേഖല, ഇടുക്കി ജില്ലയിലെ വട്ടവട-കാന്തല്ലൂർ തുടങ്ങിയ പ്രദേശങ്ങളെ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണുകളാക്കിയുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ

ഭാഗമായി കേരളത്തിലിപ്പോൾ ഭൗമസൂചിക പദവിയിലേക്ക് 14 കാർഷികവിള ഉൽപ്പന്നങ്ങളെ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ചെങ്ങാലിക്കോടൻ നേന്ത്രപ്പഴത്തിന് സമീപകാലത്ത് ഭൗമസൂചിക പദവി ലഭ്യമാവുകയുണ്ടായി. അതുപോലെ മറയൂർ ശർക്കരയ്ക്ക് ഭൗമസൂചിക പദവി ലഭിക്കുകയുണ്ടായി. പുതുതായി 6 ഉൽപ്പന്നങ്ങളെക്കൂടി ഭൗമസൂചിക പദവിയിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തിരൂർ വെറ്റില, ഇടയൂർ മുളക്, ആട്ടുകൊമ്പൻ അമര തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾ, അതുപോലെ വട്ടവടയിലെ മലമൂണ്ട് വെളുത്തുള്ളി ഉൾപ്പെടെയുള്ള വളരെ സവിശേഷതയുള്ള കേരളത്തിലെ കാർഷികവിഭവങ്ങൾ ഭൗമസൂചിക പദവിയിലേക്ക് കൊണ്ടുവരാനുള്ള നടപടികൾ കാർഷിക സർവ്വകലാശാലയുമായി ചേർന്ന് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഭൗമസൂചിക പദവി ലഭിക്കുന്നതോടുകൂടി നമ്മുടെ ഉൽപ്പന്നങ്ങൾ യുണീക് പ്രോഡക്റ്റിലേക്ക് ഉയർത്തി ലോക മാർക്കറ്റിലേക്ക് കൊണ്ടുവരാൻ കഴിയുമെന്ന പ്രതീക്ഷയിലാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇതുവരെ ചെയ്തതെല്ലാം നല്ലതിന്, ഇനി ചെയ്യാനുള്ളതും നല്ലതിന് എന്ന അഭിപ്രായമാണ് എനിക്കുള്ളത്. കാർഷിക ഉൽപ്പന്നങ്ങൾക്ക് വില കിട്ടുക എന്നുള്ളതാണ് കർഷകനെ സംബന്ധിച്ച് ഏറ്റവും മർമ്മ പ്രധാനമായിട്ടുള്ളത്. വേറെ ഒരു സ്റ്റേജിലും ഒരു സഹായവും ചെയ്തില്ലെങ്കിലും ഉൽപ്പന്നങ്ങൾക്ക് വിലയുണ്ടെങ്കിൽ കർഷകൻ ജീവൻ കളഞ്ഞും ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുമെന്നുള്ളത് ഉറപ്പാണ്. നാളികേരമുൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ; അതിന് ലോക കമ്പോളവും ഇന്ത്യയും കേന്ദ്രഗവൺമെന്റും എന്ത് പറഞ്ഞാലും സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഈ വിഷയം കാര്യമായെടുക്കുവാൻ എന്താണ് ചെയ്യാൻ കഴിയുക?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, താങ്ങുവില എന്നുപറയുന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നത്തിന് വില നിശ്ചയിക്കുവാൻ അധികാരമില്ലാത്ത ഒരേയൊരു പാവപ്പെട്ട ജനവിഭാഗം കർഷകൻ മാത്രമാണ്. അതിന്റെ ഭാഗമായാണ് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിൽ മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചിരിക്കുന്ന പ്രധാനപ്പെട്ട വിളയെന്നുപറയുന്നത് നെല്ലാണ്. നെല്ലിന് 17.30 രൂപയാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില. ഒരു കിലോ നെല്ലിന് 9 രൂപ അധികം കൊടുത്ത് 26.30 രൂപയ്ക്കാണ് സംസ്ഥാന ഗവൺമെന്റ് സംഭരിച്ചുകൊണ്ടിരിക്കുന്നത്. നെല്ലിന് ഏറ്റവുമധികം താങ്ങുവില കൊടുക്കുന്ന ഇന്ത്യയിലെ സംസ്ഥാനം കേരളമാണ്. നാളികേരത്തിന്റെ കാര്യത്തിൽ ഇപ്പോൾ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതിനേക്കാൾ

കൂടുതലായി, നേരത്തെയുണ്ടായിരുന്ന പച്ച നാളികേരത്തിന്റെ താങ്ങുവില 25 രൂപ എന്നുള്ളത് 27 രൂപയായി സംഭരിക്കാനാവശ്യമായ നടപടികളെല്ലാം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ജൂലൈ മാസം ആദ്യവാരത്തോടുകൂടി കേരളത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ കഴിയും. സംസ്ഥാന ഗവൺമെന്റ് പലയിടങ്ങളിലും കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുമ്പോൾ അതിലിടപെട്ട് താങ്ങുവില നിശ്ചയിച്ചുകൊടുത്തുകൊണ്ടുതന്നെ സംഭരിക്കുവാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം ശരിയാണ്. കർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അങ്ങനെ വില ലഭിക്കണമെങ്കിൽ പ്രാഥമിക ഉൽപ്പാദന മേഖലയിൽ മാത്രം കൃഷിക്കാർ നിന്നാൽ മതിയാകില്ല, അതിന്റെ മൂല്യവർദ്ധിത മേഖലയിലേയ്ക്കുകൂടി കർഷകരെ കൊണ്ടുവന്നാൽ മാത്രമേ അവരുടെ ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുവാൻ കഴിയൂ. അതിന്റെ ഭാഗമായിട്ടാണ് കാർഷിക വിളകളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാൻ വേണ്ടിയിട്ടുള്ള ഒരു നയം കേരളാ ഗവൺമെന്റ് നടപ്പിലാക്കിവരുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിയിൽ വലിയ തോതിലുള്ള മാറ്റമുണ്ടായിട്ടുണ്ട്. എനിക്കുതന്നെ അനുഭവമുള്ളത്, മുനിസിപ്പാലിറ്റിയിലെ വസ്തുവിന്റെ അതിരറിയാതെ നിലം കിടന്നിരുന്ന സ്ഥിതിയെല്ലാം മാറി. അതിനൊക്കെ വലിയ മാറ്റമുണ്ടായി. അതുപോലെതന്നെ കൃഷിയിലേക്ക് നിരവധി ആൾക്കാർ വന്നിട്ടുണ്ട്. ഒരു മൊബൈൽ യൂണിറ്റുകൂടി നൽകി, കുടുംബശ്രീയെ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുൾപ്പെടെ, കപ്പയൊക്കെ വിളവെടുപ്പുകഴിഞ്ഞതിനുശേഷം പിന്നീടും ഉപയോഗിക്കത്തക്കവണ്ണം പായ്ക്ക് ചെയ്ത് ലഭിക്കത്തക്ക വിധത്തിലുള്ള ട്രെയിനിംഗ് നൽകി ഒരു പഞ്ചായത്തിൽ ഒരു മൊബൈൽ യൂണിറ്റ് വഴി വീടുകളിൽനിന്നും ആവശ്യം കഴിഞ്ഞ ഉൽപ്പന്നങ്ങൾ എടുക്കുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളടക്കം വിൽക്കാൻ കഴിയുന്ന തരത്തിലുള്ളൊരു സംവിധാനം സാദ്ധ്യമാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കുടുംബശ്രീയുമായി ചേർന്നുകൊണ്ട് ഇപ്പോൾത്തന്നെ സമാനമായ പല സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീയുമായി ചേർന്ന് ആഴ്ച്ചച്ചന്തകൾ ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്. അതോടൊപ്പം കർഷകരുടെ ഉൽപ്പന്നങ്ങളായ ചക്കയും കപ്പയുമുൾപ്പെടെയുള്ള സാധനങ്ങൾ സംഭരിച്ച് ചിപ്സ് ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ പല സ്ഥലങ്ങളിലും ആരംഭിച്ചിട്ടുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുവാനും കുടുംബശ്രീ യൂണിറ്റുകളെ ഇതുപോലെ ശാക്തീകരിക്കുവാനുമുള്ള കാര്യങ്ങൾ കുടുംബശ്രീ ഡയറക്ടറുമായി പല

ഘട്ടങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്. മൊബൈൽ യൂണിറ്റിന്റെ കാര്യം സർക്കാർ ഇതുവരെ പരിശോധിച്ചിട്ടില്ല. അത് സാദ്ധ്യമാകുമെങ്കിൽ പരിശോധിച്ച് നടപ്പിലാക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, ഐ.റ്റി. പാർക്കുകളാണ് വികസനത്തിന്റെ പ്രധാനപ്പെട്ട അളവുകോലെന്ന് ചിന്തിച്ചതിൽനിന്ന് വ്യത്യസ്തമായി കൃഷിയാണ് അടിസ്ഥാനപരമായി വേണ്ടതെന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നിലപാട്. അല്ലെങ്കിൽ കൃഷിയുമായി ബന്ധപ്പെട്ട നിലപാടുകളെന്ന് തിരിച്ചറിയാൻ കഴിഞ്ഞ ഒരു കാലഘട്ടത്തിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും തീർച്ചയായും ശ്ലാഘിക്കേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലമായ കാഞ്ഞിരപ്പള്ളിയിലെ സ്വാശ്രയ സമിതിയുടെ കീഴിൽ 9 പഞ്ചായത്തുകളിലും നേരങ്ങാടി എന്നുപറയുന്ന കർഷകരുടെ വിപണി വളരെ സജീവമായി നടക്കുന്നുണ്ട്. ഇവിടെ പ്രധാനപ്പെട്ടൊരു വിഷയം ഇങ്ങനെയുള്ള സംരംഭകർ കടന്നുവരുമ്പോൾ എതാണ്ട് ഒൻപതോളം ലൈസൻസുകൾ ആവശ്യമാണ്. ഫാക്ടറി ലൈസൻസ്, പായ്ക്കിംഗ് ലൈസൻസ്, ഹെൽത്ത് ഉൾപ്പെടെ വിവിധ ലൈസൻസുകൾ ലഭിക്കുവാനായി പലപ്പോഴും കാലതാമസമുണ്ടാകാറുണ്ട്. അതൊരു പ്രധാനപ്പെട്ട വിഷയമാണ്. അതോടൊപ്പംതന്നെ എന്റെ ചോദ്യം ഇത്തരം പ്രോജക്ടുകളുമായി മുമ്പോട്ടുവരുമ്പോൾ വയബിൾ പ്രോജക്ടുകളില്ലെന്ന പരാതി പലപ്പോഴും പറയാറുണ്ട്. യഥാർത്ഥത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുവാനുള്ള ടെക്നിക്കൽ ലോഗോ കൃഷിക്കാർക്കോ ഇതുമായി ബന്ധപ്പെട്ടവർക്കോ ഇല്ല. ഇതിനായുള്ള ഏജൻസികൾ എസ്റ്റിമേറ്റ് തുകയുടെ വലിയൊരു ശതമാനം ഈടാക്കാറുണ്ട്. അതുകൊണ്ട് അത്തരം ടെക്നിക്കൽ ലോഗോകൾ, പ്രോജക്ട് തയ്യാറാക്കുവാനുള്ള സൗജന്യ പരിശീലനമുൾപ്പെടെയുള്ളവ കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കർഷകർ പുതിയ സംരംഭങ്ങളുമായി വരുമ്പോൾ അവർക്ക് പ്രോജക്ടുകൾ നിർമ്മിച്ച് നൽകാനാവശ്യമായ സൗകര്യങ്ങൾ എസ്.എഫ്.എ.സി. (Small Farmers Agribusiness Consortium) വഴി ചെയ്തുകൊടുക്കുന്നുണ്ട്. മാത്രമല്ല, അതിനാവശ്യമായ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം എന്ന പൊതുമേഖലാ സ്ഥാപനത്തെ ശാക്തീകരിച്ചുകൊണ്ട് ഇത്തരം സംരംഭകർക്കാവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്. അതോടൊപ്പംതന്നെ കാർഷിക സർവ്വകലാശാല പുതുതായി ആരംഭിച്ചിരിക്കുന്ന ഇൻക്യുബേഷൻ സെന്റർ അടക്കമുള്ള കാര്യങ്ങൾ പ്രവർത്തനക്ഷമമാക്കുകയും അതിനുവേണ്ടിയൊരു പ്രത്യേക വിഭാഗത്തെ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ബി. സത്യൻ: സർ, ജില്ലയിലെ നാളികേര കർഷകരെ സഹായിക്കാനായി രൂപം കൊടുത്തതാണ് ആറ്റിങ്ങലുള്ള മാമം നാളികേര കോംപ്ലക്സ്. അങ്ങ് മുൻകയ്യെടുത്ത് ആർ.കെ.വി.വൈ. പദ്ധതി ഉപയോഗപ്പെടുത്തി ഇപ്പോൾ ഫലപ്രദമായ പ്രവർത്തനം ആരംഭിച്ചു. കേരവർഷമായ ചിങ്ങം 1-ന് ആറ്റിങ്ങൽ മാമം കോംപ്ലക്സ് ഒരു നാളികേര പാർക്കായും ഒരു നാളികേര ഹബ്ബായും പ്രഖ്യാപിക്കാൻ കഴിയുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാളികേര പാർക്കായി പ്രഖ്യാപിക്കാനല്ല ഉദ്ദേശിക്കുന്നത്. മാമത്ത് അനന്തമായ സാദ്ധ്യതകളാണുള്ളത്. ഒരു കാലഘട്ടത്തിൽ ആയിരക്കണക്കിന് ടൺ വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ചിരുന്ന ഈ സ്ഥാപനത്തെ പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻവേണ്ടിയൊരു ശ്രമം നടക്കുകയാണ്. പക്ഷേ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ വളരെ ദുർബലമായിട്ടുള്ളൊരു പൊതുമേഖലാ സ്ഥാപനമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടാൻ തീരുമാനിച്ചതാണ്. അതിനെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഹബ്ബ് എന്ന നിലയിലല്ലെങ്കിൽ പ്പോലും തെക്കൻ മേഖലയിലുള്ള ജില്ലകളിലെ നാളികേര ഉൽപ്പാദന വിപണനരംഗത്ത് പ്രധാനപ്പെട്ട കേന്ദ്രമാക്കി മാമത്തെ മാറ്റിയെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, എന്റെ നിയോജകമണ്ഡലത്തിൽ ആനക്കര പഞ്ചായത്തിൽ കുമ്പിടി, കാറ്റാടിക്കടവ് എന്നീ പ്രദേശങ്ങളിൽ ഒരു റൈസ് ബയോപാർക്ക് ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലുണ്ടായിരുന്നു. അന്നത്തെ മന്ത്രി നേരിട്ടുവന്ന് സ്ഥലംകണ്ട് ബോധ്യപ്പെട്ട് നടപ്പാക്കാനായി തീരുമാനിച്ച കാര്യമാണ്. ആ പാർക്ക് അവിടെത്തന്നെ നടപ്പാക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ; അക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് പ്രഖ്യാപിക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങനെയൊരു പ്രോജക്ട് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. അതേസമയം തൃശ്ശൂരിലും പാലക്കാട്ടും റൈസ് പാർക്കുകൾ ആരംഭിക്കാനുള്ള നടപടി പൂർത്തീകരിച്ചുകഴിഞ്ഞു. പാലക്കാട് സഹകരണ സംഘങ്ങളുടെ കൺസോർഷ്യമാണ്. കണ്ണമ്പ്രയിൽ ലോകത്തിലെ ഏറ്റവും ആധുനികമായ മെഷിനറി ഉപയോഗിച്ചുകൊണ്ടുള്ള റൈസ് പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. തൃശ്ശൂർ ചേലക്കരയിൽ നേരത്തെയുണ്ടായിരുന്ന ജില്ലാ പഞ്ചായത്തിന്റെ റൈസ് പാർക്ക് ആ പ്രദേശത്തുതന്നെ കൃഷിവകുപ്പിന്റെ ഫാമിൽ ആരംഭിക്കാനുള്ള തറക്കല്ലിടൽ

കഴിഞ്ഞു. ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റാണ് അതിന് മുൻകൈ എടുക്കുന്നത്. ആലപ്പുഴയിൽ അതിനുള്ള സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ കൃഷി വകുപ്പിന്റെ സ്ഥലവും മറ്റ് സൗകര്യങ്ങളും ഉപയോഗപ്പെടുത്തി കർഷകരുടെ സഹകരണത്തോടുകൂടി ആരംഭിക്കുന്ന റൈസ് പാർക്കുകൾ മൂന്നെണ്ണം ആരംഭിക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. അങ്ങ് പറഞ്ഞ കാര്യം സർക്കാരിന്റെ പരിഗണനയിലില്ല, പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, അതിരപ്പിള്ളി പഞ്ചായത്തിലെ തവളക്കുഴിപ്പാറ ആദിവാസി കോളനിയിൽ അവിടത്തെ ആദിവാസികൾ കൃഷിചെയ്ത് നല്ല വരുമാനമുണ്ടാക്കുകയും സംസ്ഥാനാടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ അവാർഡ് നേടുകയുമുണ്ടായി. അങ്ങ് ചോദ്യോത്തരവേളയിൽ പരാമർശിച്ച ആദിവാസി കോളനികളിലെ കൃഷി പ്രോത്സാഹിപ്പിക്കാനും വനവിഭവങ്ങളും കാർഷികോൽപ്പന്നങ്ങളും ശേഖരിച്ച് അത് സംസ്കരിച്ച് അതിരപ്പിള്ളി ട്രൈബൽ വാലി അഗ്രോ പ്രോഡക്റ്റ് ഇറക്കാനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഏറ്റവും ശ്രദ്ധേയമായൊരു പ്രോജക്ടാണ് വരാൻ പോകുന്നത്. അതിരപ്പിള്ളിയിൽ തവളക്കുഴിപ്പാറ ഉൾപ്പെടെയുള്ള അഞ്ച് കോളനികൾ കിലോമീറ്ററുകളോളം വനത്തിനകത്തുള്ള കോളനികളാണ്. ഈ ഊരുകളിൽ രണ്ടായിരത്തിലധികം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ട്. സമ്പൂർണ്ണമായും ജൈവരീതിയല്ലാതെ, രാസവളങ്ങളും രാസകീടനാശിനികളും ഇതുവരെയും പ്രവേശിപ്പിക്കാത്ത നാച്വറൽ ഫാമിംഗ് നടക്കുന്ന, പരമ്പരാഗത രീതിയിൽ കൃഷി നടക്കുന്ന സ്ഥലമാണ്. അവിടെയുള്ള കാർഷികോൽപ്പന്നങ്ങളെല്ലാം സംഭരിച്ച്, സംസ്കരിച്ച് പ്രത്യേകമായൊരു സർട്ടിഫിക്കേഷനോടുകൂടിയാണ് നടപ്പാക്കുന്നത്. മൺസൂൺ ഫോറസ്റ്റ് എന്നത് ഒരു പ്രത്യേക സ്ഥലത്തിന്റെ അന്താരാഷ്ട്ര നിലവാരമുള്ള സർട്ടിഫിക്കേഷനാണ്. ആ സർട്ടിഫിക്കേഷൻ ലഭിക്കുന്നതോടുകൂടി റെയിൻ ഫോറസ്റ്റ് സർട്ടിഫിക്കേഷൻ ലോകത്തിലെ ഏറ്റവും പവിത്രമായ കാർഷികവിള എന്ന നിലയിൽ കൊണ്ടുവരാൻ കഴിയും. ആന്ധ്രാപ്രദേശിൽ അരക്കുവാലി (Araku Valley) എന്ന പ്രദേശത്തെ കോഫി പോലെ അതിരപ്പിള്ളിയിലെ ട്രൈബൽ വാലി അഗ്രോ പ്രോഡക്ടുകളെ കൊണ്ടുവരാനുള്ള നടപടികളെല്ലാം നടന്നുകൊണ്ടിരിക്കുകയാണ്. 9 കോടി രൂപയുടെ പ്രോജക്ടിന്റെ ഭാഗമായി 3 കോടി രൂപയുടെ പ്രോജക്ട് ഈ വർഷം ആരംഭിക്കും. ട്രൈബൽ ഡിപ്പാർട്ട്മെന്റുമായി ചേർന്നുകൊണ്ടാണ് ആ പദ്ധതി നടപ്പാക്കുന്നത്. അതിന്റെ പ്രവർത്തനങ്ങളെല്ലാം നടന്നുവരുന്നുണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ വരുന്നൊരു സൊസൈറ്റി അവിടെ പ്രവർത്തിക്കുന്നുണ്ട്. ആ

സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചുപോയ സാഹചര്യത്തിൽ അവിടെ തെരഞ്ഞെടുപ്പ് നടത്തിക്കഴിഞ്ഞാൽ ആ സൊസൈറ്റിയുടെകൂടി സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉൽപ്പന്നങ്ങളെല്ലാം അവിടെ പ്രോസസ്സ് ചെയ്യാനും സംസ്കരിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിരപ്പിള്ളി ട്രൈബൽ വാലി അഗ്രോ പ്രോഡക്ട് എന്നത് അന്താരാഷ്ട്ര നിലവാരത്തിൽതന്നെ വിൽപ്പന നടത്താൻ കഴിയുന്ന ഉൽപ്പന്നങ്ങളാക്കി മാറ്റാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

## സ്വാശ്രയ വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങൾ

2 (*422) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ നിശ്ചിത സൗകര്യങ്ങളുള്ള താണെന്നും അക്കാദമിക് നിലവാരം പുലർത്തുന്നവയാണെന്നും ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനമെന്താണ് ;

(ബി) സാങ്കേതിക സർവ്വകലാശാലയിൽ വിദ്യാർത്ഥി കൗൺസിൽ, അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് മുതലായവ രൂപീകരിക്കുകയും ഭരണ സമിതികളെ ജനാധിപത്യവൽക്കരിക്കുകയും ചെയ്തതിലൂടെ പ്രസ്തുത സർവ്വകലാശാലയുടെ നിലവാരം ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ,

(എ) ഓരോ വർഷവും എ.ഐ.സി.റ്റി.ഇ. പുറത്തിറക്കുന്ന Approval Process Handbook-ലെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നത്. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുമ്പായി കോളേജുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി കർശന പരിശോധന നടത്തി

അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിനായി വർഷത്തിൽ രണ്ടുതവണ അക്കാദമിക് ആഡിറ്റ് നടത്തിവരുന്നു. ഭാരതത്തിലെ ഒന്നാംനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മിറ്റികൾ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ സ്ഥാപനങ്ങൾ നടത്തുന്നതിന് എ.ഐ.സി.റ്റി.ഇ.-യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് അദ്ധ്യാപകരായി എം.ടെക് യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:20 ആക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിയമിക്കുന്ന അദ്ധ്യാപകരിൽ 20% മാത്രമേ കരാർ അല്ലെങ്കിൽ താൽക്കാലിക നിയമനം പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയെ ജനാധിപത്യ വൽക്കരിക്കുന്നതിന്റെ ഭാഗമായി 2017 ഡിസംബറിൽ ആക്ട് ഭേദഗതി ചെയ്ത് സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, വിദ്യാർത്ഥി കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, പ്ലാനിംഗ് സമിതി, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കുകയുണ്ടായി. തുടർന്ന് സിൻഡിക്കേറ്റും ബോർഡ് ഓഫ് ഗവർണേഴ്സും അക്കാദമിക് കൗൺസിലും ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കുകയുണ്ടായി.

സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിന്റെ കരട് പൂർത്തീകരിച്ച് ആയത് നിയമമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. സമിതികളുടെ പുനഃസംഘടനയിലൂടെ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഉയർന്നിരുന്ന നിരവധി പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ അക്കാദമിക് സമിതി രൂപീകരിച്ചതോടെ പ്രസ്തുത സമിതിയുടെ മേൽനോട്ടത്തിൽ 2019-20 അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി ദേശീയ നിലവാരത്തിനനുസരിച്ച് AICTE-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി പുതിയ കരിക്കുലം രൂപീകൃതമായിട്ടുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ അഭിരുചി വളർത്തുന്നതിനും നൈപുണ്യം ഉയർത്തുന്നതിനുമായി ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ, സംരംഭകത്വ പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

(സി) എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation-ന് വിധേയമാകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ

വികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ക്യാമ്പസ് അന്തരീക്ഷം ഉറപ്പുവരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. സ്ഥാപനങ്ങൾ നടത്തുന്നതിന് എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

18-1-2019-ലെ സ.ഉ. (സാധാ) നമ്പർ 77/2019/ഉ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം 2019-20 അദ്ധ്യയന വർഷം മുതൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ എ.ഐ.സി.ടി.ഇ. അംഗീകാരമുള്ള കോഴ്സുകൾക്കും ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്ത ജസ്റ്റിസ് ദിനേശൻ കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ ഉൾപ്പെടുത്തി സ്വാശ്രയ നിയമ നിർവ്വഹണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, പ്രവേശന പരീക്ഷകളിൽ വിജയശതമാനം കുറഞ്ഞുവരുന്നതുകൊണ്ട് പല കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. എന്നാൽ, കുട്ടികൾ അയൽ സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളിൽ പോയി പ്രവേശനം നേടാൻ നിർബന്ധിതരാകുന്നു. എം.ബി.എ.-യ്ക്ക് കെമാറ്റ് പരീക്ഷയിൽ (KMAT Exam) കട്ട് ഓഫ് മാർക്ക് നേടിയത് 45%-ത്തിൽ താഴെ കുട്ടികൾ മാത്രമാണ്. രണ്ട് പ്രാവശ്യം മാത്രമാണ് കെമാറ്റ് (KMAT Exam) പരീക്ഷ നടന്നത്. അതുപോലെ എൻട്രൻസ് പരീക്ഷ എഴുതാത്ത കുട്ടികളുമുണ്ട്, കഴിഞ്ഞ പ്രാവശ്യം നിശ്ചിത ക്വാളിഫിക്കേഷൻ നേടാത്തവർക്കും എക്സംപ്ഷൻ കൊടുത്തുകൊണ്ടുള്ള സീറ്റുകളിൽ പ്രവേശനം നേടാൻ അവസരം കൊടുത്തു. ഇപ്രാവശ്യം പല കുട്ടികളും കോയമ്പത്തൂർ ഉൾപ്പെടെയുള്ള കോളേജുകളിൽ പോയി പ്രവേശനം നേടാൻ നിർബന്ധിതരാകുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രവേശന പരീക്ഷയോടൊപ്പംതന്നെ ക്വാളിഫിക്കേഷൻ നേടുന്നതിന് നിശ്ചിത പരീക്ഷകളുണ്ട്. ഹയർ സെക്കണ്ടറി പരിക്ഷയാണെങ്കിലും ഡിഗ്രി പരീക്ഷയാണെങ്കിലും ക്വാളിഫിക്കേഷൻ പരീക്ഷയുടെ മാർക്കും സബ്ജക്ട്വൈസ് മാർക്കും പരിഗണിച്ച് പ്രവേശന നടപടികൾ അർഹതപ്പെട്ട കുട്ടികൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; അത് ഈ അദ്ധ്യയനവർഷം തന്നെ നടപ്പിലാക്കാൻ സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, പന്ത്രണ്ട് കോളേജുകളുള്ള സമയത്താണ് എഞ്ചിനീയറിംഗിന് എൻട്രൻസ് പരീക്ഷ ഏർപ്പെടുത്തുന്നത്. അത് പരിമിതമായ സീറ്റുകളുള്ളപ്പോൾ, അപേക്ഷകരുടെ എണ്ണം വലിയ തോതിൽ വർദ്ധനവുണ്ടായ

കാലത്താണ്. ഇന്ന് അങ്ങനെയല്ല. മുഴുവൻ ക്വാളിഫൈ ചെയ്യുന്ന ആളുകൾ പോയാലും സീറ്റുകൾ വേക്കന്റായി കിടക്കുന്ന ഒരു സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ട്. എൻട്രൻസ് പരീക്ഷ എങ്ങനെയാണ് കാലോചിതമായി പരിഷ്കരിക്കാൻ സാധിക്കുക എന്നുള്ളതുസംബന്ധിച്ച് അപ്പുറത്തുമിപ്പുറത്തും ഇരിക്കുന്ന ആളുകൾ കൂടിയാലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്. കെമാറ്റ്-ന്റെ കാര്യത്തിൽ തീർച്ചയായും ഗവൺമെന്റ് ഒരു പുനരാലോചന നടത്തും. അതിനുവേണ്ടിയുള്ള ഒരു മീറ്റിംഗ് നാളെത്തന്നെ വിളിച്ചിട്ടുണ്ട്. തീർച്ചയായും നമ്മുടെ സംസ്ഥാനത്തുള്ള യോഗ്യരായ കുട്ടികൾക്ക് ഇവിടെയുള്ള എം.ബി.എ. കോഴ്സുകൾ പഠിക്കാനുള്ള സാഹചര്യം ഗവൺമെന്റ് ഉണ്ടാക്കും.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, പുതിയ കോഴ്സുകൾ കാലാനുസൃതമായി ആരംഭിക്കേണ്ടതിന്റെ ആവശ്യകത എല്ലാവർക്കുമറിയാം. ശാസ്ത്രത്തിന്റെ വളർച്ചയ്ക്കനുസരിച്ച് ജോബ് ഓറിയന്റഡ് കോഴ്സുകൾ, നാനോ ടെക്നോളജി, റോബോട്ടിക് എഞ്ചിനീയറിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയവയെല്ലാം ആവശ്യമാണ്. പക്ഷേ, പല സർവ്വകലാശാലകളും വേണ്ടത്ര അനുമതി കൊടുക്കുന്നില്ല. കണ്ണൂർ സർവ്വകലാശാലയിൽ കഴിഞ്ഞ രണ്ട് വർഷമായി പുതിയ കോഴ്സുകൾക്ക് അപേക്ഷപോലും സ്വീകരിച്ചിരുന്നില്ല. ഈ വർഷം സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. എന്നാൽ അതിന്റെ നടപടികൾ വേഗത്തിലാക്കി ഈ അദ്ധ്യയനവർഷംതന്നെ ആവശ്യമായ ആധുനിക കോഴ്സുകളും ജോബ് ഓറിയന്റഡ് കോഴ്സുകളും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u> : സർ, സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ന്യൂജെൻ കോഴ്സുകൾ ഈ അദ്ധ്യയനവർഷം മുതൽ കേരളത്തിൽ ആരംഭിക്കുന്നത്. റോബോട്ടിക് എഞ്ചിനീയറിംഗ് പോലെതന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഫുഡ് ടെക്നോളജി, ബാച്ചിലർ ഓഫ് ഡിസൈനിംഗ് തുടങ്ങിയ ഏറ്റവും നൂതനമായിട്ടുള്ള കോഴ്സുകൾ ഈ വർഷം മുതൽ സംസ്ഥാനത്ത് ആരംഭിക്കുകയാണ്. എല്ലാ സർവ്വകലാശാലകൾക്ക് കീഴിലും, അപേക്ഷിച്ച യോഗ്യതയുള്ള കോളേജുകൾക്ക് കോഴ്സുകൾ അനുവദിക്കുന്നതിൽ ഗവൺമെന്റിന് ബുദ്ധിമുട്ടില്ല. അപേക്ഷിച്ചിട്ടുള്ള കോളേജുകൾക്ക് പുതിയ കോഴ്സുകൾ ഈ വർഷം നൽകുകയുണ്ടായി. ഒരോ കോളേജിനും ഓരോ കോഴ്സുകൾ വച്ചാണ് ഈ വർഷം നൽകിയത്. കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം കൂടി തീരുമാനിച്ച് സർക്കാരിനെ അറിയിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് അവർക്ക് അംഗീകാരം കൊടുക്കും.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, പ്ലസ് ടു പരീക്ഷ കഴിഞ്ഞ് ഉന്നത വിദ്യാഭ്യാസത്തിനുപോകുന്ന വിദ്യാർത്ഥികളിൽ ഏകദേശം 35 ശതമാനം കുട്ടികൾക്കുമാത്രമാണ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അഡ്മിഷൻ

ലഭിക്കാനുള്ള സീറ്റുകളുള്ളത്. എഞ്ചിനീയറിംഗ്, മെഡിസിൻ എന്നിവ കഴിഞ്ഞാലും 40-45 ശതമാനം കുട്ടികൾക്കുമാത്രമേ അഡ്മിഷൻ ലഭിക്കുന്നുള്ളൂ. ബാക്കിയുള്ള കുട്ടികൾക്ക് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മാത്രമാണ് ആശ്രയം. വിദേശരാജ്യങ്ങളിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ഡിഗ്രി, ഒരു റെഗുലർ ഡിഗ്രിയായി കണക്കാക്കാത്തതുകൊണ്ട് അവർക്ക് അവിടെയും അവസരങ്ങൾ നിഷേധിക്കപ്പെടുകയാണ്. അതുപോലെതന്നെ ഇവിടെയുള്ള സ്വാശ്രയ കോളേജുകളും ബി.എഡ്. കോളേജുകളും അനാവശ്യമായതും നിയമവിരുദ്ധവുമായ നിബന്ധനകളാണ് അഡ്മിഷന് വയ്ക്കുകയാണ്. മിനിമം മാർക്ക് നിശ്ചയിക്കുകയും കോഴ വാങ്ങുകയും ചെയ്യുന്നു. ഇതെല്ലാം കുറച്ച് സീറ്റും കൂടുതൽ ഡിമാന്റും ഉള്ളതുകൊണ്ടാണ്. സ്വാശ്രയ രംഗത്തായിരുന്നാലും ഗവൺമെന്റ്/എയ്ഡഡ് മേഖലയിലായിരുന്നാലും പുതിയ കോളേജുകൾ അനുവദിക്കുന്നതിലൂടെയും നിലവിൽ സീറ്റുകളൊഴിഞ്ഞുകിടക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളെ ആർട്സ് ആന്റ് സയൻസ് കോളേജുകളായി കൺവർട്ട് ചെയ്യാനുള്ള അവസരം നൽകുന്നതിലൂടെയും ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകും. പ്ലസ് ടു കഴിയുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനുള്ള സാഹചര്യമൊരുക്കാൻ ഇത്തരം കാര്യങ്ങൾ പരിഗണിച്ച് നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, പ്ലസ് ടു കഴിയുന്ന എല്ലാ വിദ്യാർത്ഥികളും ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പോകുന്നുവെന്ന് ധരിക്കുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള ചോദ്യങ്ങൾ ഉയരുന്നത്. നമ്മുടെ സംസ്ഥാനത്ത് ഈ നിമിഷം വരെ ക്വാളിഫൈ ചെയ്യുന്ന എല്ലാ കുട്ടികൾക്കും ഉപരിപഠനത്തിന് സൗകര്യം ഒരുങ്ങിയിട്ടില്ല, ഒരുക്കാൻ ഒരു സർക്കാരിനും സാധിക്കുമെന്ന് എനിക്ക് തോന്നുന്നുമില്ല. അത് മനുഷ്യസാധ്യമല്ല എന്നാണ് എന്റെ വിനീതമായ അഭിപ്രായം. കാലാകാലങ്ങളായി എല്ലാ സർവ്വകലാശാലകളും പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നുണ്ട്. ആ പ്രൈവറ്റ് രജിസ്ട്രേഷനാണ് പിന്നീട് സർവ്വകലാശാലകളിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷനായി രൂപപരിണാമം സംഭവിച്ചത്. ഇങ്ങനെ ഡിസ്റ്റൻസ് എഡ്യൂക്കേഷനിലൂടെ വിദ്യാർത്ഥികൾ ഡിഗ്രി എടുക്കുകയും അവർക്ക് നല്ല ജോലി ലഭിക്കുകയും ചെയ്യുന്നുണ്ട്. സമീപകാലത്ത് അദ്ധ്യാപക തസ്തികകൾക്കുമാത്രമാണ് ഇത്തരത്തിലൊരു പ്രശ്നമുണ്ടായിട്ടുള്ളത്. പ്രൈവറ്റായി പഠിക്കുന്നു, അല്ലെങ്കിൽ ഡിസ്റ്റൻസിൽ പഠിച്ചുവെന്നുള്ളത് ചില വിദേശരാജ്യങ്ങളിൽ അദ്ധ്യാപകരാകാനുള്ള യോഗ്യതയ്ക്ക് അയോഗ്യതയുണ്ടാക്കുന്നു വെന്നുള്ള പ്രശ്നമുയർന്നുവന്നിട്ടുണ്ട്. ആ പ്രശ്നം എങ്ങനെയാണ് പരിഹരിക്കാൻ സാധിക്കുകയെന്ന് പരിശോധിക്കുകയും വിദേശരാജ്യങ്ങളിലെ ബന്ധപ്പെട്ടവരുമായി കോണ്ടാക്റ്റ് ചെയ്ത് പരിഹരിക്കുന്നതിനുവേണ്ടിയും സർക്കാർ മുൻകയ്യെടുക്കുന്നുണ്ട്.

ഈ ഗവൺമെന്റ് കഴിഞ്ഞ അദ്ധ്യയനവർഷം ഏതാണ്ട് 10 ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിച്ചു. ഈ അദ്ധ്യയനവർഷം സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുകയും നിലവിലുള്ള സീറ്റുകളിൽ വർദ്ധനവ് അനുവദിക്കുകയും ചെയ്തു. അടുത്ത അദ്ധ്യയനവർഷം തീർച്ചയായും പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് സഗൗരവം ആലോചിക്കും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; അത് നടപ്പിലാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, എഞ്ചിനീയറിംഗ് മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയാണ് ജസ്റ്റിസ് ദിനേശൻ കമ്മീഷനെ നിയമിച്ചത്. അവർ സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ആസ്പദമാക്കിയാണ് ഇപ്പോൾ എഞ്ചിനീയറിംഗ് മേഖലയിൽ ചില പരിഷ്കാരങ്ങൾ ഗവൺമെന്റ് വരുത്താനുദ്ദേശിക്കുന്നത്. ഏതായാലും അത് വിശദമായി പഠിച്ച് ഏതൊക്കെ കാര്യങ്ങളാണ് തീരുമാനിക്കേണ്ടതെന്ന് പിന്നീട് അറിയിക്കും.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇവിടെ പുതിയ കോഴ്സുകളെ സംബന്ധിച്ചും അടുത്ത അദ്ധ്യയനവർഷം അവ ആരംഭിക്കുമെന്നും അങ്ങ് പറഞ്ഞു. പക്ഷെ പല മേഖലയിലും കുട്ടികൾക്ക് സീറ്റിനുള്ള ആവശ്യം കൂടിക്കൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ പുതിയ കോഴ്സുകളും കോളേജുകളും ഗവൺമെന്റ്/ എയ്ഡഡ് മേഖലകളിലും അതോടൊപ്പംതന്നെ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും ആരംഭിക്കാൻ സാധ്യതയുണ്ടോ; ഒപ്പം ASAP-ന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ കോഴ്സുകളാണ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, കഴിഞ്ഞ അദ്ധ്യയനവർഷം ആർട്സ് ആന്റ് സയൻസ് കോളേജുകൾ പുതിയതായി അനുവദിച്ചു. ഈ അദ്ധ്യയനവർഷം സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ പ്രശ്നമാണ് സർക്കാർ അഡ്രസ് ചെയ്യുന്നത്. അടുത്ത അദ്ധ്യയനവർഷം വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എയ്ഡഡ് മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും. ഈ അദ്ധ്യയന വർഷംതന്നെ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ ആ മേഖലയും പുഷ്ടിപ്പെടുത്തും. ASAP-ൽ നൂതനമായ കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളത്. ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐ.ഒ.റ്റി.), ബ്ലോക്ക് ചെയിൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മറൈൻ ടെക്നോളജി, സോളാർ

ഡിസൈൻ റിപ്പയർ ആന്റ് അസംബ്ലിംഗ്, എൽ.ഇ.ഡി. ലാമ്പ് ഡിസൈൻ റിപ്പയർ ആന്റ് അസംബ്ലിംഗ്, പ്ലാസ്റ്റിക് ടെക്നോളജി ഡിസൈൻ ആന്റ് മാനുഫാക്ചറിംഗ്, ബാങ്കിംഗ് ആന്റ് ഫിനാൻസ്, ഓട്ടോമോട്ടീവ് സർവ്വീസ് ടെക്നീഷ്യൻ, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ജ്വവലറി ഡിസൈൻ, ഡിപ്ലോമ ഇൻ ഇൻഫോകോം ടെക്നോളജി, അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി തുടങ്ങിയ ഏറ്റവും നൂതനമായ കോഴ്സുകളാണ് ASAP-ൽ ആരംഭിച്ചിട്ടുള്ളത്.

ശ്രീ. റോജി എം. ജോൺ: സർ, സർക്കാർ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിരിക്കുകയാണ്. ഇവിടെ പല യൂണിവേഴ്സിറ്റികളിലും നിലവിൽ ഡിസ്റ്റൻസ് പ്രോഗ്രാമുണ്ട്. ഡിസ്റ്റൻസ് പ്രോഗ്രാമിൽ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റും റെഗുലർ പ്രോഗ്രാമിൽ ലഭിക്കുന്ന സർട്ടിഫിക്കറ്റും സമാനമാണ്. പലപ്പോഴും ഇവ രണ്ടും തമ്മിൽ തിരിച്ചറിയാൻ സാധിക്കാറില്ല, അവ രണ്ടും തുല്യമായിട്ടുതന്നെ കണക്കാക്കുന്നുമുണ്ട്. ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുമ്പോൾ ഡിസ്റ്റൻസ് പ്രോഗ്രാം നിർത്തലാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; അതോ ഓപ്പൺ യൂണിവേഴ്സിറ്റിയോടൊപ്പംതന്നെ ഡിസ്റ്റൻസ് പ്രോഗ്രാം കണ്ടിന്യൂ ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് എല്ലാ സർവ്വകലാശാലകളുടെയും കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ ഭാഗമാക്കിക്കൊണ്ടാണ്. സർവ്വകലാശാലകളുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സെന്ററുകൾ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ റീജിയണൽ സെന്ററുകളായിട്ടായിരിക്കും ഇനി പ്രവർത്തിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കഴിഞ്ഞ ദിവസം പ്രതിപക്ഷ നിരയിലെ ഒരംഗം മലയാളം സർവ്വകലാശാലയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഗുരുതരമായൊരു അഴിമതിയാരോപണം ഇവിടെ ഉന്നയിച്ചു. ചതുപ്പുനിലവും കണ്ടൽക്കാടുകളും നികത്തി വലിയ അഴിമതി നടത്തിയെന്നാണ് പറഞ്ഞത്. 'കാള പെറ്റെന്നുപറയുമ്പോൾ കയറെടുക്കുന്ന,' പലരും സോഷ്യൽ മീഡിയയിൽ പറയുന്നതുപോലെ സഭയിൽ ഇത്തരത്തിലൊരു ആരോപണം പറഞ്ഞിട്ടുണ്ട്. സത്യത്തിൽ എന്താണ് സംഭവിച്ചത്; ഈ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് അങ്ങനെയൊരു അഴിമതിയുണ്ടോ; ആരാണ് അതിന്റെ പുറകിലുള്ളത്, അല്ലെങ്കിൽ ഈ ആരോപണത്തിന്റെ പിന്നിലെ ഉദ്ദേശ്യമെന്താണെന്ന് വിശദീകരിക്കാമോ?

ഡോ. കെ. ടി. ജലീൽ: സർ, കണ്ടൽക്കാടുകളും ചതുപ്പുനിലവും ഇപ്പോൾ മലയാളം സർവ്വകലാശാലയ്ക്ക് ഏറ്റെടുക്കാനുദ്ദേശിച്ച 11 ഏക്കർ ഭൂമിയിൽ വരുന്നില്ല. എന്നാൽ കണ്ടൽക്കാടുകളും ചതുപ്പുനിലവും ഉൾപ്പെടെ 17 ഏക്കർ സ്ഥലം ഏറ്റെടുക്കാനാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നത്. ഈ

ഗവൺമെന്റ് വന്നതിനുശേഷം അതിൽ ചില മാറ്റങ്ങൾ വരുത്തി. ആ മാറ്റങ്ങളിൽ പ്രധാനപ്പെട്ടത് കണ്ടൽക്കാടുകളെയും ചതുപ്പുനിലത്തെയും ഒഴിവാക്കി കരഭൂമി മാത്രമായി ഈ സ്ഥലം പരിമിതപ്പെടുത്തണം എന്നുള്ളതായിരുന്നു. കണ്ടൽക്കാടുകളും ചതുപ്പുനിലവും ഉൾപ്പെടെയുള്ള ഭൂമിക്കാണ് ഒരു സെന്റിന് ഒരു ലക്ഷത്തി എഴുപതിനായിരം രൂപ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ തീരുമാനിച്ചത്. എന്നാൽ ഈ ഗവൺമെന്റ് അതിലും മാറ്റം വരുത്തി, കണ്ടൽക്കാടുകളും ചതുപ്പുനിലവുമില്ലാതെ കരഭൂമിക്കുമാത്രമായി സെന്റിന് ഒരുലക്ഷത്തി അറുപതിനായിരം രൂപയാണ് നൽകുന്നത്. ഒരു ലക്ഷത്തി എഴുപതിനായിരം രൂപയെന്നുള്ളത് ഒരു ലക്ഷത്തി അറുപതിനായിരം രൂപയാക്കുന്നത് അഴിമതിയാണെങ്കിൽ അതൊരു മഹാ അത്ഭുതംതന്നെയാണ്. ഈ ഭൂമി കണ്ടെത്തിയത് കഴിഞ്ഞ സർക്കാരാണ്. കഴിഞ്ഞ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. ഇക്കാര്യത്തിൽ എന്ത് അഴിമതിയാണുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കണം. മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രി പറയട്ടെ. ... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്. അങ്ങ് ചോദ്യത്തിന് ഉത്തരം പറഞ്ഞുകഴിഞ്ഞു. ഇരിക്കൂ.. എന്തിനാണ് ഇങ്ങനെ ബഹളം വയ്ക്കുന്നത്; എല്ലാവരും ഇരിക്കൂ.

ഡോ. കെ. ടി. ജലീൽ: സർ, എന്തിനാണ് ഇങ്ങനെ ബഹളം വയ്ക്കുന്നത്.? കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഇതുമായി ബന്ധപ്പെട്ട്... (ബഹളം)...

മി. സ്പീക്കർ: പ്ലീസ്. അങ്ങിരിക്കൂ. ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ചോദ്യത്തിനിടയിൽ അദ്ദേഹം ഒരു ചോദ്യം ചോദിച്ചു. അതിന് ഉത്തരവും പറഞ്ഞു. സ്വാശ്രയ കോളേജുകൾ മാത്രമല്ല, കോളേജുകളിൽ സീറ്റില്ലാത്ത കാര്യം ശ്രീ. എം. വിൻസെന്റ് ചോദിച്ചില്ലേ, അതിനും മറുപടി പറഞ്ഞു. ..... (ബഹളം).... ശ്രീ. പി. കെ. ബഷീർ ഇരിക്കൂ.. പ്ലീസ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, എ.ഐ.സി.റ്റി.ഇ.-യുടെ നിബന്ധനയനുസരിച്ച് ഓരോ കോഴ്സിനും കൃത്യമായ കണക്കുവച്ചാണ് കുട്ടികളുടെ ഇൻടേക്കിംഗ് അനുവദിക്കുന്നത്. ഈ കാലഘട്ടങ്ങളിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ ഒഴിവുവരുന്നതനുസരിച്ച് അത്രയും കുട്ടികൾ കോളേജുകളിൽ ഇൻടേക്ക് ഉണ്ടാകുന്നില്ല. 60 സീറ്റ് അനുവദിച്ചിടത്ത് 20-25 കുട്ടികളെ മാത്രമേ കിട്ടുന്നുള്ളൂ. കൂടാതെ, ഇൻടേക്ക് അനുവദിച്ച എണ്ണത്തിനനുസരിച്ചുള്ള അദ്ധ്യാപകരെ അവിടെ നിയമിക്കുകയും വേണം. ഇൻടേക്കിന് അനുസരിച്ച് അദ്ധ്യാപകരുടെ എണ്ണം കുറച്ച് നിലവിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ നേരിടുന്ന പ്രയാസം ഒഴിവാക്കാനുള്ള നിലപാട് സ്വീകരിക്കാമോ; ഒപ്പം എ.ഐ.സി.റ്റി.ഇ.-യുടെ നിബന്ധനയ്ക്കനുസരിച്ചുതന്നെ

നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ ലഭിച്ചാൽ മാത്രമേ പുതിയ കോഴ്സുകൾ അനുവദിക്കുകയുള്ളൂ. അത് മാറ്റണമെങ്കിൽ സംസ്ഥാന സർക്കാർ എ.ഐ.സി.റ്റി.ഇ.-യിൽ സമ്മർദ്ദം ചെലുത്തണം. എന്നാലേ അവർക്ക് കോഴ്സുകൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. എ.ഐ.സി.റ്റി.ഇ.-യിൽ അതിനാവശ്യമായ സമ്മർദ്ദം ചെലുത്താൻ സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, കോഴ്സുകൾക്ക് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അഫിലിയേഷൻ ഫീ നിശ്ചയിക്കുന്നത്. അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം ചിലപ്പോൾ അറുപതോ എഴുപതോ ഒക്കെയുണ്ടാകും. എന്നാൽ ഇരുപതോ മുപ്പതോ കുട്ടികളേ അവിടെ പഠിക്കുന്നുണ്ടാകുകയുള്ളൂ. ഇൻടേക്കിന്റെ ടോട്ടൽ എണ്ണത്തെ ആസ്പദമാക്കിയാണ് ഇപ്പോൾ ബന്ധപ്പെട്ട കോളേജുകളിൽനിന്ന് യൂണിവേഴ്സിറ്റി അഫിലിയേഷൻ ഫീ ഈടാക്കുന്നത്. ഇങ്ങനെ അഫിലിയേഷൻ ഫീ ഈടാക്കുന്നത് പുനഃപരിശോധിക്കുന്നതിന് സർക്കാർ ഇപ്പോൾ ആലോചിക്കുന്നുണ്ട്. വിദ്യാർത്ഥികളെത്രയുണ്ടോ അതിനാനുപാതികമായി അഫിലിയേഷൻ ഫീ ഒരു നിശ്ചിത തുകയ്ക്കുപുറമെ അടച്ചാൽ മതിയെന്ന് ഗവൺമെന്റ് ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എ.ഐ.സി.ടി.ഇ. ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ തീർച്ചയായും സംസ്ഥാനത്തിന് ഗുണകരമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്തുമെന്നുകൂടി അറിയിക്കുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പുതിയ കോളേജുകൾക്ക് കെട്ടിടവും ഭൂമിയും അനുവദിക്കുന്നതിന്റെ ഭാഗമായി താനൂർ ഗവൺമെന്റ് കോളേജിന് കിഫ്ബി ഫണ്ട് അനുവദിച്ചതാണ്. പക്ഷെ റവന്യൂ വിഭാഗത്തിന്റെ മെല്ലെപ്പോക്ക് നയത്തിന്റെ ഭാഗമായി ഇതുവരെ ആ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്? മലയാളം സർവ്വകലാശാലയുടെ ഭൂമിയേറ്റെടുക്കൽ 1,70,000 രൂപയിൽനിന്നും 1,60,000 രൂപയായത് എങ്ങനെയാണെന്ന് ഞാൻ പറയാം. ബന്ധപ്പെട്ട എം.എൽ.എ. സ്ഥലത്തില്ലാത്തതുകൊണ്ടാണ് ഞാൻ ആ കാര്യം പറയാത്തത്. ഭൂവുടമകൾ പതിനായിരം രൂപ ഇപ്പോൾ സർക്കാരിന് കുറച്ചുകൊടുത്തിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, അതിനെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. കാരണം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിലുണ്ട്. അദ്ദേഹം പറയുമെങ്കിൽ തീർച്ചയായും ഞാനിരിക്കാം.

മി. സ്പീക്കർ: അങ്ങ് അതിലേയ്ക്ക് പോകണ്ട. താനൂർ ഗവൺമെന്റ് കോളേജുമായി ബന്ധപ്പെട്ട ചോദ്യത്തിന് ഉത്തരം പറഞ്ഞാൽ മതി.

ഡോ. കെ. ടി. ജലീൽ: സർ, ചതുപ്പുനിലവും കണ്ടൽക്കാടുകളും ഒഴിവാക്കി ഒരു സെന്റിന് 1,70,000 രൂപ ഉള്ളതാണ് 1,60,000 ആക്കി ഈ സർക്കാർ കുറച്ചത്. താനൂർ ഗവൺമെന്റ് കോളേജിന് സ്ഥലമില്ലെന്നുള്ള കാര്യം ഇവിടെ സൂചിപ്പിച്ചു. സത്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ കോളേജുകൾ അനുവദിച്ചപ്പോഴുണ്ടായിരുന്ന വ്യവസ്ഥ - അഞ്ചേക്കർ സ്ഥലം ബന്ധപ്പെട്ട എം.എൽ.എ.-മാർ നൽകണം, അതിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റടക്കം നൽകിയാൽ മാത്രമേ കോളേജ് അനുവദിക്കൂ എന്നുള്ളതുകൊണ്ടാണ് എന്റെ നിയോജകമണ്ഡലമായ തവനൂരിൽ ഒരു വർഷം കഴിഞ്ഞ് കോളേജ് തുടങ്ങിയത്. കാരണം, അഞ്ചേക്കർ സ്ഥലം സൗജന്യമായി നിള ചാരിറ്റബിൾ ട്രസ്റ്റിൽനിന്നും സംഘടിപ്പിച്ച് നൽകിയതിനുശേഷമാണ് കോളേജ് തുടങ്ങാനായത്. എന്നാൽ ആ സമീപനമല്ല മറ്റ് പല നിയോജകമണ്ഡലങ്ങളോടും സ്വീകരിച്ചത്. താനൂർ നിയോജകമണ്ഡലത്തിൽ അന്ന് കോളേജ് അനുവദിച്ചത് മറ്റു പല സൗകര്യങ്ങളുടെയും പശ്ചാത്തലത്തിലാണ്. അതുകൊണ്ടാണ് ഇപ്പോഴും ആ കോളേജിന് സ്ഥലവും കെട്ടിടവും ഇല്ലാത്ത സാഹചര്യം തുടരുന്നത്. തീർച്ചയായും റവന്യൂ ഡിപ്പാർട്ട്മെന്റ് ഇതിനാവശ്യമായിട്ടുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ച് മെല്ലെപ്പോക്കുനയം ഒഴിവാക്കും.

മി. സ്പീക്കർ: അഞ്ചേക്കർ സ്ഥലം എല്ലാ എം.എൽ.എ.-മാർക്കും നൽകാൻ കഴിയുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇന്നലെയും ഇന്നുമായി മലയാളം സർവ്വകലാശാലയിലെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. കളവുകൾ പലതവണ പറഞ്ഞാൽ സത്യമാക്കാം എന്നുള്ള ധാരണയാണ് ബഹുമാനപ്പെട്ട മന്ത്രിക്കുള്ളത്. അന്നത്തെ വൈസ് ചാൻസലറായിരുന്ന ശ്രീ. കെ. ജയകുമാറാണ് സ്ഥലമെടുക്കാനുള്ള എല്ലാ കാര്യങ്ങളും ചെയ്തത്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിതന്നെ അതിന്റെ വിശദാംശങ്ങൾ ഇവിടെ വായിച്ചു. കളക്ടറുമായിട്ടുള്ള യോഗം കൂടിയതും വില തീരുമാനിച്ചതുമെല്ലാം വായിച്ചു. അതിൽ മന്ത്രി എന്ന നിലയ്ക്ക് ഞാനോ അവിടത്തെ എം.എൽ.എ. എന്ന നിലയ്ക്ക് ശ്രീ. സി. മമ്മൂട്ടിയോ ഇടപെട്ടിട്ടില്ല. ഞങ്ങൾ ഇടപെടാത്തതുകൊണ്ടാണ് രണ്ടാമതൊരു സ്ഥലത്തിന്റെ പ്രശ്നം വരാതെ ആ സ്ഥലംതന്നെ എടുക്കാനുള്ള തീരുമാനങ്ങളുണ്ടായത്. അതിൽ ഞങ്ങൾക്കാർക്കും യാതൊരു പങ്കുമില്ല. ജില്ലാ കളക്ടറും അതോടനുബന്ധിച്ചുള്ള ഉദ്യോഗസ്ഥരും കൂടിയാണ് തീരുമാനിച്ചത്. പക്ഷെ ഈ ഗവൺമെന്റ് വന്ന് മൂന്നുവർഷമായപ്പോൾ ആ സ്ഥലം മാറ്റാനുള്ള ശ്രമങ്ങൾ നടന്നു എന്നാണ് മാധ്യമങ്ങളിൽ വന്ന വാർത്ത.

ആ സ്ഥലംമാറ്റി സ്വകാര്യ വ്യക്തികളുടെ സ്ഥലമെടുക്കാൻ തിരൂരിൽതന്നെ ഭരണകക്ഷിയുമായി ബന്ധമുള്ള ആളുകൾ നിരന്തര ശ്രമം നടത്തിയതിന്റെ കാര്യങ്ങൾ പത്രങ്ങളിലും ടെലിവിഷനിലുമൊക്കെ വന്നതാണ്. ആ സ്ഥലം കണ്ടൽക്കാടുകളും ചതുപ്പുനിലവും ഒഴിവാക്കിയെടുക്കാനാണെങ്കിൽ എന്തുകൊണ്ട് മൂന്നുവർഷം താമസിച്ചു; അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. ......(ബഹളം).....

<u>മി. സ്പീക്കർ</u>: മറുപടി പറയാൻ മിനിസ്റ്ററുണ്ട്. നിങ്ങളിരിക്കൂ. അദ്ദേഹം മറുപടി പറയട്ടെ. ......(ബഹളം)...... പ്ലീസ്...പ്ലീസ്...

<u>ഡോ. കെ. ടി. ജലീൽ</u>: സർ, കഴിഞ്ഞ സർക്കാർ ഏറ്റെടുത്ത സ്ഥലം മാറ്റാൻ ഈ ഗവൺമെന്റ് ഒരുഘട്ടത്തിലും ശ്രമിച്ചിട്ടില്ല. അതിന്റെ തെളിവാണ് ഇന്നലെ സഭയിൽ ശ്രീ. വി. ടി. ബൽറാം പറഞ്ഞത്. 1,70,000 രൂപ കൊടുത്ത് കണ്ടൽക്കാടുകളും ചതുപ്പുനിലവുമുള്ള സ്ഥലം വാങ്ങാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി തിടുക്കം കാട്ടിയിരിക്കുന്നു, അതിന് ഇത്രകോടി രൂപ അനുവദിച്ചിരിക്കുന്നു, സർക്കാർ ഉത്തരവ് എന്റെ കയ്യിലുണ്ട് എന്ന് ഇന്നലെ അദ്ദേഹം തന്നെ ഇതിനുള്ള മറുപടി പറഞ്ഞു. ബഹുമാനപ്പെട്ട അബ്ദു റബ്ബ് സാഹിബ് ഇത് ചെയ്തുവെന്നല്ല ഞാൻ പറഞ്ഞത്. അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് സ്ഥലമെടുപ്പുമായി ബന്ധപ്പെടുന്ന പ്രധാനപ്പെട്ട മൂന്ന് തീരുമാനങ്ങളെടുത്തത്. ഇപ്പോഴുള്ള സ്ഥലം കണ്ടെത്തിയതും ആ ഭൂമി തരംമാറ്റിയതും കണ്ടൽക്കാടുകളും ചതുപ്പുനിലങ്ങളും ഉൾപ്പെടെയുള്ള 17 ഏക്കർ സ്ഥലത്തിന് സെന്റൊന്നിന് 1,70,000 രൂപ നിശ്ചയിച്ചതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. 6 ഏക്കർ കണ്ടൽക്കാടുകളും ചതുപ്പുനിലവും ഒഴിവാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് 11 ഏക്കർ സ്ഥലമാക്കി അത് പരിമിതപ്പെടുത്തിയത്. ഇതൊരു വസ്തുതയാണ്, യാഥാർത്ഥ്യമാണ്. ഇതിൽ എന്തെങ്കിലും അഴിമതി നടന്നിട്ടുണ്ടെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് നടന്നിട്ടുള്ളത്. .....(ബഹളം)......

<u>മി. സ്പീക്കർ</u>: വ്യക്തിപരമായ വിശദീകരണത്തിന് വേറെ ചട്ടമുണ്ട്. ചോദ്യോത്തരവേളയിലല്ല അത് ചോദിക്കേണ്ടത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഒരു ബിസിനസ് എന്ന നിലയ്ക്കായിരുന്നു കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത്. യാതൊരു സാധ്യതാപഠനവും നടത്താതെ ചോദിക്കുന്നവർക്കെല്ലാം കോളേജ് കൊടുത്തതിന്റെ ഭാഗമായി വലിയ പ്രതിസന്ധിയാണ് ആ മേഖലയിലുണ്ടായിട്ടുള്ളത്. ഒരു മെഡിക്കൽ കോളേജ് ചോദിച്ച എം.ഇ.എസ്. മാനേജ്മെന്റിന് രണ്ട് മെഡിക്കൽ

കോളേജ് അനുവദിച്ച വിചിത്ര തീരുമാനംപോലും അന്നുണ്ടായിട്ടുള്ളതാണ്. കേരളത്തിൽ ഇങ്ങനെ അനുവദിക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളിൽ പതിനായിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആ കോളേജുകൾ ഫലത്തിൽ ഉപയോഗശൂന്യമായിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ പുതിയൊരു സാധ്യതാപഠനം നടത്തി കേരളത്തിനാവശ്യമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഏതൊക്കെ മേഖലകളിലാണ് സീറ്റുകൾ ആവശ്യം എന്നുകണ്ടെത്തി ഇപ്പോൾ ബാധ്യതയായിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളെ തരംമാറ്റി നവീനമായ പുതിയ കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റാൻ സാധിക്കുമോ; അത്തരത്തിലുള്ള സാധ്യതാപഠനം നടത്താൻ തീരുമാനമെടുക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, സ്ഥാനത്തും അസ്ഥാനത്തും എഞ്ചിനീയറിംഗ് കോളേജുകൾ യഥേഷ്ടം അനുവദിച്ചു. അതിന്റെ ഫലമായിട്ടാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം ഏതാണ്ട് 170-180-ലേയ്ക്ക് ഉയർന്നത്. പിന്നീട് പല സ്ഥാപനങ്ങളും പൂട്ടിപ്പോയി. ഇപ്പോൾ ഏതാണ്ട് 140 എഞ്ചിനീയറിംഗ് കോളേജുകളിൽ എത്തിനിൽക്കുകയാണ്. നിലവിലുള്ള കോളേജുകൾതന്നെ മുന്നോട്ടുപോകാൻ പ്രയാസപ്പെടുന്ന സാഹചര്യമുണ്ട്. എഞ്ചിനീയറിംഗ് കോളേജിനെക്കാൾ വയബിളായി നടത്താൻ സാധിക്കുന്നത് പോളിടെക്നിക്കുകളാണ്. നൂതനമായ കോഴ്സുകൾ തുടങ്ങി പോളിടെക്നിക്കുകളാക്കി ഇതിനെ കൺവെർട്ട് ചെയ്യാൻ അനുവദിക്കണമെന്നുപറഞ്ഞ് മാനേജ്മെന്റുകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. എ.ഐ.സി.ടി.ഇ. അവർക്കതിന് അംഗീകാരവും നൽകി. സർക്കാർ അതിനനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. കോടതിയുടെ ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഏഴ് പോളിടെക്നിക്കുകൾ എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ചും ചില എഞ്ചിനീയറിംഗ് കോളേജുകൾ നിർത്തിയും ഇതാരംഭിക്കുന്നതിന് ഈ അദ്ധ്യയന വർഷം തീരുമാനമെടുത്തിട്ടുണ്ട്.

## അമൃത്, സ്മാർട്ട് സിറ്റി പദ്ധതികളുടെ പുരോഗതി

3 (*423) ശ്രീ. പി. ഉണ്ണി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നഗരങ്ങളിൽ ശാസ്ത്രീയമായ രീതിയിലുള്ള സ്വീവേജ് സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഒമ്പത് പ്രധാന നഗരങ്ങളിലെ ദ്രവ മാലിന്യ സംസ്കരണം, കുടിവെള്ള വിതരണം, ഗതാഗത സംവിധാനം മുതലായവ കാര്യക്ഷമമാക്കുന്നതിനുള്ള അമൃത് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) തലസ്ഥാന നഗരിയിലെയും കൊച്ചിയിലെയും സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) കേരളത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്ത് 30 ശതമാനം മേഖലയിലും (43 വാർഡ്), കൊച്ചി കോർപ്പറേഷൻ പ്രദേശത്ത് 5 ശതമാനം മേഖലയിലും മാത്രമാണ് കേന്ദ്രീകൃത സ്വീവേജ് സംസ്കരണ നെറ്റ്‌വർക്ക് സംവിധാനം നിലവിലുണ്ടായിരുന്നത്. തിരുവനന്തപുരത്ത് മുട്ടത്തറയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഏരിയ ഓഫ് കവറേജ് 41.34 സ്ക്വയർ കി.മീറ്ററും എറണാകുളത്ത് എളംകുളത്തുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഏരിയാ ഓഫ് കവറേജ് 4.74 സ്ക്വയർ കി.മീറ്ററുമാണ്. ഇത്തരത്തിലുള്ള ഒരു പ്ലാന്റ് ഗുരുവായൂർ നഗരത്തിൽ പൂർത്തീകരിച്ചുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ സ്വീവേജ് പ്ലാന്റിനൊപ്പം സെപ്റ്റേജ് സംസ്കരണ സംവിധാനവും എറണാകുളം ജില്ലയിൽ ബ്രഹ്മപുരത്തും വെല്ലിംഗ്ടൺ ഐലന്റിലും രണ്ട് സെപ്റ്റേജ് സംസ്കരണ പ്ലാന്റുകളും സ്ഥാപിച്ച് പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ കനാലുകളുടെ നവീകരണത്തിന്റെ ഭാഗമായി മുനിസിപ്പൽ കോളനിയിൽ വികേന്ദ്രീകരണ മാതൃകയിലുള്ള മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപന തലങ്ങളിൽ സ്വീവേജ് സംസ്കരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി താലൂക്കാശുപത്രികൾപോലുള്ള ആശുപത്രികളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ശുചിത്വമിഷൻ സാങ്കേതികാനുമതി ലഭ്യമാക്കിക്കഴിഞ്ഞു.

(ബി) (i) കുടിവെള്ള വിതരണം (ശുദ്ധജല വിതരണം)

അമൃത് പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമായി കുടിവെള്ള വിതരണ സെക്ടറിൽ (ശുദ്ധജല വിതരണ സെക്ടർ) 1081.09 കോടി രൂപയുടെ 176 പദ്ധതികൾക്ക് (മുഖ്യ പദ്ധതികൾ 95) അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 1069.53 കോടി രൂപയുടെ 176 പദ്ധതികൾക്ക് ഭരണാനുമതിയും 1066.80 കോടി രൂപയുടെ 174 പദ്ധതികൾക്ക് സാങ്കേതികാനുമതിയും 1061.58 കോടി രൂപയുടെ 174 പദ്ധതികൾ

ടെണ്ടർ ചെയ്യുകയും 970.25 കോടി രൂപയുടെ 160 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ 25.74 കോടി രൂപയുടെ 31 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 332.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ii) ദ്രവമാലിന്യ സംസ്കരണം (Sewage & Septage Treatment)

അമൃത് പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമായി സ്വിവറേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 629.87 കോടി രൂപയുടെ 137 പദ്ധതികൾക്ക് (മുഖ്യ പദ്ധതികൾ 47) അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 543.24 കോടി രൂപയുടെ 136 പദ്ധതികൾക്ക് ഭരണാനുമതിയും 476.76 കോടി രൂപയുടെ 133 പദ്ധതികൾക്ക് സാങ്കേതികാനുമതിയും 472.77 കോടി രൂപയുടെ 132 പദ്ധതികൾ ടെണ്ടർ ചെയ്യുകയും 88.11 കോടി രൂപയുടെ 88 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ 8.71 കോടി രൂപയുടെ 37 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 24.40 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സെപ്റ്റേജ്-സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

| City | C Number of plants | Total Plant Capacity T |
|---|---|---|
| കൊല്ലം | 3 | 100 കെ.എൽ.ഡി. |
| ആലപ്പുഴ | 2 | 10 കെ.എൽ.ഡി. |
| ഗുരുവായൂർ | 1 | 100 കെ.എൽ.ഡി. |
| തൃശ്ശൂർ | 1 | 100 കെ.എൽ.ഡി. |
| പാലക്കാട് | 1 | 100 കെ.എൽ.ഡി. |
| കണ്ണൂർ | 1 | 100 കെ.എൽ.ഡി. |
| കോഴിക്കോട് | 1 | 100 കെ.എൽ.ഡി. |

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

| City | Number of Plants | Total Plant capacity |
|---|---|---|
| തിരുവനന്തപുരം (മെഡിക്കൽ കോളേജ് ക്യാമ്പസ്) | 1 | 5 എം.എൽ.ഡി. |
| കൊല്ലം (12 വാർഡുകൾ) | 1 | 12 എം.എൽ.ഡി. |
| ആലപ്പുഴ (മെഡിക്കൽ കോളേജ്) | 2 | 0.26 എം.എൽ.ഡി. |
| കൊച്ചി (ഡിവിഷൻ 1 - 05, 15, 16, 17 & 6 വാർഡുകൾ) | 5 | 16 എം.എൽ.ഡി. |
| തൃശ്ശൂർ (7 വാർഡുകൾ) | 2 | 2.86 എം.എൽ.ഡി. |
| പാലക്കാട് (3 വാർഡുകൾ) | 2 | 1.07 എം.എൽ.ഡി. |
| കോഴിക്കോട് (7 വാർഡുകൾ) | 4 | 16 എം.എൽ.ഡി. |
| കണ്ണൂർ (2 വാർഡുകൾ) | 1 | 1 എം.എൽ.ഡി. |

(iii) ഗതാഗത സംവിധാനം

(Urban transport - Non motorized transport)

അമൃത് പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമായി അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 211.60 കോടി രൂപയുടെ 130 പദ്ധതികൾക്ക് (മുഖ്യ പദ്ധതികൾ 59) അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 206.82 കോടി രൂപയുടെ 130 പദ്ധതികൾക്ക് ഭരണാനുമതിയും 189.51 കോടി രൂപയുടെ 129 പദ്ധതികൾക്ക് സാങ്കേതികാനുമതിയും 189.51 കോടി രൂപയുടെ 129 പദ്ധതികൾ ടെണ്ടർ ചെയ്യുകയും 152.42 കോടി രൂപയുടെ 115 പദ്ധതികൾക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ 0.83 കോടി രൂപയുടെ 7 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 20.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കൃത്യമായി പ്രതിമാസ വിലയിരുത്തലുകൾ നടത്തുകയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

ശ്രീ. പി. ഉണ്ണി: സർ, നഗരങ്ങളിലേതുപോലെതന്നെ കേരളത്തിലെ തീർത്ഥാടന കേന്ദ്രങ്ങളിലും മലിനീകരണത്തിന്റെ പ്രശ്നമുണ്ട്. ഗുരുവായൂരിന്റെ കാര്യം അങ്ങിവിടെ പറഞ്ഞു. വേറെയും തീർത്ഥാടന കേന്ദ്രങ്ങളിൽ മാലിന്യത്തിന്റെ പ്രശ്നമുണ്ട്. അവിടെയും ഈ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി എന്താണ്?

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്മാർട്ട്സിറ്റി പദ്ധതികളുടെയും അമൃത് പദ്ധതികളുടെയും 9 നഗരസഭകളുടെയും വിഷയവുമായി ബന്ധപ്പെട്ടാണ് ഞാൻ മറുപടി പറഞ്ഞത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യം നീക്കുന്നതിന് ഇപ്പോൾ ഫലപ്രദമായി ഇടപെടുന്നുണ്ട്. ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും അതിനാവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്.

ശ്രീ. പി. ഉണ്ണി: സർ, അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ കഴിയുമോ; ഇതിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അമൃത് പദ്ധതിക്ക് 2021 വരെ കാലാവധിയുണ്ട്. പദ്ധതികളുടെ ടെണ്ടർ നടപടികളെക്കുറിച്ചെല്ലാം വിശദീകരിച്ചു. വളരെ കുറച്ച് പദ്ധതികൾ മാത്രമാണ് ഇനി ടെണ്ടർ ചെയ്ത് അവാർഡ് ചെയ്യാനുള്ളത്. 2021-ൽ പൂർണ്ണമായും തീർക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്നലെ പുതിയ കേന്ദ്ര സഹമന്ത്രിയുമായി വീഡിയോ കോൺഫറൻസിംഗ് നടത്തിയിരുന്നു. കേരളത്തിന്റെ പദ്ധതി പുരോഗതിയിൽ സംതൃപ്തിയാണ് പ്രകടിപ്പിച്ചത്. അമൃത് പദ്ധതികളുടെ നടത്തിപ്പിൽ ഒഡീഷയും ഗുജറാത്തും കഴിഞ്ഞാൽ മൂന്നാം സ്ഥാനത്ത് കേരളമാണെന്നുള്ളത് പരിശോധനയിൽ കണ്ടിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേന്ദ്ര സർക്കാർ സ്മാർട്ട് സിറ്റി പദ്ധതി പ്രഖ്യാപിച്ചപ്പോൾ അതിൽ ആദ്യഘട്ടത്തിൽ ഇടംനേടിയതാണ് കൊച്ചി നഗരസഭ. കൊച്ചി നഗരസഭയിലെ വിവിധ പദ്ധതികളെ സംബന്ധിച്ചും അതിന്റെ പുരോഗതിയെ സംബന്ധിച്ചുമെല്ലാം അങ്ങയുടെ ഉത്തരത്തിലുണ്ട്. പടിഞ്ഞാറൻ കൊച്ചിയിൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചില പദ്ധതികൾ ഇന്ന്

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

നിശ്ചലാവസ്ഥയിലാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട വികസനത്തിനായുള്ള 100 കോടി രൂപയുടെ പദ്ധതിയാണ്. അതിന്റെ പണി ആരംഭിച്ചെങ്കിലും ഇപ്പോൾ നിലച്ചിരിക്കുന്ന സാഹചര്യത്തിൽ അവ വേഗത്തിൽ പൂർത്തീകരിക്കണം. അതുപോലെ പടിഞ്ഞാറൻ കൊച്ചിയിലെ ചില റോഡുകൾ, പ്രത്യേകിച്ച് മട്ടാഞ്ചേരിയിൽ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് റോഡിന്റെ പണി പൂർത്തീകരിക്കാത്തതിന്റെ ഫലമായി വാഹനങ്ങൾക്ക് പോകാൻ കഴിയുന്നില്ല. മാർക്കറ്റ് ഏറെക്കുറെ നിശ്ചലമായ അവസ്ഥയിലാണ്. ഇതുപോലെതന്നെ സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുന്ന എറണാകുളം മാർക്കറ്റ് നവീകരണത്തിനുവേണ്ടി 100 കോടി രൂപയും ബ്രോഡ്‌വേ മാർക്കറ്റ് നവീകരണത്തിനുവേണ്ടി 10 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ആ മേഖലയിൽ ഒരു വിധത്തിലുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. നഗരസഭയുടെ ഭാഗത്തുനിന്നുള്ള നടപടികൾക്ക് വേണ്ടത്ര വേഗതയില്ലായ്മമൂലം ഈ പദ്ധതികൾ മരവിച്ചിരിക്കുകയാണ്. ജനപ്രതിനിധികളെയടക്കം ഇക്കാര്യത്തിൽ ഇടപെടുവിച്ചുകൊണ്ട് പ്രവൃത്തി വേഗത്തിലാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്മാർട്ട്സിറ്റി പ്രോജക്ടുമായി ബന്ധപ്പെട്ട കമ്പനിയുടെ പരിശോധന ചീഫ് സെക്രട്ടറി തലത്തിൽതന്നെ നടത്തുന്നുണ്ട്. ആ കമ്പനിയുടെ ചെയർമാൻ ചീഫ് സെക്രട്ടറിയും എം.ഡി. ശ്രീ. മുഹമ്മദ് ഹനീഷ് ഐ.എ.എസ്സുമാണ്. ഇവരുടെ നേതൃത്വത്തിൽ അതിലുള്ള പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ട്. പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ടത് കൺവേർജൻസ് പ്രോജക്ടാണ്. കൊച്ചി നഗരസഭ അവരുടെ പി.എം.എ.വൈ.-യിൽ ഉൾപ്പെടുത്തി പണിയുന്നതിനുവേണ്ടി ഏറ്റെടുത്തതാണ്. പക്ഷെ അവർക്ക് പണമില്ലെന്നതിന്റെ പേരിൽ ഇപ്പോൾ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ടിയുള്ള അനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്. റോഡുകളുടെ കാര്യത്തിലും ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതും അവരുടെ പ്രത്യേക യോഗം വിളിച്ച് ഞാൻ തന്നെ പരിശോധിച്ചിരുന്നു. അത് നടപ്പാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കലാണ് ബ്രോഡ്‌വേയിലെ മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ടുള്ളത്. പദ്ധതി രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ആൻസലൻ: സർ, കേരളം നഗര-ഗ്രാമ വ്യത്യാസമില്ലാത്ത ഭൂപ്രദേശമാണ്. പ്രധാനപ്പെട്ട കോർപ്പറേഷൻ അതിർത്തികളിലും തെരഞ്ഞെടുക്കപ്പെട്ട മുനിസിപ്പാലിറ്റികളിലും ശാസ്ത്രീയമായ രൂപത്തിൽ സ്വിവറേജ്

സംവിധാനം ഏർപ്പെടുത്തുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് അങ്ങ് മറുപടിയിൽ സൂചിപ്പിച്ചു. പ്രധാനമായും താലൂക്ക് കേന്ദ്രങ്ങളിലുള്ള നഗരസഭകളിൽ, ആശുപത്രികളും മറ്റ് വാണിജ്യ സ്ഥാപനങ്ങളും ഉൾപ്പെടെ സ്ഥിതിചെയ്യുന്നതും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഏരിയകളിലും ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടുകൂടി അത്തരം പദ്ധതികൾക്ക് നഗരസഭകളും പഞ്ചായത്തുകളും പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. ചില ആശുപത്രികളിലും പ്രധാനപ്പെട്ട കമ്മ്യൂണിറ്റി കേന്ദ്രങ്ങളിലും ഇത്തരം പദ്ധതികൾ നടന്നുവരികയാണ്. അത്തരം പദ്ധതികളും നടപ്പാക്കുന്നുണ്ട്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴിക്കോട് കോർപ്പറേഷന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം സ്വപ്ന നഗരിക്കടുത്തുള്ള വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് ആരംഭിച്ചിരുന്നു. ഇതിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ല. ഇതിന്റെ തടസ്സമെന്താണ്; തടസ്സം പരിഹരിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഒരു പ്രത്യേക കമ്പോണന്റിനെക്കുറിച്ചുള്ള ചോദ്യമാണിത്. വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ മറുപടി പറയാൻ കഴിയുകയുള്ളൂ. അക്കാര്യം പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, അമൃത് പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട കമ്പോണന്റ് സ്വീവേജ് ആന്റ് സെപ്റ്റേജ് പ്ലാന്റുകൾ സ്ഥാപിക്കുന്ന 628 കോടി രൂപയുടെ പദ്ധതിയാണ്. കേരളത്തിൽ 9 നഗരങ്ങളിൽ അത് സ്ഥാപിക്കാനുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാനുള്ള കൺസൾട്ടൻസി കൊടുത്തിരിക്കുന്നത് റാംജി ബയോളജിക്കൽസ് എന്ന കമ്പനിക്കാണ്. ആ കമ്പനി ഡി.പി.ആർ. കൊടുത്ത ഒരു സ്ഥലത്തും വർക്ക് അവാർഡ് ചെയ്യാൻപോലും കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നും ആ വർക്ക് തുടങ്ങാൻ കഴിയാതെ തന്നെ കൺസൾട്ടൻസി ഫീസായി ഈ കമ്പനിക്ക് 5.5 കോടി രൂപ (60 ശതമാനം) കൊടുത്തുതീർത്ത കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നിയമാനുസരണം ശുചിത്വ മിഷൻ എംപാനൽ ചെയ്ത ലിസ്റ്റിൽനിന്നും ടെണ്ടർ നടപടികളിലൂടെയാണ് ഈ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുള്ളത്. സാങ്കേതികമായ പരിശോധനകളെല്ലാം പൂർത്തീകരിച്ചുകൊണ്ടാണ് അതെല്ലാം ചെയ്തിട്ടുള്ളത്. അവരുടെ ടെക്നോളജി പ്രശ്നമാണെന്ന് ആരും ആക്ഷേപമുന്നയിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് അവർ

കൊടുത്തിട്ടുള്ള ടെണ്ടർ നടപടികളിൽ ചില അനാവശ്യ നിബന്ധനകൾ വന്നതിന്റെ ഭാഗമായാണ് ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്. അത് പരിശോധിച്ച് തിരുത്താൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അഡ്വാൻസ് നൽകിയ സംഖ്യയുടെ കൃത്യമായ കണക്ക് എനിക്ക് പറയാൻ കഴിയില്ല. അതാത് കോർപ്പറേഷനുകളും നഗരസഭകളുമാണ് അതിന്റെ ടെണ്ടർ നടപടികൾ ചെയ്തിട്ടുള്ളത്. അതിൽ സർക്കാർ നേരിട്ട് ഇടപെടുന്നില്ല. അമൃത് പദ്ധതിയുടെയോ സ്മാർട്ട് സിറ്റിയുടെയോ ഭാഗമായാണെങ്കിൽ അതിന്റെ കമ്പനിയും ബന്ധപ്പെട്ട നഗരസഭകളുമാണ് കാര്യങ്ങൾ ചെയ്യുന്നത്. 2.33 ശതമാനം വരെ മാക്സിമം കൺസൾട്ടൻസി ഫീസ് കൊടുക്കാവുന്നതാണ്. ആ ഇനത്തിൽ കൊടുക്കാവുന്ന നിയമാനുസൃതമായ നടപടികൾ ചെയ്തിട്ടുണ്ടാകാം. ബന്ധപ്പെട്ട നഗരസഭകളോ കോർപ്പറേഷനുകളോ ആണ് അത് ചെയ്തിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ.... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

4 (*424) <u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. എസ്. ശർമ്മ:</u>
<u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ജില്ലാതല ക്വാളിറ്റി അഷ്വറൻസ് സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) നിലവാരം കൈവരിക്കുന്നതിന് മുഖ്യഘടകം അദ്ധ്യാപകരാണെന്നതിനാൽ അവരുടെ അദ്ധ്യാപന നിലവാരമുയർത്തുന്നതിനും തുടർവിദ്യാഭ്യാസവും പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിനും പരിപാടിയുണ്ടോ; വ്യക്തമാക്കുമോ;

(സി) യോഗ്യതയുള്ളവരുടെ അധ്യാപന ശേഷി വിനിയോഗിക്കുന്നതിന്, എയ്ഡഡ്, സർക്കാർ കോളേജുകളിൽ വ്യാപകമായുള്ള ഗസ്റ്റ് അദ്ധ്യാപക സമ്പ്രദായത്തിന് പകരം സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പഠന,ബോധന,ഗവേഷണ രംഗങ്ങളിൽ അക്കാദമിക മികവ് ഉറപ്പു വരുത്തുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കോളേജ് അദ്ധ്യാപകരുടെ ഗവേഷണ-അദ്ധ്യാപന കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഫ്ളെയർ പദ്ധതിയുടെ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഇല്ല. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വിലയിരുത്തുന്നതിനായി റൂസയുടെ കീഴിൽ ഒരു State Level Quality Assurance Cell, രൂപീകരിച്ചിട്ടുണ്ട്. ആർട്സ് & സയൻസ് കോളേജുകളിലെ ഗുണനിലവാരം വിലയിരുത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് എല്ലാ കോളേജുകളിലും ഒരു Internal Quality Assurance Cell (IQAC) രൂപീകരിച്ചിട്ടുണ്ട്. സർക്കാർ കോളേജുകളുടെ NAAC അംഗീകാരത്തിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഗുണനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ IQAC കോളേജ് തലത്തിൽ നടത്തിവരുന്നുണ്ട്.

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്ക് കോളേജുകളിലും സംസ്ഥാനതല ക്വാളിറ്റി അഷ്വറൻസ് സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിലെ അക്കാദമിക-ഭരണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനാണ് സംസ്ഥാന ക്വാളിറ്റി ആഷ്വറൻസ് സെൽ.

NUALS, CUSAT എന്നീ സർവ്വകലാശാലകളിലും IQAC രൂപീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ അക്കാദമികമായ മികവ് വികസിപ്പിച്ചെടുക്കുക വഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages For Academic Innovation and Research) പദ്ധതി നടത്തുന്നുണ്ട്. സർക്കാർ കോളേജുകളിലെ അദ്ധ്യാപകരുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി International seminars, workshops, refresher കോഴ്സുകൾ തുടങ്ങിയവ നടത്തുന്നതിനായി Academic Development in Govt. Colleges എന്ന പദ്ധതി ആവിഷ്ക്കരിച്ച് സർക്കാർ കോളേജുകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. കൂടാതെ IMG മുഖാന്തിരവും വകുപ്പ് മുഖാന്തിരവും അക്കാദമിക്

സ്റ്റാഫ് കോളേജ് വഴിയും അദ്ധ്യാപകർക്ക് പരിശീലനം നടത്തുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജിലെ അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനും തുടർ വിദ്യാഭ്യാസവും പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിനും 2019-20 ബഡ്ജറ്റിൽ "പഠന-ബോധന പ്രവർത്തനങ്ങളുടെ നിലവാരം ഉയർത്തലും നൈപുണ്യ വിടവ് പരിഹരിക്കലും" എന്ന പദ്ധതിയ്ക്കായി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും ഫാക്കൽറ്റി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, അക്കാദമിക് സ്റ്റാഫ് കോളേജ് ആൻഡ് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, സംസ്ഥാന ക്വാളിറ്റി അഷ്വറൻസ് സെൽ, ഫാക്കൽറ്റിയുടെയും സ്റ്റാഫിന്റെയും പരിശീലനകേന്ദ്രങ്ങളുടെ വികസനം എന്നിവയ്ക്കായി തുക അനുവദിച്ചിട്ടുണ്ട്.

(സി) സ്ഥിരം അദ്ധ്യാപകരുടെ അഭാവത്തിൽ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാതിരിക്കാനാണ് ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്. ഒഴിവുള്ള സ്ഥിരം തസ്തികയിൽ പി. എസ്. സി. നിയമന ശിപാർശ ചെയ്യുന്നതിനുസരിച്ച് സ്ഥിര അദ്ധ്യാപകരെ നിയമിച്ചു വരുന്നു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ എൺപത് ശതമാനത്തിലധികവും AICTE നിഷ്കർഷിച്ച അദ്ധ്യാപക വദ്യാർത്ഥി അനുപാതം അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിലുള്ള അദ്ധ്യാപക ഒഴിവുകളെല്ലാം തന്നെ പി. എസ്. സി. വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തികകളിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലും നിയമനം നടത്തുന്നതിനുള്ള നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പഠന, ബോധന, ഗവേഷണ രംഗങ്ങളിൽ അക്കാദമിക മികവ് ഉറപ്പ് വരുത്തുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്:

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE_Online Recourse Initiatives of Collegiate Education) മുഖേന Beyond Syllabi മലയാള സാഹിത്യ യാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ, Scholar Support Programme, Walk with Scholar, ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിന സ്കോളർഷിപ്പുകൾ, സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള

സ്കോളർഷിപ്പുകൾ, 2019-20 സാമ്പത്തിക വർഷം "Jeevani College Mental Awareness Programme" ഉന്നത വിദ്യാഭ്യാസ പീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി, അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതിയും നടത്തിവരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവേഷണത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് & ഡെവലപ്മെന്റ് (CERD). പഠന ബോധന പ്രവർത്തനങ്ങളുടെ നിലവാരം ഉയർത്തലും നൈപുണ്യ വിടവ് പരിഹരിക്കലും എന്ന പദ്ധതിക്ക് പുറമെ ഗവേഷണ സംരംഭങ്ങൾ എന്ന പേരിലുള്ള പദ്ധതിയിൽ 5 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ഇ) കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുക വഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages for Academic Innovation And Research) പദ്ധതി നടത്തിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി 2018-19 കാലയളവിൽ അദ്ധ്യാപകരുടെ അദ്ധ്യാപന ഗവേഷണ ശേഷി വർദ്ധിപ്പിക്കാനും, പ്രോത്സാഹിപ്പിക്കാനുമായി, IIT-M ചെന്നൈ, EFLU ഹൈദരാബാദ്, iSEC ബാംഗ്ലൂർ എന്നിവിടങ്ങളിലായി 10 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരുന്നു. ആയതിന്റെ മുന്നോടിയായി ഒരു ദിവസത്തെ orientation programme ഒക്ടോബറിൽ നടത്തുകയും, ഈ പരിപാടിയിൽ വച്ച് അദ്ധ്യാപകരുടെ അദ്ധ്യാപന ഗവേഷണ ആവശ്യങ്ങളുടെ need analysis നടത്തുകയും അത് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കസ്റ്റമയിസ്ഡ് കോഴ്സുകളാണ് അദ്ധ്യാപകർക്കായി നടത്തിയത്. ഈ കോഴ്സുകളുടെ പ്രയോജനം വിശകലനം ചെയ്യുവാനായി, need analysis-ൽ അദ്ധ്യാപകർ ആവശ്യപ്പെട്ട കാര്യങ്ങൾ നൽകുവാൻ ഗവ.വിമൻസ് കോളേജിൽ പ്രവർത്തിക്കുന്ന Psychology Research Centre-ന്റെ സഹായത്തോടെ പഠനം നടത്തിയിട്ടുണ്ട്.

## കാർഷികവൃത്തിയെ ആകർഷകമാക്കാൻ നടപടി

5 (*425) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിതദിവസം തൊഴിൽ ഉറപ്പും വരുമാനവും സമൂഹത്തിൽ അന്തസ്സുമുള്ള ആകർഷക മേഖലയാക്കി കാർഷികവൃത്തിയെയും കർഷകത്തൊഴിലാളി മേഖലയെയും മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ആരോഗ്യസംരക്ഷണം, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) കർഷകക്ഷേമ ബോർഡിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) കർഷകത്തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും കർഷകത്തൊഴിലാളിക്ക് നിശ്ചിത വേതനം ഉറപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) നിശ്ചിത ദിവസം തൊഴിൽ ഉറപ്പും വരുമാനവും സാമൂഹത്തിൽ അന്തസ്സുമുള്ള ആകർഷക മേഖലയാക്കി കാർഷിക വൃത്തിയേയും കർഷക തൊഴിലാളി മേഖലയെയും മാറ്റുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

വിവിധ വിളകളുടെ വിസ്തൃതി വ്യാപന പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും ആനുകൂല്യം നൽകുകയും ചെയ്യുന്നു. വിള വിസ്തൃതി കൂട്ടുന്നത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നു. ഹൈടെക് കൃഷി രീതികൾക്ക് കൂടുതൽ പ്രചാരം നൽകുന്നതും കാർഷിക ഉൽപന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനവും പ്രോത്സാഹിപ്പിക്കുന്നതും വിപണി ഉറപ്പാക്കുന്നതും കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നതും കർഷകന്റെ വരുമാനം ഉറപ്പാക്കുന്നതിനും കൃഷി ആദായകരമാക്കുന്നതിനും സഹായിക്കുന്നു. വരുമാന ഭദ്രത ഉറപ്പു വരുത്തുന്നതുതന്നെ കർഷകന് സമൂഹത്തിൽ അന്തസ്സുവർദ്ധിപ്പിക്കുന്നതിനും കാർഷിക വൃത്തി ആകർഷകമാക്കുന്നതിനും സഹായിക്കുന്നു.

(ബി) കർഷക സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി രൂപീകരിക്കുന്ന കർഷക ക്ഷേമ ബോർഡ് ബില്ലിന്റെ കരട് രൂപപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം സർക്കാരിന്റെ തീരുമാനത്തിനനുസൃതമായി കർഷകരുടെ പെൺ മക്കൾക്ക് വിവാഹധനസഹായം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള പ്രത്യേക ആനുകൂല്യം, ആരോഗ്യ വകുപ്പുമായി ചേർന്നുകൊണ്ട് അർഹരായ കർഷകർക്ക് നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം, സർക്കാർ അനുമതിയോടുകൂടി അംഗങ്ങൾക്ക് യോജിച്ച ലൈഫ് ഇൻഷ്വറൻസ് പരിരക്ഷ, അപകടം മൂലം ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന കർഷകർക്ക് സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത കണക്കിലെടുത്ത് അവശതാ പെൻഷൻ, മരണമടയുന്ന അംഗത്തിന്റെ അവകാശിയ്ക്ക് മരണാനന്തര ആനുകൂല്യം എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗങ്ങളായവർക്ക് ചികിത്സാ സഹായം പ്രസവാനുകൂല്യം മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, പെൺ മക്കൾക്ക് വിവാഹ ധനസഹായം എന്നിവ ലഭിക്കുന്നുണ്ട്.

കൂടാതെ, കൃഷി വകുപ്പിന്റെ അഗ്രോസർവ്വീസ് സെന്റർ കാർഷിക കർമ്മ സേന അംഗങ്ങൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) കർഷകർക്ക് സാമൂഹിക മാന്യതയും സാമ്പത്തിക ഐശ്വര്യവും ഉറപ്പു വരുത്തുക, അവർക്ക് പെൻഷനും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുക, വരും തലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക, കർഷക സമൂഹത്തിന് ഐശ്വര്യ പൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി ഒരു കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2018-ലെ കേരള കർഷക ക്ഷേമ ബിൽ രൂപപ്പെടുത്തിയിട്ടുള്ളത്. 14-ാം കേരള നിയമസഭയുടെ 151-ാം നമ്പർ ബിൽ 1-6-2018-ലെ അസാധരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 2018 ഡിസംബർ മാസം 13-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ട ടി ബിൽ സംബന്ധിച്ച് സൂക്ഷ്മ പഠനം നടത്തുന്നതിനായി 15 അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയക്കാൻ സഭ തീരുമാനിക്കുകയും ചെയ്തു. കർഷക സംഘടനകളിൽനിന്നും വിവര ശേഖരണത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സിറ്റിംഗ് നടത്തുന്നതിന് കൃഷി വകുപ്പുമന്ത്രി അദ്ധ്യക്ഷനായ സമിതി തീരുമാനിക്കുകയും അതിന്റെ ആദ്യ പടിയായി തൃശ്ശൂർ, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ കേരള കർഷക ക്ഷേമനിധി ബില്ല് സെലക്ട് കമ്മിറ്റി അംഗങ്ങളുടെ സിറ്റിംഗ് നടത്തുകയും ബില്ലിലെ വ്യവസ്ഥകൾ കുറ്റമറ്റതും കർഷകരുടെ ക്ഷേമത്തിന് ഉതകുമാറ് എല്ലാ

മേഖലകളെയും ഉൾപ്പെടുത്തി കൂടുതൽ സമഗ്രവും പ്രായോഗികവും ആകുന്നതിലേയ്ക്ക് സമൂഹത്തിന്റെ എല്ലാ തട്ടുകളിലുമുള്ള വ്യക്തികളിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിച്ചു വരുകയും ചെയ്യുന്നു. ഈ ബില്ലിൽ വിട്ടുപോയതായി കരുതുന്ന വ്യവസ്ഥകളുണ്ടെങ്കിൽ അവയും പുതുതായി ഏതെങ്കിലും മേഖല ഉൾപ്പെടുത്തേണ്ടതായി കരുതുന്നുവെങ്കിൽ അവ സംബന്ധിച്ച നിർദ്ദേശങ്ങളും സമിതി ശേഖരിച്ചുവരുന്നു.

(ഡി) കർഷകത്തൊഴിലാളി ക്ഷാമത്തിനുള്ള പരിഹാരമായി കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കി വരുന്നു. കർഷകർക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖേന ധനസഹായം നൽകുന്നു. ബ്ലോക്കുതലത്തിൽ കാർഷിക സേവന കേന്ദ്രങ്ങളും പഞ്ചായത്തുതലത്തിൽ കാർഷിക കർമ്മസേനകളും രൂപീകരിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ യന്ത്രവത്ക്കരണം സാദ്ധ്യമാക്കുന്നതോടൊപ്പം കർഷകത്തൊഴിലാളിക്ഷാമത്തിന് പരിഹാരമാകുന്നു.

നെൽകൃഷി മേഖലയിൽ നിലം ഒരുക്കുന്നതു മുതൽ കൊയ്ത്ത് മെതിച്ച് നെല്ല് സംഭരിക്കുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങൾ കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് നടപ്പിലാക്കുന്നു.

പച്ചക്കറികൃഷി പദ്ധതി പ്രകാരം സ്പ്രേയറുകൾക്ക് ആനുകൂല്യവും കേരഗ്രാമം പദ്ധതി പ്രകാരം തെങ്ങുകയറ്റ യന്ത്രങ്ങൾക്ക് ധനസഹായവും നൽകുന്നു. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM മുഖേനയും യന്ത്രോപകരണങ്ങൾക്ക് ആനുകൂല്യം നൽകുന്നു.

ഇതോടൊപ്പം ബ്ലോക്കടിസ്ഥാനത്തിൽ ആഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക കർമ്മസേനകളും രൂപീകരിച്ച് കർഷക തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നു. ഇവയിലെ അംഗങ്ങൾക്ക് വിവിധ യന്ത്രോപകരണങ്ങളുടെ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയും ഇവരുടെ ധനസഹായത്തോടെ മിതമായ നിരക്കിൽ കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തിക്കൊടുക്കുകയും ചെയ്യുന്നു.

ജില്ലാതലത്തിൽ അഗ്രിക്കൾച്ചർ എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹിയറിംഗ് സെന്റർ മുഖേന കൃഷിയിടങ്ങളിൽ മിതമായ നിരക്കിൽ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

കാർഷിക കർമ്മസേനയിലെയും ആഗ്രോ സർവ്വീസ് സെന്ററിലേയും അംഗങ്ങൾക്ക് ഓരോ കാർഷിക പ്രവൃത്തിയ്ക്കും പ്രാദേശിക നിരക്കിൽ വേതനം നിർണ്ണയിക്കുന്നു. ബ്ലോക്കുതലത്തിലും ഗ്രാമപഞ്ചായത്തുതലത്തിലുമുള്ള അഡ്വൈസറി കമ്മിറ്റികളാണ് ഇത് നിശ്ചയിക്കുന്നത്.

## ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

6 (*426) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് ബോഡി യോഗം പി.ജി. വിദ്യാഭ്യാസത്തിന്റെ പുനഃസംഘടന സംബന്ധിച്ച് പഠിക്കുവാനായി കമ്മിറ്റിയെ നിയോഗിച്ചിരുന്നോ;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ലക്ഷ്യമാക്കി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ;

(ഡി) അദ്ധ്യാപന രംഗത്തെ നിലവാരമില്ലായ്മയും അമിതമായ രാഷ്ട്രീയവൽക്കരണവും മൂലം ഉന്നതവിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ കൗൺസിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നതെന്ന് അറിയിക്കുമോ ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ&ബി) ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ സമഗ്ര പുനഃസംഘടനാ വിഷയം പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ.ഇ. ഡി. ജെമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ദ്ധ സമിതി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ ഗുണമേന്മ ലക്ഷ്യമാക്കി ചുവടെ ചേർക്കുന്ന പദ്ധതികൾ കൗൺസിൽ നടപ്പിലാക്കിവരുന്നു:

- ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി.
- എറുഡൈറ്റ് പദ്ധതി.
- ക്ലസ്റ്റർ കോളേജ് പദ്ധതി കൗൺസിൽ ജേണൽ (SAAC - State Assessment & Accreditation Centre)

- ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC)
- ഔട്ട് കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകളും
- ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ
- സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC)
- പ്രബുദ്ധത
- ചാൻസലേഴ്സ് അവാർഡ്
- കൈരളി ഗവേഷണ പുരസ്കാരങ്ങൾ
- ബ്രെയിൻ ഗെയിൻ സമീപനം.

(ഡി) അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും നിലവാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ മുഖേന അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച് വരുന്നുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

7 (*427) <u>ശ്രീ. റ്റി. വി. രാജേഷ് :</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :</u>
<u>ശ്രീ. ജോർജ് എം. തോമസ് :</u>
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ നയരൂപീകരണത്തിനുപകരിക്കുന്ന കൃത്യതയാർന്ന വിവരശേഖരണത്തിനായുള്ള ഉന്നതവിദ്യാഭ്യാസ സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(ബി) ഉന്നത വിദ്യാഭ്യാസമേഖലയിൽ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(സി) ഉന്നതവിദ്യാഭ്യാസ രംഗത്ത് പൊതു സൗകര്യങ്ങൾ ലഭ്യമാക്കാൻ കൗൺസിലിന് കഴിഞ്ഞിട്ടുണ്ടോ;

(ഡി) സമീപസ്ഥമായ കോളേജുകൾ തമ്മിൽ ഭൗതിക, അക്കാദമിക വിഭവങ്ങളുടെ പങ്കുവയ്ക്കലിലൂടെ മികവ് വർദ്ധിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള കോളേജ് ക്ലസ്റ്റർ സംവിധാനം പ്രായോഗികമായിട്ടുണ്ടോ;

(ഇ) ഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിയും ആർജ്ജിച്ചിരിക്കേണ്ട കഴിവുകൾ നിർണ്ണയിച്ചിട്ടുണ്ടോ; അവരെ അതിന് പ്രാപ്തരാക്കുന്ന വിധത്തിൽ വിജ്ഞാനോത്സുകത വളർത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനായി സമഗ്ര സ്വഭാവമുള്ള ഉന്നത വിദ്യാഭ്യാസ സർവ്വെ (ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ) കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ സമ്പ്രദായത്തിലാണ് വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇതിനായുള്ള വെബ്പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിനകം 500 ഓളം സ്ഥാപനങ്ങൾ മേൽ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വിവരങ്ങൾ നൽകിയിട്ടുണ്ട്.

(ബി&സി) ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഏജൻസിയാണ് കേരള ഉന്നതവിദ്യാഭ്യാസ കൗൺസിൽ.

ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ ഗുണമേന്മ ലക്ഷ്യമാക്കി ചുവടെ ചേർക്കുന്ന പദ്ധതികൾ കൗൺസിൽ നടപ്പിലാക്കിവരുന്നു:

ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി.

- എറുഡൈറ്റ് പദ്ധതി.
- ക്ലസ്റ്റർ കോളേജ് പദ്ധതി
- കൗൺസിൽ ജേണൽ
- സാക്ക് (SAAC - State Assessment & Accreditation Centre)
- ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC)
- ഔട്ട് കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകളും
- ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ
- സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC)
- പ്രബുദ്ധത
- ചാൻസലേഴ്സ് അവാർഡ്
- കൈരളി ഗവേഷണ പുരസ്കാരങ്ങൾ
- ബ്രെയിൻ ഗെയിൻ സമീപനം.

മേൽ വിവരിച്ച പ്രവർത്തനങ്ങളിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ കൗൺസിലിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ കോളേജ് ക്ലസ്റ്റർ വീതം 2009 - 2010-ൽ ആരംഭിച്ചിരുന്നു. നിലവിലുള്ള ക്ലസ്റ്ററുകൾക്ക് പുറമേ പാലക്കാടും കണ്ണൂരും കാസർഗോഡും കേന്ദ്രീകരിച്ച് ഓരോ പുതിയ ക്ലസ്റ്റർ കൂടി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന പുരോഗമിച്ചു വരുന്നു.

(ഇ) ഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിയും ആർജിച്ചിരിക്കേണ്ട കഴിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കണമെന്ന് മുൻകൂട്ടി നിർണ്ണയിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന ഔട്ട് കം ബെയ്സ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകൾക്കും പ്രാമുഖ്യം നൽകുന്ന പരിഷ്കരണങ്ങളാണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഇതിനായി കരിക്കുലത്തിലും, സിലബസ്സിലും പരിക്ഷാനടത്തിപ്പിലും മൂല്യ നിർണ്ണയത്തിലുമൊക്കെ കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഇതിനായി സർവ്വകലാശാലകളിലെയും സ്വയംഭരണ കോളേജുകളിലെയും ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിലെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തികൊണ്ട് പരിശീലനം നൽകിവരികയാണ്.

## കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതകൾ

8 (*428) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ആഗോള ഓൺലൈൻ വ്യാപാര ശൃംഖലയായ ആമസോണുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സിവിൽ സപ്ലൈസ്, കൺസ്യൂമർഫെഡ് സ്ഥാപനങ്ങളിലൂടെയും സഹകരണ മേഖലയിലൂടെയും വിപണന സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. ആമസോണിന്റെ വനിത സംരംഭക പ്രചോദന പദ്ധതിയായ ആമസോൺ സഹേലിയുടെ ഭാഗമായി 27-2-2019-ൽ കുടുംബശ്രീയും ആമസോണും തമ്മിൽ കരാർ ഒപ്പിടുകയും തുടർന്ന് കുടുംബശ്രീയുടെ 67 ഉൽപ്പന്നങ്ങൾ ആമസോൺ പോർട്ടലിൽ ലിസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഉണ്ട്. സപ്ലൈകോയുടെ തിരഞ്ഞെടുത്ത ഔട്ട് ലെറ്റുകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി റാക്കുകൾ/ഷെൽഫുകൾ സ്ഥാപിക്കുന്നതിന് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സപ്ലൈകോ, കൺസ്യൂമർഫെഡ് സ്ഥാപനങ്ങളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഉൽപ്പന്ന ശൃംഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ ഉൽപ്പന്ന ശ്രേണിയിൽ ഇടുക്കി ജില്ലയിലെ ഉൽപ്പന്നങ്ങളും കൺസ്യൂമർഫെഡ് ഉൽപ്പന്ന ശ്രേണിയിൽ കോട്ടയം ജില്ലയിലെ ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തി വിപണനം സാധ്യമാക്കിയിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ജില്ലയിലെ പാളയം, പഴവങ്ങാടി ഔട്ട് ലെറ്റുകളിൽ കുടുംബശ്രീ ഉൽപ്പന്നവിപണനത്തിനായി റാക്കുകൾ സ്ഥാപിച്ച് പ്രവർത്തനം നടക്കുന്നുണ്ട്. കുടുംബശ്രീ ഉൽപന്നങ്ങൾ കൂടുതൽ ഔട്ട് ലെറ്റുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കൃഷി വകുപ്പിന് കീഴിലുള്ള ആഗ്രോ സൂപ്പർ ബസാറിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനത്തിനായി റാക്കുകകൾ സജ്ജീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ വിപണന സാധ്യതകളും പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

## പച്ചക്കറികളിലെ വിഷാംശ പരിശോധന

9 (*429) ശ്രീ. എം. ഉമ്മർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഗ്യാപ്പ് പദ്ധതി (ഗുഡ് അഗ്രിക്കൾച്ചർ പ്രാക്ടീസ്)യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി പരിശോധിക്കുന്നതിന് അക്രഡിറ്റേഷനുള്ള ലബോറട്ടറികളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി പരിശോധിക്കുന്നതിനായി എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) ഉണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ജൈവകൃഷിയും, ഉത്തമ കൃഷി മുറകളും പദ്ധതി (ഗ്യാപ്പ് പദ്ധതി) ജൈവകൃഷിയിലേക്കുള്ള ആദ്യ പടിയായി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ പുരോഗതികൾ ചുവടെ ചേർക്കുന്നു:

- ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് പഴം പച്ചക്കറി കൃഷി 50000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.
- നെൽ കൃഷിയിൽ ഉത്തമ കൃഷി മുറകൾ പാലിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ കുട്ടനാട് മേഖലയിൽ 27,750 ഹെക്ടർ പാടശേഖരത്ത് ജൈവ നെൽ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.
- ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി 454 ഇക്കോഷോപ്പുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.
- മുൻവർഷം സ്ഥാപിച്ച ഇക്കോഷോപ്പുകളുടെ സുഗമമായ നടത്തിപ്പിനായി റിവോൾവിംഗ് ഫണ്ട് നൽകി അവയുടെ പ്രവർത്തനം സുഗമമാക്കി.
- ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങൾ വഴി നേരിട്ട് വിപണനം നടത്തുന്നതിന് 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.
- ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ ഗുണനിലവാരം ഉറപ്പാക്കി കേരള ഓർഗാനിക് എന്ന ബ്രാൻഡിൽ ഇക്കോഷോപ്പുകൾ, നേരിട്ടുള്ള വിപണികൾ എന്നിവ മുഖേന വിപണനം നടത്തിവരുന്നു.
- കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി. എഫ്. പി. സി. കെ. മുഖാന്തിരം പി. ജി. എസ്. സർട്ടിഫിക്കേഷൻ 3000 ഹെക്ടർ സ്ഥലത്ത് നൽകിയിട്ടുണ്ട്.
- ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

- ജൈവകൃഷി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നുണ്ട്.
- സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജ്, ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നിവിടങ്ങളിൽ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബ് ആരംഭിച്ചിട്ടുണ്ട്.
- കർഷകരുടെ കൃഷിയിടങ്ങൾ ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാറിന്റെ ഔദ്യോഗിക വെബ് പോർട്ടൽ ആയ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിച്ചു വരുന്നു.
- ഈ പ്രവർത്തനങ്ങൾ വഴി അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.
- കീടനാശിനി അവശിഷ്ട പരിശോധന ലാബുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്.
- കീടനാശിനി അവശിഷ്ട പരിശോധന സംബന്ധിച്ച് ഇതുവരെ 45 പരിശോധനാ ഫലങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) നിലവിൽ പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി പരിശോധിക്കുന്നതിന് കൃഷി വകുപ്പ് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി മുഖേന സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ് പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ

പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ ആയ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നു.

കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന PKVY ക്ലസ്റ്ററുകളിലെ ഉല്പന്നങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതു കൂടാതെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്:

- സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജൈവ ക്ലസ്റ്ററുകളെയും ജൈവ കർഷകരെയും FSSAI യുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- പഴം, പച്ചക്കറികളുടെ ഉൽപാദനത്തിൽ, ഉല്പാദനം മുതൽ വിപണി വരെയുള്ള എല്ലാ പ്രവർത്തനങ്ങളും സൂക്ഷമായി നിരീക്ഷിച്ച് വരുന്നു.
- മാരകമായ കീടനാശിനികൾ ഒഴിവാക്കി ജൈവ കീടനാശിനികളുടെ ഉപയോഗം, പ്രയോഗ രീതികൾ, പാലിക്കേണ്ട മുൻ കരുതലുകൾ എന്നിവയ്ക്കായി കർഷകർക്കായുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.
- കീടനാശിനി അവശിഷ്ട പരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.
- അവശിഷ്ട കീടനാശിനി പരിശോധന നടത്തിവരുന്നു.
- കൂട്ടായ IEC പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങൾക്കും ഭക്ഷ്യ സംരംഭകർക്കും കർഷകർക്കും അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**അന്തർസംസ്ഥാന ബസ് സർവ്വീസുകളെക്കുറിച്ചുള്ള പരാതികൾ**

10 (*430) ശ്രീ. കെ. രാജൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന ബസ് സർവ്വീസ് നടത്തിവരുന്ന ഏജൻസികൾ ഉപഭോക്താക്കൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽപ്പോലും അത്തരം പ്രാഥമിക സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എൽ.എ.പി.ടി. അംഗീകാരമുള്ള എത്ര പേരാണ് സംസ്ഥാനത്ത് ഇത്തരത്തിൽ സർവ്വീസുകൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ;

(ഡി) ഇത്തരം വാഹനങ്ങളിൽ യാത്രക്കാരുടെ ലഗേജുകളല്ലാതെ മറ്റ് ചരക്കുകൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വരുന്നതിന് അനുമതിയുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ബസ്സുകൾ ഈടാക്കി വരുന്ന യാത്രാനിരക്ക് സർക്കാരിന് തീരുമാനിക്കുന്നതിന് സാധ്യമാണോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) 1989 ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 193 പ്രകാരം എൽ. എ. പി. റ്റി. ലൈസൻസ് അനുവദിക്കുമ്പോഴും നിലവിലുള്ള ലൈസൻസുകൾ പുതുക്കി നൽകുമ്പോഴും പാലിക്കേണ്ട നിബന്ധനകൾ നിഷ്കർഷിച്ചുകൊണ്ട് 26-4-2019-ലെ 74/ബി1/19/ഗതാ. പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ സ്വീകരിയ്ക്കാവുന്ന നടപടികൾ സംബന്ധിച്ച് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) LAPT ലൈസൻസോടുകൂടി 5 സർവ്വീസുകളാണുള്ളത്.

(സി) ഈ വിഷയം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇല്ല. മോട്ടോർ വാഹന വകുപ്പിന്റെ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ബസ്സുകളിൽ അനധികൃതമായി ചരക്കുകൾ കടത്തുന്നത് കണ്ടെത്തുകയും ഏകദേശം 262 കേസ്സുകൾക്ക് 8,49,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കരാർ വാഹനങ്ങളുടെ ചാർജ്ജ് നിശ്ചയിക്കുന്നതിനായി ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചു വരുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജലസംരക്ഷണ പദ്ധതി

11 (*431) ശ്രീ. ബി. സത്യൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ സംസ്കരണം പോലെ സംസ്ഥാനം അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നമായ ജലമലിനീകരണം തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണ പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ;

(സി) ഗ്രാമപ്രദേശങ്ങളിലെ മുഖ്യ കുടിവെള്ള സ്രോതസ്സെന്ന നിലയിൽ കിണറുകൾ പുതുതായി കുഴിക്കുന്നതിനും നിലവിലുള്ളവയിലെ ജലനിരപ്പുയർത്തുന്നതിനും കുളങ്ങളും തോടുകളും അരുവികളും ജലസമൃദ്ധമാക്കുന്നതിനും കൈക്കൊണ്ടുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഖരമാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് നിക്ഷേപിക്കുന്നതു തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗാർഹിക, കമ്മ്യൂണിറ്റി സ്ഥാപനതലങ്ങളിൽ വിവിധ മാതൃകകളിലുള്ള സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചുവരുന്നു.

- വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാങ്കേതിക അനുമതി ലഭ്യമാക്കി നടപടി സ്വീകരിച്ചുവരുന്നു.

- ദ്രവ മാലിന്യങ്ങളും കക്കൂസ് മാലിന്യങ്ങളും ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്രീകൃത സ്വീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

- പുഴകളുടെയും ജലാശയങ്ങളുടെയും മലിനീകരണം തടയുന്നതിന്റെ ഭാഗമായി പുഴകളിലേക്ക് അനധികൃതമായി സ്വീവേജ് മാലിന്യങ്ങൾ ഒഴുക്കി വിടുന്നവർക്കെതിരെ, കേരള പഞ്ചായത്തീരാജ് ആക്ട് കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ ആക്ട് എന്നിവ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴയീടുക്കുകയും ശിക്ഷാ നടപടികൾ സ്വീകരിക്കുകയും മാലിന്യം ഒഴുക്കി വിടുന്ന കുഴലുകൾ അടയ്ക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു.

- പെരിയാർ, കടമ്പ്രയാർ, ചിത്രപ്പുഴ, തിരൂർ പുഴ, കടലുണ്ടിപുഴ, ഭാരതപ്പുഴ, കരുവന്നൂർ പുഴ, പുലിയന്നൂർ-കേച്ചേരി പുഴ, പുഴയ്ക്കൽ പുഴ, കല്ലായി പുഴ, കുപ്പം പുഴ എന്നിവയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് അതത് പുഴകളുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ജലസ്രോതസ്സുകൾ ശുചിയാക്കി പുനരുജ്ജീവിപ്പിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ ഹരിതകേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണ (ജലസമൃദ്ധി) ഉപമിഷൻ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.

- പുഴകളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനായി പുഴകളുടെ വൃഷ്ടി പ്രദേശത്ത് നടത്തേണ്ട ജലസംരക്ഷണ പ്രവർത്തനങ്ങളും തോടുകളുടേയും കുളങ്ങളുടേയും സംരക്ഷണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കി അംഗീകരിക്കുകയും അതനുസരിച്ചുള്ള നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) ഹരിത കേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | പ്രവൃത്തി | നീളം/എണ്ണം |
|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴകൾ | 202 കി. മീ |
| 2 | പുനരജ്ജീവിപ്പിച്ച നീർച്ചാലുകൾ/തോടുകൾ | 18138 കി. മീ |
| 3 | റീച്ചാർജ്ജ് ചെയ്ത കിണറുകൾ | 48936 എണ്ണം |
| 4 | നിർമ്മിച്ച കിണറുകൾ | 15000 എണ്ണം |
| 5 | നവീകരിച്ച കിണറുകൾ | 4625 എണ്ണം |
| 6 | നവീകരിച്ച കുളങ്ങൾ | 15381 എണ്ണം |
| 7 | നിർമ്മിച്ച കുളങ്ങൾ | 13738 എണ്ണം |

- 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നീർത്തട നടത്തം പൂർത്തിയാക്കി.
- 843 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീർത്തടപ്ലാൻ തയ്യാറാക്കി.
- 1,47,239 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവ്വഹിച്ചു.
- കുട്ടമ്പേരൂർ പുഴ, കിള്ളിയാർ, കോലറയാർ, വടക്കേ പുഴ, ചാലംകോട് തോട്, മുട്ടം പറപ്പാ തോട്, കന്ത്രയാർ, പെരുംതോട്, പൂനൂർ പുഴ തുടങ്ങി മലിനമായി കിടന്ന ജലസ്രോതസുകൾ ശുദ്ധീകരിച്ചു; നീരൊഴുക്ക് സാധ്യമാക്കി.
- മീനച്ചിലാർ - മീന്തറയാർ - കൊടുരാഥ പുനഃസംയോജനം സാധ്യമാക്കി. 800 ഹെക്ടർ കൃഷി പുനരാരംഭിച്ചു.
- കൊല്ലം ജില്ലയിലെ കൊട്ടാരക്കര പാണ്ടിവയൽ തോട് പുനരുജ്ജീവിപ്പിച്ച് പ്രദേശത്തെ നെൽകൃഷി പുനരാരംഭിച്ചു.
- കാട്ടാക്കട മണ്ഡലത്തിൽ ജലസുരക്ഷയ്ക്ക് വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി പദ്ധതി നടപ്പാക്കി.
- വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി. ആദി പമ്പ വരട്ടാർ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ട മാസ്റ്റർപ്ലാൻ തയ്യാറായി.
- പുനരുജ്ജീവിപ്പിച്ച മറ്റ് നദികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.

- കാനാമ്പുഴ മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചു. പെരും തോടിൽ പ്രത്യേക പദ്ധതിക്ക് അനുമതി നേടി.
- പുതിയ കുളങ്ങളുടെ നിർമ്മാണത്തിലൂടെയും നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണത്തിലൂടെയും 80,66,058 ഘന മീറ്റർ ജലസംഭരണ ശേഷി സാധ്യമാക്കി.
- ജലസംരക്ഷണ-സംഭരണ-പരിപാലനം ലക്ഷ്യമിട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ ജലപാർലമെന്റുകൾ സംഘടിപ്പിച്ചു.
- നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നീർത്തട നടത്തം സംഘടിപ്പിച്ചു. തയ്യാറാക്കപ്പെട്ട മാസ്റ്റർപ്ലാനുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണമാരംഭിച്ചു.
- ജലമിതവ്യയ ബോധവത്കരണം ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം ജലമാണ് ജീവൻ എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം

12 (*432) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനും പ്രാദേശിക ഭരണ സംവിധാനങ്ങൾ ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ജില്ലയിലും ജനസംഖ്യാനുപാതികമായി പഞ്ചായത്തുകളും നഗരസഭകളും വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും, പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. ഈ സമിതി സമർപ്പിച്ച ശിപാർശകൾ 13-2-2019 തീയതിയിലെ സ.ഉ. (കൈ.) നമ്പർ 23/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർ നിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ നഗരസഭകളോ നഗരസഭകളെ കോർപ്പറേഷനുകളോ ആക്കി മാറ്റേണ്ട സാഹചര്യം നിലവിലില്ല എന്ന് സമിതി ശിപാർശചെയ്തിട്ടുണ്ട്.

## പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന

13 (*433) ശ്രീ. എസ്. ശർമ്മ:
ശ്രീ. പി. കെ. ശശി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഭൂമിയിലെ നീർത്തടങ്ങളുടെ പരിപാലനത്തിനായി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-നീർത്തട ഘടകം എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നീർത്തട ഘടകത്തിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പി.എം.കെ.എസ്.വൈ. യുടെ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട ജോലികളുടെ ഒരു ഭാഗം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്.

(ബി) പി. എം. കെ. എസ്. വൈ. പദ്ധതിയുടെ നീർത്തട ഘടകത്തിൽ ഓരോ നീർത്തട പ്രദേശത്തും ലഭ്യമാകുന്ന മഴവെള്ളം, മണ്ണ്, ജൈവസമ്പത്ത് എന്നീ പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ചും പരിപോഷിപ്പിച്ചും പ്രദേശത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുക, മഴവെള്ള സംഭരണ മാർഗ്ഗങ്ങളിലൂടെ ജലലഭ്യത വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

(സി) ബ്ലോക്ക് പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിരിക്കുന്നു.

(ഡി) ഉണ്ട്. മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ എല്ലാ പ്രവൃത്തികളും ഈ പദ്ധതിയിൽ സംയോജനം വഴി നടപ്പിലാക്കാവുന്നതാണ്. മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട് മൺകയ്യാല, കല്ലുകയ്യാല, മഴക്കുഴി നിർമ്മാണം, കുളം തോട് മുതലായവ വൃത്തിയാക്കി ആഴം വർദ്ധിപ്പിക്കൽ തുടങ്ങി വൈദഗ്ധ്യം ആവശ്യമില്ലാത്തതും മെറ്റീരിയൽ കോസ്റ്റ് അധികമല്ലാത്തതുമായ എല്ലാ പ്രവൃത്തികളും ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ MGNREGS-ൽ ഉൾപ്പെട്ട NRM പ്രവൃത്തികൾ സമന്വയത്തിലൂടെ (സാധന ഘടകം) പി. എം. കെ. എസ്. വൈ. - നീർത്തട ഘടകം പദ്ധതിയിലൂടെ നടപ്പാക്കുകയും ചെയ്യുന്നു.

## സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ നിലവാരമുയർത്താൻ നടപടി

14 (*434) ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മികവും സാമൂഹ്യനീതിയും തുല്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ അക്കാദമിക അടിസ്ഥാന സൗകര്യം കോളേജുകൾ ഒരുക്കുന്നുണ്ടെന്നും യോഗ്യതയുള്ള അദ്ധ്യാപകർ പ്രസ്തുത സ്ഥാപനത്തിലുണ്ടെന്നും ഏത് വിധത്തിലാണ് ഉറപ്പ് വരുത്തുന്നതെന്ന് അറിയിക്കുമോ;

(സി) ആകെ അനുവദിച്ച എഞ്ചിനീയറിംഗ് സീറ്റുകളിൽ നാല്പത് ശതമാനം ഒഴിഞ്ഞുകിടക്കുന്ന സാഹചര്യവും നിലവാരമില്ലാത്ത എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം വർഷംതോറും കൂടി വരുന്നതും ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ നിലവാരം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്ത ജസ്റ്റിസ് ദിനേശൻ കമ്മിറ്റിയുടെ ശിപാർശകൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ശിപാർശകളാണ് നടപ്പിലാക്കുവാനുള്ളതെന്ന് അറിയിക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മികവും സാമൂഹ്യ നീതിയും, തുല്യതയും ഉറപ്പ് വരുത്തുന്നതിനായി കുറഞ്ഞ ഫീസിൽ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള അവസരം ഒരുക്കുക, അക്കാദമിക അടിസ്ഥാന സൗകര്യം ഉറപ്പാക്കുക യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുക, പുതിയ കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകുക, അക്രഡിറ്റേഷൻ നേടുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പക്കൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കരുത്, വാല്യൂ ആഡഡ് കോഴ്സുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും അധികഫീസ് ഈടാക്കരുത്, എ. ഐ. സി.റ്റി. ഇ-യുടെ Tuition Fee Waiver Scheme-ൽ 5% വിദ്യാർത്ഥികളെ നിർബന്ധമായും പ്രവേശിപ്പിച്ച് അവർക്ക് ഫീസിളവ് അനുവദിച്ച് കൊടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എല്ലാ അഫിലിയേറ്റഡ് സ്ഥാപനങ്ങളിലും ആന്റി റാഗിംഗ് സെൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്താറുണ്ട്.

(ബി) ഓരോ വർഷവും എ. ഐ. സി. റ്റി. ഇ. പുറത്തിറക്കുന്ന Approval Process Handbook-ലെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നത്. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുമ്പായി കോളേജുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി കർശന പരിശോധനനടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുവണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിനായി വർഷത്തിൽ രണ്ടുതവണ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നു. രാജ്യത്തെ ഒന്നാംനിര സങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ

വിദഗ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മിറ്റികൾ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നു കൂടാതെ സ്ഥാപനങ്ങൾ നടത്തുന്നതിന് എ. ഐ. സി. റ്റി. ഇ.-യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് അദ്ധ്യാപകരായി എം. ടെക്. യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നും - അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:20 ആക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിയമിക്കുന്ന അദ്ധ്യാപകരിൽ 20% മാത്രമേ കരാർ അല്ലെങ്കിൽ താൽക്കാലിക നിയമനം പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കരിക്കുലം പരിഷ്കരണം ഉൾപ്പെടെയുള്ള അക്കാദമിക് നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾ കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നടത്തി വരുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation-ന് വിധേയമാക്കണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ക്യാമ്പസ് അന്തരീക്ഷം ഉറപ്പുവരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. സാങ്കേതിക നൈപുണ്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ അസാപ്പിന്റെ സഹായത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകി പാഠ്യ പ്രക്രിയയുടെ നിലവാരം ഉയർത്തുന്നതിനും, വിദ്യാർത്ഥികളുടെ സ്വയം സംരംഭകത്വ പ്രവർത്തനങ്ങൾക്ക് വേണ്ട സൗകര്യം നൽകാനും നടപടികൾ സ്വീകരിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച ഉണ്ടാക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി, എ. ഐ. സി. ടി.-യുടെ മാതൃക കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി. ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠന ഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രയോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധപതിപ്പിക്കുന്നുണ്ട്. 2019 ജൂൺ മുതൽ ബി.ടെക്. പാസ്സാകാൻ ആവശ്യമായ ക്രെഡിറ്റ് 182-ൽ നിന്ന് 162 ആയി കുറയ്ക്കാൻ തീരുമാനിച്ചു. ഓരോ പേപ്പറിനും ജയിക്കാൻ വേണ്ട മാർക്ക് 45 -ൽ നിന്നും 40 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സെമസ്റ്ററിൽ 6 മൊഡ്യൂൾ എന്നത് 5 ആക്കാനും 7, 8 സെമസ്റ്ററിൽ ഇന്റേൺഷിപ്പിന് കൂടുതൽ സൗകര്യമൊരുക്കാൻ ക്രെഡിറ്റുകളുടെ എണ്ണം 15 ആക്കുന്നതിനും ഇന്റേണൽ മാർക്കിന്റെ മിനിമം പരിധി ഒഴിവാക്കുന്നതിനും കലാകായിക മികവിന് ഗ്രേസ് മാർക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ജസ്റ്റിസ് ദിനേശൻ കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ ഉൾപ്പെടുത്തി സ്വാശ്രയ നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ**

15 (*435) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ.സുരേഷ് കുറുപ്പ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള കോളേജുകളിൽ പതിനഞ്ച് ശതമാനത്തിൽ താഴെ എണ്ണത്തിനു മാത്രമേ നാക് അക്രഡിറ്റേഷൻ നേടാൻ സാധ്യമായിട്ടുള്ളൂ എന്നത് പരിഗണിച്ച് നാക് അക്രഡിറ്റേഷൻ നേടാൻ പ്രാപ്തമാകും വിധം സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവിനും നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) കോളേജുകളെ പടിപടിയായി നാക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സാക് അക്രഡിറ്റേഷൻ ആരംഭിക്കാൻ തീരുമാനമായിട്ടുണ്ടോ; ഇതിനുള്ള മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) അഫിലിയേറ്റഡ് കോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നുണ്ടോ; അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കേരളത്തിലെ 13 സംസ്ഥാന സർവ്വകലാശാലകളിൽ 6 എണ്ണത്തിനും (കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കുസാറ്റ്, കണ്ണൂർ, സംസ്കൃത സർവ്വകലാശാലകൾക്ക്), 66 സർക്കാർ കോളേജുകളിൽ 33-നും, 192 എയ്ഡഡ് കോളേജുകളിൽ 168-നും നാക് അക്രഡിറ്റേഷനുണ്ട്. ഒമ്പത് സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ ആറിനും ആകെയുള്ള മൂന്ന് എയ്ഡഡ് എൻജിനീയറിംഗ് കോളേജുകൾക്കും 113-ൽ 15 സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ പ്രോഗ്രാമുകൾക്കും എൻ.ബി.എ. അക്രഡിറ്റേഷനുണ്ട്. സർക്കാർ

കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് RUSA, KIIFB എന്നീ ഏജൻസികൾ വഴി ഫണ്ട് അനുവദിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ സവിശേഷ അക്കാദമിക, സാമൂഹിക പശ്ചാത്തലം കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സർക്കാർ-എയ്ഡഡ്-സ്വയംഭരണ-സ്വാശ്രയ കോളേജുകളുടെയും പ്രവർത്തന മികവ് വിലയിരുത്താനും ഗ്രേഡ് ചെയ്യാനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ സ്റ്റേറ്റ് അസസ്സ്മെന്റ് & അക്രഡിറ്റേഷൻ സെന്റർ (SAAC) ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. സ്ഥാപനങ്ങളെ വിലയിരുത്തി ഗ്രേഡ് നൽകുന്നതിനോടൊപ്പം ദേശീയതല വിലയിരുത്തലിന് (NAAC അക്രഡിറ്റേഷൻ) സർവ്വകലാശാലകളെയും കോളേജുകളെയും സജ്ജമാക്കുന്നതിനുള്ള പ്രവർത്തനവും സാക്ക് നടത്തും. SAAC വിലയിരുത്തൽ നടത്തുമ്പോൾ വിശദമായ അക്കാദമിക് ഓഡിറ്റിനും സ്ഥാപനങ്ങൾ വിധേയമാകും.

(സി) ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നടന്നുവരുന്ന ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെയുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സമഗ്ര വിവര ശേഖരണം നടന്നുവരുന്നുണ്ട്. SAAC മുഖേന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വിശദമായ അക്കാദമിക് ഓഡിറ്റിനും സ്ഥാപനങ്ങൾ വിധേയമാകുവാൻ പദ്ധതിയുണ്ട്.

## ഓപ്പൺ സർവ്വകലാശാല

16 (*436) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്നതിന് വേണ്ടിയുള്ള സാധ്യതാപഠനത്തിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ ഡോ.ജെ.പ്രഭാഷിന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ബിരുദ ബിരുദാനന്തര കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളുമാണ് ഓപ്പൺ സർവ്വകലാശാലയിൽ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വകലാശാലയ്ക്ക് യു.ജി.സി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ നിയന്ത്രണത്തിൽ പ്രസ്തുത സർവ്വകലാശാല ആരംഭിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ - ഡി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി**

17 (*437) ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കാനുള്ള കാര്യക്ഷമമായ നടപടികളുടെ ഭാഗമായി ദേശീയ, സംസ്ഥാന പാതകളിലുള്ള അപകടസാധ്യത മേഖലകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ഗതാഗത ലംഘനം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടോ;

(ബി) പൊതുഗതാഗത സംവിധാനം ജി.പി.എസ്. അധിഷ്ഠിതമാക്കി അപകടങ്ങൾ കുറയ്ക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഗതാഗത നിയമം ലംഘിക്കുന്നവരെ പൊതുജനപങ്കാളിത്തത്തോടെ കണ്ടുപിടിക്കാനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കാനും തേർഡ് ഐ എൻഫോഴ്സ്മെന്റ് എന്ന പേരിൽ തയ്യാറാക്കിയ പ്രോജക്ടിന്റെ വിശദാംശം നൽകുമോ;

(ഡി) അപകടസാധ്യത അധികമുള്ള ഗ്യാസ് ടാങ്കറുകൾ, പെട്രോൾ ടാങ്കറുകൾ, ഭാരം കൂടിയ ചരക്ക് വാഹനങ്ങൾ തുടങ്ങിയവ അപകടത്തിൽപ്പെട്ടാൽ നടത്തേണ്ട അടിയന്തര ഇടപെടലുകൾ സംബന്ധിച്ച് ബന്ധപ്പെട്ട ജീവനക്കാർക്ക് പരിശീലനം നൽകാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) റോഡപകടങ്ങളിൽ കാൽനടയാത്രക്കാർ കൂടുതലായി ഉൾപ്പെടുന്നതിനാൽ ഇവരുടെ സുരക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ട്രാഫിക് നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി (അമിത വേഗത, Red Light Jumping എന്നിവ) ദേശീയ - സംസ്ഥാന പാതകളിൽ മോട്ടോർ വാഹന വകുപ്പ് 240 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ചേർത്തല-മണ്ണുത്തി റൂട്ടിൽ 60-ഉം മണ്ണുത്തി - മഞ്ചേശ്വരം റൂട്ടിൽ 98-ഉം കൊല്ലം, കോട്ടയം, കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിലായി 43-ഉം വാളയാർ-വടക്കഞ്ചേരി റൂട്ടിൽ 37-ഉം ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അപകട സാധ്യത കൂടിയ കവടിയാർ, വെള്ളയമ്പലം എന്നിവിടങ്ങളിൽ 2 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) വാഹനങ്ങളിൽ ലൊക്കേഷൻ ട്രാക്കിങ് ഡിവൈസ് സംവിധാനം നടപ്പാക്കുന്നതിനുള്ള സുരക്ഷാ മിത്ര പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സി-ഡാക്കുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്.

ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, വാഹന തകരാറുകൾ, ഗതാഗത തടസ്സങ്ങൾ അമിത വേഗത അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേകിച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെ ഉണ്ടായേക്കാവുന്ന അതിക്രമങ്ങൾ എന്നിവ തടയുന്നതിന് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic Button) ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഗതാഗത നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനായി തേർഡ് ഐ എൻഫോഴ്സ്മെന്റ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് പ്രത്യേക പദ്ധതികളൊന്നും നിലവിൽ തയ്യാറാക്കിയിട്ടില്ല. എന്നാൽ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ നിയമാനുസൃത നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) അപകട സാധ്യത അധികമുള്ള ഗ്യാസ് ടാങ്കറുകൾ, പെട്രോൾ ടാങ്കറുകൾ, ഭാരം കൂടിയ ചരക്ക് വാഹനങ്ങൾ തുടങ്ങിയവ അപകടത്തിൽപ്പെട്ടാൽ നടത്തേണ്ട അടിയന്തര ഇടപെടലുകൾ സംബന്ധിച്ച് IDTR മുഖാന്തിരം ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു. എണ്ണ കമ്പനികളുമായി ബന്ധപ്പെട്ടും

പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. കൂടാതെ അപകട സാധ്യതയുള്ള വാഹനങ്ങൾ അപകടത്തിൽ പെട്ടാൽ അടിയന്തര ഇടപെടലുകൾ നടത്തുന്ന ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും പോലീസ് വകുപ്പിന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഗഡുവായ 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ഇ) കോട്ടയം ശീമാട്ടി ജംഗ്ഷനിലെ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി "സ്കൈവാക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്" . 5,18,62,000 രൂപയുടെ ഈ പദ്ധതിയ്ക്കുവേണ്ടി ഇതേവരെ 1 കോടി 75 ലക്ഷം രൂപ KITCO യ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം കിഴക്കേക്കോട്ടയിലെ കാൽനടയാത്രക്കാരുടെ സുരക്ഷ മുൻനിർത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കലക്ടർ അദ്ധ്യക്ഷനായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനും കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് ഡയറക്ടർക്കും അയച്ചുകൊടുത്തിട്ടുണ്ട്.

## വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

18 (*438) ശ്രീ. കെ. ബാബു:
ശ്രീ. രാജു എബ്രഹാം:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും കൃഷിക്കും വിപണനത്തിനും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി നേരിടുന്ന മുഖ്യപ്രശ്നം വിപണിയിലെ അസ്ഥിരതയും ചൂഷണവുമാണെന്നത് കണക്കിലെടുത്ത് വി.എഫ്.പി.സി.കെ. വിപണന മേഖല വിപുലീകരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കർഷക കൂട്ടായ്മകളിൽ നിന്നുള്ള പച്ചക്കറി സംഭരണം കാര്യക്ഷമമാക്കിയിട്ടുണ്ടോ;

(സി) ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും വായ്പ സഹായവും ഇൻഷ്വറൻസ് സഹായവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം വി.എഫ്.പി.സി.കെ നടത്തുന്നുണ്ടോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പഴവർഗ്ഗങ്ങളുടേയും പച്ചക്കറികളുടേയും കൃഷിയ്ക്കും വിപണനത്തിനും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി. എഫ്. പി. സി. കെ.) നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി ഉൽപാദത്തിന് കർഷകരെ പ്രോത്സാഹിപ്പിക്കുക, അതിനാവശ്യമായ സങ്കേതിക ജ്ഞാനവും പരിശീലനവും പകർന്നു നൽകി കർഷകരെ ശാക്തീകരിക്കുക, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, ആവശ്യാനുസരണം കാർഷികോപാധികൾ കർഷകർക്കു ലഭ്യമാക്കുക, പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിപണികൾ ശക്തിപ്പെടുത്തി വരുമാന വർദ്ധനവ് സാധ്യമാക്കുക തുടങ്ങിയ സേവന മേഖലകളിലൂടെയാണ് വി. എഫ്. പി. സി. കെ.-യുടെ പ്രവർത്തനങ്ങൾ മുന്നേറുന്നത്.

1. പച്ചക്കറിവിത്തുകളുടേയും തൈകളുടേയും ഉൽപ്പാദനവും വിതരണവും:-

പച്ചക്കറി വിത്ത് ഉൽപാദനത്തിലും വിതരണത്തിനും സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസി എന്ന നിലയിലാണ് വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി. എഫ്. പി. സി.കെ.) പ്രവർത്തിച്ചു വരുന്നത്. ജനിതക ശുദ്ധിയും ഉൽപ്പാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വി. എഫ്. പി. സി.കെ.-യുടെ കീഴിൽ ഒരു സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 189 കർഷകർ ഉൾപ്പെടുന്ന വിത്തുൽപ്പാദക സംഘമാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. 2016-ൽ 51 മെട്രിക് ടൺ ആയിരുന്ന വിത്തുൽപാദനം 2019-ൽ 98.7 മെട്രിക് ടൺ ആയി ഉയർത്തുവാൻ സാധിച്ചു.

പച്ചക്കറി കൃഷിയ്ക്ക് നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി വി. എഫ്. പി. സി. കെ.-യുടെ കീഴിൽ മൂവാറ്റുപുഴ നടുക്കരയിൽ പ്രതിവർഷം 2 കോടി പച്ചക്കറി തൈ ഉൽപ്പാദനശേഷയുള്ള ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപ്പാദന കേന്ദ്രം പ്രവർത്തിക്കുന്നു. ഇവിടെ നിന്നും 78 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടേയും വിവിധങ്ങളായ പദ്ധതികൾക്ക് ഇവിടെ നിന്നും തൈകൾ ലഭ്യമാക്കുന്നുണ്ട്.

വി. എഫ് പി. സി. കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന വിത്ത് ഉൽപാദക കർഷകർക്ക് പ്രളയത്തിലുണ്ടായ നഷ്ടം പരിഹരിക്കുവാൻ (പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുവാനായി) 259.75 ലക്ഷം രൂപ വി. എഫ്. പി. സി. കെ.-യ്ക്ക് അനുവദിച്ചിട്ടുണ്ട്.

1. ജൈവകൃഷി പ്രോത്സാഹനം:-

സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ഓരോ ജില്ലകളിലും പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിച്ച് കൃഷി ചെയ്യുകയും ഈ കൃഷിയിടങ്ങളെ ജൈവ കൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) പദ്ധതി വി.എഫ്.പി.സി.കെ.-യ്ക്ക് കീഴിൽ നടപ്പിലാക്കിവരുന്നു. ബംഗ്ളൂരു ആസ്ഥാനമായുള്ള RCOF (Regional Centre for Organic Farming) കേരളത്തിലെ പഴം പച്ചക്കറി മേഖലയിലെ ജൈവകൃഷിയുടെ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള റീജിയണൽ കൗൺസിൽ (Regional Council) ആയി വി. എഫ്. പി. സി. കെ.- യെ അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം വി. എഫ്. പി. സി. കെ.-യുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവകൃഷിയിൽ തല്പരരായ കർഷകരുടെ 232 പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഏതാണ്ട് 1598 കർഷകർ ഉൾപ്പെടുന്ന ഈ സംഘങ്ങൾ വഴി എല്ലാ ജില്ലകളിലുമായി 887.5 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി, 33 കർഷകർക്ക് 'പി.ജി.എസ് ഗ്രീൻ' സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 20 ഹെക്ടർ വീതമുള്ള 98 ക്ലസ്റ്ററുകളിലായി പി.കെ.വി.വൈ. പദ്ധതി പ്രകാരം ജൈവ- പഴം-പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു.

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യാനുസരണം ഉൽപാദനോപാധികൾ ലഭ്യമാക്കുന്നതിന് വി. എഫ്. പി. സി. കെ. ഒരു ജൈവ വള ഉല്പാദന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ജൈവ വളം, ജീവാണു വളം, വളർച്ചാ ത്വരകങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യ സംരക്ഷണ ഉല്പാദനോപാധികളുടെ ഒരു നിര ഉല്പന്നങ്ങൾ ഈ യൂണിറ്റിൽ ലഭ്യമാണ്. കൗൺസിലിന്റെ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിലെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, KAICO അഗ്രി സൂപ്പർ ബസാറുകൾ, വി. എഫ്. പി. സി. കെ. സ്വാശ്രയ കർഷക സമിതികൾ എന്നിവ വഴി ജൈവഉൽപ്പന്നങ്ങൾ ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ ഓൺലൈൻ വിപണന രംഗത്തെ സാധ്യതകൾ മുതലെടുക്കുന്നതിനായി www.vfpckonline.com എന്ന ഓൺലൈൻ പോർട്ടലും ആരംഭിച്ചിട്ടുണ്ട്.

2. ജനിതക സംരക്ഷണത്തിന് നാടൻ/പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉൽപാദനവും വിതരണവും:-

ജനിതക സമ്പത്ത് നിലനിർത്തുന്നതിനും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി തിരഞ്ഞെടുത്ത പരമ്പരാഗത പച്ചക്കറി വിളകളുടെ വിത്ത് വ്യാപകമായി ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് വിത്ത് വിതരണം ചെയ്യുന്നതിനുമുള്ള ഒരു പ്രത്യേക പദ്ധതിയും വി. എഫ്. പി. സി. കെ. തുടക്കം കുറിച്ചിട്ടുണ്ട്. 2018 സാമ്പത്തിക വർഷം 28 ഓളം നാടൻ ഇനങ്ങളുടെ പ്രദർശനതോട്ടം ഒരുക്കുകയും അവയിൽ നിന്നും ആവശ്യകത ഏറെയുള്ള ഇനങ്ങൾ തിരഞ്ഞെടുത്ത് വിത്തുൽപാദനം നടത്തിവരികയും ചെയ്യുന്നു.

3. പച്ചക്കറി കൃഷി വികസന പദ്ധതി:-വി. എഫ്. പി. സി. കെ. മുഖേന പച്ചക്കറി കൃഷി വികസനം.

സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിവർഷം ശരാശരി 7 കോടി രൂപ ചെലവിൽ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതു വഴി 2016-17 ൽ 17467 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന പച്ചക്കറി കൃഷി 2018-19-ൽ 20788 ഹെക്ടർ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുവാനും 127584 മെട്രിക് ടൺ ആയിരുന്ന പച്ചക്കറി ഉൽപാദനം 171415 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാനും സാധിച്ചു. ഈ പദ്ധതി മുഖേന ഇടവിള കൃഷി പ്രോത്സാഹനം, കൃത്യതാ കൃഷി, ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ഈ സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം 70.11 കോടി രൂപ വായ്പാ സഹായമായും കൃത്യമായി വായ്പ പുതുക്കിയ കർഷകർക്ക്, 2% പലിശ സബ്സിഡി ഇനത്തിൽ 90 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമേ, പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതി പ്രീമിയം സബ്സിഡി ഇനത്തിൽ 132.34 കോടി രൂപ ചിലവഴിച്ചു. 2018-19-ൽ പദ്ധതി പ്രകാരം 4610 കർഷകർക്ക് 4.8 കോടി രൂപയുടെ നഷ്ടപരിഹാരം നൽകുകയുണ്ടായി. കർഷക ഇൻഷ്വറൻസ് പദ്ധതികളിൽ 13965 കർഷകർ ഗുണഭോക്താക്കളായിട്ടുണ്ട്.

4. വിള വികസന പദ്ധതി

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ 4250 ഹെക്ടറിൽ 8.5 കോടി രൂപയുടെ പദ്ധതിയാണ് ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനത്തിനായി വി. എഫ്. പി. സി. കെ. നടപ്പിലാക്കിയത്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ 6100 ഹെക്ടറിൽ വാഴ കൃഷി, 100 ഹെക്ടറിൽ പൈനാപ്പിൾ, 85 ഹെക്ടറിൽ മാവ് കൃഷി എന്നിവ വ്യാപിപ്പിക്കുന്നതിന് 1654.05 ലക്ഷം രൂപ ലഭ്യമാക്കിവരുന്നു.

5. പഴവർഗ്ഗ കൃഷി വികസന പദ്ധതി:- വാഴ കൃഷിയിലെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധപ്പിക്കുന്നതിനും കയറ്റുമതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി (ശരാശരി പ്രതിവർഷം 4 കോടി രൂപയുടെ) " വി. എഫ്. പി. സി. കെ. മുഖേനയുള്ള പഴ വർഗ്ഗങ്ങളുടെ വികസനം എന്ന പദ്ധതി " നടപ്പിലാക്കിവരുന്നു. 2018-19 വർഷത്തിൽ ടി പദ്ധതി പ്രകാരം 10000 ടിഷ്യുകൾച്ചർ വാഴതൈകളും ചങ്ങാലിക്കോടൻ, ആറ്റുനേന്ത്രൻ, പൂവൻ, കദളി തുടങ്ങിയ ഇനങ്ങളുടെ ഉല്പാദനക്ഷമതയുള്ള 1 ലക്ഷം കന്നുകളും വിതരണം ചെയ്തിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ 30 ഹെക്ടർ സ്ഥലത്ത് തീവ്രസാന്ദ്രത നടീൽ സമ്പ്രദായം നടപ്പിലാക്കി. 1500 ഹെക്ടർ സ്ഥലത്ത് ആലപ്പുഴ, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഡൊളോമൈറ്റിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് 1725 ടൺ ഡോളോമൈറ്റും സൂക്ഷ്മമൂലകങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി 1500 ഹെക്ടർ സ്ഥലത്ത് 67876 കിലോ സൂക്ഷമമൂലകങ്ങളും കർഷകർക്ക് ലഭ്യമാക്കി.

6. മണ്ണ് പരിശോധന ലാബുകൾ:-

അലപ്പുഴ ജില്ലയിൽ തുറവൂരും, മലപ്പുറം ജില്ലയിൽ തിരുവാലിയിലും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മണ്ണ് പരിശോധന ലാബുകൾ പ്രവർത്തനക്ഷമമായി. മണ്ണ് പരിശോധനയ്ക്കൊപ്പം ലീഫ് ടിഷ്യൂ അനാലിസിസ്, ജലഗുണ നിലവാര പരിശോധന, ജൈവവള ഗുണ നിലവാര പരിശോധന എന്നിവയ്ക്കുള്ള അത്യാധുനിക സൗകര്യങ്ങളും ഈ ലാബുകളിൽ ലഭ്യമാണ്. മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രതിവർഷം 5000 സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സൗകര്യം നിലവിൽ ഉണ്ട്.

7. പഴം-പച്ചക്കറികളുടെ വിപണനം:-

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും വില സ്ഥിരത ഉറപ്പ് വരുത്തുന്നതിനുമായി വി. എഫ്. പി. സി. കെ.-യുടെ ആഭിമുഖ്യത്തിൽ 287 സ്വാശ്രയ കർഷക സമിതികൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ച വരുന്നു. ഈ കാലയളവിൽ 13 പുതിയ സ്വാശ്രയ കർഷക സമിതികൾ രൂപീകരിക്കുകയും സ്വാശ്രയ സമിതികൾ വഴി ശരാശരി 3 കോടി രൂപ മൂല്യമുള്ള 1 ലക്ഷം മെട്രിക് ടൺ ഉൽപ്പന്നങ്ങൾ വിപണനം ചെയ്തു വരികയും ചെയ്യുന്നു. വി. എഫ്. പി. സി. കെ. കർഷക വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പ്രവർത്തനത്തിനുമായി പ്രതിവർഷം ശരാശരി 8 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവഴി 2018-19 -ൽ 8 സ്വാശ്രയ കർഷക

സമിതികൾക്ക് സ്ഥലം വാങ്ങുന്നതിനും 7 സമിതികൾക്ക് വിപണി കെട്ടിടം നിർമ്മിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിൽ 143 സ്വാശ്രയ കർഷക സമിതികൾക്ക് സ്വന്തം സ്ഥലവും ഇവയിൽ 119 സമിതികൾക്ക് കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്.

ഉൽപ്പന്നങ്ങൾക്ക് വില താഴ്ന്ന പോകുന്ന സാഹചര്യത്തിൽ കർഷകർക്ക് ന്യായ വില ലഭ്യമാക്കുന്നതിനായി പ്രത്യേക റിസ്ക് ഫണ്ട് പദ്ധതി വി. എഫ്. പി. സി. കെ. നടപ്പിലാക്കുന്നുണ്ട്. ഏതാണ്ട് 30 ഇനം പഴം പച്ചക്കറികൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾക്ക് വില ഇടിയുന്ന അവസരങ്ങളിൽ വിപണിയിൽനിന്നും മറ്റ് മാർക്കറ്റുകളിലേയ്ക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് വിപണി ഇടപെടലുകൾക്കും പദ്ധതി സഹായം ലഭ്യമാക്കുന്നു. കൂടാതെ, വിപണിയിലെത്തിക്കുന്ന ഉൽപ്പന്നങ്ങൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ സെയിൽസ് പ്രൊമൊഷൻ ഇൻസെന്റീവും ലഭ്യമാക്കുന്നു. ഉൽപ്പന്നങ്ങൾക്ക് വില ഇടിയുന്ന അവസരങ്ങളിൽ വിപണിയിൽനിന്നും മറ്റ് മാർക്കറ്റുകളിലേയ്ക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ധനസഹായമായി 30 ലക്ഷം രൂപയും റിസ്ക് ഫണ്ട് ഇനത്തിൽ 83 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഉത്സവകാല വിപണി ഇടപെടലുകളുടെ ഭാഗമായി വി. എഫ്. പി. സി. കെ.-യുടെ കീഴിൽ ഓണസമൃദ്ധി ചില്ലറ വിൽപ്പനശാലകളും വിഷുക്കണി വിപണികളും എല്ലാവർഷവും സംഘടിപ്പിച്ചുവരുന്നു.

8. 'തളിർ' ബ്രാൻഡഡ് റീട്ടെയിൽ ഔട്ട് ലെറ്റ്:-

സുരക്ഷിത പഴം-പച്ചക്കറി വിപണന ശൃംഖല രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി വി. എഫ്. പി. സി. കെ. ആദ്യത്തെ ഔട്ട് ലെറ്റ് കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 'തളിർ' ബ്രാൻഡിൽ റീട്ടെയിൽ വിപണന ശൃഖലയ്ക്ക് തുടക്കമിട്ടിട്ടുണ്ട്.

9. പഴം-പച്ചക്കറി കയറ്റുമതി പ്രോത്സാഹനം:-

പഴം-പച്ചക്കറി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി 'അപേഡ' (APEDA) -യുടെ ധനസഹായത്തോടെ വയനാട്, ജില്ലയിൽ ഒരു പായ്ക്ക് ഹൗസ് പണിപൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഏകദേശം 60 മെട്രിക് ടൺ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് പായ്ക്ക് ഹൗസിൽനിന്നും കയറ്റുമതിയ്ക്കായി ഇതിനകം സംസ്കരണം നടത്തിയിട്ടുണ്ട്. നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ ചക്ക സംസ്കരണത്തിനായും പായ്ക്ക് ഹൗസ് സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്. രണ്ടാമത്തെ പായ്ക്ക് ഹൗസ് തൃശ്ശൂർ ജില്ലയിൽ പണിപൂർത്തീകരിച്ച് വരുന്നു.

സംസ്ഥാനത്ത് ഒരു കാർഷികോൽപ്പന്ന കയറ്റുമതി നയം രൂപം കൊടുത്ത് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിരിക്കുകയാണ്. ഇതിനായുള്ള നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിനെയാണ്.

10. നിലവിൽ നടപ്പിലാക്കിവരുന്ന തുടർ പദ്ധതികൾ കൂടാതെ കൗൺസിൽ 2019-20 വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

(i) പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുവാനായി ഉത്തമകൃഷി പരിപാലന മുറകളും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവ ഉൽപ്പന്ന സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതാണ്. ഇതിനായി പ്രത്യേക സെൽ പ്രവർത്തനക്ഷമമാക്കുന്നതാണ്.

(ii) സംസ്ഥാനത്ത് ഒരു കാർഷികോൽപ്പന്നകയറ്റുമതി നയം രൂപം കൊടുത്ത് നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിനെയാണ്. ഇതുമായി ബന്ധപ്പെട്ട നയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഴം-പച്ചക്കറി മേഖലയിൽ കയറ്റുമതി അധിഷ്ഠിത കർഷക ക്ലസ്റ്ററുകൾ സംഘടിപ്പിക്കാനുള്ള ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരം ക്ലസ്റ്ററുകളുടെ പ്രവർത്തനത്തോടെ കയറ്റുമതിയ്ക്കാവശ്യമായ ഉൽപ്പന്നങ്ങൾ ജില്ലയിൽ നിന്നും ലഭ്യമാകുന്നതുവഴി വിഷരഹിത കൃഷി വ്യാപിപ്പിക്കാൻ സാധിക്കുന്നതാണ്.

(iii) എറണാകുളം ജില്ലയിൽ കൗൺസിൽ ആസ്ഥാനത്ത് 28 ലക്ഷം ടിഷ്യൂകൾച്ചർ തൈകൾ ഉൽപ്പാദിപ്പിക്കാനാവുന്ന ടിഷ്യൂകൾച്ചർ ലാബ് ആർ. കെ. വി. വൈ. പദ്ധതി സഹായത്തോടെ നടപ്പിലാക്കുന്നതാണ്.

(iv) ജൈവ ഉൽപ്പാദനോപാധികളുടെ വിതരണത്തിന് പുതിയ പ്രൊഡക്ഷൻ സെന്റർ.

(v) പാലക്കാട് ജില്ലയിൽ, ജൈവരോഗകീടനിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ബയോകൺട്രോൾ ഏജന്റുകളുടെ ഉൽപ്പാദന കേന്ദ്രം ഈ വർഷം പ്രവർത്തനം തുടങ്ങും.

(vi) വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത്, വളം, ജൈവകീടനാശിനികൾ, കെണികൾ, ഗ്രോബാഗ് മുതലായവ അടങ്ങിയ ഇൻപുട്ട് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയ്ക്ക് തുടക്കമിടുന്നതാണ്.

(vii) നബാർഡിന്റെ സഹായത്തോടെ സ്വാശ്രയ കർഷക സമിതികളുടെ അടിസ്ഥാന സൗകര്യവികസനത്തിനും വിപണി നവീകരണത്തിനുമായുള്ള പദ്ധതിയ്ക്ക് അംഗീകാരം പ്രതീക്ഷിക്കുന്നു.

(viii) സംസ്ഥാന ഫലമായ ചക്കയുടെ വിപണനത്തിനായി ഇടുക്കി ജില്ലയിൽ ഒരു സംഭരണ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

(ix) റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ സ്രോതസ്സ് സംബന്ധിച്ചുള്ള വിവരങ്ങൾ (Traceability) ഉറപ്പാക്കിയുള്ള ഉല്പാദന വിപണന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(x) കാലാവസ്ഥ വിവര ശേഖരണത്തിനും കാലാവസ്ഥാധിഷ്ഠിത വിള നിർദ്ദേശികകൾ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി.

(ബി) കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 287 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സമിതികളിലെത്തിച്ച് കച്ചവടക്കാർക്ക് ലേലത്തിലൂടെ വിപണനം ചെയ്യുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും സ്വാശ്രയ കർഷക സമിതികൾക്ക് സഹായകരമാണ്. വിപണന ചെലവുകൾ കുറയ്ക്കുവാനും ഇത് സഹായകമാണ്. കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പാക്കുന്നതിന് ഈ സംവിധാനം വഴിയൊരുക്കിയിട്ടുണ്ട്. സ്വാശ്രയ കർഷക സമിതികൾ വഴി, വി. എഫ്. പി. സി. കെ. പ്രതിവർഷം ശരാശരി 300 കോടി മൂല്യമുള്ള ഒരു ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം ചെയ്തുവരുന്നു. സ്വാശ്രയ കർഷക സമിതികളിൽനിന്ന് ഹോർട്ടികോർപ്പും കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിച്ച് ന്യായവില ഉറപ്പാക്കുന്നുണ്ട്.

ഇതിനുപുറമെ, ഉൽപ്പന്നങ്ങൾക്ക് വില താഴ്ന്നുപോകുന്ന സാഹചര്യത്തിൽ കർഷകർക്ക് ന്യായ വില ലഭ്യമാക്കുന്നതിനായ പ്രത്യേക 'റിസ്ക് ഫണ്ട്' പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. ഏതാണ്ട് 30 ഇനം പഴം പച്ചക്കറികൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വിളയ്ക്കും ഉൽപ്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ തറവില നിശ്ചയിക്കുകയും തറവിലയിൽ നിന്നും വില കുറഞ്ഞു പോകുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ടിൽ നിന്നുള്ള സഹായം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ 40% കർഷക വിഹിതവും 60% ഗവൺമെന്റ് വിഹിതവുമായാണ് റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത്. ഉൽപ്പന്നങ്ങൾക്ക് വില ഇടിയുന്ന അവസരങ്ങളിൽ വിപണിയിൽനിന്നും മറ്റ് മാർക്കറ്റുകളിലേയ്ക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് വിപണി ഇടപെടലുകൾക്കും പദ്ധതി സഹായം ലഭ്യമാക്കുന്നു. കൂടാതെ വിപണിയിലെത്തിക്കുന്ന

ഉൽപ്പന്നങ്ങൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ സെയിൽസ് പ്രൊമോഷൻ ഇൻസെന്റീവും ലഭ്യമാക്കുന്നു. 2018-19-ൽ സെയിൽസ് പ്രൊമോഷൻ ഇൻസെന്റീവായി 252.6 കോടി രൂപയും റിസ്ക് ഫണ്ട് ഇനത്തിൽ 83 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ഒരു കാർഷികോൽപ്പന്നകയറ്റുമതി നയം രൂപം കൊടുത്ത് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിരിക്കുകയാണ്. ഇതിനായുള്ള നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിനെയാണ്. ഇതുമായി ബന്ധപ്പെട്ട നയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഴം-പച്ചക്കറി മേഖലയിൽ കയറ്റുമതി അധിഷ്ഠിത കർഷക ക്ലസ്റ്ററുകൾ സംഘടിപ്പിക്കാനുള്ള ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരം ക്ലസ്റ്ററുകളുടെ പ്രവർത്തനത്തോടെ കയറ്റുമതിയ്ക്കാവശ്യമായ ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതു വഴി കയറ്റുമതി ഏജൻസികളെ ആകർഷിക്കാനും ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിനും വഴിതെളിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(സി) വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും വായ്പാ സഹായവും ഇൻഷ്വറൻസ് സഹായവും ലഭ്യമാക്കുന്നതിനുള്ള സമഗ്രമായ പ്രവർത്തനങ്ങളാണ് വി. എഫ്. പി. സി. കെ. നടത്തിവരുന്നത്.

ജനിതക ശുദ്ധിയും ഉല്പാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വി. എഫ്. പി. സി. കെ.-യുടെ കീഴിൽ ഒരു സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 189 കർഷകർ ഉൾപ്പെടുന്ന വിത്തുൽപ്പാദക സംഘമാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിൽ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ 17 ഇനം പച്ചക്കറി വിത്തുകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്. ഈ വിത്ത്, സംസ്കരണശാലയിലെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലാബിൽ ശുദ്ധീകരിച്ച് അങ്കുരണശേഷി ഉറപ്പാക്കിയ ശേഷമാണ് വിതരണം ചെയ്യുന്നത്. 2018-19 വർഷം 98.7 മെട്രിക് ടൺ വിത്തുൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിയ്ക്ക് നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി വി. എഫ്. പി. സി. കെ.-യുടെ കീഴിൽ മൂവാറ്റുപുഴ നടുക്കരയിൽ പ്രതിവർഷം 2 കോടി പച്ചക്കറി തൈ ഉൽപ്പാദനശേഷിയുള്ള ഒരു ഹൈടെക് പച്ചക്കറിത്തൈ ഉൽപ്പാദന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വി. എഫ്. പി. സി. കെ.-യുടെ എറണാകുളം,

തിരുവനന്തപുരം, കാസർഗോഡ് കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വഴിയും സ്വാശ്രയ കർഷക സമിതികൾ മുഖേനയും പഴവർഗ്ഗ വിളകളുടേയും നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നു. ആലത്തൂർ വിത്ത് സംസ്കരണശാലയിലുള്ള ടിഷ്യൂകൾച്ചർ ലാബിൽ നിന്നും ടിഷ്യൂകൾച്ചർ തൈകളും ലഭ്യമാക്കുന്നു.

പങ്കാളിത്ത വായ്പ പദ്ധതിവഴി സ്വാശ്രയ സംഘങ്ങളിലെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വായ്പ ലളിതവും സുതാര്യവുമായ വ്യവസ്ഥകളോടെ ബാങ്കുകൾ വഴി യഥാസമയം കൗൺസിൽ ലഭ്യമാക്കുന്നു. ഇതിനായി 10 ബാങ്കുകളുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിൽ കെ.സി.സി. സ്കീം വഴി പ്രതിവർഷം 70 കോടിയോളം രൂപ കാർഷിക വായ്പയായി കർഷകർക്ക് ലഭ്യമാക്കുന്നു. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2% പലിശ സബ്സിഡിയും നൽകുന്നുണ്ട്. 2019-20 വർഷം 112 കോടി രൂപ വായ്പയായി കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരൾച്ചയോ പ്രകൃതിക്ഷോഭമോ കാരണം കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതിയും കൗൺസിൽ നടപ്പിലാക്കിവരുന്നു. കർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ആരോഗ്യ ഇൻഷ്വറൻസ്, അപകട ഇഷ്വറൻസ് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 70.11 കോടി രൂപ വായ്പാ സഹായമായും കൃത്യമായി പുതുക്കിയ കർഷകർക്ക് 2% പലിശ സബ്സിഡി ഇനത്തിൽ 90 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി മുഖേന 2018-19 -ൽ 41,99,037 ലക്ഷം വാഴയ്ക്കും 509.684 ഹെക്ടർ പച്ചക്കറിയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. 4610 കർഷകർക്കായി 4.8 കോടി രൂപയുടെ നഷ്ടപരിഹാരവും 2018-19 -ൽ നൽകുകയുണ്ടായി. കർഷക ഇൻഷ്വറൻസ് പദ്ധതികളിൽ 13965 കർഷകർ ഗുണഭോക്താക്കളായിട്ടുണ്ട്.

## ഇ-വാഹനങ്ങൾ

19 (*439) ശ്രീ. അൻവർ സാദത്ത്:

ശ്രീ. റോജി എം. ജോൺ:

ശ്രീ. അനിൽ അക്കര:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം മൂലമുള്ള അന്തരീക്ഷ മലിനീകരണത്തോത് കുറയ്ക്കുന്നതിന് ഇ-വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്ന കാര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) കൊച്ചിയിൽ നടന്ന ഇ-വെഹിക്കിൾ കോൺക്ലേവ് ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. കൂടുതൽ ഇ-ബസ്സുകൾ നിരത്തിലിറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം ഹൈവേകളിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) പെട്രോളിയം കമ്പനികളുമായി ഇതുസംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. ഇലക്ട്രിക് വാഹനങ്ങൾ നിരത്തിൽ ഇറക്കുന്നതിനായി 2018-ൽ പരീക്ഷണാടിസ്ഥാനത്തിൽ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയ 10 ഇലക്ട്രിക് എ. സി. ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. വൈദ്യുത വാഹന നയത്തിന്റെ ഭാഗമായി കൂടുതൽ ഇലക്ട്രിക് ബസ്സുകൾ കേന്ദ്ര സർക്കാരിന്റെ FAME-II പദ്ധതിയുടെ അംഗീകാരത്തിന് വിധേയമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ഡി) കെ. എസ്. ആർ. ടി. സി. പരീക്ഷണാടിസ്ഥാനത്തിൽ 10 ഇ-ബസ്സുകൾ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്നുണ്ട്. അതിന്റെ ചാർജ്ജിംഗിനുവേണ്ടി ആലുവ റീജിയണൽ വർക്ക്ഷോപ്പ്, പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പ്, തമ്പാനൂർ, ഹരിപ്പാട്, എറണാകുളം എന്നീ ബസ് സ്റ്റേഷനുകളിൽ താൽക്കാലിക ചാർജ്ജിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ തുടങ്ങുന്നതിന് സർക്കാരിന് പദ്ധതിയുണ്ട്. ഇതിനായി കെ. എസ്. ഇ. ബി. യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് ഗതാഗത വകുപ്പ് ചർച്ചകളൊന്നും നടത്തിയിട്ടില്ല.

## റോഡ് സുരക്ഷാ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ

20 (*440) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിലുണ്ടാകുന്ന അപകടങ്ങളും മരണനിരക്കും കുറയ്ക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിരത്തിലുണ്ടാകുന്ന മരണനിരക്ക് കുറയ്ക്കുവാൻ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സുരക്ഷാവീഥി എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷ സംബന്ധിച്ച് എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മോഡൽ സേഫ് കോറിഡോർ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) അപകടങ്ങളും മരണനിരക്കും കുറയ്ക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

(1) സേഫ് കേരള പദ്ധതി

സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുക, റോഡുകൾ അപകടമുക്തമാക്കുക എന്ന ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ച സേഫ് കേരള പദ്ധതിയുടെ ഭാഗമായി പുതുതായി രൂപീകരിച്ച 51 സ്ക്വാഡുകൾ ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(2) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധനനടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(3) മോഡൽ സേഫ് കോറിഡോർ പദ്ധതി

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാ വീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.-ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

1. തൃശ്ശൂർ-കുന്നംകുളം റോഡ് (24 കി.മീ.)

2. എറണാകുളത്തെ ഇ-യാത്രാ പദ്ധതി (വൈപ്പിൻ - മുനമ്പം)

3. കൊട്ടിയം - കുണ്ടറ (17 കി.മീ.)

4. മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം

5. വെള്ളയമ്പലം-തമ്പാനൂർ, തിരുവനന്തപുരം

6. പാവങ്ങാട് - കോരപ്പുഴ, കോഴിക്കോട്, (5.5 കി.മീ.)

(4) ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം, എഫ്. എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചാരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും, ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധന ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

(5) റോഡ് സുരക്ഷാ വാരാചരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷം തോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെ ആയിരുന്നു.

(6) <u>സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി</u>

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്. 2019 ജൂൺ 10 മുതൽ 14 വരെ നടത്തുന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ്സ് നൽകുന്നതിനും സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(7) <u>ശബരിമല സേഫ് സോൺ</u>

ഉത്സവകാലത്ത് ശബരിമല അപകടവിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നതാണ് ശബരിമല സേഫ് സോൺ പദ്ധതി.

(ബി) സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെടുന്നവർക്ക് തൊട്ടടുത്ത ആശുപത്രിയിൽനിന്നും അടിയന്തര വൈദ്യസഹായം ഉറപ്പാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് ഡൽഹി മാതൃകയിൽ 'സുരക്ഷാ വീഥി' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. സംയോജിത ആംബുലൻസ് സർവ്വീസ് ഒരുക്കുന്നത് സംബന്ധിച്ചും 'സുരക്ഷാ വീഥി' പദ്ധതിയെ സംബന്ധിച്ചുമുള്ള പഠന റിപ്പോർട്ട് സമർപ്പിക്കാനും കേരള റോഡ് സുരക്ഷാ അതോറിറ്റി ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിനായി പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി / താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ ആരോഗ്യ വകുപ്പ് നടപടി എടുത്തുവരുന്നുണ്ട്. സ്ട്രെംഗ്ത്തനിംഗ് ഓഫ് എമർജൻസി മെഡിക്കൽ കെയർ എന്ന പദ്ധതിയുടെ ഭാഗമായി ട്രോമാ കെയറിന്റെ ശാക്തീകരണത്തിനായി 2018-19 വർഷത്തിൽ മാത്രം സ.ഉ. (സാധാ) നമ്പർ 3487/2018/ആ.കു.വ. തീയതി 25-11-2018 പ്രകാരം 4,85,70,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ഹരിപ്പാട്, പയ്യന്നൂർ, വടകര, കോട്ടപ്പുറം, പത്തനംതിട്ട, ചാലക്കുടി, ആലത്തൂർ കരുനാഗപ്പള്ളി, അടിമാലി, ആലുവ എന്നീ താലൂക്ക് ആസ്ഥാന ആശുപത്രികളിലും, ആറ്റിങ്ങൽ,

അടൂർ, മഞ്ചേരി തുടങ്ങിയ ജനറൽ ആശുപത്രികളിലും, കാസർഗോഡ് ജില്ലാ ആശുപത്രിയിലും ഉപകരണങ്ങളും ആംബുലൻസ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ട്രോമാ കെയർ സംവിധാനത്തിന്റെ ഭാഗമായ ആംബുലൻസ് സംവിധാനം പ്രാവർത്തികമാക്കുവാനായി 315 ആംബുലൻസുകൾ ഉൾപ്പെടുത്തിയിട്ടുള്ള സമഗ്ര ആംബുലൻസ് സംവിധാനത്തിനായി കേരളാ മെഡിൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി. 2019 ആഗസ്റ്റ് മുതൽ ഈ ആംബുലൻസുകളുടെ പ്രവർത്തനം ആരംഭിക്കും. വിവിധ സർക്കാർ ആശുപത്രികളിലെ 300-ൽ പരം കാഷ്വാലിറ്റി മെഡിൽ ഓഫീസർക്കമാർക്കും, അസിസ്റ്റന്റ് സർജന്മാർക്കും, സ്റ്റാഫ് നഴ്സമാർക്കും, ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

കെ.എസ്.ടി.പി.-യുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ സേഫ് കോറിഡോർ പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സംവിധാനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 18.77 കോടി രൂപയും അടിസ്ഥാനസൗകര്യവികസനത്തിന് 2 കോടി രൂപയും അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇതേ പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര, അടൂർ ആശുപത്രികളിലെ ട്രോമാ കെയർ ശാക്തീകരിക്കുന്നതിനായി 6.33 കോടി രൂപയുടെ ലോക ബാങ്ക് സഹായവും ഈ മേഖലകളിൽ അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ സജ്ജീകരിക്കുന്നതിന് 63.9 ലക്ഷം രൂപയുടെ സഹായവും അനുവദിച്ചിട്ടുണ്ട്.

(സി) ഗതാഗത നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി "റോഡ് സുരക്ഷാ വിദ്യാഭ്യാസം സ്കൂളുകളിലൂടെ" എന്ന പദ്ധതി NATPAC വഴി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ 1189 സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും അതുവഴി പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഒന്നാംഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയ 1189 അദ്ധ്യാപകർക്ക് തുടർ പരിശീലനം ഉറപ്പാക്കുന്നതും രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. റോഡ് സുരക്ഷ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുന്നതിനുവേണ്ടിയുള്ള ശിപാർശ സർക്കാരിന് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കരിക്കുലം തയ്യാറാക്കാനാവശ്യമായ സഹായവും സ്കൂൾ ക്ലാസ്സുകളിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ അടങ്ങിയ ചാർട്ടുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുവാനുള്ള ചെലവ് വഹിക്കാനും കേരള റോഡ് സുരക്ഷാ അതോറിറ്റി തയ്യാറാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ, SCERT എന്നിവരെ അറിയിച്ചിട്ടുണ്ട്.

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ ഡയറക്ടർ സംഘടിപ്പിച്ചിട്ടുണ്ട്. ജൂൺ 10 മുതൽ 14 വരെ നടത്തുന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകിയിട്ടുണ്ട്.

റോഡ് സുരക്ഷാ വാരാചരണം വിജയപ്രദമാക്കുവാൻ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാൻമാരായ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മഴക്കാലത്ത് വാഹനം ഓടിക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് സർക്കാർ അനുമതിക്ക് വിധേയമായി PRD വഴി പത്രപരസ്യം നൽകുവാൻ നടപടിയെടുത്തിട്ടുണ്ട്.

റോഡപകടങ്ങളിൽ ഇരയാകുന്നവരെ സഹായിക്കുവാൻ സ്വയം സന്നദ്ധരാകുന്നവരോട് സ്വീകരിക്കേണ്ടുന്ന പെരുമാറ്റം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന "ഗുഡ് സമരിറ്റൻ മാർഗ്ഗനിർദ്ദേശങ്ങൾ" ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കി പോലീസ് സ്റ്റേഷനുകളും ആശുപത്രികളും പോലുള്ള ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായി പോലീസ് വകുപ്പിനും ആരോഗ്യ വകുപ്പിനും അയച്ചുകൊടുത്തിട്ടുണ്ട്. എഫ്.എം. റേഡിയോ പോലുള്ള ശ്രവ്യമാധ്യമങ്ങളും ദൃശ്യ മാധ്യമങ്ങളുടെയും സാധ്യത ഉപയോഗപ്പെടുത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രദർശിപ്പിച്ചുവരുന്നു.

(ഡി) ദേശീയ പാതയിൽ കഴക്കൂട്ടം മുതൽ അടൂർവരെയുള്ള 88 കിലോമീറിൽ മോഡൽ സേഫ് കോറിഡോർ പദ്ധതി പുരോഗമിച്ചുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നത് കെ.എസ്.റ്റി.പി. ആണ്. സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനുവേണ്ടി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാ ഇടനാഴി. ഈ മാതൃകയിൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി. ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

1. തൃശ്ശൂർ - കുന്നംകുളം റോഡ് (24 കി. മീ.)

2. എറണാകുളത്തെ ഇ-യാത്രാ പദ്ധതി (വൈപ്പിൻ-മുനമ്പം)

3. കൊട്ടിയം - കുണ്ടറ (17 കി. മീ.)

4. മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം

5. വെള്ളയമ്പലം - തമ്പാനൂർ, തിരുവനന്തപുരം

6. പാവങ്ങാട് - കോരപ്പുഴ, കോഴിക്കോട് (5.5 കി. മീ.)

**ഗവേഷണഫലങ്ങൾ കർഷകരിലെത്തിക്കാൻ നടപടി**

21 (*441) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികരംഗത്തെ ഗവേഷണഫലങ്ങൾ കർഷകരിലേക്ക് നേരിട്ട് എത്തിക്കാൻ കഴിയുന്നില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാർഷിക ഗവേഷണഫലങ്ങൾ സാധാരണ കർഷകരിലെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ&ബി) കാർഷിക രംഗത്തെ ഗവേഷണഫലങ്ങൾ കർഷകരിലെത്തിക്കുന്നതിന് വിപുലമായ സംവിധാനങ്ങൾ കൃഷിവകുപ്പിൽ നടപ്പാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മ, വാർഷിക പദ്ധതികളായ കർഷക നൈപുണ്യ അവാർഡ്, ലീഡ്സ്, 'മാനവവിഭവശേഷി വികസനം' തുടങ്ങിയ പദ്ധതികളിലൂടെ കാർഷിക രംഗത്തെ ഗവേഷണ ഫലങ്ങൾ കർഷകരിലേക്ക് നേരിട്ട് എത്തിക്കുന്നതിന് സാധിക്കുന്നു. ഇതിൽ 'മാനവ വിഭവശേഷി വികസനം' എന്ന പദ്ധതി പ്രകാരം കർഷകർക്ക് കൃഷി വകുപ്പിന്റെ കീഴിലുള്ള 5 മേഖലാ പരിശീലന കേന്ദ്രങ്ങൾ, 2 കർഷക പരിശീലന കേന്ദ്രങ്ങൾ വെള്ളായണിയിൽ പ്രവർത്തിക്കുന്ന ആർ.റ്റി.റ്റി.സി. എന്നിവ വഴി നൽകി വരുന്ന പരിശീലനങ്ങൾ കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുന്നതിന് സഹായകമാകുന്നു. കൂടാതെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. (Vegetable & Fruit Promotion Council of Kerala), മറ്റു അനുബന്ധ സ്ഥാപനങ്ങൾ എന്നിവ വഴിയും ഗവേഷണഫലങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കാനുള്ള വിപുലമായ സംവിധാനങ്ങൾ നിലവിലുണ്ട്. കർഷകർക്ക് ആവശ്യമായ പ്രവൃത്തി പരിചയവും,

മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനും, തൊഴിൽ സംരംഭകത്വം വളർത്തുന്നതിനും അഗ്രിബിസ്സിനസ്സ് ഇൻകുബേഷൻ സെന്ററുകൾ കാർഷിക സർവ്വകലാശാലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന 6 റീജിയണൽ സ്റ്റേഷനുകളും, 18 മറ്റു ഗവേഷണ കേന്ദ്രങ്ങളും ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതുവഴി എല്ലാ സങ്കേതിക വിദ്യകളും കൃഷിക്കാരിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഗവേഷണകേന്ദ്രങ്ങളിലും, കൃഷി വിജ്ഞാന കേന്ദ്രങ്ങളിലും ശാസ്ത്രീയ കൃഷിരീതികൾ ഉരുത്തിരിച്ചെടുത്ത ആധുനിക ഗവേഷണഫലങ്ങൾ, 'മൂല്യവർദ്ധനവ്' തുടങ്ങിയ മേഖലകളിൽ കർഷകർക്കായി പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. കാർഷിക സർവ്വകലാശാലയുടെ പ്രസിദ്ധീകരണങ്ങളായ പാക്കേജ് ഓഫ് പ്രാക്ടീസസ് കല്പധേനു ഓരോ വിളയ്ക്കും പ്രത്യേകം തയ്യാറാക്കിയ വിളപുസ്തകങ്ങൾ ലഘുലേഖനങ്ങൾ എന്നിവയിലെല്ലാം ഇവ ഉൾപ്പെടുത്തി അവ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കർഷകർക്ക് എളുപ്പത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ അടങ്ങിയ ചെറു വീഡിയോകൾ സർവ്വകലാശാലയുടെ വെബ്സൈറ്റിലും, സാമൂഹ്യമാധ്യമങ്ങളിലും. മൊബൈൽ ആപ്പുകൾ വഴിയും പ്രചരിപ്പിച്ചുവരുന്നുണ്ട്. കൂടാതെ റേഡിയോ, ടി. വി. തുടങ്ങിയ മാധ്യമങ്ങൾ, മറ്റു ആധുനിക വിവര സാങ്കേതിക വിദ്യകൾ എന്നിവ ഉപയോഗിച്ചും ഗവേഷണഫലങ്ങളും നിർദ്ദേശങ്ങളും കർഷകരിലേക്ക് എത്തിച്ചു കൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്തും പുറത്തും നടത്തിവരുന്ന എക്സിബിഷനുകളിൽ കേരള കാർഷിക സർവ്വകലാശാല പങ്കെടുക്കുകയും ഏറ്റവും പുതിയ സങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കുകയും അവ കർഷകർക്ക് ഉപയോഗപ്പെടുത്താനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നുമുണ്ട്.

**ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ**

22 (*442) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എം. മുകേഷ്:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ജൈവ പച്ചക്കറികളും പഴങ്ങളും വിപണിയിൽ വ്യാപകമാക്കുന്നതിനായി സെയ്ഫ് ടു ഈറ്റ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കേരള ഓർഗാനിക് ബ്രാൻഡ് എന്ന പേരിൽ വിഷരഹിത പച്ചക്കറികളും പഴങ്ങളും വിപണനം നടത്തുന്നുണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ജൈവോല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിനായി ക്ലസ്റ്റർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ജൈവ കാർഷിക ഇനങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി കൂടുതൽ ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടോ;

(എഫ്) ജൈവ ഉല്പന്നമെന്ന പേരിൽ വിഷം കലർന്ന പഴങ്ങളും പച്ചക്കറികളും വില്ക്കുന്നത് തടയുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി നടപ്പാക്കി വരുന്നു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം 538.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനമായും തഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്:

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾക്ക്

25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപയാണ് ധനസഹായമായി നൽകുന്നത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്.

2. ഇക്കോഷോപ്പുകൾ:

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഇതുവരെ 454 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തികവർഷം പുതിയ 15 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനും മുൻ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

3. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ:

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തിരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടന്നു വരുന്നു.

4. അവശിഷ്ട വിഷാംശ പരിശോധന:

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധ" ലാബിൽ കർഷകരുടെ കൃഷിയടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു.

കൂടാതെ ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാണ് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നു.

5. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്.

" സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ചു.

6. VFPCK -യും SHGs -ഉം വഴിയുള്ള ജൈവ പഴം, പച്ചക്കറികളിലെ സർട്ടിഫിക്കേഷൻ

VFPCK യുടെ നേതൃത്വത്തിൽ SHGs-ഉം വഴിയുള്ള പഴം പച്ചക്കറികളിലെ ജൈവ സർട്ടിഫിക്കേഷന് 91.86539 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

7. പരമ്പരാഗത കൃഷി വികാസ് യോജന (പി. കെ. വി. വൈ.):

60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. മൂന്നു വർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്ററൊന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം.

(ബി) ഉണ്ട്. ഉത്തമ കൃഷിമുറകൾ പാലിച്ച് ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ 'സേഫ് റ്റു ഈറ്റ്' - കേരള ഓർഗാനിക് എന്ന പേരിൽ ഇക്കോഷോപ്പുകൾ നേരിട്ടുള്ള വിപണികൾ വഴി വിൽപ്പന നടത്തിവരുന്നു. കൂടാതെ പഴം പച്ചക്കറികളിലെ അവശിഷ്ട വിഷാംശം പരിശോധിക്കുന്നതിന് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന പദ്ധതിയിൽ 'സേഫ് റ്റു ഈറ്റ്' എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(സി) GAP മാനദണ്ഡങ്ങൾ പിൻതുടരുന്ന GAP ക്ലസ്റ്ററുകളിൽ നിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി ഉൽപ്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വില്പന നടത്തുന്നു. വിൽപ്പനയ്ക്ക് മുമ്പായി ഉൽപ്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി "കേരള ഓർഗാനിക്" ബ്രാന്റിൽ ലേബൽ ചെയ്ത് വിപണനം നടത്തുന്നു.

(ഡി) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ജൈവോല്പന്നങ്ങളുടെ വിപണനത്തിനായി 454 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒരു വിപണിയ്ക്ക് 3.00 ലക്ഷം രൂപ വീതമാണ് ധനസഹായം നൽകുന്നത്.

(ഇ) ഉണ്ട്. ജൈവകൃഷി ഉത്തമ കൃഷി മുറകളും നടപ്പാക്കുന്നതിനായി ഇതുവരെ 241 ഇക്കോഷോപ്പുകളും മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകളും ആയി ആകെ 454 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കർഷകർ ഉത്തമ കൃഷി മുറകൾ പാലിച്ച് ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനും ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നു.

നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൻ കീഴിൽ 15 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(എഫ്) ജൈവ ഉല്പന്നമെന്ന പേരിൽ വിഷം കലർന്ന പഴങ്ങളും പച്ചക്കറികളും വില്ക്കുന്നത് തടയുന്നതിനായി കൃഷി വകുപ്പ് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി മുഖേന സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ് പടന്നക്കാട് കാർഷിക കോളേജ്

എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നു. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം - പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നു.

കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന PKVY ക്ലസ്റ്ററുകളിലെ ഉല്പന്നങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു:

- സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജൈവ ക്ലസ്റ്ററുകളെയും ജൈവ കർഷകരെയും FSSAI യുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- പഴം, പച്ചക്കറികളുടെ ഉൽപ്പാദനത്തിൽ, ഉല്പാദനം മുതൽ വിപണി വരെയുള്ള എല്ലാ പ്രവർത്തനങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ച് വരുന്നു.

- മാരകമായ കീടനാശിനികൾ ഒഴിവാക്കി ജൈവകീടനാശിനികളുടെ ഉപയോഗം, പ്രയോഗ രീതികൾ പാലിക്കേണ്ട മുൻ കരുതലുകൾ എന്നിവയ്ക്കായി കർഷകർക്കായുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

- കീടനാശിനി അവശിഷ്ട പരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.

- അവശിഷ്ട കീടനാശിനി പരിശോധന നടത്തി വരുന്നു.

- കൂട്ടായ IEC പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങൾക്കും ഭക്ഷ്യ സംരംഭകർക്കും കർഷകർക്കും അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നനിർമ്മാണം

23 (*443) ശ്രീ. അനിൽ അക്കര:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നാളികേരത്തിനും അനുബന്ധ ഉല്പന്നങ്ങൾക്കും ആഗോള തലത്തിൽ പ്രിയം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ നാല്പത് ശതമാനം മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരഫെഡ് പുതിയ നാളികേര കോംപ്ലക്സ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കേരഫെഡ് പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ ചെറിയൊരു ശതമാനം മാത്രമാണ് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നത്. എന്നാൽ പുതുതായി രൂപീകരിച്ച നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക വഴി മൊത്തം നാളികേരോല്പാദനത്തിന്റെ 40% വരെയെങ്കിലും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുക എന്നതും നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും, വിപണനവും ശക്തിപ്പെടുത്തുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക, ദേശീയ അന്തർദ്ദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക, നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോൽപ്പന്നങ്ങൾ ദേശീയ/അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയും ഉൾപ്പെടുന്നു.

'ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്' എന്നൊരു പദ്ധതി നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. ഗവേഷണത്തിലൂടെ നാളികേരത്തിൽ നിന്നുള്ള പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങളും, ഉപോൽപ്പന്നങ്ങളും വികസിപ്പിച്ചെടുക്കുക, ഇപ്രകാരമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിന് തല്പരരായ സംരംഭകർക്ക് സഹായം നൽകുക തുടങ്ങിയവ പ്രസ്തുത മിഷന്റെ ഉദ്ദേശങ്ങളിൽപ്പെടുന്നു.

നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 'Integrated Farming in coconut holdings' 'Replanting and Rejuvenation of Coconut' എന്നീ പദ്ധതികൾ നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതികൾക്കായി കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് മുഖേന സംസ്ഥാനത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതി | വിസ്തീർണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|
| Integrated Farming | 592 ഹെക്ടർ | 298.698 |
| Replanting and Rejuvenation of Coconut | 1530 ഹെക്ടർ | 871.825 |

നിലവിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ കൂടാതെ പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കേരഫെഡ് ആവിഷ്ക്കരിച്ചുവരുന്നുണ്ട്.

(സി) കേരഫെഡ് പുതിയ നാളികേര കോംപ്ലക്സ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

(ഡി) കേരഫെഡ് നിലവിൽ കേരജം കേശാമൃത് ഹെർബൽ ഹെയർ ഓയിൽ, കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേരമിൽക്ക് പൗഡർ എന്നിവ വിപണിയിൽ ഇറക്കിയിട്ടുണ്ട്. പുതിയതായി കേര ബേബികെയർ ഓയിൽ പുറത്തിറക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## തൊഴിലുറപ്പ് പദ്ധതിയുടെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

24 (*444) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പദ്ധതി പ്രകാരം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രളയത്തിന് ശേഷമുള്ള സംസ്ഥാന പുനർനിർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതിയെ എപ്രകാരമാണ് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പുനർനിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടത്താവുന്ന ജോലികളിൽ കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) 2019-20 സാമ്പത്തിക വർഷം മുൻഗണന നൽകേണ്ട വിഷയങ്ങളെ സംബന്ധിച്ച് സംസ്ഥാനമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ ഇറക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ (വാർഷിക മാസ്റ്റർ സർക്കുലർ 2019-20) 6-6-2019 തീയതിയിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിലെ പുതിയ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച സംസ്ഥാന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

(ബി) ഗ്രാമീണ മേഖലയിൽ പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ദീർഘകാലം നിലനിൽക്കുന്നതും ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിനുമാണ് നടപ്പു വർഷം ഊന്നൽ നൽകിയിട്ടുള്ളത്. തടയണകൾ, ജലസേചന കുളങ്ങൾ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് കമ്പോസ്റ്റ് പിറ്റുകൾ, സോക് പിറ്റുകൾ, സ്വയംസഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡുകൾ, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര ഡൈനിംഗ് ഹാൾ, കളിസ്ഥലങ്ങൾ

ഗ്രാമീണ റോഡുകൾ, ഓവുചാലുകൾ തുടങ്ങിയ വിവിധയിനം പ്രവൃത്തികൾ ഏറ്റെടുത്ത് തൊഴിൽ ദിനങ്ങളും ആസ്തിയും സൃഷ്ടിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തെ പദ്ധതിസമീപനം, ലക്ഷ്യം, തന്ത്രങ്ങൾ, ഓരോ തലത്തിലും അതാത് ചുമതലാവിഭാഗം ചെയ്യേണ്ടുന്ന നടപടികൾ എന്നിവ സംബന്ധിച്ച് മുഖ്യ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകി. പ്രവൃത്തി നിർവ്വഹണത്തിന് ആക്കം കൂട്ടുന്നതിലേക്ക് പ്രധാന ആസ്തികളുടെ മാതൃകാ എസ്റ്റിമേറ്റുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങുന്നതിലേക്കുള്ള ടെണ്ടർ നടപടിക്രമങ്ങൾ കാലേക്കൂട്ടി പൂർത്തീകരിക്കുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. സാധനസാമഗ്രികളുടെ ഓരോ ക്വാർട്ടറിലേയും പ്രാദേശിക നിരക്കുകൾ നിശ്ചയിച്ച് നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികമായി 100 ദിവസത്തെ തൊഴിൽ നൽകുന്നതിനും മുൻകൂർ വേതനം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. പദ്ധതി നിർവ്വഹണപുരോഗതി സംബന്ധിച്ച് എല്ലാ തലങ്ങളിലും കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തുന്നതിന് ഉദ്യോഗസ്ഥതലത്തിലെ ചുമതലകളും നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

(സി) പ്രളയത്തിന്റെ ഫലമായി തകർന്നുപോയ പൊതു ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തുവരുന്നു. കൂടാതെ പ്രളയബാധിത കുടുംബങ്ങൾക്ക് വരുമാനം ഉറപ്പുവരുത്തുന്നതിനായി ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ തൊഴിൽദിനങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ട്. അർഹരായ കുടുംബങ്ങൾക്ക് ഉപജീവന ആസ്തികളായ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയും തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ദ്ധ തൊഴിൽ സൃഷ്ടിക്കുന്നതിനോടൊപ്പംതന്നെ സ്ഥായിയായ ആസ്തികളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ ആക്ഷൻ പ്ലാനുകൾ പുനഃപരിശോധിച്ച് നിയമം അനുശാസിക്കുന്ന തരത്തിലും കേന്ദ്ര മാർഗ്ഗരേഖ പ്രകാരവുമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ

25 (*445) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ കേരള കാർഷിക സർവ്വകലാശാല വീഴ്ച വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതേത്തുടർന്ന് സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത് അക്കാദമിക രംഗത്തും സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിനും പ്രതികൂലമായി ബാധിക്കുമോ എന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഇല്ല. കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ കാലാവധി 2019 മാർച്ച് 10-നാണ് അവസാനിച്ചിരുന്നത്. എന്നാൽ 4-2-2019-ന് തന്നെ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ കേരള കാർഷിക സർവ്വകലാശാലയുടെ ഐ.സി.എ.ആർ.-ന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഐ.സി.എ.ആർ. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. ഐ.സി.എ.ആർ.-ന്റെ സ്റ്റേറ്റ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ കേരള കാർഷിക സർവ്വകലാശാലയുടെ പേര് ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

(സി) കേരള കാർഷിക സർവ്വകലാശാലയുടെ അക്കാദമിക രംഗത്തെയോ സാമ്പത്തിക സഹായങ്ങളേയോ ഇത് പ്രതികൂലമായി ബാധിക്കില്ല.

(ഡി) കേരള കാർഷിക സർവകലാശാലയുടെ അക്രഡിറ്റേഷൻ പുതുക്കുവാൻ വേണ്ട അപേക്ഷ എല്ലാ രേഖകളും സഹിതം ഐ.സി.എ.ആർ.-ന് 4-2-2019-ന് സമർപ്പിച്ചിട്ടുണ്ട്. അക്രഡിറ്റേഷൻ പുതുക്കുന്നതിനായുള്ള നടപടികൾ ഐ.സി.എ.ആർ.-ൽ പുരോഗമിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഐ.സി.എ.ആർ.-ൽ നിന്നും ഒരു വിദഗ്ദ്ധ സംഘം (Peer review team) കേരള കാർഷിക സർവ്വകലാശാല സന്ദർശിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.

## സർവ്വകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കാൻ നടപടി

26 (*446) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. സ്വരാജ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്പിത സർവകലാശാലകളും സ്വകാര്യ സർവകലാശാലകളും അനുവദിച്ച് കേന്ദ്ര സർക്കാർ വിദ്യാഭ്യാസം സാധാരണക്കാർക്ക് അപ്രാപ്യമാക്കുന്ന നടപടികൾ സ്വീകരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സർവകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കിത്തീർക്കുന്നതിന് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പരീക്ഷകൾ കൃത്യമായിനടത്തി യഥാസമയം പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻവേണ്ട ഇടപെടൽ നടത്തിയിട്ടുണ്ടോ; ചോദ്യപേപ്പറുകൾ ഓൺലൈൻ സമ്പ്രദായത്തിലേക്കു മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കോളേജുകളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിനും ലൈബ്രറികൾ മികവുറ്റതാക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാ ശാലകളെ അന്താരഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിവരികയാണ്. അന്താരഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പ്രോജക്ട് ആരംഭിച്ചുകഴിഞ്ഞു. എം. ജി. സർവ്വകലാശലയ്ക്ക് 132.75 കോടി രൂപയുടെയും, കാലിക്കറ്റ് സർവ്വകാലാശാലയ്ക്ക് 150 കോടി രൂപയുടെയും കണ്ണൂർ സർവ്വകാലാശാലയ്ക്ക് 150 കോടി രൂപയുടേയും പദ്ധതിയ്ക്ക് അനുമതി നൽകി കഴിഞ്ഞു. കേരള സർവ്വകലാശാലയുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ച് വരുന്നു. കേരള എം.ജി. കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിയ്ക്ക്

അംഗീകാരം നൽകിയിട്ടുണ്ട്. എറുഡൈറ്റ് പദ്ധതി, അക്കാദമിക വോളന്റിയർ ബാങ്ക്, ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ, ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ, ഔട്ട് കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട്സിനും ഊന്നൽ നൽകിയുള്ള കരിക്കുലം പരിഷ്കരണ പദ്ധതികൾ തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ സർവ്വകാലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാകലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി. വി. സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരിക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. ചോദ്യപേപ്പർ ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

(സി) കോളേജ് വിദ്യഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിലെ എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് റൂം ആക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സർക്കാർ കോളേജുകളിലെയും നിലവിലെ സാഹചര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡാറ്റാ കളക്ഷൻ പൂർത്തിയായിട്ടുണ്ട്;

കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്ര വികസനത്തിനായി 'ലൈബ്രറി-ലബോറട്ടറി' വികസനം എന്ന പ്ലാൻ പദ്ധതി നടത്തിവരുന്നുണ്ട്;

2018-19 സാമ്പത്തികവർഷം പ്ലാൻ-പദ്ധതിയിൽ ഉൾപ്പെടുത്തി "Upgradation of Government College Libraries as integrated learning Resource Centers" എന്ന പദ്ധതി തുടങ്ങുകയുണ്ടായി. ഈ പദ്ധതികൊണ്ട് കേളേജ് കാമ്പസുകളിൽ പഠനം, അദ്ധ്യാപനം, ഗവേഷണം തുടങ്ങിയതിനോടൊപ്പം സംയോജിതമായ രീതിയിൽ ലൈബ്രറി സൗകര്യങ്ങളും സേവനവും ഉപയോഗപ്പെടുത്തുന്നതിനും ഊന്നൽ കൊടുക്കുന്നു. ഇതിന്റെ ഭാഗമായി ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. പുതുതായി സംസ്ഥാനത്ത് BLIS/MLIS പൂർത്തീകരിച്ച വിദ്യാർത്ഥികളെ സർക്കാർ കോളേജുകളിലെ ലൈബ്രറികളിൽ ഇന്റേണുകളായി നിയമിച്ച് പരിശീലനം നൽകി കോളേജ് ലൈബ്രറി ശക്തിപ്പെടുത്തുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി

27 (*447) ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ അതോറിറ്റിയിൽ രജിസ്ട്രേഷൻ നടത്തുന്നത് സംബന്ധിച്ചും ആയതിന് സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ അറിയിക്കുമോ;

(സി) ഇത്തരത്തിലൊരു അതോറിറ്റി നിലവിൽ വരുന്നത് മൂലം ഭൂമി വില നിയന്ത്രണത്തിൽ ഏതൊക്കെ തരത്തിലുള്ള ഇടപെടൽ സാധ്യമാകുമെന്ന് അറിയിക്കുമോ;

(ഡി) നിർമ്മാണം ആരംഭിക്കാനിരിക്കുന്ന ഫ്ലാറ്റുകളുടെയും ആരംഭിച്ചുകഴിഞ്ഞ ഫ്ലാറ്റുകളുടെയും രജിസ്ട്രേഷൻ സമയത്ത് ഈടാക്കുന്ന തുക സംബന്ധിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഭൂമി വാങ്ങി പ്ലോട്ടുകളാക്കി മറിച്ചുവില്ക്കുന്ന ഏജന്റുമാർ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ; വ്യക്തമാക്കുമോ; കോടതി നടപടികൾ മുഖേനയോ മറ്റോ ശിക്ഷാനടപടികൾ നേരിടുന്ന മോശം ട്രാക്ക്റെക്കോർഡ് ഉള്ള ഈ മേഖലയിലെ കമ്പനികളുടെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ 28-6-2018-ലെ സ.ഉ. (കൈ.) നമ്പർ 87/2018/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡോ. റ്റി. മിത്ര ഐ. എ. എസ്സിനെ ഇടക്കാല റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയായി നിയമിക്കുകയുണ്ടായി. കേന്ദ്ര ആക്റ്റിന്റെ 20-ാം വകുപ്പ് പ്രകാരം, ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഒരു വർഷത്തിനകം റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കേണ്ടതാണ്. ഇതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

(ബി) അതോറിറ്റിയിൽ രജിസ്ട്രേഷൻ നടത്തുന്നത് സംബന്ധിച്ചും സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ചും കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) റൂൾസ്, 2018-ലെ രണ്ടാം അദ്ധ്യായത്തിലെ 3, 4, 5 എന്നീ ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസക്തഭാഗം അനുബന്ധം *ആയി ചേർക്കുന്നു.

(സി) ഭൂമി വില നിയന്ത്രണവുമായി അതോറിറ്റിക്ക് ബന്ധമില്ല. റിയൽ എസ്റ്റേറ്റ് രംഗം സുതാര്യമാക്കുകയും ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുകയുമാണ് അതോറിറ്റി കൊണ്ട് ലക്ഷ്യമാക്കുന്നത്. റിയൽ എസ്റ്റേറ്റ് രംഗത്തെ പരാതികൾ പരിഹരിക്കുവാനുള്ള സംവിധാനം ഒരുക്കുക, റിയൽ എസ്റ്റേറ്റ് രംഗത്ത് നിയന്ത്രണവും വികസനവും കൊണ്ടുവരിക എന്നിവയാണ് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യം. കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും വില്പന സുതാര്യമാക്കുവാനും ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ട് റിയൽ എസ്റ്റേറ്റ് രംഗം കാര്യക്ഷമമാക്കുവാനും അതോറിറ്റി വിഭാവനം ചെയ്യുന്നു. ഈ രംഗത്തെ പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനമൊരുക്കുകയെന്നതും റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ ചുമതലയിൽപ്പെടുന്നു.

(ഡി) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ പ്രോജക്ടുകൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) റൂൾസ്, 2018-ലെ രണ്ടാമത്തെ അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. രജിസ്ട്രേഷന് അപേക്ഷിക്കുന്ന സമയത്ത്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന, അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഫീസടയ്ക്കേണ്ടതാണ്. പ്ലോട്ടിന്റെ കാര്യത്തിൽ പ്ലോട്ട് ഏരിയായുടെ ചതുരശ്ര മീറ്ററിന് 10 രൂപ നിരക്കിലാണ് ഫീസ്. പുതുതായി നിർമ്മിക്കുന്ന താമസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ചതുരശ്ര മീറ്ററിന് 25 രൂപ നിരക്കിലും നിർമ്മാണം തുടർന്നുകൊണ്ടിരിക്കുന്ന താമസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലുമാണ് ഫീസ്. വാണിജ്യാവശ്യത്തിനോ മറ്റാവശ്യത്തിനോ ഉള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 100 രൂപ നിരക്കിലാണ് ഫീസ്. ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്. രണ്ടാം അദ്ധ്യായത്തിന്റെ പ്രസക്തഭാഗം അനുബന്ധം * ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) റിയൽ എസ്റ്റേറ്റ് ഏജന്റുമാർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) റൂൾസ്, 2018-ലെ മൂന്നാം അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസക്തഭാഗം അനുബന്ധം* ആയി ചേർക്കുന്നു. ഇതിനു പുറമേ, അതോറിറ്റിയുടെ വെബ് സൈറ്റിൽ പ്രൊമോട്ടറുടെ എല്ലാ വിശദാംശങ്ങളും (കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനം ഉൾപ്പെടെ) പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

കോടതി നടപടികൾ മുഖേനയോ മറ്റോ ശിക്ഷാനടപടികൾ നേരിടുന്ന മോശം റെക്കോർഡ് ഉള്ള ഈ മേഖലയിലെ കമ്പനികളുടെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന കാര്യം അതോറിറ്റി രൂപീകരിച്ചതിനുശേഷം കൂടിയാലോചിച്ച് തീരുമാനിക്കാവുന്നതാണ്.

## മേൽമണ്ണ് സംരക്ഷണത്തിന് നടപടി

28 (*448) <u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ തീവ്രമായ പ്രളയത്തെത്തുടർന്നുണ്ടായ മേൽമണ്ണ് ശോഷണത്തിന്റെ വ്യാപ്തി എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇന്ത്യൻ കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ഇതു സംബന്ധിച്ച് ഏതെങ്കിലും പഠനമോ അവലോകനമോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) നിലവിൽ സംസ്ഥാനത്ത് നടന്നുവരുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അമിതമായി പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്നതും കൃഷിരീതിയിലെ അശാസ്ത്രീയതകൊണ്ട് അനിയന്ത്രിതമായ തോതിൽ ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഒഴുകിപ്പോകുന്നതും കാർഷികവൃത്തിയെയും ഉത്പാദനത്തെയും ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ശാസ്ത്രീയവും സന്തുലിതവുമായി മേൽമണ്ണ് സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കാൻ കഴിയുന്നതിനാവശ്യമായ നിയമനിർമ്മാണവും ബോധവൽക്കരണവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് തീവ്രമായ പ്രളയത്തെ തുടർന്നുണ്ടായ മേൽ മണ്ണ് ശോഷണത്തിന്റെ വ്യാപ്തിയെക്കുറിച്ചുള്ള പഠനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ മണ്ണിന്റെ ഭൗതിക-രാസസ്വഭാവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളെ കുറിച്ച് കാസർഗോഡ് ഒഴികെയുള്ള 13 പ്രളയ ബാധിത ജില്ലകളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പഠനം നടത്തി ഓരോ ജില്ലയിലെയും മണ്ണ് പരിശോധനാ ഫലങ്ങളും പ്രളയാനന്തരം കൃഷിഭൂമിയിൽ വന്നിട്ടുള്ള മാറ്റങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ ഉൾപ്പെടുത്തി "Soil Health Status of Kerala in the post flood Scenario" എന്ന റിപ്പോർട്ട് കർഷകർക്കും ഉദ്യോഗസ്ഥർക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനകരാമായവിധം വകുപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രളയത്തെ തുടർന്ന് മണ്ണിലുണ്ടായ പോഷക മൂല്യങ്ങളുടെ ശോഷണത്തെക്കുറിച്ച് കേരള കാർഷിക സർവ്വകലാശാല, സംസ്ഥാനത്തിന്റെ വിവിധ കാർഷിക ആവാസ വ്യവസ്ഥയിൽ നിന്ന് മണ്ണ് സാമ്പിളുകൾ ശേഖരിച്ച് സമഗ്രമായ പഠനങ്ങൾ നടത്തുകയുണ്ടായി. മണ്ണിന്റെ അമ്ലരസം വർദ്ധിച്ചതായും, ജൈവാംശം കുറഞ്ഞുപോയതായും പഠനത്തിൽ കാണപ്പെട്ടിട്ടുണ്ട്. അതോടൊപ്പം മൂലകങ്ങളായ നൈട്രജൻ, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ തുടങ്ങിയ ദ്വിതീയ സൂക്ഷ്മ മൂലകങ്ങൾ പ്രത്യേകിച്ചും മലയോര മേഖലകളിൽനിന്നും കുന്നിൻപ്രദേശങ്ങളിൽ നിന്നും ഒലിച്ചുപൊയ മേൽമണ്ണിനോടൊപ്പം നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല കേരളത്തിന്റെ കൃഷിഭൂമിയിൽ ഫോസ്ഫറസ് മൂലകത്തിന്റെ സാന്നിദ്ധ്യം കൂടുതലായി കാണപ്പെട്ടിട്ടുമുണ്ട്.

(ബി) 2018-ലെ തീവ്രമായ പ്രളയത്തെത്തുടർന്ന് കിഴങ്ങു വിളകൾക്കുണ്ടായ നാശനഷ്ടങ്ങളും സംസ്ഥാനത്ത് മണ്ണിന്റെ ഭൗതിക-രാസ സ്വഭാവത്തിലുണ്ടായ മാറ്റങ്ങളും ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലുള്ള തിരുവനന്തപുരത്ത് ശ്രീകാര്യത്തുള്ള കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം (സി.റ്റി.സി.ആർ.ഐ.) പഠന വിധേയമാക്കി.

സംസ്ഥാനത്ത് മൊത്തം 7679 ഹെക്ടർ സ്ഥലത്തെ 288.04 കോടി രൂപയുടെ കിഴങ്ങു വിളകൾ നശിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിൽ നിന്നുമുള്ള മണ്ണ് സാമ്പിളുകളും പ്രളയജലത്തിലൂടെ വന്നടിഞ്ഞ എക്കൽ, ചെളി സാമ്പിളുകൾ എന്നിവയും ശേഖരിച്ച് പഠനവിധേയമാക്കിയിരുന്നു. മിക്ക രാസ-ഭൗതിക സ്വഭാവങ്ങളും വളരെ മാറിയിട്ടുള്ളതായി പഠനം തെളിയിച്ചു. മണ്ണിന്റെ പി. എച്ച്. 3.12 മുതൽ 6.90 വരെയുള്ളതായി മാറുകയും ഓർഗാനിക് കാർബണിന്റെ തോത് 0.06 മുതൽ 4.55% വരെയുള്ളതായി കാണപ്പെടുകയും ചെയ്തു. പ്രധാന സസ്യപോഷക മൂലകങ്ങളായ

പാക്യജനകം, ഭാവകം, ക്ഷാരം എന്നിവയും ദ്വിതീയ സൂക്ഷ്മ മൂലകങ്ങളും വളരെ വലിയ തോതിൽ മാറിയിട്ടുള്ളതായി കാണപ്പെട്ടിട്ടുണ്ട്. പല പ്രദേശങ്ങളിലും സൂക്ഷ്മ മൂലകങ്ങളുടെ തോത് TOXIC LEVEL-എത്തുകയും സസ്യപോഷകങ്ങളുടെ സന്തുലിതാവസ്ഥ പാടെ മാറിമറിഞ്ഞതായും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. എക്കൽ, ചെളി എന്നിവ വന്നടിഞ്ഞ പ്രദേശങ്ങളിലെ മണ്ണിന്റെ ഭൗതിക സ്വഭാവങ്ങളായ bulk density, aggregate stability എന്നിവ വളരെ ദോഷകരമായ രീതിയിൽ മാറിയിട്ടുണ്ടെന്ന് സി. റ്റി.സി. ആർ. ഐ. വിലയിരുത്തിട്ടുണ്ട്.

(സി) വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അമിതമായി പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നതും കൃഷി രീതിയിലെ അശാസ്ത്രീയത കൊണ്ട് അനിയന്ത്രിതമായ തോതിൽ ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഒഴുകിപ്പോകുന്നതും, ആയവ കാർഷികവൃത്തിയേയും ഉത്പാദനത്തെയും ബാധിക്കുന്നതായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്.

അശാസ്ത്രീയമായ ഭൂവിനിയോഗ രീതികളും, കൃഷിരീതികളും, പ്രത്യേകിച്ച് അസന്തുലിത വളപ്രയോഗം കാർഷിക ഉല്പാദനത്തെ ബാധിച്ചതായി കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം കണ്ടെത്തിയിട്ടുണ്ട്.

(ഡി) ശാസ്ത്രീയവും സന്തുലിതവുമായ മേൽമണ്ണ് സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കാൻ കഴിയുന്നതിനാവശ്യമായ ബോധവൽക്കരണവും നടത്തുന്നതിന് വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ഡിസംബർ 5-ന് ലോക മണ്ണ് ദിനാചരണ പരിപാടി എന്നിവ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ മേൽമണ്ണിന്റെ സംരക്ഷണത്തിനും ആയതിലൂടെ കാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്കുമായി സംസ്ഥാനത്തുടനീളം നീർത്തടാടിസ്ഥാനത്തിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കാർഷിക ഭൂമിയിലെയും കാർഷികേതര ഭൂമിയിലെയും മേൽമണ്ണ് സംരക്ഷിക്കുന്നതിലൂടെ പ്രകൃതിയുടെ സന്തുലിതാവസ്ഥ ഉറപ്പാക്കാനും കാർഷികോത്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കും. വകുപ്പിന്റെ പരിശീലന കേന്ദ്രമായ ചടയമംഗലത്തെ സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രം (ഐ. ഡബ്ല്യു.ഡി.എം.കെ.) മുഖേന കർഷകർക്കും, ജനപ്രതിനിധികൾക്കും, സന്നദ്ധ സംഘടനാ പ്രവർത്തകർക്കും, വികസന വകുപ്പ് ഉദ്യോഗസ്ഥർക്കും, വിദ്യാർത്ഥികൾക്കും, ഗവേഷകർക്കും, കുടുംബശ്രീ പ്രവർത്തകർക്കും പത്രപ്രവർത്തകർക്കും നീർത്തടാധിഷ്ഠിത വികസനം, പ്രകൃതി വിഭവ പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്.

കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം നടത്തിയ സമഗ്ര പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പോഷക മൂലകങ്ങളുടെ അഭാവം പരിഹരിക്കാനുള്ള ശിപാർശകൾ സർവ്വകലാശാല നൽകിയിട്ടുണ്ട്. കൂടാതെ ഫോസ്ഫറസ് കുറഞ്ഞ അളവിൽ മാത്രം അടങ്ങിയ മിശ്രുവളങ്ങൾ ഉപയോഗിക്കാനുള്ള ശിപാർശ സർക്കാറിന് സമർപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണിൽ ജൈവ സമ്പത്ത് വർദ്ധിപ്പിക്കാനും പ്രധാന പോഷക മൂലകങ്ങളുടെയും ദ്വിതീയ സൂക്ഷ്മ മൂലകങ്ങളുടെയും അഭാവം പരിഹരിക്കാനുള്ള വളപ്രയോഗത്തെക്കുറിച്ചും, ജീവാണുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും, ജൈവ വളപ്രയോഗത്തെക്കുറിച്ചും പുതയിടൽ തുടങ്ങി മറ്റു മണ്ണ് സംരക്ഷണ മുറകളെക്കുറിച്ച് ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും പ്രസിദ്ധീകരണങ്ങൾ വഴിയും, സെമിനാറുകൾ നടത്തിയും കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ വഴിയും കർഷകർക്ക് ബോധവൽക്കരണം കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്നുണ്ട്.

## കുടുംബശ്രീയുടെ പ്രവർത്തന വിപുലീകരണം

29 (*449) ശ്രീ. എം. നൗഷാദ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ദാസൻ:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീക്ക് ആയിരം കോടിയോളം രൂപ നീക്കിവച്ചത് പ്രസ്ഥാനത്തിന്റെ പ്രവർത്തന വിപുലീകരണത്തിനും ശാക്തീകരണത്തിനും എത്രമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) അർഹരായ മുഴുവൻ പേരെയും കുടുംബശ്രീ അംഗങ്ങളാക്കാൻ ശ്രമം നടത്തുന്നുണ്ടോ;

(സി) കൃഷി, മൃഗപരിപാലനം, ചെറുകിട വ്യവസായം, സേവനമേഖല തുടങ്ങി കുടുംബശ്രീയുടെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിനും കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണി ശാക്തീകരിക്കുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കുടുംബശ്രീയിൽ സംസ്ഥാന ബജറ്റ് വിഹിതമായി ലഭിക്കുന്ന 183 കോടി രൂപയും പ്രത്യേക ഉപജീവന പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന

75 കോടിയും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി (എൻ ആർ എൽ എം, എൻ യു എൽ എം, ഡി ഡി യു ജി കെ വൈ, SVEP, MKSP) ലഭിക്കുന്ന 407 കോടി രൂപയും അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിൽനിന്നും നീക്കിവയ്ക്കുന്ന 335 കോടി രൂപയും കൂടി ചേർത്ത് 1,000 കോടി രൂപയാണ് കുടുംബശ്രീ വാർഷിക അടങ്കലായി വകയിരുത്തിയിരിക്കുന്നത്. ഇതിൽ കുടുംബശ്രീ മിഷൻ നേരിട്ട് ചെലവഴിക്കുന്നത് സംസ്ഥാന പദ്ധതി വിഹിതമായ 258 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി ലഭിക്കുന്ന 407 കോടി രൂപയുമാണ്. ടി തുക ചെലവഴിക്കുന്നത് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ കുടുംബശ്രീ മിഷനും ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായ ഗവേണിംഗ്ബോഡിയും ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. ഈ വർഷവും പ്രസ്തുത വിലയിരുത്തൽ നടത്തുന്നതാണ്. ഇതു കൂടാതെ ഗവേണിംഗ് ബോഡി തീരുമാന പ്രകാരം വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിന് പുറത്തു നിൽക്കുന്ന അർഹരായ താല്പര്യമുള്ള കുടുംബങ്ങളെ കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗങ്ങളാക്കുന്നതിന് ആവശ്യമായ പ്രവർത്തന പരിപാടികൾ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ ട്രാൻസ് ജെൻഡേഴ്സ്, പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (പിഡബ്ല്യുഡി), വയോജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തന പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. ഒരു വാർഡിൽ കുറഞ്ഞത് ഒരു വയോജന അയൽക്കൂട്ടമെങ്കിലും രൂപീകരിക്കുന്നതിന് ഈ വർഷം ലക്ഷ്യമിടുന്നു.

(സി) <u>കാർഷിക മേഖല</u>: കാർഷിക മേഖലയിൽ 11 തുടർ പദ്ധതികൾ, 10 പുതിയ പദ്ധതികൾ എന്നിവയടക്കം 21 പദ്ധതികൾ നിലവിലുണ്ട്. ഈ പദ്ധതികൾ എല്ലാം തന്നെ കർഷകരുടെ ഉന്നമനവും, അവരുടെ ശാക്തീകരണവും പ്രവർത്തന മേഖല വിപുലീകരണവും ലക്ഷ്യംവെച്ചുള്ളതാണ്. വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നസംരംഭങ്ങൾ, കച്ചവട സംരംഭങ്ങൾ, സംയോജിത കൃഷി അടിസ്ഥാനമാക്കിയുള്ള കൃഷിമുറകൾ, മൽസ്യകൃഷി എന്നിവയെല്ലാം വനിതാ കർഷകർ ചെയ്തു വരുന്നു. നിലവിൽ 65,031 കൃഷി സംഘങ്ങൾ 53,000 ഹെക്ടറിൽ കൃഷി ചെയ്തുവരുന്നു. ഇതിൽ 6904 ഏക്കറിൽ 8401 ഓളം ജെഎൽജികൾ ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു.

മൃഗസംരക്ഷണ മേഖല: കുടുംബശ്രീയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനും കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണി ശാക്തീകരിക്കുന്നതിനുമായി മൃഗസംരക്ഷണ മേഖലയിൽ 'മിൽക്കി ലാറ്റെ', 'ജെനോവ', 'കുടുംബശ്രീ ഷോപ്പി സേഫ് റ്റു ഈറ്റ്' തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

എം.ഇ: ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തരം പരിശീലനങ്ങളും അധിക ധനസഹായങ്ങളായ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ഇന്നോവേഷൻ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്, രണ്ടാംഘട്ട ധനസഹായം, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവയും നൽകിവരുന്നുണ്ട്. കൂടാതെ ചെറുകിട സംരംഭങ്ങൾക്ക് മാർഗ്ഗനിർദ്ദേശംനൽകി പിന്തുണാസഹായം നൽകാനായി മൈക്രോ എന്റർപ്രൈസ് കൺസൾട്ടൻസ് പ്രവർത്തിച്ചു വരുന്നു.

മാർക്കറ്റിംഗ്: ഉത്പന്നങ്ങളുടെ വിപണി ശാക്തീകരണത്തിനായി പരമ്പരാഗത കുടുംബശ്രീ വിപണന രീതികൾക്ക് പുറമെ മാസചന്തകൾ, വിവിധ മേളകൾ, ഓണ ചന്തകൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ, നാനോ മാർക്കറ്റുകൾ, കിയോസ്കുകൾ, ഓൺലൈൻ വഴിയുള്ള വിപണന മാർഗ്ഗങ്ങൾ മുതലായവയും കുടുംബശ്രീ മിഷൻ അവലംബിച്ച് പോരുന്നു. ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംരംഭങ്ങൾക്ക് ജില്ലാതലത്തിൽ നിരവധി പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

**നാളീകേര കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ നടപടി**

30 (*450) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മുഖമുദ്രയായ നാളികേരത്തിന്റെയും നാളികേരകൃഷിയുടെയും നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്യുമോ; വ്യക്തമാക്കുമോ;

(ബി) നാളികേരത്തിന്റെ മൂല്യവർദ്ധന, വൈവിദ്ധ്യവല്ക്കരണ സംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) " കേരകേരളം സമൃദ്ധകേരളം" എന്ന പദ്ധതിയിലൂടെ കേരളത്തിലെ നാളികേര കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാനുള്ള സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് കേര കൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടു കൂടി കൃഷി വകുപ്പുമന്ത്രി ചെയർമാനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്ന് 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനു 1.44 ലക്ഷം ഹെക്ടറിൽ അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി 3 ലക്ഷം ഹെക്ടറിൽ അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനാവശ്യമായ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ് എന്നിവ മുഖേന ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതാണ്.

ഈ പദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ആദ്യഘട്ടത്തിൽ കേരഗ്രാമങ്ങളായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളിലെയും, കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്ത തെരഞ്ഞെടുക്കപ്പെട്ട 200 പഞ്ചായത്തുകളിലെയും എല്ലാ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം 50 ശതമാനം സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പശ്ചിമതീര നെടിയൻ ഇനം, കുറിയ ഇനം, സങ്കരയിനം തെങ്ങിൻ തൈകൾ 60:20:20 അനുപാതത്തിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിനായി വിവിധ ഏജൻസികൾ മുഖേന 5.82 ലക്ഷം തെങ്ങിൻ തൈകൾ ലഭ്യമാക്കിയിട്ടുണ്ട്. പശ്ചിമതീര നെടിയൻ ഇനം, കുറിയ ഇനം എന്നിവയ്ക്ക് തൈ ഒന്നിന് 100 രൂപയും സങ്കരയിനം തൈകൾക്ക് 250 രൂപയുമാണ് വില നിശ്ചയിച്ചിട്ടുള്ളത്.

തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക,

സംയോജിത കീടരോഗ നിയന്ത്രണം സംയോജിത വളപ്രയോഗം ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ഉൽപ്പാദനക്ഷമതയില്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പൊക്കം കുറഞ്ഞ ഇനം തൈകളും ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകുന്നതാണ്. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള/കുറിയ ഇനങ്ങളുടെ മാതൃകാ ഫാമുകൾ 0.20 ഹെക്ടർ എങ്കിലും വിസ്തൃതിയുള്ളത് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്.

നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായത്തിനായി 100.00 ലക്ഷം രൂപ നടപ്പുവർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ പരിസ്ഥിത സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെ ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിനും അവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ബ്ലോക്കുതല ക്യാമ്പയിനും നടത്തുന്നതാണ്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന് പ്രൊജക്ട് അധിഷ്ഠിത സഹായമായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ പ്രോജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി 250 ലക്ഷം രൂപ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(ബി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോല്പന്ന സംസ്കരണത്തിനും വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി കോക്കനട്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും ഓരോ കോക്കനട്ട് ആഗ്രോപാർക്ക് ആരംഭിക്കുന്നതിന് കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തിരം നടപടി ആരംഭിച്ചിട്ടുണ്ട്. വ്യക്തികൾക്കും സ്ഥാപനങ്ങളും ഇവിടെ ലഭ്യമാകുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള സംരഭങ്ങൾ ആരംഭിക്കാവുന്നതാണ്.

കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാളികേര വികസന ബോർഡ് (CDB) ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പായ്ക്ക് ചെയ്ത് ബ്രാൻഡ് നാമത്തോടുകൂടിയ വൈവിദ്ധ്യങ്ങളായ നാളികേര ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള സംരംഭങ്ങൾക്ക് പ്രോജക്ട് തുകയുടെ 25 % (പരമാവധി 50 ലക്ഷം രൂപ) back ended credit capital ആയി ധനസഹായം നൽകുന്നുണ്ട് SFAC (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന നാളികേര അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപയ്ക്ക് താഴെ ചെലവ് വരുന്ന പദ്ധതികൾക്ക് ആകെ മൂലധന ചെലവിന്റെ 50% (പരമാവധി 10 ലക്ഷം രൂപ) back ended subsidy നൽകുന്നുണ്ട്. 25 ലക്ഷം മുതൽ 10 കോടി രൂപ വരെ ചെലവ് വരുന്ന സംരംഭങ്ങൾക്ക് കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും സാങ്കേതിക വിദ്യയും ചെലവാകുന്ന തുകയുടെ 50% (പരമാവധി 50 ലക്ഷം രൂപ) back ended subsidy നൽകുന്നുണ്ട്. 2019-20 വർഷം 12 കോടി രൂപയാണ് SFAC ഇതിനായി വകയിരുത്തിയിട്ടുള്ളത്.

പൊതുമേഖലാ സ്ഥാപനമായ കേരഫെഡ് കേരവെളിച്ചെണ്ണയ്ക്ക് പുറമേ ഉപോല്പന്നമായ കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി കേരമിൽക്ക്, പൗഡർ, കേരജം, കേശാമൃത്, ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് വിപണിയിലിറക്കിയിട്ടുണ്ട്. കേര വെളിച്ചെണ്ണയും, ഉപോല്പന്നങ്ങളും കേരള മാർക്കറ്റിലും, മറ്റിതര സംസ്ഥാനങ്ങളിലും കൂടാതെ വിദേശത്തും വിതരണം നടത്തിവരുന്നു.

മറ്റൊരു പൊതുമേഖലാ സ്ഥാപനമായ നാളികേര വികസന കോർപ്പറേഷൻ വെർജിൻ കോക്കനട്ട് ഓയിൽ, നീര എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് പുറമേ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉല്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ഹണി, നീര ലഡ്ഡു, നീരവിനീഗർ, നീര വെളിച്ചെണ്ണ, ചമ്മന്തിപ്പൊടി തുടങ്ങിയ ഉല്പന്നങ്ങൾ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തുന്നു.

സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷിവകുപ്പ് 2016 മുതൽ "വൈഗ" എന്ന അന്തർദ്ദേശീയ ശില്പശാല സംഘടിപ്പിച്ചുവരുന്നുണ്ട്.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## വൈഗ അന്താരാഷ്ട്ര ശില്പശാലയും കോക്കനട്ട് മിഷൻ രൂപീകരണവും

1(4665) ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് സംഘടിപ്പിച്ച വൈഗ എന്ന അന്താരാഷ്ട്ര ശില്പശാല കൃഷി വകുപ്പിന്റെ വികസനത്തിനായി എന്തെല്ലാം ആശയങ്ങളാണ് നൽകിയത് എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ശില്പശാലയുടെ ഭാഗമായി കോക്കനട്ട് മിഷൻ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത കോക്കനട്ട് മിഷൻ രൂപീകരിക്കാൻ സ്വീകരിച്ച നടപടിയും ആയതിന്റെ ചെലവ് സംബന്ധിച്ച വിശദാംശവും അറിയിക്കുമോ?

ഉത്തരം

(എ) 'വൈഗ' എന്ന അന്താരാഷ്ട്ര ശില്പശാല കാർഷിക മേഖലയിൽ മൂല്യവർദ്ധനവിലൂടെയുള്ള വരുമാനം സൃഷ്ടിക്കൽ (Value Addition for income generation in Agriculture)എന്ന വിശാലമായ അർത്ഥത്തിൽ നടത്തിവരുന്ന പ്രദർശന മേളകളാണ്. കാർഷിക/കാർഷികാനുബന്ധ മേഖലകളിലെ മൂല്യവർദ്ധനവിന്റെ സാധ്യതകൾ കർഷകർക്കും സംരംഭകർക്കും പരിചയപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യയെക്കുറിച്ചുള്ള ബോധവത്കരണത്തിന് ഉൾപ്പെടെയുള്ള വേദിയായി വൈഗ മാറിക്കഴിഞ്ഞിരിക്കുന്നു.

പ്രളയാനന്തര നവകേരളത്തിന്റെ കാർഷിക പുനർജ്ജനിക്കായി കാർഷിക ഉത്പാദനത്തോടൊപ്പം സംസ്കരണത്തിലും വിപണനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കൂടുതൽ യുവാക്കളെയും സംരംഭകരെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ വൈഗ മേള വഴി സാധിച്ചു. കാർഷിക മേഖലയിലെ പുത്തൻ സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്നതും കാർഷിക മേഖലയിലെ സംരംഭകത്വം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള 5 സ്റ്റാളുകൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മേളയിൽ സജ്ജീകരിച്ചിരുന്നു. വിവിധയിനം പഴങ്ങൾ, പച്ചക്കറികൾ, എക്സോട്ടിക് പ്ലാന്റുകൾ, ജന്മനക്ഷത്ര

ഔഷധസസ്യങ്ങൾ, തിരിനന-തുള്ളിനന, പോളീഹൗസ് എന്നിവയുടെ മാതൃക എന്നിവ കർഷകരിൽ അവബോധം സൃഷ്ടിക്കുവാൻ സാധിച്ചു. വിവിധ സ്കീമുകളുടെ വിശദാംശങ്ങൾ അടങ്ങിയ വീഡിയോ പ്രദർശനം സന്ദർശകർക്ക് അറിവിന്റെ ഒരു കലവറ തന്നെ ഒരുക്കി. തൃശ്ശൂരിന്റെ തനത് വാഴയിനം ചങ്ങാലിക്കോടൻ, വിവിധയിനം പുഷ്പങ്ങൾ, കൂൺകൃഷിയുടെ വ്യത്യസ്ത ഘട്ടങ്ങൾ, കൂൺ, ചക്ക, മറ്റ് പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ പ്രദർശിപ്പിച്ചു. പഞ്ചാബ്, സിക്കിം, ഗുജറാത്ത്, ജമ്മു-കാശ്മീർ, കർണ്ണാടക എന്നീ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ സ്റ്റാളുകളും അവരുടെ തനത് ഉല്പന്നങ്ങളും മേളയുടെ ആകർഷണമായിരുന്നു.

ജമ്മു-കാശ്മീർ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ സ്റ്റാളിൽ കേട്ടറിവുകൾ മാത്രമുള്ള ആപ്പിളിന്റെ വിവിധ ഇനങ്ങളും ഡ്രൈഫ്രൂട്ട്സും കുങ്കുമപ്പൂവും കണ്ടറിയുവാനും തൊട്ടറിയുവാനും വൈഗ മേളയിലൂടെ അവസരമൊരുക്കി.

കർണ്ണാടകയിൽനിന്നുള്ള സ്റ്റാളിൽ പച്ചക്കറികളിൽനിന്നും ഒരുക്കിയ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങളും ബൈയർ-സെല്ലർ മീറ്റ് എന്നിവയുടെ വിവരങ്ങളും കർഷകർക്ക് വിജ്ഞാനവ്യാപനത്തിന്റെ പാതകൾ സജ്ജമാക്കി.

ജൈവകൃഷി ഉല്പന്നങ്ങളുടെ കലവറയായിരുന്നു സിക്കിം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ സ്റ്റാൾ. സിക്കിമിന്റെ തനത് ഉല്പന്നമായ ഹൈ സ്പൈസി പച്ചമുളകും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും ബക്ക് വീറ്റ്, ചോളം, റെഡ് കാർഡമം, യാക്കിൻ പാലിൽനിന്നുള്ള സുപാരി, കോർഡ്സെപ്സ് സൈൻസിസ്സ് കൂൺ പൊടി ചേർത്ത ഗ്രീൻടീ തുടങ്ങിയ വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങൾ പ്രദർശനത്തിന് ഉണ്ടായിരുന്നു.

പഞ്ചാബ് ഓർക്കിഡ് സൊസൈറ്റിയുടെ സ്റ്റാളിൽ യുവ കർഷകരെ ഓർക്കിഡ് കൃഷിയിലേയ്ക്ക് ആർഷിക്കുവാനും ഡ്രൈഫ്ളവർ നിർമ്മാണമേഖലയെക്കുറിച്ചും ഉള്ള അറിവുകൾ നൽകി.

മൂല്യവർദ്ധനവിന്റെയും സംരംഭകത്വത്തിന്റെയും പ്രാധാന്യം പ്രചോദനം നൽകുവാനും പ്രദർശിപ്പിക്കുവാനും സാധിച്ചു. ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധനവും ഗുണമേന്മയും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ കർഷകർക്കും സാധാരണ ജനങ്ങൾക്കും ഒരുപോലെ ഉത്തേജനം നൽകുവാൻ സാധിച്ചു. മികച്ച ഉത്പാദനക്ഷമതയ്ക്കും ഭക്ഷ്യ സുരക്ഷയ്ക്കുമായി ആധുനിക സാങ്കേതിക വിദ്യയുടേയും മെച്ചപ്പെട്ട കൃഷിരീതികളുടെയും സംയോജനം വൈഗ വഴി ഉരുത്തിരിഞ്ഞു.

വിപണിയിലെ വിലവ്യതിയാനങ്ങൾ തരണം ചെയ്ത് വരുമാനം നേടുവാനുള്ള മാർഗ്ഗങ്ങൾ കൃഷിക്കാർക്ക് കണ്ടറിയുവാൻ വൈഗ വേദിയൊരുക്കി.

(ബി & സി) സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങളും ആവിഷ്കരണ പദ്ധതികളും ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.

2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും, രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക. 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

3. തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുക.

4. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉത്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളിലെ ഉല്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങാ സംഭരണം വിപുലപ്പെടുത്തിയും, വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

5. നെടിയ ഇനങ്ങളുടേയും, കുറിയ ഇനങ്ങളുടെയും, സങ്കര ഇനങ്ങളുടെയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും സ്ഥായിയായതും, വിപണന സാധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി/സമ്പ്രദായം നടപ്പിലാക്കുക.

6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉല്പാദനവും ഉല്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ജീവിത സുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും, തെങ്ങിന്റെ സംയോജിത വികസനത്തിനായി 'കേരഗ്രാമങ്ങൾ' ആരംഭിക്കുക. സാധ്യമായ എല്ലാ കേരഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും, കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേരസമിതികൾ/ ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ ശക്തിപ്പെടുത്തുക. കൂടാതെ നിലവിലുള്ള നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളും തമ്മിൽ പരിസ്പര ഏകോപനം സാധ്യമാക്കുക.

9. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി 'കേര കർമ്മ സേനകൾ' രൂപീകരിക്കുക. കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12. നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തി പ്പെടുത്തുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13. ദേശീയ അന്തർദ്ദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും നാളികേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക. ഉപോൽപ്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്കും സംരംഭകരിലേയ്ക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോൽപ്പന്നങ്ങൾ ദേശീയ/അന്തർദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുക.

മേൽ വിവരിച്ച ഉദ്ദേശലക്ഷ്യങ്ങൾ സഫലമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലമാക്കി സംസ്ഥാനത്ത് കേരകൃഷി വിസ്തൃതിയും, നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ലഭ്യത ആവശ്യാനുസരണം ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രതിവർഷം സംസ്ഥാനത്തുടനീളം ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം നട്ടുപിടിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനാവശ്യമായ തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, അംഗീകൃത വികേന്ദ്രീകൃത നഴ്സറികൾ എന്നിവ മുഖാന്തരം ഉൽപ്പാദിപ്പിച്ച് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വർഷം 300 കേര ഗ്രാമങ്ങളും, കേരഗ്രാമം ഇല്ലാത്ത 200 പഞ്ചായത്തുകളും തെരഞ്ഞെടുത്ത് തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2019-20 വർഷം 1900 ലക്ഷം രൂപ നാളികേര വികസന കൗൺസിൽ പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഇതിനുപുറമേ നാളികേര വികസന ബോർഡിന്റെയും, ജനകീയാസൂത്രണ പദ്ധതി വിഹിതത്തിന്റെയും, എൽ.എസ്.ജി.ഡി. തുടങ്ങിയ വകുപ്പുകളുടേയും,

എസ്.എഫ്.എ.സി., കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഫണ്ടുകളുടെ ഏകോപനം സാധ്യമാക്കിക്കൊണ്ടാണ് നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

**പഴം - പച്ചക്കറിക്ക് സൗദി അറേബ്യ ഏർപ്പെടുത്തിയിരുന്ന നിരോധനം**

2 (4666) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ്പ ബാധയെത്തുടർന്ന് കേരളത്തിൽ നിന്നുള്ള പഴം പച്ചക്കറിക്ക് സൗദി അറേബ്യ ഏർപ്പെടുത്തിയിരുന്ന നിരോധനം നീക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സംസ്ഥാനത്തെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നതിന് ഉള്ള സാഹചര്യമുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) നീക്കിയിട്ടുണ്ട്.

(ബി) പൊതുവായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പഴം പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭിച്ചുവരുന്നുണ്ട്. എന്നാൽ ഉൽപ്പാദനം കൂടുന്ന ചുരുക്കം ചില ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് സംഭവിക്കുന്ന അവസരങ്ങളിൽ അവ ന്യായമായ വിലയിൽ സംഭരിച്ച് ഹോർട്ടികോർപ്പ് വഴി വിപണനം നടത്താറുണ്ട്.

**ജാതി കൃഷി പ്രോത്സാഹനം**

3(4667) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ടോ;

(ബി) ജാതി കൃഷി ലാഭകരമാക്കുവാൻ ഏതെങ്കിലും തരത്തിലുള്ള സബ്സിഡി കർഷകർക്ക് നൽകുന്നുണ്ടോ; വിശദമാക്കാമോ;

(സി) കൃഷി നാശം സംഭവിക്കുന്ന ജാതി കർഷകർക്ക് ആശ്വാസധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ സഹായത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ജാതിയ്ക്ക് ന്യായവിലയും, വിള ഇൻഷ്വറൻസ് പരിരക്ഷയും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. സുഗന്ധവിള വികസനം എന്ന പദ്ധതിയിലെ ഒരു പദ്ധതി ഘടകമായ വിളവിസ്തൃതി വർദ്ധിപ്പിക്കൽ എന്നതിൻ കീഴിൽ ജാതികൃഷിയുടെ കൃഷി വ്യാപനത്തിനായി ഒരു ഹെക്ടറിന് വേണ്ടിവരുന്ന കൃഷി ചെലവിന്റെ 50 ശതമാനം തുകയായ 20,000 രൂപ ധനസഹായമായി നൽകുന്നു.

കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ സുഗന്ധ വ്യഞ്ജന വിളകളുടെ വിള വിസ്തൃതി വ്യാപനത്തിനും നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് ധനസഹായം നൽകിവരുന്നു. വിള വിസ്തൃതി വ്യാപനം ഘടകത്തിൽ ഉൾപ്പെടുത്തി ജാതി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറൊന്നിന് 20,000 നിരക്കിൽ ധനസഹായം നൽകുന്നു. ഉത്പാദനക്ഷമത കുറഞ്ഞതും രോഗബാധിതവുമായ മരങ്ങൾ വെട്ടി മാറ്റി പകരം അത്യുല്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിച്ച് ശാസ്ത്രീയമായ കൃഷി രീതികൾ ആവിഷ്കരിക്കുന്നതിനും ഹെക്ടറൊന്നിന് 20,000 രൂപ ധനസഹായം നൽകുന്നുണ്ട്.

(സി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന ജാതി കർഷകർക്ക് കായ്ഫലം ഉള്ള ജാതി ഒന്നിന് 400 രൂപ നിരക്കിലും കായ്ഫലമില്ലാത്തതിന് 150 രൂപ നിരക്കിലും ആനുകൂല്യം അനുവദിച്ചുവരുന്നു.

(ഡി) ഉണ്ട്. ന്യായവില ഉറപ്പാക്കുന്നതിനായി കാർഷിക മൊത്തവ്യാപാര വിപണികളിൽ കർഷകർക്ക് നേരിട്ട് ഉല്പന്നങ്ങൾ എത്തിച്ച് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ലേല സമ്പ്രദായത്തിലൂടെ വിറ്റഴിക്കുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. പൊതുവിൽ മലഞ്ചരക്ക് വ്യാപാരികൾ ജാതിക്കയും ജാതിപത്രിയും ഉൾപ്പെടെയുള്ള സ്പൈസസും കച്ചവടം നടത്തിവരുന്നു. പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ജാതിമരം ഒന്നിന് ഒരു വർഷത്തേയ്ക്ക് 3 രൂപയോ 3 വർഷത്തേയ്ക്ക് ഒരുമിച്ച് 7.50 രൂപ അടച്ച് ഇൻഷ്വർ ചെയ്ത കർഷകർക്ക് വിളനാശം സംഭവിച്ചാൽ കായ്ഫലം ഉള്ള ഒരു മരത്തിന് 3000 രൂപ നിരക്കിൽ ആനുകൂല്യം അനുവദിച്ചുവരുന്നു.

**കർഷക പ്രതിസന്ധി**

4(4668) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർ പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നറിയിക്കുമോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ ഇടപെടലുകളാണ് ഇതിനകം നടത്തിയത്;

(സി) ഇടുക്കി ജില്ലയ്ക്ക് 5000 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത ജില്ലയിലെ കർഷകർ പ്രളയാനന്തരം നേരിടുന്ന പ്രതിസന്ധിയുടെ വെളിച്ചത്തിലാണോ ഈ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചത്;

(ഡി) ഇതിനായുള്ള ധനം എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാർഷിക വിളകളുടെ ഉൽപ്പാദനക്കുറവ്, കർഷക തൊഴിലാളി ക്ഷാമം, കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്നിവയും 2018-ൽ കേരളം നേരിട്ട രൂക്ഷമായ പ്രളയം തുടങ്ങിയവയാണ് പ്രധാന കാരണങ്ങൾ.

(ബി) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷി വ്യാപനം, ജൈവകൃഷി, കർഷകത്തൊഴിലാളി ക്ഷാമത്തിന് പരിഹാരം, യന്ത്രവത്കരണം, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ്, കർഷകക്ഷേമം എന്നിവ ലക്ഷ്യം വച്ച് വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, സുഗന്ധവ്യഞ്ജന വികസന പദ്ധതി, ഹൈടെക് അഗ്രിക്കൾച്ചർ, മണ്ണിന്റെയും വേരിന്റേയും ആരോഗ്യപരിപാലനവും ഉൽപ്പാദനക്ഷമത ഉയർത്തലും, വിള ആരോഗ്യ പരിപാലനം, ജൈവകൃഷിയും ഉത്തമ കൃഷിമുറകളും, ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും കാർഷിക വിപണനവും വിപണി വികസനവും മൂല്യവർദ്ധനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും വയനാട് പാക്കേജ് പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾ, കിഴങ്ങ്-പയർവർഗ്ഗങ്ങളുടെ വികസനം, പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം, നാടൻവിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും എന്നിവയാണ് പ്രധാന പദ്ധതികൾ. ഈ പദ്ധതികൾ നടപ്പാക്കുന്നതിനലൂടെ കാർഷിക വിളകളുടെ ഉൽപ്പാദവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

കേന്ദ്ര സർക്കാർ നടപ്പാക്കിയ ആസിയാൻ കരാർ, മറ്റ് ആഗോള വ്യാപാര കരാറുകൾ, എന്നിവമൂലം കേരളത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, ഏലം,

കുരുമുളക്, നാളികേരം (കൊപ്ര) മുതലായവയുടെ വിലയിടിവ് ആഭ്യന്തര ഉല്പാദനത്തെ ബാധിക്കുകയും തദ്വാര കാർഷിക മേഖലയുടെ പ്രതിസന്ധിക്ക് കാരണമാകുകയും ചെയ്തു. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിവരുന്നു.

2018-ൽ ഉണ്ടായ പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിവരുന്നത്. ജില്ലകളിൽ 'പുനർജ്ജനി' എന്ന പേരിൽ കാർഷിക മേഖലയുടെ പുന:സൃഷ്ടിക്കായി, അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റംവരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ട് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിക്കുകയും പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു പ്രളയാനന്തരം കേരളത്തിലെ കാർഷിക മേഖല പുനരുജ്ജീവനത്തിന്റെ പാതയിൽ വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

2018-ലെ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നുള്ള ധനസഹായത്തിനുപരിയായി കൃഷി വകുപ്പിന്റെ ശീർഷകത്തിൽ നിന്നുള്ള പ്രത്യേക സഹായം കമുക്, കൊക്കോ, കാപ്പി, കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നീ വിളകൾക്ക് ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. ഏലത്തിന് നൽകുന്ന നഷ്ടപരിഹാരം ഹെക്ടറിന് ഒന്നിന് 18,000 രൂപയിൽനിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചു.

വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നൽകുന്ന ആനുകൂല്യ തുകയിൽ 20 വർഷത്തിനുശേഷം 2 മുതൽ 13 ഇരട്ടി വരെ വർദ്ധന നടപ്പിലാക്കി. പട്ടയം ലഭിക്കാത്ത അസംരക്ഷിത വനമേഖലയിലെ കൃഷിക്ക് കൂടി വിള ഇൻഷ്വറൻസ് പദ്ധതി ബാധകമാക്കി. മുമ്പ് ഉണ്ടായിരുന്ന വിളകൾക്ക് പുറമെ ചെറുധാന്യങ്ങൾ, മാവ് എന്നിവയെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി.

കർഷകർ പൊതുമേഖല വാണിജ്യ സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ക്ഷീരവികസനം, മൃഗസംരക്ഷണം

ഉൾപ്പെടെയുള്ള വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

(സി & ഡി) 2019-20 സാമ്പത്തിക വർഷം സുഗന്ധവ്യഞ്ജന വിള വികസന പദ്ധതിയിൽ ഇടുക്കി ജില്ലയ്ക്കായി പ്രത്യേകം 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കാർഷിക മേഖലയുടെ സുസ്ഥിര വികസനം**

5 (4669) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് കൃഷി വിജ്ഞാന വ്യാപനം അനിവാര്യമായതിനാൽ അതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) കാലാവസ്ഥയ്ക്ക് അനുയോജ്യമായ വിത്തിനങ്ങളും കൃഷിരീതികളും വിളപരിചരണ രീതികളും കർഷകരിലേയ്ക്കെത്തിക്കുവാൻ കാർഷിക സർവ്വകലാശാലയും മറ്റ് ഗവേഷണ സ്ഥാപനങ്ങളും എത്ര ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സമേതി, റീജിയണൽ അഗ്രികൾച്ചറൽ ടെക്നോളജി ട്രെയിനിംഗ് സെന്ററുകൾ, ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം വിശദമാക്കാമോ?

ഉത്തരം

(എ) കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് ആവശ്യമായ കൃഷി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതികളായ ആത്മ, ലീസ്ഡ് എന്നീ പദ്ധതികളിലൂടെ നടപ്പാക്കുന്നുണ്ട്.

കൃഷി അനുബന്ധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുന്നതിന് സഹായകമാകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ആത്മ. കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന 'ആത്മ' പദ്ധതിയിലെ വിവിധ ഘടകങ്ങളായ പ്രദർശന തോട്ടങ്ങൾ, വയൽ വിദ്യാലയങ്ങൾ എന്നിവ വഴി സാധിക്കുന്നു. കാർഷിക രംഗത്തെ ഗവേഷണ ഫലങ്ങൾ

കർഷകരിലെത്തിക്കുന്നതിന് കർഷക ശാസ്ത്രജ്ഞ മുഖാമുഖങ്ങൾ, പ്രതിമാസ സാങ്കേതിക ശില്പശാല എന്നിവ സഹായകമാണ്. കാർഷിക വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി കർഷകരുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന മാതൃകാ കൃഷിയിടങ്ങൾ (ഡെമോൺസ്ട്രേഷൻ) കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ കൃഷി ഉദ്യോഗസ്ഥർ മുഖാന്തരം സ്വന്തം കൃഷിയിടത്തിൽ, പ്രായോഗികമായി നടപ്പിലാക്കുന്നതിന് കർഷകരെ സഹായിക്കുന്നുണ്ട്. 'ആത്മ' വഴി നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ, മാതൃകാ കൃഷിയിടങ്ങളിലേയ്ക്കുള്ള പഠനയാത്രകൾ, ഗവേഷണ കേന്ദ്രത്തിലേയ്ക്കുള്ള സന്ദർശന പരിശീലന പരിപാടികൾ എന്നിവയും നൂതന സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കാൻ ഉപയോഗപ്പെടുത്തുന്നുണ്ട്.

കാർഷിക വിജ്ഞാന വ്യാപനത്തിന് ഊന്നൽ നൽകുന്ന പദ്ധതിയായ 'ലീഡ്സ്' കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് ജില്ലകളിൽ 2018-19 വരെ നടപ്പിലാക്കി. കൃഷിയിടങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ ഗവേഷണ സ്ഥാപനങ്ങൾ, അതാത് പ്രദേശങ്ങളിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവയുമായി ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കർഷകർക്ക് നൽകുകയും ചെയ്യുന്നു. കൃഷിയിടങ്ങളിൽ കർഷകർ അനുവർത്തിക്കേണ്ട കൃഷി രീതികൾ കൃഷിയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ എന്നിവ Monthly Technology Advisory ആയി തയ്യാറാക്കുകയും അവ കർഷകരിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കാലാവസ്ഥയ്ക്ക് അനുയോജ്യമായ വിത്തിനങ്ങളും കൃഷി രീതികളും വിള പരിചരണ രീതികളും കർഷകരിലെത്തിക്കുവാൻ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. സർവ്വകലാശാലയുടെ ഗവേഷണമുൾപ്പെടെയുള്ള മേഖലകളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രവർത്തന റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ സർക്കാരിൽ സമർപ്പിക്കുകയും ആയത് വിലയിരുത്താറുമുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാലയുടെ ഭരണ നിയന്ത്രണത്തിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങൾ കാലാവസ്ഥയ്ക്കനുയോജ്യമായ വിത്തിനങ്ങളെപ്പറ്റിയും വിള പരിചരണ രീതി, കൃഷി രീതി എന്നിവയെപ്പറ്റിയും കർഷകരിൽ അവബോധം സൃഷ്ടിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. കൃഷി വിജ്ഞാന കേന്ദ്രങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ കേന്ദ്ര ഏജൻസിയായ ICAR-ഉം അവലോകനം നടത്താറുണ്ട്.

(സി) കൃഷി അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സമേതി. കൃഷി അനുബന്ധ മേഖലകളിലെ ഉദ്യോഗസ്ഥർക്ക്

മാനേജ്മെന്റ് കഴിവും വിജ്ഞാനവ്യാപന ശേഷിയും വർദ്ധിപ്പിക്കുന്നതിന് വിവിധതരം പരിശീലന പരിപാടികളാണ് പ്രധാനമായും ഇവിടെ നടത്തിവരുന്നത്. ഇതിനുപുറമേ ജില്ലകൾ കേന്ദ്രീകരിച്ച് വിവിധ വിഷയങ്ങളിൽ ഓഫ് ക്യാമ്പസ് പരിശീലനങ്ങളും നടത്തിവരുന്നു.

സ്കിൽ ട്രെയിനിംഗ് ഫോർ റൂറൽ യൂത്ത് (STRY) പരിപാടി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ യുവജനങ്ങൾക്ക് നൈപുണ്യ വികസന പരിപാടി നടപ്പിലാക്കുന്നുണ്ട്.

കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കായി 2 വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ ഇൻ പ്ലാൻ ഹെൽത്ത് മാനേജ്മെന്റ് ഹൈദ്രാബാദിലെ 'മാനേജ് എന്ന സ്ഥാപനവുമായി സഹകരിച്ച് നടത്തിവരുന്നു. കൂടാതെ പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ എന്ന കോഴ്സും മാനേജിന്റെ സഹകരണത്തോടെ നടപ്പാക്കുന്നുണ്ട്.

ഇതുകൂടാതെ വളം/കീടനാശിനി വില്പനക്കാർക്കുള്ള ഡിപ്ലോമ ഇൻ അഗ്രികൾച്ചർ എക്സ്റ്റൻഷൻ സർവ്വീസസ് ഫോർ ഇൻപുട്ട് ഡീലേഴ്സ് (DAESI) എന്ന 48 ദിവസം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സും സമേതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്.

സർക്കാർ സർവ്വീസിൽ പുതുതായി നിയമനം ലഭിക്കുന്ന കൃഷി ഓഫീസർമാർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് കോഴ്സും മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം പോലെയുള്ള പരിശീലനങ്ങളും സമേതിയിൽ സംഘടിപ്പിച്ചുവരുന്നു.

കൃഷി വകുപ്പിന്റെ കീഴിൽ മേഖലാ പരിശീലന കേന്ദ്രങ്ങൾ കഴക്കൂട്ടം, കോഴ, വൈറ്റില, മലമ്പുഴ, തളപ്പറമ്പ എന്നിവിടങ്ങളിലും കർഷക പരിശീലന കേന്ദ്രങ്ങൾ പന്തളം, വേങ്ങേരി എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു. ഈ പരിശീലന കേന്ദ്രങ്ങൾ വഴി വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന 'മാനവവിഭവശേഷി വികസനം' എന്ന പദ്ധതി പ്രകാരം കൃഷി ഉദ്യോഗസ്ഥർ, കൃഷി അസിസ്റ്റന്റുമാർ, മിനിസ്റ്റീരിയൽ സ്റ്റാഫ്, കർഷകർ എന്നിവർക്ക് കൃഷി, അനുബന്ധ മേഖലയിൽ വിഷയാധിഷ്ഠിത പരിശീലനങ്ങൾ നൽകിവരുന്നു. പരമാവധി പരിശീലന കാലാവധി ഒരു പരിശീലനത്തിന് 3 ദിവസമാണ്.

ഇതിനോടൊപ്പം തന്നെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന "ഫീൽഡ് അസിസ്റ്റന്റുമാർക്കും ബ്ലോക്ക് ടെക്നോളജി മാനേജർമാർക്കുമുള്ള പരിശീലനം" എന്ന പദ്ധതിയിൽ വിജ്ഞാന വ്യാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന താൽക്കാലിക ജീവനക്കാർക്ക് പരിശീലനം നൽകുന്നുണ്ട്. കൂടാതെ SHM

പദ്ധതിയുടെ കീഴിൽ വരുന്ന ഗാർഡനേഴ്സ് പരിശീലനവും നടത്തുന്നുണ്ട്. കാർഷിക വികസനത്തോടൊപ്പം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ കർഷകരെ പ്രാപ്തരാക്കുന്നതിന് വിവിധ മേഖലകളായ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, സമ്മിശ്ര കൃഷിരീതികൾ, കൂൺ കൃഷി, തേനീച്ച വളർത്തൽ, പൂ കൃഷി എന്നിവയിൽ പ്രവൃത്തി പരിചയം ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

പുതുതായി രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ രജിസ്റ്റർ ചെയ്ത അംഗങ്ങൾക്കും പരിശീലനങ്ങൾ നൽകുന്നുണ്ട്.

## പ്രത്യേക കാർഷിക മേഖല പദ്ധതി

6 (4670) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ബാബു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിളകൾക്ക് ഏറ്റവും അനുയോജ്യമായ കാർഷികമേഖലകൾ കണ്ടെത്തി അവയുടെ വികസനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക കാർഷിക മേഖല പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളേയും ഏതെല്ലാം കാർഷിക വിളകളേയുമാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം പ്രത്യേക കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് മികച്ച വിപണി നേടിക്കൊടുക്കുന്നതിനും അവയ്ക്ക് ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ പ്രാധാന്യം നേടിക്കൊടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം ഉല്പന്നങ്ങൾക്ക് ഭൗമശാസ്ത്ര സൂചിക പദവി നേടുന്നതിനുള്ള ശാസ്ത്രീയ പഠനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1-5 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉത്പാദനക്ഷമത, മണ്ണിന്റേയും കാലാവസ്ഥയുടേയും അനുയോജ്യത മുതലായവ അടിസ്ഥാനമാക്കിയാണ് പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുക്കുന്നത്. ഓരോ വിളയുടെയും കൃഷിക്ക്

അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉത്പാദനം ഉണ്ടാക്കുവാൻ സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുള്ളത്. നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്.

5 വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇവ താഴെപ്പറയും പ്രകാരമാണ്:

നെല്ല് (7) – കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്.

പച്ചക്കറി (4) – ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ - നെന്മാറ

വാഴ (1) – തൃശ്ശൂർ

പൂക്കൾ (1) – വയനാട്

തെങ്ങ് (1) - കോഴിക്കോട്

അട്ടപ്പാടി ഉൾപ്പെടെ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ട്രൈബൽ അഗ്രിക്കൾച്ചറിനായി ഒരു പ്രത്യേക കാർഷിക മേഖലയും രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി ഒരു കയറ്റുമതി നയം രൂപം കൊടുത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ നോഡൽ ഏജൻസിയായി VFPCK-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ദേവികുളം ബ്ലോക്കിലെ കാന്തല്ലൂർ, വട്ടവട ഭാഗത്തെ വെളുത്തുള്ളിക്ക് ഭൗമ സൂചിക പദവി ലഭിക്കുന്നതിനായി 2018-19-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കാന്തല്ലൂർ, വട്ടവട പഞ്ചായത്ത് പ്രസിഡന്റുമാർ, കർഷക പ്രതിനിധികൾ, കാർഷിക സർവ്വകലാശാലയുടെ പ്രതിനിധികൾ, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. മലപ്പൂണ്ട് വെളുത്തുള്ളിക്ക് ഭൗമ സൂചിക പദവി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കാർഷിക കടാശ്വാസ കമ്മീഷൻ

7 (4671) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ 2019 മേയ് വരെ സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷൻ കർഷകർക്ക് ആനുകൂല്യമായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കാർഷികവായ്പകളുടെ മൊറട്ടോറിയം കാലാവധി എന്ന് വരെയാണ് ദീർഘിപ്പിച്ചിട്ടുള്ളത്; കർഷകർക്ക് കൃഷിചെയ്യുന്നതിന് പലിശരഹിത വായ്പ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 88208 അപേക്ഷകളിൽ സിറ്റിംഗ് നടത്തി അർഹരായ 14552 പേർക്ക് 39,93,95,153 രൂപ (മുപ്പത്തിയൊമ്പത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിഅയ്യായിരത്തി ഒരുനൂറ്റിയമ്പത്തിമൂന്ന് രൂപ) കടാശ്വാസമായി നൽകുവാൻ കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | തുക (രൂപയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 7,23,25,144 |
| 2 | കൊല്ലം | 2,94,800 |
| 3 | ആലപ്പുഴ | 13,99,475 |
| 4 | പത്തനംതിട്ട | 10,26,275 |
| 5 | കോട്ടയം | 1,00,000 |
| 6 | ഇടുക്കി | 8,29,67,785 |
| 7 | എറണാകുളം | 48,000 |
| 8 | തൃശ്ശൂർ | - |
| 9 | പാലക്കാട് | 2,12,42,720 |
| 10 | മലപ്പുറം | 9,19,749 |
| 11 | കോഴിക്കോട് | 58,60,875 |
| 12 | വയനാട് | 9,89,06,993 |
| 13 | കണ്ണൂർ | 7,29,80,717 |
| 14 | കാസർഗോഡ് | 4,13,22,620 |
| | ആകെ | 39,93,95,153 |

(ബി) പൊതുമേഖല, വാണിജ്യ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശരഹിത വായ്പയായി മാറ്റുന്നതിന് "ഉത്തേജന പലിശയിളവ് പദ്ധതി" നടപ്പിലാക്കിവരുന്നു.

കൂടാതെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നെൽകർഷകർക്കുള്ള പലിശരഹിത വായ്പ പദ്ധതിയും നടപ്പിലാക്കിവരുന്നു. 6 മാസകാലയളവിലേയ്ക്ക് അനുവദിക്കുന്ന വായ്പ നിശ്ചിത സമയപരിധിക്കകം തിരിച്ചടയ്ക്കുന്ന കർഷകർക്ക് മുതൽ തുക മാത്രം തിരിച്ചടച്ചാൽ മതിയാകും.

## കാർഷിക തകർച്ചയും സാമ്പത്തിക ബുദ്ധിമുട്ടും അനുഭവിക്കുന്ന കർഷകർക്ക് സഹായം

8 (4672) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയും കാർഷികോല്പന്നങ്ങളുടെ വിലയിടിവും നോട്ട് നിരോധനം പോലുള്ള നടപടികളും കാർഷിക മേഖലയെ എപ്രകാരമാണ് ബാധിച്ചത്;

(ബി) ഇതുമൂലം കാർഷിക തകർച്ചയും സാമ്പത്തിക ബുദ്ധിമുട്ടും അനുഭവിക്കുന്ന കർഷകർക്ക് എന്തൊക്കെ സഹായമാണ് സർക്കാർ തലത്തിൽ നൽകിയത്;

(സി) വിളനാശം സംഭവിച്ച കർഷകർക്കുള്ള ധനസഹായത്തിന്റെ തോത് വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മേൽപ്പറഞ്ഞ കെടുതിയിൽപ്പെട്ട് വലയുന്ന കർഷകർക്ക് സഹായകമായ നിലപാടാണോ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതിനോടൊപ്പം ധാരാളം കർഷകർക്ക്

കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. കാർഷികോല്പന്നങ്ങളുടെ വിലയിടിവും നോട്ട് നിരോധനവും കാർഷിക മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം എന്നിവയും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ ഏജൻസികൾ വഴി വിപണി ഇടപെടലുകളും നടത്തിവരുന്നു.

(ബി) പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിക്കായി, അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോ സർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്. പുനർജ്ജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കുവാനും സാധിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയുടെ സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രളയംമൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ് - മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽ വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിന് 22.60338 കോടി രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 75 ലക്ഷം രൂപയുള്ള 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ

അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട് എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ചമൂലം കൃഷിനാഷം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.

വെള്ളപ്പൊക്ക കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപ്പാദനോപാധികളുടെ വിതരണത്തിനും നടീൽ വസ്തുക്കളുടെ വിതരണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.

പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേൽ ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) 2018-ലെ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നുള്ള ധനസഹായത്തിനുപരിയായി കൃഷി വകുപ്പിന്റെ ശീർഷകത്തിൽനിന്നുള്ള പ്രത്യേക സഹായം കമുക്, കൊക്കോ, കാപ്പി, കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നീ വിളകൾക്ക് ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. ഏലത്തിന് നൽകുന്ന നഷ്ടപരിഹാരം ഹെക്ടർ ഒന്നിന് 18,000 രൂപയിൽനിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചു.

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യ തുകയിൽ 20 വർഷത്തിനുശേഷം 2 മുതൽ 13 ഇരട്ടി വരെ വർദ്ധന നടപ്പിലാക്കി.

(ഡി) പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.

കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 5328 ലക്ഷം രൂപയും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. പമ്പ് സെറ്റ്, പെട്ടിയും പറയും എന്നിവ റിപ്പെയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽനിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതവും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

**കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതി**

9 (4673) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി, പഴം മുതലായ കാർഷിക ഉല്പന്നങ്ങൾ വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത് വിദേശനാണ്യം നേടുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് പഴം, പച്ചക്കറി, മറ്റ് കാർഷിക ഉല്പന്നങ്ങൾ എന്നിവ കയറ്റുമതി ചെയ്യുന്നതിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) കാർഷികരംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പച്ചക്കറി, പഴം മുതലായ കാർഷികോൽപ്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാരിന്റെ പ്ലാന്റ് കോറന്റൈൻ സ്റ്റേഷനുകൾ ഉണ്ട്. കൊച്ചി വിമാനത്താവളത്തിൽ പഴം പച്ചക്കറി കയറ്റുമതിക്കാവശ്യമായ ശീതീകരണ സംവിധാനങ്ങൾ ഉണ്ട്. കയറ്റുമതിക്കാവശ്യമായ അപേഡ അംഗീകൃത പായ്ക്ക് ഹൗസുകൾ മൂവാറ്റുപുഴ

വയനാട് എന്നിവിടങ്ങളിൽ പ്രവർത്തനക്ഷമമാണ്. കൂടാതെ സ്വകാര്യമേഖലയിൽ തൃശ്ശൂർ ഇരിങ്ങാലക്കുടയിൽ ഒരു അംഗീകൃത പായ്ക്ക് ഹൗസ് ഉണ്ട്. കേരളാ കാർഷിക സർവ്വകലാശാലയുടെ എൻ.എ.ബി.എൽ. അംഗീകാരമുള്ള തിരുവനന്തപുരത്തുള്ള ലബോറട്ടറി, സ്വകാര്യ മേഖലയിൽ എറണാകുളത്തുള്ള ലബോറട്ടറി എന്നിവയും കയറ്റുമതിക്കായുള്ള സംസ്ഥാന സംവിധാനങ്ങളാണ്. തൃശ്ശൂരിൽ മറ്റൊരു പായ്ക്ക് ഹൗസ് പണി പൂർത്തീകരിച്ച് വരുന്നു. കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി ഒരു കയറ്റുമതി നയത്തിന് രൂപം കൊടുത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നു. ഇതിന്റെ നോഡൽ ഏജൻസിയായി വി.എഫ്.പി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ നിന്നുള്ള പഴം പച്ചക്കറിയുൾപ്പെടെയുള്ള കയറ്റുമതിയിൽ വർദ്ധന ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസരത്തിലാണ് നിപാ വൈറസ് പ്രശ്നം കയറ്റുമതിയെ ദോഷകരമായി ബാധിച്ചത്. കയറ്റുമതിക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം പിൻവലിച്ചിട്ടുണ്ട്. അതിൽനിന്നും പ്രസ്തുത രംഗം കരകയറി വരുന്നുണ്ട്.

(സി) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ കൊടുക്കുന്നു:

1. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം
2. പച്ചക്കറി തൈകളുടെ വിതരണം
3. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യസംസ്കരണവും
4. സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി
5. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം
6. ജില്ലാ ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി
7. എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം
8. ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം
9. ബ്ലോക്ക് തല നഴ്സറികളുടെ വികസനം
10. മഴമറകൾ സ്ഥാപിക്കൽ
11. സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും
12. തരിശുനിലകൃഷി

13. മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറിവിത്ത് വിതരണം

14. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം

15. ബ്ലോക്ക്തല ഫെഡറേറ്റ് സമിതികളുടെ രൂപീകരണം.

പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിലൂടെ കഴിഞ്ഞ 3 വർഷം കൊണ്ട് വിസ്തൃതി 52830 ഹെക്ടറിൽനിന്നും 82166.55 ഹെക്ടർ ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

നെൽക്കൃഷിയിൽ സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

സംസ്ഥാന സർക്കാരിന്റെ നെൽക്കൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു. കർഷകർക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യവും നടപ്പിലാക്കിവരുന്നു.

നെൽക്കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽക്കൃഷി വികസനം, സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസുമതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനം, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനുള്ള പദ്ധതി, കരനെൽകൃഷി, തരിശ് നിരത്തിലെ കൃഷി. ഇതിനുപുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽക്കൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്. നെൽക്കൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD-NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു.

നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു.

2015-16-ൽ 196870 ഹെക്ടർ വിസ്തൃതിയായിരുന്ന നെൽകൃഷി 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കുവാനും പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്തുവാൻ സാധിച്ചു.

കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെങ്ങ് കൃഷിയുടെ സമഗ്ര വികസനത്തിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ച് നല്ലരീതിയിൽ പ്രവർത്തനം നടത്തിവരുന്നു. കാർഷിക രംഗത്തെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതികളും നടപ്പിലാക്കിവരുന്നു. കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനങ്ങളും നടപ്പിലാക്കിവരുന്നു. കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**സങ്കരയിനം തെങ്ങിൻ തൈകളുടെ ഗുണനിലവാരം**

10 (4674) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിൽ സങ്കരയിനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നത് ഏതൊക്കെ ഫാമുകളിലാണെന്ന് വിശദമാക്കാമോ; ഏതൊക്കെ തൈകളാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ ഫാമുകളെ കൂടാതെ കൃഷിക്കാരുടെ തോട്ടങ്ങളിലും ഇതിനാവശ്യമായ തേങ്ങകളുടെ ഉത്പാദനം നടത്താറുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഇത്തരം തൈകളുടെ ഗുണമേന്മയെക്കുറിച്ച് കാലാകാലങ്ങളായി ഉയർന്നു വരാറുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദീർഘകാലം നിലനിൽക്കുന്ന വിള ആയതുമൂലം നഴ്സറികളിൽനിന്നും ലാഭനഷ്ടം നോക്കാതെ ഏറ്റവും ഗുണമേന്മയുള്ള തൈകൾ മാത്രം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ 8 കോക്കനട്ട് നഴ്സറികളിലും, സീഡ് ഗാർഡൻ കോംപ്ലക്സ് മുണ്ടേരി, ജില്ലാ കൃഷിത്തോട്ടങ്ങൾ, സ്പെഷ്യൽ ഫാമുകൾ, സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും സങ്കരയിനം തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നു. കൃഷി വകുപ്പ് ഫാമുകളിൽ നെടിയ ഇനം (വെസ്റ്റ് കോസ്റ്റ് ടോൾ), കുറിയ ഇനം, സങ്കര ഇനം (ടി x ഡി, ഡി x ടി) എന്നീ ഇനം തെങ്ങിൻ തൈകളാണ് ഉല്പാദിപ്പിക്കുന്നത്.

(ബി) ഉണ്ട്. വിത്തുസംഭരണ കേന്ദ്രത്തിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സഹായത്താൽ വിത്തുതേങ്ങകൾ മുഖ്യമായും കർഷകരുടെ കൃഷി സ്ഥലങ്ങളിൽനിന്നും ഉല്പാദിപ്പിച്ച് സംഭരണ കേന്ദ്രങ്ങളിൽ സംഭരിക്കുന്നു. വിത്തുതേങ്ങ ശേഖരക്കുന്നതിന് കർഷകരുടെ തെങ്ങിൻതോട്ടങ്ങളിൽനിന്ന് നല്ലയിനം മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് കർഷകരുടെ സമ്മതത്തോടുകൂടി മാർക്ക് ചെയ്യുന്നു. മാർക്ക് ചെയ്ത മാതൃവൃക്ഷങ്ങളുടെ വിശദവിവരം വിത്തുതേങ്ങ സംഭരണ കേന്ദ്രത്തിൽ സൂക്ഷിക്കുന്നു. ഇപ്രകാരം മാർക്ക് ചെയ്ത മാതൃവൃക്ഷങ്ങളിൽനിന്നാണ് വിത്തുതേങ്ങകൾ സംഭരിക്കുന്നത്. കർഷകരുടെ തോട്ടങ്ങളിൽ പോളിനേഷൻ നടത്തുന്നതിലേയ്ക്ക് പ്രത്യേക പരിചയസമ്പന്നരായ പോളിനേഷൻ തൊഴിലാളികളെ ഉപയോഗിച്ചാണ് സങ്കരയിനം വിത്ത് തേങ്ങ ഉല്പാദിപ്പിക്കുന്നത്.

(സി) ഗുണമേന്മയുള്ള തെങ്ങിൻ തൈകളാണ് സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. ഇതിനായി സംഭരണ കേന്ദ്രത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ള ടീമാണ്, തെരഞ്ഞെടുത്ത നല്ലയിനം മാതൃവൃക്ഷങ്ങളിൽനിന്നും വിത്തുതേങ്ങ ശേഖരിച്ച് കോക്കനട്ട് നഴ്സറികളിലും, മറ്റ് സർക്കാർ ഫാമുകളിലും നൽകുന്നത്. അവ പാകി തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നു. പാകിയ വിത്ത് തേങ്ങകളിൽനിന്നും ലഭിക്കുന്ന മുഴവൻ തെങ്ങിൻതൈകളും ശേഖരിക്കാറില്ല. നല്ല ആരോഗ്യമുള്ള തൈകൾ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് മാത്രമെ നടീലിനുള്ള തൈകൾ തെരഞ്ഞെടുക്കാറുള്ളൂ. സർക്കാർ ഫാമുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന തൈകൾ ലാഭനഷ്ടം നോക്കാതെ മിതമായ നിരക്കിലാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വയനാട്ടിലെ കാർഷികമേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി പദ്ധതി

11 (4675) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന വയനാട്ടിലെ കാർഷികമേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വയനാടിനെ പുഷ്പഫലവർഗ്ഗങ്ങളുടെ കൃഷിക്കായുള്ള പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) ഇതിലൂടെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) വയനാട് പാക്കേജ് പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം 1700.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനും എന്ന ഘടകത്തിന് 620 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ പ്രത്യേകിച്ച് മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിൽ നീർത്തടാടിസ്ഥാനത്തിൽ പ്രളയാനന്തര പുനർനിർമ്മാണത്തിന് വിവിധ പ്രവർത്തനങ്ങളും ഇതിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നു. നദീതീരങ്ങളിൽ മണ്ണൊലിപ്പ് തടയാനായി ഈറപോലുള്ള ചെടികൾ വച്ചുപിടിപ്പിക്കുക, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുക, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, ചരിവുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുക, ഭൂഗർഭജലനിരപ്പ് കൂട്ടുന്നതിനായി കുഴികളെടുത്ത് തൊണ്ട് അടുക്കുക, കൃത്രിമ പുനഃചംക്രമണം, ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി കാവുകൾ വച്ചുപിടിപ്പിക്കുക, ചെക്ക് ഡാമുകളുടെ നിർമ്മാണം മുതലായ പ്രവൃത്തികൾ ഇതിലുൾപ്പെടുന്നു.

വയനാട് പാക്കേജിന്റെ ഭാഗമായി പ്രളയത്തിൽ കൂടുതൽ നാശം സംഭവിച്ച വിളകളായ ജാതി, കുരുമുളക് എന്നിവയുടെ പുനരുജ്ജീവനത്തിനായി പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നു. ജാതി കൃഷി വ്യാപനത്തിനായി 50 ലക്ഷം രൂപയും കുരുമുളക് വികസനത്തിനായി 1000 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ വിസ്തൃതി വ്യാപന പദ്ധതികൾ, മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിനും ഘടന നിലനിർത്തുന്നതിനുമുള്ള പദ്ധതികളും വയനാട്ടിൽ നടപ്പിലാക്കുന്നുണ്ട്.

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുനർജനി പദ്ധതി പ്രകാരം പന്ത്രണ്ട് ലക്ഷം പച്ചക്കറി തൈകളും 2 ലക്ഷം വിത്ത് പായ്ക്കറ്റുകളും 84.6 മെട്രിക് ടൺ നെൽവിത്തും കൃഷി ഭവൻ മുഖേന വിതരണം ചെയ്തു.

കൂടാതെ ഡച്ച് സർക്കാരിന്റെ സാങ്കേതിക സഹായത്തോടെ അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ MIDH പദ്ധതിയിൽ ഉൾപ്പെടുത്തി പൂക്കൾക്കും പച്ചക്കറികൾക്കുമായി ഒരു "സെന്റർ ഓഫ് എക്സലൻസ് (Centre of Excellence) ഇൻ ഹോർട്ടികൾച്ചർ " നടപ്പിലാക്കാൻ നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി&സി) ഉണ്ട്. ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ട്രെയിനിംഗ് ആന്റ് അവെയർനസ്സ് പ്രോഗ്രാം
2. കട്ട് ഫ്ലവറുകൾക്കായുള്ള ധനസഹായം
3. ലൂസ് ഫ്ലവറുകൾക്കായുള്ള ധനസഹായം
4. മാർക്കറ്റിംഗ് കളക്ഷൻ സെന്റർ
5. പ്രിയദർശിനി ടീ എസ്റ്റേറ്റിൽ പൂകൃഷിക്കായുള്ള ധനസഹായം
6. RARS അമ്പലവയലിന് പൂകൃഷിക്കായുള്ള ധനസഹായം.

## പ്രളയകാലത്ത് കാർഷികമേഖലയിലുണ്ടായ നഷ്ടം

12 (4676) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയകാലത്ത് കാർഷികമേഖലയിലുണ്ടായ നഷ്ടം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ദുരിതത്തിൽപ്പെട്ട കർഷകർക്ക് നൽകിയ സഹായത്തിന്റെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. വിളകൾക്ക് 18545.25 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി

13 (4677) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, വയനാട് ജില്ലകളിലെ ആയിരക്കണക്കിന് കർഷകർ പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കാത്തവരായിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പട്ടയം ഇല്ലാത്ത കർഷകരെ കൂടി ഈ പദ്ധതിയിൽ കൊണ്ടുവരുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചെറുകിട നാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം. കിസാൻ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2018 ഡിസംബർ മുതൽ നടപ്പിലാക്കിവരുന്നു. പദ്ധതിയിൽ സംസ്ഥാനത്ത് 31-3-2019 വരെ 25.43595 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 10-3-2019 വരെ ഒന്നാംഘട്ട പരിശോധന പൂർത്തിയാക്കിയ 11.45069 ലക്ഷം അപേക്ഷകൾ മാത്രമേ ഒന്നാം ഘട്ടത്തിൽ ആനുകൂല്യം നൽകുന്നതിന് കേന്ദ്ര സർക്കാർ പരിഗണിച്ചുള്ളൂ.

ഇതിൽത്തന്നെ പി.എഫ്.എം.എസ്., ബാങ്ക് തല പരിശോധനകൾ പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്ക് ഒന്നാം ഗഡുവും (ഡിസംബർ 2018 മുതൽ മാർച്ച് 2019 വരെ) ഇവരിൽത്തന്നെ അർഹതയില്ല എന്ന് പിന്നീട് കണ്ടെത്തിയ 155 കർഷകരെ ഒഴിവാക്കി 9.31661 ലക്ഷം കർഷകർക്ക് രണ്ടാം ഗഡു (ഏപ്രിൽ 2019 മുതൽ ജൂലൈ 2019 വരെ) ആനുകൂല്യവും കേന്ദ്ര സർക്കാർ അനുവദിച്ചു. രണ്ടാം ഗഡു ആനുകൂല്യം വിതരണം ചെയ്യുന്ന അവസരത്തിൽ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ കാരണം 18930 പേർക്ക് അക്കൗണ്ടിലേയ്ക്ക് ആനുകൂല്യം നൽകുന്നതിന് സാധിച്ചിട്ടില്ല.

ഇത്തരത്തിൽ സാങ്കേതിക കാരണങ്ങളാൽ താല്ക്കാലികമായി നിരസിക്കപ്പെട്ടഅപേക്ഷകൾ ഇടുക്കി, വയനാട് ജില്ലകളിലും ഉണ്ട്. പോർട്ടലിൽ ലഭ്യമായ കണക്കുകൾ പ്രകാരം ഇടുക്കി ജില്ലയിൽ 5302 കർഷകർക്കും വയനാട് ജില്ലയിൽ 7996 കർഷകർക്കും ഒന്നാം ഘട്ടത്തിൽ ആനുകൂല്യം കേന്ദ്ര സർക്കാർ നൽകിയിട്ടില്ല എന്ന് കാണുന്നു. സാങ്കേതിക കാരണങ്ങളാൽ തിരസ്കരിക്കപ്പെട്ട അപേക്ഷകർക്ക്, അവ തിരുത്തി നൽകുന്നതിന് പോർട്ടലിൽ സൗകര്യം ലഭ്യമാണ്. തിരുത്തലുകൾ നടത്തി നൽകുന്ന മുറയ്ക്ക് ഇത്തരം കർഷകരും ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

(ബി) പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം. കിസാൻ) പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന സർക്കാരിന്റെ ലാന്റ് റിക്കാർഡിൽ 1-2-2019 തീയതിയിൽ കൃഷിഭൂമി കൈവശമുള്ള കർഷക കുടുംബങ്ങൾക്ക് മറ്റ് നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യത്തിന് അർഹതയുണ്ട്. ഇതിനുപുറമേ വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖയുള്ള പട്ടികവർഗ്ഗ കുടുംബത്തിനും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. പട്ടയം ഇല്ലാത്ത കർഷകരെക്കൂടി ഈ പദ്ധതിയിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## വിളകൾക്കായി പ്രത്യേക ഇക്കണോമിക് സോണുകൾ

14 (4678) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ, ഭൂമിയുടെ തരവും കിടപ്പും ജലലഭ്യത തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് അനുയോജ്യമായ വിളകളുടെ കൃഷി വ്യാപകമാക്കുന്നതിന് നെല്ല്, വാഴ, പച്ചക്കറി, പൂക്കൾ, നാളികേരം എന്നീ വിളകൾക്കായി പ്രത്യേക ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുണ്ടോ; ഇതുകൊണ്ട് കൈവരിക്കാനായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മണ്ണിന്റെ ഗുണം പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനും വിള ആരോഗ്യ പരിപാലനത്തിനും പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കുമോ;

(സി) കർഷകരുടെ വിലപേശൽ ശേഷി വർദ്ധിപ്പിക്കുന്നതിനു ശീതീകരണ സൗകര്യത്തോടുകൂടിയ വെയർഹൗസുകൾ നിർമ്മിക്കുന്നതിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണ പ്രോത്സാഹനത്തിനും നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1-5 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉത്പാദനക്ഷമത, മണ്ണിന്റേയും കാലാവസ്ഥയുടേയും അനുയോജ്യത മുതലായവ അടിസ്ഥാനമാക്കി പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ വിളയുടെയും കൃഷിക്ക് അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉത്പാദനം ഉണ്ടാക്കുവാൻ

സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുക്കുന്നത്. നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. 5 വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

അട്ടപ്പാടി ഉൾപ്പെടെ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ട്രൈബൽ അഗ്രികൾച്ചറിനായി ഒരു പ്രത്യേക കാർഷികമേഖലയും രൂപീകരിച്ചിട്ടുണ്ട്.

പ്രത്യേക കാർഷിക മേഖലകളിൽ അതാത് വിളയുടെ സമഗ്രവികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉത്പാദനം കൈവരിക്കുവാനും വിളവെടുപ്പിനുശേഷമുള്ള പരിചരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ഉറപ്പാക്കി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുക എന്നീ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ - സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം മണ്ണ് സാമ്പിളുകൾ ശേഖരിച്ചു അവ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തുവരുന്നു. ഈ പദ്ധതി പ്രകാരം മണ്ണ് പരിശോധനാശാലകളിൽ മണ്ണിന്റെ അമ്ലത, വൈദ്യുത ചാലകത, ജൈവ കാർബണിന്റെ അളവ്, ലഭ്യമായ ഫോസ്ഫറസ്, പൊട്ടാസ്യം, സൾഫർ എന്നിവയ്ക്ക് പുറമെ സൂക്ഷ്മ മൂലകങ്ങളായ കോപ്പർ, മാംഗനീസ്, ഇരുമ്പ്, സിങ്ക്, ബോറോൺ എന്നിവ പരിശോധിച്ച് വിളകൾക്കാവശ്യമായ വളം സോയിൽ ഹെൽത്ത് കാർഡുകളിലൂടെ ശിപാർശ ചെയ്യുന്നു.

വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷണ മൂലകങ്ങളുടെ അഭാവം അല്ലെങ്കിൽ വിളകൾക്കുണ്ടാകുന്ന ദോഷങ്ങൾ എന്നിവ ഫീൽഡുതല നിരീക്ഷണത്തിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിന് ആവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക എന്നിവയ്ക്കായി വിള ആരോഗ്യ പരിപാലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികളായ ആനയറ, മൂവാറ്റുപുഴ, നെടുമങ്ങാട്, മരട്, വേങ്ങേരി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിൽ നിലവിൽ ശീതീകരണ സംവിധാനങ്ങൾ ഉണ്ട്.

മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണ പ്രോത്സാഹനത്തിന് SFAC മുഖേന സൂക്ഷ്മതല ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം നൽകിവരുന്നുണ്ട്. പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് ബാങ്ക് എൻഡ് സബ്സിഡിയായി ആനുകൂല്യം നൽകിവരുന്നുണ്ട്. 25 ലക്ഷം രൂപ ചെലവുവരുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് ആകെ മൂലധന ചെലവിന്റെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപയും 25 ലക്ഷം മുതൽ 10 കോടി വരെ ചെലവുവരുന്ന സംരംഭങ്ങൾക്ക് കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും സാങ്കേതിക വിദ്യയ്ക്കും ചെലവാകുന്ന തുകയുടെ 50 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നൽകിവരുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ ഫാം, വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണി എന്നിവിടങ്ങളിൽ 2 നാളികേരാധിഷ്ഠിത അഗ്രോ പാർക്കുകളും തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ ബനാന-ഹണി പാർക്കും, പാലക്കാട് ജില്ലയിലെ മുതൽമടയിൽ മാംഗോ പാർക്കും, ഇടുക്കി വട്ടവടയിലെ പഴത്തോട്ടം എന്ന സ്ഥലത്ത് വെജിറ്റബിൾ അഗ്രോ പാർക്കും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ചെങ്ങന്നൂരിൽ പ്രളയാനന്തരകൃഷി പുനഃരാരംഭിക്കുന്നതിന് നടപടി**

15 (4679) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രളയാനന്തരം കൃഷി പുനരാരംഭിക്കുന്നതിന് കൃഷിഭവനുകൾ വഴി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രളയാനന്തരം കൃഷി എൻജിനീയറിംഗ് വിഭാഗം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കാർഷിക മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രളയാനന്തരം കൃഷി പുനരാരംഭിക്കുന്നതിന് കൃഷി ഭവനുകൾ വഴി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. പ്രളയാനന്തരം ചെങ്ങന്നൂരിന്റെ കാർഷിക മേഖലയുടെ പുനഃസൃഷ്ടി ലക്ഷ്യമിട്ടുകൊണ്ട് 'കാർഷിക പുനർജ്ജനി' എന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ചെങ്ങന്നൂരിൽ നടത്തി. പ്രളയശേഷം കാർഷിക മേഖലയിൽ വന്ന മാറ്റങ്ങളും അവയെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങളും കാർഷിക ശാസ്ത്രജ്ഞർ

സെമിനാർ നടത്തി കർഷകർക്ക് ബോധവത്കരണം നടത്തി. കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് സന്നദ്ധ സേവനം ചെയ്യുന്നതിനായി ഉദ്യോഗസ്ഥർ, തൊഴിലാളികൾ, തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ മുതലായവർ (മൂവായിരത്തോളം അംഗങ്ങൾ) തയ്യാറായി. നടീൽ വസ്തുക്കൾ, മണ്ണിനെ പരുവപ്പെടുത്തി എടുക്കാൻ ഉതകുന്ന കുമ്മായം, ഡോളമൈറ്റ് തുടങ്ങിയവ വിതരണം ചെയ്തു. സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബിലൂടെ 120 ഓളം മണ്ണ് സാമ്പിളുകൾ പരിശോധിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

2. പ്രകൃതിക്ഷോഭംമൂലം കൃഷിനാശം ഉണ്ടായ കർഷകർക്ക് നഷ്ടപരിഹാരമായി 3,32,24,473 രൂപ വിതരണം നടത്തി.

3. വിള ഇൻഷ്വർ ചെയ്ത് കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യമായി 41.18365 ലക്ഷം രൂപ നൽകി.

4. പാടശേഖരങ്ങളുടെ ബണ്ടുകൾ പമ്പ്സെറ്റ് ഇവ പുനരുദ്ധരിക്കുന്നതിന് 6.43379 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകി.

5. എല്ലാ നെൽകർഷകർക്കും നെൽവിത്ത് സൗജന്യമായി നൽകി.

6. 57500 പച്ചക്കറി തൈകളും, 66000 പച്ചക്കറി വിത്ത് പായ്ക്കറ്റുകളും സൗജന്യമായി കർഷകർക്ക് നൽകി.

7. അടിഞ്ഞുകൂടിയ ചെളി നീക്കുന്നതിന് ധനസഹായമായി 1.89 ലക്ഷം രൂപ ധനസഹായം നൽകി.

8. 75 ലക്ഷം രൂപ വിലമതിക്കുന്ന വാഴവിത്തുകൾ, കുരുമുളക് തൈ, ജാതിതൈ, ഫലവൃക്ഷതൈകൾ എന്നിവ കൃഷിഭവനുകൾ വഴി വിതരണം ചെയ്തു. കൂടാതെ 9900 തെങ്ങിൻതൈകൾ ജനകീയാസൂത്രണ പദ്ധതി പ്രകാരം വിതരണം ചെയ്തു.

(ബി) പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയത്തിൽ കേടുപാടുവന്ന കാർഷിക യന്ത്രോപകരണങ്ങൾ കൃഷി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ റിപ്പയർ ചെയ്ത് നൽകുകയും നിലം ഒരുക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കൈവശമുള്ള യന്ത്രങ്ങൾ വിട്ടുനൽകുകയും ചെയ്തു. കൂടാതെ തകർന്ന മടകൾ പുനർനിർമ്മിച്ചവയുടെ മൂല്യനിർണ്ണയം നടത്തി നൽകുകയും കേടായ പെട്ടി, പറ, മോട്ടോർ എന്നിവ പരിശോധിച്ച് റിപ്പയർ ചെയ്യുന്നതിന് സാങ്കേതിക സഹായം നൽകുകയും മൂല്യനിർണ്ണയം നടത്തി നൽകുകയും ചെയ്തു.

## കാർഷിക വിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിന് നടപടി

16 (4680) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കർഷകർക്ക്, തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി, ന്യായവില ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള വിപണി ഇടപെടലുകൾ കൃഷി വകുപ്പും, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് തുടങ്ങിയ ഏജൻസികൾ മുഖേനയും നടത്തിവരുന്നുണ്ട്.

പഴം-പച്ചക്കറികളുടെ വിപണനത്തിന് വിവിധ പദ്ധതികളിലായി 240 പച്ചക്കറി ക്ലസ്റ്റർ മാർക്കറ്റുകൾ, 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ വിപണികൾ, 400 ആഴ്ച്ചച്ചന്തകൾ, 454 എണ്ണം എക്കോഷോപ്പുകൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി പ്രത്യേകമായി ഉത്സവകാല വിപണികൾ നടത്തിവരുന്നുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്തവ്യാപാര വിപണികളും, 5 ജില്ലകളിൽ കാർഷിക സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 287 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. കൃഷി വകുപ്പിന്റെ മൊത്തവ്യാപാര വിപണികൾ, സംഭരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ കർഷക സമിതികൾ എന്നിവയിലൂടെ ഉത്പന്നങ്ങളുടെ ലേലം വഴിയാണ് വിപണനം നടത്തിവരുന്നത്. അധികമുള്ള കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി കർഷകമിത്രങ്ങൾ, പൊതുമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ വിപണിയിൽ ഇടപെടുന്നതാണ്.

## തെങ്ങുകയറ്റത്തൊഴിലാളികൾ

17(4681) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെങ്ങുകയറ്റത്തൊഴിലാളികളുടെ ക്ഷാമം കണക്കിലെടുത്ത് തെങ്ങുകയറ്റത്തിനുള്ള ഉപകരണങ്ങളും പരിശീലനവും ലഭ്യമാക്കി കൂടുതൽ തെങ്ങുകയറ്റത്തൊഴിലാളികളെ സജ്ജരാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

തെങ്ങുകയറ്റ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് നാളികേര വികസന പദ്ധതിയിലൂടെ കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സമഗ്ര നാളികേര വികസനത്തിനായുള്ള കേരഗ്രാമം പദ്ധതി മുഖേന 2014-15 വർഷം മുതൽ കൃഷി വകുപ്പ് 2,000 രൂപ സബ്സിഡിയോടുകൂടി തെങ്ങുകയറ്റ ഉപകരണങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. 2019-20 വർഷം കേരഗ്രാമം പദ്ധതിയിലൂടെ 61 തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 1.22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (SMAM) മുഖേനയും 40-50 ശതമാനം സബ്സിഡി നിരക്കിൽ തെങ്ങുകയറ്റ യന്ത്രങ്ങൾ നൽകിവരുന്നുണ്ട്. തെങ്ങുകയറ്റത്തിനായുള്ള നൂതന യന്ത്രങ്ങളുടെ വികസനം കേന്ദ്ര കയർ ബോർഡ് പോലുള്ള സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്. അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ഉപകരണം ഉപയോഗിച്ചുള്ള തെങ്ങുകയറ്റത്തിന് തൊഴിലാളികൾക്ക് കാർഷിക സേവന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകിവരുന്നുണ്ട്. ഓരോ കാർഷിക സേവന കേന്ദ്രവും, കാർഷിക കർമ്മസേനയും അവ പ്രവർത്തിക്കുന്ന പഞ്ചായത്തുകളിൽ നടപ്പാക്കേണ്ടുന്ന കാർഷിക പ്രവർത്തനങ്ങളുടെ ബിസിനസ്സ് പ്ലാൻ തയ്യാറാക്കി ഇതിൽ തെങ്ങുകയറ്റ പ്രവർത്തനംകൂടി ഉൾപ്പെടുത്തി സേവനദായകർക്ക് ഈ മേഖലയിൽ പരിശീലനം നൽകി ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിന് വേണ്ട കർമ്മപരിപാടികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. തെങ്ങുകയറ്റ തൊഴിലാളികൾക്ക് വേണ്ടുന്ന ഇൻഷ്വറൻസും നടപ്പാക്കാനായി തീരുമാനമെടുത്തിട്ടുണ്ട്.

നാളികേരത്തിന്റെ വിളവെടുപ്പ്, തെങ്ങുകളിലെ സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ എന്ന പേരിൽ ചെറുപ്പക്കാരുടെ ഒരു വിദഗ്ദ്ധ സംഘത്തെ പരിശീലനത്തിലൂടെ സംഘടിപ്പിക്കാൻ കേന്ദ്ര നാളികേര വികസന ബോർഡും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ദേശീയ

കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ബാറ്ററിയിൽ പ്രവർത്തിക്കുന്ന മോട്ടോർ ഘടിപ്പിച്ച ഒരു യന്ത്രത്തിന്റെ മാതൃക വികസിപ്പിച്ച് പരീക്ഷണാടിസ്ഥാനത്തിൽ പ്രദർശനം നടത്തുകയുണ്ടായി. യന്ത്രം കൂടുതൽ നവീകരിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

## വിള ഇൻഷ്വറൻസ് പദ്ധതി

18 (4682) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1995-ൽ ആവിഷ്ക്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇതുവരെ ഇൻഷ്വർ ചെയ്ത കർഷകരുടെ എണ്ണം എത്രയാണ്; ഇവരിൽ നിന്നും ശേഖരിച്ച പ്രീമിയം തുക എത്ര; കർഷകർക്ക് അനുവദിച്ച നഷ്ടപരിഹാരത്തുക എത്രയാണ്; ഗുണഭോക്താക്കളുടെ എണ്ണം എത്ര എന്നിവയുടെ 1995 മുതൽ ഇതുവരെയുള്ള കണക്ക് ജില്ലാ അടിസ്ഥാനത്തിലും വിള അടിസ്ഥാനത്തിലും ലഭ്യമാക്കാമോ?

(ബി) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി കർഷകർക്ക് അനുവദിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക വിള നഷ്ടത്തിന് ആനുപാതികമായി കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രീമിയം തുകയിൽ നാമമാത്രമായ വർദ്ധന വരുത്തി നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരിച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്ക് വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ എന്നീ പ്രകൃതിക്ഷോഭങ്ങൾകൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിരക്ഷ നൽകുന്നതിനാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരത്തുക നൽകുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്.

കൃഷി ഭവനുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്നവർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷാ ഫോറത്തിൽ അതാത് കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കൃഷി ഭവനിൽനിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക സ്ഥലത്തെ ജില്ലാ സഹകരണ ബാങ്ക് ശാഖകളിൽ അടയ്ക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ പോളിസി കർഷകന് നൽകും. 15 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഭവനിൽ അപേക്ഷ നൽകണം. കൃഷി ഭവനിൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തണം.

സംസ്ഥാനത്ത് ഇതുവരെ ഇൻഷ്വർ ചെയ്ത കർഷകരുടെ എണ്ണം, ശേഖരിച്ച പ്രീമിയം തുക, കർഷകർക്ക് അനുവദിച്ച നഷ്ടപരിഹാരത്തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി പ്രധാനപ്പെട്ട മുഴുവൻ വിളകളെയും ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകരുടെ യഥാർത്ഥ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരത്തുക നൽകിവരുന്നുണ്ട്. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ, നെൽ കൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/ വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മങ്കട മണ്ഡലത്തിലെ കാർഷിക പ്രവർത്തനങ്ങൾ**

19 (4683) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ 2019-20-ലെ പദ്ധതികളിൽ മങ്കട മണ്ഡലത്തിൽ നടപ്പിലാക്കുവാൻ സാധിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട മണ്ഡലത്തിൽ കാർഷിക മേഖലയിൽ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ 2019-20-ലെ പദ്ധതികളിൽ മങ്കട മണ്ഡലത്തിൽ നടപ്പിലാക്കുവാൻ സാധിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പച്ചക്കറി വികസന പദ്ധതി
2. സമഗ്ര നെൽകൃഷി വികസന പദ്ധതി
3. സുഗന്ധവിള വികസന പദ്ധതി
4. കിഴങ്ങുവിള വികസന പദ്ധതി
5. മണ്ണ് ആരോഗ്യപരിപാലനം
6. വിള ആരോഗ്യ പരിപാലന പദ്ധതി
7. ഓർഗാനിക് ഫാമിംഗ്
8. നാളികേര വികസന പദ്ധതി
9. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം
10. ആത്മ
11. ബയോഗ്യാസ്
12. കൃഷി വിജ്ഞാന വ്യാപനം
13. മാർക്കറ്റ് ഡെവലപ്മെന്റ്
14. വിപണി ഇടപെടൽ
15. പ്രാദേശിക അടിസ്ഥാനത്തിലുള്ള വിളകളുടെ പരിപാലനം (എള്ള്)
16. മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റ് ലാബ്
17. അഗ്രോസർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി
18. മണ്ണിന്റെ ആരോഗ്യ പരിപാലനം
19. കേരസമൃദ്ധി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട മണ്ഡലത്തിൽ കാർഷിക മേഖലയിൽ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. പച്ചക്കറി വികസന പദ്ധതി
2. നെൽകൃഷി വികസന പദ്ധതി
3. നാളികേര വികസന പദ്ധതി
4. സുഗന്ധവിള വികസന പദ്ധതി
5. ഓർഗാനിക് ഫാമിംഗ്
6. വിപണി ഇടപെടൽ പദ്ധതി
7. മണ്ണിന്റെ ആരോഗ്യ പരിപാലനം
8. ആത്മ
9. കേരസമൃദ്ധി
10. മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റ് ലാബ്
11. അഗ്രോസർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി
12. കൃഷി വിജ്ഞാനവ്യാപനം
13. ക്രോപ് ഹെൽത്ത് മാനേജ്മെന്റ്
14. കിഴങ്ങുവിള വികസന പദ്ധതി
15. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം
16. പരമ്പരാഗത വിത്തിനങ്ങൾ
17. ബയോഗ്യാസ്
18. രാഷ്ട്രീയ കൃഷി വികാസ് യോജന
19. പരമ്പരാഗത കൃഷി വികാസ് യോജന
20. കാർഷിക യന്ത്രവൽക്കരണത്തിനുള്ള ഉപമിഷൻ
21. പ്രകൃതിക്ഷോഭം ദുരിതാശ്വാസം
22. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ
23. കർഷക പെൻഷൻ

## ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

20 (4684) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രവൽക്കരണം, സാങ്കേതിക വിദ്യ എന്നിവ ഉൾപ്പെടെ കർഷകർക്ക് വേണ്ട എല്ലാ സേവനങ്ങളും ഒരേ കേന്ദ്രത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ആരംഭിച്ച കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം എത്ര ഫലപ്രദവും കാര്യക്ഷമവുമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വളരെ കുറവ് സ്ഥലം ഉപയോഗിച്ച് കൊണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സംയോജിത കാർഷിക സമ്പ്രദായം ശാസ്ത്രീയമായി ആവിഷ്കരിച്ച് വിപുലീകരിക്കുന്നതിന് ആത്മ പ്ലസ് പദ്ധതി ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നൂതന സാങ്കേതിക വിദ്യകളും കാർഷികോപകരണങ്ങളും കർഷകരിലേക്കെത്തിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കാർഷിക യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക മേഖയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനുമായിട്ടാണ് കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. കാർഷിക പ്രവർത്തനങ്ങളിൽ യന്ത്രവത്കരണം വ്യാപിപ്പിക്കുന്നതിനോടൊപ്പം കാർഷിക മേഖലയ്ക്ക് ആവശ്യമായ വിവിധ സേവനങ്ങളും ലഭ്യമാക്കുക എന്നതായിരുന്നു ഇത്തരം സേവന കേന്ദ്രങ്ങളിലൂടെ ലക്ഷ്യമിട്ടിരുന്നത്. കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം കൃഷി വകുപ്പ് തുടർച്ചയായി വിലയിരുത്തുന്നുണ്ട്.

സേവന കേന്ദ്രങ്ങളിൽ 33 ശതമാനം വളരെ സജീവമായും ലാഭകരമായും വ്യത്യസ്ത സേവനങ്ങൾ നല്ല രീതിയിൽ നൽകിക്കൊണ്ടും പ്രവർത്തിക്കുന്നുണ്ട്. 30 ശതമാനം സേവന കേന്ദ്രങ്ങൾ മിതമായ തോതിൽ നഷ്ടമില്ലാതെയും

പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്താനുണ്ട്. ഫെസിലിറ്റേറ്റർമാരുടെയും സേവനദാതാക്കളുടെയും കൊഴിഞ്ഞുപോക്ക് കേന്ദ്രങ്ങളുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നുണ്ട്.

കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ നേതൃത്വത്തിൽ സേവന കേന്ദ്രങ്ങളിലെ യന്ത്രങ്ങളുടെ കണക്കെടുപ്പും യന്ത്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ക്യാമ്പയിനുകളും നടത്തിയിട്ടുണ്ട്.

കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ ആദ്യത്തെ പ്രവർത്തനം കാർഷിക സേവന കേന്ദ്രങ്ങളിലും കാർഷിക കർമ്മ സേനകളിലും ലഭ്യമാക്കിയിട്ടുള്ള മുഴുവൻ കാർഷിക യന്ത്രങ്ങളുടെയും കണക്കെടുപ്പും സാമ്പത്തിക പ്രവർത്തന സ്ഥിതി വിവരങ്ങൾ ശേഖരിക്കുകയും ആയിരുന്നു. ഇപ്രകാരം നടത്തിയ വിലയിരുത്തലിൽ വ്യക്തമായത് സംസ്ഥാനത്ത് 33 ശതമാനത്തോളം കാർഷിക സേവന കേന്ദ്രങ്ങളും നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നതാണ്.

2018-19 വരെയുള്ള കാലയളവിൽ 80 കാർഷിക സേവന കേന്ദ്രങ്ങളും 201 കാർഷിക കർമ്മ സേനകളുമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. 2018-19 സാമ്പത്തിക വർഷം 17 കാർഷിക സേവന കേന്ദ്രങ്ങളും 97 കാർഷിക കർമ്മ സേനകളും അനുവദിച്ചിട്ടുണ്ട്.

കാർഷിക കർമ്മ സേന, കാർഷിക സേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി 17 വിവിധ ഇനത്തിലുള്ള 4124 കാർഷിക യന്ത്രങ്ങളുണ്ട്. ഇവയിൽ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തിയ 774 യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്കായി കാർഷിക യന്ത്ര പരിരക്ഷണ പരിപാടി കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ സംഘടിപ്പിച്ചു. ഇതിനായി കാർഷിക യന്ത്ര കിരൺ സ്ക്വാഡ് എന്ന പേരിൽ ഒരു കാർഷിക യന്ത്ര അറ്റകുറ്റപ്പണി പരിശീലന യൂണിറ്റ് 14 ജില്ലകൾക്കും പ്രത്യേകം രൂപീകരിച്ചു. ഓരോ ജില്ലകളിലും 12 ദിവസം നീണ്ടുനിന്ന അറ്റകുറ്റപ്പണി പ്രവർത്തന പരിശീലന ക്യാമ്പ് നടത്തി. ഈ പരിപാടിയിലൂടെ ഏകദേശം 350 ലക്ഷം രൂപ വിലമതിക്കുന്ന 592 കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ പ്രവർത്തന സജ്ജമാക്കി. ഇതിനായി ഏകദേശം 4,09,350 രൂപ സ്പെയർ പാർട്സിനായി ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള 80 കാർഷിക സേവന കേന്ദ്രങ്ങളിലായി 1060 സേവനദായകർ പ്രവർത്തിക്കുന്നു. നിലവിലുള്ള 201 കാർഷിക കർമ്മസേനകളിൽ 2262 പേർ സേവനം നൽകുന്നു. സ്ഥിതിവിവര കണക്കുകൾ ലഭ്യമായിട്ടുള്ള 66 കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങി നാളിതുവരെയായി 55,43,04,931 രൂപ മൊത്തവരുമാനം ലഭിച്ചിട്ടുണ്ട്.

സ്ഥിതിവിവരങ്ങൾ നൽകിയ 77 കാർഷിക കർമ്മ സേനകളുടെ നാളിതുവരെയുള്ള മൊത്തവരുമാനം 10,51,55,096 രൂപയാണ്. 66 കേന്ദ്രങ്ങളിൽ നിന്നുമായി 55,43,04,931 രൂപ മൊത്തവരുമാനമുണ്ട്. 99 കാർഷിക കർമ്മ സേനകളിൽനിന്നുമായി 10,51,55,096 രൂപ വരുമാനം കിട്ടിയിട്ടുണ്ട്. 45 കാർഷിക സേവന കേന്ദ്രങ്ങളിലൂടെ 9,65,24,838 രൂപ സേവനത്തുകയായി സേവനദായകർക്ക് നൽകിയിട്ടുണ്ട്. 48 കാർഷിക കർമ്മ സേനകളിലൂടെ 3,01,31,388 രൂപ സേവനത്തുകയായി സേവനദായകർക്ക് നൽകിയിട്ടുണ്ട്.

നിലവിലെ കണക്ക് പ്രകാരം 57 കാർഷിക സേവന കേന്ദ്രങ്ങളിലായി 5,76,94,541 രൂപയും, 93 കാർഷിക കർമ്മസേനകളിലായി 1,97,83,381 രൂപയും നീക്കിയിരുപ്പുണ്ട്.

കാർഷിക കർമ്മസേനയുടെയും കാർഷിക സേവന കേന്ദ്രത്തിന്റെയും കാര്യക്ഷമത നിർണ്ണയിക്കുന്നതിനായി ഒരു വിജയ സൂചിക കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ തയ്യാറാക്കുകയുണ്ടായി. ഈ സൂചിക ഉപയോഗിച്ച് കാർഷിക സേവന കേന്ദ്രത്തിന്റെ പ്രതിവർഷവരുമാനം കണക്കാക്കാനാകും. ഈ സൂചിക 6-നു മുകളിലെങ്കിൽ ടി കാർഷിക കർമ്മ സേന/കാർഷിക സേവന കേന്ദ്രം നല്ല രീതിയിലും, 3-6 നും ഇടയിൽ ആണെങ്കിൽ മോശമില്ലാത്ത രീതിയിലും, സൂചിക 3-ൽ താഴെ ആണെങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായും കണക്കാക്കാവുന്നതാണ്. മൊത്തം 80 കാർഷിക സേവന കേന്ദ്രത്തിൽ 19 എണ്ണം ആദ്യ റാങ്കിലും, 11 എണ്ണം രണ്ടാം റാങ്കിലും 50 കാർഷിക സേവന കേന്ദ്രങ്ങൾ മൂന്നാം റാങ്കിലും ആണ്. 201 കാർഷിക കർമ്മസേനകളിൽ കോഴിക്കോടുള്ള ചാത്തമംഗലം കാർശിക കർമ്മസേന ഏറ്റവും നല്ല രീതിയിലും, തിരുവനന്തപുരം (ചെറുന്നിയൂർ), കോട്ടയം (കുറോപ്പട), എറണാകുളം (വാരപ്പെട്ടി, നെടുമ്പാശ്ശേരി), മലപ്പുറം (കോട്ടൂർ), കോഴിക്കോട് (മൂടാടി) എന്നീ ആറ് കാർഷിക കർമ്മ സേനകൾ മോശമില്ലാത്ത രീതിയിൽ പ്രവർത്തിച്ചുവരുന്നതായി കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ അറിയിച്ചിട്ടുണ്ട്.

(ബി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വളരെ കുറവ് സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ മിനി പോളീഹൗസുകളുടെ പ്രോത്സാഹനം, തുള്ളിനന/തിരിനന, ഇന്നൊവേഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി അക്വാപോണിക്സ് തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. ഹൈടെക് അഗ്രിക്കൾച്ചർ പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴിയും നടപ്പിലാക്കിവരുന്നു.

വേനൽക്കാലവും മഴക്കാലവും ഉൾപ്പെടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കാനുള്ള പ്രോത്സാഹനമാണ് മിനി പോളീഹൗസും റെയിൻ ഷെൽട്ടറും. ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും ഈർപ്പം നിലനിർത്തുന്നതിനും ചെറുകിട തുള്ളനന/തിരിനന യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. മത്സ്യക്കൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അക്വാപോണിക്സ് കൃഷി രീതിക്ക് സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതിയിൽ ഇന്നൊവേഷൻ പ്രോജക്ട് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സബ്സിഡി നൽകിവരുന്നു. കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 40.4000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 50 ശതമാനം സബ്സിഡിയും (ചതുരശ്ര മീറ്ററിനു 530 രൂപ നിരക്കിൽ) ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 400 ചതുരശ്ര മീറ്ററും അതിൽ കൂടുതലും വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 70 ശതമാനം സബ്സിഡിയും നൽകിവരുന്നു. ഇതിൽ 50 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്.

(സി) ആത്മ പ്ലസ് പദ്ധതിയുടെ വിവിധ ഘടകങ്ങളായ വയൽ വിദ്യാലയങ്ങൾ, ടെക്നോളജി മീറ്റുകൾ, ഡിസ്ട്രിക്ട് സ്പെസിഫിക് ആക്ടിവിറ്റി എന്നിവ ഉൾപ്പെടുത്തി കേരള ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് മുതലായവ നടപ്പിലാക്കുന്നത് പരഗണനയിലാണ്.

(ഡി) നൂതന സാങ്കേതിക വിദ്യകളും വിവിധ കാർഷികോപകരണങ്ങളും കർഷകരിലെത്തിക്കുന്നതിനു വേണ്ടി ജില്ല തലത്തിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം മുഖേന കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്. കൂടാതെ കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കസ്റ്റം ഹിയറിംഗ് സെന്ററുകൾ എന്നിവ മുഖേന കർഷകർക്ക് കാർഷികോപകരണങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM (Sub Mission on Agricultural Mechanisation) മുഖാന്തരം കർഷകർ, കർഷക ഗ്രൂപ്പുകൾ, സംരംഭകർ തുടങ്ങിയവർക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് ആനുകൂല്യങ്ങളും നൽകിവരുന്നു.

കാർഷിക കർമ്മ സേനകളിലേയും കാർഷിക സേവന കേന്ദ്രങ്ങളിലേയും പ്രവർത്തനം കാര്യക്ഷമമാക്കി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി ഓരോ കാർഷിക കർമ്മസേനയുടെയും കാർഷിക സേവന കേന്ദ്രത്തിന്റെയും വാർഷിക ബിസിനസ് പ്ലാൻ തയ്യാറാക്കിക്കൊണ്ട്, ടി പ്ലാനിൽ പറയുന്ന പ്രവർത്തനങ്ങൾ നടത്താൻ കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ മുഖേന പ്രവർത്തിച്ചുവരുന്നു. ഓരോ പഞ്ചായത്തിലും വേണ്ടുന്ന കാർഷിക സംരംഭങ്ങൾ

ആരംഭിക്കുന്നതിനും ഇതിനുവേണ്ടുന്ന പ്രവർത്തകരെ പരിശീലനം നൽകി നൈപുണ്യപ്പെടുത്തി ഈ സംരംഭങ്ങൾ പ്രവർത്തിപ്പിക്കാനും വേണ്ടുന്ന പ്രവർത്തനങ്ങൾ ആംരഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന നൂതന കാർഷിക ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹൈടെക് അഗ്രികൾച്ചർ പദ്ധതി**

21 (4685) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. രാജു എബ്രഹാം:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സമഗ്രവികസനത്തിനായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ ലക്ഷ്യമിട്ട് ഹൈടെക് അഗ്രികൾച്ചർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി പോളി ഹൗസുകൾ, റെയിൻ ഷെൽട്ടറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ രംഗത്ത് പുതുതായി എത്തുന്ന സംരംഭകരെ സഹായിക്കുന്നതിനായി വിദഗ്ധരുടെയും സഹായ ഗ്രൂപ്പുകളുടെയും ശൃംഖല വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് കർഷകർക്ക് എന്തെല്ലാം അവബോധ ക്ലാസ്സുകളും പരിശീലനങ്ങളുമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഉണ്ട്. സർവ്വകലാശാലയിലെ വിദഗ്ധരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഹൈടെക് അഗ്രിക്കൾച്ചർ പദ്ധതിയെക്കുറിച്ച് പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ, പോസ്റ്ററുകൾ, ലീഫ്‌ലെറ്റുകൾ, ആകാശവാണി, എഫ്.എം. ചാനലുകൾ, വീഡിയോ പ്രോഗ്രാമുകൾ തുടങ്ങി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ അവബോധം നൽകിവരുന്നു. ഹൈടെക് കൃഷി രീതിയെക്കുറിച്ച് കൃഷി ഭവൻ മുഖാന്തരം കർഷകർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ജില്ലാതല അവബോധ ക്ലാസ്സുകളും, കാർഷിക സർവ്വകലാശാല, സമേതി മുതലായ സ്ഥാപനങ്ങൾ മുഖേനയും പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്.

## കീടരോഗ നിയന്ത്രണത്തിനായി കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ്

22 (4686) ശ്രീ. പി. ഉണ്ണി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യ ഉല്പാദനം പ്രോൽസാഹിപ്പിക്കുന്നതിനായി വിളകളുടെ ആരോഗ്യപരിപാലത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രകൃതി സൗഹൃദപരമായ വിള സംരക്ഷണമാർഗ്ഗങ്ങൾ അവലംബിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) സംസ്ഥാനത്ത് വിളകൾക്കുണ്ടാകുന്ന കീടരോഗ നിയന്ത്രണത്തിനായി കീട നിരീക്ഷണ യൂണിറ്റുകളും കീടരോഗ നിയന്ത്രണപരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി സസ്യ ആരോഗ്യ ക്ലിനിക്കുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഡി) സംയോജിത കീടരോഗ നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനും നിരന്തര കീടനിരീക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വിള ആരോഗ്യ പരിപാലന പദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിച്ച് കീടരോഗബാധ നിയന്ത്രിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശം കർഷകർക്ക് നൽകുന്നു.
2. പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 454 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. കീടരോഗ നിയന്ത്രണവും പ്രതിരോധ മാർഗ്ഗങ്ങൾ

സംബന്ധിച്ച നിർദ്ദേശവും മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും ഈ ക്ലിനിക്കുകളിൽനിന്നും കർഷകർക്ക് ലഭിക്കും. കൂടാതെ കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനുകൾ ക്ലിനിക്കുകൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നു.

3. കൃഷി ഓഫീസർമാർക്ക് ഈ വിഷയത്തിൽ സാങ്കേതിക പരിശീലനം നൽകിവരുന്നു.

4. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി ജൈവിക നിയന്ത്രണോപാധികൾ കൂടുതലായി ഉത്പാദിപ്പിച്ച് കർഷകരിൽ എത്തിക്കുന്നു.

5. മങ്കൊമ്പ് ആസ്ഥാനമാക്കിയുള്ള കീടനിരീക്ഷണം ശക്തിപ്പെടുത്തുകയും ജൈവിക നിയന്ത്രണോപാധികൾ കൂടുതലായി ഉത്പാദിപ്പിച്ച് കർഷകരിലെത്തിക്കുകയും ചെയ്യുന്നു.

(ബി) പ്രകൃതി സൗഹൃദപരമായ വിള സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുവാൻ, ജൈവ കീടനാശിനികളുടെയും ജൈവ നിയന്ത്രണോപാധികളുടെയും ഉത്പാദനം വർദ്ധിപ്പിക്കുക എന്നത് ലക്ഷ്യമിട്ടു കൊണ്ട് സംസ്ഥാന ബയോകൺട്രോൾ ലാബ്, ഒൻപത് പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും അതുവഴി കൂടുതൽ ജൈവ നിയന്ത്രണോപാധികൾ ഉത്പാദിപ്പിച്ച് കർഷകർക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ ഇവയുടെ ഉത്പാദനം സംബന്ധിച്ച ട്രെയിനിംഗുകളും കർഷകർക്ക് നൽകിവരുന്നു. PGD PHM പാസ്സായ കൃഷി ഓഫീസർമാർ മുഖേന പ്രകൃതി സൗഹൃദ വിള ആരോഗ്യ പരിപാലന മുറകൾ കൃഷിയിടങ്ങളിൽ നടപ്പിലാക്കുന്നു. എലിനശീകരണ ക്യാമ്പയിനുകൾ, പരിശീലന പരിപാടികൾ എന്നിവയും നടപ്പിലാക്കുന്നു.

(സി) സംസ്ഥാനത്ത് വിളകൾക്കുണ്ടാകുന്ന കീടരോഗ നിയന്ത്രണത്തിനായി നാളിതുവരെ 2004 കീടനിരീക്ഷണ യൂണിറ്റുകളും (Surveillance Units) കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി 252 ആരോഗ്യ ക്ലിനിക്കുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) കൃഷിയിടങ്ങളിൽ വിവിധ തരത്തിലുള്ള സർവ്വേകൾ നടത്തുകയും വിളക്കുകെണികൾ സ്ഥാപിച്ചും കീടരോഗത്തിന്റെ രൂക്ഷത കണക്കാക്കപ്പെടുകയും അതനുസരിച്ച് കേരള കാർഷിക സർവ്വകലാശാലയും സഹകരണത്തോടെ

കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അടങ്ങിയ ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയും ഓഫീസർമാർക്കും, കർഷകർക്കും മെസേജുകൾ വഴിയും വിദഗ്ധോപദേശം നൽകുയും ചെയ്യുന്നു. കീടരോഗ നിയന്ത്രണം കൂടുതലുള്ള പാടശേഖരങ്ങളിൽ അഗ്രോക്ലിനിക്കുകൾ നടത്തുന്നു. ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ പരിസ്ഥിതി സൗഹൃദ കീടനിയന്ത്രണ മാർഗ്ഗങ്ങൾ, നല്ല കാർഷികമുറകൾ തുടങ്ങിയവ കർഷകരിലെത്തിക്കുന്നതിന് കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾക്കും കെ.സി.പി.എം. വഴി ട്രെയിനിംഗുകൾ നൽകുന്നു. കീടരോഗ പരിരക്ഷയെക്കുറിച്ചുള്ള ഡോക്യുമെന്റേഷൻ നടത്തുന്നതുകൂടാതെ ജൈവ ഉല്പാദനോപാധികളായ ക്രോപ്പ് ഗ്രോത്ത് പ്രൊമോട്ടേഴ്സ് ഇൻസെക്ട് റിപ്പലന്റ് തുടങ്ങിയവയും കായീച്ചയ്ക്കെതിരെയും മറ്റ് കീടങ്ങൾക്കെതിരേയുമുള്ള വിവിധങ്ങളായ കെണികളും (ഫെറോമോൺ ട്രാപ്പ് ഉൾപ്പെടെ) കർഷകരുടെ ആവശ്യാനുസരണം ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുകയും ചെയ്യുന്നു. KCPM-ൽ ഒരു ഫെറോമോൺ ല്യൂർ ഉല്പാദന കേന്ദ്രം ആരംഭിക്കുകയും ഫിറമോൺ ല്യൂർ ഉല്പാദനം തുടങ്ങുകയും ചെയ്തു.

## പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ന്യായവില ലഭിക്കുന്നതിനും നടപടി

23 (4687) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിനും പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പച്ചക്കറി കർഷകർക്ക് ന്യായവില ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; ഇത് കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പച്ചക്കറി ഉപഭോഗം പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇതിൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറി ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം 7.88 ലക്ഷം മെട്രിക് ടൺ എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി എന്ന ബൃഹത്ത് പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും അതുവഴി പച്ചക്കറിയുടെ ഉല്പാപദനം കൂട്ടുന്നതിന് സാധിച്ചിട്ടുണ്ട്.

സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന മുഖ്യ ഘടകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം/ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി</u> - വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 160 ലക്ഷം പച്ചക്കറി തൈകളും സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നു.

<u>മട്ടുപ്പാവ് കൃഷി/ഗ്രോബാഗുകളിലെ പച്ചക്കറി കൃഷി</u> - സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വില വരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്കാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായമായി യൂണിറ്റിന് 200 രൂപ നൽകിവരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനായി 2,500 രൂപ സബ്സിഡി നൽകുന്നു. ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം നിലനിർത്താനായി ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു.

<u>സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി</u> - തെരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ വഴി പച്ചക്കറി കൃഷി ചെയ്യുന്നതിനും ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാരിതര സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ എന്നിവ വഴി പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു.

<u>ജില്ലാ ക്ലസ്റ്റർ വികസനം</u> - കാര്യക്ഷമമായി പ്രവർത്തിക്കുന്ന ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 75,000 രൂപ വീതം ധനസഹായം നൽകുന്നു. പമ്പ് സെറ്റ്, സസ്യസംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. തരിശുനില കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ നിരക്കിൽ ധനസഹായം, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടർ ഒന്നിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

<u>ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം</u> - ക്ലസ്റ്റർ ഒന്നിന് 6.3 ലക്ഷം രൂപ വീതം പുതിയ 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ രൂപീകരണത്തിനും മുൻ വർഷങ്ങളിൽ ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക്, ക്ലസ്റ്റർ ഒന്നിന് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകിവരുന്നു.

<u>ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം</u> - മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബ്ലോക്കുതല ഫെഡറേറ്റഡ് സമിതിക്ക് 10 ലക്ഷം രൂപയും ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് പരിശീലനം നൽകുന്നതിനായും ധനസഹായം നൽകിവരുന്നു.

<u>പച്ചക്കറി കൃഷിക്കുവേണ്ടി മിനി-പോളീഹൗസുകളുടെ പ്രോത്സാഹനം</u>- സ്ഥലപരിമിതി കണക്കിലെടുത്ത് കുറഞ്ഞ സ്ഥലത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മിനി പോളീഹൗസുകൾ സ്ഥാപിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നു. പത്ത് സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള പോളീഹൗസുകൾ ഒന്നിന് 45,000 രൂപ ധനസഹായം കർഷകർക്ക് നൽകുന്നു. 20 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള പോളീഹൗസുകൾ ഒന്നിന് 60,000 രൂപ ധനസഹായം കർഷകർക്ക് നൽകുന്നു.

<u>സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും</u> - സൂക്ഷ്മ ജലസേചന വളപ്രയോഗ യൂണിറ്റ് സ്ഥാപിക്കുന്നതിന് 30,000 രൂപ വരെ ധനസഹായം നൽകുന്നു. പച്ചക്കറി കൃഷിക്കായി വീടുകളിൽ തുള്ളിനന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 75% ധനസഹായം (പരമാവധി 7,500 രൂപ വരെ) നൽകിവരുന്നു.

<u>പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം</u> - പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കാനായി പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി ഉൾപ്പെടുത്തി 2017-18-ൽ ആരംഭിച്ച ഒരു ചെലവുകുറഞ്ഞ മാർഗ്ഗമാണ് ഊർജ്ജരഹിത ശീതീകരണ യൂണിറ്റുകൾ. ഊർജ്ജരഹിത ശീതീകരണ യൂണിറ്റ് നിർമ്മിക്കുന്നതിനായി 15,000 രൂപ (ഒരു യൂണിറ്റ്) ധനസഹായം നൽകിവരുന്നു.

<u>കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം</u> - കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകിവരുന്നു. എ ഗ്രേഡ് ക്ലസ്റ്ററുകളുടെ ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി.

<u>മഴമറ നിർമ്മാണം</u> - വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി നൂതനരീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

(സി) പച്ചക്കറികളുടെ ഉല്പാദനത്തിനായി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനോടൊപ്പം പച്ചക്കറികൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് കൃഷി വകുപ്പ് 400 ഗ്രാമീണ ആഴ്ച ചന്തകൾ, 213 ഇക്കോ ഷോപ്പുകൾ എന്നിവ വിപണി വികസന പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. പഞ്ചായത്ത് തല കമ്മിറ്റികൾ വിപണികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പ് വരുത്തുന്നതിനായി നിലവിലുണ്ട്. ഇത്തരം വിപണികൾ കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നുണ്ട്.

കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ 5 ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കർഷകർക്ക് ലേല സമ്പ്രദായങ്ങളിലൂടെ തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യമുണ്ട്. അന്നന്നത്തെ വിപണി വില അടിസ്ഥാനമാക്കി ഏറ്റവും കുറഞ്ഞ വില നിശ്ചയിച്ച് ലേലം കൊള്ളുന്നതിനാൽ ഈ വിപണിയിലൂടെ ന്യായവില ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.

ഹോർട്ടികോർപ്പ് കേരളത്തിലെ കർഷകരിൽനിന്നും ന്യായവിലയ്ക്ക് പച്ചക്കറികൾ ശേഖരിച്ച് ടി ഏജൻസിയുടെ 92 സ്റ്റാളുകൾ, 267 ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടെയും വില്പന നടത്തിവരുന്നുണ്ട്. ഹോർട്ടികോർപ്പിന് കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിലും സംഭരണ കേന്ദ്രങ്ങളുണ്ട്. കൂടാതെ ഹരിപ്പാടും ചടയമംഗലത്തും 2 ഉപസംഭരണ കേന്ദ്രങ്ങളുമുണ്ട്.

വി.എഫ്.പി.സി.കെ.-യുടെ 287 സ്വാശ്രയ കർഷക വിപണികളും കർഷകർക്ക് ന്യായവില കിട്ടത്തക്കരീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ലേലം വഴിയാണ് ടി സമിതികളിലും കച്ചവടം നടക്കുന്നത്.

## സഹസ്രസരോവരം പദ്ധതി

24 (4688) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹസ്രസരോവരം പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

സഹസ്രസരോവരം പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 11 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ നബാർഡ് RIDF XX സ്കീമിലുൾപ്പെടുത്തി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തച്ചനാട്ടുകര പഞ്ചായത്തിലെ കൊടക്കാട് ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 46.00 | പൂർത്തീകരിച്ചു |
| 2 | തച്ചനാട്ടുകര പഞ്ചായത്തിലെ ചോലക്കുളത്തിന്റെ പുനരുദ്ധാരണം | 29.00 | പൂർത്തീകരിച്ചു |
| 3 | തച്ചനാട്ടുകര പഞ്ചായത്തിലെ കുരങ്ങയിൽ കുളത്തിന്റെ പുനരുദ്ധാരണം | 34.00 | പൂർത്തീകരിച്ചു |
| 4 | തച്ചനാട്ടുകര പഞ്ചായത്തിലെ തഞ്ചേരി കുളത്തിന്റെ പുനരുദ്ധാരണം | 25.00 | 60% പണി പൂർത്തീകരിച്ചു |
| 5 | തച്ചനാട്ടുകര പഞ്ചായത്തിലെ പന്നൻക്കുറിശ്ശി ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണം | 53.00 | പൂർത്തീകരിച്ചു |
| 6 | തേൻകര പഞ്ചായത്തിലെ ചെക്കിടി കുളത്തിന്റെ പുനരുദ്ധാരണം | 34.00 | പൂർത്തീകരിച്ചു |
| 7 | തേൻകര പഞ്ചായത്തിലെ ചെറുംകുളത്തിന്റെ പുനരുദ്ധാരണം | 45.00 | പൂർത്തീകരിച്ചു |
| 8 | തെങ്കര പഞ്ചായത്തിലെ ആര്യൻകോട് അമ്പലക്കുളത്തിന്റെ പുനരുദ്ധാരണം | 49.00 | പൂർത്തീകരിച്ചു |
| 9 | തേൻകര പഞ്ചായത്തിലെ വാലക്കര കുളത്തിന്റെ പുനരുദ്ധാരണം | 46.50 | 60% പണി പൂർത്തീകരിച്ചു |
| 10 | മണ്ണാറക്കാട് പഞ്ചായത്തിലെ ശ്രീകൃഷ്ണ ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണം | 30.18 | പൂർത്തീകരിച്ചു |
| 11 | തച്ചനാട്ടുകര പഞ്ചായത്തിലെ ചേതല്ലൂർ ശ്രീകൃഷ്ണ ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണം | 28.50 | പൂർത്തീകരിച്ചു |

## നേര്യമംഗലത്ത് ഫാം ടൂറിസം

25 (4689) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈറേഞ്ചിന്റെ കവാടമായ നേര്യമംഗലത്ത് ഏക്കറോളം വ്യാപിച്ച് കിടക്കുന്ന ജില്ലാ കൃഷിത്തോട്ടവുമായി ബന്ധപ്പെട്ട് ഫാം ടൂറിസം ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രാഥമിക രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഫാം ടൂറിസത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പിലാക്കുവാൻ സാധിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ധാരാളം ടൂറിസ്റ്റുകൾ സന്ദർശനം നടത്തുന്ന പ്രസ്തുത കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനീയറിംഗ് വിംഗിനെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്നു. പ്രസ്തുത ടീം ഫാം സന്ദർശിച്ച് കരട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 50 കോടി രൂപയുടെ നിർദ്ദേശങ്ങൾ ആണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംയോജിത കൃഷി പ്രാവർത്തികമാക്കുക.
2. വിവിധ വിളകളുടെ പ്രദർശന തോട്ടങ്ങൾ
3. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനവും, വിപണനവും
4. ഫാമിന്റെ നവീകരണം, സൗന്ദര്യവൽക്കരണം, തീം പാർക്കുകൾ, റസ്റ്റോറന്റുകൾ, ക്വാർട്ടേഴ്സുകൾ, കർഷക പഠന കേന്ദ്ര ഗസ്റ്റ് ഹൗസുകൾ, ട്രീ ഹട്ടുകൾ, ചെക്കുഡാമുകൾ, അലങ്കാര മത്സ്യങ്ങളുടെ പ്രദർശനവും വിപണനവും മുതലായവ.

5. പെരിയാറിന്റെ സംരക്ഷണ ഭിത്തി കെട്ടി നടപ്പാതയും ടൂറിസ്റ്റുകളെ ഉദ്ദേശിച്ചുള്ള ആധുനിക കടവുകളുടെ നിർമ്മാണവും.

6. ഹൈടെക് നഴ്സറികൾ, പോളീഹൗസുകളുടെ നിർമ്മാണം, തൈകളുടെ ഉല്പാദനം, വിപണനം തുടങ്ങിയവ.

7. ഹൈടെക് കാലിത്തൊഴുത്ത്, ആട്ടിൻകൂട്, മറ്റ് പക്ഷിമൃഗാദികളുടെ ഷെൽറ്ററുകൾ എന്നിവയുടെ നിർമ്മാണവും പ്രദർശനവും.

(ഡി) ഫാം ടൂറിസം പദ്ധതി വേഗത്തിൽ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഫാം ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനീയറിംഗ് വിംഗിനെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്നു. പ്രസ്തുത ടീം ഫാം സന്ദർശിച്ച് 50 കോടി രൂപയുടെ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

## യുവജനങ്ങൾക്കിടയിൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

26 (4690) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കൃഷിയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിന് കൂടുതലായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് ആവശ്യമായ നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവത്കരണം, കൂടുതൽ വരുമാനം എന്നിവ ഉറപ്പാക്കുന്ന വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഹൈടെക് അഗ്രിക്കൾച്ചർ, പച്ചക്കറി കൃഷി വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും മൂല്യവർദ്ധന യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവയാണ് പ്രധാന പദ്ധതികൾ.

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 64 അഗ്രോ സെന്ററുകളിലും 200 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവ കർഷകത്തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷിക വൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിന് സ്ഥാപിക്കുന്ന അഗ്രോപാർക്കുകളിൽ സംരംഭകത്വമുള്ള യുവജനങ്ങൾക്ക് മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തരം സാങ്കേതിക, സാമ്പത്തിക പിന്തുണ നൽകിവരുന്നു.

കൃഷി വകുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു. നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർകാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്.

(ബി) കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി മൂല്യവർദ്ധനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി, പഴങ്ങൾ എന്നിവയ്ക്ക് ശീതീകരിച്ച വിതരണ ശൃംഖല (cold chain) സംവിധാനങ്ങളുടെ സ്ഥാപനത്തിനായുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. കാർഷിക മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും യുവാക്കളെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിനുമായി അഗ്രി സ്റ്റാർട്ടപ്പിനുള്ള സഹായവും അഗ്രി ബിസിനസ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിനും പുതിയ പദ്ധതി ലക്ഷ്യമിടുന്നു.

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

27 (4691) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം ഈ പദ്ധതി നടപ്പിലാക്കിയതുമൂലം എത്ര ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചു;

(സി) ഈ വർഷം പദ്ധതി കൂടുതൽ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആരുടെയൊക്കെ സഹകരണത്തോടെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്കായി എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത്?

ഉത്തരം

(എ&ബി) വർഷത്തിൽ എല്ലാ ദിവസവും ഓരോ കുടുംബങ്ങൾക്കും വേണ്ട വിഷരഹിത പച്ചക്കറി സ്വന്തം വീട്ടുവളപ്പിൽ തന്നെ ഉല്പാദിപ്പിക്കുവാനും ഓണത്തിന് വിഷഹരിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽനിന്ന് തന്നെ ഉല്പാദിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷം മുതൽ ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി.

2017-18 വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനായി സാധിച്ചു. ഇതിലൂടെ 96899.52 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു.

കഴിഞ്ഞ വർഷം ഓണത്തിന് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 25000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി കൊണ്ടുവരുവാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയംമൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70 ശതമാനം മുതൽ 75 ശതമാനം വരെ വിളനാശം സംഭവിക്കുകയുണ്ടായി.

(സി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കി വിപുലീകരിച്ചാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയിൽ സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 4 മുതൽ 5 വരെ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 65 ലക്ഷം വിത്ത് പായ്ക്കറ്റുകളും 160 ലക്ഷം പച്ചക്കറി തൈകളും കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു.

കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഡിപ്പാർട്ട്മെന്റ് ഫാമുകൾ, അഗ്രോ സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ., മറ്റ് അംഗീകൃത ഏജൻസികൾ എന്നിവ വഴിയാണ് കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകളും പച്ചക്കറി തൈകളും സൗജന്യമായി ലഭ്യമാക്കുന്നത്.

(ഡി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

## സിക്കിം മാതൃകയിൽ ജൈവകൃഷി നടപ്പിലാക്കൽ

28 (4692) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്കിം സംസ്ഥാനത്തിന്റെ മാതൃകയിൽ കേരളത്തിൽ പൂർണ്ണമായും ജൈവകൃഷി നടപ്പിലാക്കാൻ സാധിക്കുമോ; ഇതിനായുള്ള നടപടി സ്വീകരിക്കുമോ;

(ബി) സ്കൂളുകളിൽ കരിക്കുലത്തിന്റെ ഭാഗമായി ഓർഗാനിക് ഫാമിംഗ് പഠനം ഉൾപ്പെടുത്താനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 2010-ൽ ജൈവ കാർഷിക നയം പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ജൈവ കൃഷി വ്യാപിപ്പിച്ച് വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിത ജില്ലയായ കാസർഗോഡിനെ 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ചു. സംസ്ഥാനത്ത് ഉടനീളം സംസ്ഥാന സർക്കാർ ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനുമായി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 538.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്:

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ
2. ഇക്കോഷോപ്പുകൾ
3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം
4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ
5. കുട്ടനാട് ജി.എ.പി. പദ്ധതി
6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്
7. അവശിഷ്ട വിഷാംശ പരിശോധന
8. ഫാം സ്കൂൾ ആന്റ് കർഷകർക്കുള്ള പരിശീലനങ്ങൾ
9. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്
10. VFPCK-യും SHGs വഴിയുള്ള ജൈവ പഴം, പച്ചക്കറികളിലെ സർട്ടിഫിക്കേഷൻ
11. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ).

(ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി എന്ന മുഖ്യഘടകത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നു. സ്കൂളുകളിൽ കരിക്കുലത്തിന്റെ ഭാഗമായി ഓർഗാനിക് ഫാമിംഗ് പഠനം ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിൽ വരേണ്ട വിഷയമാണ്.

**ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം**

29 (4693) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇക്കോ ഷോപ്പുകളുടെ പ്രവർത്തനരീതി വിശദമാക്കാമോ;

(ബി) ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ ജില്ലതിരിച്ച് അറിയിക്കാമോ;

(ഡി) പുതുതായി ഇക്കോ ഷോപ്പുകൾ തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

(എ) ജൈവ കൃഷി മേഖലയിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ കണക്കിലെടുത്ത് ജി.എ.പി. സാക്ഷ്യപത്രമുള്ള കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് 'ഇക്കോഷോപ്പുകൾ'. സമഗ്ര പച്ചക്കറി പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള BLFO-യുടെ ഫ്രാഞ്ചൈസി മോഡലിലോ കുടുംബശ്രീ, അഗ്രോസർവ്വീസ് സെന്റർ മുതലായ ഏജൻസികൾ മുഖേനയോ ആണ് ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നത്.

ജൈവ കൃഷി പദ്ധതിയുടെ ധനസഹായം ഉപയോഗിച്ച് നല്ല കൃഷി മുറകൾ (ജി.എ.പി.) അവലംബിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും ജി.എ.പി. സർട്ടിഫൈഡ് ഉല്പന്നങ്ങൾ ശേഖരിച്ച് കേരള ഓർഗാനിക് എന്ന ലേബലിൽ ഇക്കോഷോപ്പുകൾ മുഖേന വിപണനം ചെയ്യുന്നു. സർട്ടിഫിക്കേഷൻ സംവിധാനത്തിലൂടെ കർഷകർക്ക് ന്യായമായ വില ലഭിക്കുകയും, ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിലുള്ള വിശ്വാസം വർദ്ധിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ ജൈവ ഉല്പാദനോപാധികളുടെ സംഭരണവും വിതരണവും ഇക്കോ ഷോപ്പുകളുടെ ചുമതലകളിൽപ്പെടുന്നു.

കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തി "കേരള ഓർഗാനിക്" എന്ന ബ്രാന്റ് ലേബലിലുള്ള ഉല്പന്നങ്ങൾക്ക് പ്രാദേശിക വിപണികൾ വഴിയും ഇക്കോഷോപ്പുകൾ വഴിയും ഉപഭോക്താക്കളുടെ സ്വീകാര്യത വർദ്ധിപ്പിക്കാവുന്നതാണ്. ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടിയ തെരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകളിൽനിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങൾ തരംതിരിച്ച്, ഗ്രേഡ് ചെയ്ത് പ്രത്യേക ലേബലോടുകൂടിയ പായ്ക്കറ്റുകളിലാക്കി ഇക്കോ ഷോപ്പുകൾ വഴി വിപണനം നടത്തുന്നു.

(ബി) ഉണ്ട്. ഇക്കോഷോപ്പുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ കർഷകരിൽനിന്ന് നേരിട്ട് ഉല്പന്നങ്ങൾ സംഭരിക്കുന്ന സമയത്ത് കിലോയ്ക്ക് 5 രൂപ നിരക്കിൽ പ്രീമിയം വില നൽകുന്നുണ്ട്. മുൻ വർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മികച്ച പ്രവർത്തനം കാഴ്ചവച്ച തെരഞ്ഞെടുത്ത 3 ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷം രൂപ വീതം നടപ്പ് സാമ്പത്തിക വർഷം ധനസഹായം നൽകുന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ആകെ 454 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 38 |
| 2 | കൊല്ലം | 35 |
| 3 | പത്തനംതിട്ട | 24 |
| 4 | ആലപ്പുഴ | 33 |
| 5 | കോട്ടയം | 33 |
| 6 | ഇടുക്കി | 36 |
| 7 | എറണാകുളം | 33 |
| 8 | തൃശ്ശൂർ | 40 |
| 9 | പാലക്കാട് | 41 |
| 10 | മലപ്പുറം | 46 |
| 11 | കോഴിക്കോട് | 23 |
| 12 | വയനാട് | 12 |
| 13 | കണ്ണൂർ | 38 |
| 14 | കാസർഗോഡ് | 22 |
| ആകെ | | 454 എണ്ണം |

(ഡി) നടപ്പ് സാമ്പത്തിക വർഷം പുതിയ 15 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

ഇക്കോഷോപ്പ് തുടങ്ങുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു:

- ഓരോ ഇക്കോഷോപ്പിനുമുള്ള അംഗീകാരം നൽകുന്നത് പ്രിൻസിപ്പൽ കൃഷി ഓഫീസർ ആയിരിക്കും.
- തദ്ദേശസ്വയംഭരണ മേധാവിയുടെ നേതൃത്വത്തിൽ ഉള്ള ഒരു കമ്മിറ്റി ക്ലസ്റ്റർ അംഗങ്ങളിൽ നിന്ന് അനുയോജ്യമായ ഒരു ഫെസിലിറ്റേറ്ററെ തെരഞ്ഞെടുക്കും.
- കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എൻ.ഡബ്ല്യു.പി.ആർ.എ.), കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്), ബ്ലോക്കിലെ അസിസ്റ്റന്റ് ഡയറക്ടർ, ക്ലസ്റ്റർ നേതാവ്, കൃഷി ഓഫീസർ എന്നിവരാണ് സമിതയിലെ അംഗങ്ങൾ.

- പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) ഇക്കോഷോപ്പിന്റെ പ്രവർത്തനം നിരീക്ഷിക്കുകയും GAP സർട്ടിഫൈഡ് ഉല്പന്നങ്ങൾ കേരള ഓർഗാനിക് ലേബലിൽ വിൽക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

- ഇക്കോഷോപ്പിൽ എത്തുന്ന ഉൽപ്പന്നങ്ങളുടെയും വിറ്റ ഉൽപ്പന്നങ്ങളുടെയും ഇനം, അളവ്, ചെലവ് എന്നീ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കണം. പ്രതിമാസ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) വിവരങ്ങൾ ശേഖരിക്കണം.

- കർഷകരിൽനിന്ന് നേരിട്ട് ഉല്പന്നങ്ങൾ സംഭരിക്കുന്ന സമയത്ത് കിലോയ്ക്ക് 5 രൂപ നിരക്കിൽ പ്രീമിയം നൽകേണ്ടതാണ്.

- പാക്കിംഗിന് തുണി സഞ്ചി അല്ലെങ്കിൽ പേപ്പർ ബാഗ് എന്നിവ മാത്രം ഉപയോഗിക്കണം.

- മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രത്യേക സ്ഥലം ഉണ്ടായിരിക്കണം.

- ഫർണിച്ചറുകൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ കൈകാര്യം ചെയ്യണം.

- ഉപഭോക്താക്കൾക്ക് ക്യാഷ് ബില്ലുകൾ നൽകണം.

- വിലവിവരങ്ങൾ പ്രദർശിപ്പിക്കണം.

- ഇക്കോഷോപ്പിൽ വരുന്ന ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഓഫീസറെ അറിയിക്കേണ്ടതാണ്.

- വില്പനയിൽ നിന്നുള്ള വരുമാനം കൂടുതൽ സംഭരണത്തിനും വില്പനയ്ക്കുമായി ഒരു റിവോൾവിംഗ് ഫണ്ടായി ഉപയോഗപ്പെടുത്തണം. സർക്കാരിന്റെ കൂടുതൽ സഹായം അനുവദിക്കുകയില്ല.

- ഡിപ്പാർട്ട്മെന്റ് നൽകുന്ന സഹായം ഇക്കോഷോപ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ. ഒരു സാഹചര്യത്തിലും ഫണ്ടുകൾ ദുരുപയോഗം ചെയ്യാൻ പാടില്ല.

- ഭക്ഷണവും ജൈവ സുരക്ഷിതവുമായവ മാത്രമേ ഇക്കോഷോപ്പുകൾ വഴി വിൽക്കാവൂ. അല്ലാത്ത പക്ഷം നിയമനടപടികൾ സ്വീകരിക്കും.

## വിഷരഹിത പച്ചക്കറി

30 (4694) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാർക്കറ്റുകളിൽ വിഷരഹിത പച്ചക്കറികൾ ആണ് എത്തുന്നത് എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതരസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികൾ വിഷവിമുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പരിശോധനകൾ ആണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിൽക്കുന്ന പഴം, പച്ചക്കറികൾ വിഷരഹിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു. റിപ്പോർട്ടുകളിൽനിന്നും അനുവദനീയമായ അളവിലും (MRL) കൂടുതൽ കീടനാശിനി അവശിഷ്ടം ഉൽപ്പന്നങ്ങളിൽ അടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നു. ഇത് പൊതുജനങ്ങളിലും കർഷകരിലും ബോധവൽക്കരണത്തിന് സഹായിക്കും.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾക്ക് പ്രത്യേക പരിശോധനകളൊന്നും നിലവിൽ നടത്തുന്നില്ല. എന്നാൽ വിപണിയിൽ ലഭ്യമായ പച്ചക്കറികളിൽനിന്ന് FSSAI സുരക്ഷ മാനദണ്ഡങ്ങൾക്കനുസരിച്ച് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്യുന്നു. പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ അടക്കമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

## വിഷരഹിത പച്ചക്കറി കൃഷി

31 (4695) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിലൂടെ എന്തുമാത്രം നേട്ടം ഉണ്ടായെന്ന് അറിയിക്കുമോ;

(സി) ഇതിലേക്കായുള്ള പദ്ധതികൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി നടപ്പിലാക്കിവരുന്നു.

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപയാണ് ധനസഹായമായി നൽകുന്നത്.

2. ഇക്കോഷോപ്പുകൾ

ജൈവ ക്ലസ്റ്ററുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ, മറ്റ് ഉൽപാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഇതുവരെ 241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്.

3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉൽപാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നു.

5. <u>സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്</u>

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

6. <u>അവശിഷ്ട വിഷാംശ പരിശോധന</u>

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു.

7. <u>ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ</u>

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു.

8. <u>സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്</u>

"സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവ് കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ചു.

9. <u>പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)</u>

60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

(ബി)

- ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് പഴം, പച്ചക്കറി കൃഷി 31195 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു.

- നെൽകൃഷിയിൽ ഉത്തമ കൃഷിമുറകൾ പാലിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ കുട്ടനാട് മേഖലയിൽ 27750 ഹെക്ടർ പാടശേഖരത്ത് ജൈവ നെൽകൃഷി വ്യാപിപ്പിച്ചു.

- ജൈവ ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി 241 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു.

- ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വഴി നേരിട്ട് വിപണനം നടത്തുന്നതിന് 32 വിപണികൾ നടപ്പിലാക്കി.

- ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ ഗുണനിലവാരം ഉറപ്പാക്കി കേരള ഓർഗാനിക് എന്ന ബ്രാൻഡിൽ ഇക്കോ ഷോപ്പുകൾ നേരിട്ടുള്ള വിപണികൾ മുഖേന വിപണനം നടത്തിവരുന്നു.

- കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ 3000 ഹെക്ടർ സ്ഥലത്ത് നൽകി.

- ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു.

- സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളാണിക്കര (തൃശ്ശൂർ) പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബ് പ്രവർത്തിക്കുന്നു. പൊതുജനങ്ങളെ അറിയിക്കുന്നതിനായി പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. കീടനാശിനി അവശിഷ്ട പരിശോധന സംബന്ധിച്ച് ഇതുവരെ 45 പരിശോധനാ ഫലങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 200

ക്ലസ്റ്ററുകൾ ഉൾപ്പെടുത്തി 5000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പുതിയ 15 ഇക്കോ ഷോപ്പുകൾ ആരംഭിക്കുന്നതിനും മുൻ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അവശിഷ്ട വിഷാംശ പരിശോധന ലാബുകൾക്കായി നടപ്പ് സാമ്പത്തിക വർഷം വിവിധ പ്രവർത്തനങ്ങൾക്കായി 50.00 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് എന്ന കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 15.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പഴം പച്ചക്കറികളിലെ VFPCK-യും SHG-യും വഴിയുള്ള ജൈവ സർട്ടിഫിക്കേഷന് 91.86539 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതി പ്രകാരം 110 ക്ലസ്റ്ററുകൾ രൂപീകരിച്ച് 2200 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

**വീട്ടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

32 (4696) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ ആവശ്യമായ പച്ചക്കറി വീടുകളിൽ തന്നെ ഉത്പാദിപ്പിക്കുന്നതിന് സഹായകമായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വീടുകളിൽ ആവശ്യമായ പച്ചക്കറികൾ സ്വന്തം വീട്ടുവളപ്പിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് സഹായകരമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ മുഖ്യ ഘടകങ്ങളായി ഉൾപ്പെടുത്തി "വീട്ടുവളപ്പിലെ പച്ചക്കറി കൃഷി/ഓണത്തിന് ഒരു മുറം പച്ചക്കറി, മട്ടുപ്പാവിലെ പച്ചക്കറി കൃഷി, മഴമറ കൃഷി" എന്നീ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

<u>വീട്ടുവളപ്പിലെ പച്ചക്കറി കൃഷി</u>:- വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങളടങ്ങിയ 65 ലക്ഷം പച്ചക്കറി

വിത്ത് പായ്ക്കറ്റുകളും 160 ലക്ഷം പച്ചക്കറി തൈകളും സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>മട്ടുപ്പാവ് കൃഷി/ഗ്രോബാഗുകളിലെ പച്ചക്കറി കൃഷി</u>:- സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികൾ എന്നിവ കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വില വരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കൽ, റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ച് പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നു.

<u>മഴമറ പച്ചക്കറി കൃഷി</u> - വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി നൂതനരീതിയായ റെയിൻ ഷെൽട്ടറുകളിലുള്ള പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് 50000 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു.

കൂടാതെ ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ. 'ഹരിതനഗരി' പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ നഗരപ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ 2500 രൂപ നിരക്കിൽ ആവശ്യമുള്ള പച്ചക്കറി തൈകൾ നട്ട ഗ്രോബാഗ് യൂണിറ്റ് (25 ഗ്രോബാഗ് വീതം) ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം, കണിക ജലസേചന യൂണിറ്റ്, ടെറസ് കൃഷിക്ക് വേണ്ടി നടീൽ വസ്തുക്കൾ, ജൈവ ഉൽപ്പാദനോപാധികൾ

തുടങ്ങിയവ വി.എഫ്.പി.സി.കെ.-ക്ക് കീഴിലുള്ള ബിസിനസ്സ് കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ, നഗരവാസികൾക്ക് ടെറസ് പച്ചക്കറി കൃഷിയെക്കുറിച്ചുള്ള പരിശീലനങ്ങൾ കാക്കനാടുള്ള വി.എഫ്.പി.സി.കെ. ആസ്ഥാനത്ത് സംഘടിപ്പിച്ചുവരുന്നു.

(ബി) വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വിപുലീകരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വിത്ത്, പച്ചക്കറി തൈകളുടെ വിതരണം എന്നിവയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാതെ വരുന്ന നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിനായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഘടകത്തിൽ പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വില വരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്കാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായമായി യൂണിറ്റിന് 200 രൂപ നൽകിവരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും, ഈർപ്പം നിലനിർത്തുന്നതിനും ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. വിവിധ റസിഡൻഷ്യൽ അസോസിയേഷനുകളിലെ അർബൻ ക്ലസ്റ്ററുകൾ വാർഡ് തലത്തിൽ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ചും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു.

## പാലക്കാട് ജില്ലയിലെ ഇക്കോഷോപ്പുകൾ

33 (4697) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ എത്ര ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) പാലക്കാട് ജില്ലയിൽ ജൈവകൃഷി പദ്ധതിയിൻ കീഴിൽ 23 ഇക്കോഷോപ്പുകളും, വിപണി വികസനം പദ്ധതികളിൽ 18 ഇക്കോഷോപ്പുകളും കൂടി ആകെ 41 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ

34 (4698) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25 സംസ്ഥാനങ്ങളിൽ ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടികൾച്ചർ ബോർഡ് / കോർപ്പറേഷൻ / വകുപ്പ് ആയി മാറിയ സാഹചര്യത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷനെ ബോർഡോ കോർപ്പറേഷനോ വകുപ്പോ ആക്കി മാറ്റുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) 2006 മുതൽ ഹോർട്ടിക്കൾച്ചർ മിഷൻ കേരളയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി എടുക്കുമോയെന്നറിയിക്കുമോ;

(സി) സംസ്ഥാന ഹോർട്ടികൾച്ചർ കേരള നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് പ്രതിമാസ വാടക എത്രയാണ്; പ്രസ്തുത ഓഫീസ് സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കെട്ടിടത്തിലേക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഇതുസംബന്ധിച്ച് വിശദമായി പഠിച്ച ശേഷമേ തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

(ബി) കേന്ദ്ര സർക്കാരിന്റെ ഗ്രാന്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ച് വരുന്ന മിഷൻ ആയതിനാൽ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ കഴിയില്ല. ഓരോ വർഷവും കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്.

(സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന് 32,000 രൂപയാണ് പ്രതിമാസ വാടക. പ്രസ്തുത ഓഫീസ് സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കെട്ടിടത്തിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണനയിലാണ്.

## രണ്ടാം വിള കൃഷിയിലെ നെല്ലിന്റെ സംഭരണം

35 (4699) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ രണ്ടാം വിളയിൽ എത്ര കിലോ നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം കൂടുതൽ നെല്ല് സംഭരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പി.ആർ.എസ്സ്. മായി എത്തുന്ന കർഷകർക്ക് പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും വായ്പ നൽകുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ സപ്ലൈകോ മുഖേന രണ്ടാം വിളയിൽ 22-6-2019 വരെ 164031026 കിലോഗ്രാം നെല്ല് സംഭരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം 73429305 കിലോഗ്രാം നെല്ല് അധികം സംഭരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമേഖലാ ഷെഡ്യൂൾഡ് ബാങ്കുകളിൽ പി.ആർ.എസ്. വായ്പയ്ക്ക് അപേക്ഷിച്ച കർഷകർക്ക് യോഗ്യത സാക്ഷ്യപത്രത്തിന്മേൽ ഉത്തരവ് നൽകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തുക നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില ബാങ്കുകളുടെ ഭാഗത്ത് കാലതാമസം വരുന്നുണ്ട്. എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾ പി.ആർ.എസ്.-മായി എത്തുന്ന കർഷകർക്ക് അപ്പോൾ തന്നെ വായ്പ നൽകുന്നുണ്ട്. ആയതിനാൽ ഇപ്പോൾ ജില്ലാ സഹകരണ ബാങ്ക് വഴി പി.ആർ.എസ്. വായ്പ ലഭിക്കുവാൻ താല്പര്യമുള്ള കർഷകർ ബാങ്ക് അക്കൗണ്ട് മാറ്റി നൽകുന്നുണ്ട്.

## കുറ്റ്യാടി പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പദ്ധതി

36 (4700) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പദ്ധതിയിൽ ചെറിയാഞ്ചി, കുന്നമ്മൽ, കാക്കുനി എന്നീ പാടശേഖരങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായി എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) ആർ.ഐ.ഡി.എഫ് XIX പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ തുക അനുവദിച്ചത്; പദ്ധതി ഇപ്പോൾ എതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇവിടെ പമ്പ്ഹൗസ്, ടാങ്ക്, ടില്ലർ, ബണ്ട് എന്നിവ നിർമ്മിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ കുറിച്ചകം, പാവുള്ളാട്ട വയൽ, കുഴിവയൽ പാടശേഖരവികസന പദ്ധതിക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികൾ ഏതുഘട്ടത്തിലാണ്;

(ഇ) പ്രസ്തുത പദ്ധതിയിൽ നാരായണിനട,വാച്ചാൽനട,തീക്കുനി എന്നീ പാടശേഖര വികസന പ്രവർത്തികൾക്ക് വകയിരുത്തിയ തുക എത്ര; പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(എഫ്) പദ്ധതിയിൽപ്പെട്ട പെരുവയൽ പാടശേഖര വികസന പദ്ധതിക്ക് വകയിരുത്തിയ തുക എത്ര; പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ജി) പദ്ധതിയിൽ ഉൾപ്പെട്ട തെയ്യാട്ടുതാഴെ,ശാന്തിനഗർ ,ചെറുകുന്ന് പാടശേഖര വികസന പദ്ധതികൾക്ക് വകയിരുത്തിയ തുക എത്ര; പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പദ്ധതിയുടെ ഭാഗമായുള്ള ഊരാത്ത് വടയം പാടശേഖരം (കുറ്റ്യാടി പഞ്ചായത്ത് )വികസന പ്രവർത്തിക്ക് അനുവദിച്ച തുക എത്ര; പദ്ധതി ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പദ്ധതിയിൽ ചെറിയാണ്ടികുന്നുമ്മൽ, കാക്കുനി പാടശേഖരങ്ങളുടെ വികസന പ്രവൃത്തിക്കായി 99.55 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) ആർ.ഐ.ഡി.എഫ്. XIX പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ കരാർ കാലാവധിക്ക് മുമ്പ് സ്വകാര്യ വ്യക്തികളിൽനിന്നും വിട്ടുകിട്ടാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ ഇടപെടൽമൂലം പ്രവൃത്തി നടത്തേണ്ട ചില സ്ഥലങ്ങൾ ലഭ്യമായെങ്കിലും കരാർ കാലാവധി കഴിഞ്ഞതിനാൽ കരാറുകാരൻ പ്രവൃത്തി തുടങ്ങിയിട്ടില്ല. ആർ.ഐ.ഡി.എഫ്. XIX 2019 ജൂൺ 15 മുമ്പ് പൂർത്തീകരിക്കണം എന്നതിനാൽ പ്രസ്തുത പദ്ധതി ഇനി പൂർത്തീകരിക്കാൻ സാധിക്കുകയില്ല.

(സി) കരാർ കാലാവധിക്ക് മുമ്പ് സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല.

(ഡി) കുറിച്ചകം, പാവുള്ളാട്ട്, വയൽ, കുഴിവയൽ പാടശേഖരങ്ങളുടെ പ്രവൃത്തിക്കായി ആകെ 99.90 ലക്ഷം രൂപയാണ് വകയിരുത്തിയത്. ഇതിൽ കുറിച്ചകം പാടശേഖരത്തിന്റെയും, കുഴിവയൽ പാടശേഖരത്തിന്റെയും മുഴവൻ പ്രവൃത്തികളും പൂർത്തീകരിച്ചു. എന്നാൽ പാവുള്ളാട്ടു വയൽ പാടശേഖരത്തിന്റെ കാപ്പു നവീകരണ പ്രവൃത്തി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം കാരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി തവണ ജനപ്രതിനിധികൾ ഉൾപ്പെടെ ഇടപെട്ടിട്ടും പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് തർക്കം

പരിഹരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതിയിൽ ഇതുവരെ ആകെ 61,70,514 (അറുപത്തിയൊന്ന ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ മാത്രം) രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) നാരായണിനട, വാച്ചാൽനട, തീക്കുനി എന്നീ പാടശേഖരങ്ങളിൽ വികസന പ്രവൃത്തികൾക്കായി ആകെ 152.28 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി മൂന്ന് പാടശേഖരങ്ങളിലും റോഡിന്റെ പാർശ്വഭിത്തി സംരക്ഷണം ആണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ വർഷത്തിൽ മുഴുവൻ സമയവും മഴവെള്ളം അല്ലെങ്കിൽ കുറ്റ്യാടി ഇറിഗേഷൻ കനാൽ വെള്ളം കാരണം ഒരു മീറ്ററിൽ അധികം വെള്ളം തോടിൽ ഉണ്ടാകുന്നതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. കുടിവെള്ള പ്രശ്നം കാരണം കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ ബ്രാഞ്ച് അടച്ചുവയ്ക്കാൻ സാധിക്കാത്തതുമൂലമാണ് വേനൽക്കാലത്തും പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്.

(എഫ്) പെരുവയൽ പാടശേഖര വികസന പ്രവൃത്തിക്കായി ആകെ 160.80 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇതിൽ എടപ്പലത്ത് താഴെ - അടിവയൽ ഫാം റോഡിന്റെ നിർമ്മാണം പൂർണ്ണമായും, തോട്ടുകോവുമ്മൽ-മൂഴിക്കൽ തോട് സംരക്ഷണം ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ് ഹൗസുകളുടെ സ്ഥലം ലഭ്യമാകാത്തതിനാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചിട്ടില്ല. പദ്ധതിയിൽ ഉൾപ്പെട്ട തോട്ടുകോവുമ്മൽ വി.സി.ബി., അടിവയൽ കാക്കുർ പുനരുദ്ധാരണം എന്നിവയ്ക്ക് തടസ്സങ്ങൾ ഇല്ലായിരുന്നെങ്കിലും കരാറുകാരനെ നിരന്തരം ബന്ധപ്പെട്ടിട്ടും അദ്ദേഹം അത് ആരംഭിച്ചില്ല. നിലവിൽ 30 ലക്ഷം രൂപയോളം വിലമതിക്കുന്ന പ്രവൃത്തി അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. ടിയാന്റെ പ്രവർത്തിയുടെ എഗ്രിമെന്റ് കാലാവധി 22-3-2017 തീയതിയിൽ അവസാനിച്ചെങ്കിലും കരാർ പുതുക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനും കരാറുകാരന്റെ ഭാഗത്തുനിന്നും യാതൊരുവിധ നടപടികളും ഉണ്ടായില്ല.

(ജി) തെയ്യാട്ടുതാഴെ, ശാന്തിനഗർ, ചെറുകുന്ന് പാടശേഖര വികസന പ്രവൃത്തികൾക്ക് ആകെ 144.33 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മൂന്ന് പ്രവൃത്തികളിലും പൂർണ്ണമായും പൂർത്തീകരിച്ച് 139.47785 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കുറ്റ്യാടി പഞ്ചായത്തിനെ ഊരാത്ത് വടയം പാടശേഖരത്തിലെ വികസന പ്രവൃത്തികൾക്കായി 196.73 ലക്ഷം രൂപയാണ് അനുവദിച്ചത്. എന്നാൽ പ്രവൃത്തി ആരംഭിച്ച സമയത്ത് പരിസ്ഥിതി പ്രവർത്തകർ എന്ന് അവകാശപ്പെട്ട് എത്തിയ ഒരു കൂട്ടം വ്യക്തികൾ പ്രവൃത്തി തടസ്സപ്പെടുത്തി പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും നിരവധി തവണ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നെങ്കിലും പ്രസ്തുത തടസ്സം നീക്കാൻ സാധിക്കാത്തതിനാൽ കരാറുകാരൻ രേഖാമൂലം പ്രസ്തുത പ്രവൃത്തിയിൽനിന്നും പിന്മാറുകയാണ് ഉണ്ടായത്.

## സർക്കാർ ബ്രാൻഡ് അരി

37 (4701) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി മേഖലയിൽ എത്രമാത്രം വർദ്ധനവ് ഉണ്ടായി എന്ന് അറിയിക്കുമോ;

(ബി) ഇതു വഴി വിളവെടുത്ത നെല്ല് അരിയാക്കി മാറ്റി സർക്കാർ തന്നെ ബ്രാൻഡ് ചെയ്ത് വിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നത് 2017-18 വർഷം 220,449 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലുണ്ടായ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 വർഷം 2,02,985 ഹെക്ടർ നെൽകൃഷി ചെയ്യുവാൻ സാധിച്ചു. 2017-18 സാമ്പത്തിക വർഷം 220449 ഹെക്ടറിൽനിന്നും 814547 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിച്ചപ്പോൾ 2018-19-ൽ പ്രളയംമൂലം വിസ്തൃതിയിൽ കുറവ് ഉണ്ടായെങ്കിലും നെല്ല് ഉല്പാദനം 864144 മെട്രിക് ടൺ ആയി വർദ്ധിച്ചു.

(ബി&സി) പൊതുമേഖലാ സ്ഥാപനമായി ഓയിൽ പാം ഇന്ത്യ കർഷകരുടെ നെല്ല് സംഭരിച്ച് അവരുടെ വെച്ചൂർ മോഡേൺ റൈസ് മില്ലിൽ അരിയാക്കി കുട്ടനാടൻ റൈസ് എന്ന പേരിൽ വിപണനം ചെയ്യുന്നുണ്ട്.

മാത്രമല്ല, കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സാങ്കേതിക സഹായത്തോടെ പാടശേഖര സമിതികൾ, കർഷക കൂട്ടായ്മകൾ എന്നിവ നെല്ല് സംഭരിച്ച് അരിയാക്കി പ്രാദേശികമായി ബ്രാന്റ് ചെയ്ത് വിപണനം ചെയ്യുന്നുണ്ട്. ഇപ്രകാരം 37 ബ്രാന്റുകൾ വിപണിയിലുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

38 (4702) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നടപ്പിലാക്കിവരുന്ന സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ സബ്സിഡി നൽകിവരുന്നു. ഇതിനുപുറമെ, പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, റസിഡന്റ്സ് അസോസിയേഷനുകളിലും, മത/സംസ്കാരിക സ്ഥാപനങ്ങളിലും മറ്റും കൃഷി ചെയ്യുന്നതിന് 2017-18, 2018-19 വർഷങ്ങളിൽ സമഗ്ര നെൽകൃഷി വികസനം പദ്ധതിയിൽ വ്യവസ്ഥയുണ്ടായിരുന്നു.

2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. 2017-18-ൽ 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ കൃഷി ചെയ്തു. 2018-19 സാമ്പത്തിക വർഷം പ്രതികൂലമായ കാലാവസ്ഥയായിരുന്നു കരനെല്ല് കൃഷി ചെയ്യുന്ന ഒന്നാം വിള കാലത്ത് നിലനിന്നിരുന്നത്. എന്നിട്ടും, 2338.471 ഹെക്ടർ കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. നടപ്പു സാമ്പത്തിക വർഷം 2683.82 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി നടപ്പാക്കുന്നതിന് 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും സഹായവും ഈ പദ്ധതിയുടെ നടത്തിപ്പിലുടനീളം ഉണ്ടായിരുന്നു. തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാരിതര സ്ഥാപനങ്ങൾ, മത/സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയും കരനെൽ കൃഷി നടപ്പാക്കുന്നതിൽ സജീവമായി സഹകരിച്ചിട്ടുണ്ട്. സാധിക്കുന്ന എല്ലാ സ്ഥലങ്ങളിലും കരനെൽ കൃഷി ചെയ്യിക്കാൻ കൃഷി വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്.

## പ്രളയത്തിൽ നെൽകൃഷി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

39 (4703) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നെൽകൃഷി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിൽ വ്യാപകമായ പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വ്യാപകമായ പരാതികളുള്ളതായി കാണുന്നില്ല. പ്രളയത്തിൽ സംസ്ഥാനത്തൊട്ടാകെ 35000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നഷ്ടപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം നെൽകൃഷിക്ക് നാശം സംഭവിച്ച കർഷകർക്ക് ഹെക്ടറിന് 13,500 രൂപ നിരക്കിൽ ദുരന്ത നിവാരണ ഫണ്ട് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ നെൽ കർഷകർ ഉൾപ്പെടെ 2,38,376 കർഷകർക്ക് 78.43 കോടി രൂപ ആനുകൂല്യമായി അനുവദിച്ചു. നിലവിൽ പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സെന്റിന് 1 രൂപ അടച്ച് ഇൻഷ്വർ ചെയ്ത കർഷകർക്ക് കൃഷിനാശം സംഭവിച്ചാൽ 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35000 രൂപയും ആനുകൂല്യം അനുവദിക്കുന്നുണ്ട്. പരാതികൾ വരുന്നതെല്ലാം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടനാട്ടിലെ ചെറിയ നെൽപ്പാടങ്ങളുടെ ബണ്ടുകൾ**

40 (4704) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ചെറിയ നെൽപ്പാടങ്ങളുടെ ബണ്ടുകൾ മിക്ക സ്ഥലത്തും തകർന്ന നിലയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടുത്ത കൃഷി നടത്തുവാൻ ഈ ബണ്ടുകളുടെ പുനരുദ്ധാരണം ആവശ്യമായതിനാൽ ഈ കാര്യത്തിൽ അടിയന്തരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബണ്ടുകളുടെ പുനരുദ്ധാരണം സംബന്ധിച്ച വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. അപ്പർ കുട്ടനാട്ടിൽ തകർന്ന ബണ്ടുകൾ പുനരുദ്ധരിച്ച് കൃഷിക്ക് അനുയോജ്യമാക്കുന്നതിനായി കർഷകരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 34,53,671 രൂപ (മുപ്പത്തിനാലു ലക്ഷത്തി അൻപത്തിമൂവായിരത്തി അറുനൂറ്റി എഴുപത്തിഒന്നു രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. പാടങ്ങളുടെ തകർന്ന ബണ്ടുകൾ കർഷകർ ബലപ്പെടുത്തുകയും ആയതിന് കിലോമീറ്ററിന് 60,000 രൂപ പ്രകാരം എസ്.ഡി.ആർ.എഫ്. മുഖാന്തരം നൽകിവരികയും ചെയ്യുന്നു. ബണ്ടുകൾ സ്ഥിരമായി ബലപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ ആർ.ഐ.ഡി.എഫ്./ആർ.കെ.വി.വൈ. എന്നീ പദ്ധതികളിലൂടെ ഏറ്റെടുത്ത് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## നെൽകൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിന് നടപടി

41 (4705) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിജയപ്രദമാണോ എന്നറിയിക്കാമോ;

(ബി) തരിശുനില കൃഷി, ഓപ്പറേഷൻ കോൾ ഡബിൾ, കരനെൽകൃഷി എന്നിവ വ്യാപകമാക്കിയതിലൂടെ ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്നറിയിക്കുമോ;

(സി) ചെറുകിട നാമമാത്ര നെൽകർഷകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് നെല്ലുകുത്ത് യന്ത്രങ്ങൾ പാടശേഖരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിനു ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിജയപ്രദമാണ്. 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 196870 ഹെക്ടർ നെൽകൃഷിയിൽനിന്നും 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ജൂലൈ ആഗസ്റ്റ് മാസങ്ങളിലെ പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 202985.24 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചുണ്ട്

2017-18 സാമ്പത്തിക വർഷം 220449 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയിൽനിന്നും 814547 മെട്രിക് ടൺ നെല്ലാണ് ഉല്പാദിപ്പിച്ചത്. 2018-19-ലെ നക്കൽ കണക്കുകൾ പ്രകാരം 202985.24 ഹെക്ടർ നെൽകൃഷിയിൽനിന്നും 864143.98 മെട്രിക് ടൺ നെല്ല് ലഭിച്ചു. പ്രളയത്തെ തുടർന്ന് നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടായെങ്കിലും ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. ഉല്പാദനക്ഷമതയിലുണ്ടായ വർദ്ധനവാണ് ഈ നേട്ടത്തിന് കാരണം.

(ബി) തരിശുനില കൃഷി നടപ്പാക്കിയതിലൂടെ 52220.3417 ടൺ അരിയും, മൂന്ന് വർഷത്തെ കരനെൽ കൃഷിയിലൂടെ 16973.4489 ടൺ അരിയും ഉല്പാദിപ്പിച്ചു.

ഓപ്പറേഷൻ ഡബിൾ കോർ പദ്ധതി പ്രകാരം 3230 ഏക്കർ സ്ഥലത്ത് കൃഷിയിറിക്കിയിട്ടുണ്ട്. കൊയ്ത്ത് പൂർത്തിയായിട്ടില്ല. 350 ഏക്കറോളം ഇനിയും കൊയ്യാൻ അവശേഷിക്കുന്നു. ശരാശരി ഉല്പാദനക്ഷമത ഹെക്ടറിന് 3.5 ടൺ മുതൽ 4 ടൺ വരെ അരിയാണ്.

(സി) 2017-18 സാമ്പത്തിക വർഷത്തെ സമഗ്ര നെൽകൃഷി വികസന പദ്ധതിപ്രകാരം പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകിയിരുന്നു. അതിൻപ്രകാരം സംസ്ഥാനത്ത് 415 മിനി റൈസ് മില്ലുകളും 16 പ്രോസസ്സിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും നൽകി.

2019-20 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസന പദ്ധതിയിൽ റൈസ് മില്ല് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഘടകത്തിനായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷവും മിനി റൈസ് മില്ലുകളും പ്രോസസ്സിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതാണ്. ഇതിനുപുറമെ വൻകിട റൈസ് പാർക്കുകൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കാനുള്ള നടപടി ആരംഭിച്ചു.

## കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ആവശ്യമായ നെൽവിത്ത്

42 (4706) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ മുഴുവൻ പാടശേഖരങ്ങളിലേക്കും ആവശ്യമായ നെൽവിത്ത് തദ്ദേശീയമായി ഉത്പാദിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കുട്ടനാട്ടിൽ പ്രധാനമായും രണ്ടാംകൃഷി, പുഞ്ചകൃഷി എന്നിങ്ങനെ രണ്ടു സീസണുകളിലായാണ് നെൽകൃഷി ചെയ്യുന്നത്. കുട്ടനാട്ടിലെ നെൽകൃഷിക്കാവശ്യമായ നെൽ വിത്ത് പ്രധാനമായും കേരള സംസ്ഥാന വിത്തു വികസന അതോറിറ്റിയാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്ന നെൽവിത്ത്, കൃഷി വകുപ്പിന്റെ വിത്ത് പരിശോധന ലാബുകളിൽ ഗുണമേന്മ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ നൽകുന്ന സീഡ് സർട്ടിഫിക്കറ്റോടുകൂടി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സംഭരിച്ച് കുട്ടനാട്ടിലെ കർഷകർക്ക് വിതരണം ചെയ്യുന്നു.

കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നില്ല. എങ്കിലും ആലപ്പുഴ ജില്ലയിലെ കൃഷി ഭവനുകൾ, ജില്ല കൃഷി ഓഫീസ് മുഖേന നെൽവിത്തിനായുള്ള ഇൻഡന്റ് നൽകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പ്രകാരം പാലക്കാട്, തൃശ്ശൂർ, മലപ്പുറം, എറണാകുളം ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന

നെൽവിത്തും സർക്കാർ ഫാമുകളിൽ ഉതാപാദിപ്പിക്കുന്ന നെൽവിത്തും ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്തുവരുന്നു. ഇവയ്ക്കുപുറമെ കുട്ടനാട്ടിലെ കർഷകർ സ്വന്തമായി ഉല്പാദിപ്പിക്കുന്ന നെൽവിത്തും കർഷകർ തമ്മിലുള്ള കൈമാറ്റം വഴിയുള്ള വിത്തും കൃഷിക്കായി ആലപ്പുഴ ജില്ലയിൽ ഉപയോഗിച്ച് വരുന്നു.

**കൃഷി ഭവൻ മുഖേന പച്ചത്തേങ്ങ സംഭരണം**

43 (4707) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര വിലയിടിവ് മൂലം കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പച്ചത്തേങ്ങ സംഭരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നിലവിലെ സംഭരണവില എത്രയാണ്; വ്യക്തമാക്കുമോ;

(സി) പച്ചത്തേങ്ങ സംഭരണവില വർദ്ധിപ്പിക്കുന്നതിനും കൃഷിഭവൻ മുഖേന നാളികേരം സംഭരിക്കുന്നതിനും നടപടി എടുക്കുമോ;വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്. നാളികേര വിലയിടിവ് കർഷകരെ ബാധിക്കാതിരിക്കുന്നതിനായി പച്ചത്തേങ്ങ സംഭരണം ഉടനെ പുനരാരംഭിക്കുന്നതിനായി തീരുമാനം എടുത്തിട്ടുണ്ട്. വിലയിടിവിനെ പ്രതിരോധിക്കുന്നതിനായി നാളികേരത്തിൽ നിന്നുമുള്ള വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് SFAC മുഖേനയുള്ള പദ്ധതികളിലൂടെയും അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിലൂടെയും (കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാഫാം, വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണി) സാധ്യമാകുന്നതാണ്. നാളികേര കൗൺസിലിന്റെ മൂല്യവർദ്ധനവ് സംബന്ധിച്ചുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

(ബി) നിലവിൽ പച്ചത്തേങ്ങ സംഭരണം 2019 ജൂൺ മാസം തന്നെ ആരംഭിക്കണമെന്ന് തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ഇതിന് മുന്നോടിയായി ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പ്രതിനിധി എന്നിവർ യോഗം ചേർന്ന് സംഭരണത്തിൽ താത്പര്യമുള്ള സംഘങ്ങളുടെ പട്ടിക അംഗീകരിക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

തൊണ്ടുകളഞ്ഞ ഉരുളൻ തേങ്ങയുടെ കിലോഗ്രാം വില 25 രൂപയിൽ താഴെയാകുമ്പോൾ സംഭരണം ആരംഭിക്കുവാനും സംഭരണ വില 27 രൂപ ആയി വർദ്ധിപ്പിക്കാമെന്നും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) പച്ചത്തേങ്ങ സംഭരണ വില വർദ്ധിപ്പിക്കുന്നതിന് മന്ത്രി തലത്തിൽ തത്വത്തിൽ തീരുമാനം ആയിട്ടുണ്ട്. കൃഷി ഭവൻ മുഖേനയുള്ള നാളികേര സംഭരണത്തിൽ അപാകതകൾ (വിളയാത്ത തേങ്ങ അധികമായി കർഷകർ നൽകുന്ന പ്രവണത) ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾ മുഖേന സ്വതന്ത്രവും, സുതാര്യവുമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങ സംഭരണ പദ്ധതി പുനരാരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

തെങ്ങുകൃഷി സംബന്ധിച്ച സാക്ഷ്യപത്രം കർഷകർ അപേക്ഷിക്കുന്നമുറയ്ക്ക് കൃഷി ഓഫീസർ നൽകുന്നതാണ്. തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം ഒരു വർഷം എന്ന കണക്കിൽ മാത്രമേ സംഭരിക്കാൻ സാധിക്കുകയുള്ളൂ. ശരാശരി ഗുണമേന്മ (FAQ) നിലവാരത്തിലുള്ള കൊപ്ര ഉണ്ടാക്കി കേരഫെഡിന് നൽകുന്നതിന് അനുയോജ്യമായ നാളികേരമായിരിക്കണം കർഷകരിൽനിന്ന് സംഘങ്ങൾ സംഭരിക്കേണ്ടത്. കേരഫെഡിൽ അംഗങ്ങളായിട്ടുള്ള സംഘങ്ങൾ, നാളികേര വികസന ബോർഡിന് കീഴിലുള്ള ഉത്പാദക സൊസൈറ്റികൾ/ ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റ് സൊസൈറ്റികൾ, കൂടാതെ കർഷകരിൽനിന്നും നേരിട്ടും കേന്ദ്ര ഏജൻസിയായ നാഫെഡ് മുഖേനയും ഗുണനിലവാരമുള്ള പച്ചനാളികേരം സംഭരിച്ച് നാഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരത്തിലുള്ള കൊപ്രയാക്കി കേരഫെഡിന് നൽകേണ്ടതാണെന്നും ഗുണനിലവാരത്തിൽ ഉണ്ടായേക്കാവുന്ന നഷ്ടം സംസ്കരണ ഏജൻസി സ്വന്തം നിലയിൽ വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു.

നിലവിൽ കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങ സംഭരണം നടത്തേണ്ടതില്ല എന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

### നീര ജനപ്രിയമാക്കുന്നതിന് നടപടി

44 (4708) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വലിയ പ്രതീക്ഷ ഉളവാക്കിയ നീരയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;ഏതൊക്കെ ഏജൻസികളാണ് നീര ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നീരയുടെ ഗുണനിലവാര മാനദണ്ഡങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നീര സംസ്കരിച്ച് വൃത്തിയുള്ള പാക്കുകളിലാക്കി മാർക്കറ്റിൽ എത്തിക്കുന്നതിനും ആയത് ജനപ്രിയമാക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നീരയുടെ ഉത്പാദനവും സംസ്കരണവും വിപണനവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നീര ചെത്തുന്നതിന് പരിജ്ഞാനമുള്ള തൊഴിലാളികളുടെ കുറവ്, നീര ടെക്നീഷ്യന്മാരുടെ കുറവ്, ലാഭകരമായ വിധത്തിൽ നീര ലഭ്യമാക്കുന്ന ആരോഗ്യമുള്ള മികച്ചയിനം തെങ്ങുകളുടെ അഭാവം എന്നിവ നീര ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. നീരയുടെ ഉത്പാദനം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നത് സംസ്ഥാനത്ത് ഈയിടെ രൂപീകരിച്ച നാളികേര വികസന കൗൺസിലിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്.

2015-16 വർഷം മുതൽക്ക് സംസ്ഥാനത്ത് നീര ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാളികേര വികസന ബോർഡ് മുഖേനയാണ് നാളികേര ഉത്പാദക സംഘങ്ങളെ നീര ഉത്പാദനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. നീര ഉത്പാദനത്തിനായി നാളികേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽനിന്നും വിവിധ നാളികേര ഉത്പാദന സംഘങ്ങൾക്ക് 2015-16, 2016-17, 2017-18 വർഷങ്ങളിൽ ധനസഹായം നൽകിയിട്ടുണ്ട്.

കൈപ്പുഴ, കരപ്പുറം, മുതലമട, കുറ്റ്യാടി, തിരുക്കൊച്ചി, വടകര, കടത്തനാട്, പേരാമ്പ്ര, തിരൂർ, മലപ്പുറം, പാലക്കാട് എന്നീ നാളികേര ഉത്പാദക സംഘങ്ങൾ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ നീര ഉത്പാദക രംഗത്ത് പ്രവർത്തിച്ചുവരുന്നവയാണ്.

(സി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന നീരയുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സ.ഉ. (പി) നമ്പർ 06/2018/കൃഷി തീയതി 18-7-2018 ആയി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നീര സംസ്കരിച്ച് മാർക്കറ്റിൽ എത്തിക്കുന്നതിനും വിപണി അതിനെ ഏറ്റെടുക്കുന്നതിനും ജനപ്രിയം ആക്കുന്നതിനുമായി ആകർഷകമായ പായ്ക്കിംഗ്, മനോഹരമായ മുദ്ര (ലോഗോ), ഹൃദ്യമായ പരസ്യവാചകം എന്നിവ അത്യന്താപേക്ഷിതമാണ്. ഇതിനായി കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികര വികസന കോർപ്പറേഷൻ, കേരഫെഡ്, നാളികേര ഉത്പാദക സംഘം പ്രതിനിധികൾ എന്നിവർ ഉൾക്കൊള്ളുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ക്യാൻ പായ്ക്കിംഗ്, ടെട്രാ പായ്ക്കിംഗ് എന്നിവയുടെ ഗുണദോഷങ്ങൾ പരിശോധിച്ചുവരുന്നു. വിപണി കൈയടക്കുന്ന രീതിയിൽ കേരളത്തിന്റെ നീരയെ ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### നാളികേര കർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പദ്ധതി

45 (4709) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കർഷകർ പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് 10 വർഷം നീണ്ടുനിൽക്കുന്ന പദ്ധതികൾ നാളികേര വികസന കൗൺസിൽ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നാളികേര കർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് വരുംവർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്, വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ പ്രതിഹെക്ടർ നാളികേര ഉൽപ്പാദനം ദേശീയ ശരാശരിയേക്കാൾ താഴെയാണെന്നും കേരകൃഷിയുടെ വിസ്തൃതി ക്രമേണ കുറഞ്ഞു വരുന്നുണ്ടെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെങ്ങ് കൃഷിയുടെ വിസ്തൃതിക്കുറവ്, തെങ്ങിനെ ബാധിക്കുന്ന രോഗകീടബാധകൾ, പ്രായാധിക്യംമൂലം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകളുടെ എണ്ണത്തിലുള്ള വർദ്ധന, തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിച്ചെലവ് എന്നിവയൊക്കെ പ്രതിസന്ധിക്കുള്ള കാരണങ്ങളാണ്.

(ബി) ഉണ്ട്. സംസ്ഥാനത്തെ കേര കൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങളും ആവിഷ്കരണ പദ്ധതികളും ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.

2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും, രോഗം ബാധിച്ചതും, ഉത്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക. 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

3. തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.

4. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉത്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉത്പാദന കേന്ദ്രങ്ങളിലെ ഉത്പാദനം വർദ്ധിപ്പിച്ചും, ശാസ്ത്രീയ വിത്തുതേങ്ങാ സംഭരണം വിപുലപ്പെടുത്തിയും, വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

5. നെടിയ ഇനങ്ങളുടേയും, കുറിയ ഇനങ്ങളുടേയും, സങ്കര ഇനങ്ങളുടേയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും, സ്ഥായിയായതും, വിപണന സാധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി/സമ്പ്രദായം നടപ്പിലാക്കുക.

6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള

കൃഷി സമ്പ്രദായം നടപ്പിലാക്കിയും, സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും, ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉല്പാദനവും, ഉൽപ്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ജീവിത സുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും, തെങ്ങിന്റെ സംയോജിത വികസനത്തിനായി "കേര ഗ്രാമങ്ങൾ" ആരംഭിക്കുക. സാധ്യമായ എല്ലാ കേര ഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും, കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുയോജ്യമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേര സമിതികൾ/ ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ശക്തിപ്പെടുത്തുക. കൂടാതെ നിലവിലുള്ള നാളികേര ഉല്പാദക സൊസൈറ്റികളുടേയും കമ്പനികളുടേയും പ്രവർത്തനങ്ങളിലും നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളിലും തമ്മിൽ പരസ്പര ഏകോപനം സാധ്യമാക്കുക.

9. വിളവെടുപ്പിനും, കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി "കേര കർമ്മ സേനകൾ" രൂപീകരിക്കുക. കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12. നാളികേരത്തിന്റെ മൂല്യവർദ്ധനവും, വിപണനവും ശക്തിപ്പെടുത്തു ന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13. ദേശീയ അന്തർദ്ദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും നാളികേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക. ഉപോൽപ്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്കും സംരംഭകരിലേയ്ക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുക.

പ്രതിവർഷം സംസ്ഥാനത്തുടനീളം ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം നട്ടുപിടിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനാവശ്യമായ തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല ഫാമുകൾ, കേന്ദ്ര തോട്ട വിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, അംഗീകൃത വികേന്ദ്രീകൃത നഴ്സറികൾ എന്നിവ മുഖാന്തരം ഉൽപ്പാദിപ്പിച്ച് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വർഷം 300 കേര ഗ്രാമങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളിലേയും കേരഗ്രാമം ഇല്ലാത്ത തെരഞ്ഞെടുക്കപ്പെടുന്ന 200 പഞ്ചായത്തുകളിലേയും എല്ലാ വാർഡുകളിലും 75 തെങ്ങിൻ തൈകൾ വീതം വിതരണം ചെയ്യുന്നതിനുള്ള നടപടകൾ സ്വീകരിച്ചുവരുന്നു.

2019-20 വർഷം 1900 ലക്ഷം രൂപ നാളികേര വികസന പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഇതിനുപുറമേ നാളികേര വികസന ബോർഡിന്റെയും ജനകീയാസൂത്രണ പദ്ധതി വിഹിതത്തിന്റെയും, LSGD തുടങ്ങിയ വകുപ്പുകളുടേയും, എസ്.എഫ്.എ.സി., കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഫണ്ടുകളുടെ ഏകോപനം സാദ്ധ്യമാക്കിക്കൊണ്ടാണ് "നാളികേര വികസന കൗൺസിൽ" രൂപീകരിച്ച് പ്രവർത്തിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. 2019-20 വർഷം 6900.00 ലക്ഷം രൂപയാണ് ഇതിനായി ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുള്ളത്.

തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായി തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം എന്ന പദ്ധതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. കുമ്മായം, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ പ്രയോഗവും ഉറപ്പുവരുത്തുന്നുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള സമിതിയുടെ രജിസ്ട്രേഷൻ, പരിശീലന പരിപാടി എന്നിവയുടെ പ്രവർത്തനങ്ങൾക്ക് കൃഷി ഭവനുകൾക്ക് സഹായവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുതല കേര അപ്പെക്സ് സൊസൈറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 5.00 ലക്ഷം രൂപ വീതം സഹായം നൽകുന്നതാണ്.

ഉല്പാദനക്ഷമത ഇല്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പൊക്കം കുറഞ്ഞ ഇനം തൈകളും ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകുന്നതാണ്. ഉയർന്ന ഉല്പാദനക്ഷമതയുള്ള/കുറിയ ഇനങ്ങളുടെ മാതൃകാ ഫാമുകൾ 0.20 ഹെക്ടർ എങ്കിലും വിസ്തൃതിയുള്ളത് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്.

നാളികേര വികസനത്തിന് പദ്ധതി അധിഷ്ഠിത സഹായത്തിനായി 100.00 ലക്ഷം രൂപ നടപ്പ് വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നു. നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെയും ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിനും അവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ബ്ലോക്കുതല ക്യാമ്പയിനും നടത്തുന്നതാണ്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന് പ്രോജക്ട് അധിഷ്ഠിത സഹായമായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീട-രോഗ നിയന്ത്രണ പരിപാടികൾ പ്രോജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൽ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി 250 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 1900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ ലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ ഓരോ വർഷവും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരികയാണ്. 2019-20 വർഷം കേര ഗ്രാമമായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളിലും കേരഗ്രാമങ്ങൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിലും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും 75 തെങ്ങിൻ തൈകൾ വീതം നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇവയാണ്. പ്രായം ചെന്നതും ഉൽപ്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉൽപ്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻ തോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്ത് തൈകൾ ലഭിക്കുന്നതിനായി തെങ്ങിൻ തോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് ഘടകങ്ങൾ.

പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി നല്ലയിനം വിത്തു തേങ്ങകൾ ലഭിക്കുന്ന ഫാമുകൾ വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ആറളം ഫാമിലെ/റ്റി.ആർ.ഡി.എം. പ്രദേശത്തെ തെങ്ങിൻ തോപ്പുകളുടെ വികസനത്തിനും പുനരുജ്ജീവനത്തിനുമായി 1900.00 ലക്ഷം രൂപയിൽ നിന്ന് 200.00 ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്.

നാളികേരത്തിന്റെ വിലയിടിവ്മൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ആവശ്യമുള്ള സന്ദർഭങ്ങളിലെല്ലാം താങ്ങുവില നിശ്ചയിച്ച് കേരഫെഡ്, കൃഷി ഭവൻ എന്നിവ മുഖേന പച്ചത്തേങ്ങ സംഭരണത്തിനുള്ള നടപടികളും കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. നടപ്പ് സീസണിൽ പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന ആരംഭിക്കാനുള്ള നടപടികളും കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. ഇതിലൂടെ കർഷകർക്ക് ഉയർന്ന വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുന്നുണ്ട്.

നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിലും, കൂത്താളിയിലെ ജില്ലാ കൃഷിത്തോട്ടത്തിലുമായി നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് 20 കോടി രൂപ വീതം ഭരണാനുമതി നൽകുകയും അതിൻപ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ DPR തയ്യാറാക്കി KIIFB-യിൽ അംഗീകാരത്തിന് വേണ്ടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സെന്റേജ് ചാർജ്ജിനത്തിൽ 34,56,000 രൂപ ഇതുവരെ KIIFB-യിൽനിന്നും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

**നാളികേര ഉൽപ്പാദനം**

46 (4710) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ വാർഡിലും നിശ്ചിത എണ്ണം തെങ്ങിൻതൈകൾ സൗജന്യമായി വച്ചുപിടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ കേര കൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'കേരകേരളം സമൃദ്ധ കേരളം' എന്ന പദ്ധതിയിലൂടെ തെങ്ങ് കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് 1.44 ലക്ഷം ഹെക്ടറിൽ അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി 3 ലക്ഷം ഹെക്ടറിൽ അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനാവശ്യമായ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കേരള കാർഷിക

സർവ്വകലാശാല, നാളികേര വികസന ബോർഡ് എന്നിവ മുഖേന ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതാണ്. പദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം നട്ടുപിടിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. 2019-20 വർഷം ആദ്യഘട്ടത്തിൽ കേരഗ്രമങ്ങളായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളിലെയും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്ത തെരഞ്ഞെടുക്കപ്പെടുന്ന 200 പഞ്ചായത്തുകളിലെയും എല്ലാ വാർഡുകളിലും 75 തെങ്ങിൻ തൈകൾ വീതം 50 ശതമാനം സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പശ്ചിമതീര നെടിയൻ ഇനം, കുറിയ ഇനം, സങ്കരയിനം തെങ്ങിൻ തൈകൾ 60:20:20 അനുപാതത്തിൽ കർഷകർക്ക് വിതരണം ചെയ്യാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി വിവിധ ഏജൻസികൾ മുഖേന 5.82 ലക്ഷം തെങ്ങിൻ തൈകൾ ലഭ്യമാക്കിയിട്ടുണ്ട്. പശ്ചിമ തീര നെടിയൻ ഇനം, കുറിയ ഇനം എന്നിവയ്ക്ക് 100 രൂപയും സങ്കരയിനം തൈകൾക്ക് 250 രൂപയുമാണ് വില നിശ്ചയിച്ചിട്ടുള്ളത്.

**കേരഗ്രാമം**

47 (4711) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന കേരഗ്രാമം പദ്ധതിയിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളിൽ ഉൾപ്പെട്ട 250 ഹെക്ടർ സ്ഥലത്താണ് കേരഗ്രാമം പദ്ധതി 2018-19 വർഷം നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിക്കായി ആകെ 48.904 ലക്ഷം രൂപ ചെലവാക്കുകയുണ്ടായി. നടപ്പിലാക്കിയ പദ്ധതി ഘടകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. സംയോജിത വിള പരിപാലന മുറകൾ - 15 ലക്ഷം രൂപ
2. കുമ്മായം, രാസജൈവവളങ്ങൾ, സസ്യസംരക്ഷണ മരുന്നുകൾ എന്നിവയുടെ ഉപയോഗം - 25 ലക്ഷം രൂപ
3. ജലസേചന യൂണിറ്റുകൾക്കുള്ള ധനസഹായം - 4 ലക്ഷം രൂപ

4. തെങ്ങുകയറ്റ യന്ത്രത്തിനുള്ള ധനസഹായം - 0.96 ലക്ഷം രൂപ
5. ജൈവവള യൂണിറ്റിനുള്ള ധനസഹായം - 0.794 ലക്ഷം രൂപ
6. രോഗകീട നിയന്ത്രണത്തിനുള്ള ധനസഹായം - 2 ലക്ഷം രൂപ
7. പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം - ഒരു ലക്ഷം രൂപ
8. കേരഗ്രാമങ്ങൾക്കുള്ള പ്രവർത്തന ചെലവ് - 0.15 ലക്ഷം രൂപ

(ബി) കേരഗ്രാമങ്ങൾക്കുള്ള രണ്ടാം വർഷ ധനസഹായം 2019-20 വർഷം ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കാനായി 20.0085 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പാക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. തെങ്ങിൻ തോട്ടങ്ങൾക്കുള്ള സംയോജിത പരിപാലനം - 19.75 ലക്ഷം രൂപ
2. പ്രവർത്തന ചെലവ് - .0585 ലക്ഷം രൂപ
3. പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം - 0.2 ലക്ഷം രൂപ

## കരിക്കിന് വിദേശ വിപണി

48 (4712) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രുചിയും മധുരവുമുള്ള കേരളത്തിലെ കരിക്കിന് വിദേശവിപണിയിൽ വൻപ്രിയമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ കരിക്ക് വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നതിന് കൃഷി വകുപ്പിന് കീഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിന്നുള്ള കാർഷികോൽപ്പന്ന കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഒരു കയറ്റുമതി നയം രൂപീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനം കൈക്കൊണ്ടിരിക്കുകയാണ്. ഇതിനുള്ള നോഡൽ ഏജൻസിയായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കയറ്റുമതി സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതാ ലിസ്റ്റിൽ തെങ്ങുകൃഷിയും അവയുടെ ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കൃഷിഭവനകൾ മുഖേനയുള്ള നാളികേര സംഭരണം

49 (4713) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വില നിശ്ചയിച്ച് നാളികേര കർഷകരിൽ നിന്നും കൃഷിഭവനകൾ മുഖേന നാളികേരം സംഭരിക്കുന്നത് നിർത്തിവയ്ക്കുവാനിടയായ സാഹചര്യം വിശദമാക്കാമോ;

(ബി) വിലത്തകർച്ചമൂലം പ്രയാസപ്പെടുന്ന നാളികേരകർഷകരെ സഹായിക്കുന്നതിന് പ്രസ്തുത തീരുമാനം പുനഃപരിശോധിച്ച് സംഭരണം പുനരാരംഭിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ?

### ഉത്തരം

(എ) മിനിമം കൂലി നിശ്ചയിച്ച് നാളീകേര കർഷകരിൽനിന്നും കൃഷി ഭവനകൾ മുഖേന നാളീകേരം സംഭരിക്കുന്നതിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്നാണ് കൃഷി ഭവൻ മുഖേനയുള്ള നാളീകേര സംഭരണം നിർത്തിവയ്ക്കാൻ ഇടയായത്. 2017-18, 2018-19 വർഷങ്ങളിൽ നാളീകേരത്തിന് മെച്ചപ്പെട്ട വില ലഭിച്ചതിനാൽ പച്ചത്തേങ്ങ സംഭരണം തുടരേണ്ടതായ സാഹചര്യമുണ്ടായില്ല.

(ബി) കേരളത്തിലെ നാളീകേര കർഷകരെ സഹായിക്കുന്നതിനായി പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പച്ചത്തേങ്ങ സംഭരണത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി കേരഫെഡിനെ സർക്കാർ നിയമിച്ചിട്ടുണ്ട്. കർഷകരിൽനിന്നും 27 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ സ്റ്റേറ്റ് നോഡൽ ഏജൻസിയായ കേരഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുട്ടനാട്ടിലെ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ പദ്ധതി

50 (4714) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനുമായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ഉണ്ട്. അപ്പർ കുട്ടനാട് മേഖലയായ തിരുവല്ലയിൽ നാളീകേര വികസന ബോർഡ് പദ്ധതി പ്രകാരം രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, തെങ്ങിൻത്തോപ്പുകളിലെ സംയോജിത പരിപാലനം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ നാളികേര വികസന കൗൺസിൽ പദ്ധതിയുടെ ഭാഗമായി കേരഗ്രാമം നടപ്പിലാക്കിയ പെരിങ്ങര, നെടുമ്പുറം, കുറ്റൂർ, നിരണം പഞ്ചായത്തിലെ 55 വാർഡുകളിലും കോട്ടയം ജില്ലയിൽ ഉൾപ്പെടുന്ന നോർത്ത് കുട്ടനാട്ടിലെ വൈക്കം, ചങ്ങനാശ്ശേരി താലൂക്കുകളിലെ കേരഗ്രാമം നടപ്പാക്കിയ പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും 75 അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ വീതം 50% സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ 2018-19-ൽ നടപ്പിലാക്കിയ കേരഗ്രാമം പദ്ധതി പ്രകാരമുള്ള രണ്ടാം വർഷ ആനുകൂല്യം 250 ഹെക്ടറിന് നൽകുന്നതിന് 20.00844 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പുവർഷം ആവിഷ്കരിച്ചിട്ടുണ്ട്. തോട്ടത്തിലെ സംയോജിത പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നാളീകേര വികസന ബോർഡ് പദ്ധതികളും കോട്ടയം ജില്ലയിലെ നോർത്ത് കുട്ടനാട് മേഖലയിൽ നടപ്പാക്കിവരുന്നുണ്ട്.

കുട്ടനാട്ടിലെ നാളീകേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനും നാളീകേര വികസന ബോർഡ് പദ്ധതികളായ റീപ്ലാന്റിംഗ് ആന്റ് റെജുവിനേഷൻ, മാതൃകാ കൃഷിത്തോട്ടം തയ്യാറാക്കൽ (LoDP) എന്നിവ ചമ്പക്കുളം, രാമങ്കരി, അമ്പലപ്പുഴ ബ്ലോക്കുകളിലെ കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ 2018 ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തെ തുടർന്ന് പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി അധിക ഫണ്ട് നാളീകേര വികസന ബോർഡ് മേൽ പദ്ധതികൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതിയായ പാടശേഖരങ്ങളിലെ ബണ്ടുകളിൽ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ പദ്ധതിയും കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കിവരുന്നു. 2018-19 വർഷം ഇതിലേയ്ക്കായി 17,777 തെങ്ങിൻതൈകളാണ് കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ 11 പഞ്ചായത്തുകളിൽ നൽകിയത്.

## പച്ചത്തേങ്ങയുടെ സംഭരണം

51 (4715) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചത്തേങ്ങയുടെ സംഭരണം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുമോ;

(സി) പ്രതിസന്ധികൾ നേരിടുന്ന കേരകർഷകന് കൈത്താങ്ങാകുന്ന പച്ചത്തേങ്ങ സംഭരണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) പച്ചത്തേങ്ങയുടെ സംഭരണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. പച്ചത്തേങ്ങ സംഭരണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേരഫെഡിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവ മുഖേന കർഷകരിൽനിന്നും നേരിട്ട് നാളികേരം സംഭരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും സംഘങ്ങൾ കർഷകരുടെ പക്കൽനിന്നും നാളികേരം സംഭരിക്കുക, നാളികേരത്തിന്റെ വിപണി വില തൊണ്ട് കളഞ്ഞ ഉരുളൻ തേങ്ങയ്ക്ക് കിലോയ്ക്ക് 25 രൂപയിൽ താഴെയാകുമ്പോൾ സംഭരണം പുനരാരംഭിക്കണം എന്നായിരുന്നു തീരുമാനം. അതനുസരിച്ച് 2019 ജൂൺ മാസം സംഭരണം തുടങ്ങുന്നതാണ്. തൊണ്ടുകളഞ്ഞ ഉരുളൻ തേങ്ങയ്ക്ക് 27 രൂപ സംഭരണ വിലയായി വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) 2017-2018, 2018-19 വർഷങ്ങളിൽ നാളികേരത്തിന് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്ന സാഹചര്യം നിലനിന്നതിനാലാണ് പച്ചത്തേങ്ങ സംഭരണം നിർത്തിവച്ചിരുന്നത്.

(സി) വിപണികളിൽ വില സ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി വികസന പദ്ധതിയിൽ 2019-20 വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉണ്ടാക്കുന്നതിനായി നിയുക്ത ഏജൻസികൾവഴി സംഭരണ നടപടികളിലൂടെ വിപണിയിൽ ഇടപെടൽ നടത്തുന്നതിനായാണ് വിലസ്ഥിരതാ ഫണ്ട് വകയിരുത്തിയിട്ടുള്ളത്.

(ഡി) കേരഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾ മുഖേന സ്വതന്ത്രവും സുതാര്യവുമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങ സംഭരണ പദ്ധതി പുനരാരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

## പച്ചത്തേങ്ങയുടെയും കൊപ്രയുടെയും സംഭരണം

52 (4716) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർക്കറ്റിൽ പച്ചത്തേങ്ങയുടെയും കൊപ്രയുടെയും വില വളരെയധികം കുറഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയുടെ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പച്ചത്തേങ്ങയുടെയും കൊപ്രയുടെയും സംഭരണവില ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാക്കി ഉയർത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മാർക്കറ്റിൽ പച്ചത്തേങ്ങയുടെയും കൊപ്രയുടെയും വില കുറയുന്ന പ്രവണതയുണ്ട്. പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം എന്നിവ പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കേരഫെഡിനെയാണ് സംഭരണത്തിനുള്ള നോഡൽ ഏജൻസിയായി പരിഗണിച്ചിരിക്കുന്നത്.

ഒരു കിലോ പച്ചത്തേങ്ങ 27 രൂപയ്ക്ക് സംഭരിക്കുന്നതിന് ബഹു. കൃഷി, ധനകാര്യ സഹകരണ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സംഭരണം ഉടനെതന്നെ ആരംഭിക്കുവാൻ നോഡൽ ഏജൻസിയായ കേരഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പച്ചത്തേങ്ങ നിലവിലെ സംഭരണ വില കിലോ ഒന്നിന് 25 രൂപയാണ് (തൊണ്ട് കളഞ്ഞ ഉരുളൻ തേങ്ങ). ഇത് കിലോ ഒന്നിന് 2 രൂപ വർദ്ധിപ്പിച്ച് 27 രൂപയ്ക്ക് സംഭരണം ആരംഭിക്കുവാൻ ധാരണയായിട്ടുണ്ട്.

മുൻവർഷം കൊപ്ര സംഭരണത്തിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന ഏറ്റവും കുറഞ്ഞ താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 7511 എന്ന നിരക്കിലായിരുന്നു. എന്നാൽ ഈ സീസണിൽ (2019) ഇത് 2,000 രൂപ വർദ്ധിപ്പിച്ച് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 9511 എന്ന നിരക്കിലാണ് സംഭരണവില നിശ്ചയിച്ചിരിക്കുന്നത്. ഉണ്ട കൊപ്രയ്ക്ക് നിലവിലുണ്ടായിരുന്നത്

ക്വിന്റലിന് 7750 എന്ന നിരക്കിലാണ്. ഇത് 2,000 രൂപ വർദ്ധിപ്പിച്ച് ക്വിന്റലിന് 9750 എന്ന നിരക്കിൽ സംഭരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. കൊപ്ര സംഭരണത്തിന്റെ സീസൺ പ്രതിവർഷം ആറുമാസം മാത്രമാണ്.

## റബറിന് താങ്ങുവില

53 (4717) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബറിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില എത്ര രൂപയാണ്; എന്നാണ് ഈ തുക നിശ്ചയിച്ചത്; ഇതിനോടകം എത്ര കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ലഭ്യമാക്കാൻ കഴിയുന്നുണ്ട്; കഴിഞ്ഞ വർഷം എത്ര രൂപ പ്രൊഡക്ഷൻ ഇൻസന്റീവ് ഇനത്തിൽ നൽകി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഉത്പാദനച്ചെലവും ജീവിതച്ചെലവും വർദ്ധിച്ച സാഹചര്യത്തിൽ റബറിന്റെ താങ്ങുവില ഉയർത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ബറിന്റെ താങ്ങുവില 200 രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) റബ്ബറിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില കിലോ ഒന്നിന് 150 രൂപയാണ്. 2015-16 സാമ്പത്തിക വർഷമാണ് ഈ തുക നിശ്ചയിച്ചിട്ടുള്ളത്.

2015-16-ൽ ആരംഭിച്ച റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി അന്ന് മുതൽ തുടർന്നുവരികയാണ്. റബ്ബർ ബോർഡിന്റെ 2016-17-ലെ വാർഷിക പദ്ധതി റിപ്പോർട്ടിൽ 1864 റബ്ബർ ഉൽപ്പാദക സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വർഷം ലഭിച്ച 70215 അപേക്ഷകൾ ഉൾപ്പെടെ 436696 അപേക്ഷകർ റബ്ബർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായും കാണുന്നു. 2017-18 മൂന്നാം ഘട്ടത്തിൽ 1873 റബ്ബർ ഉൽപ്പാദക സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 188739 അപേക്ഷകർ ഉൾപ്പെട്ടിട്ടുണ്ട്.

2018-19 വർഷം ബഡ്ജറ്റ് വിഹിതമായി 500 കോടി രൂപ വകയിരുത്തിയിരുന്നതിൽ 359 കോടി രൂപ കൃഷി വകുപ്പ് ധനവകുപ്പിന് കൈമാറിയിട്ടുണ്ട്.

റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്മേൽ കേന്ദ്രത്തിൽനിന്നും മറുപടി ഇതേവരെ ലഭ്യമായിട്ടില്ല.

**ഏലം കർഷകർക്ക് സി.ആർ. രജിസ്ട്രേഷൻ**

54 (4718) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏലം കർഷകർക്ക് സി.ആർ. രജിസ്ട്രേഷൻ നൽകുന്നതിന് നിലവിലുണ്ടായിരുന്ന നിയമതടസ്സം നീക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

1986-ലെ Spices Board Act-ലെ 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ടി ആക്ടിൻകീഴിൽ നൽകുന്ന രജിസ്ട്രേഷൻ, രജിസ്ട്രേഷൻ ഓഫീസർ റദ്ദാക്കുന്നതുവരെ നിലനിൽക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ കാലാവധി എട്ടുവർഷമായി നിജപ്പെടുത്തി പുറപ്പെടുവിച്ച 24-4-2015-ലെ സ.ഉ. (എം.എസ്.) 72/15/എഡി. നമ്പർ ഉത്തരവ് 19-7-2018-ലെ സ.ഉ. (എം.എസ്.) 96/2018/കൃഷി നമ്പർ ഉത്തരവിലൂടെ റദ്ദാക്കിയിരുന്നു.

കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയപരിധിയും ഫീസ് ഘടനയും പുനർനിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറത്തിറക്കിയ 29-2-2016-ലെ സ.ഉ.(എം.എസ്.) 35/2016/കൃഷി നമ്പർ സർക്കാർ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില ആശയക്കുഴപ്പങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ടി ഉത്തരവ് റദ്ദാക്കിക്കൊണ്ടും സ്പൈസസ് ബോർഡ് ആക്ട് 1986-ലെ 8 (1) വകുപ്പ് പ്രകാരം കാർഡമം രജിസ്ട്രേഷനുള്ള കാലപരിധി 1-4-2017 മുതൽ 31-3-2020 വരെ ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

**കർഷക ആത്മഹത്യ**

55 (4719) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടംമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്കായി ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ വിവിധപദ്ധതികളുടെ ആനുകൂല്യം എത്ര കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കർഷകരെ കടബാധ്യതയിൽപെടാതെ നോക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് നൽകിയിട്ടുള്ള ആനുകൂല്യം സംബന്ധിച്ച വിശദവിവരം റവന്യൂ വകുപ്പിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

(സി) 2018-ലെ പ്രളയത്തിനുശേഷം 20-8-2018-ൽ നടന്ന പ്രത്യേക സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗ തീരുമാനപ്രകാരം കാർഷിക ഹ്രസ്വകാല വായ്പകൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്കുള്ള മൊറട്ടോറിയം പ്രഖ്യാപിക്കുകയും ദീർഘകാല വായ്പകൾക്ക് 31-7-2018 മുതൽ 18 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു.

ഹ്രസ്വകാല വായ്പകൾ പുനഃക്രമീകരിക്കുവാൻ 2018 ഡിസംബർ 31 വരെ റിസർവ്വ് ബാങ്ക് അനുവാദം നൽകി.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽപോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗസംരക്ഷണം ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം അനുവദിച്ചു. പ്രസ്തുത മൊറട്ടോറിയം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നുമുൾപ്പെടെ കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാക്കി.

ബാങ്കുകൾ റവന്യൂ റിക്കവറി ആവശ്യപ്പെട്ടിരുന്നാലും നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെത്തുടർന്നുള്ള സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി രണ്ട് ജില്ലകളിലും ലീഡ് ബാങ്ക് മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ബാങ്ക് ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും കൃഷി വകുപ്പ് ജീവനക്കാരെയും കൂടി

ഉൾപ്പെടുത്തി സബ്കമ്മിറ്റികൾ രൂപീകരിക്കുകയും ഓരോ കേസ്സിലും സർഫാസി നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് ഈ സബ്കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട ഇടത്തര വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, കിസാൻ ക്രെഡിറ്റ് ഉടമകൾ എന്നീ മേഖലയിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പ പദ്ധതി' നടപ്പിലാക്കിവരുന്നു.

**അടയ്ക്ക കർഷകർക്ക് നൽകുന്ന സഹായം**

56 (4720) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലുൾപ്പെടെയുള്ള അടയ്ക്ക കർഷകർക്ക് നൽകുന്ന സഹായം ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

അടയ്ക്ക കർഷകർക്കായി നടപ്പു സാമ്പത്തിക വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ**

57 (4721) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 15 കർഷകരുടെ മരണം കടക്കെണിമൂലമുള്ള കർഷക ആത്മഹത്യയായി സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ഉപോൽബലകമായ വസ്തുതകൾ എന്തൊക്കെയാണ്;

(ബി) പ്രളയത്തിനുശേഷമുള്ള സാമ്പത്തികത്തകർച്ചയിൽ ആകെ വലയുന്ന കർഷകസമൂഹത്തിന് എന്തൊക്കെ സഹായമാണ് ഇതിനകം നൽകിയത്;

(സി) കാർഷികവായ്പകൾക്ക് ഡിസംബർ 31 വരെ മൊറോട്ടോറിയം നിലനിൽക്കുമ്പോഴും സഹകരണ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും സർഫാസി നിയമത്തിന്റെ പിൻബലത്തിൽ കർഷകരെ സമ്മർദ്ദത്തിലാക്കിയത് അവരെ ആത്മഹത്യയിലേക്ക് നയിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുവാൻ തീരുമാനം കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 15 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കർഷകർ എടുത്തിട്ടുള്ള കാർഷികേതര വായ്പകളിന്മേലുള്ള ജപ്തി നടപടികളെത്തുടർന്നാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രളയംമൂലം നെൽക്കൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് കിലോഗ്രാമിന് 40 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് 2260.338 ലക്ഷം രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കി. കൂടാതെ, പച്ചക്കറിക്കൃഷിയുടെ പുനരുജ്ജീവനത്തായി 770 ലക്ഷം രൂപയ്ക്കുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 229 ലക്ഷം രൂപയ്ക്കുള്ള 100 ലക്ഷം തൈകളും കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പുനസ്ഥാപിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.

കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 5328 ലക്ഷം രൂപയും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പമ്പുസെറ്റ്, പെട്ടിയും പറയും എന്നിവ റിപ്പയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽനിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യഗഡുവായി 24.93 കോടി രൂപ കേന്ദ്രവിഹിതവും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനെല്ലാം പുറമേ വെള്ളപ്പൊക്ക കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം ലഭിച്ചു. അതോടൊപ്പം പുനഃകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായംപോലുള്ള ഉൽപ്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.

പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും അനുവദിച്ച് ഉത്തരവായി. ഇതുകൂടാതെ ദീർഘകാല വിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ, ലോൺ അനുവദിക്കുന്നത് മുതൽ ഒരു വർഷത്തേയ്ക്ക് 9% വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പയുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിക്കുവാനും കർഷക കടാശ്വാസ കമ്മീഷൻ 50,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെക്കൂടെ ഉൾപ്പെടുത്താമോയെന്ന വിഷയം പരിശോധിക്കാൻ കൃഷി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ആത്മഹത്യ ചെയ്ത ചില കർഷകരുടെ കേസ്സുകളിൽ ജപ്തി നോട്ടീസുകൾ ബാങ്കുകൾ പുറപ്പെടുവിച്ചിരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇടുക്കി ജില്ലയിൽ ആത്മഹത്യ ചെയ്ത 9 കർഷകരുടെ ആശ്രിതർക്കായി ആകെ 29 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ ആശ്രിതർക്ക് സഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പകളുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിക്കുവാനും കർഷക കടാശ്വാസ കമ്മീഷൻ 50,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. (രണ്ടുലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളുന്നതിന് തുല്യമായ തീരുമാനമാണിത്).

### കർഷകർക്ക് വിളനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം

58 (4722) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ വന്യമൃഗശല്യംമൂലം വിളകൾ നശിക്കുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം നാശനഷ്ടങ്ങൾ ഉണ്ടാകുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കർഷകർക്ക് വിളനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം വിതരണം ചെയ്യാൻ കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ വന്യമൃഗശല്യംമൂലം വിളകൾ നശിച്ചാൽ ആനുകൂല്യം അനുവദിക്കുന്നത് വനം-വന്യജീവി വകുപ്പാണ്. പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത വിളയ്ക്ക് വന്യമൃഗങ്ങളുടെ ആക്രമണംമൂലം നാശം സംഭവിച്ചാൽ കൃഷി വകുപ്പിൽനിന്നും ആനുകൂല്യം അനുവദിച്ചുവരുന്നു.

(ബി) നഷ്ടപരിഹാരം യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് കാലതാമസം ഒഴിവാക്കാനായി ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ഓൺലൈനായി നഷ്ടപരിഹാരം വനം-വന്യജീവി വകുപ്പ് വിതരണം ചെയ്തുവരുന്നു.

(സി) വനം-വന്യജീവി വകുപ്പിൽനിന്നും ഒരു അപേക്ഷകനും, 2019 ഏപ്രിലിൽ അപേക്ഷ നൽകിയ ഒരു അപേക്ഷകന് കൃഷി വകുപ്പിൽനിന്നും നഷ്ടപരിഹാരം നൽകുവാനുമുണ്ട്. തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാർഷികോപകരണങ്ങൾ വാടകയ്ക്ക് നൽകുന്ന സ്ഥാപനം**

59 (4723) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കൂട്ടായ്മകൾക്കും സന്നദ്ധ സംഘടനകൾക്കും കാർഷികോപകരണങ്ങൾ വാടകയ്ക്ക് നൽകുന്ന സ്ഥാപനം ആരംഭിക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ലക്ഷം രൂപയാണ് ഇപ്രകാരം ധനസഹായമായി അനുവദിക്കുന്നത്;

(സി) കേന്ദ്ര സർക്കാരിൽ നിന്നും ഈ പദ്ധതിക്കായി എന്തെങ്കിലും ധനസഹായം ലഭിക്കുമോ;

(ഡി) ട്രാക്ടർ ഉപയോഗിച്ച് നിലം ഉഴുന്ന കർഷകനും മൃഗങ്ങളുടെ സഹായത്തോടെ കലപ്പ ഉപയോഗിച്ച് നിലം ഉഴുന്ന കർഷകനും കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ ധനസഹായം ലഭ്യമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പുരോഗമന കർഷകർ, ഗ്രാമീണ സംരംഭകർ, കർഷകരുടെ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് കാർഷിക യന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ തുടങ്ങുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ

സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതി മുഖാന്തിരം ആനുകൂല്യം നൽകുന്നുണ്ട്. കസ്റ്റം ഹയറിംഗ് സെന്ററുകളിലേയ്ക്കുവേണ്ടി വാങ്ങുന്ന കാർഷിക യന്ത്രങ്ങളുടെ 40% വരെ തുക ഈ പദ്ധതിയിലൂടെ സബ്സിഡി നൽകുന്നുണ്ട്.

(ബി) 10 ലക്ഷം രൂപവരെ മുതൽമുടക്ക് വരുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് 40% സബ്സിഡി നിരക്കിൽ പരമാവധി 4 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. 25 ലക്ഷം രൂപവരെ മുതൽ മുടക്ക് വരുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് 40% സബ്സിഡി നിരക്കിൽ പരമാവധി 10 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

(സി) SMAM പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പദ്ധതി വിഹിതത്തിന്റെ 60% തുക കേന്ദ്രവിഹിതവും 40% തുക സംസ്ഥാന വിഹിതവുമാണ്.

(ഡി) കർഷകർക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് SMAM പദ്ധതി മുഖാന്തിരം ധനസഹായം നൽകുന്നുണ്ട്. കാർഷിക യന്ത്രത്തിന്റെ വിലയുടെ 40-60% വരെ ധനസഹായം അനുവദിക്കുന്നുണ്ട്.

SMAM പദ്ധതി മുഖേന വിവിധങ്ങളായ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പിറവം മണ്ഡലത്തിൽ നഷ്ടപരിഹാരം

60 (4724) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018- ലെ പ്രളയത്തിൽ പിറവം മണ്ഡലത്തിലെ എത്ര ഹെക്ടർ കൃഷി നശിച്ചുവെന്ന വിവരം അറിയിക്കുമോ;

(ബി) കൃഷിനാശമുണ്ടായ എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കുമോ;

(സി) നാണ്യവിളകളായ തേങ്ങ, റബ്ബർ, ജാതി, കൊക്കോ, അടയ്ക്ക, കുരുമുളക് എന്നിവയ്ക്കും ഭക്ഷ്യവിളകളായ നെല്ല്, വാഴ തുടങ്ങിയവയ്ക്കും എത്ര രൂപയാണ് നഷ്ടപരിഹാരമായി നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 252.51 ഹെക്ടർ പ്രദേശത്തെ കൃഷി നശിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1405 കർഷകർക്ക്.

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | കർഷകരുടെ എണ്ണം |
|---|---|
| പിറവം | 305 |
| പാമ്പാക്കുട | 111 |
| ഇലഞ്ഞി | 125 |
| രാമമംഗലം | 364 |
| തിരുമാറാടി | 53 |
| കൂത്താട്ടുകുളം | 13 |
| തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | 18 |
| ആമ്പല്ലൂർ | 78 |
| എടക്കാട് വയൽ | 142 |
| മുളന്തുരുത്തി | 24 |
| ചോറ്റാനിക്കര | 16 |
| മണീട് | 156 |

(സി) നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വിള | നഷ്ടപരിഹാരം |
|---|---|
| നെല്ല് | 13500/ha |
| തെങ്ങ് കായ്ഫലമുള്ളത് | 700 |
| തെങ്ങ് കുലയ്ക്കാത്തത് | 350 |
| തെങ്ങ് തൈ | 100 |
| വാഴ കുലച്ചത് | 100 |
| വാഴ കുലയ്ക്കാത്തത് | 75 |
| റബ്ബർ ടാപ്പ് ചെയ്യുന്നത് | 300 |
| റബ്ബർ നോൺ ടാപ്പിംഗ് | 200 |
| അടയ്ക്ക | 150 |
| അടയ്ക്ക കായ്ഫലമില്ലാത്തത് | 100 |
| കൊക്കോ | 100 |
| കുരുമുളക് | 75 |
| ജാതി കായ്ഫലമുള്ളത് | 400 |
| ജാതി കായ്ഫലമില്ലാത്തത് | 150 |

## കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം

61 (4725) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ചെങ്ങന്നൂരിൽ പ്രളയത്തിൽ കൃഷി നഷ്ടപ്പെട്ടവരുടെ എത്ര അപേക്ഷകളാണ് തീരുമാനം എടുക്കുവാൻ നിലവിലുള്ളത്;

(സി) ഈ അപേക്ഷകളിന്മേൽ എത്ര ദിവസത്തിനുള്ളിൽ നഷ്ടപരിഹാരം നൽകുവാൻ കഴിയുമെന്നത് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മഹാപ്രളയംമൂലം അതിരൂക്ഷമായ കൃഷിനാശം സംഭവിച്ച കർഷകരുടെ അപേക്ഷകളിലും സമർപ്പിച്ച ക്ലെയിമുകളിലുമുണ്ടായ അപാകത തിരുത്തി നൽകുന്നതിന് മടക്കി നൽകിയതിനാൽ ക്ലെയിം തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടു. ഇതുമൂലം കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്.

ചെങ്ങന്നൂരിൽ പ്രളയത്തിൽ കൃഷി നഷ്ടപ്പെട്ട 10846 കർഷകരുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുകയും എസ്.ഡി.ആർ.എഫ്. തുക ഉൾപ്പെടെ എല്ലാ കർഷകർക്കും വിതരണം നടത്തിയിട്ടുമുണ്ട്. ഇനി 2198 അപേക്ഷകളിന്മേൽ 26,96,309 രൂപ വിതരണം ചെയ്യാനുണ്ട്.

ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാർഷിക കാർഷികേതര വായ്പകളിൽ പലിശയിളവ്

62 (4726) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയശേഷമുണ്ടായ വരൾച്ച കാർഷികവിളകൾ നശിക്കുന്നതിന് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഇതിനകം സംസ്ഥാനത്തുണ്ടായ കർഷക ആത്മഹത്യകൾ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർമാരിൽ നിന്നും തേടിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ;

(സി) നിലവിലുള്ള മോറോട്ടോറിയത്തിന്റെ അടിസ്ഥാനത്തിൽ കർഷകർ എടുത്തിട്ടുള്ള കാർഷിക കാർഷികേതര വായ്പകളിൽ പലിശ ഇളവ് ലഭിക്കുമോ;

(ഡി) ഇതുമൂലം ബാങ്കുകൾക്കുണ്ടാകുന്ന സാമ്പത്തികബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വരൾച്ചമൂലം 2562.5 ഹെക്ടർ കൃഷി നശിച്ചതിന് 8200 ലക്ഷം രൂപ നഷ്ടമുണ്ടായതായി പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുണ്ട്.

(ബി) 15 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കർഷകർ എടുത്തിട്ടുള്ള കാർഷികേതര വായ്പകളിന്മേലുള്ള ജപ്തി നടപടികളെ തുടർന്നാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്.

(സി) കർഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ (താങ്ങ് പലിശ) ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി പ്രകാരം 7% പലിശ നിരക്കിലാണ് നൽകുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായ തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതിന് സഹായം ലഭിച്ച കിസാൻ ക്രെഡിറ്റ് കാർഡുള്ളവർക്ക് കൃഷി വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നപക്ഷം 4% താങ്ങ് പലിശ ഒരു വർഷത്തേയ്ക്ക് ലഭിക്കാൻ സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരം അർഹതയുണ്ടായിരിക്കുന്നതാണ്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖേന കാർഷിക വായ്പയെടുക്കുന്ന കർഷകർ കൃത്യമായി വായ്പ തിരിച്ചടച്ചാൽ 2% പലിശകൂടി തിരികെ നൽകേണ്ടതാണെന്ന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പച്ചക്കറി കൃഷി വികസന പദ്ധതി വിഭാവനം ചെയ്യുന്നു. മൊറട്ടോറിയം പീരിയഡ് കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശമാത്രം ഈടാക്കാനും തിരിച്ചടയ്ക്കാനുള്ള തുക തവണകളായി അടച്ചുതീർക്കുന്ന രീതിയിൽ ക്രമീകരിക്കാനും എസ്.എൽ.ബി.സി. തീരുമാനമെടുത്തിട്ടുണ്ട്.

(ഡി) ടി വിവരങ്ങൾ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

## പിറവത്തെ കർഷകർക്ക് വിള ഇൻഷ്വറൻസ്

63 (4727) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ കൃഷിനാശമുണ്ടായ പിറവം മണ്ഡലത്തിലെ കർഷകർക്ക് വിള ഇൻഷ്വറൻസ് നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര കർഷകർക്ക് നൽകിയെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇനിയും വിള ഇൻഷ്വറൻസ് ലഭിക്കാത്ത കർഷകർക്ക് പ്രസ്തുത ഇൻഷുറൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

### ഉത്തരം

(എ) 96 കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ബി)

| | | |
|---|---|---|
| 1 | രാമമംഗലം | 16 എണ്ണം |
| 2 | തിരുമാറാടി | 41 എണ്ണം |
| 3 | പിറവം | 5 എണ്ണം |
| 4 | ഇലഞ്ഞി | 10 എണ്ണം |
| 5 | പാമ്പാക്കുട | 9 എണ്ണം |
| 6 | കൂത്താട്ടുകുളം | 1 എണ്ണം |
| 7 | പാലക്കുഴ | 3 എണ്ണം |
| 8 | മണീട് | 1 എണ്ണം |
| 9 | ചോറ്റാനിക്കര | 1 എണ്ണം |
| 10 | മുളന്തുരുത്തി | 9 എണ്ണം |
| ആകെ | | 96 എണ്ണം |

(സി) വിള ഇൻഷ്വറൻസ് ലഭിക്കാത്ത കർഷകർക്ക് ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രളയാനന്തര കൃഷിനാശത്തിന് നഷ്ടപരിഹാരം

64 (4728) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കൃഷിനാശത്തിനും പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശത്തിനും നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി തിരുവല്ല നിയോജകമണ്ഡലത്തിലെ വിവിധ കൃഷി ഭവനകളിലായി എത്ര രൂപ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ബാക്കി തുക വിതരണം ചെയ്യാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ?

### ഉത്തരം

(എ&ബി) അനുവദിച്ച തുക, ചെലവഴിച്ച തുക, ബാക്കി തുക വിതരണം ചെയ്യാതിരുന്നതിനുള്ള കാരണം എന്നിവ അനുബന്ധമായി ചേർക്കുന്നു.*

## പ്രളയശേഷമുള്ള കാലാവസ്ഥാ വ്യതിയാനവും കാർഷികോൽപ്പാദനവും

65 (4729) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം ഉണ്ടായ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും അത് സംസ്ഥാനത്തെ കാർഷിക വിളകളെ എപ്രകാരം ബാധിച്ചുവെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രളയത്തിനുശേഷം വയനാട്ടിൽ കുരുമുളകിന് ദ്രുതവാട്ടവും കമുകിനും നേന്ത്രവാഴയ്ക്കും മഞ്ഞളിപ്പും വ്യാപകമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) രോഗബാധയും കാലാവസ്ഥാ വ്യതിയാനവുംമൂലം കുരുമുളകിന്റെ ഉല്പാദനം കുത്തനെ കുറഞ്ഞിട്ടുണ്ടോ;

(ഡി) വയനാട്ടിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് പ്രളയാനന്തരമുള്ള അവിടുത്തെ സ്ഥിതി പഠിച്ച നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി ശിപാർശ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള തീരുമാനം എന്താണ്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനങ്ങളായ മഴയുടെ കുറവ്, ഊഷ്മാവിലുള്ള വ്യതിയാനം, അന്തരീക്ഷ ഈർപ്പ വ്യത്യാസം എന്നിവ വിളകളുടെ ഉൽപ്പാദനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. പ്രഥമ വിവര റിപ്പോർട്ട് പ്രകാരമുള്ള നഷ്ടത്തിന്റെ തോത് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രളയത്തിനുശേഷം മണ്ണിന് അമ്ലത കൂടിയതിനാൽ അവശ്യ മൂലകങ്ങൾ നഷ്ടപ്പെടുകയും കാർഷിക വിളകൾക്ക് പ്രത്യേകിച്ച് കുരുമുളകിന് ദ്രുതവാട്ടവും കമുക്, നേന്ത്രവാഴ എന്നിവയ്ക്ക് മഞ്ഞളിപ്പും വ്യാപകമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്. ശിപാർശയിന്മേൽ കൃഷി ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയുടെ കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവ്വേകാൻ വയനാട് പാക്കേജിനായി 1700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ സമഗ്ര കുരുമുളക് വികസനത്തിനായി 1000 ലക്ഷം രൂപയും 620 ലക്ഷം രൂപ വെള്ളപ്പൊക്ക ദുരിതങ്ങൾക്കായും 50 ലക്ഷം രൂപ ജാതിക്കൃഷി വിസ്തൃതി വ്യാപിപ്പിക്കുന്നതിനുമായിട്ടാണ് വകയിരുത്തിയിട്ടുള്ളത്.

**പെരിന്തൽമണ്ണയിലെ കർഷകർക്കുള്ള പ്രളയാനന്തര സഹായങ്ങൾ**

66 (4730) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കൃഷിനാശം സംഭവിച്ച പെരിന്തൽമണ്ണ മണ്ഡലത്തിലെ എത്ര കർഷകർക്ക് ആകെ എത്ര രൂപയുടെ ധനസഹായം വിതരണം ചെയ്യുവാൻ ശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ കർഷകർക്കും സമയബന്ധിതമായി തുക വിതരണം ചെയ്യുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ധനസഹായവും മറ്റ് സഹായങ്ങളും നൽകുവാൻ ശേഷിക്കുന്ന എല്ലാ കർഷകർക്കും ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ 113 കർഷകർക്കായി 20,80,915 രൂപയുടെ ധനസഹായം (സംസ്ഥാന വിഹിതം) വിതരണം ചെയ്യാനുണ്ട്.

(ബി & സി) ഫണ്ട് ലഭ്യമാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫാം ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിതങ്ങളാക്കാൻ നടപടി

67 (4731) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ഫാമുകളിലെ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ പുറത്തിറക്കിയ ഉൽപ്പന്നങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) ഇവയെല്ലാം ഒരു ഏകീകൃത ബ്രാൻഡിനു കീഴിലാണോ എന്ന് അറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫാമുകളിലെ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഓരോ പ്രദേശത്തെയും ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ അതാത് ഫാമുകളുടെ പേരിലാണ് വിറ്റഴിക്കുന്നത്. നെല്ലിയാമ്പതി ഫാമിൽ തയ്യാറാക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഫ്രൂട്ട്നെൽ എന്ന ബ്രാൻഡിലാണ് വിപണനം നടത്തുന്നത്.

(ഡി) എല്ലാ ഫാമുകളിലെയും ഉൽപ്പന്നങ്ങൾക്ക് QR (Quick Response) കോഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കൃഷിത്തോട്ടങ്ങളുടെ വിനോദസഞ്ചാര സാധ്യതകൾ

68 (4732) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കൃഷിത്തോട്ടങ്ങളുടെ വിനോദസഞ്ചാരസാധ്യതകൾ പ്രയോജനപ്പെടുത്താൻ വകുപ്പിന് പ്രത്യേകം പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാർഷികമേഖലയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വ്യാപനത്തിനും പര്യാപ്തമായിട്ടുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുവാൻ വകുപ്പിനെ പ്രാപ്തമാക്കാൻ കഴിയുന്നതരത്തിൽ നികുതിവരുമാനം ആർജ്ജിക്കുവാൻ നിർണായകമായ സാധ്യതകളിലൊന്നായി വിനോദസഞ്ചാരത്തെ വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പീരുമേട് മണ്ഡലത്തിൽ കൃഷിവകുപ്പിന് ഏതൊക്കെ സ്ഥലങ്ങളിൽ കൃഷിത്തോട്ടങ്ങൾ ഉണ്ടെന്ന് അറിയിക്കുമോ;

(ഡി) വിനോദസഞ്ചാരസാധ്യതകൾ ഏറെയുള്ള പീരുമേട് മണ്ഡലത്തിന്റെ പ്രസ്തുത സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഈ തോട്ടങ്ങളിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിത്തോട്ടത്തിൽ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിൽ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് 93 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വണ്ടിപ്പെരിയാർ ഫാമിൽ നടന്നുവരുന്നു. ജില്ലാ പഞ്ചായത്ത് സ്കീമിൽ ജില്ലാ കൃഷിത്തോട്ടം, കരിമ്പം ഫാമിൽ വീഡിയോ ഡോക്യുമെന്ററി, കോഫി ടേബിൾ, ബുക്ക് ലീഫ് ലെറ്റ്, വെബ്സൈറ്റ്, ഡോർമിറ്ററി കം ലൈബ്രറി, ഫാം ഫെസ്റ്റിവൽ എന്നിവ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ഫാമുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഫാം ടൂറിസം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. ശരിയായ ദിശയിലുള്ള ടൂറിസം പദ്ധതികൾ ഫാമുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫാമിൽ ഉണ്ടാക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും സഹായകമാകും. കൂടാതെ ഫാം തൊഴിലാളികളുടെ തൊഴിലവസരങ്ങളും വർദ്ധിക്കും.

(സി) വണ്ടിപ്പെരിയാറിലുള്ള സംസ്ഥാന പച്ചക്കറിത്തോട്ടം പീരുമേട് മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്.

(ഡി) ഇടുക്കി ജില്ലയിൽ ഫാമുകളിൽ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിന് 93 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വണ്ടിപ്പെരിയാർ ഫാമിൽ നടന്നുവരുന്നു.

## തരിശ്ശായ പാടശേഖരങ്ങളിൽ നെൽകൃഷി

69 (4733) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരിശ്ശായി കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനഃരുജ്ജീവിപ്പിക്കുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തരിശ്ശായി കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം 41.1 ഹെക്ടർ തരിശ്ശുനിലം നെൽകൃഷിയിലേയ്ക്ക് കൊണ്ടുവന്നു. 2017-18-ൽ 176.67 ഹെക്ടർ തരിശ്ശുനിലം കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ 169.64 ഹെക്ടർ തരിശ്ശുനിലത്തിൽ നെൽകൃഷി ചെയ്തു. ഇപ്രകാരം മൂന്നു വർഷങ്ങളിലായി 387.41 ഹെക്ടർ തരിശ്ശുനിലം നെൽകൃഷി ചെയ്തിട്ടുണ്ട്. നടപ്പുവർഷം കാസർഗോഡ് ജില്ലയിൽ ഇതുവരെ 18 ഹെക്ടർ സ്ഥലത്ത് തരിശ്ശുനില കൃഷി ആരംഭിച്ചിട്ടുണ്ട്.

## നിരോധിത കീടനാശിനികളുടെ നിയന്ത്രണം

70 (4734) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനാശിനിയുടെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ ഏതെങ്കിലും കീടനാശിനികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ നിരോധിച്ച ഏഴ് കീടനാശിനികൾ ഓൺലൈൻ വഴി ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം ഓൺലൈൻ വഴി ലഭ്യമാകുന്നതും ഇതര സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവരുന്നതുമായ കീടനാശിനികൾ കണ്ടുപിടിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സംസ്ഥാന ജൈവ കാർഷിക നയത്തിന്റെ ഭാഗമായി കേരളത്തെ മുഴുവനും രാസകീടനാശിനി വിമുക്ത മേഖലയാക്കി മാറ്റുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി G.O.(MS)310/2010/കൃഷി തീയതി 2-2-2010 പ്രകാരം കാസർഗോഡ് ജില്ലയിൽ കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെട്ടിരുന്ന കീടനാശിനികളുടെ ഉൽപ്പാദനവും വിപണനവും ഉപയോഗവും നിരോധിച്ച് ഉത്തരവായിരുന്നു. G.O.(MS)116/2011/കൃഷി 7-5-2011 പ്രകാരം വിഷവീര്യം കൂടിയതും മനുഷ്യജീവന് ഹാനികരവുമായ 14 കീടനാശിനികൾ കേരളത്തിൽ ഉപയോഗത്തിലുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിരോധിച്ചു. സ.ഉ. (എം.എസ്.) നമ്പർ 128/2015/കൃഷി തീയതി 28-7-2015 പ്രകാരം സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവന്ന ലേബലോടുകൂടിയ METHOMYL, MEMC എന്നീ കീടനാശിനികളുടെ ഉപയോഗവും പൂർണ്ണമായി നിരോധിച്ചു.

കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും ഗ്ലൈഫോസേറ്റിന്റെ അമിത ഉപയോഗം മനുഷ്യരിലും മറ്റ് ജന്തുക്കളിലും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയാക്കും എന്ന കേരള കാർഷിക സർവ്വകലാശാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-2-2019 മുതൽ 60 ദിവസത്തേയ്ക്ക് ഗ്ലൈഫോസേറ്റ് സ.ഉ. (ആർ.റ്റി) നമ്പർ 121/2019/കൃഷി തീയതി 2-2-2019 പ്രകാരം ഉത്തരവ് തീയതി മുതൽ രണ്ടുമാസത്തേയ്ക്ക് നിരോധിക്കുകയും കൃഷി ഡയറക്ടറുടെ ഉത്തരവ് പ്രകാരം 24-5-2019-ൽ ഗ്ലൈഫോസേറ്റിന്റെ കേരളത്തിലെ വിൽപ്പന ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്തു. ഗ്ലൈഫോസേറ്റും ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികളും കേരളത്തിൽ വിൽപ്പന നടത്തുന്നത് നിരോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഓൺലൈൻവഴി ലഭ്യമാകുന്നതും ഇതര സംസ്ഥാനങ്ങളിൽനിന്നും കടത്തി കൊണ്ടുവരുന്നതുമായ കീടനാശിനികൾ കണ്ടുപിടിക്കുന്നതിന് നിലവിൽ ശക്തമായ സംവിധാനമില്ല.

**ആഞ്ഞിലി വൃക്ഷങ്ങൾ**

71 (4735) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ആഞ്ഞിലി വൃക്ഷങ്ങൾ നശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണകാരായ രോഗാണുക്കളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത രോഗാണുമൂലം മറ്റേതെങ്കിലും വൃക്ഷങ്ങൾ നശിപ്പിക്കപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി ഇത്തരം രോഗാണുക്കളെ ശാശ്വതമായി നശിപ്പിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 'ഗാനോഡെർമ' എന്ന വർഗ്ഗത്തിൽപ്പെടുന്ന ഒരു കുമിളാണ് ഈ രോഗത്തിന് ഹേതുവെന്ന് കാർഷിക യൂണിവേഴ്സിറ്റിയുടെ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ആഞ്ഞിലി വർഗ്ഗത്തിൽപ്പെട്ട പ്ലാവ് മുതലായ മറ്റ് വൃക്ഷങ്ങളിലും ഈ കുമിളിന്റെ ആക്രമണം കണ്ടുവരുന്നുണ്ട്.

(ഡി) വിഷാംശം തീരെ കുറഞ്ഞ പച്ച ലേബലോടുകൂടിയ കോപ്പർ ഓക്സി ക്ലോറൈഡ് (നാല് ഗ്രാം/ലിറ്റൽ വെള്ളം) മരത്തിന്റെ തടിയോട് ചേർന്ന് ഒരു മീറ്റർ വിസ്തൃതിയിൽ ഒഴിച്ചുകൊടുക്കുന്നത് രോഗനിയന്ത്രണത്തിന് സഹായകമാണ്. വലിയൊരു മരത്തിന് ഏകദേശം 15 ലിറ്റർ ലായനി വേണ്ടിവരും. കൂടാതെ വേപ്പിൻ പിണ്ണാക്ക് ചേർത്ത് ടൈക്കോഡർമ 5-10 കിലോ എന്ന തോതിൽ മണ്ണിൽ ചേർത്ത് കൊടുക്കുന്നതും നല്ലതാണ്.

ജൈവരീതി ഉപയോഗിച്ച് വിനാശകാരിയായ കുമിളിനെ തടയുന്നതിനായുള്ള ഗവേഷണം നടത്തി പരിഹാരം നിർദ്ദേശിക്കാൻ കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതാണ്.

**കർഷകരുടെ വായ്പകൾക്ക് മൊറട്ടോറിയം**

72 (4736) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് ഉള്ള മൊറട്ടോറിയം 2019 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഈ വർഷം ഒക്ടോബർ 11 വരെ നിലവിലുണ്ടായിരുന്ന മൊറട്ടോറിയത്തിന്റെ കാലാവധി പ്രത്യേക മന്ത്രിസഭാ യോഗം ചേർന്ന് ഡിസംബർ 31 വരെ നീട്ടിയതിനുള്ള സാഹചര്യമെന്തായിരുന്നെന്ന് വ്യക്തമാക്കാമോ;

(സി) കർഷകരുടെ കാർഷികേതര കടങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം നീട്ടിനൽകണമെന്ന് സംസ്ഥാന സർക്കാർ ആർ.ബി.ഐ.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണ്; അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നീട്ടിയിട്ടുണ്ട്.

2018 ഓഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbc.kerala.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇതിൻപ്രകാരം അർഹമായ കർഷകരുടെ വായ്പകൾക്കാണ് മൊറട്ടോറിയം അനുവദിച്ചിട്ടുള്ളത്. വിള ഉൽപ്പാദന വായ്പകൾക്ക് പ്രളയകാലം മുതൽ ഒരു വർഷത്തേയ്ക്കും ദീർഘകാല വായ്പകൾക്ക് ഒരു വർഷം മുതൽ ഒന്നരവർഷം വരെയുമാണ് മൊറട്ടോറിയം നിലവിലുള്ളത്.

സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്ന് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും 31-12-2019 വരെ മോറട്ടോറിയം അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാർ 15/19 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ, കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും കർഷകർ എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-18-ലെ സ.ഉ. (എം.എസ്.) 367/2018/റവ. പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ചിരുന്നു. ആയത് 27-5-2019-ലെ സ.ഉ. (കൈ) നമ്പർ 146/2019/റവ. നമ്പർ പ്രകാരം 31-12-2019 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് ദുരിതത്തിലായ കർഷകരെ സഹായിക്കാനാണ് മൊറട്ടോറിയം 2019 ഡിസംബർ 31 വരെ നീട്ടിയത്.

(സി) 6-3-2019-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സബ്കമ്മിറ്റി തീരുമാനപ്രകാരം മൊറട്ടോറിയം കാലാവധി 2019 ഡിസംബർ 31 വരെ നീട്ടുന്നതിന് എസ്.എൽ.ബി.സി., റിസർവ് ബാങ്കിനോട് അപേക്ഷിച്ചു. പ്രധാനമായും കാർഷിക ലോണുകൾക്കും കൃഷിയിൽനിന്നുള്ള വരുമാനംകൊണ്ട് തിരിച്ചടയ്ക്കുന്ന മറ്റ് ലോണുകൾക്കും ഇത് ബാധകമാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തെത്തുടർന്നാണ് കത്തയച്ചത്.

ഈ കത്തിന്റെ മറുപടിയായി റിസർവ് ബാങ്ക് പ്രളയബാധിത പ്രദേശങ്ങളിലെ ലോണുകളുടെ പുനഃക്രമീകരണത്തിനുള്ള കാലാവധി ഇനിയും നീട്ടാനാവില്ലെന്ന് അറിയിച്ചു. എന്നിരുന്നാലും ഇതിനകം പുനഃക്രമീകരിക്കപ്പെട്ട ലോണുകളുടെ മൊറട്ടോറിയം കാലാവധി നീട്ടുന്ന കാര്യം എസ്.എൽ.ബി.സി.-ക്ക് തീരുമാനിക്കാവുന്നതാണെന്ന് റിസർവ് ബാങ്ക് അറിയിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഈ മാസം 25-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന മീറ്റിംഗിൽ അജണ്ടയായി ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

മൊറട്ടോറിയം കാലാവധി നീട്ടുന്ന വിഷയം ബഹു. കൃഷി വകുപ്പുമന്ത്രി റിസർവ് ബാങ്ക് ഗവർണറുമായി നേരിൽ ചർച്ച നടത്തുന്നതിന് തീയതിയും സമയവും അറിയിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് റിസർവ് ബാങ്ക് ഗവർണർക്ക് കത്ത് നൽകിയിട്ടുണ്ട്.

## കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം

73 (4737) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികകടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടും കർഷക ആത്മഹത്യ തുടരുന്ന സാഹചര്യം സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുമോ;

(ബി) കാർഷിക വിളകളുടെ നഷ്ടവും വിലത്തകർച്ചയും കർഷകർക്ക് ഇരുട്ടടി ആയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സർക്കാർ ഭാഗത്തുനിന്നും എന്ത് ഇടപെടലാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കർഷകർ എടുത്തിട്ടുള്ള കാർഷികവായ്പ അല്ലാത്ത കടങ്ങളും 2019 ഡിസംബർ 31 വരെ പ്രഖ്യാപിച്ച മോറോട്ടോറിയത്തിന്റെ പരിധിയിൽ വരുമോ;

(ഡി) ഇക്കാര്യത്തിൽ ദേശസാൽകൃത ബാങ്കുകൾക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ കർഷകരുടെ കാർഷിക-കാർഷികേതര വായ്പകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടും കർഷക ആത്മഹത്യകൾ ഉണ്ടാകുന്നത് സർക്കാർ ഗൗരവമായാണ് കാണുന്നത്. കൃഷി ഭവൻ തലത്തിൽ കടക്കെണിയിലായ കർഷകരുടെ ആത്മവിശ്വാസം ഉയർത്തുന്നതിനായി അവബോധവും കൗൺസിലിംഗും നടത്തുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകളെത്തുടർന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി രണ്ട് ജില്ലകളിലും ലീഡ് ബാങ്ക് മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെയും ബാങ്ക് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും ഓരോ കേസ്സിലും സർഫാസി നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് ഈ സബ്കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 2019 ഡിസംബർ 31 വരെ സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം തുടരണമെന്ന് 25-6-2019-ൽ നടന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം സർഫാസി ആക്ടിൽനിന്നും ഒഴിവാക്കിക്കൊണ്ട് നെൽകർഷകർക്ക് നൽകുന്ന ആനുകൂല്യം എല്ലാവിധ കൃഷി ഭൂമിയിലും കൃഷി ചെയ്യുന്ന കർഷകർക്കും നൽകണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നെല്ലിന് കിലോഗ്രാം രൂപ 26.30 നിരക്കിൽ സപ്ലൈകോ നെല്ല് സംഭരിച്ചുവരുന്നുണ്ട്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവിലയായ കിലോ ഒന്നിന് രൂപ 17.50 നിരക്കിന് പുറമെ സ്റ്റേറ്റ് ബോണസ്സായി രൂപ 7.80 നൽകി 26.30 രൂപ നിരക്കിൽ സപ്ലൈകോവഴി നെല്ല് സംഭരിച്ചുവരുന്നു.

നാളികേരത്തിന് വില കുറയുന്ന സാഹചര്യമുള്ളതിനാൽ പച്ചത്തേങ്ങ സംഭരണം കിലോയ്ക്ക് 27 രൂപ നിരക്കിൽ ആരംഭിക്കുവാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

പഴം- പച്ചക്കറിയുടെ വിപണനത്തിന് സൗകര്യദാതാവ് എന്ന നിലയിൽ കൃഷി വകുപ്പ് പ്രവർത്തിച്ചുവരുന്നുണ്ട്. 1128 വിപണികൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ ഹോർട്ടിക്കോർപ്പ് സംസ്ഥാനത്തെ കർഷകരിൽനിന്ന് നേരിട്ട് പഴം- പച്ചക്കറികൾ സംഭരിക്കുന്നുണ്ട്.

കൃഷി വകുപ്പിന്റെ കീഴിലുള്ള 6 കാർഷിക മൊത്തവ്യാപാര വിപണികളും 5 ജില്ലാ സംഭരണ കേന്ദ്രങ്ങളും മുഖേന കർഷകർക്ക് ലേലംവഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. VFPCK തങ്ങളുടെ 287 സ്വാശ്രയ കർഷക സമിതികളിലൂടെ വിപണനം നടത്തിവരുന്നുണ്ട്.

സംസ്ഥാനത്തെ പ്രധാന സംഭരണ ഏജൻസിയായ ഹോർട്ടിക്കോർപ്പ് സംസ്ഥാനത്തെ കർഷകരിൽനിന്നും ന്യായവില നൽകി ഉൽപ്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ ഹോർട്ടിക്കോർപ്പിന് സംഭരണ കേന്ദ്രങ്ങളുണ്ട്. കൂടാതെ ഹരിപ്പാട്ടും ചടയമംഗലത്തുമായി ഉപകേന്ദ്രങ്ങളുമുണ്ട്.

ഇത്തരം ഇടപെടലുകളിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള ഇടപെടലുകൾ വകുപ്പ് നടത്തിവരുന്നത് കർഷകർക്ക് വളരെയധികം പ്രയോജനം ചെയ്തുവരുന്നുണ്ട്.

(സി) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽപോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ക്ഷീരവികസനം, മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്കാണ് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം അനുവദിച്ചിരിക്കുന്നത്.

(ഡി) സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാക്കിയാണ് സർക്കാർ ഉത്തരവിറക്കിയിട്ടുള്ളത്. 26-6-2019-ൽ നടന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ മൊറട്ടോറിയം 2019 ഡിസംബർ 31 വരെ തുടരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സർഫാസി ആക്ടിൽനിന്നും ഒഴിവാക്കിക്കൊണ്ട് നെൽകർഷകർക്ക് നൽകുന്ന ആനുകൂല്യം എല്ലാവിധ കൃഷിഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്കും നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

**കാർഷിക കടാശ്വാസ കമ്മീഷൻ**

74 (4738) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക കടാശ്വാസ കമ്മീഷൻ വഴി കർഷകരുടെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള പ്രധാനനടപടികൾ എന്തെല്ലാമാണ്; വിശദവിവരങ്ങൾ നൽകുമോ;

(ബി) നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്ന് കർഷകർ എടുത്തിട്ടുള്ള വായ്പയുടെ കുടിശ്ശിക വന്നത് തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കമ്മിഷന് ഫലപ്രദമായി എപ്രകാരമാണ് ഇടപെടാൻ കഴിയുക; ഇത്തരത്തിൽ കമ്മീഷൻ ഇടപെടുന്നുണ്ടോ; ആയതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; വിശദാംശം നൽകുമോ;

(സി) കാർഷികകടാശ്വാസ കമ്മീഷനെ കുറെക്കൂടി ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7/2016 മുതൽ 30-5-2019 വരെ 88208 അപേക്ഷകൾ സിറ്റിംഗ് നടത്തി തീർപ്പാക്കിയിട്ടുണ്ട്. അർഹരായ 14552 പേർക്ക് 39,93,95,153 രൂപ (മുപ്പത്തിയൊമ്പത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി ഒരുന്നൂറ്റിയമ്പത്തിമൂന്ന് രൂപ) കടാശ്വാസമായി നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) കർഷക കടാശ്വാസ കമ്മീഷൻ ആക്ട് 2006-ലെ 5(1) വകുപ്പ് പ്രകാരം നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള ലോണുകളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ കമ്മീഷന് അധികാരമില്ലാത്തതിനാൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല. ഇതിന് പരിഹാരമായി യുക്തമായ നിർദ്ദേശം സമർപ്പിക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് ആസൂത്രണ കൃഷി വകുപ്പുകൾ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകിവന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ 50,000 രൂപയ്ക്ക് മേലുള്ള

കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ 2019 ഒക്ടോബർ 10 വരെ സമയം അനുവദിച്ചിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുവാൻ കൃഷി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കടാശ്വാസ കമ്മീഷന്റെ ആനുകൂല്യങ്ങൾ പരമാവധി കർഷകർക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## സ്വന്തമായി കെട്ടിടങ്ങളില്ലാത്ത കൃഷി ഭവനുകൾ

75 (4739) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കൃഷിഭവനുകളുടെ വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) സ്വന്തമായി കെട്ടിടം ഇല്ലാത്ത കൃഷിഭവനുകൾക്ക് കെട്ടിടം നിർമ്മിച്ചുനൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കൃഷി ഭവനുകൾ ഇല്ല.

(ബി) നിലവിൽ കൃഷി വകുപ്പിൽ പദ്ധതികൾ ഒന്നുമില്ല.

## പ്ലാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റുകളിലെ കശുമാവ് കൃഷി

76 (4740) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർകോഡ്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലെ എസ്റ്റേറ്റുകളിൽ കശുമാവ് കൃഷി ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന RKVY പദ്ധതിക്ക് കീഴിൽവരുന്ന " Area Expansion of Cashew" എന്ന സ്കീമിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കിവരുന്നത്. പ്ലാന്റേഷൻ കോർപ്പറേഷന്റെ വിവിധ തോട്ടങ്ങളിലായുള്ള 700 ഹെക്ടർ കശുമാവ് കൃഷി കൂടാതെ കാസർഗോഡ്, കണ്ണൂർ, പാലക്കാട് ജില്ലകളിലെ കൃഷിക്കാർക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

ഈ പദ്ധതി മുഖേന മേൽപ്പറഞ്ഞ മൂന്ന് ജില്ലകളിലുള്ള കർഷകരെയും ഉൾപ്പെടുത്തി 4500 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപനം നടത്താനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ അടങ്കൽ തുക 10 കോടി രൂപയാണ്. ഇതിനാവശ്യമായ 10 ലക്ഷം അത്യുൽപ്പാദനശേഷിയുള്ള ഗ്രാഫ്റ്റിംഗ് തൈകളാണ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. പദ്ധതി പുരോഗമിക്കുന്ന അവസ്ഥയിലാണ്. ഇതിനകം ചെലവഴിച്ചിരിക്കുന്ന തുക ഏകദേശം 34,11,073 രൂപയാണ്.

**മുണ്ടേരി കൃഷി ഫാമിൽ കാഷ്വൽ ലേബർ തസ്തികയിലെ നിയമനം**

77(4741) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടേരി കൃഷി ഫാമിൽ കാഷ്വൽ ലേബർ തസ്തികയിലേക്ക് പുതുതായി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളിലേയ്ക്കാണ് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കാഷ്വൽ ലേബർമാരെ നിയമിച്ചിട്ടുണ്ട്; ജോലി ലഭിച്ചവർ ജോലി ഉപേക്ഷിച്ചോ അല്ലെങ്കിൽ അവധിയെടുത്തോ പോയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ നിയമനങ്ങളിൽ പ്രാദേശിക, പട്ടികവർഗ്ഗ, ഭിന്നശേഷി, വിധവകൾ തുടങ്ങിയ സംവരണതത്വം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംവരണതത്വം പാലിച്ചിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 129 ഒഴിവുകളിലേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുണ്ടേരിഫാമിൽ കാഷ്വൽ തൊഴിലാളികളെ നിയമിച്ചിട്ടില്ല.

(ഡി) 2015-ൽ മുണ്ടേരി കൃഷി ഫാമിൽ നടത്തിയ കാഷ്വൽ ലേബർ നിയമനങ്ങളിൽ അഴിമതി നടന്നുവെന്ന് ആരോപിച്ച് ശ്രീ. ഷാജഹാൻ ഒ., നൽകിയ പരാതി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ശ്രീ. ഷാജഹാൻ ഒ. ഇതേ ആവശ്യമുന്നയിച്ച് വിജിലൻസ് വകുപ്പിന് നൽകിയ പരാതി അനന്തര നടപടികൾക്കായി കൃഷി വകുപ്പിൽ ലഭ്യമാക്കുകയും ആയതിന്മേൽ അടിയന്തരമായി വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് 15-6-2019-ൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**ആത്മയിലെ ജീവനക്കാർക്ക് ശമ്പളം**

78 (4742) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന കൃഷിവകുപ്പിലെ വിജ്ഞാനവ്യാപനവിഭാഗമായ ആത്മയിലെ ജീവനക്കാർക്ക് കേന്ദ്രം പ്രഖ്യാപിച്ച പുതുക്കിയ ശമ്പളം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ പ്രസ്തുത ജീവനക്കാർക്കുള്ള ശമ്പളവിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) ശമ്പളവിതരണത്തിനായി കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആത്മയിലെ താൽക്കാലിക ജീവനക്കാരായ അസിസ്റ്റന്റ് ടെക്നോളജി മാനേജർ (ATM), ബ്ലോക്ക് ടെക്നോളജി മാനേജർ (BTM) എന്നീ വിഭാഗം ജീവനക്കാർക്കാണ് കേന്ദ്ര സർക്കാർ ശമ്പളം വർദ്ധിപ്പിച്ചത്. വർദ്ധിപ്പിച്ച ശമ്പളം സംസ്ഥാനത്ത് അനുവദിക്കുന്നതിനായി ആത്മയുടെ Inter Departmental working Group (IDWG) യോഗത്തിൽ ചർച്ച ചെയ്യുകയും അതിന്റെയടിസ്ഥാനത്തിൽ

ശമ്പള വർദ്ധനവിനുള്ള പ്രൊപ്പോസൽ സർക്കാരിർ സമർപ്പിക്കാൻ കൃഷി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാക്കി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) 2018-19-ലെ ആത്മ പദ്ധതിയുടെ രണ്ടാം ഗഡുവായ കേന്ദ്ര സർക്കാർ വിഹിതം 90.9 ലക്ഷം രൂപ 25-2-2019-നും മൂന്നാംഗഡു കേന്ദ്ര സർക്കാർ വിഹിതം 181.80 ലക്ഷം രൂപ 7-3-2019-നുമാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. മേൽപ്പറഞ്ഞ തുകകളുടെ ആനുപാതികമായ സംസ്ഥാന സർക്കാർ വിഹിതം 60.6 ലക്ഷം, 121.2 ലക്ഷം എന്നിവ 28-3-2019-ൽ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തു. സാമ്പത്തിക വർഷം അവസാനമായതിനാൽ ട്രഷറികളിൽ തുക മാറി നൽകുന്നതിന് നിയന്ത്രണമുണ്ടായിരുന്നതിനാൽ മേയ് ആദ്യവാരത്തോടെ തുക മാറി ജില്ലകളിൽ നൽകുകയും ശമ്പളക്കുടിശ്ശിക പ്രശ്നം പരിഹരിക്കുകയുമുണ്ടായി.

നിലവിൽ ആത്മ ജീവനക്കാർക്ക് മേയ് 2019-ലെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്. 2019-20-ലെ ആത്മയുടെ ആദ്യഗഡു ഫണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാകുന്നതോടെ ഇത് പരിഹരിക്കപ്പെടുന്നതാണ്.

**പിറവം മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പ്ലാൻ ഫണ്ട് പദ്ധതികൾ**

79 (4743) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ ഘട്ടം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; ഏതൊക്കെ പഞ്ചായത്തുകളിൽ/മുനിസിപ്പാലിറ്റികളിൽപ്പെട്ട പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പിറവം നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച പദ്ധതികളുടെ വിവരം, പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ ഘട്ടം എന്നിവ സംബന്ധിച്ച വിവരം, പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് അനുബന്ധം 1,2,3-ൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കൈപ്പാട് കർഷകർക്ക് അംഫിബിയസ് ട്രാക്ടർ മെഷീൻ**

80 (4744) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കൈപ്പാട് കർഷകർക്ക് കൈപ്പാടിൽ കുന എടുക്കുന്നതിന് സഹായകരമായ വിധത്തിൽ സ്ഥിരമായി അംഫിബിയസ് ട്രാക്ടർ മെഷീൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

നിലവിൽ കേരള കാർഷിക സർവ്വകലാശാലയുടെ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ കൈവശം പ്രവർത്തനസജ്ജമായ ട്രക്സർ എന്നൊരു അംഫിബിയൻ യന്ത്രമുണ്ട്. ഇത് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നുണ്ട്. ഈ യന്ത്രം കൈപ്പാട് കർഷകർക്ക് ആവശ്യമുള്ള സമയങ്ങളിൽ വിട്ടുനൽകുവാൻ സാധിക്കുന്നതാണ്. ഈ യന്ത്രത്തിന്റെ പ്രായോഗികത മുഴുവനും വിലയിരുത്തിയശേഷം ഉപകാരപ്രദമെങ്കിൽ കൂടുതൽ യന്ത്രങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്.

**കുറ്റ്യാടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

81 (4745) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റ്യാടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ;

(സി) ഏതെങ്കിലും പുതിയ പദ്ധതികൾ പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന കാര്യം കൃഷി വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഈ വർഷത്തെ ബജറ്റിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കുറ്റ്യാടി മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ബജറ്റിൽ മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര വീതം തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റ്യാടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) കൃഷി വകുപ്പിന്റെ വാർഷിക പദ്ധതികൾ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കുന്നത്.

## മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്

82 (4746) ശ്രീ. എൻ.എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകൾക്ക് മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിൽ പ്രസ്തുത ലാബുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലാബുകൾക്കുള്ള ചെലവ് എത്രയാണെന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച വാഹനത്തിന് ഒരേ തുകയാണോ എന്നും വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയ്ക്ക് പ്രസ്തുത ലാബ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അനുവദിച്ചതെന്നും ചെലവ് എത്രയാണെന്നും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും അറിയിക്കാമോ;

(ഇ) പ്രസ്തുത ലാബ് പ്രവർത്തിക്കാനാവശ്യമായ തസ്തികകൾ ജില്ലയ്ക്കനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾക്ക് കൃഷി വകുപ്പ് മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ അനുവദിച്ചിട്ടുണ്ട്. എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ജില്ലാ പഞ്ചായത്ത് അനുവദിച്ച മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രസ്തുത ലാബുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

(സി) സംസ്ഥാനത്തെ കൃഷി വകുപ്പിന് കീഴിലുള്ള മൊബൈൽ ലാബുകളുടെ പ്രവർത്തനത്തിനായി ആകെ 38.04967 ലക്ഷം രൂപയാണ് 2018-19 സാമ്പത്തിക വർഷത്തിൽ ചെലവായത്. ഓരോ ജില്ലയിലും വ്യത്യസ്ത സമയങ്ങളിലാണ് വാഹനം വാങ്ങിയിട്ടുള്ളത്. അതിനാൽ ഓരോ ജില്ലയ്ക്കും അനുവദിച്ച വാഹനത്തിന് ഒരേ തുകയല്ല.

(ഡി) അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലാണ് കാസർഗോഡ് ജില്ലയ്ക്ക് മൊബൈൽ വാഹനം വാങ്ങി നൽകിയത്. 50.68739 ലക്ഷം രൂപയാണ് വാഹനം വാങ്ങി ലാബ് സജ്ജീകരിക്കുന്നതിനായത്. മൊബൈൽ സോയിൽ ടെസ്റ്റിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ലാബ് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

(ഇ) ഇല്ല. തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ വിഭാഗം**

83 (4747) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണവിഭാഗം ഏതെല്ലാം മേഖലകളിലാണ് ഗവേഷണം നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണവിഭാഗം റബ്ബർ കർഷകരുടെ ഉന്നമനത്തിനായി ഏതെല്ലാം മേഖലകളിൽ ഗവേഷണം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിന്റെ കാർഷിക മേഖലയും കർഷക ക്ഷേമത്തെയും ലാക്കാക്കിയുള്ള ഗവേഷണ പ്രവർത്തനങ്ങളാണ് കാർഷിക സർവ്വകലാശാല നടപ്പാക്കിവരുന്നത്. കാർഷിക രംഗത്ത് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രത്യാഘാതങ്ങൾ, പ്രതിരോധ-അതിജീവന മാർഗ്ഗങ്ങൾ, കാര്യക്ഷമമായ ജലവിനിയോഗ രീതികൾ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള സാങ്കേതിക വിദ്യകൾ, പ്രകൃതിവിഭവ സംരക്ഷണം, ഉത്തമ കൃഷി രീതികൾ, കാർഷിക യന്ത്രവൽക്കരണം, ആധുനിക കൃഷി രീതികൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷിക വനവൽക്കരണം, സംയോജിത കൃഷി രീതികൾ എന്നീ പ്രധാന മേഖലകളിലാണ് ഗവേഷണം നടപ്പാക്കുന്നത്. കാർഷിക സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക രംഗത്തെ സംബന്ധിച്ചുള്ള പഠനങ്ങൾ, വിജ്ഞാന വ്യാപനരംഗം എന്നീ മേഖലകളിലും ഗവേഷണങ്ങൾ നടപ്പാക്കിവരുന്നു. 635-ൽപ്പരം ഗവേഷണ

പദ്ധതികൾ വിവിധ ഏജൻസികളുടെ ധനസഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് യോജിച്ച ഇനങ്ങൾ, ശാസ്ത്രീയ കൃഷി മുറകൾ, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ തുടങ്ങിയ മേഖലകളിൽ കാർഷിക സർവ്വകലാശാല ഗവേഷണം നടത്തിവരുന്നു. പ്രസ്തുത ഗവേഷണ ഫലങ്ങൾ, റബ്ബർ കൃഷിക്കുവേണ്ടി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ എന്നിവ കാർഷിക സർവ്വകലാശാലയുടെ പ്രസിദ്ധീകരണമായ 'പാക്കേജ് ഓഫ് പ്രാക്ടീസസ് ' എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പെർഫോർമൻസ് ഓഡിറ്റിംഗ് അതോറിറ്റി സംവിധാനം

84 (4748) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1997-ലെ പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലൂടെ രൂപം നൽകിയ പെർഫോമൻസ് ഓഡിറ്റിംഗ് അതോറിറ്റി സംവിധാനത്തിന്റെ പ്രവർത്തന സംവിധാനം വിശദമാക്കാമോ ;

(ബി) കറക്ടീവ് ഓഡിറ്റ് എന്ന നിലയിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാറുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലൂടെയും കേരളാ മുനിസിപ്പൽ (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലൂടെയുമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റിനാവശ്യമായ സംവിധാനങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്. സർക്കാരിലെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയാണ് (നിലവിൽ അഡീഷണൽ ചീഫ് സെക്രട്ടറി) പെർഫോർമൻസ് ഓഡിറ്റ് അതോറിറ്റി. ടി അതോറിറ്റിയെ സംസ്ഥാനതലത്തിൽ സഹായിക്കുന്നതിനായി സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയമിച്ചിട്ടുണ്ട്. ചട്ടങ്ങളിൽ അധികാരപ്പെടുത്തിയിരുന്നതനുസരിച്ച് സർക്കാർ വിവിധ തുടർ ഉത്തരവുകളിലൂടെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനുള്ള ഘടകങ്ങൾക്ക് രൂപം നൽകി.

1. ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിന് ജില്ലാതലത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആവശ്യാനുസരണം പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ നിലവിലുണ്ട്.

2. ബ്ലോക്ക് പഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിന് ജില്ലാതലത്തിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ നിയന്ത്രണത്തിൽ ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് വീതം നിലവിലുണ്ട്.

3. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന മേഖലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗങ്ങളാണ് ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും പെർഫോർമൻസ് ഓഡിറ്റ് നടത്തുന്നത്. മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പദവി വഹിക്കുന്നത് സെക്രട്ടേറിയറ്റിൽനിന്ന് നിയമിതരാകുന്ന അഡീഷണൽ സെക്രട്ടറിമാരാണ്.

4. മുനിസിപ്പാലിറ്റികളുടെ പെർഫോമൻസ് ഓഡിറ്റ് ചുമതല വഹിക്കുന്നത് നഗരകാര്യ വകുപ്പിലെ കൊല്ലം, കൊച്ചി, കോഴിക്കോട് മേഖലകളിലെ ജോയിന്റ് ഡയറക്ടർമാരാണ്.

മേൽ വിവരിച്ച പെർഫോമൻസ് ഓഡിറ്റ് ഘടകങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ പ്രതിമാസ/ത്രൈമാസ ഓഡിറ്റ് നടത്തി സ്ഥാപനങ്ങളിൽ റിപ്പോർട്ട് നൽകുന്നു. പ്രസ്തുത റിപ്പോർട്ട് കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കുകയും ശിപാർശകളിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും അത് സംബന്ധിച്ച റിപ്പോർട്ട് മറുപടിയായി പെർഫോമൻസ് ഓഡിറ്റ് ഘടകങ്ങൾക്ക് നൽകുകയും ചെയ്യുന്നു. ഓഡിറ്റിൽ കണ്ടെത്തുന്ന സർക്കാർ ഇടപെടൽ ആവശ്യമായ ഗൗരവകരമായ വിഷയങ്ങൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നു. മേൽ പരാമർശിത ഓഡിറ്റുകൾ കൂടാതെ സർക്കാർ, പെർഫോമൻസ് ഓഡിറ്റ് അതോറിറ്റി, പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, വകുപ്പുകൾ എന്നിവർ നിർദ്ദേശിക്കുന്ന പ്രകാരം പ്രത്യേക ഓഡിറ്റുകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ട്.

(ബി) അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുവാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് പെർഫോമൻസ് ഓഡിറ്റ് സംവിധാനം പ്രവർത്തിക്കുന്നത്. തെറ്റുകൾ തിരുത്തുന്നതിനും അവ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനുമാണ് പെർഫോമൻസ് ഓഡിറ്റ് പ്രധാനമായും ശ്രദ്ധചെലുത്തുന്നത്. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി വിലയിരുത്താനും ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുവാനും ആവശ്യമായ ഏകോപനം നടത്തുവാനും പെർഫോർമൻസ് ഓഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പൊതുജനങ്ങളുടെ പരാതി എല്ലാ മാസവും ടി സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധിക്കുവാനും പരിഹാരം കാണുവാനും പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ സാമ്പ്രദായികമായ ഓഡിറ്റ് സംവിധാനം എന്നതിലുപരി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏറെക്കുറെ പൂർണ്ണമായും പരിശോധനാവിധേയമാക്കുകയും ഗുണകരമായ മാറ്റങ്ങൾക്ക് കാരണമാകുകയും ചെയ്യുന്ന രീതിയിൽ പെർഫോമൻസ് ഓഡിറ്റ് സംവിധാനം ഉയർന്നിട്ടുണ്ട്. തിരുത്തൽ സംവിധാനം എന്ന നിലയിൽ പെർഫോമൻസ് ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാൻ തുടർന്നും നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പെർഫോമൻസ് ഓഡിറ്റിലൂടെ കണ്ടെത്തുന്ന പോരായ്മകൾ ഉള്ളടക്കം ചെയ്ത് നൽകുന്ന റിപ്പോർട്ട് സ്ഥാപനത്തിന്റെ കൗൺസിൽ ചർച്ച ചെയ്ത് തിരുത്തൽ നടപടികൾ സ്വീകരിച്ച് മറുപടി നൽകുകയാണ് ചെയ്യുന്നത്. മറുപടി നൽകി തീർപ്പാക്കുവാൻ ശേഷിക്കുന്ന പരാമർശങ്ങൾ ഓഡിറ്റ് അദാലത്തുകൾ നടത്തി ഓഡിറ്റ് ഘടകങ്ങൾ തീർപ്പാക്കാറുണ്ട്.

## വെട്ടിയാട്ടിൽ മുത്തപ്പൻ ശ്രീഭദ്രകാളി ക്ഷേത്രത്തിന്റെ സംരക്ഷണം

85 (4749) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിലെ വെട്ടിയാട്ടിൽ മുത്തപ്പൻ ശ്രീഭദ്രകാളി ക്ഷേത്രത്തിന്റെ സംരക്ഷണത്തിനായി പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിച്ച ഫണ്ടുപയോഗിച്ച് രണ്ടര സെന്റ് സ്ഥലത്ത് പുനഃരുദ്ധാരണ, സംരക്ഷണ

പ്രവൃത്തികൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രത്യേക അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പ്രത്യേകാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി നഗരസഭയിലെ വെട്ടിയാട്ടിൽ മുത്തപ്പൻ ശ്രീഭദ്രകാളി ക്ഷേത്രത്തിന്റെ സംരക്ഷണത്തിനായി ലഭിച്ച അപേക്ഷയിന്മേൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ബഡ്സ് സ്കൂളുകൾ**

86 (4750) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ അംഗീകാരമുള്ളതും ഇല്ലാത്തതുമായി എത്ര ബഡ്സ് സ്കൂളുകളാണ് പ്രവർത്തിക്കുന്നത് എന്നുള്ള പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ;

(ബി) അംഗീകാരമുള്ള ബഡ്സ് സ്കൂളുകൾക്ക് എം.എൽ.എ. എ.ഡി.എസ്. എം.എൽ.എ. എസ്.ഡി.എഫ്. ഫണ്ട് വിനിയോഗിച്ച് വാഹനം അനുവദിക്കുന്നതിന് തടസമുണ്ടോ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന, പശ്ചാത്തല സൗകര്യ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ബഡ്സ് സ്കൂളുകളൊന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ ആര്യങ്കോട്, അമ്പൂരി, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, പാറശ്ശാല, പെരുങ്കടവിള എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓരോ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അവയ്ക്കാകട്ടെ സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുമില്ല.

(ബി) 15-11-2010-ലെ ജി.ഒ.(പി)583/2019/ഫിൻ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാരിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എം.എൽ.എ. ഫണ്ടുപയോഗിച്ച് ടി ഉത്തരവിലെ നിബന്ധനകൾക്കുവിധേയമായി ബസ് വാങ്ങാവുന്നതാണ്.

(സി) ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ, ഓണറേറിയം നൽകൽ, സ്വയംതൊഴിൽ പരിശീലനങ്ങൾക്ക് സാധനം വാങ്ങൽ, വാഹനം വാടകയ്ക്ക് എടുക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീക്ക് 2018-19 മുതൽ പുതിയതായി തുടങ്ങുന്ന ബഡ്സ് സ്ഥാപനങ്ങളുടെ അടിസ്ഥാന/പശ്ചാത്തല വികസനത്തിനായി രണ്ട് ഗഡുക്കളായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 12.5 ലക്ഷം രൂപ ആദ്യഗഡുവായി നൽകിയിട്ടുണ്ട്. 22-2-2018-ലെ സ.ഉ. (എം.എസ്) നമ്പർ 25/2018/സത്വഭവ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മേൽ തുക അനുവദിക്കുന്നത്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒരു വകുപ്പിന് കീഴിലേയ്ക്ക് മാറ്റാൻ നടപടി

87 (4751) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒരു വകുപ്പിന് കീഴിലേക്ക് മാറ്റാൻ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്നത്തേക്ക് നടപടികൾ പൂർത്തീകരിക്കാനാകുമെന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേയ്ക്കായി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് സ.ഉ. (കൈ) നമ്പർ 198/2016/സത്വഭവ. തീയതി, 27-12-2016 പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു.

ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുക, കരട് വിശേഷാൽ ചട്ടത്തിൽ അപാകതകളുണ്ടെങ്കിൽ അത് പരിഹരിക്കുക, ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എന്ന പേരിൽ ഒരു പൊതു സർവ്വീസ് രൂപീകരിച്ചുകൊണ്ടും മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചുകൊണ്ടും സ.ഉ. (കൈ) നമ്പർ 10/2018/തസ്വഭവ. തീയതി 27-1-2018 പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രിൻസിപ്പൽ ഡയറക്ടറെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിയമിച്ചിട്ടുണ്ട്.

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് ചട്ടങ്ങൾ പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ വിശദമായ പരിശോധന നടത്തിയശേഷം സർക്കാരിന് സമർപ്പിക്കുകയും ടി സ്പെഷ്യൽ റൂൾസ് സർക്കാർ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി 2018 നവംബർ 8, 9 തീയതികളിൽ ചർച്ച നടത്തുകയുമുണ്ടായി. സർവ്വീസ് സംഘടനകൾ ഉന്നയിച്ച ആക്ഷേപങ്ങളുടെയും നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് പുതുക്കിയ സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചുവരുന്നു. അതിനുപുറമെ നഗരകാര്യ വകുപ്പും മുനിസിപ്പൽ കോമൺ സർവ്വീസും ഏകോപിപ്പിക്കുന്നതിന് മുന്നോടിയായി മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി മാറ്റുന്നതിനുള്ള നിയമ നടപടികളുടെ ഭാഗമായി 2019-ലെ 23-ാം നമ്പർ ഓർഡിനൻസായി പ്രഖ്യാപിക്കുകയും ആയത് തുടർന്ന് 2019 മാർച്ച് 6-ന് 4904/ലെഗ്.സി1/2019/നിയമം നമ്പരായി ഒരു അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഭാഗം ജീവനക്കാരെക്കൂടി കരട് ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംയോജനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൊതു സർവ്വീസ് നിലവിൽ വരുന്നതാണ്.

## നഗരസഭാ പ്രദേശങ്ങൾക്കായി മാസ്റ്റർ പ്ലാനുകൾ

88 (4752) ശ്രീ. വി. ജോയി:
ശ്രീ.എം. സ്വരാജ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കുമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജോലികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അംഗീകരിച്ചതും പ്രസിദ്ധീകരിച്ചതുമായ മാസ്റ്റർ പ്ലാനുകളും നഗരാസൂത്രണ പദ്ധതികളും പൊതുജനങ്ങൾക്ക് വീക്ഷിക്കുന്നതിനായി ലഭ്യമാക്കുന്നതിന് ഇന്റർനെറ്റ് മാപ് സെർവർ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അമൃത് പദ്ധതിയിൽ ഉൾപ്പെട്ട പട്ടണങ്ങളിൽ ജി. ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർ പ്ലാനുകൾ മൂന്ന് ഘട്ടങ്ങളിലായി നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിവരികയാണ്. 2009-ൽ 38 പട്ടണങ്ങൾക്കായി 31 മാസ്റ്റർ പ്ലാനുകളും 2012-ൽ 31 പട്ടണങ്ങൾക്കായി 31 മാസ്റ്റർ പ്ലാനുകളും 2015-ൽ 24 പട്ടണങ്ങൾക്കായി 24 മാസ്റ്റർ പ്ലാനുകളും (ആകെ 93 നഗരസഭാ പ്രദേശങ്ങൾക്കായി 86 മാസ്റ്റർ പ്ലാനുകൾ) തയ്യാറാക്കാനാരംഭിച്ചു. ഇവയിൽ 11 മാസ്റ്റർ പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അഞ്ച് മാസ്റ്റർ പ്ലാനുകൾക്ക് പ്രസിദ്ധീകരണാനുമതി നൽകുന്നതിനും പ്രസിദ്ധീകരണാനുമതി ലഭിച്ച അഞ്ച് മാസ്റ്റർ പ്ലാനുകൾക്ക് അംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസിദ്ധീകരണാനുമതി ലഭിച്ച മൂന്ന് മാസ്റ്റർ പ്ലാനുകളിൽ തുടർ നടപടികൾ ബന്ധപ്പെട്ട നഗരസഭകൾ സ്വീകരിച്ചുവരുന്നു. 13 മാസ്റ്റർ പ്ലാനുകളുടെ സാങ്കേതിക ജോലികൾ പൂർത്തിയാക്കി ബന്ധപ്പെട്ട നഗരസഭകളുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പന്ത്രണ്ടെണ്ണത്തിന്റെ കരട് പൂർത്തിയായി, ശേഷിക്കുന്ന 37 മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) ഉണ്ട്. മലപ്പുറം മാസ്റ്റർ പ്ലാൻ പൈലറ്റ് പദ്ധതിയായി Web GIS അഥവാ Internet Map Server-ൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പ്, മേഖല നിയന്ത്രണങ്ങൾ എന്നിവ ജനങ്ങൾക്ക് വീക്ഷിക്കുവാനും സർവ്വേ നമ്പർ, അക്ഷാംശം-രേഖാംശം, സ്ഥാനം എന്നിവയുടെ അടിസ്ഥാനത്തിൽ അന്വേഷണങ്ങൾ നടത്തുവാനും സാധിക്കും. www.gis.townplanning.kerala.gov.in-ൽ ഇത് ലഭ്യമാണ്. മലപ്പുറം മാസ്റ്റർ പ്ലാനിനുശേഷം മട്ടന്നൂർ, കോഴിക്കോട് അർബൻ ഏരിയ (കോഴിക്കോട് കോർപ്പറേഷൻ, ഫെറോക് & രാമനാട്ടുകര നഗരസഭകൾ, ഒളവണ്ണ & കടലുണ്ടി ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്കായുള്ള സംയുക്ത മാസ്റ്റർ പ്ലാൻ) എന്നീ മാസ്റ്റർ പ്ലാനുകളും Internet Map Server-ൽ തയ്യാറാക്കാൻ ആരംഭിച്ചിട്ടുണ്ട്. മറ്റ് അംഗീകൃത/പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകൾ Web GIS-ൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകൾ, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് നഗരസഭകൾ എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്. ഹൈദരാബാദിലുള്ള നാഷണൽ റിമോട്ട് സെൻസിംഗ് സെന്ററിൽനിന്നും ലഭിച്ച High Resolution Satellite Imagery-യുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ pre field മാപ്പുകളുടെ സ്ഥലപരിശോധനയും വിവരശേഖരണവും പുരോഗമിക്കുന്നു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള മറ്റ് ജോലികളായ സാമൂഹിക സാമ്പത്തിക സർവ്വേ, ഗതാഗത പഠനങ്ങൾ, ദ്വതീയ വിവരശേഖരണം എന്നിവയും പുരോഗമിക്കുന്നു.

## സുരക്ഷാ മാനദണ്ഡമില്ലാത്ത വൻ പരസ്യ ബോർഡുകൾ

89 (4753) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാതൊരു സുരക്ഷ മാനദണ്ഡവുമില്ലാതെ വൻപരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് മൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും സുരക്ഷ മാനദണ്ഡം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒറീസ്സയിലെ ചുഴലിക്കാറ്റിൽ കൂടുതൽ മരണങ്ങൾ ഉണ്ടായത് പരസ്യബോർഡുകൾ നിലംപതിച്ചത് മൂലമുണ്ടായതാണെന്ന വസ്തുത പരിഗണിച്ച് പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക സുരക്ഷ മാനദണ്ഡം കൊണ്ടുവരുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 272, 273, 274, 275 പ്രകാരം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനും അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ (3), (4) പ്രകാരം പരസ്യ ബോർഡുകൾ സുരക്ഷിതമായി സ്ഥാപിക്കുന്നതിന് മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ പരസ്യ ബോർഡ് സ്ഥാപിക്കുന്നതിനായി പരസ്യ ബോർഡ് സ്ഥാപിക്കുന്ന സ്ഥലത്തിന്റെ ലൊക്കേഷൻ പ്ലാൻ, എഗ്രിമെന്റ്, സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, പരസ്യ ബോർഡ് സ്ഥാപിക്കുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെതാണെങ്കിൽ ടി വ്യക്തിയുടെയും പൊതുസ്ഥലമാണെങ്കിൽ അതത് വകുപ്പുകളുടെയും സമ്മതപത്രം, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ലഭ്യമാക്കിയാലേ ഗ്രാമപഞ്ചായത്ത് അനുമതി നൽകുകയുള്ളൂ.

സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിലും നഗരസഭാ പ്രദേശങ്ങളിലും ബോർഡുകൾ/ബാനറുകൾ/പരസ്യങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ, ഫീസ് എന്നിവ നിശ്ചയിച്ചുകൊണ്ട് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭാഗമായി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിലും നഗരസഭാ പ്രദേശങ്ങളിലും ബോർഡുകൾ/ബാനറുകൾ/പരസ്യങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങൾകൂടി ഉൾപ്പെടുത്തി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭാഗമായി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ**

90 (4754) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിലെ എം.എൽ.എ.ആസ്തി വികസന ഫണ്ട് ഉപയോഗിച്ച്

തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പൂർത്തിയാക്കുവാൻ ശേഷിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ - ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പരിസ്ഥിതി സൗഹാർദ്ദ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

91 (4755) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ 16 പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ ആസ്തി വികസന സ്കീമിൽനിന്നും തുക ചെലവഴിച്ച് നിർമ്മിക്കുന്നതിന് 27-2-2016-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവ് അനുസരിച്ച് ബസ്സ് കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് നഗരസഭ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറിയിട്ടില്ലായെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ; പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനായി ബസ്സ് കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് എത്രയും വേഗം അനുമതി നൽകുന്നതിന് നഗരസഭ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 16 പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് G.O. (Rt) No. 910/16/LSGD dated, 27-2-2016 പ്രകാരം ഭരണാനുമതി ലഭിച്ചതും നഗരസഭാ കൗൺസിലിന്റെ അനുമതിക്കായി ശ്രീ. വി. എസ്. ശിവകുമാർ എം.എൽ.എ.-യുടെ 20-8-2018-ലെ കത്ത് മുഖേന തിരുവനന്തപുരം നഗരസഭയിൽ ലഭിച്ചിട്ടുള്ളതുമായ വിഷയം നഗരസഭയുടെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

ഭരണാനുമതിയുടെ പകർപ്പ് ലഭ്യമല്ല എന്നറിയിച്ചതിനെത്തുടർന്ന് പ്രസ്തുത ഉത്തരവിന്റെ പകർപ്പ് തിരുവനന്തപുരം നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്.

**പട്ടികജാതി വനിതാ സംവരണ വാർഡുകൾ**

92 (4756) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി വനിത സംവരണവാർഡുകൾ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര പട്ടികജാതി വനിത സംവരണ വാർഡുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 7(3) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്. വകുപ്പ് 7(4) പ്രകാരം സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കേണ്ടതും അപ്രകാരം നിശ്ചയിച്ച സ്ഥാനങ്ങളുടെ എണ്ണത്തിന് ആ പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം കഴിയുന്നിടത്തോളം, ആ പഞ്ചായത്ത് പ്രദേശത്തെ അതത് സംഗതിപോലെ, പട്ടികജാതിക്കാരുടെയോ പട്ടികവർഗ്ഗക്കാരുടെയോ ജനസംഖ്യയ്ക്ക് ആ പഞ്ചായത്ത് പ്രദേശത്തെ ആകെ ജനസംഖ്യയുമായുള്ള അനുപാതംതന്നെ ആയിരിക്കേണ്ടതും ആ പഞ്ചായത്ത് പ്രദേശത്തെ വിവിധ നിയോജകമണ്ഡലങ്ങൾക്ക് ആവർത്തനക്രമമനുസരിച്ച് നീക്കിവയ്ക്കേണ്ടതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പ് 7(5) പ്രകാരം ഇപ്രകാരം സംവരണം ചെയ്ത സ്ഥാനങ്ങളുടെ എണ്ണത്തിന്റെ 50 ശതമാനം സർക്കാർ അതത് സംഗതിപോലെ പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോപ്പെടുന്ന സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്. എന്നാൽ ഒരു ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് സംവരണം ചെയ്ത സ്ഥാനങ്ങളുടെ എണ്ണം ഒന്ന് മാത്രമേയുള്ളുവെങ്കിൽ ആ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതില്ല. പട്ടികജാതി സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആ പഞ്ചായത്ത് പ്രദേശത്തെ വിവിധ നിയോജകമണ്ഡങ്ങൾക്ക് ആവർത്തനക്രമമനുസരിച്ച് നറുക്കെടുപ്പിലൂടെ നീക്കിവയ്ക്കേണ്ടതാണ്. ഓരോ പഞ്ചായത്തിലും മുമ്പ് സംവരണ വാർഡുകളായി നിശ്ചയിച്ചിരുന്നവ ഒഴിവാക്കിയാണ് ഇത്തരത്തിൽ നറുക്കെടുപ്പ് നടത്തുന്നത്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള പട്ടികജാതി വനിതാ സംവരണ വാർഡുകൾ:

| | |
|---|---|
| ഗ്രാമപഞ്ചായത്ത് തലം | : 748 |
| ബ്ലോക്ക് പഞ്ചായത്ത് തലം | : 76 |
| ജില്ലാ പഞ്ചായത്ത് തലം | : 16 |
| മുനിസിപ്പാലിറ്റി | : 117 |
| മുനിസിപ്പൽ കോർപ്പറേഷൻ | : 15 |
| ആകെ | : 972 |

**നഗരസഭകളുടെയും പഞ്ചായത്തുകളുടെയും പുനർവിഭജനം**

93 (4757) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളുടെയും പഞ്ചായത്തുകളുടെയും പുനർവിഭജനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) നിലവിലെ ഏതെങ്കിലും പഞ്ചായത്തുകളെ നഗരസഭയാക്കുന്നതിന് നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ;

(സി) സ്വയംപര്യാപ്തമല്ലാത്ത നഗരസഭകളെ ഗ്രാമപഞ്ചായത്താക്കുന്നതിന് പദ്ധതിയുണ്ടോ; അത്തരത്തിൽ മാറ്റം വരുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നഗരസഭകളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാദ്ധ്യതാ പട്ടിക ലഭ്യമായതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

(ബി) നിലവിലെ ഗ്രാമപഞ്ചായത്തുകളെ പരിവർത്തനാത്മക നഗര പ്രദേശമായി മാറ്റുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ നഗരസഭയാക്കി മാറ്റേണ്ട സാഹചര്യം നിലവിലില്ലായെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും രൂപീകരിച്ച അഞ്ചംഗ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

**പഞ്ചായത്തുകളുടെ വിഭജനം**

94 (4758) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനുമുൻപായി പഞ്ചായത്തുകൾ വിഭജിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനെക്കുറിച്ച് പഠിക്കാൻ സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ സമിതിയുടെ ശിപാർശകൾ വ്യക്തമാക്കുമോ;

(സി) എത്ര പഞ്ചായത്തുകൾ വിഭജിക്കേണ്ടിവരുമെന്നും ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകളും അറിയിക്കുമോ; ഇതോടൊപ്പം വാർഡ് വിഭജനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാപട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ ശിപാർശകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാദ്ധ്യതാ പട്ടിക ലഭ്യമായതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

**മുൻ ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് പ്രത്യേക പരിരക്ഷ**

95 (4759) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് സർക്കാർ എന്തെങ്കിലും പ്രത്യേക പരിരക്ഷ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഉണ്ട്. സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും എല്ലാ സാമ്പത്തിക വർഷവും തനത് പ്ലാൻ ഫണ്ടിൽ നിന്നും അവയുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിന് വിധേയമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേമെന്റ് ഗേറ്റ് വേയിലേക്ക് സംഭാവന നൽകുന്നതിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യഥേഷ്ടാനുമതി നൽകി 6-5-2013-ലെ ജി.ഒ.(സാധാ) 1209/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സ.ഉ. (സാധാ) 2983/2014/ത.സ്വ.ഭ.വ തീയതി 17-11-2014 പ്രകാരം ഉത്തരവായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലേക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2015-16 സാമ്പത്തിക വർഷം വരെ ഇൻഷ്വറൻസ് പ്രീമിയം അടച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ജനപ്രതിനിധികൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിൽ 2016-19 -ലെ അക്കൗണ്ടന്റ് ജനറലിന്റെ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിലെ നിരാലംബരായവർക്കും പാവപ്പെട്ടവർക്കും സംരക്ഷണവും സഹായവും നൽകുന്നതിനായി പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുടർന്നും ടി ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി നൽകുന്നതിനും 18-5-2017 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1621/2017/ത.സ്വ.ഭ.വ. നമ്പർ പ്രകാരം ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത ഉപസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിനായി വിവിധ തലങ്ങളിലുള്ള തദ്ദേശസ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവരങ്ങൾ ശേഖരിച്ചുവരികയുമാണ്.

**പിറവം മണ്ഡലത്തിൽ പ്ലാൻഫണ്ടിൽ നിന്നും പദ്ധതികൾ**

96 (4760) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ 2018-19 വർഷം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്ലാൻഫണ്ടിൽനിന്നും പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾ അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ പഞ്ചായത്തുകളിൽ/മുനിസിപ്പാലിറ്റി കളിൽപ്പെട്ട പ്രദേശങ്ങളിലാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 വാർഷിക പദ്ധതിയിൽ നഗരകാര്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ പിറവം നഗരസഭയ്ക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് മൂന്ന് കോടി രൂപ വകയിരുത്തിയിരുന്നു. 2018-19 വാർഷിക പദ്ധതിയിൽ പഞ്ചായത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും പിറവം മണ്ഡലത്തിൽ പ്രത്യേക പദ്ധതികൾ അനുവദിച്ചിട്ടില്ല.

(ബി) നിർമ്മാണം നടന്നിട്ടില്ല.

(സി) പിറവം നഗരസഭ.

**മലപ്പുറം ജില്ലയിലെ നബാർഡ് ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ**

97 (4761) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ്-ആർ.ഐ.ഡി.എഫ്. മുഖേന മലപ്പുറം ജില്ലയിൽ എത്ര ഫണ്ട് റോഡുകളും, കെട്ടിടങ്ങളും നിർമ്മിക്കാൻ അനുവദിച്ചിട്ടുണ്ട് എന്ന കാര്യം മണ്ഡലം തിരിച്ച് അറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ ഫണ്ട് അനുവദിച്ച മലപ്പുറം ജില്ലയിലെ കെട്ടിടം പ്രവൃത്തിയുടെ പട്ടിക നൽകാമോ;

(സി) ഈ പദ്ധതിയിലേക്ക് പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനുള്ള രീതി, മാനദണ്ഡം എന്നിവ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം ഈ പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിലെ ഒരു പ്രവൃത്തിയും ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 681.70 രൂപ അടങ്കലിൽ 12 റോഡ് പ്രവൃത്തികൾക്കും 490 ലക്ഷം രൂപ അടങ്കലിൽ 7 കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | നിയമസഭാമണ്ഡലത്തിന്റെ പേര് | റോഡ് നിർമ്മാണത്തിന് അനുവദിച്ച തുക (ലക്ഷത്തിൽ) | കെട്ടിടനിർമ്മാണത്തിന് അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | തവനൂർ | 340 | 290 |
| 2 | പൊന്നാനി | 171.7 | 200 |
| 3 | വള്ളിക്കുന്ന് | 70 | 0 |
| 4 | നിലമ്പൂർ | 100 | 0 |
| | ആകെ | 681.7 | 490 |

(ബി) കെട്ടിടം പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു:

1. ഗോമുഖം അങ്കണവാടി കെട്ടിട നിർമ്മാണം, പുറത്തൂർ ഗ്രാമപഞ്ചായത്ത്
2. ഭയങ്കാവ് അങ്കണവാടി കെട്ടിട നിർമ്മാണം, പുറത്തൂർ ഗ്രാമപഞ്ചായത്ത്
3. അങ്കണവാടി കെട്ടിട നിർമ്മാണം സെന്റർ 79, വാർഡ് 15, തൃപ്പങ്ങോട്ട് ഗ്രാമപഞ്ചായത്ത്.
4. തുയ്യം ജി.എൽ.പി.എസ്. അങ്കണവാടി നമ്പർ 87, കെട്ടിട നിർമ്മാണം, എടപ്പാൾ ഗ്രാമപഞ്ചായത്ത്
5. ജി.എം.എൽ.പി.എസ്. അങ്കണവാടി നമ്പർ 67, കെട്ടിട നിർമ്മാണം, എടപ്പാൾ ഗ്രാമപഞ്ചായത്ത്
6. കാടഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം, കാലടി ഗ്രാമപഞ്ചായത്ത്
7. നന്നമുക്ക് പി.എച്ച്.സി.-ക്ക് കെട്ടിട നിർമ്മാണം, നന്നമുക്ക് ഗ്രാമപഞ്ചായത്ത്.

(സി) പ്രവൃത്തികൾ അനുവദിക്കുന്നതിനായി പഞ്ചായത്തുകൾ സമർപ്പിക്കുന്ന കരട് നിർദ്ദേശം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയും അവ പരിശോധിച്ച ശേഷം നബാർഡിന്റെ അംഗീകാരത്തിന് നൽകുകയും അംഗീകാരം ലഭിക്കുന്ന പ്രവൃത്തികളുടെ ഭരണാനുമതി, നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശത്തോടൊപ്പം ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്ക് (ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ) നൽകുകയും ചെയ്യുന്നു.

(ഡി) നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നത് മണ്ഡലാടിസ്ഥാനത്തിലല്ല. പ്രാധാന്യമുള്ളതും നബാർഡിന്റെ പ്രവൃത്തി നിർവ്വഹണത്തിനായുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതുമായ പ്രോജക്ടുകളാണ് ഉൾപ്പെടുത്താറുള്ളത്.

### മംഗളവനത്തിന് പുതുജീവൻ നൽകാൻ പദ്ധതി

98 (4762) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ പക്ഷി സങ്കേതമായ മംഗളവനത്തിലെ ജലാശയത്തിലെ എക്കലും മാലിന്യങ്ങളും മാറ്റി ആഴം കൂട്ടി മംഗളവനത്തിന് പുതുജീവൻ നൽകാനായി നഗരസഭ ആവിഷ്കരിച്ച പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിരുന്നത്?

ഉത്തരം

(എ) കൊച്ചി നഗരസഭയിലെ പക്ഷി സങ്കേതമായ മംഗളവനത്തിന് പുതുജീവൻ നൽകുന്നതിലേക്കായി എബ്രഹാം മാടമാക്കൽ റോഡ് മുതൽ മംഗളവനം വരെയുള്ള തോട് 350 മീറ്റർ നീളത്തിൽ ചെളി മാറ്റുന്നതിന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും പ്രവൃത്തി പുരോഗമിച്ചു വരുന്നതുമാണ്.

കൂടാതെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കി മംഗളവനത്തിലേക്കുള്ള റോഡിന്റെ കാന പുനരുദ്ധരിക്കുന്നതിനും ചെളി കോരുന്നതിനുമുള്ള പ്രവൃത്തി നടന്നു വരുന്നതാണ്. എന്നാൽ റെയിൽവേയുടെ അനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തികരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള നടപടികൾ കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) മേൽ രണ്ട് പദ്ധതികൾക്കുമായി ആകെ 45 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

### അമൃത് പദ്ധതി

99 (4763) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ നഗരങ്ങളിലാണ് അമൃത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളിൽ അമൃത് പദ്ധതി പ്രകാരം ശുദ്ധജല വിതരണ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് തുടങ്ങിയ 3 മുനിസിപ്പാലിറ്റികളിലുമാണ് അമൃത് പദ്ധതി നടപ്പിലാക്കി വരുന്നത്.

(ബി) ഇല്ല.

## ലൈഫ് പദ്ധതിയിൽ നിർമ്മിച്ച വീടുകൾ

100 (4764) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ച നൽകി; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ; അതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിച്ചുനൽകുവാനാണ് ലക്ഷ്യമിടുന്നത്;വിശദാംശം ലഭ്യമാക്കാമോ;

(സി) ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്രവീടുകൾ നിർമ്മിച്ചുനൽകി; തദ്ദേശസ്വയം ഭരണസ്ഥാപനാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ നാളിതുവരെ കണ്ടെത്തിയ 54,469 വീടുകളിൽ 50,806 വീടുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 3663 വീടുകളുടെ പണി ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ലൈഫ് മിഷന്റെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവന രഹിതരായി കണ്ടെത്തിയ 1,84,255 ഗുണഭോക്താക്കളിൽ അർഹരായ 86,192 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 19,126 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കായി 2927.46 കോടി രൂപ

ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ലൈഫ് മിഷന്റെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തി ഗ്രാമസഭ അംഗീകരിച്ച 1,84,255 ഗുണഭോക്താക്കളിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുവാനാണ് ലക്ഷ്യമിടുന്നത്.

(സി) ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും ഹഡ്കോ, സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നുള്ള വായ്പായിനത്തിലുമായി ആകെ 2268.90 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം | - | 718.90 കോടി |
| ഹഡ്കോ വായ്പ | - | 1125.00 കോടി |
| സംസ്ഥാന വിഹിതം | - | 425.00 കോടി |
| ആകെ | - | 2268.90 കോടി |

(ഡി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 648 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വീടുകളുടെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| തദ്ദേശസ്വയംഭരണ സ്ഥാപനം | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|
| അമ്പലപ്പാറ | 32 | 15 |
| കടമ്പഴിപ്പുറം | 18 | 100 |
| കരിമ്പുഴ | 10 | 105 |
| ലക്കിടി പേരൂർ | 11 | 110 |
| പൂക്കോട്ടുകാവ് | 8 | 23 |
| ശ്രീകൃഷ്ണപുരം | 12 | 33 |
| തച്ചനാട്ടുകര | 18 | 103 |
| ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 43 | 7 |
| ആകെ | 152 | 496 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലൈഫ് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച വീടുകൾ

101 (4765) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ഭാഗമായി 2019 മാർച്ച് 31 വരെ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ആകെ എത്രവീടുകൾ പ്രസ്തുത സ്കീമിൽ പൂർത്തീകരിച്ചിട്ടുണ്ട്; പ്രസ്തുത മണ്ഡലത്തിലെ പഞ്ചായത്തുകൾ തിരിച്ചുള്ള വിവരങ്ങൾ നൽകുമോ;

(സി) സ്വന്തമായി ഭൂമിയില്ലാത്തവർക്കുള്ള വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീ കരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ നാളിതുവരെ കണ്ടെത്തിയ 54,469 വീടുകളിൽ 50,806 വീടുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 3663 വീടുകളുടെ പണി ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ലൈഫ് മിഷന്റെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയ 1,84,255 ഗുണഭോക്താക്കളിൽ അർഹരായ 86,192 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 19,126 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കോങ്ങാട് മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 467 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച വീടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| തദ്ദേശസ്വയംഭരണ സ്ഥാപനം | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|
| കാഞ്ഞിരപ്പുഴ | 78 | 4 |
| കാരക്കുറിശ്ശി | 18 | 33 |
| തച്ചമ്പാറ | 53 | 03 |
| കരിമ്പ | 20 | 08 |
| കേരളശ്ശേരി | 44 | 03 |
| കോങ്ങാട് | 52 | 0 |
| മങ്കര | 40 | 09 |
| മണ്ണൂർ | 30 | 08 |
| പറളി | 53 | 11 |
| ആകെ | 388 | 79 |

(സി) ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. 3,37,416 ഗുണഭോക്തക്കളെയാണ് ഭൂരഹിത ഭവന രഹിതരായി സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിലെ അടിമാലി പഞ്ചായത്തിൽ ഭവന സമുച്ചയം വഴി 174 ഭവനങ്ങൾ നൽകി. 14 ജില്ലകളിലും ഓരോ പൈലറ്റ് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പ്രോജക്ട് കൺസൾട്ടൻസികളായി ഹാബിറ്റാറ്റിനെയും തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോർപ്പറേറ്റ് സൊസൈറ്റിയേയും (റ്റി.ഡി.എൽ.സി.സി.എസ്.) തെരഞ്ഞെടുത്തിട്ടുണ്ട്. പൈലറ്റ് ഭവന സമുച്ചയങ്ങൾക്ക് പുറമേ 14 ജില്ലകളിലും 56 സ്ഥലങ്ങൾ കണ്ടെത്തി അവിടെയും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികളെ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**ലൈഫ് ഭവനനിർമ്മാണ പദ്ധതി**

102 (4766) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവനനിർമ്മാണപദ്ധതി പ്രകാരം ഏറനാട് നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്രപേർക്ക് വീടും സ്ഥലവും നൽകി എന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

ഏറനാട് നിയോജകമണ്ഡലത്തിൽ ലൈഫ് രണ്ടാംഘട്ടത്തിൽ വീട് നൽകിയവരുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു: നാളിതുവരെ ആർക്കും സ്ഥലം നൽകിയിട്ടില്ല.

| നമ്പർ | പഞ്ചായത്തിന്റെ പേര് | ആകെ അർഹരായ ഗുണഭോക്താക്കൾ | എഗ്രിമെന്റ് നടപ്പാക്കിയവ | പൂർത്തിയായവ |
|---|---|---|---|---|
| 1 | അരീക്കോട് | 9 | 9 | 9 |
| 2 | എടവണ്ണ | 68 | 68 | 45 |
| 3 | കാവനൂർ | 24 | 24 | 10 |
| 4 | കീഴുപറമ്പ് | 21 | 21 | 8 |
| 5 | ഊർങ്ങാട്ടിരി | 44 | 42 | 27 |
| 6 | കുഴിമണ്ണ | 11 | 10 | 9 |
| 7 | ചാലിയാർ | 77 | 77 | 10 |
| | ആകെ | 254 | 251 | 118 |

## പാറശ്ശാല മണ്ഡലത്തിൽ ലൈഫ് പദ്ധതി

103 (4767) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിലേക്ക് എത്ര ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്രപേർക്ക് ഭവനം പൂർത്തീകരിക്കാനായിട്ടുണ്ടെന്നും ഇനി എത്രപേർക്ക് പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും അവർക്ക് എന്നേയ്ക്ക് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പദ്ധതിയുടെ ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളുടെ പഞ്ചായത്തുതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) മണ്ഡലത്തിൽ ഭൂരഹിതരായ ഭവനരഹിതർ എത്രപേരുണ്ട് എന്ന കണക്കാക്കിയിട്ടുണ്ടോ; അവർക്ക് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| നമ്പർ | പഞ്ചായത്തിന്റെ പേര് | ഒന്നാം ഘട്ടം (കണ്ടെത്തിയവർ) | രണ്ടാം ഘട്ടം (അംഗീകരിച്ച ഗുണഭോക്താക്കൾ) | മൂന്നാം ഘട്ടം |
|---|---|---|---|---|
| 1 | പാറശ്ശാല | 14 | 632 | 336 |
| 2 | വെള്ളറട | 17 | 917 | 763 |
| 3 | കുന്നത്തുകാൽ | 24 | 761 | 417 |
| 4 | കൊല്ലയിൽ | 10 | 446 | 367 |
| 5 | പെരിങ്കടവിള | 10 | 454 | 220 |
| 6 | ആര്യങ്കോട് | 15 | 592 | 343 |
| 7 | ഒറ്റശ്ശേഖരമംഗലം | 14 | 417 | 339 |
| 8 | കള്ളിക്കാട് | 12 | 77 | 333 |
| 9 | അമ്പൂരി | 80 | 265 | 217 |
| | ആകെ | 196 | 4561 | 3335 |

(ബി) ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി പൂർത്തീകരിച്ച വീടുകളുടെയും ഇനി പൂർത്തീകരിക്കാനുള്ള വീടുകളുടേയും വിവരം ചുവടെ ചേർക്കുന്നു. മൂന്നാംഘട്ട പ്രവർത്തനങ്ങൾ പ്രാരംഭദശയിലാണ്:

<u>ഒന്നാംഘട്ടം</u>

| നമ്പർ | പഞ്ചായത്തിന്റെ പേര് | ഒന്നാംഘട്ടം (പൂർത്തീകരിച്ച ഭവനങ്ങൾ) | പൂർത്തീകരിക്കാൻ ബാക്കിയുള്ളത് | നിർമ്മാണം പൂർത്തീകരിക്കുന്ന തീയതി |
|---|---|---|---|---|
| 1 | പാറശ്ശാല | 14 | 0 | നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. |
| 2 | വെള്ളറട | 17 | 0 | |
| 3 | കുന്നത്തുകാൽ | 24 | 0 | |
| 4 | കൊല്ലയിൽ | 10 | 0 | |
| 5 | പെരിങ്കടവിള | 10 | 0 | |
| 6 | ആര്യങ്കോട് | 15 | 0 | |
| 7 | ഒറ്റശ്ശേഖരമംഗലം | 14 | 0 | |
| 8 | കള്ളിക്കാട് | 10 | 2 | |
| 9 | അമ്പൂരി | 75 | 5 | |
| | ആകെ | 189 | 7 | |

<u>രണ്ടാംഘട്ടം</u>

| നമ്പർ | പഞ്ചായത്തിന്റെ പേര് | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാൻ ബാക്കിയുള്ളത് | നിർമ്മാണം പൂർത്തീകരിക്കുന്ന തീയതി |
|---|---|---|---|---|---|
| 1 | പാറശ്ശാല | 287 | 19 | 268 | നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. |
| 2 | വെള്ളറട | 546 | 74 | 472 | |
| 3 | കുന്നത്തുകാൽ | 509 | 4 | 505 | |
| 4 | കൊല്ലയിൽ | 273 | 2 | 271 | |
| 5 | പെരിങ്കടവിള | 287 | 45 | 242 | |
| 6 | ആര്യങ്കോട് | 320 | 15 | 320 | |
| 7 | ഒറ്റശ്ശേഖരമംഗലം | 337 | 300 | 37 | |
| 8 | കള്ളിക്കാട് | 56 | 16 | 40 | |
| 9 | അമ്പൂരി | 148 | 15 | 133 | |
| | ആകെ | 2763 | 490 | 2288 | |

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| നമ്പർ | പഞ്ചായത്തിന്റെ പേര് | ഒന്നാം ഘട്ടം (പൂർത്തീകരിച്ച ഭവനങ്ങൾ) | രണ്ടാം ഘട്ടം (പൂർത്തീകരിച്ചത്) | മൂന്നാംഘട്ടം |
|---|---|---|---|---|
| 1 | പാറശ്ശാല | 14 | 19 | മൂന്നാംഘട്ട പ്രവർത്തനങ്ങൾ പ്രാരംഭ ദശയിലാണ്. |
| 2 | വെള്ളറട | 17 | 74 | |
| 3 | കുന്നത്തുകാൽ | 24 | 4 | |
| 4 | കൊല്ലയിൽ | 10 | 2 | |
| 5 | പെരിങ്കടവിള | 10 | 45 | |
| 6 | ആര്യങ്കോട് | 15 | 15 | |
| 7 | ഒറ്റശ്ശേഖരമംഗലം | 14 | 300 | |
| 8 | കള്ളിക്കാട് | 10 | 16 | |
| 9 | അമ്പൂരി | 75 | 15 | |
| | ആകെ | 189 | 490 | |

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭൂരഹിത ഭവന രഹിതരായി 3336 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയിട്ടുള്ളത്. അവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നിലമ്പൂർ നഗരസഭയിലെ ലൈഫ് പദ്ധതി**

104 (4768) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭയിൽ ലൈഫ് പദ്ധതിയിൽ എത്ര കുടുംബങ്ങൾ അർഹരായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ലൈഫ് പദ്ധതിയിൽ നിലമ്പൂർ നഗരസഭ നിർമ്മിച്ച വീടുകളുടെ എണ്ണം എത്രയാണ്;

(സി) നിലമ്പൂർ നഗരസഭയിൽ ഭവനരഹിതർക്ക് വേണ്ടി നിർമ്മിച്ച വീടുകൾക്ക് സംസ്ഥാന സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടോ; എത്ര രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്;

(ഡി) പി.എം.എ.വൈ. പദ്ധതിയും സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതിയും നിലമ്പൂർ നഗരസഭ വെവ്വേറെയാണോ നടപ്പിലാക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ നഗരസഭയിൽ ലൈഫ് പദ്ധതി പ്രകാരം ഭൂമിയുള്ള ഭവന രഹിതരായ 564 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരായി 679 ഗുണഭോക്താക്കൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെ രേഖാ പരിശോധനയിന്മേലുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) നിലമ്പൂർ നഗരസഭയിൽ ലൈഫ് - പി.എം.എ.വൈ. പദ്ധതിയിൽ 100 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) നിലമ്പൂർ നഗരസഭയിൽ ഭവനരഹിതർക്ക് വേണ്ടി നിർമ്മിച്ച വീടുകൾക്ക് സംസ്ഥാന സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| നഗരസഭ പ്ലാൻ ഫണ്ട് | - | 1,84,12,000 |
| സംസ്ഥാന വിഹിതം | - | 90,00,000 |
| ആകെ | - | 2,74,12,000 |

(ഡി) പി.എം.എ.വൈ. പദ്ധതിയും സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതിയും നിലമ്പൂർ നഗരസഭയിൽ സംയുക്തമായാണ് നടപ്പിലാക്കുന്നത്.

**വാസയോഗ്യമല്ലാത്ത വീടുകൾ**

105 (4769) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാസയോഗ്യമല്ലാത്ത എത്ര വീടുകൾ ഉണ്ടെന്നാണ് കുടുംബശ്രീ നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത സർവ്വേയിൽ ഇതുമായി ബന്ധപ്പെട്ട് കണ്ടെത്തിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) ഇത്തരം വാസയോഗ്യമല്ലാത്ത വീടുകളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ലൈഫ് പദ്ധതി പ്രകാരം നാളിതുവരെ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകി; ഇതിൽ ഭൂരഹിതർ, ഭവനരഹിതർ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഭൂരഹിത ഭവന രഹിതരേയും ഭൂമിയുള്ള ഭവന രഹിതരേയും കണ്ടെത്തുന്നതിനാണ് കുടുംബശ്രീ മുഖേന സർവ്വേ നടത്തിയത്.

(സി) ലൈഫ് മിഷൻ നാലാം ഘട്ടമായി വാസയോഗ്യമല്ലാത്ത വീടുകളെ പരിഗണിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ നാളിതുവരെ കണ്ടെത്തിയ 54,469 വീടുകളിൽ 50,806 വീടുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 3663 വീടുകളുടെ പണി ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഭൂമിയുള്ള ഭവന രഹിതരായി കണ്ടെത്തിയ 1,84,255 ഗുണഭോക്താക്കളിൽ അർഹരായ 86,192 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ നാളിതുവരെ 19,126 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഭവന സമുച്ചയം വഴി 174 ഭവനങ്ങൾ നൽകി.

**ഇമ്പിച്ചി ബാവ ഭവന പദ്ധതി**

106 (4770) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇമ്പിച്ചി -ബാവ ഭവന പദ്ധതി വീടുകൾ നിലവിൽ നൽകിവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഈ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുൻ സർക്കാർ ഈ പദ്ധതി പ്രകാരം എത്ര വീടുകളാണ് നൽകിയത്; വർഷവും ജില്ലയും തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ എത്ര വീടുകളാണ് ഈ പദ്ധതിയിലൂടെ നൽകിയത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പദ്ധതിയിൽ മുൻ വർഷങ്ങളിൽ നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനാണ് നിലവിൽ തുക അനുവദിക്കുന്നത്.

(ബി) 2017-18 സാമ്പത്തിക വർഷം മുതൽ ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾക്ക് പുറമെ മാർക്ക് നിബന്ധന കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മാർക്ക് നിബന്ധന സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) മുൻ സർക്കാർ ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയ വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) ഈ സർക്കാർ ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയ വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.

## തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ യോഗങ്ങൾ

107 (4771) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കൗൺസിൽ യോഗങ്ങളാണ് ചേർന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ബഹളം കാരണം എത്ര യോഗങ്ങൾ മേയർ പിരിച്ചുവിട്ടു;

(സി) പ്രസ്തുത യോഗങ്ങളിൽ മുൻഗണനാ വിഷയങ്ങളായി പരിഗണിച്ച എത്ര അജണ്ടകൾ പാസ്സാക്കി;

(ഡി) പാസ്സാകാത്ത അജണ്ടകൾ എത്ര; അവ ഏതെല്ലാം; പാസ്സാക്കാൻ മാറ്റിവച്ച അജണ്ടകൾ എത്ര; അവ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 37 - കൗൺസിൽ യോഗങ്ങൾ.

(ബി) ബഹളം കാരണം മേയർ യോഗങ്ങൾ പിരിച്ചുവിട്ടിട്ടില്ല.

(സി) 1495 - അജണ്ടകളിൽ തീരുമാനമെടുത്തു.

(ഡി) പാസ്സാകാത്ത അജണ്ടകൾ -5, (പട്ടിക അനുബന്ധമായി ചേർക്കുന്നു.)* മാറ്റി വച്ച അജണ്ടകൾ - 76. ഈ അജണ്ടകൾ തുടർന്നുള്ള കൗൺസിൽ യോഗങ്ങളിൽ പാസ്സാക്കിയിട്ടുള്ളതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തിരുവനന്തപുരം നഗരസഭ ഉള്ളൂർ സോണലിലെ ജമമാറ്റവും സബ് നമ്പർ നൽകലും

108 (4772) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 നവംബർ മുതൽ 2019 മേയ് 31 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭയുടെ ഉള്ളൂർ സോണൽ ഓഫീസിൽ ലഭിച്ച ജമമാറ്റവും സബ് നമ്പർ നൽകലും സംബന്ധിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും ഇനി ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) തീർപ്പാകാത്ത അപേക്ഷകൾ നടപടിയൊന്നും സ്വീകരിക്കാതെ റവന്യൂ ഇൻസ്പെക്ടറുടെ കൈവശം ഉണ്ടായിരുന്ന കാലയളവ് വ്യക്തമാക്കാമോ;

(സി) ഉള്ളൂർ സോണൽ ഓഫീസിൽ റസിഡൻഷ്യൽ കെട്ടിടം കൊമേഴ്സ്യൽ കെട്ടിടമാക്കി മാറ്റുന്നതിനായി പ്രസ്തുത കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ ഏതെല്ലാം അപേക്ഷകൾ തീർപ്പാക്കിയെന്നും വിശദമാക്കാമോ;

(ഡി) ഈ അപേക്ഷകളുമായി ബന്ധപ്പെട്ട ഫയലുകളിൽ റവന്യൂ ഇൻസ്പെക്ടർ എത്രയെണ്ണത്തിൽ അനുകൂല റിപ്പോർട്ട് സമർപ്പിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഇ) മുനിസിപ്പാലിറ്റി നിയമമനുസരിച്ച് റസിഡൻഷ്യൽ കെട്ടിടം കൊമേഴ്സ്യൽ കെട്ടിടമാക്കി മാറ്റുന്നതിനും ആയതിന് സബ്നമ്പർ നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) 2018 നവംബർ മുതൽ 2019 മേയ് 31 വരെ 288 ജമമാറ്റവും 14 സബ് നമ്പർ നൽകുന്നതിനുമുള്ള അപേക്ഷകളും ലഭിച്ചതിൽ 30 അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്.

(ബി) തീർപ്പാക്കാത്ത അപേക്ഷകൾ റവന്യൂ ഇൻസ്പെക്ടറുടെ കൈവശം ഒന്നുമില്ല.

(സി&ഡി) പ്രസ്തുത കാലയളവിൽ ഒരെണ്ണം ലഭിക്കുകയും ആയത് ഒക്കുപ്പൻസി ചെയ്ഞ്ച് ചെയ്യുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകിയിട്ടുമുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് ഒക്കുപ്പൻസി ചെയ്ഞ്ച് ചെയ്താൽ മാത്രമേ റസിഡൻഷ്യലിൽ നിന്ന് കൊമേഴ്സ് ആക്കി മാറ്റാൻ സാധിക്കുകയുള്ളൂ.

(ഇ) മുനിസിപ്പാലിറ്റി നിയമമനുസരിച്ച് റസിഡൻഷ്യൽ കെട്ടിടം കൊമേഴ്സ്യൽ ആയി മാറ്റുന്നതിന് കൊമേഴ്സ്യൽ രീതിയിലുള്ള പ്ലാൻ വരച്ച് അപേക്ഷ സമർപ്പിച്ച എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഒക്കുപ്പൻസി ലഭിക്കുന്ന മുറയ്ക്ക് കൊമേഴ്സ്യൽ റ്റി.സി. നൽകിവരുന്നു.

## മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വിപുലീകരിക്കുന്നതിന് നടപടി

109 (4773) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നിലവിലുള്ള മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ നിലവിലുള്ള മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

## കേരള ചിക്കൻ പദ്ധതി

110 (4774) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചിക്കൻ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) എത്ര കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിലാണ് ഇതിനായുള്ള ചിക്കൻ ഫാമുകൾ പ്രവർത്തിക്കുന്നത്;

(സി) സംസ്ഥാനത്തെ കോഴി കർഷകരെയും ഉപഭോക്താക്കളെയും അന്യ സംസ്ഥാന ലോബി ചൂഷണം ചെയ്യുന്നത് തടയുന്നതിന് ഈ പദ്ധതി സഹായകമാകുമെന്ന് വിലയിരുത്തുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിൽ കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചു. കമ്പനിയുടെ നേതൃത്വത്തിൽ വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി വെണ്ടർമാരെ തെരഞ്ഞെടുത്തു. ജർമ്മനി, ഹോളണ്ട്

തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്ന് അതിനൂതന മെഷിനറികൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ഐ.ഇ.സി.(ഇമ്പോർട്ട് എക്സ്പോർട്ട് കോഡ്) ലഭ്യമാക്കി. കമ്പനികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. പദ്ധതിക്ക് ആവശ്യമായിട്ടുള്ള ബ്രീഡർഫാം, അബറ്റോയർ, റൻഡറിങ് പ്ലാന്റ് തുടങ്ങിയവ ഉൾപ്പെടുന്ന റീജിയണൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ സ്ഥലം ഏറ്റെടുക്കുകയും പാലക്കാട്, കോഴിക്കോട് ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാന വ്യാപകമായി 549 കുടുംബശ്രീ ബ്രോയിലർ ഫാം യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്.

(സി) ഉണ്ട്. ബ്രോയിലർ കോഴിക്കുഞ്ഞുങ്ങൾ, തീറ്റ തുടങ്ങി ബ്രോയിലർ ഉല്പാദനത്തിന് ആവശ്യമായ മുഴുവൻ അസംസ്കൃത വസ്തുക്കളും സംസ്ഥാനത്തിനകത്ത് തന്നെ ഉല്പാദിപ്പിക്കുന്നതിനാൽ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാതെ ഉല്പാദനവും വിപണനവും നടത്തുന്നതിന് കുടുംബശ്രീ കേരള ചിക്കൻ പദ്ധതിക്ക് സാധിക്കും. മുഴുവൻ കർഷകരെയും ഉൾപ്പെടുത്തി പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചതിനാൽ ഓരോ ഘട്ടത്തിലെയും ലാഭം കർഷകർക്ക് തന്നെ ലഭ്യമാക്കാനും മറ്റ് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും സാധിക്കും. പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന വിധത്തിൽ വരുന്ന 5 വർഷം കൊണ്ട് ആകെ ആഭ്യന്തര വിപണിയുടെ 50% കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയിലൂടെ വിപണനം ചെയ്യാൻ തുടങ്ങുന്നതോടെ അന്യസംസ്ഥാന ലോബികളുടെ ചൂഷണത്തിൽനിന്നും കോഴി കർഷകരും ഉപഭോക്താക്കളും പൂർണ്ണമായും മുക്തമാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

**റീസർജൻസ് കേരള ലോൺ സ്കീം പദ്ധതി**

111 (4775) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ ഉപജീവനമാർഗ്ഗങ്ങളും വീട്ടുപകരണങ്ങളും നഷ്ടമായ കുടുംബങ്ങളെ സഹായിക്കുന്നതിനായി കുടുംബശ്രീ ആരംഭിച്ച റീസർജൻസ് കേരള ലോൺ സ്കീം പദ്ധതിയിലൂടെ നാളിതുവരെ എത്ര കോടി രൂപ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്നും എത്ര അയൽക്കൂട്ടങ്ങൾ വഴിയാണ് തുക വിതരണം ചെയ്തതെന്നും ഓരോ അയൽക്കൂട്ടത്തിനും ശരാശരി എത്ര തുക വീതമാണ് നൽകിയതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണോ കുടുംബശ്രീയ്ക്ക് പ്രസ്തുത വായ്പയുടെ പലിശ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രളയത്തിനുശേഷം രൂപീകരിച്ച അയൽക്കൂട്ടങ്ങൾക്കുകൂടി പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) റീസർജന്റ് കേരള ലോൺ സ്കീം വഴി നാളിതുവരെ 1395 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) റീസർജന്റ് കേരള ലോൺ സ്കീം വഴി 24753 അയൽക്കൂട്ടങ്ങളിലെ 1.66 ലക്ഷം അയൽക്കൂട്ടാംഗങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഓരോ അയൽക്കൂട്ടത്തിനും ശരാശരി 5.63 ലക്ഷം രൂപയും പ്രളയ ബാധിത അയൽക്കൂട്ടാംഗത്തിന് ശരാശരി 84162 രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

(സി) 36 മാസം മുതൽ 48 മാസം വരെ.

(ഡി) അതെ.

(ഇ) പ്രളയത്തിനുശേഷം ആരംഭിച്ചിട്ടുള്ള ഏകദേശം 3000 അയൽക്കൂട്ടങ്ങൾക്ക് (അതായത് സെപ്റ്റംബർ മുതൽ ഡിസംബർ 31-വരെ ആരംഭിച്ചിട്ടുള്ള പുതിയ അയൽക്കൂട്ടങ്ങൾക്ക്) വായ്പ ലഭ്യമാക്കി വരുന്നുണ്ട്. ഏകദേശം 33000 പുതിയ അയൽക്കൂട്ടാംഗങ്ങൾക്ക് റീസർജെന്റ് കേരള ലോൺ സ്കീം പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

## വിധവാ പെൻഷൻ, അവിവാഹിത പെൻഷൻ എന്നിവ ലഭിക്കുന്നതിന് ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം

112 (4776) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവാ പെൻഷനും അവിവാഹിത പെൻഷനും ലഭിക്കുന്നതിന് ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കാരണം; വിശദാംശം ലഭ്യമാക്കുമോ;

(ബി) പുനർ വിവാഹം ചെയ്തിട്ടില്ലെന്നും വിവാഹിതരല്ലെന്നും സാക്ഷ്യപ്പെടുത്തി സാക്ഷ്യപത്രം നൽകുന്നതിന് ഗസറ്റഡ് ഒഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ആവശ്യമായ അന്വേഷണം നടത്തിമാത്രം നൽകാൻ കഴിയുന്ന ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഔദ്യോഗികമായി അന്വേഷണ സ്വഭാവമില്ലാത്ത ജോലികൾ ചെയ്യുന്ന ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് പ്രയാസം നേരിടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് ഉദ്യോഗസ്ഥർക്ക് സമ്മർദ്ദം സൃഷ്ടിക്കുന്നുവെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പല ഗസറ്റഡ് ഓഫീസർമാരും ഇത്തരം സാക്ഷ്യപത്രം നൽകുന്നതിന് വിമുഖത കാണിക്കുന്നത് മൂലം പെൻഷൻ ഗുണഭോക്താക്കൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ നിലവിൽ പതിമൂന്ന് ലക്ഷത്തിലധികം പേർ വിധവാ പെൻഷൻ വാങ്ങിവരുന്നുണ്ട്. വിധവാ പെൻഷൻ/അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾ പുനർ വിവാഹം ചെയ്തശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിവരുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കഴിഞ്ഞ കാലങ്ങളിൽ വിധവാ/അവിവാഹിത പെൻഷൻ ഗുണഭോക്താക്കളിൽ ആകെ മൂവായിരത്തിലധികം പേർ മാത്രമാണ് പുനർ വിവാഹം ചെയ്തു എന്ന് കണ്ടെത്തിയതിനെ തുടർന്ന് നാളിതുവരെ സസ്പെന്റ് ചെയ്യപ്പെട്ടത്. വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ കാര്യത്തിൽ വ്യക്തമായ പരിശോധന നടക്കുന്നില്ല എന്നും സത്യസന്ധമായ സാക്ഷ്യപത്രം സമർപ്പിക്കുന്നില്ല എന്നുള്ളതിനാലും സമൂഹത്തിലെ താഴെത്തട്ടിൽ ജീവിക്കുന്നവരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി വാങ്ങുന്നതിന് തടയേണ്ടത് അത്യാവശ്യമാണ്. അതിനാൽ അവിവാഹിത/വിധവാ പെൻഷൻ വാങ്ങുന്നവർ ആയത് തുടർന്നും ലഭിക്കുന്നതിലേക്ക് അവർ വിവാഹിതരല്ല/പുനർ വിവാഹിതരല്ല എന്ന് ഒരു ഗസറ്റഡ് ഓഫീസർ നൽകിയ സാക്ഷ്യപത്രം എല്ലാ വർഷവും ഡിസംബർ മാസം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ ലഭ്യമാക്കണമെന്ന് 31-1-2019 ലെ സ.ഉ (എം.എസ്.) നമ്പർ 59/2019/ധന പ്രകാരം ഉത്തരവായത്. എന്നാൽ ഇത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഗസറ്റഡ് ഓഫീസറുടേയോ വില്ലേജ് ഓഫീസറുടെയോ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിലേക്ക് അനുമതി നൽകിക്കൊണ്ട് 15-2-2019-ലെ സ.ഉ.

(എം.എസ്.) നമ്പർ 88/2019/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പെൻഷൻ അനുവദിക്കുന്നതിലേക്ക് ഇത്തരത്തിലുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതില്ല.

(സി&ഡി) വിധവാ പെൻഷൻ/അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാകരുത് എന്ന നിഷ്കർഷയുടെ ഭാഗമായാണ് ഗസറ്റഡ് ഓഫീസർമാരേയും ഇത്തരത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിലേക്ക് ചുമതലപ്പെടുത്തി ഉത്തരവായത്. ഇത്തരത്തിൽ സർക്കാർ ധനം അനർഹർ കൈപ്പറ്റുന്നത് തടയാൻ പൊതുസേവകർ ബാധ്യസ്ഥരാണ്. പെൻഷൻ ഗുണഭോക്താവിന്റെ പ്രദേശത്ത് തന്നെയുള്ള ഗസറ്റഡ് ഓഫീസർക്ക് അപേക്ഷക വിവാഹം/പുനർവിവാഹം ചെയ്തിട്ടില്ല എന്ന വിവരം ലഭിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകാൻ ഇടയില്ല. വ്യക്തമായി അറിയാത്ത ഗുണഭോക്താക്കൾക്ക് ഗസറ്റഡ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകാൻ ബാധ്യസ്ഥനമല്ല. ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്ക് വില്ലേജ് ഓഫീസറെ സമീപിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ്.

## സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം

113 (4777) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017, 2018-2019 വർഷങ്ങളിൽ വിധവാ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി സമർപ്പിച്ച അപേക്ഷകൾ അനുവദിച്ച് കിട്ടുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഈ കാലഘട്ടത്തിൽ കൊച്ചിൻ കോർപ്പറേഷൻ മുൻപാകെ എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് പെൻഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ഇനിയും അനുവദിക്കേണ്ടതായിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ഡി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ പരിശോധനയും പെൻഷൻ മാനദണ്ഡങ്ങളുടെ പരിശോധനയും പെൻഷൻ മാനദണ്ഡങ്ങളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതിയ അപേക്ഷകരുടെ ഡാറ്റാ എൻട്രി താല്ക്കാലികമായി നിർത്തിവച്ചത് മൂലം പ്രസ്തുത അപേക്ഷകർക്ക് വിധവാ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ മുൻകാല പ്രാബല്യത്തോടെ ലഭ്യമായിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിന് കാരണമെന്താണെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വിശദമാക്കാമോ;

(എഫ്) ഇടക്കൊച്ചി ചക്കനാട് പടിക്കൽ വീട്ടിൽ പരേതനായ സുധീഷിന്റെ ഭാര്യ സുനിത 15-12-2016-ന് കൊച്ചി കോർപ്പറേഷൻ മുൻപാകെ വിധവാ പെൻഷനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ (റഫറൻസ് നമ്പർ 7621/16) എന്നാണ് തുക അനുവദിച്ചത്;

(ജി) അനുവദിച്ച തുക എത്രയാണ്; എന്നു മുതൽക്കുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത്; അനുവദിച്ച തുകയ്ക്ക് മുൻകാല പ്രാബല്യം ഉണ്ടോ; ഇല്ലെങ്കിൽ ടിയാൾക്ക് മുൻകാല പ്രാബല്യത്തോടെ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം നിയമാനുസൃതം പെൻഷൻ അനുവദിക്കാവുന്നതാണോ എന്ന് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച ശേഷമാണ് ഡാറ്റാ എൻട്രി നടത്തുന്നത്. സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയുള്ളവരുടെ പട്ടികയിൽ കടന്നുകൂടിയ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 25-5-2017-ലെ 46057/ധന. നമ്പർ സർക്കുലർ പ്രകാരം ഡാറ്റാ എൻട്രി നടത്തുന്ന പ്രവർത്തി താത്കാലികമായി നിർത്തിവച്ചിരുന്നു. എന്നാൽ 6-7-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 241/2018/ധന. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ പരിശോധനയും പെൻഷൻ മാനദണ്ഡങ്ങളുടെ പരിഷ്കരണവും പുതിയ അപേക്ഷകർക്ക് ഡാറ്റാ എൻട്രി അനുവദിച്ചുകൊണ്ടും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പുതിയ അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്ത് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകളുടെ ബാഹുല്യം കൊണ്ടും മേൽപ്പറയും പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും വേണ്ടിവരുന്ന സ്വാഭാവികമായ കാലതാമസം മാത്രമാണ് നേരിട്ടുള്ളത്.

(ബി) 23056 അപേക്ഷകൾ

(സി) 13507 അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചു. 8499 അപേക്ഷകർക്ക് പെൻഷൻ അനുവദിക്കേണ്ടതായിട്ടുണ്ട്. 1500 അപേക്ഷകൾ നിരസിച്ചു.

(ഡി) ഉണ്ട്.

(ഇ) പുതിയ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ രേഖപ്പെടുത്തി സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത് അംഗീകരിക്കുന്ന തീയതി മുതൽക്കാണ് ഒരു ഗുണഭോക്താവിന് പെൻഷൻ തുക ലഭിക്കാൻ അർഹതയുള്ളത്.

(എഫ്) 2019 ഏപ്രിൽ.

(ജി) 2019 മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ 2300 രൂപയാണ് അനുവദിച്ചിട്ടുള്ളത്. മുൻകാല പ്രാബല്യം ഇല്ല. പുതിയ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ രേഖപ്പെടുത്തി സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത് അംഗീകരിക്കുന്ന തീയതി മുതൽക്കാണ് ഒരു ഗുണഭോക്താവിന് പെൻഷന് തുക ലഭിക്കാൻ അർഹതയുള്ളത്.

## ശുചിത്വ മാലിന്യ സംസ്കരണത്തിനായി കൂടുതൽ പദ്ധതി വിഹിതം

114 (4778) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണത്തിനായി കൂടുതൽ പദ്ധതി വിഹിതം വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്ലാസ്റ്റിക് അടക്കമുള്ള പാഴ്വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും പുന:ചംക്രമണത്തിനും റോഡ് ടാറിംഗിനുമായി ഉപയോഗപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്ലാസ്റ്റിക് അടക്കമുള്ള പാഴ്വസ്തുക്കളുടെ സംഭരണത്തിന് സംവിധാനമൊരുക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ പൊതു വിഹിതം 10%വും നഗരസഭകളുടെ പ്ലാൻ ഫണ്ടിൽ പൊതുവിഹിതം 15%വും വകയിരുത്തുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ശുചിത്വ മിഷൻ പ്ലാൻ ഫണ്ടിൽ 2018-19 സാമ്പത്തിക വർഷം 5200 ലക്ഷം രൂപ വകയിരുത്തിയ സ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ (2019-20) 7500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രൂപീകരിക്കുന്ന ഹരിതകർമ്മസേന എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും നിശ്ചിത ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സ്ഥാപിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (എം.സി.എഫ്.) അത് തത്കാലം സംഭരിക്കുന്നതിനും അവിടെ നിന്ന് നഗരസഭാ-ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന റിസോഴ്സസ് റിക്കവറി ഫെസിലിറ്റിയിൽ (ആർ.ആർ.എഫ്.) എത്തിച്ച് പുനരുപയോഗത്തിനും പുനഃചംക്രമണത്തിനും വിധേയമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിവരുന്നു. 603 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 505 എം.സി.എഫുകൾ പ്രവർത്തനം ആരംഭിക്കുകയും 174 എണ്ണം നിർമ്മാണ ഘട്ടത്തിലുമാണ്. ആകെ 263 ആർ.ആർ.എഫുകളാണ് സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ആവശ്യമുള്ളത്. നാളിതുവരെ 107 എണ്ണം പ്രവർത്തനം ആരംഭിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകളിൽ ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് തദ്ദേശസ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും നിലവിൽ റോഡുപണികൾ ചെയ്യുന്നുണ്ട്.

**റോഡുകളിൽ ചത്തുകിടക്കുന്ന ജീവികളെ മറവുചെയ്യാൻ നടപടി**

115 (4779) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ/സംസ്ഥാന പാതകളിലും മറ്റ് റോഡുകളിലും വാഹനങ്ങൾ തട്ടിയും അല്ലാതെയും നിരവധി നായ്ക്കളും മറ്റ് ജീവികളും ചത്ത് കിടക്കുന്നതിന്റെ പുറത്ത് വാഹനങ്ങൾ കയറിയിറങ്ങി കിടക്കുന്നത് മാറ്റുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത് പരിസരവാസികൾക്ക് മാരകമായ രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുമെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ചത്ത് കിടക്കുന്ന നായ്ക്കളെയും മറ്റ് ജീവികളെയും ഉടനടി മാറ്റുവാനും മറവ് ചെയ്യുവാനും ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വാഹനങ്ങൾ കയറിയും അല്ലാതെയും റോഡരികിൽ ചത്ത് കിടക്കുന്ന ജീവികളെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നതിനെ തുടർന്ന് അവ മാറ്റുകയും മറവുചെയ്യുകയും ചെയ്യാറുണ്ട്.

(സി) കേരള മുനിസിപ്പാലിറ്റി ആക്ടിലും കേരള പഞ്ചായത്തീരാജ് ആക്ടിലും മൃഗശവങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങളെ നീക്കംചെയ്യേണ്ടത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ

116 (4780) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കുക; മാലിന്യത്തിൽനിന്ന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ഈ പ്ലാന്റുകൾ ഉപകരിക്കുമോ;

(സി) പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ നിയമിച്ചിട്ടുണ്ട്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ സമർപ്പിക്കേണ്ടത്.

പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്ക് വേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തുകയും ആയതിന് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സോണ്ടാ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിലേയ്ക്കായുള്ള ടെണ്ടർ 2019 ജനുവരി മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ ബിഡ്ഡുകൾ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ടെണ്ടർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

വിദേശരാജ്യങ്ങളിൽ വിജയകരമായി പ്രവർത്തിക്കുന്ന മാതൃകയിലുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള പ്ലാന്റുകളാണ് സ്ഥാപിക്കുന്നത്.

(സി) ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ട്. 31-5-2019 വരെ 571.19 മെട്രിക് ടൺ ഷ്രെഡഡ് പ്ലാസ്റ്റിക് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിച്ചിട്ടുണ്ട്. ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉത്പാദനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഷ്രെഡിംഗ് യൂണിറ്റുകളിൽ നടക്കുന്നുണ്ട്. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 748 കിലോമീറ്റർ റോഡുകളും പൊതുമരാമത്ത് വകുപ്പ് മുഖേന 272 കിലോമീറ്റർ റോഡുകളും നിർമ്മിച്ചിട്ടുണ്ട്.

## കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം

117 (4781) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച എത്ര മാലിന്യ പ്ലാന്റുകളുടെ പ്രവർത്തനം നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇനി ഏതെങ്കിലും സ്ഥലത്ത് പദ്ധതി നടപ്പിലാക്കാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്ക് വേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തുകയും ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്ലാന്റ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റുകൾ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ സ്ഥലങ്ങൾ കൂടാതെ മൂന്നാറിൽ ഒരു കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**മാലിന്യ ശേഖരണ സംസ്കരണ ഏജൻസികൾ**

118 (4782) <u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ഡോ. എം. കെ. മുനീർ:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വൻതോതിലുള്ള മാലിന്യശേഖരണവും അവയുടെ സംസ്കരണവും സ്വകാര്യ ഏജൻസികളെ ഏല്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി സ്വകാര്യ ഏജൻസികളെ തെരഞ്ഞെടുക്കുന്ന വിധവും ഈടാക്കുന്ന യൂസർ ഫീസിന്റെ വിവരങ്ങളും വിശദമാക്കുമോ;

(സി) ഇപ്രകാരമുള്ള ഏജൻസികളുടെ പ്രവൃത്തിപരിചയം കണക്കിലെടുത്ത് യോഗ്യമായവർക്ക് മാത്രം കരാർ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ

തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ നിയമിച്ചിട്ടുണ്ട്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ സമർപ്പിക്കേണ്ടത്. ആഗോള ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസികളുടെ പ്രവർത്തി പരിചയവും സാങ്കേതിക മികവും ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയ ശേഷം യോഗ്യരായവർക്ക് മാത്രമാണ് വർക്ക് അവാർഡ് ചെയ്യുന്നത്.

## ജൈവമാലിന്യങ്ങളിൽ നിന്ന് വളം നിർമ്മാണം

119 (4783) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിന് പഞ്ചായത്തുകളെ സഹകരിപ്പിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജൈവമാലിന്യങ്ങൾ സംസ്കരിച്ച് വളം നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികൾ പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

### <u>ഉത്തരം</u>

(എ) ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാമങ്ങളിൽ ഉണ്ടാകുന്ന മാലിന്യം പരമാവധി ഗാർഹിക തലത്തിലും കമ്മ്യൂണിറ്റിതലത്തിലും സംസ്കരിക്കപ്പെടുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ പറയുന്നു:

1. വീടുകളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതികൾ (കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ രീതിയിൽ)
2. കച്ചവട സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതി.

3. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിത കർമ്മ സേനയുടെ ഉത്തരവാദിത്വത്തിൽ അജൈവ മാലിന്യ ശേഖരണം.

4. അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സജ്ജീകരിക്കൽ.

5. അജൈവ മാലിന്യ പരിപാലനത്തിനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, റോഡ് നിർമ്മാണത്തിന് ഷ്രെഡഡ് പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനി വഴി പി.ഡബ്ല്യൂ.ഡി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുക.

6. ദ്രവ മാലിന്യ പരിപാലനത്തിനനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ പ്രാവർത്തികമാക്കൽ.

7. ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ക്ലസ്റ്ററുകളായി തിരിച്ച് കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ.

ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിന്റെ പൊതുവിഹിതത്തിന്റെ 10% മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി നീക്കിവയ്ക്കുന്നതിന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതികൾ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിലേക്കായി വികസനഫണ്ട്, തനത് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് എന്നിവ വകയിരുത്തി തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾക്ക് ശുചിത്വ മിഷനിൽനിന്നും സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും അനുവദിച്ചുവരുന്നു.

(ബി) അജൈവ മാലിന്യ സംസ്കരണത്തിന്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേന വഴി ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ സംഭരിച്ച്, തരംതിരിച്ച് റീ സൈക്ലിംഗിനായി കൈമാറുന്നതിനും പുനഃചംക്രമണ സാധ്യത ഇല്ലാത്തവ ഷ്രെഡ്ഡ് ചെയ്ത് പി.ഡബ്ല്യൂ.ഡി./തദ്ദേശസ്വയംഭരണങ്ങൾക്ക് റോഡ് ടാറിംഗിനായി ഷ്രഡ് ചെയ്ത് കൈമാറുന്നതിനുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നു. റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ബെയിലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവ മാലിന്യ പരിപാലനത്തിനായി 505 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 107 റിസോഴ്സ്

റിക്കവറി ഫെസിലിറ്റികളും തദ്ദേശ സ്ഥാപനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവ മുഖേന സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ തരംതിരിച്ച അജൈവമാലിന്യങ്ങൾ സുരക്ഷിത പുനഃചംക്രമണം ഉറപ്പാക്കുന്നതിലേക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവ വസ്തുക്കളുടെ ശേഖരണം, പുനഃചംക്രമണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിന് പാഴ്‌വസ്തു വ്യാപാരികളുടെ സംഘടനയുമായും പ്ലാസ്റ്റിക് റീസൈക്ലിംഗ് മേഖലയിലെ സംഘടനകളുമായും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനം നടന്നുവരുന്നു.

(സി) ഗ്രാമപഞ്ചായത്തുകളിൽ ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള കിച്ചൻ ബിൻ, പോർട്ടബിൾ ബയോ ബിൻ, ബയോഡൈജസ്റ്റർ പോട്ട്, ബയോ കമ്പോസ്റ്റർ, റിംഗ് കമ്പോസ്റ്റ് തുടങ്ങിയ ഉപാധികൾ വഴി സംസ്കരിക്കുന്ന ജൈവ മാലിന്യം ജൈവ കൃഷിക്കോ പൂന്തോട്ടങ്ങളുടെ പരിപാലനത്തിനോ ഉപയോഗിച്ചുവരുന്നു. കൂടാതെ പ്രതിദിനം 50-75 കിലോവരെ ജൈവ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ (തുമ്പൂർമൂഴി മാതൃക) വഴി സംസ്കരിക്കുന്ന സംവിധാനങ്ങൾ സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങൾ വഴി സ്ഥാപിച്ചുവരുന്നുണ്ട്. കൂടാതെ കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ (വെർമി വിൻഡ്രോ) ചില തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ സ്ഥാപിച്ച് ജൈവവളം ഉത്പാദിപ്പിച്ചുവരുന്നു.

## പച്ചത്തുരുത്ത് പദ്ധതി

120 (4784) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുഭൂമിയെ സ്വാഭാവിക ജൈവവൈവിധ്യമുള്ളതാക്കി മാറ്റുന്നതിനായി തദ്ദേശസ്വയംഭര സ്ഥാപനങ്ങൾ മുഖേന പച്ചത്തുരുത്ത് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പദ്ധതിലക്ഷ്യം വ്യക്തമാക്കുമോ; ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഹരിത കേരള മിഷന്റെ കീഴിൽ 5-6-19 മുതൽ പച്ചത്തുരുത്ത് പദ്ധതി ആരംഭിച്ചിട്ടുള്ളതാണ്.

(ബി) പൊതുസ്ഥലങ്ങളിലുൾപ്പെടെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക ജൈവവൈവിധ്യ തുരുത്തുകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കാനാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഇതിനായി സ്ഥലങ്ങൾ കണ്ടെത്തുന്നത്. ജൈവ വൈവിധ്യ ബോർഡ്, കൃഷി വകുപ്പ്, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, വനം വകുപ്പിന്റെ സാമൂഹ്യ വനവത്കരണ വിഭാഗം, പരിസ്ഥിതി സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പച്ചത്തുരുത്ത് സൃഷ്ടിക്കുന്നത്.

## മാലിന്യമുക്ത കേരളം സൃഷ്ടിക്കുന്നതിന് നടപടി

121 (4785) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ മുക്ത കേരളം സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പൊതുജനങ്ങൾ ഏറ്റവും കൂടുതൽ എത്തിച്ചേരുന്ന ബസ് സ്റ്റേഷനുകളുടെയും റെയിൽവേ സ്റ്റേഷനുകൾക്ക് പുറത്തുള്ളതുമായ പരിസരങ്ങൾ ദിനംപ്രതി ശുചീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് തരംതിരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും അതിനൊക്കെ സഹായകരമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം വഴി മാലിന്യ മുക്ത കേരളം സൃഷ്ടിക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ അത്യാധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ.
2. വീടുകളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതികൾ (കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ രീതിയിൽ).
3. കച്ചവട സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതി.

4. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേനയുടെ ഉത്തരവാദിത്വത്തിൽ അജൈവ മാലിന്യ ശേഖരണം.
5. അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സജ്ജീകരിക്കൽ
6. അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, റോഡ് നിർമ്മാണത്തിന് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കൽ.
7. നഗരമേഖലയിൽ പൊതുയിടങ്ങളും റോഡുകളും യന്ത്രസഹായത്തോടെ സ്വീപ്പിംഗ് നടത്തി വൃത്തിയാക്കൽ.
8. കൺസ്ട്രക്ഷനും ഡിമോളിഷനുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
9. സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് വേണ്ട നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യാനുസരണം പുറപ്പെടുവിച്ചുവരുന്നു. നിയമലംഘനം നടത്തുന്നവർക്കെതിരെ ചുമത്തേണ്ട ശിക്ഷാനടപടികളും വ്യക്തമാക്കിയിട്ടുണ്ട്.
10. പൊതുജനങ്ങളിൽ സുരക്ഷിത മാലിന്യ സംസ്കരണത്തിന് അനുകൂലമായ മനോഭാവം രൂപീകരിക്കുന്നതിനാവശ്യമായ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.
11. Reduce, Reuse എന്ന തത്വത്തെ അടിസ്ഥാനമാക്കി ഗ്രീൻ പ്രോട്ടോക്കോൾ, സ്വാപ്പ് ഷോപ്പ് മേളകളും വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
12. കോളനികൾ, അറവുശാലകൾ, ആശുപത്രികൾ, ലബോറട്ടറികൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മലിനജലം ശുദ്ധീകരിക്കുന്നതിനായി സ്വീവേജ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ.
13. കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ ആധുനിക ഗ്യാസ് ക്രിമറ്റോറിയവും അറവുശാലകൾ, മാർക്കറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ.
14. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം

15. പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ പൊതുവിഹിതം 10%-ഉം നഗരസഭകളുടെ പ്ലാൻ ഫണ്ടിൽ പൊതുവിഹിതം 15%-ഉം മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക.

16. കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ചുകൊണ്ട് മാലിന്യ സംസ്കരണ മേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുക്കുക.

(ബി) ബസ് സ്റ്റേഷനുകളുടെയും റെയിൽവേ സ്റ്റേഷനുകൾക്ക് പുറത്തുള്ളതുമായ പരിസരങ്ങൾ ശുചീകരിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്.

**തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പദ്ധതികൾ**

122 (4786) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മാലിന്യത്തിന്റെ അളവ് കൂടിവരുന്നതിനാൽ തദ്ദേശസ്ഥാപനങ്ങളിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഹരിതകേരളം എന്ന ലക്ഷ്യം നേടുന്നതിനായി സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനും ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുമായി ഉറവിട മാലിന്യ സംസ്കരണത്തിന് കൂടുതൽ ഊന്നൽ നൽകിവരുന്നു. ഇതിനനുസൃതമായി സംസ്ഥാനത്ത് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ നടപ്പിലാക്കിവരുന്നു. ഗാർഹിക സ്ഥാപന തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനമൊരുക്കാൻ കഴിയാത്തവർക്കായി കമ്മ്യൂണിറ്റി തലങ്ങളിൽ തുമ്പൂർമൂഴി മാതൃകയിൽ എയ്റോബിക് കമ്പോസ്റ്റിംഗ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടപ്പിലാക്കിവരുന്നുണ്ട്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത കർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത കേരളം മിഷന്റെ മേൽനോട്ടത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ കണ്ടെത്തി അവയ്ക്കുള്ള കൺസൾട്ടൻസി ഫീസ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിന്

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും രണ്ടാം ഘട്ട തരംതിരിവിനും പുനഃചംക്രമണ സാധ്യത ഉള്ളവ പുനഃചംക്രമണം നടത്തുന്നതിലേയ്ക്ക് കൈമാറുന്നതിനും പുനഃചംക്രമണ സാധ്യത കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിലേക്കും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ചുവരുന്നു.

സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകൾ DBFOT (Design, Build, Finance, Operate, Transfer) വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്കുവേണ്ടിയുള്ള ടെൻഡർ പ്രസിദ്ധപ്പെടുത്തുകയും ആയതിന് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കണ്ണൂർ കൊല്ലം, പാലക്കാട് എന്നീ ജില്ലകളിലേയ്ക്കായുള്ള ടെൻഡർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ടെൻഡർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇതുകൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്തും ഇടുക്കി ജില്ലയിലെ മൂന്നാറിലും മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊച്ചിയിലെ ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനായി എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെ മറ്റെല്ലാ അനുമതികളും ലഭ്യമായിട്ടുള്ളതാണ്. മൂന്നാറിൽ AG Dauters Waste Processing Pvt Ltd-ന്റെ മേൽനോട്ടത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ വയനാട്, സുൽത്താൻ ബത്തേരിയിൽ നിർമ്മാണം നടന്നുവരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് കമ്മീഷൻ ചെയ്യാൻ കഴിയുന്ന ഘട്ടത്തിൽ എത്തിയിട്ടുണ്ട്.

## അനധികൃത ഫ്ലക്സ് ബോർഡുകൾ നീക്കുവാൻ നടപടി

123 (4787) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ഫ്ളക്സ് ബോർഡുകൾ നീക്കുവാൻ നടപടി സ്വീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരോട് കേരള ഹൈക്കോടതി കോടതി അലക്ഷ്യ നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം കാണിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി ഉണ്ടായിട്ടുള്ളത്;

(സി) ഹൈക്കോടതിയുടെ കർശന നിർദ്ദേശമുണ്ടായിട്ടും സംസ്ഥാനത്ത് പല ഭാഗത്തും ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് തുടരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനധികൃത ഫ്ലക്സ് ബോർഡുകൾ നീക്കുവാൻ നടപടി സ്വീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്.

(ബി) ഇതുവരെയും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഉദ്യോഗസ്ഥർക്കെതിരെയും നടപടി ഉണ്ടായിട്ടില്ല.

(സി) WP(C) 22750, 25784 & 42574/2018-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അനധികൃതവും അപകടകരവും ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ /ഹോർഡിങ്ങുകൾ/ ബാനറുകൾ തുടങ്ങിയവ അടിയന്തരമായി നീക്കംചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലറുകൾ സർക്കാർ തലത്തിലും വകുപ്പുതലത്തിലും പുറപ്പെടുവിക്കുകയും ആയത് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും ഏകോപിപ്പിക്കാനും സംസ്ഥാന ജില്ലാതലങ്ങളിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി പരസ്യ ബോർഡുകൾ/ഹോർഡിങ്ങുകൾ/ ബാനറുകൾ സ്ഥാപിക്കുന്നവരിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കിവരുന്നു. അനധികൃത പരസ്യ ബോർഡുകൾ/ഹോർഡിങ്ങുകൾ/ബാനറുകൾ അടിയന്തര പ്രാധാന്യത്തോടെ നീക്കം ചെയ്തുവരുന്നു.

## പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ നിരോധനം

124 (4788) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് ഉപയോഗം വർദ്ധിക്കുന്നതും ആയത് പ്രകൃതിക്ക് ദോഷകരമായി ഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഫ്ലക്സ് ഉപയോഗം കുറയ്ക്കുന്നതിനും അതുമൂലം പ്രകൃതിക്കുണ്ടാകുന്ന മലിനീകരണം തടയുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര മൈക്രോണിൽ താഴെ വരെയുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങളാണ് നിരോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എങ്കിൽ നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിറ്റതിന്റെ പേരിൽ സംസ്ഥാനത്തെ എത്ര സ്ഥാപനങ്ങൾ/വ്യക്തികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്നവ ഉൾപ്പെടെ പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് സംസ്ഥാനത്ത് പൂർണ്ണമായും നിരോധിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക്കുകളുടെ ഉപയോഗംമൂലം പ്രകൃതിക്ക് സ്വാഭാവികമായുണ്ടാകുന്ന ദോഷങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിവിന് ശേഷം നഗരസഭ/ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ (ആർ.ആർ.എഫ്.) എത്തിച്ച് ഷ്രെഡ് ചെയ്ത് പുനഃചംക്രമണത്തിനു വിധേയമാക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) 6-11-2014-ലെ സ.ഉ.(കൈ) നമ്പർ 195/2014/ത.സ്വ.ഭ.വ. നമ്പർ പ്രകാരം പുനരുപയോഗിക്കുവാൻ സാധിക്കാത്തതും ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമായ പി.വി.സി. നിർമ്മിത ഫ്ലക്സുകളുടെ ഉപയോഗത്തിന് സംസ്ഥാനത്ത് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഫ്ലക്സ് ബോർഡുകൾക്കും ബാനറുകൾക്കും പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. രഹിതവുമായ പോളി എത്തിലിൻ നിർമ്മിത വസ്തുക്കളോ അതുപോലെയുള്ള മറ്റു വസ്തുക്കളോ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകി ചീഫ് സെക്രട്ടറി 14-2-2018 തീയതിയിൽ സി.2/274/2017/ഐ & പി.ആർ.ഡി. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിൽക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. സംസ്ഥാനത്ത് നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ വിറ്റതിന്റെ പേരിൽ സ്ഥാപനങ്ങൾ/വ്യക്തികൾക്കെതിരെ നടപടി സ്വീകരിച്ചത് സംബന്ധിച്ച വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) 12-12-2008 ലെ G.O. (Rt) No. 134/2018/Envt. നമ്പർ ഉത്തരവ് പ്രകാരം പരിസ്ഥിതി വകുപ്പ് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. Single use plastics നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്മിറ്റി പരിസ്ഥിതി വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

## മരാധിഷ്ഠിത വ്യവസായങ്ങൾക്ക് വനം വകുപ്പിന്റെ ലൈസൻസ്

125 (4789) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരാധിഷ്ഠിത വ്യവസായങ്ങൾക്ക് വനംവകുപ്പിന്റെ ലൈസൻസ് വേണമെന്ന നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ വ്യവസ്ഥ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. THE KERALA FOREST (Regulation of Sawmills and other wood based Industrial Units) RULES 2012 പ്രകാരം മരാധിഷ്ഠിത വ്യവസായങ്ങൾക്ക് വനം വകുപ്പിന്റെ ലൈസൻസ് നിർബന്ധമാക്കികൊണ്ട് 19-4-2012-ലെ സ.ഉ.(പി)51/12/വനം-വന്യജീവി നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ബി) ഉണ്ട്. ഇത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## കരിയില കമ്പോസ്റ്റാക്കി മാറ്റാൻ നടപടി

126 (4790) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിലും ജനവാസ കേന്ദ്രങ്ങളിലും പ്ലാസ്റ്റിക്കും കരിയിലയും ഉൾപ്പെടെയുള്ളവ കൂട്ടിയിട്ട് കത്തിക്കുന്നതുമൂലം ജനങ്ങൾക്കും/പരിസ്ഥിതിക്കും ഉണ്ടാകുന്ന ദോഷം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് തിരുവനന്തപുരം നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) കരിയില പ്രത്യേകമായി ശേഖരിച്ച് കമ്പോസ്റ്റാക്കി മാറ്റുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം നഗരപരിധിയിൽ ഒരു തരത്തിലുള്ള മാലിന്യവും കത്തിക്കാതിരിക്കാനുള്ള No burn campaign -ന് നഗരസഭ തുടക്കം കുറിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2019 ജൂൺ 5 പരിസ്ഥിതി ദിനം മുതൽ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന പരിസ്ഥിതി വാരാഘോഷം തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ശുചീകരണ തൊഴിലാളികൾക്ക് കരിയില ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെയുള്ള ബോധവത്കരണ ക്യാമ്പ് 2019 ജൂൺ 10 ന് നഗരസഭ സംഘടിപ്പിച്ചു. തുടർന്ന് ബോധവത്കരണ പരിപാടികൾ നടന്നുവരുന്നു. തിരുവനന്തപുരം നഗരത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 46 കേന്ദ്രങ്ങളിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ സജ്ജമാക്കിയിട്ടുണ്ട്. നഗരവാസികൾക്ക് രാവിലെ 5 മണി മുതൽ രാത്രി 9 മണി വരെയുള്ള സമയങ്ങളിൽ ഈ സ്ഥലത്ത് പ്ലാസ്റ്റിക് മാലിന്യം യാതൊരു ഫീസും നൽകാതെ കൈയൊഴിയാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭ നഗരത്തിലെ വിവിധ കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ശേഖരണത്തിനായി Special Collection Drive വും സംഘടിപ്പിക്കുന്നു.

(സി) നഗരപ്രദേശത്ത് വരുന്ന കരിയില മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി തിരുവനന്തപുരം നഗരസഭ പാളയം, ചാക്ക, കവടിയാർ എന്നീ സ്ഥലങ്ങളിൽ കരിയില പെട്ടികൾ സ്ഥാപിച്ച് കരിയിലകൾ കമ്പോസ്റ്റാക്കുന്നതിനായി ശേഖരിച്ചുവരുന്നു. കൂടുതൽ സ്ഥലങ്ങളിൽ കരിയിലപെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കുന്നുണ്ട്.

## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

127 (T*4791) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

* T- മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) തകർന്നു കിടക്കുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത തുക എങ്ങനെ സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം മുഴുവൻ പ്രവർത്തികളും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ വകയിരുത്തിയ തുക ജില്ലാ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് തകർന്നുകിടക്കുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഗ്രാമപഞ്ചായത്തുകൾ 1316 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 576 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വാർഷിക പദ്ധതിയിലുൾപ്പെടുത്തി പദ്ധതി വിഹിതം തനത് ഫണ്ട്, ദുരന്ത നിവാരണ വകുപ്പിൽ നിന്നുള്ള ധനസഹായം, പ്രളയബാധിത പഞ്ചായത്തുകൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക ധനസഹായം എന്നിവയിലൂടെ തുക സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം നിലവിൽ പുരോഗതിയിലുള്ള റോഡുകൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിന് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പൂർത്തീകരിച്ച് റോഡുകളിൽ ബാക്കിയുണ്ടാകുന്ന തുക ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഇപ്രകാരം പ്രവൃത്തി പൂർത്തീകരിച്ച റോഡുകളിൽ നിന്നും 14 കോടി രൂപ ബാക്കിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ തുക പ്രവർത്തി പുരോഗമിക്കുന്ന മുഴുവൻ റോഡുകളുടെയും കേടുപാടുകൾ പരിഹരിക്കുന്നതിന് അപര്യാപ്തമായതിനാൽ മുൻഗണന അനുസരിച്ച് ലഭ്യമായ 14 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതിക്കും ബാക്കിയുടെ 14.42 കോടി രൂപ അനുവദിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി 1596.75 ലക്ഷം രൂപ അവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് 40 ലക്ഷം രൂപയും മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ 41.3 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ്

128 (4792) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വീതി കൂട്ടുന്നതിനുവേണ്ടി സൗജന്യമായി സ്ഥലം വിട്ടുനൽകുന്നവർക്ക് പിന്നീട് റോഡരികിൽ കെട്ടിടം, കടകൾ എന്നിവ നിർമ്മിക്കുമ്പോൾ കെട്ടിട നിർമ്മാണചട്ടത്തിൽ എന്തെങ്കിലും ഇളവ് നൽകുന്ന ഉത്തരവ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ എന്തൊക്കെ ഇളവുകളാണ് നൽകുന്നതെന്നും ഇതിനുള്ള നടപടികൾ എപ്രകാരമാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, അദ്ധ്യായം XI, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, അദ്ധ്യായം XI എന്നിവയിൽ റോഡ് വികസനത്തിന് ഭൂമിയുടെ ഭാഗം സൗജന്യമായി വിട്ടുകൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണത്തിന് നൽകുന്ന ഇളവുകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. *

(ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ അദ്ധ്യായം XI-ൽ അനുവദനീയമായ ഇളവുകൾ, നടപടിക്രമങ്ങൾ എന്നിവ പ്രതിപാദിക്കുന്നുണ്ട്. *

(സി) ബന്ധപ്പെട്ട ചട്ടങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അങ്കമാലിയിൽ തകർന്ന ഗ്രാമീണ റോഡുകൾ

129 (4793) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) പ്രളയം രൂക്ഷമായി ബാധിച്ച അങ്കമാലിയിലെ തകർന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രളയാനന്തരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി മണ്ഡലത്തിൽ ഭരണാനുമതി നല്കിയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) അങ്കമാലി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. *

(സി) 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കമാലിയിലെ പ്രളയത്തിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രളയാനന്തരം ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണത്തിനായി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവർത്തികളുടെ അനുബന്ധം ആയി ചേർക്കുന്നു.*

## പ്രധാനമന്ത്രി ഗ്രാമസഡക് യോജന

130 (4794) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമസഡക് യോജന അനുസരിച്ച് 2016-17, 2017-18, 2018-19 വർഷത്തിൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച റോഡുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ എത്ര കിലോമീറ്റർ റോഡ് അനുവദിച്ചുവെന്നും എത്ര തുക ലഭിയ്ക്കുകയും ചെലവഴിക്കുകയും ചെയ്തുവെന്നും അറിയിക്കുമോ;

(സി) ഇതിൽ എത്ര കിലോമീറ്റർ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ഡി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ എത്ര റോഡുകളുടെ പ്രൊപ്പോസലുകൾ ഗ്രാമവികസന വകുപ്പ് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചുവെന്നും എത്ര റോഡുകൾക്ക് അനുമതി ലഭിച്ചുവെന്നും അറിയിക്കുമോ;

(ഇ) റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി അയച്ചതിൽ നിന്നും പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചതും അനുവദിച്ചതുമായ റോഡുകളുടെ വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു. *

(ബി) വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

| വർഷം | അനുവദിച്ച തുക | അനുവദിച്ച തുക | | ചെലവഴിച്ച തുക (in crore) |
|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | |
| 2016-17 | 319.948 | 175.95 | 129.72 | 250.84 |
| 2017-18 | 263.365 | 150.00 | 100.00 | 205.02 |
| 2018-19 | 124.036 | 50.00 | 0 | 222.85 (150.17 കോടി രൂപ മുൻനീക്കിയിരിപ്പ് അടക്കം) |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | അനുവദിച്ച തുക |
|---|---|
| 2016-17 | 322.417 |
| 2017-18 | 373.641 |
| 2018-19 | 309.489 |

(ഡി&ഇ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ റോഡുകൾ ഒന്നും നിലവിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല.

**തൊഴിലുറപ്പ് പദ്ധതിയിലെ വയോധികർ**

131 (4795) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന വയോധികരുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറുപത്തൊന്നിനും എൺപതിനുമിടയിൽ പ്രായമുള്ള എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇത് സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ എത്ര ശതമാനം വരുമെന്നും അറിയിക്കുമോ;

(സി) വയോധികർ കൂടുതലായി ജോലിക്ക് എത്തുന്നത് അവർ നേരിടുന്ന കടുത്ത സാമ്പത്തിക പരാധീനതയെ സൂചിപ്പിക്കുന്നതല്ലേയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടക്കം മുതൽ നാളിതുവരെ 61-നും 80-നും ഇടയ്ക്ക് പ്രായമുള്ള 1390275 വ്യക്തികൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ 23.74 ശതമാനം വരും.

(സി) അതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

132 (4796) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളിൽ പുതിയതായി ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയതെന്ന് വിശദമാക്കാമോ;

(ബി) ഈ മാറ്റങ്ങൾ കൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടാകുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളിൽ പുതിയതായി പദ്ധതികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

## മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം

133 (4797) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. ദാസൻ:
ശ്രീ. ബി. സത്യൻ:
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ പ്രവർത്തന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സമഗ്രവികസനം മുന്നിൽക്കണ്ട് ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി എന്തെല്ലാം പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഗ്രാമീണജനതയുടെ ജീവനോപാധി ഉറപ്പുവരുത്തുന്നതിന് സഹായകമായ രീതിയിൽ ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം നടപടികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുതലത്തിൽ നടത്തുന്ന സമഗ്രമായ ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാനത്തിലാണ് ഓരോ വർഷവും തൊട്ടടുത്ത വർഷത്തേയ്ക്കുള്ള തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നത്. ഇതിലേയ്ക്കായി ഓരോ വർഷവും കേന്ദ്ര സർക്കാർ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. ഒക്ടോബർ മാസം 2-ാം തീയതി ഗ്രാമസഭ യോഗം ചേർന്ന് നടപ്പുവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ് ആദ്യഘട്ടം. തുടർന്ന് അയൽക്കൂട്ടതല ചർച്ചകൾ നടത്തി അടുത്ത വർഷം അയൽക്കൂട്ട പ്രദേശത്ത് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തികൾ നിശ്ചയിക്കുന്നു. ഇത്തരത്തിൽ അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന പ്രവർത്തികൾ വാർഡുതലത്തിൽ ക്രോഡീകരിക്കുന്നു. തുടർന്ന് തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ വിളിച്ചുചേർത്ത് പദ്ധതി നടത്തിപ്പിൽ തൊഴിലാളികളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തുന്നു. ഇത്തരത്തിൽ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടസും ഗ്രാമസഭയുടെ അധികാരത്തിന് സമർപ്പിക്കുകയും തുടർന്ന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ അംഗീകാരം ലഭ്യമാക്കി അന്തിമമാക്കുകയും ചെയ്യുന്നു.

(ബി) ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി തൊഴിലുറപ്പ് പദ്ധതിയും പ്രധാനമായും കൃഷി, ജലസുരക്ഷ, ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു:

1. നഴ്സറി നിർമ്മാണം/വൃക്ഷ വത്കരണ പ്രവർത്തനങ്ങൾ
2. മൺകയ്യാല, കല്ലുകയ്യാല, തട്ടുതിരിക്കൽ, മഴക്കുഴികൾ തുടങ്ങിയ പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങൾ
3. പെർക്കുലേഷൻ ടാങ്കുകളുടെ നിർമ്മാണം.
4. കൃഷിക്ക് ജലസേചനം ഒരുക്കുന്നതിനുവേണ്ടി ഫാം പോണ്ടുകളുടെ നിർമ്മാണം
5. പൊതുകുളങ്ങളുടെ നിർമ്മാണം/നവീകരണ പ്രവർത്തികൾ
6. കിണർ റീചാർജ്ജിംഗ്

7. ജലസേചനത്തിനുവേണ്ടിയുള്ള കിണറുകളുടെ നിർമ്മാണം

8. ജലസേചന കനാലുകളുടെ പുനരുദ്ധാരണം

9. ഫീൽഡ് കനാലുകളുടെ നിർമ്മാണം/പുനരുദ്ധാരണം

10. വിവിധയിനം തടയണകളുടെ നിർമ്മാണം

11. കമ്പോസ്റ്റ് പിറ്റ്, കമ്പോസ്റ്റിംഗ് സംവിധാനങ്ങളുടെ നിർമ്മാണം.

12. സോക്ക് പിറ്റുകളുടെ നിർമ്മാണം തുടങ്ങിയവ.

(സി) കാർഷിക ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥിരമായ സംഭരണ സംവിധാനങ്ങൾ, ഗ്രാമീണ മേഖലയിലെ കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുതിനുള്ള ഗ്രാമചന്തകളുടെ നിർമ്മാണം എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

134 (4798) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 17-18, 18-19 എന്നീ സാമ്പത്തികവർഷങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുകയും പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഒരു പ്രവൃത്തിയും നടപ്പാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ ചുവടെ ചേർത്തിരിക്കുന്നു:

1. പത്തനാപുരം തോലനൂഴ റോഡ് (3.240 കി.മീ.)
2. ചീക്കോട് പയ്യക്കുണ്ട് റോഡ് (1.660 കി.മീ.)
3. പ്രധാനി ചേരാമ്പാടം (1.813 കി.മീ.)

(ബി) വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പത്തനാപുരം തോലമ്പുഴ റോഡ് | എസ്റ്റിമേറ്റ് തുക 288.092 ലക്ഷം | പൂർത്തീകരിച്ചു. |
| ചീക്കോട് പയ്യക്കുണ്ട് റോഡ് | എസ്റ്റിമേറ്റ് തുക 108.678 ലക്ഷം | പൂർത്തീകരിച്ചു. |
| പ്രധാനി ചേരാമ്പാടം റോഡ് | എസ്റ്റിമേറ്റ് തുക 150.739 ലക്ഷം | പണി പുരോഗമിക്കുന്നു. |

**നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്**

135 (4799) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടും പ്രത്യേക വികസന ഫണ്ടും ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018-19 ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ച പദ്ധതികൾക്ക് പാർലമെന്റ് തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിട്ടത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 2018-19 ആസ്തി വികസന ഫണ്ടിൽനിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും ഏതെല്ലാമെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാലതാമസം നേരിട്ടിട്ടുണ്ട്.

(ബി) 13-6-2019-ലെ 61/2019/ധന നമ്പർ സർക്കുലർ പ്രകാരം 2018-19 സാമ്പത്തിക വർഷം ശിപാർശ ചെയ്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31-12-2019 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെട്ടിട നിർമ്മാണ പെർമിറ്റിന് മഴക്കുഴി നിർമ്മാണം നിർബന്ധ വ്യവസ്ഥ

136 (4800) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് നൽകുമ്പോൾ മഴക്കുഴി നിർമ്മാണം നിർബന്ധമാക്കി വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്ലാനിൽ മഴക്കുഴി കാണിച്ച് പെർമിറ്റ് സമ്പാദിച്ച ശേഷം മഴക്കുഴി ഇല്ലാതെ കെട്ടിടം നിർമ്മിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് കെട്ടിടനമ്പർ തരപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് കെട്ടിടനമ്പർ നൽകുന്നതിന് മുമ്പ് വെരിഫിക്കേഷൻ നടത്താൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1994, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 എന്നിവയിൽ മഴക്കുഴി നിർമ്മാണം നിർബന്ധമാക്കി വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി & സി) ബാധകമല്ല.

## ബഹുനില മന്ദിരങ്ങൾ ഉയർത്തുന്ന സുരക്ഷാഭീഷണി

137 (4801) ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ പഴക്കംചെന്ന ബഹുനില മന്ദിരങ്ങൾ ഉയർത്തുന്ന സുരക്ഷാഭീഷണി പരിശോധിച്ചിട്ടുണ്ടോ;

(ബി) നിശ്ചിതകാലം കഴിഞ്ഞ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്ത ഫ്ലാറ്റുകൾ പൊളിച്ച് നീക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം ബഹുനില മന്ദിരങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സുരക്ഷാ ഭീഷണി ഉയർത്തുന്ന പഴക്കം ചെന്ന ബഹുനില മന്ദിരങ്ങൾ കണ്ടെത്തുന്നതിനായി പ്രത്യേക പരിശോധന നടത്തിയിട്ടില്ല. എന്നാൽ ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ നിർമ്മാണങ്ങളും കേരള മുനിസിപ്പാലിറ്റി നിർമ്മാണ ചട്ടങ്ങൾ 2011-ലെ ചട്ടം 158 പ്രകാരം പരിശോധിച്ച് സത്വര നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) നിലവിൽ സ്കൂൾ കെട്ടിടങ്ങൾക്കും അംഗനവാടി കെട്ടിടങ്ങൾക്കും ഒഴികെ മറ്റൊരു കെട്ടിടങ്ങൾക്കും നഗരസഭകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറില്ല.

(സി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## അനധികൃത കെട്ടിട നിർമ്മാണം

138 (4802) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണം പൂർത്തീകരിച്ച ശേഷം കെട്ടിടങ്ങളുടെ മുൻഭാഗത്തും വശങ്ങളിലും നിയമാനുസൃതം ഒഴിച്ചിടേണ്ട സ്ഥലം കെട്ടിയടച്ച് വ്യാപാരങ്ങൾ ആരംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇത്തരത്തിലുള്ള അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## മണ്ണന്തല മുക്കോലയിലെ ഷിർദി ഫേസ്-2 ഫ്ലാറ്റ്

139 (4803) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗപർണ്ണിക ബിൽഡേഴ്സ് ആന്റ് ഡെവലപ്പേഴ്സ് മണ്ണന്തലയിലെ മുക്കോലയിൽ നിർമ്മിച്ച ഷിർദ്ദി ഫേസ് 2 ഫ്ളാറ്റ്, കരാർ പ്രകാരം ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് സഹിതം കൈമാറുമെന്ന് രേഖാമൂലം ഉറപ്പ് നൽകിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും അത് പാലിച്ചിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) 55 ലക്ഷം മുതൽ 60 ലക്ഷം രൂപവരെ കൈപ്പറ്റിയിട്ട് പ്രസ്തുത കമ്പനി നിയമപരമായ പ്ലാനിൽ നിന്നും വ്യതിചലിച്ച് ഫ്ളാറ്റ് നിർമ്മിച്ചതുമൂലം കോർപ്പറേഷൻ നമ്പർ നൽകാത്തതുകൊണ്ടും ഫയർ എൻ.ഒ.സി. ലഭിക്കാത്തതുകൊണ്ടും 126 ഫ്ളാറ്റുടമകൾ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിച്ച് ഫ്ളാറ്റുടമകളുടെ സങ്കട നിവൃത്തി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാലിച്ചിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) KMBR violation പരിഹരിക്കുന്ന മുറയ്ക്കും, Final Fire NOC ഹാജരാക്കുന്നമുറയ്ക്കും അനുവദിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാർ**

140 (4804) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ താത്ക്കാലികമായി നിയമിക്കുന്ന ജീവനക്കാരുടെ ഉയർന്ന പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡ്രൈവർ തസ്തികകളിൽ നിയമിക്കുന്നവരുടെ പ്രായപരിധിയും യോഗ്യതയും എന്താണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിയമനത്തിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) താൽക്കാലിക നിയമനത്തിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) ഡ്രൈവർ തസ്തികകളിൽ താൽക്കാലികമായി നിയമിക്കുന്നവർക്ക്, പ്രായം 18 വയസ്സ് പൂർത്തിയായിരിക്കണം, ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി. നിയമനത്തിനുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള യോഗ്യതയാണ് താൽക്കാലിക നിയമനത്തിനും നിഷ്കർഷിച്ചിട്ടുള്ളത്. അതായത് ഏഴാം ക്ലാസ്സ്/ഫോറം III പാസ്സായിരിക്കണം. 3 വർഷം പ്രാബല്യമുള്ള നിയമാനുസൃത LMV/HPV/HGV ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗ് ബാഡ്ജ് എന്നിവ ഉണ്ടായിരിക്കണം.

(സി) താൽക്കാലിക ഡ്രൈവർമാരുടെ നിയമനത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. യോഗ്യരായ ഉദ്യോഗാർത്ഥികളെ അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കുന്നു. ഇത് സംബന്ധിച്ച ഉത്തരവുകളില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകീകരണം

141 (4805) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളായ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ഏകീകരണം എന്ന് പൂർത്തിയാകും; വ്യക്തമാക്കുമോ;

(ബി) ഏകീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാർക്കും സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന ശമ്പളം നല്കുവാനും പെർമനന്റ് എംപ്ലോയി നമ്പർ കൊടുക്കുവാനും തീരുമാനം എടുത്തിട്ടുണ്ടോ വിശദമാക്കുമോ;

(സി) നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ജോലി ചെയ്യുന്ന ജിവനക്കാരുടെ എണ്ണം ലഭ്യമാക്കാമോ; പഞ്ചായത്ത് ജീവനക്കാർ, മുനിസിപ്പൽ ജീവനക്കാർ, കോർപ്പറേഷൻ ജീവനക്കാർ എന്നിങ്ങനെ ഇനം തിരിച്ചുള്ള കണക്കുകൾകൂടി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഏകീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയാണ്. നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പൊതു സർവ്വീസ് നിലവിൽ വരുന്നതാണ്.

(ബി) നിലവിൽ തീരുമാനമായിട്ടില്ല.

(സി) നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | പഞ്ചായത്ത് വകുപ്പ് | 13404 |
| 2 | ഗ്രാമവികസന വകുപ്പ് | 4905 |
| 3 | നഗരകാര്യ വകുപ്പ് | 228 |
| 4 | മുനിസിപ്പൽ കോമൺ സർവ്വീസ് | 6202 |
| 5 | തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് | 5458 |
| 6 | നഗര-ഗ്രാമാസൂത്രണം | 561 |
| ആകെ | | 30758 |

പാർട്ട് ടൈം സ്വീപ്പേഴ്സ്

| | | |
|---|---|---|
| 1 | നഗര-ഗ്രാമാസൂത്രണം | 7 |
| 2 | ഗ്രാമവികസന വകുപ്പ് | 173 |
| 3 | നഗരകാര്യ വകുപ്പ് | 5 |
| 4 | തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് | 18 |
| ആകെ | | 203 |

കണ്ടിജന്റ് ജീവനക്കാർ

| | | |
|---|---|---|
| 1 | പഞ്ചായത്ത് വകുപ്പ് | 6230 |
| 2 | മുനിസിപ്പൽ കോമൺ സർവ്വീസ് | 2420 |
| ആകെ | | 8650 |

**നെന്മാറ പഞ്ചായത്ത് ഓഫീസുകളിലെ ഒഴിവുകൾ**

142 (4806) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്ത് ഓഫീസുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെൻമാറ നിയോജകമണ്ഡലത്തിലെ നെൻമാറ, എലവഞ്ചേരി, മുതലമട എന്നീ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒഴിവുണ്ട്. ഒന്നാംതരം രണ്ടാംതരം ഓവർസിയർ, ഓവർസിയർ, മൂന്നാംതരം ഓവർസിയർ തസ്തികകളിൽ ഒഴിവുകളില്ല.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേനയും, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തേണ്ട ഒഴിവുകൾ അപ്രകാരവും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഷൊർണ്ണൂരിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

143 (4807) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്നതിന്റെ കണക്ക് സ്ഥാപനവും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ സ്ഥാപനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | സ്ഥാപനം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | നെല്ലായ ഗ്രാമപഞ്ചായത്ത് | 1 |
| രണ്ടാംതരം ഓവർസിയർ | വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | 1 |
| മൂന്നാംതരം ഓവർസിയർ | ചളവറ ഗ്രാമപഞ്ചായത്ത് | 1 |
| | നെല്ലായ ഗ്രാമപഞ്ചായത്ത് | 1 |
| | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 1 |
| | ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി | 1 |

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് കെട്ടിടം

144 (4808) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-5-2019-ന് ചേർന്ന ജനപ്രതിനിധികളുടെയും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെയും യോഗത്തിൽ എടുത്ത തീരുമാനപ്രകാരം പള്ളുരുത്തി കച്ചേരി പടിയിലെ മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ കൈവശമുള്ള കെട്ടിടം കെ. എസ്. ഇ.ബി. സെക്ഷൻ ഓഫീസിന് സൗജന്യമായി വിട്ടുകിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) പള്ളുരുത്തി, പെരുമ്പടപ്പ്കോണം, ഇടക്കൊച്ചി പ്രദേശങ്ങളിൽ നേരിടുന്ന വൈദ്യുതി തടസ്സം കണക്കിലെടുത്ത് പ്രസ്തുത കെട്ടിടം ലഭ്യമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ - സി) കൊച്ചി നഗരസഭ പള്ളുരുത്തി മേഖലാ പരിധിയിലുള്ള കച്ചേരിപ്പടി മത്സ്യ മാർക്കറ്റിന് സമീപമുള്ള നഗരസഭ വക കെട്ടിടം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് വേണ്ടി സൗജന്യമായി ലഭിക്കേണ്ട ആവശ്യത്തിലേയ്ക്കായി യാതൊരുവിധ അറിയിപ്പോ, കത്തോ കെ.എസ്.ഇ.ബി.-യിൽ നിന്നോ മറ്റ് ഔദ്യോഗിക സ്ഥാനത്തുനിന്നോ നാളിതുവരെ നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല.

## കൊച്ചിൻ കോർപ്പറേഷൻ

145 (4809) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷന്റെ വിവിധ മേഖലാ ഓഫീസുകളുടെ പരിധിയിൽ ബിൽഡിങ്ങ് പെർമിറ്റ് നൽകിയിട്ടുള്ളതും കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കേണ്ടതുമായ എത്ര കെട്ടിടങ്ങളാണ് ഉള്ളത്;

(ബി) നിർമ്മാണം പൂർത്തീകരിച്ച നമ്പർ ഇട്ട് നൽകാനുള്ള എത്ര കെട്ടിടങ്ങളാണ് ഉള്ളത്;

(സി) ഇതിൽ എത്ര കെട്ടിടങ്ങൾക്കാണ് അനധികൃത നിർമ്മാണത്തിന്റെ പേരിൽ നമ്പർ ഇട്ട് നൽകേണ്ടതായിട്ടുള്ളത് ;

(ഡി) ഇതിൽ എത്ര റസിഡൻഷ്യൽ ബിൽഡിംഗും എത്ര കൊമേഴ്സ്യൽ ബിൽഡിങ്ങും ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) 31-7-2017 നോ അതിനുമുൻപോ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി ഇറക്കിയ 15-2-2018 ലെ ജി. ഒ. (പി) നമ്പർ 11/2018/തസ്വഭവ ഉത്തരവ് പ്രകാരം അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട് ;

(എഫ്) പ്രസ്തുത അപേക്ഷകൾ ഏതെല്ലാമെന്നും അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 5377

(ബി) 51

(സി) ഇല്ല.

(ഡി) റെസിഡൻഷ്യൽ -37, കൊമേഴ്സ്യൽ - 24

(ഇ) 81

(എഫ്)

1. ലക്ഷമി ദേവി
2. കെ. എൻ. സുഗുണൻ
3. ബിജു. എം.എൻ.
4. സിബോഷ്
5. കെ. വി. തോമസ്
6. മറിയുമ്മ ഷാഹുൽ
7. പി. പി. ജോൺ
8. റഷീദ ഷാജഹാൻ, ഷെഫിൻ യൂസഫ്
9. പി. ബി. ശശിധരൻ
10. സിയാദ് കോക്കർ
11. സിയാദ് കോക്കർ
12. കലാഭവൻ
13. കെ. കൃഷ്ണൻ

14. കെ. ഗോപാലകൃഷ്ണ ഭട്ട്
15. മാത്തച്ചൻ
16. എം. ബി. ശ്രീകുമാർ
17. എ. എം. കരീം.
18. സേവ്യർ പി.വി.
19. വി. വി. ഫ്രാൻസിസ്
20. ആർ. ജയരാജൻ
21. കെ. എ. ഹെൻഡ്രി & അതേർസ്
22. രാജി നാരായണൻ
23. ഇ. ഐ. അസീസ്
24. വിശ്വനാഥൻ
25. വി. എം. അബ്ദുൾ ലാഹിർ
26. ഉദയൻ പി. പി.
27. ശാരദ ജഗദീഷ്
28. നിർമ്മൽ കുമാർ
29. ഡയറക്ടർ ലിസ്സി ഹോസ്പിറ്റൽ
30. ജോർജ്
31. അച്ചാമ്മ
32. വി.കെ.ജമാൽ
33. രാജു എബ്രഹാം
34. ഫ്രാങ്ക്ളിൻ റാഫി
35. പി. പി. ജേക്കബ്
36. പി. ജി. പോൾ
37. വി.എസ്.മിലൻ
38. സുനീർ
39. ഗിർലി ആന്റണി
40. സി. വി. ചന്ദ്രൻ
41. ഗീത പ്രമോദ്
42. സക്കറിയ

43. സെബാസ്റ്റ്യൻ
44. എം. എ. ഗ്രേയ്സൺ
45. എം. കെ. രാജൻ & എം.എം. വഹീദ
46. ജി. രവീന്ദ്രൻ
47. സുരേഷ് ബാബു
48. മേരി ലൈമി ക്ലീറ്റസ്
49. ജിം ജോസ്
50. നളനി, ഡോക്ടർ രാജീവ്
51. ഫിലിപ്പ് മാത്യൂ
52. ലൂയി അലക്സാണ്ടർ
53. ദീപ വിശ്വനാഥൻ
54. ലിൻസ ആന്റണി
55. സന്തോഷ് & അതേർസ്
56. വി. ശശിധരൻ
57. രതീഷ്
58. പി. വി. ആന്റണി അന്നമ്മ
59. അഷറഫ് നെല്ലിക്കൽ
60. കെ. എസ്. ബോബൻ
61. അബ്ദുൾ ജബ്ബാർ
62. സാദിഖ്
63. വി. കെ. മുസ്തഫ
64. മിൽവി ജോൺ
65. ഷുക്കൂർ
66. ഓമന ഭാസ്കരൻ
67. ഗോപിനാഥ്, തങ്കമണി
68. നിക്സൺ
69. പാട്സീഷീല ജോസഫ്
70. ഇഗ്നേഷ്യസ് ജോൺസൺ
71. ജാവേദ് സെയ്ത്

72. ഫെലിക്സ്
73. സി. എസ്. യേശുദാസ്
74. കെ. എസ്. ബോബൻ
75. സോളമൻ & ജിജി
76. ആപ്പിൾ ടവർ ഓണേഴ്സ് വെൽഫയർ അസോസിയേഷൻ
77. പീറ്റർ ജോസഫ്
78. സുനിൽ എ. എം.
79. ജയശങ്കർ
80. ശിവദാസൻ
81. ആന്റണി വിൻസെന്റ്.

ആകെ 81 അപേക്ഷകൾ ലഭിച്ചതിൽ 8 അപേക്ഷകൾ റീജിയണൽ ടൗൺ പ്ലാനർക്ക് അയച്ചു നൽകിയിട്ടുള്ളതും 4 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള അപേക്ഷകളിൽ ന്യൂനതകൾ പരിഹരിക്കുവാൻ അപേക്ഷകർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

## കോർപ്പറേഷൻ റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം

146 (4810) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരമാർഗ്ഗങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വണ്ടിത്തടം-പാപ്പാൻചാണി-പൂഞ്ചക്കരി-കരുമം റോഡിന്റെ പുനർനിർമ്മാണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റോഡ് നിർമ്മാണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ എപ്പോൾ പരിഹരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിലെ കോർപ്പറേഷൻ വഴിവിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) റോഡ് പുനർനിർമ്മിക്കുന്ന അവസരത്തിൽ നിർമ്മാണം സംബന്ധിച്ച് നിർമ്മാണ കാലാവധിയിൽ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നഗരസഭാ പരിധിയിൽ റിപ്പയറിംഗ് ആവശ്യമായിട്ടുള്ള റോഡുകൾ കണ്ടെത്തി അപാകത പരിഹരിക്കുന്നതിന് ഫണ്ട് വകയിരുത്തി പ്രവൃത്തികൾ നടത്തി വരുന്നു.

(ബി) പാപ്പാൻചാണി ജംഗ്ഷനിലേക്ക് വരുന്ന സൈഡ് റോഡ് റിപ്പയർ ചെയ്യുന്നതിന് 10 ലക്ഷം രൂപയുടെ പ്രോജക്ട് തിരുവനന്തപുരം നഗരസഭ തയ്യാറാക്കി (പ്രോജക്ട് നമ്പർ 2469) 2018-19 -ലെ പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയറെ ഇംപ്ലിമെന്റിംഗ് ഓഫീസറാക്കി കരാർ വച്ച് നടപടി സ്വീകരിച്ചുവരുന്നു. സൈഡ് റോഡ് മൂന്ന് മാസത്തിനകം റിപ്പയർ ചെയ്യുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) നിർമ്മാണ കാലാവധിയിൽ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നുണ്ട്.

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

147 (4811) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിൽ ദിനങ്ങൾ അധികമായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2019-20 വർഷത്തേക്ക് എത്ര കോടി രൂപയാണ് അധികമായി ഇതിനായി വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷം 8,712 തൊഴിൽ ദിനങ്ങളും 2017-18 സാമ്പത്തിക വർഷം 4,71,819 തൊഴിൽ ദിനങ്ങളും 2018-19 സാമ്പത്തിക വർഷം 12,93,582 തൊഴിൽ ദിനങ്ങളും കൂടുതലായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 2019-20 വർഷത്തേയ്ക്ക് 2018-19 സാമ്പത്തിക വർഷത്തെക്കാൾ 25 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

## കൊട്ടാരക്കര നഗരസഭയുടെ അടിസ്ഥാന സൗകര്യവികസനം

148 (4812) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നഗരസഭ നിലവിൽ വന്നത് എന്നാണ്;

(ബി) നഗരസഭയുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(സി) നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി വഴി സഹായത്തിന് പദ്ധതി തയ്യാർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2015 നവംബർ 1.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി 2017-18 വർഷം കൊട്ടാരക്കര നഗരസഭയ്ക്ക് 1 കോടി രൂപ അധികം അനുവദിച്ചിരുന്നു.

(സി) പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 6,01,76,000 രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## മുളിയൂർ സ്റ്റേഡിയത്തിലെ അനധികൃത കയ്യേറ്റങ്ങൾ

149 (4813) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്ത് വക മൊളിയൂർ സ്റ്റേഡിയത്തിലെ അനധികൃത കൈയേറ്റങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയം പഞ്ചായത്തിന് നഷ്ടപ്പെടുവാനുണ്ടായ സാഹചര്യവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) സ്റ്റേഡിയവുമായി ബന്ധപ്പെട്ട് സിവിൽ കേസ്സുകൾ നിലവിലുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 1989-ലെ പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നിർമ്മിച്ച മൊളിയൂർ സ്റ്റേഡിയം യുവജനങ്ങൾ കളിക്കുന്നതിനും മറ്റും ഉപയോഗിച്ച് വരവെ 2003-ൽ ശ്രീ. മുരുകൻ, ശ്രീ. വേണുഗോപാലൻ നായർ എന്നിവർ സ്റ്റേഡിയത്തിൽ അതിക്രമിച്ച് കടക്കാനും കൈവശപ്പെടുത്താനും ശ്രമിക്കുകയും

തുടർന്ന് ബഹു. മുൻസിഫ് കോടതി നെടുമങ്ങാട് മുൻപാകെ ശ്രീ. മുരുകൻ ഒ.എസ്. നമ്പർ 683/2003 നമ്പരായും, ശ്രീ. വേണുഗോപാലൻ നായർ ഒ.എസ്. നമ്പർ 692/2003 നമ്പരായും ശ്രീ. ഹരികൃഷ്ണൻ നായർ ആന്റ് ശ്രീ. വിനുകുമാർ ഒ.എസ്. നമ്പർ 189/2004 നമ്പരായും കേസസ്സുകൾ ഫയർ ചെയ്യുകയും, ടി മൂന്ന് സിവിൽ കേസ്സുകളും തള്ളി തീർപ്പാക്കിയിട്ടുള്ളതും പഞ്ചായത്തിന് അനുകൂലമായി വിധി വന്നിട്ടുള്ളതുമാകുന്നു. അതുപോലെ പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ. എടുത്ത എം.സി.നമ്പർ 411/2003 നമ്പർ കേസും പഞ്ചായത്തിന് അനുകൂലമായി ലഭിച്ചിട്ടുണ്ട്. ഒ.എസ്. നമ്പർ 189/2004 നമ്പർ കേസിലെ വിധിക്കെതിരെ നെടുമങ്ങാട് സബ്കോടതി മുൻപാകെ സമർപ്പിച്ച അപ്പീൽ നമ്പർ 39/2007 നമ്പർ കേസും തള്ളി പഞ്ചായത്തിന് അനുകൂലമായി ഉത്തരവായിട്ടുള്ളതാണ്. ടി അപ്പീൽ തള്ളിയതിനെതിരെ 2 വർഷത്തിനുശേഷം കാലതാമസം മാപ്പാക്കി അപ്പീൽ സ്വീകരിച്ച് കിട്ടണമെന്ന ഹർജി ഹൈക്കോടതിക്ക് സമർപ്പിച്ചെങ്കിലും അപ്പീൽ സ്വീകരിച്ചിട്ടില്ലാത്തതുമാകുന്നു.

(ബി) പഞ്ചായത്തിന്റെ ഉടമസ്ഥതയിലിരിക്കെ ടി വസ്തുവിൽ പ്രവേശിക്കുന്നതിന് മൊളിയൂർ ശ്രീ മഹാദേവ ക്ഷേത്രത്തിന്റെ പേരു പറഞ്ഞ് ചില തൽപ്പര കക്ഷികൾ ടി വസ്തു കൈവശപ്പെടുത്താൻ ശ്രമം നടത്തിവന്നിട്ടുള്ളതും സ്റ്റേഡിയത്തിന്റെ കൈവശ കാര്യങ്ങൾ തടസ്സപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളതുമാകുന്നു. ക്ഷേത്രത്തിന്റെ പേരു പറഞ്ഞ് ആളെക്കൂട്ടി ക്രമസമാധാന പ്രശ്നം സൃഷ്ടിക്കാനാണ് ശ്രീ. മുരുകൻ മുതൽപേർ ശ്രമിക്കുന്നത്. അപ്രകാരമിരിക്കെ 28-9-2018 തീയതി രാത്രി സ്റ്റേഡിയത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് മുള്ളുവേലി കെട്ടാൻ ശ്രമം നടത്തിയിട്ടുള്ളതും തുടർന്ന് 29-9-2018-ൽ നെടുമങ്ങാട് മുൻസിഫ് കോടതി മുൻപാകെ മുൻകാല കേസ്സുകളുടെ വിധിയും മറ്റും മറച്ചുവച്ച് ഒ.എസ്. നമ്പർ 702/2018 നമ്പരായി അന്യായവും ഇഞ്ചക്ഷൻ ഹർജ്ജിയും ഫയൽ ചെയ്ത് താൽക്കാലിക നിരോധന ഉത്തരവ് വാങ്ങിയിട്ടുള്ളതുമാണ്.

(സി) 29-9-2018-ൽ നെടുമങ്ങാട് മുൻസിഫ് കോടതി മുൻപാകെ മുൻകാല കേസ്സുകളുടെ വിധിയും മറ്റും മറച്ചുവച്ച് ഒ.എസ്. നമ്പർ 702/2018 നമ്പരായി അന്യായവും ഇഞ്ചക്ഷൻ ഹർജിയും ഫയൽ ചെയ്ത് താൽക്കാലിക നിരോധന ഉത്തരവ് വാങ്ങിയിട്ടുള്ളതാണ്. ടി ഉത്തരവ് വെക്കേറ്റ് ചെയ്യുന്നതിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കുകയും മുൻസിഫ് കോടതി മുൻപാകെ എല്ലാ രേഖകളും ഹാജരാക്കുകയും ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളതുമാകുന്നു. പഞ്ചായത്തിന്റെ വാദം കേൾക്കുന്നതിനായി 3-7-2019-ൽ കേസ് വിചാരണ വച്ചിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിൽ പുതിയ ഗ്രാമപഞ്ചായത്ത്**

150 (4814) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം നിയോജകമണ്ഡലത്തിൽ പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റേയും, ബ്ലോക്ക് പഞ്ചായത്തുകളുടേയും നഗരസഭകളുടേയും അതിർത്തി പുനർ നിർണ്ണയിക്കേണ്ടതിന്റേയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടേയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടേയും സാധ്യതാ പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാദ്ധ്യതാ പട്ടിക ലഭ്യമായതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**വാമനപുരത്തെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം**

151 (4815) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകൾക്ക് 2018-19-ൽ അനുവദിച്ച പദ്ധതി വിഹിതം എത്ര വീതമാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) ഓരോ പഞ്ചായത്തും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വാമാനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകൾക്ക് 2018-19-ൽ അനുവദിച്ച പദ്ധതി വിഹിതം ചുവടെ ചേർക്കുന്നു: (തുക ലക്ഷത്തിൽ)

| Sl.No. | Name of GP | Plan Fund | Maintenance Grant |
|---|---|---|---|
| 1 | Peringammala | 717.61 | 213.57 |
| 2 | Pullampara | 378.89 | 140.84 |
| 3 | Nanniyode | 460.22 | 123.66 |
| 4 | Vamanapuram | 301.77 | 186.77 |
| 5 | Pangode | 481.77 | 271.04 |
| 6 | Panavoor | 347.25 | 197.79 |
| 7 | Kallara | 398.64 | 116.24 |
| 8 | Anad | 430.36 | 194.02 |
| 9 | Nellanad | 365.85 | 247.20 |

(ബി) ഓരോ ഗ്രാമപഞ്ചായത്തും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു: (തുക ലക്ഷത്തിൽ)

| Sl.No. | Name of GP | Plan Fund | Maintenance Grant |
|---|---|---|---|
| 1 | Peringammala | 709.26 | 213.54 |
| 2 | Pullampara | 368.45 | 134.09 |
| 3 | Nanniyode | 441.23 | 122.35 |
| 4 | Vamanapuram | 287.08 | 158.44 |
| 5 | Pangode | 448.82 | 179.95 |
| 6 | Panavoor | 307.98 | 139.76 |
| 7 | Kallara | 353.01 | 116.20 |
| 8 | Anad | 378.35 | 102.93 |
| 9 | Nellanad | 293.67 | 232.02 |

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം

152 (4816) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വക ഭൂമി നൽകിയതിന്റെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഇറിഗേഷൻ വകുപ്പിൽനിന്നും ഗ്രാമപഞ്ചായത്തിന് വിട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഭൂമി ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായുള്ള ഫണ്ടിന്റെ സ്രോതസ്സ് സംബന്ധിച്ചകാര്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള സ്ഥലം കമ്പോള വില ഈടാക്കി പതിച്ച് നൽകുന്നതിന്റെ ഭാഗമായി പ്രസ്തുത 20 സെന്റ് സ്ഥലം റവന്യൂ വകുപ്പിലേയ്ക്ക് വിട്ടുനൽകുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിനായി കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ ഓഫീസ് സൂപ്രണ്ടിംഗ് എഞ്ചിനീയർ 19-6-2019-ന് എഫ് 1-3986/2010 നമ്പർ കത്ത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നൽകിയിട്ടുണ്ട്.

(ബി) ഇല്ല. ഭൂമി വിട്ടുകിട്ടുന്നതിന്റെ ഭാഗമായി ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി മൈനർ ഇറിഗേഷൻ ഓഫീസിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്.

(സി) മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി 26-2-2016 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 841/2016 തസ്വഭവ. ഉത്തരവ് പ്രകാരം ശ്രീ. ടി.എ. അഹമ്മദ് കബീർ എം.എൽ.എ. (മങ്കട നിയോജകമണ്ഡലം) യുടെ പ്രാദേശിക ആസ്തി വികസന പദ്ധതിയിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും 10-6-2019 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1178/2019 തസ്വഭവ. ഉത്തരവ് പ്രകാരം മേൽ ഭരണാനുമതി പുതുക്കി നൽകിയിട്ടുള്ളതുമാണ്. കൂടാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനായി തുക കണ്ടെത്തുന്നതിന് മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് 2019-20 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ്

റോഡ് ഇനത്തിൽ ലഭ്യമായ തുകയിൽ മെയിന്റനൻസ് പ്രവർത്തികൾക്കായി മാറ്റി വച്ചതിനുശേഷം ബാക്കി വന്ന തുക വിനിയോഗിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി 20-6-2019-ന് നടന്ന കോ-ഓർഡിനേഷൻ സമിതി മുൻപാകെ ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

## പ്രളയബാധിതരായ വ്യാപാരികൾക്ക് വാടക ഇളവ്

153 (4817) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം ബാധിച്ച പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന വ്യാപാരികൾക്ക് പ്രളയത്തിൽ ഉണ്ടായ നഷ്ടത്തെത്തുടർന്ന് മൂന്നു മാസത്തെ വാടക ഇളവുചെയ്തുകൊടുക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) റാന്നി - പഴവങ്ങാടി പഞ്ചായത്തിൽ ഇഷ്ടികപ്പാറ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ വ്യാപാരം നടത്തുന്നവർക്ക് വാടകയിളവ് നൽകാമെന്ന് പഞ്ചായത്ത് ഭരണ സമിതി വാഗ്ദാനം നൽകിയിരുന്നോ; ഇത് പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ റാന്നി-പഴവങ്ങാടി, തൃശ്ശൂർ ജില്ലയിലെ മാള തുടങ്ങിയ പഞ്ചായത്തുകളിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സുകളിലെ വ്യാപാരികൾക്ക് വാടകയിളവ് നൽകണമെന്ന വ്യാപാരികളുടെ അപേക്ഷ പരിഗണിച്ച് മൂന്ന് മാസത്തേയ്ക്ക് വാടക ഒഴിവാക്കി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി 10-1-2019-ലെ 4(1) തീരുമാനപ്രകാരം നിശ്ചയിക്കുകയും ഇതു സംബന്ധിച്ച അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

## നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി

154 (4818) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുവാൻ പോകുന്ന നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പ്രസ്തുത പദ്ധതിക്ക് ജില്ലാ കളക്ടർ അനുമതി നൽകുകയും 90.42 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടുള്ള 90,42,293 രൂപ കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി അലോട്ട്മെന്റ് തുക പഞ്ചായത്തിന് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ 13-6-2019-ൽ ഉചിതമാർഗേന സർക്കാരിൽ ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽനിന്നും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**അടാട്ട് പഞ്ചായത്തിന്റെ റിവർ ടൂറിസം വില്ലേജിനോട് ചേർന്ന ഭൂമി**

155 (4819) <u>ശ്രീ.അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള പൊതുവഴി സ്വകാര്യ വ്യക്തിയുടെ ആവശ്യത്തിനായി നിയമവിരുദ്ധമായി വീതികൂട്ടി നൽകാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കാനുള്ള അധികാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അടാട്ട് ഗ്രാമപഞ്ചായത്തിന്റെ പുഴയ്ക്കൽ റിവർ ടൂറിസം വില്ലേജിനോട് ചേർന്നുള്ള പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിക്ക് ഗുണകരമാകുന്ന രീതിയിൽ വീതികൂട്ടി നല്കാൻ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ രേഖാമൂലം ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഗ്രാമപഞ്ചായത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെ പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിക്ക് വിട്ടുനൽകുന്നതിന് നിയമവിരുദ്ധമായി നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ബഹു. കേരള ഹൈക്കോടതി WP(C) 3551/12 നമ്പർ ഹർജിയിന്മേൽ 17-2-2012-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നില്ല എന്ന പി.കെ. വിശ്വനാഥൻ & പി.വി. സജൻ എന്നിവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനാണ് അടാട്ട് ഗ്രാമപഞ്ചായത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) അടാട്ട് ഗ്രാമപഞ്ചായത്തിലെ പുഴയ്ക്കൽ വില്ലേജിലെ സർവ്വേ നമ്പർ 258/10 -ൽ ഉൾപ്പെട്ട ശ്രീ. പി.കെ. വിശ്വനാഥൻ എന്നയാളുടെ വസ്തുവിലേയ്ക്ക് പൊതുവഴിയിൽ നിന്നും പുറമ്പോക്കിലൂടെയുള്ള വഴി തടസ്സപ്പെടുത്തിയത് സംബന്ധിച്ച് ടിയാൻ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 3551/12 നമ്പർ റിട്ട് ഹർജിയിൽ 17-2-2012-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഈ വിഷയത്തിൽ ഒരാഴ്ചയ്ക്കകം ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കേസ്സിലെ മൂന്നാം എതിർകക്ഷിയായ തൃശ്ശൂർ ജില്ലാ കളക്ടർക്ക് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകുകയും തുടർന്ന് ജില്ലാ കളക്ടർ പരാതിക്കാരനേയും എതിർകക്ഷിയായ അടാട്ട് ഗ്രാമപഞ്ചായത്തിനേയും നേർ വിചാരണ നട<u>ത്തു</u>കയും പൊതുവഴിയിൽ നിന്നും ശ്രീ. പി.കെ. വിശ്വനാഥന്റെ വസ്തുവിലേക്കുള്ള നടവഴി 1.90 മീറ്റർ വീതിയിലും 17.5 മീറ്റർ നീളത്തിലും പൊതുവഴിയായി നിലനിർത്താൻ തടസ്സമായി നിലനിൽക്കുന്ന മതിലും ഷെഡും പൊളിച്ചുമാറ്റാൻ അടാട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നതായും എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ലായെന്ന് ഉന്നയിച്ച് ശ്രീ. പി.വി സജൻ എന്നായാൾ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ ഉത്തരവ് നടപ്പിലാക്കി പരാതി പരിഹരിച്ച് പരാതി കക്ഷിക്ക് മറുപടി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നടപ്പിലാക്കുന്നതിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടാട്ട് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) അനുബന്ധമായി* ചേർക്കുന്നു.

(ഡി) ബഹു. കേരള ഹൈക്കോടതി WP(C) 3551/12 നമ്പർ ഹർജിയിന്മേൽ 17-2-2012-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നില്ലെന്ന പി.കെ. വിശ്വനാഥൻ & പി.വി. സജൻ എന്നിവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനാണ് അടാട്ട് ഗ്രാമപഞ്ചായത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളത്.

## സ്വകാര്യവ്യക്തികളുടെ കൈവശമുള്ള കുളം പൊതു ആവശ്യത്തിനായി ഏറ്റെടുക്കാൻ നടപടി

156 (4820) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളം പൊതു ആവശ്യത്തിനായി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കുവാൻ സാധിക്കുമോ; എങ്കിൽ അതിന്റെ നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഇപ്രകാരം ഏറ്റെടുക്കുന്ന കുളങ്ങളുടെ നവീകരണത്തിന് ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടം 3(1)-ൽ ഒരു പഞ്ചായത്തിന് അതിന്റെ അതിർത്തി പ്രദേശത്തിൽപ്പെട്ടതോ പുറത്തുള്ളതോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽമൂലമോ അല്ലാതെയോ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി ആർജ്ജിക്കാവുന്നതാണെന്നും, ചട്ടം 3(2)-ൽ വസ്തു ആർജ്ജിക്കൽ തൽസമയം പ്രാബല്യത്തിലുള്ള ഭൂമി വിലയ്ക്കെടുക്കൽ ആക്ടും അതിനു കീഴിലുള്ള ചട്ടങ്ങളും പ്രകാരമോ അല്ലെങ്കിൽ സ്വകാര്യ വിലയ്ക്കുവാങ്ങൾ മുഖാന്തിരമോ അല്ലെങ്കിൽ സൗജന്യമായി വിട്ടുകൊടുക്കൽ മുഖാന്തരമോ ആകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 14-2-2018 തീയതിയിലെ സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തിലെ നദി, ജലാശയങ്ങൾ, തോട്, കുളങ്ങൾ എന്നിവ നവീകരിക്കുന്നതിന് 'സുജലം' സംയുക്ത പദ്ധതിയിൽപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. കൂടാതെ എല്ലാത്തരം മണ്ണ്, ജലസംരക്ഷണ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിലൂടെയും, തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭ്യമല്ലെങ്കിൽ മാത്രം വികസന ഫണ്ട് ഉപയോഗിച്ചും ഏറ്റെടുക്കാവുന്നതാണ്.

## വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ പേരിൽ വ്യാജ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നിർമ്മിച്ചത്

157 (4821) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ 02/171 A എന്ന വ്യാജ കെട്ടിട നമ്പർ അനുവദിച്ച് ആയതിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ നൽകിയിട്ടുണ്ടോ യെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വ്യാജ കെട്ടിട നമ്പറുള്ള സർട്ടിഫിക്കറ്റ് വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകളിലോ മറ്റോ സമർപ്പിച്ചിട്ടുള്ളതായ പരാതി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ടിൻമേൽ ഗ്രാമപഞ്ചായത്ത് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ പേരിൽ പ്രസ്തുത വ്യാജ സർട്ടിഫിക്കറ്റ് ഉണ്ടാക്കിയവർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വ്യാജ സർട്ടിഫിക്കറ്റ് നിർമ്മിച്ചവർക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2/171 A എന്ന കെട്ടിട നമ്പർ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ അസസ്സ്മെന്റ് പ്രകാരം നിലവിൽ ഇല്ല. എന്നാൽ ഈ നമ്പരിൽ ഒരു സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി.-ക്ക് നൽകിയതായി വിവരം ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത് കെട്ടിട ഉടമയെ അറിയിക്കുകയും വേലന്താവളം കെ.എസ്.ഇ.ബി. അസി. എഞ്ചിനീയർക്ക് ഈ സർട്ടിഫിക്കറ്റ്

വ്യാജമാണെന്നും ഇത് ഉപയോഗിച്ച് എടുത്തിട്ടുള്ള വൈദ്യുതി കണക്ഷൻ റദ്ദ് ചെയ്യണമെന്നും നിർദ്ദേശിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല. ഈ സർട്ടിഫിക്കറ്റ് അനുവദിച്ചിരിക്കുന്നത് 3-5-2018-ന് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ഡി. വിക്ടർ രാജ് എന്നവരുടെ കയ്യൊപ്പോടുകൂടിയാണ്. ടിയാൾ 31-5-2018 ന് സർവ്വീസിൽ നിന്നും വിരമിച്ചു.

(ഇ) 4-1-2019-ലെ ബി1/43/2019 തപാൽ നമ്പരായി വിവരാവകാശ അപേക്ഷ ലഭിച്ചപ്പോഴാണ് അനുവദിച്ച സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് കണ്ടെത്തുന്നത്. അന്ന് വ്യാജ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി.-യിൽ നൽകിയ സംഭവത്തിൽ നിയമ നടപടി സ്വീകരിക്കുന്നതിന് തൽസമയം പോലീസിൽ പരാതി നൽകിയിരുന്നില്ല.

(എഫ്) വകുപ്പുതല നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല.

**ക്ഷേമ പെൻഷനുകൾക്കുള്ള മാനദണ്ഡങ്ങൾ**

158 (4822) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ പ്രയോരിറ്റി റേഷൻ കാർഡിൽ ഉൾപ്പെട്ടവർക്ക് സാമൂഹിക സുരക്ഷ പെൻഷനുകൾ ലഭ്യമാക്കി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഒരു ലക്ഷം രൂപയ്ക്ക് താഴെ വരുമാന പരിധി ഉള്ളവർക്ക് ക്ഷേമപെൻഷനുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ക്ഷേമപെൻഷനുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അർഹതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് നോൺ പ്രയോരിറ്റി കാർഡിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചു വരുന്നത്. നോൺ പ്രയോരിറ്റി കാർഡിൽ ഉൾപ്പെട്ടു എന്നത് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ തടസ്സമല്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒരു ലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രാദേശിക സർക്കാരുകൾ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് പെൻഷൻ ലഭ്യമാക്കുന്നുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ഭൂമി പതിച്ച് നൽകാൻ നടപടി**

159 (4823) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെമ്മനാട് ഗ്രാമപഞ്ചായത്ത് ഭൂമി (തെക്കിൽ വില്ലേജിൽ ആർ.എസ്. നമ്പർ 256/പിറ്റി യിൽപ്പെട്ട 0.04 ഏക്കർ ഭൂമി) താമസക്കാരായ ഏഴ് പേർക്ക് പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയൽ പരിഗണിച്ചു തുടങ്ങിയിട്ട് എത്ര വർഷമായെന്ന് അറിയിക്കാമോ; ഇതിന്റെ നടപടികൾ പൂർത്തീകരിക്കാൻ ഇത്രയും കാലതാമസം വേണ്ടി വന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നടപടികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടില്ല.

(ബി) ചെമ്മനാട് ഗ്രാമപഞ്ചായത്ത് ഭൂമി പതിച്ച് നൽകുന്ന നടപടിയുമായി ബന്ധപ്പെട്ട ഫയൽ പരിഗണിച്ചു തുടങ്ങിയിട്ട് 2 വർഷമായി. ടി ഗ്രാമപഞ്ചായത്തിലെ ആർ.എസ്. നമ്പർ 256/പിറ്റി-യിൽപ്പെട്ട 0.28 ഏക്കർ ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് 29-3-2017-ൽ സി3/6077/2017 നമ്പർ കത്ത് പ്രകാരം സ്ഥലം പുനർ നിക്ഷിപ്തമാക്കുന്നതിന് ജില്ലാ കളക്ടർ തയ്യാറാക്കിയ കരട് വിജ്ഞാപനം സർക്കാർ പരിഗണിക്കുകയും, ഇത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനം, ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനവും സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിവരവും, ഇവർ എത്ര കാലമായി ഭൂമി കൈവശം വച്ചു വരുന്നു, ഇവർക്ക് മറ്റെവിടെയെങ്കിലും ഭൂമിയുണ്ടോ, ഭൂമി പതിച്ച് കിട്ടുന്നതിന് ഗുണഭോക്താക്കൾ അർഹരാണോ, പരാമർശിത സ്ഥലത്തിന്റെ ബി.ടി.ആർ, അതിരുകൾ കൃത്യമായി രേഖപ്പെടുത്തിയ ലൊക്കേഷൻ സ്കെച്ച് എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായി. ആയതിന്മേൽ ചെമ്മനാട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ബി.ടി.ആർ., ലൊക്കേഷൻ സ്കെച്ച് എന്നിവ ഒഴികെയുള്ള റിപ്പോർട്ട് ലഭ്യമായി. ബി.ടി.ആർ., ലൊക്കേഷൻ സ്കെച്ച് എന്നിവ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടതിൽ 28-9-2018 നം 13-11-2018-നം തെക്കിൽ വില്ലേജ് ഓഫീസർക്ക് ലൊക്കേഷൻ സ്കെച്ചിനായി കത്ത് നൽകിയതിൽ മേൽപ്പറഞ്ഞ സ്ഥലത്തിന്റെ സ്കെച്ച് വില്ലേജ് ഓഫീസിൽ ലഭ്യമല്ലെന്നും ആയതിന് വേണ്ടി കാസർഗോഡ് തഹസീൽദാർക്ക് കത്തയയ്ക്കുകയും, പ്രസ്തുത ഓഫീസിൽ ഫയൽ ലഭ്യമല്ലാത്തതിനാൽ പുതിയ സർവ്വേ നടത്തി ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്ന താണെന്നും തെക്കിൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ലൊക്കേഷൻ സ്കെച്ച്, ബി.ടി.ആർ. എന്നിവ ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**രാമേശ്വരം വില്ലേജ് സർവ്വെ നമ്പർ 1743-ൽപ്പെട്ട 8 സെന്റ് ഭൂമി**

160 (4824) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ തോപ്പുംപടി പ്യാരി ജംഗ്ഷനിൽ പള്ളിച്ചാൽ റോഡിന് വടക്കുവശം സർവ്വെ നമ്പർ 1743-ൽ പ്പെട്ട 8 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ വകുപ്പിനാണോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ തോപ്പുംപടി പ്യാരി ജംഗ്ഷനിൽ പള്ളിച്ചാൽ റോഡിന് വടക്കുവശം സർവ്വെ നമ്പർ 1743-ൽപ്പെട്ട 8 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ വകുപ്പിനാണ്. ടി വസ്തു റോഡ് പുറമ്പോക്കിൽ പെട്ടതും കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിലുള്ളതുമാണ്.

**പ്രധാൻമന്ത്രി ആവാസ് യോജന**

161 (4825) <u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ:</u>
<u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാനത്ത് പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള കേന്ദ്രസംസ്ഥാന വിഹിതം എത്രയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാർ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഓരോ വീടിനുമുള്ള ധനസഹായത്തിന് പുറമേ ഗുണഭോക്താക്കൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ അവിദഗ്ദ്ധ തൊഴിൽ നൽകുന്നുണ്ടോ;

(ഇ) പി.എം.എ.വൈ.(ജി) ഭവന പദ്ധതിയെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം ആനുകൂല്യങ്ങളാണ് സംസ്ഥാന സർക്കാർ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 1.20 ലക്ഷം രൂപയാണ്. ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ അനുവദിക്കുന്നു. കേന്ദ്ര വിഹിതം 72,000 രൂപ, സംസ്ഥാന വിഹിതം 48,000 രൂപ

(സി) സംസ്ഥാന സർക്കാർ പി.എം.എ.വൈ. (ജി) പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതമായി ലഭിക്കുന്ന 1.20 ലക്ഷം രൂപ കിഴിച്ചുള്ള തുക ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നു.

(ഡി) പി.എം.എ.വൈ. (ജി)-യിൽ നിർമ്മിക്കുന്ന വീടുകൾക്ക് 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നൽകുന്നുണ്ട്.

(ഇ) പി.എം.എ.വൈ. (ജി)- യുടെ യൂണിറ്റ് കോസ്റ്റ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 1.20 ലക്ഷം രൂപയാണ്. എന്നാൽ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫിന്റെ ഭാഗമായി പി.എം.എ.വൈ. (ജി) വീടുകളുടേയും യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായും, എസ്.ടി. സങ്കേതങ്ങളിൽ 6 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് നൽകുന്നു. കേന്ദ്ര വിഹിതമായ 1.20 ലക്ഷം രൂപ കിഴിച്ചുള്ള ബാക്കി തുക ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നു.

## അമൃത് പദ്ധതി

162 (4826) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതി പ്രകാരം കോഴിക്കോട് കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) അമൃത് പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷനിൽ വാട്ടർ സപ്ലൈ, സ്വീവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ 5 സെക്ടറുകളിലായി 284.64 കോടി രൂപയുടെ 50 പദ്ധതികളാണ് നടപ്പിലാക്കുന്നത്.

- വാട്ടർ സപ്ലൈ സെക്ടർ

96.32 കോടി രൂപയുടെ 28 പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 27 പദ്ധതികളുടെ പണി ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയും 7 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

- സ്വീവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ് സെക്ടർ

130.60 കോടി രൂപയുടെ 3 പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരികയാണ്.

- സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടർ

41.43 കോടി രൂപയുടെ 10 പദ്ധതികൾക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്.

- അർബൻ ട്രാൻസ്പോർട്ട് സെക്ടർ

11.35 കോടി രൂപയുടെ ഒരു പദ്ധതിക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളത്. പദ്ധതി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്ത് കെ.എം.ആർ.എൽ. മുഖേന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

- പാർക്ക് സെക്ടർ

4.92 കോടി രൂപയുടെ 8 പദ്ധതികൾക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളത്. പദ്ധതികളെല്ലാം തന്നെ ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്ത് പ്രവർത്തനങ്ങൾ നടന്നുവരുന്നു

(ബി) അമൃത് പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷനിൽ വാട്ടർ സപ്ലൈ, സ്വീവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ 5 സെക്ടറുകളിലായി 284.64 കോടി രൂപയാണ് ചെലവഴിക്കുന്നത്. വാട്ടർ സപ്ലൈ സെക്ടറിലെ പദ്ധതികൾ പൂർണ്ണമായും വാട്ടർ അതോറിറ്റി മുഖേനയും അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ പദ്ധതി കെ.എം.ആർ.എൽ. മുഖേനയും മറ്റു സെക്ടറുകളിലെ പദ്ധതികൾ നഗരസഭാ മുഖേനയുമാണ് നടപ്പിലാക്കുന്നത്. നഗരസഭ എൻജിനീയറിംഗ് വിംഗിനെ സഹായിക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ 2 എൻജിനീയർമാരെയും 4 ഓവർസിയർമാരേയും നിയമിച്ച് പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഓടകളുടെയും കനാലുകളുടേയും പുനരുദ്ധാരണവും നിർമ്മാണവും

163 (4827) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് നഗരങ്ങളിലെ പ്രധാന ഓടകളുടെയും കനാലുകളുടെയും പുനരുദ്ധാരണവും നിർമ്മാണവും നടത്തി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഡ്രെയിനേജ് സെക്ടറിൽ എത്ര പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്; ഏറ്റെടുത്ത പദ്ധതികളിൽ എത്ര ശതമാനമാണ് പൂർത്തിയാക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ബി) ആകെ പദ്ധതി പ്രകാരം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് ഇത്തരത്തിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്;

(സി) പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് മൂലം നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ലായെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 385.19 കോടി രൂപയുടെ 508 പദ്ധതികൾക്കാണ് (മുഖ്യ പദ്ധതികൾ 116) അംഗീകാരം ലഭിച്ചിട്ടുള്ളത്. 51.72 കോടി രൂപയുടെ 156 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി സെക്ടറിലെ 30.71% പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 382.42 കോടി രൂപ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. നാളിതുവരെ പദ്ധതിക്കായി 80.61 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ 21.78% രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്. അമൃത് പദ്ധതിയിൽ ഏറ്റെടുത്ത് നടത്തിവരുന്ന എല്ലാ പദ്ധതികളും 2020 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**യു.ജി.സി. കരട് ചട്ടം**

164 (4828) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സംസ്കാരം പഠിപ്പിക്കുവാനും നാടിന്റെ വികസനത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും ലക്ഷ്യമിട്ട് യു.ജി.സി. കരട് ചട്ടം പുറത്തിറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ ചട്ടം സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ സംസ്കാരം പഠിപ്പിക്കുക, നാടിന്റെ വികസനത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക എന്നീ ലക്ഷ്യങ്ങളോടെ യു.ജി.സി. 2019-ൽ ദേശീയ കരിക്കുലം & ഫ്രെയിംവർക്കും മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. Fostering Social Responsibility & Community Engagement in Higher Education Institutions in India എന്നാണ് മേൽ ആശയത്തിനെ നാമകരണം ചെയ്തിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സമൂഹവും തമ്മിൽ പരസ്പര ബഹുമാനവും സഹവർത്തിത്തവും വളർത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,

ജില്ലാ ഭരണ സംവിധാനം, പ്രാദേശിക സംരംഭകർ തുടങ്ങിയവരെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ആശയം. ഈ രീതിയിലുള്ള പഠന-സമ്പർക്ക പരിപാടികൾ സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ മാത്രമല്ല, എല്ലാ ധാരയിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും നിർബന്ധമാക്കണമെന്നാണ് മേൽ രേഖയിൽ പറഞ്ഞിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ക്രെഡിറ്റ് നൽകേണ്ടതാണെന്നും യു.ജി.സി. രേഖയിൽ പറയുന്നുണ്ട്.

(ബി) യു.ജി.സി. കരട് ചട്ടം നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല. യു.ജി.സി. കരട് ചട്ടത്തിലെ ആശയത്തോട് ഏറെ സമാനതകളുള്ള പ്രബുദ്ധത പദ്ധതി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ സീറ്റുകളുടെ അപര്യാപ്തത

165 (4829) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, പ്രത്യേകിച്ച് മലബാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുഭവപ്പെടുന്ന സീറ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ;

(സി) ഈ അധ്യയന വർഷം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലകളിൽ പുതിയ കോളേജുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) നിലവിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബിരുദ പഠനത്തിനായി മലബാർ മേഖലയിലെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ മാത്രം 1800 സീറ്റുകൾ വിവിധ ബ്രാഞ്ചുകളിലായി നിലവിലുണ്ട്. പോളീടെക്നിക് കോളേജുകളിൽ 4205 ത്രിവൽസര ഡിപ്ലോമ സീറ്റുകൾ ഉണ്ട്. കൂടാതെ, സ്വാശ്രയ

മേഖലയിലും സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ മേഖലയിൽ ഉൾപ്പെടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ മാത്രം 56 പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) ഓരോ കേസ്സിലും ആവശ്യകത പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വിഭവ ശേഖരണം**

166 (4830) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വിഭവ ശേഖരണം ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരം ഒരു വിവരശേഖരണം നടത്തുവാനുണ്ടായ സാഹചര്യമെന്താണെന്നറിയിക്കുമോ;

(സി) ഏതൊക്കെ കാര്യങ്ങളാണ് സർവ്വേ വഴി ശേഖരിച്ചത്;

(ഡി) സർവ്വകലാശാലകളുടെ സംസ്ഥാനത്തിന് പുറത്തുള്ള സെന്റർ സ്ഥാപനങ്ങളുടെ വിശദാംശവും ഇപ്രകാരം ശേഖരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സമഗ്ര വിവരശേഖരണം ലക്ഷ്യമാക്കി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഓൺലൈൻ പോർട്ടൽ വഴിയാണ് വിവരശേഖരണം നടത്തുന്നത്. ഇതിനകം 500-ൽ പരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

(ബി) ഉന്നതവിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട നയരൂപീകരണ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ ഒരു ഘടകം ആധികാരികമായ ഡേറ്റ ആണ്. പുതിയ പദ്ധതികളും അക്കാദമിക് പരിപാടികൾ ആവിഷ്കരിക്കുന്നതിനും കൃത്യമായ ഡേറ്റ ആവശ്യമാണ്. റൂസ അടക്കമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഫണ്ട് തരം തിരിക്കുന്നത് ഡേറ്റാ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പ്രൊപ്പോസൽ പരിഗണിച്ചാണ്. വിവിധ അക്കാദമിക് പ്രോഗ്രാമുകളെക്കുറിച്ചും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും അദ്ധ്യാപകരെക്കുറിച്ചുമൊക്കെയുള്ള വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡേറ്റാ ബാങ്ക് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അക്കാദമിക് സമൂഹത്തിനും പ്രയോജനപ്പെടുത്താൻ കഴിയും.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ, ഭൗതീക സൗകര്യങ്ങൾ, സ്കോളർഷിപ്പ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ, അക്കാദമിക് പ്രോഗ്രാമുകൾ സംബന്ധിച്ച വിവരങ്ങൾ, അദ്ധ്യാപക-അനദ്ധ്യാപകരുടെ യോഗ്യത അടക്കമുള്ള വിശദാംശങ്ങൾ, വിദ്യാർത്ഥികളെ സംബന്ധിച്ച ഡേറ്റാ തുടങ്ങി സമഗ്ര വിവരങ്ങളാണ് ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ വഴി ശേഖരിക്കുന്നത്.

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും വിവര ശേഖരണമാണ് ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ ലക്ഷ്യമിടുന്നത്.

### ഏകീകൃത അക്കാദമിക് കലണ്ടർ

167 (4831) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രവേശനം മുതൽ പരീക്ഷവരെയുള്ള പ്രവർത്തനം സംബന്ധിച്ച അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കാറുണ്ടോയെന്നും ഇതിന് ഏകീകൃത സ്വഭാവമുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) പ്രവേശനം, പരീക്ഷ എന്നിവ നടത്തുന്നതിന് വിവിധ സർവ്വകലാശാലകൾ തമ്മിൽ ഏകീകൃത സ്വഭാവമില്ലാത്തതു കാരണം വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും ഉപരിപഠനത്തിനും ജോലി ലഭ്യതയ്ക്കും തടസങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

## കോളേജ് വിദ്യാർത്ഥികൾ അനുഭവിക്കുന്ന മാനസിക പ്രശ്നങ്ങൾ

168 (4832) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ കോളേജുകളിൽ പഠിക്കുന്ന പെൺകുട്ടികളിൽ വലിയൊരു വിഭാഗം ഡിപ്രഷൻ ഉൾപ്പെടെയുള്ള മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നവരാണെന്ന കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 11.8 ശതമാനം വരുന്ന വിദ്യാർത്ഥിനികൾ ആംഗ്സൈറ്റി ഡിസോഡർ ഉള്ളവരും, മദ്യത്തിനും, മയക്ക് മരുന്നിനും അടിമകളാണെന്നതും ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥിനികളുടെ മാനസിക പ്രശ്നങ്ങളും, മാനസിക പിരിമുറുക്കവും തുടക്കത്തിൽ തന്നെ കണ്ടെത്തി ചികിത്സയ്ക്ക് വിധേയമാക്കുന്നതിന് കോളേജ് തലത്തിൽ തന്നെ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) കോളേജുകളിലെ പെൺകുട്ടികളിൽ മാനസിക പ്രശ്നങ്ങളും മറ്റ് ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവരുണ്ടെങ്കിൽ ആയത് കണ്ടെത്തി പരിഹരിക്കുന്നതിന് കോളേജ് തലത്തിൽ Women Cell, Anti Ragging Committee എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കോളേജുകളിൽ വുമൺ സെല്ലിന്റെ നേതൃത്വത്തിൽ പെൺകുട്ടികൾക്ക് ഇത്തരം വിഷയത്തിൽ കൗൺസിലിംഗുകൾ നൽകാറുണ്ട്.

## ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം

169 (4833) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് കോളേജുകളിൽ എത്ര ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഗസ്റ്റ് അദ്ധ്യാപകരുടെ വേതന വർദ്ധനവ് യു.ജി.സി. മാനദണ്ഡ പ്രകാരമാണോ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) യു.ജി.സി. യോഗ്യതയുള്ള സ്ഥിരം അദ്ധ്യാപകരുടെയും ഗസ്റ്റ് അദ്ധ്യാപകരുടെയും വേതനം സംബന്ധിച്ചുള്ള ഡിസ്പാരിറ്റി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ 380-ഉം എയ്ഡഡ് കോളേജുകളിൽ 1879 -ഉം ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്തുവരുന്നു.

(ബി) യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകളുള്ള ഗസ്റ്റ് അദ്ധ്യാപകർക്ക് 1750 രൂപ പ്രതിദിന നിരക്കിൽ പരമാവധി 43,750 രൂപയും യു.ജി.സി. യോഗ്യത ഇല്ലാത്ത ഗസ്റ്റ് അദ്ധ്യാപകർക്ക് 1,600 രൂപ പ്രതിദിന നിരക്കിൽ പരമാവധി 40,000 രൂപയും നൽകിവരുന്നു.

(സി) യു.ജി.സി. യോഗ്യതയുള്ള സ്ഥിരം അദ്ധ്യാപകന് 15600+6000+AGP+DA+HRA എന്ന നിരക്കിലും യു.ജി.സി. യോഗ്യതയുള്ള ഗസ്റ്റ് അദ്ധ്യാപകന് 1,750 രൂപ പ്രതിദിന നിരക്കിൽ 43,750 രൂപയും നൽകി വരുന്നു.

## ഓൺലൈൻ ബിരുദ കോഴ്സുകൾ

170 (4834) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ബിരുദ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട 2017-ലെ യു.ജി.സി. (ഓൺലൈൻ എഡ്യൂക്കേഷൻ) റെഗുലേഷൻ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ; പ്രസ്തുത റെഗുലേഷൻ സംബന്ധിച്ച് യു.ജി.സി.-ക്ക് എന്തെങ്കിലും കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഓൺലൈൻ രീതിയിൽ സർട്ടിഫിക്കറ്റ് ഡിഗ്രി, ഡിപ്ലോമ എന്നിവ നൽകുന്നതിനുള്ള നിബന്ധനകളെ സംബന്ധിച്ചിട്ടുള്ളതാണ് 2018 ജൂലൈയിൽ യു.ജി.സി. പുറപ്പെടുവിച്ച 'റെഗുലേഷൻ ഫോർ ഓൺ ലൈൻ കോഴ്സസ്.'

NAAC -ഗ്രേഡിംഗിൽ 3.26 മിനിമം സ്കോർ ഉള്ളതും, NIRF -റാംങ്കിംഗിൽ 100-ന് ഉള്ളിൽ വരുന്നതുമായ സർവ്വകലാശാലകൾക്ക് മാത്രമേ ഇത്തരം ഓൺലൈൻ കോഴ്സുകൾ നടത്താൻ പാടുള്ളൂ. നിലവിൽ റെഗുലർ കോഴ്സുകളായി നടത്തുന്ന പ്രോഗ്രാമുകൾക്കു മാത്രമേ ഓൺലൈൻ കോഴ്സുകൾ നടത്താൻ സാധിക്കുകയുള്ളൂ. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കോഴ്സുകൾ രൂപകൽപ്പന ചെയ്യാനും കോഴ്സുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റു കാര്യങ്ങൾ (eg. വീഡിയോ റെക്കോർഡ്, ടെസ്റ്റ്, ഡിസ്കഷൻ) ഇവയൊക്കെ ആഭ്യന്തരമായി തന്നെ രൂപകൽപ്പന ചെയ്യാനുള്ള ശേഷി ഉണ്ടായിരിക്കണം. 'SWAYAM' Digital platform മുഖേനയേ ഇത്തരം കോഴ്സുകൾ നടത്താൻ പാടുള്ളൂ. ഇത്തരം നിബന്ധനകളെല്ലാം പാലിക്കുന്ന സർവ്വകലാശാലകൾ യു.ജി.സി.-യുടെ ഓൺലൈൻ അപ്രൂവൽ വാങ്ങിയിരിക്കണം. ഇത്തരം കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സെന്റർ ഫോർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് (CIQA) സംവിധാനം പ്രസ്തുത സർവ്വകലാശാലകളിൽ സ്ഥാപിച്ചിരിക്കണം. പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരും മറ്റു ജീവനക്കാരും ഉണ്ടായിരിക്കണം. ഗുണനിലവാരത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടില്ല.

(ബി) 2016-ലെ യു.ജി.സി. ഓൺലൈൻ കോഴ്സുകൾ സംബന്ധിച്ച നിബന്ധന അനുസരിച്ച് 'SWAYAM' ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ നേടുന്ന ഓൺലൈൻ കോഴ്സുകളുടെ കുറഞ്ഞത് 20% ക്രെഡിറ്റെങ്കിലും റെഗുലർ പ്രോഗ്രാമുകളിൽ അംഗീകരിക്കണം. ഇതു സർവ്വകലാശാലകളിലേയും കോളേജുകളിലേയും 20% അദ്ധ്യാപക ജോലിഭാരം (Teachers working Load) കുറയ്ക്കാൻ ഇടയാക്കും. ഫലത്തിൽ ഇത്രയും അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുമോ എന്ന ആശങ്ക ഉയർന്നു വന്നിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ സംബന്ധിച്ച് യു.ജി.സി.-ക്ക് കത്ത് നൽകിയിട്ടില്ല.

**കലാലയങ്ങളിലെ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ**

171 (4835) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാലയങ്ങളിൽ ചില അദ്ധ്യാപകർ സംഘടിത വിദ്യാർത്ഥി സംഘടനകളുടെ ക്രമവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കലാലയങ്ങളെ ചിലപ്പോഴെങ്കിലും കലാപകേന്ദ്രങ്ങളായി മാറ്റുന്ന സാഹചര്യം സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) മാനസിക സമ്മർദ്ദത്തിൽപ്പെട്ട വിദ്യാർത്ഥികൾ ആത്മഹത്യക്ക് വരെ ഒരുങ്ങാൻ ഇത് കാരണമാവുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ കലാലയങ്ങളിലെ മനുഷ്യാവകാശ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

(ഡി) ഇല്ല.

**എഞ്ചിനീയറിംഗ് പഠനത്തിൽ പരിഷ്കാരം**

172 (4836) <u>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്പെഷ്യലൈസേഷന് അവസരം ഒരുക്കിയും പഠനഭാരം ലഘൂകരിച്ചും എഞ്ചിനീയറിംഗ് പഠനത്തിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സാങ്കേതിക സർവ്വകലാശാല എടുത്ത തീരുമാനം എന്തൊക്കെയാണ്; ബിരുദം കരസ്ഥമാക്കുവാൻ നേടേണ്ട ക്രെഡിറ്റ് കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) എഞ്ചിനീയറിംഗ് മേഖലയുമായി ബന്ധമില്ലാത്ത വിഷയങ്ങൾ സിലബസ്സിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ബി.ടെക്കിനോടൊപ്പം ഓണേഴ്സിന് ചേർന്ന് പഠനം പൂർത്തിയാക്കുമ്പോൾ സ്പെഷ്യലൈസേഷന് അവസരം ഒരുക്കിയിട്ടുണ്ടോ; മാറിയ പാഠ്യപദ്ധതി എന്ന് മുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 2019 ജൂൺ മുതൽ ബി.ടെക്. പാസ്സാകാൻ ആവശ്യമായ ക്രെഡിറ്റ് 182-ൽ നിന്ന് 162 ആയി കുറയ്ക്കാൻ തീരുമാനിച്ചു. ഓരോ പേപ്പറിനും ജയിക്കാൻ വേണ്ട മാർക്ക് 45 -ൽ നിന്നും 40 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സെമസ്റ്ററിൽ 6 മോഡ്യൂൾ എന്നത് 5 ആക്കാനും, 7,8 സെമസ്റ്ററിൽ

ഇന്റേൺഷിപ്പിന് കൂടുതൽ സൗകര്യമൊരുക്കാൻ ക്രെഡിറ്റുകളുടെ എണ്ണം 15 ആക്കുന്നതിനും ഇന്റേണൽ മാർക്കിന്റെ മിനിമം പരിധി ഒഴിവാക്കുന്നതിനും കലാകായിക മികവിന് ഗ്രേസ് മാർക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരിഷ്കരിച്ച സിലബസ് 2019 മുതൽ പ്രാബല്യത്തിൽ വരികയാണ്. ആയതിന്റെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

(ഡി) ഓരോ വിദ്യാർത്ഥിയുടേയും പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനാണ് ബി.ടെക്. ഓണേഴ്സ്. അവസാന രണ്ട് വർഷത്തെ സെമസ്റ്ററുകളിൽ കുറഞ്ഞത് 3 വിഷയങ്ങളിൽ 12 ക്രെഡിറ്റും ഓൺലൈൻ വഴി കുറഞ്ഞത് 2 വിഷയങ്ങൾക്ക് 8 ക്രെഡിറ്റും അധികമായി നേടുന്ന കുട്ടികൾക്ക് ബി.ടെക്. ഡിഗ്രിക്കു പകരം ബി.ടെക്. ഓണേഴ്സ് ഡിഗ്രി കരസ്ഥമാക്കാം. മൂന്നാം സെമസ്റ്റർ മുതൽ വിദ്യാർത്ഥികൾക്ക് മറ്റു പഠന ശാഖയിലുള്ള സ്പെഷ്യലൈസേഷനായ ബി.ടെക്. മൈനർ ഡിഗ്രി കോഴ്സുകളിലേക്ക് ചേരാൻ സാധിക്കും. നിശ്ചിത മിനിമം ക്രെഡിറ്റ് നേടുന്ന വിദ്യാർത്ഥികൾക്ക് മറ്റ് തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെ തുടർപഠനം പൂർത്തിയാക്കി ബി.വോക്. ഡിഗ്രി കരസ്ഥമാക്കാവുന്ന പദ്ധതിയും തയ്യാറായി വരുന്നുണ്ട്.

## വിദ്യാർത്ഥി സംഘടനകൾക്ക് അംഗീകാരം

173 (4837) ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കലാലയങ്ങളിൽ അംഗീകൃത വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കലാലയങ്ങളിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന വിദ്യാർത്ഥി സംഘടനകൾക്ക് അംഗീകാരം ലഭിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത്തരം സംഘടനകൾക്ക് ഏതൊക്കെ കാര്യങ്ങളിൽ ഇടപെടൽ നടത്താമെന്ന് വ്യക്തമാക്കുമോ;

(ഡി) കലാലയങ്ങളിൽ അധികൃതരുടെ നടപടിമൂലം ദുരിതം അനുഭവിക്കുന്നവർ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അതിന് പരിഹാരം ആവശ്യപ്പെടുന്നതിനും പരിഹാര നടപടികൾ ഉറപ്പാക്കുന്നതിനും വിദ്യാർത്ഥി സംഘടനകൾക്ക് സാധിക്കുമോ;

(ഇ) സ്വാശ്രയ കോളേജുകളിൽ നിന്നും വിദ്യാർത്ഥികൾക്കുണ്ടാകുന്ന വിവേചനപരമായ സമീപനങ്ങളിലും അടിസ്ഥാന ആവശ്യങ്ങൾ നിരാകരിക്കുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങളിലും ഇടപെടുന്നതിന് വിദ്യാർത്ഥി സംഘടനകൾക്ക് കഴിയുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിവിധ കലാലയങ്ങളിൽ അംഗീകൃത വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടില്ല.

(ബി-ഡി) കലാലയങ്ങളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സർക്കാർ പ്രത്യേക നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. പ്രസ്തുത നിയമനിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് സംഘടനകളുടെ അംഗീകാരം, കലാലയങ്ങളിൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളിൽ വിദ്യാർത്ഥി സംഘടനകൾക്ക് ഇടപെടുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച നിയമാവലി നിലവിൽ വരുന്നതാണ്.

(ഇ) പൊതുവേ സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ ക്യാമ്പസുകളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ നിരോധിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ചില മാനേജ്മെന്റുകൾ പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടപ്പിലാക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്കുണ്ടാകുന്ന അടിസ്ഥാന ആവശ്യങ്ങളിൽ സംഘടനകൾക്ക് ഇടപെടാനാകും.

## സർവ്വകലാശാലകൾ മാറ്റിവയ്ക്കുന്ന പരീക്ഷകൾ

174 (4838) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ സർവ്വകലാശാലകൾ മാറ്റിവയ്ക്കുന്ന പരീക്ഷകൾ ഞായർ ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും വിയോജിപ്പ് ആരെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ അദ്ധ്യായന വർഷം മുതൽ എല്ലാ സർവ്വകലാശാലകളുടെയും പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫല പ്രഖ്യാപനം എന്നിവ ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതിനായി ഏകീകൃത കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എല്ലാ സർവ്വകലാശാലകളിലെയും പരീക്ഷകളുടെയും പരീക്ഷാഫലം നിശ്ചിത തീയതിക്ക് മുമ്പ് പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) സർവ്വകലാശാലകളിലെ ബിരുദ / ബിരുദാനന്തര കോഴ്സുകളുടെ പകുതി സെമസ്റ്റർ പരീക്ഷകളുടെ നടത്തിപ്പ് കോളേജ് അധികൃതരെ ഏല്പിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള തീരുമാനം എന്താണ്?

ഉത്തരം

(എ) ഇതു സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി&സി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ-വൈസ്ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(ഡി) നൽകിയിട്ടുണ്ട്.

(ഇ) സർവ്വകലാശാലകളിലെ ബിരുദ/ബിരുദാനന്തര കോഴ്സുകളുടെ പകുതി സെമസ്റ്റർ പരീക്ഷകളുടെ നടത്തിപ്പ് കോളേജ് അധികൃതരെ ഏൽപ്പിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

**സർവ്വകലാശാലകളുടെ അക്കാദമിക് നിലവാരം**

175 (4839) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനും അക്കാദമിക് രംഗത്തെ പുരോഗതിക്കുമായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കുവാനാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ;

(സി) മലബാർ മേഖലയിൽ ഇപ്പോഴും കാലഹരണപ്പെട്ട കോഴ്സുകളാണ് പഠിപ്പിക്കുന്നത് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാനും ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂല പരിഷ്കരണം വരുത്തുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പരിപാടികളും പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സർവ്വകലാശാലകളുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും പ്രവർത്തനവും മികവും നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഗ്രെയ്ഡ് ചെയ്യാനും സ്ഥാപനങ്ങളെ ദേശീയ വിലയിരുത്തലിന് (NAAC അക്രഡിറ്റേഷന്) തയ്യാറെടുപ്പിക്കാനും ആരംഭിച്ചിട്ടുള്ള SAAC (state Assessment and Accreditation Centre), സർവ്വകലാശാലകളിലേയും കോളേജുകളിലേയും അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ ആരംഭിച്ചിരിക്കുന്ന Faculty Training Centre (FTC), സർവ്വകലാശാലകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖ പണ്ഡിതരുമായി നേരിട്ട് സംവദിക്കാൻ അവസരമൊരുക്കുന്ന എറുഡൈറ്റ് പദ്ധതി (Erudite Scholar in Residence Scheme), ഓരോ പ്രോഗ്രാമിനു പ്രവേശനം തേടുന്ന വിദ്യാർത്ഥികൾ പഠനത്തിലൂടെ ആർജ്ജിക്കുന്ന കഴിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കണമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രഖ്യാപിക്കുന്ന ഫലാധിഷ്ഠിത ബോധന-പഠന രീതി (Outcome Based Education & Graduate Attributes) പ്രയോഗതലത്തിൽ കൊണ്ടുവരാൻ നടത്തിവരുന്ന ആസൂത്രിത യജ്ഞം, കാലോചിതമായി കരിക്കുലം പരിഷ്കരിക്കാൻ നടത്തിവരുന്ന ശ്രമങ്ങൾ, മിടുക്കരായ വിദ്യാർത്ഥികളെ നോൺ-പ്രൊഫഷണൽ പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കാൻ നടപ്പിലാക്കിവരുന്ന ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് പദ്ധതി, പ്രാദേശിക തലത്തിൽ വിവിധ കോളേജുകളുടെ അക്കാദമിക-ഭൗതിക വിഭവങ്ങൾ പങ്കുവയ്ക്കാൻ അവസരമൊരുക്കുന്ന ക്ലസ്റ്റർ കോളേജ് പദ്ധതി, സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തി എല്ലാ വർഷവും നൽകിവരുന്ന ചാൻസലേഴ്സ് അവാർഡ്, സർവ്വകലാശാലകളേയും കലാലയങ്ങളേയും സമൂഹവുമായി അടുപ്പിച്ച്,

ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവൽക്കരണം സാദ്ധ്യമാക്കാൻ ആവിഷ്ക്കരിച്ചിരിക്കുന്ന പ്രബുദ്ധത പദ്ധതി തുടങ്ങിയവ യൂണിവേഴ്സിറ്റികളുടെ നിലവാര വർദ്ധനവ് ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന പദ്ധതികളും പരിപാടികളുമാണ്.

(ബി) പരമ്പരാഗത കോഴ്സുകൾ കൂടാതെ സമൂഹത്തിന് പൊതുവേയും വിദ്യാർത്ഥി സമൂഹത്തിന് പ്രത്യേകമായും പ്രയോജനപ്രദമായിട്ടുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ വിവിധ സർവ്വകലാശാലകൾ നടത്തിവരുന്നു. വർദ്ധിച്ച തൊഴിലവസരം പരിഗണിച്ച് പുതുതായി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ബിരുദം തുടങ്ങുവാനും തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകികൊണ്ട് പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ എന്നീ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്.

(സി) ഇല്ല.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരീക്ഷാ സംവിധാനത്തിൽ സമൂല മാറ്റം

176 (4840) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ ആന്തരിക തുടർ മൂല്യനിർണ്ണയത്തിന് കൂടുതൽ പ്രാധാന്യം നൽകി പരീക്ഷാ സംവിധാനത്തിൽ സമൂല മാറ്റം വരുത്തണമെന്ന് യു.ജി.സി. നിയോഗിച്ച വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) വിദ്യാർത്ഥികൾ ആഗ്രഹിക്കുന്ന പരീക്ഷ എഴുതുവാൻ അനുവദിക്കുക, പരീക്ഷ തട്ടിപ്പ് തടയുവാൻ ഹാൾടിക്കറ്റിൽ ബാർകോഡ് രേഖപ്പെടുത്തുക, ചോദ്യപേപ്പർ പരീക്ഷയ്ക്ക് തൊട്ട് മുമ്പ് ഓൺലൈനായി പരീക്ഷ സെന്ററിലേക്ക് അയച്ചുകൊടുക്കുക എന്നീ ശിപാർശകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പുതുക്കിയ സിലബസ്, പുറമേ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് വർക്ക് ഷോപ്പുകൾ/ശിൽപശാലകൾ, ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് സിസ്റ്റം, ഔട്ട് കം ബേസ്ഡ് എഡ്യൂക്കേഷൻ എന്നിവ അവയിൽ ചിലതാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 2017 അദ്ധ്യയന വർഷം മുതൽ പ്രവേശനം നൽകിയിട്ടുള്ള സർവ്വകലാശാല പഠന വകുപ്പുകളിലെ എല്ലാ പി.ജി. പരീക്ഷകളും തുടർമൂല്യ നിർണ്ണയത്തിന് പ്രാധാന്യം നൽകി പൂർണ്ണമായും ഇന്റേണൽ ആക്കിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് അവർക്ക് താൽപ്പര്യമുള്ള വിഷയങ്ങൾ മാതൃവകുപ്പിന്റെ പുറമേ നിന്നുള്ള ഡിപ്പാർട്ടുമെന്റിൽ നിന്ന് തിരഞ്ഞെടുത്ത് പഠിക്കുവാൻ സാധിക്കും. എം.ജി. സർവ്വകലാശാലയിൽ സപ്ലിമെന്ററി മേഴ്സി ചാൻസ്, സ്പെഷ്യൽ & സ്പെഷ്യൽ മേഴ്സി ചാൻസ് എന്നിവയിലൂടെ വിദ്യാർത്ഥികൾ ആഗ്രഹിക്കുന്ന പരീക്ഷ എഴുതാൻ സൗകര്യമൊരുക്കിയിട്ടുണ്ട്.

എം.ജി. സർവ്വകലാശാലയിൽ ഓൺലൈനായി ചോദ്യപേപ്പറുകൾ പ്രിൻസിപ്പൽമാർക്ക് ലഭ്യമാക്കി നടത്തുന്ന രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. നിലവിലെ വിദ്യാർത്ഥികളുടെ റഗുലർ പരീക്ഷകൾ അപ്രകാരമാണ് നടത്തിയത്. കേരള സർവ്വകലാശാലയിൽ B.Ed (Special Education), MCA, BASLP, MASLP, B.Com(Hl), B.Sc. Computer Science, BFA(Hl), BPED, MPE, B-Arch, BHMCT, M.Ed (Special Education) തുടങ്ങിയ പരീക്ഷകൾ ഓൺലൈനായി നടത്തുന്നുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഓൺലൈനായി ചോദ്യപേപ്പറുകൾ നൽകുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ വികസനം

177 (4841) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ രംഗത്തെ വികസനത്തിനായി 2018-19 വർഷം എത്ര രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുക ഏതൊക്കെ പ്രൊജക്ടുകൾക്കാണ് വിനിയോഗിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) റൂസ പദ്ധതിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ വികസനത്തിനായി 82.35 കോടി രൂപയാണ് 2018-19 വർഷം കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്.

(ബി)

<u>റൂസ-1 പദ്ധതി</u>

| പ്രോജക്ട് | | സ്ഥാപനം |
|---|---|---|
| 1 | ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് (ഘടകം 11) | UGC HRDC, കാര്യവട്ടം |
| 2 | ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റ്സ് ടു കോളേജസ് (ഘടകം 7) | 3 സർക്കാർ കോളേജുകൾ |
| 3 | ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റ്സ് ടു യൂണിവേഴ്സിറ്റീസ് (ഘടകം 3) | 2 സർവ്വകലാശാലകൾ (കുസാറ്റും, എം.ജിയും) |

<u>റൂസ-2 പദ്ധതി</u>

| പ്രോജക്ട് | | സ്ഥാപനം |
|---|---|---|
| 1 | ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റ്സ് ടു കോളേജസ് (ഘടകം 9) | 9 സർക്കാർ കോളേജുകൾ 104 എയ്ഡഡ് കോളേജുകൾ |
| 2 | എൻഹാൻസിംഗ് ക്വാളിറ്റി ആന്റ് എക്സലൻസ് (ഘടകം 8) | 5 സ്വയംഭരണ കോളേജുകൾ |

## കോളേജ് വിദ്യാഭ്യാസ വകുപ്പിൽ പുതിയ തസ്തികകൾ

178 (4842) <u>ശ്രീ. ജോർജ് എം. തോമസ് </u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ എയ്ഡഡ്/സർക്കാർ മേഖലയിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്നും അവ ഏതൊക്കെ കോളേജുകളിലാണ് എന്നും ഇനം തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എയ്ഡഡ്/സർക്കാർ മേഖലയിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടേയും അവ അനുവദിച്ച കോളേജുകളുടേയും വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങൾ

179 (4843) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ വകുപ്പ് എത്രപേർക്ക് പി.എസ്.സി. മുഖാന്തരം നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് തസ്തികകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. മുഖാന്തിരം 1507 പേർക്ക് നിയമനം നൽകുകയുണ്ടായി. ഇതു സംബന്ധിച്ച തസ്തിക തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## എയ്ഡഡ് കോളേജുകളിലെ റഗുലർ ലക്ചറർ നിയമനം

180 (4844) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ ഒരാഴ്ചയിൽ ഒൻപത് മണിക്കൂർ ക്ലാസ്സുണ്ടെങ്കിൽ റഗുലർ ലക്ചറർ നിയമനം നടത്താമെന്ന് 9-5-2018 -ലെ ജി.ഒ. (എം.എസ്.)93/2018/ഉന്നത വിദ്യാ. നമ്പർ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ ബാധകമാക്കി ആവശ്യമായ തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രതിപാദിച്ചിട്ടുണ്ട്.

(ബി) എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 9 മണിക്കൂറോ അതിലധികമോ വർക്ക് ലോഡ് ഉണ്ടെങ്കിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സർക്കാർ ഉത്തരവ് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ

181(4845) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-2-2016-ലെ G.O.(MS)No.60/2016/H.EDN ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ എയ്ഡഡ് കോളേജുകളിലെയും അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതാനും കോളേജുകളുടെ സ്റ്റാഫ് പാറ്റേൺ ഫിക്സ് ചെയ്ത് നൽകുകയും ഏതാനും കോളേജുകളുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകാതിരിക്കുകയും ചെയ്യുന്ന വിവേചനപരമായ നടപടി ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകിയ കോളേജുകൾ ഏതെല്ലാമാണ്; ഏതൊക്കെ കോളേജുകൾക്കാണ് സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകാതിരുന്നത്; വിശദമാക്കാമോ;

(ഡി) പുതിയ ഉത്തരവിറങ്ങിയതിനുശേഷം സ്റ്റാഫ് ഫിക്സേഷൻ നടത്താത്തത് കാരണം ഏതെങ്കിലും കോളേജുകളിൽ ഒരു പാറ്റേണും നിലവിലില്ലാത്ത അവസ്ഥയുണ്ടോ; വിശദമാക്കാമോ;

(ഇ) മേൽപരാമർശിച്ച ഉത്തരവിറങ്ങിയതിന് ശേഷമുള്ള സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിന് മുമ്പായി 17-9-2004 തീയതിയിലെ G.O. (MS)No.119/2004/H.EDN ഉത്തരവുപ്രകാരം നിലവിലുള്ള അനദ്ധ്യാപകരുടെ പ്രൊമോഷന് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. 29-2-2016-ലെ G.O.(MS)No.60/2016/H.EDN പ്രകാരം സംസ്ഥാനത്തെ 145 എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകിയിട്ടുണ്ട്.

(ബി) വിവേചനപരമായ ഒരു നടപടിയും ഉണ്ടായിട്ടില്ല. 'ഡി' ഗ്രേഡിൽ ഉൾപ്പെടുത്തിയിട്ടുള്ള എയ്ഡഡ് കോളേജുകളിലേയും ട്രെയിനിംഗ് കോളേജുകളിലേയും അറബിക് കോളേജുകളിലേയും സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ടുള്ള അനോമലി സർക്കാർ പരിശോധിച്ചുവരികയാണ്.

(സി&ഡി) സംസ്ഥാനത്തെ 145 എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകിയിട്ടുണ്ട്. എന്നാൽ അനോമലി കണ്ടെത്തിയിട്ടുള്ള 'ഡി' ഗ്രേഡിൽപ്പെട്ട 33 കോളേജുകളുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകിയിട്ടില്ല. പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ഇ) എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപകർക്ക് 29-2-2016- ന് മുൻപ് നൽകിയ സ്ഥാനക്കയറ്റങ്ങൾ സംബന്ധിച്ച് മാനേജ്മെന്റുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് നിയമാനുസൃതമായവയ്ക്ക് സ്ഥാനക്കയറ്റ അംഗീകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്.

## കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം

182 (4846) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപികയായി നിയമനം ലഭിച്ചിട്ടുള്ള ഷേർളി സാംസൺ-ന് നിയമന അംഗീകാരം നൽകിയിട്ടുണ്ടോ; ഇതിനായി കേരള യൂണിവേഴ്സിറ്റിയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) യൂണിവേഴ്സിറ്റിയുടെ ശിപാർശ ലഭിച്ചിട്ടും അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം ലഭിക്കാത്തതിന് കാരണം വിശദമാക്കുമോ;

(സി) അദ്ധ്യാപികയ്ക്ക്എത്രയും വേഗം നിയമനാംഗീകാരം നൽകി ശമ്പളം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപികയായ ശ്രീമതി ഷെർളി സാംസൺന്റെ നിയമനം യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടി നിയമനം സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ നോട്ടത്തിൽ അന്വേഷണം നടക്കുന്നതിനാൽ ടി അദ്ധ്യാപികയുടെ നിയമനം അംഗീകരിച്ച് സർക്കാർ ശമ്പളം അനുവദിച്ചിട്ടില്ല.

(ബി) 19-9-2016-ലെ ഡി2/423/2016/ഉവിവ. കത്ത് പ്രകാരം ഇംഗ്ലീഷ് വിഭാഗത്തിൽ നിയമനം നടത്തുന്നതിന് സർക്കാർ പ്രതിനിധിയെ അനുവദിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത കത്ത് പ്രകാരം അദ്ധ്യാപക നിയമനം നടത്തിയിട്ടില്ല എന്ന് മാനേജർ സർക്കാരിനെ അറിയിക്കുകയും അതിൻപ്രകാരം 3-7-2017-ൽ പുതുതായി സർക്കാർ പ്രതിനിധിയെ അനുവദിക്കുകയും ചെയ്തു. എന്നാൽ മാനേജ്മെന്റ് പുതുതായി സർക്കാർ പ്രതിനിധിയെ അനുവദിക്കുന്നതിന് മുൻപ് 1-6-2017-ൽ ടി അദ്ധ്യാപികയുടെ നിയമനം നടത്തിയിരുന്നു. ഈ വിഷയത്തിനുമേൽ അന്വേഷണം നടക്കുന്നതിനാൽ ടി അദ്ധ്യാപികയ്ക്ക് ശമ്പളം നൽകിയിട്ടില്ല.

(സി) പ്രസ്തുത അദ്ധ്യാപികയുടെ നിയമനം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ശമ്പളം അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്.

**മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്**

183 (4847) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആട്സ് ആന്റ്സയൻസ് കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം ഇനത്തിനുവേണ്ടിയാണ് അനുവദിച്ചിട്ടുള്ളത്; മേഖല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സാമ്പത്തികാനുമതി നൽകുന്നതിനായി വിശദമായ പദ്ധതി രേഖ കിഫ്ബിയിലെ ടെക്നിക്കൽ എക്സ്പേർട്ട് ടീം പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) കിഫ്ബിയുടെ സാമ്പത്തികാനുമതി ഉടൻ ലഭ്യമാക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 7,96,86,517.80 രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) ചുവടെ പറയുന്ന പ്രവൃത്തികൾക്കാണ് സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത്:

| | |
|---|---|
| അക്കാദമിക് ബ്ലോക്ക് | 4,08,22,845.48 |
| സംപ്, ജലവിതരണ സംവിധാനം | 9,50,470.69 |
| സെപ്റ്റിക് ടാങ്ക് | 5,68,582.63 |
| ലാൻഡ് സ്കേപ്പിംഗ് | 11,84,692 |
| ഇലക്ട്രിക്കൽ വർക്ക് | 38,91,927 |
| ക്ലാസ്സ് മുറികളുടെ ഡിജിറ്റൽവൽക്കരണം | 93,94,000 |
| ലബോറട്ടറിയുടെ നവീകരണം | 22,06,000 |
| ലൈബ്രറിയുടെ നവീകരണം | 78,35,000 |
| IT infrastructure | 1,08,40,000 |
| Language Lab | 19,90,000 |

(സി) കിഫ്ബിയുടെ ടെക്നിക്കൽ ടീം പരിശോധനകൾ നടത്തിയതിനുശേഷം ചില നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് മറുപടിയും നൽകിയിട്ടുണ്ട്.

(ഡി) ടെക്നിക്കൽ ടീമിന്റെ നിർദ്ദേശം/അഭിപ്രായങ്ങൾക്ക് മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉടൻ തന്നെ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

184 (4848) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സർക്കാർ ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള മാൻഡേറ്ററി അദർ കമ്പോണൺസ് (mandatory other components)-ൽ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) കോളേജിന്റെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ KITE സമർപ്പിച്ച 8.62 കോടി രൂപയുടെ വിശദ പദ്ധതിരേഖ കിഫ്ബിയിൽ പരിശോധിച്ചു വരുന്നു.

## മങ്കട സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം

185 (4849) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) പുതിയതായി പണിതുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ 80% നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. പ്ലംബിംഗ്, പെയിന്റിംഗ്, വയറിംഗ് ഒന്നാം നിലയുടെ ടൈൽ വർക്കുകൾ തുടങ്ങിയവ പുരോഗമിച്ചുവരുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട സർക്കാർ കോളേജിലെ സമഗ്ര വികസനത്തിനായി 7.96 കോടി രൂപയുടെ വിശദ പദ്ധതിരേഖ കിഫ്ബിയിൽ പരിശോധനയിലാണ്.

## കാലടി സർവ്വകലാശാല ഭരണസമിതിയും ശിക്ഷാനടപടിയും

186 (4850) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സർവ്വകലാശാലയിലെ അഴിമതിയും ധൂർത്തും ദുർഭരണവും തുറന്നുകാട്ടിയ ജീവനക്കാർക്ക് നേരെ സർവ്വകലാശാല ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) ജീവനക്കാർക്കെതിരെ ഭരണസമിതി നടത്തുന്ന നിയമവിരുദ്ധമായ ശിക്ഷാ നടപടിയും സ്ഥലംമാറ്റവും റദ്ദാക്കാനും നിയമാനുസൃതമായി മാത്രം പ്രവർത്തിക്കാനും ഭരണസമിതിക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) സർവ്വകലാശാലയുടെ എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമാണ് നടക്കുന്നത്. യാതൊരുവിധ മുൻകൂർ നോട്ടീസും നൽകാതെ സർവ്വകലാശാല വൈസ് ചാൻസലറുടെ ഓഫീസ് ഉപരോധിക്കുകയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി വൈസ് ചാൻസലറെ സന്ദർശിച്ച് മടങ്ങിയ സിൻഡിക്കേറ്റംഗവും വനിതാ അദ്ധ്യാപികയുമായ പ്രൊഫ (ഡോ.) ടി. മിനി-യെ ബലാൽക്കാരമായി തടഞ്ഞ് വയ്ക്കുകയും സ്ത്രീത്വത്തെ അപമാനിക്കുകയും ചെയ്ത മൂന്ന് ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിരുന്നു. പിന്നീട് അന്വേഷണം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള സിൻഡിക്കേറ്റ് തീരുമാനത്തിന് വിധേയമായി, അച്ചടക്ക നടപടികൾ തുടരുമെന്ന വ്യവസ്ഥയോടെ അവരെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയും അന്വേഷണ സമിതിയുടെ റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കുന്നതിനായി വിഷയം സിൻഡിക്കേറ്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ഇലന്തൂർ കോളേജിന് ഭൂമിയും കെട്ടിടവും

187 (4851) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിലെ ഇലന്തൂർ ആർട്സ് ആന്റ് സയൻസ് കോളേജിന് ഭൂമി ഏറ്റെടുക്കൽ നടപടി ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) കെട്ടിടത്തിന് തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇലന്തൂർ സർക്കാർ കോളേജിന് വേണ്ടി കേരള ഖാദി ബോർഡിന്റെ അധീനതയിലുള്ള 3 ഏക്കർ സ്ഥലം കേരളാ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ 3-7-2015-ലെ കെ.ബി.3189/2014/V1/HMP നമ്പർ ഉത്തരവ് പ്രകാരം സർക്കാരിന് വിട്ട് നൽകാൻ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച നടപടികൾ പത്തനംതിട്ട ജില്ലാ കളക്ടറുടെ പരിഗണനയിലാണ്. സ്വകാര്യ വ്യക്തികളിൽനിന്നും കോളേജിന് വേണ്ടി 2 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിർമ്മാണ പ്രവർത്തനത്തിന് ഫണ്ട് അനുവദിച്ചിട്ടില്ല.

## നിലമ്പൂർ ഗവ. കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

188 (4852) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സർക്കാർ കോളേജിൽ അദ്ധ്യാപക തസ്തികകൾ അനുവദിക്കാത്തതു കാരണം പ്രയാസങ്ങൾ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധ്യാപക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് 16-2-2018-ലെ P1/40925/2012/College education എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിലമ്പൂർ ഗവൺമെന്റ് കോളേജിൽ ജൂനിയർ സൂപ്രണ്ട്, ക്ലർക്ക്, ഓഫീസ് അറ്റന്റന്റ് എന്നീ തസ്തികകൾ എങ്കിലും അടിയന്തരമായി അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. നിലമ്പൂർ സർക്കാർ കോളേജിൽ 8 അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി&സി) നിലമ്പൂർ സർക്കാർ കോളേജിൽ സീനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ലൈബ്രേറിയൻ ഗ്രേഡ് IV, ലാബ് ലൈബ്രറി അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ അനദ്ധ്യാപക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കുന്നതിനായി നിശ്ചിത പ്രൊഫോർമയിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയ പ്രകാരം പ്രൊഫോർമ ലഭ്യമായെങ്കിലും സാമ്പത്തിക ബാദ്ധ്യതയുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാകാത്തതിനാൽ പ്രസ്തുത സ്റ്റേറ്റ്മെന്റുകൂടി ഉൾപ്പെടുത്തി സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോളേജുകൾക്ക് സ്വയംഭരണ പദവി-മാനദണ്ഡങ്ങൾ

189 (4853) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും കോളേജുകൾക്ക് സ്വയംഭരണ പദവി ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) സ്വയം ഭരണപദവി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഒരു കോളേജിനും സ്വയംഭരണ പദവി നൽകിയിട്ടില്ല.

(ബി) കേരളത്തിലെ University Laws (3rd Amendment) Act 2014-ലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് നിലവിൽ സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകിവരുന്നത്.

## ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ

190 (4854) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇന്റഗ്രേറ്റഡ് ബി.എഡ്.കോഴ്സുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശം പാലിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലെയും യൂണിവേഴ്സിറ്റികൾ ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ ആരംഭിച്ചിട്ടും സംസ്ഥാനത്ത് ഇത് ആരംഭിക്കാത്തതിനാൽ വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള അസൗകര്യം പരിഹരിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ബി.എഡ്. ട്രെയിനിംഗ് കോളേജുകൾ സ്വതന്ത്രമായാണ് നിലനിൽക്കുന്നത്. ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ ആരംഭിക്കുന്നതിന് പ്രസ്തുത ബി.എഡ്. കോളേജുകളോടൊപ്പം ഡിഗ്രി കോഴ്സുകൾക്കായുള്ള ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കേണ്ടതായും അല്ലെങ്കിൽ ഡിഗ്രി കോളേജുകളിൽ ബി.എഡ് കോഴ്സുകൾ ആരംഭിക്കേണ്ടതായും വരും. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശം പാലിക്കുന്നതിന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ സർക്കാർ/ എയ്ഡഡ് കോളേജുകളിൽ ആരംഭിക്കുകയാണെങ്കിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ കോഴ്സുകൾ**

191 (4855) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ സർക്കാർ/ എയ്ഡഡ്/അൺഎയ്ഡഡ്, ആർട്സ്, സയൻസ് കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമാണെന്നും അവയിൽ നിലവിലുള്ള ഡിഗ്രി/പിജി/ഡിപ്ലോമ കോഴ്സുകളുടെ പേരും സീറ്റുകളുടെ എണ്ണവും വെളിപ്പെടുത്തുമോ;

(ബി) ഈ വർഷം ജില്ലയിൽ എത്ര പേർ പ്ലസ് ടു പഠനം പൂർത്തിയാക്കി; എത്ര പേർ പ്രസ്തുത കോളേജുകളിൽ പ്രവേശനം നേടി; കോഴ്സുകൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പഠന സൗകര്യങ്ങളും അപേക്ഷകരുടെ എണ്ണവും വെളിപ്പെടുത്തുമോ;

(ഡി) ജില്ലയിലെ എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിലും പുതിയ ഡിഗ്രി/പിജി കോഴ്സുകൾ അനുവദിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ പോളിടെക്നിക് കോളേജുകളുടെ പേരും സീറ്റുകളുടെ എണ്ണവും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത ജില്ലയിൽ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. 2019 KEAM പ്രോസ്പെക്ടസ് പ്രകാരം മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ 9 സർക്കാർ ആർട്സ് & സയൻസ് കോളേജുകളും 13 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും 7 എയ്ഡഡ് അറബിക് കോളേജുകളുമാണുള്ളത്. പ്രസ്തുത കോളേജിൽ നിലവിലുള്ള കോഴ്സുകളുടെ വിവരങ്ങൾ (ഡിഗ്രി/പി.ജി.) അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ഈ വർഷം മലപ്പുറം ജില്ലയിൽ 75328 പേർ പ്ലസ് ടു പഠനം പൂർത്തിയാക്കിയിട്ടുണ്ട്. വിവിധ ഡിപ്ലോമ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി മലപ്പുറം ജില്ലയിൽനിന്നും 17-6-2019 വരെ 86958 അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Recourse Initiatives of Collegiate Education) മുഖേന Beyond Syllabi മലയാള സാഹിത്യ യാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസ്സുകൾ, Scholar Support Programme, Walk with Scholar, ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി, ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി, സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിന് സ്കോളർഷിപ്പുകൾ സംഗീതം, കല, പെർഫോർമിംഗ് ആർട്സ് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme" , ഉന്നത വിദ്യപീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി, അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതിയും നടത്തിവരുന്നുണ്ട്. ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വികലാംഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സ്ഥാപനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ് ഉന്നത വിദ്യാഭ്യാസം സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആൻഡ് റിസർച്ച് തിരുവനന്തപുരം, റെക്കറിംഗ് ഗ്രാന്റ് ഇൻ എയ്ഡഡ്, പോസ്റ്റ് മെട്രിക്, പോസ്റ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇന്റർമീഡിയേറ്റും ബിരുദാനന്തര പഠനങ്ങൾക്കുള്ള ദേശീയ സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ വകുപ്പിന് കീഴിൽ നടന്നുവരുന്നുണ്ട്. കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ സമഗ്ര വികസനത്തിനായി പ്രത്യേക നിക്ഷേപ പദ്ധതി ആവിഷ്കരിക്കുകയും ഇതിന്റെ ഭാഗമായി 2030 മുന്നിൽ കണ്ട് കോളേജുകളുടെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയതിന്റെ തുടർനടപടികളും നടന്നുവരികയാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവേഷണത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് & ഡെവലപ്മെന്റ് (CERD). പഠന ബോധന പ്രവർത്തനങ്ങളുടെ നിലവാരം ഉയർത്തലും നൈപുണ്യ വിടവ് പരിഹരിക്കലും എന്ന പദ്ധതിക്ക് പുറമെ ഗവേഷണ സംരംഭങ്ങൾ എന്ന പേരിലുള്ള പദ്ധതിയിൽ 5 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല. വിവിധ ഡിപ്ലോമ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി മലപ്പുറം ജില്ലയിൽ നിന്നും 17-6-2019 വരെ 86958 അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ കോളേജുകളിൽ 2019-20 വർഷം പുതിയ യു.ജി. & പി.ജി. കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

## സംസ്ഥാനത്തെ വിദ്യാർത്ഥികൾ അന്യസംസ്ഥാന സർവ്വകലാശാലകളിൽ ചേരുന്നത്

192 (4856) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷകളുടെ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും ഗുരുതരമായ കാലതാമസം ഉണ്ടാകാറുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴ്സുകളുടെ നടത്തിപ്പിലുണ്ടാകുന്ന ഈ അലംഭാവം കാരണം വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിൽ ചേരേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വിദ്യാർത്ഥികളിൽ വലിയൊരു ശതമാനം ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കായി അന്യസംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിലേയ്ക്ക് മാറുന്ന സ്ഥിതിവിശേഷം പ്രത്യേകമായി പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥിതിവിശേഷം പഠിക്കുന്നതിനും ഇത്തരം വിദ്യാർത്ഥികളെ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അസാധാരണമായ കാലതാമസം ഉണ്ടാകാറില്ല. നിർദ്ദിഷ്ട സമയത്തിനുള്ളിൽ പരീക്ഷകൾ നടത്തിയും കൃത്യസമയത്ത് ഉത്തര കടലാസ്സുകൾ മൂല്യനിർണയത്തിന് സജ്ജമാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയും കേന്ദ്രീകൃത മൂല്യനിർണ്ണയ രീതി അവലംബിച്ചും കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നെത്തുന്ന മാർക്കുകൾ നിശ്ചിത സമയത്ത് രേഖപ്പെടുത്തി ഫലം പ്രഖ്യാപിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയും പരീക്ഷാ ഫലങ്ങൾ കാലവിളംബമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ വിവിധ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്.

(ബി-ഡി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. വിദ്യാർത്ഥികൾ അന്യസംസ്ഥാന സർവ്വകലാശാലകളിലേയ്ക്ക് മാറുന്നതു സംബന്ധിച്ച് പ്രത്യേകമായി പരിശോധന നടന്നിട്ടില്ല. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

## ആത്മഹത്യക്ക് ശ്രമിച്ച വിദ്യാർത്ഥിനിയുടെ തുടർപഠനത്തിന് സ്വീകരിച്ച നടപടികൾ

193 (4857) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥി സംഘടന നേതാക്കളുടെ മാനസിക പീഡനത്തിൽ മനംനൊന്ത് കോളേജിൽവച്ച് ആത്മഹത്യക്ക് ശ്രമിച്ച വിദ്യാർത്ഥിനിയുടെ തുടർ പഠനത്തിന് കോളേജ് മാറ്റം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കോളേജിലേയ്ക്കാണ് മാറ്റം അനുവദിച്ചത്;

(ബി) പുതിയ കോളേജിലും പ്രസ്തുത വിദ്യാർത്ഥി സംഘടന ഭാരവാഹികൾ വിദ്യാർത്ഥിനിയ്ക്കെതിരെ പ്രതികാര നടപടികൾ സ്വീകരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈ വിദ്യാർത്ഥിനിക്ക് അവരുടെ ആവശ്യപ്രകാരം തുടർ പഠനത്തിന് മാറ്റം അനുവദിച്ചിട്ടുണ്ട്. വർക്കല എസ്.എൻ. കോളേജിലേയ്ക്കാണ് മാറ്റം അനുവദിച്ചിട്ടുള്ളത്.

(ബി) കോളേജുകളിൽ കുട്ടികളുടെ അച്ചടക്കവും, പെരുമാറ്റവും നിയന്ത്രിക്കുന്നതിനും മറ്റുമായി discipline committee, Anti Ragging Committee എന്നിവ രൂപീകരിക്കുകയും ഒരദ്ധ്യാപകനെ വീതം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പെൺകുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനുമായി കോളേജ് തലത്തിൽ Womens Cell-ഉം പ്രവർത്തിക്കുന്നു. പ്രസ്തുത കോളേജിൽ ടി വിദ്യാർത്ഥിനിയുടെ പഠനത്തിന് തടസ്സമുണ്ടാകുമെന്ന് സർക്കാർ കരുതുന്നില്ല.

## യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിനിയുടെ ആത്മഹത്യാശ്രമം

194 (4858) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് കഴിഞ്ഞ അഞ്ച് വർഷകാലയളവിനുള്ളിൽ ഡിഗ്രി പഠനം പൂർത്തീകരിക്കാതെ എത്ര വിദ്യാർത്ഥികൾ വിടുതൽ വാങ്ങിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) അവർ പഠനം പൂർത്തീകരിക്കാതെ പോയത് എന്തെല്ലാം കാരണങ്ങളാലാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം യൂണിവേഴ്സിറ്റി കോളേജിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ചത് സംബന്ധിച്ച് ഏതൊക്കെ അന്വേഷണ റിപ്പോർട്ടുകളാണ് ലഭ്യമായിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിനിയുടെ ആത്മഹത്യ ശ്രമവുമായി ബന്ധപ്പെട്ട് വിവിധ തല അന്വേഷണ റിപ്പോർട്ടുകളിന്മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) 187 വിദ്യാർത്ഥികൾ.

(ബി) മറ്റ് കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുകയോ, ജോലി കിട്ടുകയോ, വീട്ടിലെ സാഹചര്യങ്ങൾ കാരണമോ ആണ് പഠനം പൂർത്തിയാക്കാതെ വിദ്യാർത്ഥികൾ ടി. സി. വാങ്ങി പോകുന്നത് എന്നാണ് പൊതുവേ കണ്ടിട്ടുള്ളത്.

(സി) കോളേജ് കൗൺസിൽ നിയോഗിച്ച അന്വേഷണ കമ്മീഷൻ നടത്തിയ അന്വേഷണ റിപ്പോർട്ട് കോളേജ് പ്രിൻസിപ്പാൾ ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ആത്മഹത്യയ്ക്ക് ശ്രമിച്ച വിദ്യാർത്ഥിനിയുടെയും കോളേജിലെ മറ്റ് വിദ്യാർത്ഥികളുടെയും മൊഴി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ ബയോ മെട്രിക് അറ്റൻഡൻസ് പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൃത്യവിലോപം തെളിഞ്ഞ കേസ്സുകളിൽ അദ്ധ്യാപകർക്ക് സ്ഥലം മാറ്റവും മറ്റുള്ളവർക്ക് കാരണംകാണിക്കൽ മെമ്മോയും നൽകി നടപടി സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് നേരിട്ട് പരാതി സമർപ്പിക്കാവുന്ന 'Higher Education Minister's Students Grievance Redressal Portal' വകുപ്പ് തുടങ്ങിയിട്ടുണ്ട്. കോളേജ് യൂണിയൻ ഓഫീസ് മുറി പ്രിൻസിപ്പാൾ പൂട്ടിയെടുത്ത് താക്കോൽ പ്രിൻസിപ്പാളിന്റെ കൈവശം സൂക്ഷിക്കുന്നുണ്ട്. പ്രസ്തുത വിദ്യാർത്ഥിനിയുടെ മൊഴി യൂണിവേഴ്സിറ്റി കോളേജിലെ ആന്റി റാഗിംങ് സെല്ലിന് മേൽനടപടികൾക്കായി കൈമാറിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ പരാതി പരിഹാര സമിതി

195 (4859) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ പരാതി പരിഹാര സമിതിക്ക് കൂടുതൽ അധികാരങ്ങൾ നൽകി യു.ജി.സി. ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പരാതികൾ നൽകുന്നതിനായി ഓൺലൈൻ സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പരാതി പരിഹാര സമിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ഓംബുഡ്സ്മാൻ രൂപീകരിക്കണമെന്ന് യു.ജി.സി. നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിലെ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ പരാതി പരിഹാരം നിർവ്വഹിക്കുന്നതിനായി UGC Online Student Grievance Redressal Cell നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് UGC-യുടെ website-ലെ Students Grievance Redressal Portal-ൽ പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. സർവ്വകലാശാലകളുടെ കീഴിലുള്ള Grievance Redressal Nodal Officer ഈ പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുകയും അത് വിദ്യാർത്ഥികളെ അറിയിക്കുകയും ചെയ്യുന്നു. കൂടാതെ ജീവനക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനായി യു.ജി.സി. നിർദ്ദേശ പ്രകാരമുള്ള Employee Grievance Cell, Womens Cell എന്നിവയും റാഗിങ് സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി ആന്റി റാഗിങ് സെല്ലും സർവ്വകലാശാലകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപങ്ങളിലെയും വിദ്യാർത്ഥികൾക്കായുള്ള പരാതി പരിഹാര സംവിധാനമായ പോർട്ടലിൽ വിദ്യാർത്ഥികൾ ഓൺലൈൻ ആയി സമർപ്പിക്കുന്ന പരാതികൾ പ്രതിദിനം പരിശോധിക്കുവാനും അവയ്ക്കുള്ള പരിഹാരം അതിവേഗം കണ്ടെത്തി പരാതിക്കാരെ അറിയിക്കുന്നതിനുമായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 15-6-2019-ന് മുമ്പ് നോഡൽ ഓഫീസറെ നിയമിക്കണമെന്നും അതിന്റെ വിശദാംശങ്ങൾ സർക്കാരിനെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന ഓംബുഡ്സ്മാൻ രൂപീകരിക്കണമെന്ന യു.ജി.സി. നിർദ്ദേശം പരിശോധിക്കുന്നതാണ്.

**കേരള സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനമന്ദിരം**

196 (4860) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന ഗവേഷണ സ്ഥാപനമാക്കുന്നതിനായി നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആസ്ഥാന മന്ദിരത്തിനായുള്ള സ്ഥലമെടുപ്പ് നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; അത് എവിടെ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ-സി) കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിൽ 42.13.66 ഹെക്ടർ സ്ഥലം സാങ്കേതിക സർവ്വകലാശാലയ്ക്കായി ഏറ്റെടുക്കുന്നതിന് 24-12-2018-ലെ G.O. (Rt) No.2297/2018/Hedn പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. 16-3-2019-ൽ ഏറ്റെടുക്കുവാനുദ്ദേശിച്ചിരുന്ന ഭൂമിയിൽ സർവ്വകലാശാല അധികാരികളും റവന്യൂ അധികാരികളും സംയുക്തമായി സ്ഥലപരിശോധന നടത്തിയിരുന്നു. എന്നാൽ 14-2-2019-ലെ G.O.(Ms) No. 56/19/RD പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി പുറപ്പെടുവിക്കാത്തതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. പ്രസ്തുത അനുമതിക്കായിട്ടുള്ള പ്രൊപ്പോസൽ ജില്ലാകളക്ടർ ലഭ്യമാക്കുകയും അർത്ഥനാധികാരി 5% കണ്ടിജൻസി ചാർജ് കെട്ടിവയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**സാങ്കേതിക സർവ്വകലാശാല പരീക്ഷകൾ**

197 (4861) <u>ശ്രീ. കെ. വി.വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ പ്രസിദ്ധീകരിക്കുമോ എന്നറിയിക്കാമോ;

(ബി) കെ.ടി.യു.-വിലെ പരീക്ഷകളുടെ നടത്തിപ്പിൽ സമയനിഷ്ഠ പാലിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പരീക്ഷകൾ കൃത്യസമയത്ത് നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിനും ജാഗ്രതയോടു കൂടിയ ഇടപെടൽ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പരീക്ഷാ തീയതികൾകൂടി ഉൾപ്പെടുത്തിയാണ് സാങ്കേതിക സർവ്വകലാശാല അക്കാദമിക് കലണ്ടർ ഓരോ അധ്യയന വർഷത്തിന്റെയും ആരംഭത്തിൽ പ്രസിദ്ധീകരിക്കുന്നത്.

(ബി&സി) പരീക്ഷകൾ അക്കാദമിക് കലണ്ടർ പ്രകാരം തന്നെ നടത്തുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. 2016-17 അധ്യയന വർഷം മുതൽ എല്ലാ പരീക്ഷയുടെയും ചോദ്യപേപ്പറുകൾ ഓൺലൈൻ ആയാണ് പരീക്ഷാ സെന്ററുകളിൽ എത്തിക്കുന്നത്.

പരീക്ഷ നടത്തിയതിനുശേഷം 45 ദിവസത്തിനുള്ളിൽ തന്നെ ഫലം പ്രാഖ്യാപിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. ഇതിന്റെ ഭാഗമായി മൂല്യനിർണ്ണയ ക്യാമ്പുകളുടെ എണ്ണം കൂട്ടുകയും മൂല്യനിർണ്ണയത്തിൽ പങ്കെടുക്കാതിരിക്കുന്ന അദ്ധ്യാപകർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## കുസാറ്റിന്റെ കീഴിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ എസ്.സി./എസ്.റ്റി.ക്കാരുടെ സംവരണം

198 (4862) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുസാറ്റിന്റെ കീഴിലുള്ള പ്രൊഫഷണൽ കോഴ്സുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊഫഷണൽ കോഴ്സുകളിൽ എസ്.സി./എസ്.റ്റി. ക്കാരുടെ സംവരണതത്വം പാലിക്കപ്പെടുന്നില്ല എന്ന വിഷയത്തിൽ എത്ര കോടതി കേസ്സുകൾ നിലവിലുണ്ട്; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(സി) എസ്.സി./എസ്.റ്റി.-ക്കാർക്ക് പ്രൊഫഷണൽ കോഴ്സുകളിൽ സംവരണം അട്ടിമറിക്കപ്പെടുന്നു എന്ന വിഷയത്തിൽ കോടതിയിലെ കേസ്സുകൾ കൂടാതെ വ്യക്തികളുടെയോ സംഘടനകളുടെയോ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കുസാറ്റിന്റെ കീഴിലുള്ള പ്രൊഫഷണൽ കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ വിഷയത്തിൽ ഇപ്പോൾ കേസ്സുകൾ നിലവിലില്ല.

(സി) ഈ വിഷയം സംബന്ധിച്ച് വ്യക്തികളിൽ നിന്നോ മറ്റ് സംഘടനകളിൽ നിന്നോ യാതൊരു പരാതിയും ഇതുവരെ ലഭിച്ചിട്ടില്ല.

## ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ ജീവനക്കാര്യം

199 (4863) ശ്രീ. പി. കെ. ബഷീർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ അദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്ത് വരുന്ന ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമായ പ്രൊമോഷനും സമയബന്ധിത ഹയർ ഗ്രേഡും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഐ.എച്ച്.ആർ.ഡി. ജീവനക്കാർ വർഷങ്ങളായി ആവശ്യപ്പെടുന്ന ജി.പി.എഫ്. സംവിധാനം 2013 -ന് മുമ്പ് ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് അധ്യാപകർക്ക് ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരം കാലാകാലങ്ങളിൽ അർഹമായ പ്രൊമോഷനുകൾ (പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നിവ) നടത്തിയിട്ടുണ്ട്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ചില നിരീക്ഷണങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ള ചില ഗ്രേഡ് പ്രൊമോഷനുകൾ നടപ്പിലാക്കുവാൻ അവശേഷിക്കുന്നുണ്ട്. എ.ജി.-യുടെ എതിർപ്പുകൾ തീർപ്പാക്കുന്ന മുറയ്ക്കും ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക ശേഷി മെച്ചപ്പെടുന്ന മുറയ്ക്കും പ്രസ്തുത പ്രൊമോഷനുകൾ നടപ്പിലാക്കുന്നത് പരിഗണിക്കുന്നതാണ്.

(സി&ഡി) ഐ.എച്ച്.ആർ.ഡി.-യിലെ എല്ലാ സ്ഥിര ജീവനക്കാർക്കും കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്ര ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമായതിനാൽ ജി.പി.എഫ്.-ന്റെ പരിധിയിൽ വരുന്നില്ല.

ഐ.എച്ച്.ആർ.ഡി.-യിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ഡയറക്ടർ അയച്ചുതന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പ്രൊപ്പോസൽ പരിഷ്കരിച്ച് സമർപ്പിക്കാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**സൗജന്യ എഞ്ചിനീയറിംഗ് പഠന പദ്ധതി**

200 (4864) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ മുഴുവൻ എഞ്ചിനീയറിംഗ് കോളേജുകളിലെയും 5 ശതമാനം സീറ്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മികവുറ്റ വിദ്യാർത്ഥികളുടെ സൗജന്യ പഠനത്തിനായി മാറ്റിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അടുത്ത വർഷം മുതൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ഇല്ല. എന്നാൽ AICTE നിബന്ധന പ്രകാരം Tuition Fee Waiver Scheme-ൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകിവരുന്നുണ്ട്.

(ബി) വരുംവർഷങ്ങളിൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ ഓൺലൈനായി നടത്തുന്നത് സംബന്ധിച്ച ആലോചന നടന്നുവരുന്നു.

## കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിനായുള്ള കെട്ടിട നിർമ്മാണം

201 (4865) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിനായുള്ള പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കുമോ;

(ബി) പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അവ പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നബാർഡിന്റെ (NABARD) ധനസഹായത്തോടെ നിർമ്മിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെ (ഡിപ്പാർട്ട്മെന്റ് ബ്ലോക്ക്) ഒന്നാം നിലയുടെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) നബാർഡ് അനുവദിച്ച ഫണ്ട് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പ് മുഖേന പരിശോധിച്ച് വരുന്നു.

സർക്കാരിൽനിന്നും തുക ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യമായ തുക ഐ.എച്ച്.ആർ.ഡി. യുടെ തനത് ഫണ്ടിൽ

നിന്നോ സർക്കാർ അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്നോ അനുവദിക്കുവാൻ ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും അതുപ്രകാരം നിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യമായ അധികതുക പി.ഡബ്ല്യൂ.ഡി.യിൽ നിക്ഷേപിക്കുവാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## എഞ്ചിനീയറിംഗ് പഠനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ

202 (4866) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പഠനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ;

(ബി) എഞ്ചിനീയറിംഗ് കോഴ്സുകൾ പഠിച്ചിറങ്ങുന്നവരെ പ്രൊഫഷണൽ രംഗത്ത് സാങ്കേതിക മികവോടെ പ്രവർത്തിക്കാൻ പ്രാപ്തരാക്കുന്നതിന് നിലവിലെ പാഠ്യരീതിയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) AICTE മാതൃക കരിക്കുലം അടിസ്ഥാനമാക്കി ഈ അദ്ധ്യയന വർഷം തന്നെ സിലബസ് പരിഷ്കരണം നടത്തും. 2019 ജൂൺ മുതൽ ബി.ടെക് പാസ്സാകാൻ ആവശ്യമായ ക്രെഡിറ്റ് 182-ൽ നിന്ന് 162 ആയി കുറയ്ക്കാൻ തീരുമാനിച്ചു. ഇങ്ങനെ ലഭ്യമാകുന്ന അധിക സമയം വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനും സംരംഭകത്വ പ്രവർത്തനങ്ങൾക്കും ബി.ടെക് ഓണേഴ്സ് ഡിഗ്രിക്കും മൈനർ കോഴ്സുകൾക്കും റെമഡിയൽ ക്ലാസ്സുകൾക്കുംവേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ്. ഓരോ വിദ്യാർത്ഥിയുടേയും പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനാണ് ബി.ടെക്. ഓണേഴ്സ്. അവസാന രണ്ട് വർഷത്തെ സെമസ്റ്ററുകളിൽ കുറഞ്ഞത് 3 വിഷയങ്ങളിൽ 12 ക്രെഡിറ്റും ഓൺലൈൻ വഴി കുറഞ്ഞത് 2 വിഷയങ്ങൾക്ക് 8 ക്രെഡിറ്റും അധികമായി നേടുന്ന കുട്ടികൾക്ക് ബി.ടെക് ഡിഗ്രിക്കുപകരം ബി.ടെക് ഓണേഴ്സ് ഡിഗ്രി കരസ്ഥമാക്കാം. മൂന്നാം സെമസ്റ്റർ മുതൽ വിദ്യാർത്ഥികൾക്ക് മറ്റ് പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനായ ബി.ടെക് മൈനർ ഡിഗ്രി കോഴ്സുകളിലേക്ക് ചേരാൻ സാധിക്കും. അധികമായി മറ്റ് പഠനശാഖയിലുള്ള കുറഞ്ഞത് മൂന്ന് വിഷയങ്ങളിൽ 12 ക്രെഡിറ്റും ഓൺലൈൻ വഴി കുറഞ്ഞത് 2 വിഷയങ്ങളിൽ 8 ക്രെഡിറ്റും നേടുന്ന കുട്ടികൾക്ക് ബി.ടെകിന് ഒപ്പം മൈനർ ഡിഗ്രി കൂടി കരസ്ഥമാക്കാം. തുടർപഠനത്തിന് ബുദ്ധിമുട്ടുള്ള എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് നിശ്ചിത

മിനിമം ക്രെഡിറ്റ് നേടിക്കഴിഞ്ഞാൽ മറ്റ് തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെ തുടർപഠനം പൂർത്തിയാക്കി ബി.വോക് (B.Voc) ഡിഗ്രി കരസ്ഥമാക്കാവുന്ന പദ്ധതിയും തയ്യാറാക്കിവരുന്നു.

എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യത്തിലെ ന്യൂനത പരിഹരിക്കാനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (ASDC) ഉടനടി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 'അസാപ് വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ലഭ്യമാക്കുവാനുള്ള ഒരു വെബ് പോർട്ടൽ ഈ അക്കാദമിക് വർഷം ആരംഭിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കൽ, കൺസൾട്ടൻസി, വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ്, പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് എഞ്ചിനീയറിംഗ് കോളേജുകളെ നോഡൽ ഏജൻസികളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്റ്റാർട്ട്-അപ്പ് മിഷനുമായി സഹകരിച്ച് കോളേജിലെ എന്റർപ്രണർഷിപ്പ് സെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

## ലക്ച്ചറർ ഇൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് തസ്തികയിൽ പി.എസ്.സി. വഴി നിയമിതരായവർ

203 (4867) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിടെക്നിക്ക് കോളേജുകളിൽ ലക്ച്ചറർ ഇൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് തസ്തികയിൽ പി.എസ്.സി വഴി നിയമിതരായ എത്ര പേർ നിലവിൽ ജോലി ചെയ്യുന്നു;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ, ജി.ഒ.(പി)നമ്പർ 366/2010/ഉന്ന.വിദ്യ. അനുസരിച്ച് പി.എസ്.സി. വഴി നേരിട്ടുള്ള നിയമനത്തിനാണോ,അതോ പ്രൊമോഷൻ/ബൈ ട്രാൻസ്ഫർ നിയമനത്തിനാണോ മുൻഗണന എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 8-11-2010 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 366/2010/ഉവിവ. പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ്

ബൈ-ട്രാൻസ്ഫർ നിയമനമാണ് ലക്ച്ചർ ഇൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് തസ്തികയിലേയ്ക്ക് ഉണ്ടായിരുന്നത്. ടി തസ്തികയിലെ ആകെ അംഗീകൃത ശ്രേണിബലം 91 ആണ്. വിശേഷാൽ ചട്ടങ്ങൾ അനുശാസിക്കുന്ന നേരിട്ടുള്ള നിയമനം-ബൈ-ട്രാൻസ്ഫർ നിയമനം തമ്മിലുള്ള 13:7 അനുപാതപ്രകാരം 59 പേർ നേരിട്ടുള്ള നിയമനത്തിനും 32 പേർ ബൈ-ട്രാൻസ്ഫർ നിയമന പ്രകാരവും നിയമനത്തിന് അർഹരാണ്. നിലവിൽ ബൈ-ട്രാൻസ്ഫർ നിയമന പ്രകാരം 25 പേരും നേരിട്ടുള്ള നിയമന പ്രകാരം 3 പേരും സേവനം അനുഷ്ഠിക്കുന്നു. ആയതിനാൽ 13:7 അനുപാതം ക്രമീകരിക്കുന്നതിനുവേണ്ടി, നിലവിൽ നേരിട്ടുള്ള നിയമനത്തിനാണ് മുൻഗണന നൽകുന്നത്. അതിൻപ്രകാരം പി.എസ്.സി. വഴി തെരഞ്ഞെടുക്കപ്പെട്ട 46 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തെ പോളിടെക്നിക്കുകൾ

204 (4868) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് മേഖലയിൽ എത്ര പോളിടെക്നിക്കുകൾ ഉണ്ട്; ഏതൊക്കെ കോഴ്സുകൾ നടത്തുന്നു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് മാനേജ്മെന്റ് മേഖലയിൽ എത്ര പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതൊക്കെ കോഴ്സുകൾക്ക് അംഗീകാരം ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര പോളിടെക്നിക്കുകൾ ഉണ്ട്; ഏതൊക്കെ അംഗീകൃത കോഴ്സുകൾ നടത്തുന്നു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ-സി) സംസ്ഥാനത്തെ സർക്കാർ മേഖലയിൽ 45-ഉം എയ്ഡഡ് മേഖലയിൽ 6-ഉം സ്വാശ്രയ മേഖലയിൽ 32 പോളിടെക്നിക്ക് കോളേജുകളും നിലവിലുണ്ട്. പ്രസ്തുത കോളേജുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങളും അംഗീകൃത കോഴ്സുകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസിംഗ് പരീക്ഷ

205 (4869) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസിംഗ് പരീക്ഷകൾ വർഷത്തിൽ എത്ര തവണയാണ് നടത്താറുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ വർഷവും ജൂലൈ, ഡിസംബർ മാസങ്ങളിൽ നടത്തേണ്ട ടൈപ്പ്റൈറ്റിംഗ് പരീക്ഷകൾ 2017, 2018 വർഷങ്ങളിൽ ഏത് മാസങ്ങളിലാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി പരിക്ഷ നടത്താത്തത് കാരണം ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മതിയായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുമോ;

(ഡി) കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസിംഗ് പരീക്ഷകളുടെ സിലബസ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വർഷത്തിൽ രണ്ട് പ്രാവശ്യം കെ.ജി.റ്റി.ഇ. പരീക്ഷ നടത്താറുണ്ട്.

(ബി) 2017 ജനുവരി, നവംബർ മാസങ്ങളിൽ നടത്തി. 2018 ജൂലൈ മാസത്തെ പരീക്ഷ പ്രളയംമൂലം സെപ്റ്റംബർ മാസത്തിൽ നടത്തി. ആയതിനാൽ ഡിസംബറിൽ പരീക്ഷ നടത്താൻ കഴിഞ്ഞില്ല.

(സി) 2018-ൽ പ്രളയം കാരണമാണ് കെ.ജി.റ്റി.ഇ. പരീക്ഷ ഒറ്റ പ്രാവശ്യമായി നടത്തിയത്. അതിനുമുമ്പുള്ള വർഷം 2 തവണ നടത്തിയിട്ടുണ്ട്. പ്രത്യേക സാഹചര്യമായിരുന്നതിനാൽ ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) സിലബസ് പുതുക്കിയിട്ടില്ല.

## കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറുടെ വിദേശ യാത്ര

206 (4870) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ നിലവിലെ ഡയറക്ടർ ചാർജ്ജെടുത്തതിനുശേഷം എത്ര വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ രാജ്യങ്ങളിലേയ്ക്കാണ് യാത്രകൾ നടത്തിയിട്ടുള്ളത്; പ്രസ്തുത യാത്രകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഡയറക്ടറുടെ വിദേശ യാത്ര കൊണ്ട് സർക്കാരിനോ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനോ എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഡയറക്ടറുടെ ഓരോ വിദേശ യാത്രയ്ക്കും എത്ര ലക്ഷം രൂപ ചെലവായെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഡയറക്ടറുടെ ഓരോ വിദേശ യാത്രയുടെയും ടൂർ റിപ്പോർട്ട് സ്ഥാപനത്തിന് സമർപ്പിച്ചിട്ടുണ്ടോ; ആയതുകൊണ്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ നിലവിലെ ഡയറക്ടർ ചാർജെടുത്തതിനുശേഷം ആകെ എട്ട് വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഡയറക്ടറുടെ വിദേശ യാത്രയുടെ ഫലമായാണ് തെക്കേ ഇൻഡ്യയിലെ തന്നെ ആദ്യത്തേത് എന്ന് പറയാവുന്ന സയൻസ് സിറ്റി കോട്ടയത്തും ചാലക്കുടിയിലും പരപ്പനങ്ങാടിയിലും റീജിയണൽ സയൻസ് സെന്ററും അന്താരാഷ്ട്ര നിലവാരത്തിൽ നടപ്പിൽ വരുത്താൻ പ്രൊപ്പോസൽ കൊടുത്ത് അംഗീകാരം കിട്ടി പണി പൂർത്തീകരിച്ചുവരുന്നത്. തിരുവനന്തപുരം ശാസ്ത്ര സാങ്കേതിക മ്യൂസിയവും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. Planetarium projector, Dome, Planetarium Shows ഇവ ഒന്നുംതന്നെ ഇൻഡ്യയിൽ ഉല്പാദിപ്പിക്കുന്നവയല്ല. അന്താരാഷ്ട്ര സ്ഥാപനങ്ങളോട് Global

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Tender ക്ഷണിച്ചാണ് ഇവ ലഭ്യമാക്കേണ്ടത്. ഇവയുടെ Tender Specification മനസ്സിലാക്കാനും Foreign Suppliers-ൽ നിന്നും സാധനങ്ങളുടെ ഗുണനിലവാരം നല്ല രീതിയിൽ വിലയിരുത്തി വാങ്ങാനും ഉള്ള പരിചയ സമ്പത്ത് നേടിയെടുക്കാനും സാധിച്ചു. പലതരത്തിലുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്ലാനറ്റേറിയത്തിൽ വിവരണം നൽകുന്നതിനും Astro Photography -യെക്കുറിച്ച് മനസ്സിലാക്കാനും സാധിച്ചു.

(സി)

| Sl. No. | Name of Country | Expense |
|---|---|---|
| 1 | USA | Expense were met by Department of Science and Technology, Kavaratti. |
| 2 | Montevideo, Uruguay | Expense met by IEEE |
| 3 | Beijing, China | USD670 & Rs. 93,206 |
| 4 | Germany | Rs.79,091 |
| 5 | Singapore | Rs. 1,09,047 |
| 6 | Poland | USD 565 & Rs.1,63,679 |
| 7 | Singapore | Expense were met by Department of Science and Technology, Government of Karnataka |
| 8 | Toulouse, France | Euros 774.08 & Rs.1,82,237 |

(ഡി) ഉണ്ട്. ഡയറക്ടറുടെ വിദേശ യാത്രയുടെ ഫലമായാണ് തെക്കേ ഇൻഡ്യയിലെ തന്നെ ആദ്യത്തേത് എന്നുപറയാവുന്ന സയൻസ് സിറ്റി കോട്ടയത്തും ചാലക്കുടിയിലും പരപ്പനങ്ങാടിയിലും റീജിയണൽ സയൻസ് സെന്ററും അന്താരാഷ്ട്ര നിലവാരത്തിൽ നടപ്പിൽ വരുത്താൻ പ്രൊപ്പോസൽ കൊടുത്ത് അംഗീകാരം കിട്ടി പണി പൂർത്തീകരിച്ചു വരുന്നത്. തിരുവനന്തപുരം ശാസ്ത്ര സാങ്കേതിക മ്യൂസിയവും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. Planetarium projector, Dome, Planetarium shows ഇവ ഒന്നും തന്നെ ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്നവയല്ല. അന്താരാഷ്ട്ര സ്ഥാപനങ്ങളോട് Global Tender ക്ഷണിച്ചാണ് ഇവ ലഭ്യമാക്കേണ്ടത്. ഇവയുടെ Tender Specification മനസ്സിലാക്കാനും Foreign

Suppliers-ൽ നിന്നും സാധനങ്ങളുടെ ഗുണനിലവാരം നല്ല രീതിയിൽ വിലയിരുത്തി വാങ്ങാനും ഉള്ള പരിചയ സമ്പത്ത് നേടിയെടുക്കാനും സാധിച്ചു. പലതരത്തിലുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്ലാനറ്റോറിയത്തിൽ വിവരണം നൽകുന്നതിനും Astro Photography-യെക്കുറിച്ച് മനസ്സിലാക്കാനും സാധിച്ചു.

## കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണ കരാർ

207 (4871) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ എത്ര കെട്ടിടങ്ങളുടെ നിർമ്മാണ കരാറാണ് 2010 മുതൽ 2019 മാർച്ച് മാസം വരെ കാലയളവിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് നൽകിയത്; ഓരോ കെട്ടിടത്തിന്റെയും പേര്, അടങ്കൽ തുക, എഗ്രിമെന്റ് കാലാവധി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ കെട്ടിടത്തിന്റെയും പ്രവൃത്തിക്ക് ഗഡുക്കളായി തുക അനുവദിച്ചു നൽകിയിരുന്നോ; എങ്കിൽ എത്ര ശതമാനം പണി കഴിയുമ്പോഴാണ് തുക അനുവദിച്ചു നൽകിയിരുന്നത്; എത്ര തുകയാണ് അങ്ങനെ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ഉദ്യോഗസ്ഥർ ചെക്ക് മെഷർമെന്റ് എടുത്തതിനു ശേഷമാണോ ഓരോ ഗഡു തുകയും അനുവദിച്ചു നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ചെക്ക് മെഷർമെന്റ് നടത്താതെ കരാറുകാരന് തുക നൽകുന്നത് നിയമവിരുദ്ധമല്ലേ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ഏറ്റെടുത്തു നടത്തിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി എഗ്രിമെന്റ് കാലവധിക്കുള്ളിൽ എത്ര കെട്ടിടങ്ങൾ ഇതുവരെ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനു കൈമാറിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ഏറ്റെടുത്തു നടത്തുന്ന കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ചു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതു കെട്ടിടങ്ങളുടെ നിർമ്മാണത്തിനാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയതെന്നും ,കാലാവധി ദീർഘിപ്പിച്ചു നല്കാനുണ്ടായ കാരണം എന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

## സാങ്കേതിക വിദ്യാലയങ്ങളിൽ (ടെക്നിക്കൽ സ്കൂൾ) കുട്ടികളുടെ കുറവ്

208 (4872) ശ്രീ. ഇ. കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ ചേരുന്നത് വർദ്ധിക്കുകയും എന്നാൽ സാങ്കേതിക വിദ്യാലയത്തിൽ കുട്ടികൾ ചേരുന്നത് ഗണ്യമായി കുറഞ്ഞുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ടെക്നിക്കൽ സ്കൂൾ മേഖലയിൽ 2013-ൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കരണമാണ് പ്രസ്തുത പ്രതിസന്ധിക്ക് കാരണമായതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം സാങ്കേതിക വിദ്യാലയങ്ങളിൽ ചേർന്ന കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായം ഒരു ഡയറക്ടറേറ്റിൻ കീഴിലാക്കിയ സാഹചര്യത്തിൽ പ്രസ്തുത സ്കൂളുകൾ ഇതിന്റെ കീഴിലാക്കി മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിക്കവാറും എല്ലാ ടെക്നിക്കൽ ഹൈസ്കൂളുകളിലും പ്രവേശന പരീക്ഷ നടത്തിയാണ് അഡ്മിഷൻ നൽകുന്നത്. വിപുലമായ പ്രചരണ പ്രവർത്തനങ്ങളിലൂടെ ടെക്നിക്കൽ ഹൈസ്കൂളുകളുടെ പ്രവർത്തനരീതി പൊതുജനങ്ങളിലെത്തിക്കാൻ സ്കൂൾതലത്തിൽ നടപടിയെടുത്തിട്ടുണ്ട്. ടെക്നിക്കൽ ഹൈസ്കൂളുകളിലെല്ലാം തന്നെ റോബോർട്ടിക് ലാബുകൾ സ്ഥാപിച്ചു പ്രവർത്തിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതുവഴി കൂടുതൽ കുട്ടികളെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ എത്തിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇത് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം സാങ്കേതിക വിദ്യാലയങ്ങളിൽ (THS) ചേർന്ന കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | കുട്ടികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 236 |
| കൊല്ലം | 83 |
| ആലപ്പുഴ | 213 |
| കോട്ടയം | 240 |
| ഇടുക്കി | 164 |
| എറണാകുളം | 172 |
| തൃശ്ശൂർ | 221 |
| പാലക്കാട് | 352 |
| മലപ്പുറം | 331 |
| കോഴിക്കോട് | 232 |
| വയനാട് | 167 |
| കണ്ണൂർ | 163 |
| കാസർഗോഡ് | 93 |

(ഡി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റ്, വൊക്കേഷണൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകൾ യോജിപ്പിച്ചാണ് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ രൂപീകരിച്ചിട്ടുള്ളത്. ടെക്നിക്കൽ സ്കൂൾ നിലവിൽ പരിഗണിച്ചിട്ടില്ല.

## ഷൊർണ്ണൂർ വി.എച്ച്.എസ്.എസ്.-ന് പുതിയ കെട്ടിടം

209 (4873) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ വി.എച്ച്.എസ്.എസ്. -ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തുകയും കെട്ടിടനിർമ്മാണത്തിന് ഷൊർണ്ണൂർ ടെക്നിക്കൽ ഹൈസ്കൂൾ കോമ്പൗണ്ടിലെ സ്ഥലം അനുവദിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനമെടുക്കുകയും ചെയ്ത സാഹചര്യത്തിൽ, കെട്ടിട നിർമ്മാണത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഷൊർണ്ണൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ പരിധിയിൽ വരുന്ന 10 ഏക്കർ 20 സെന്റ് സ്ഥലത്ത് നിന്നും നിലവിൽ വി.എച്ച്.എസ്.ഇ. കെട്ടിടം സ്ഥിതി ചെയ്യുന്ന പി.ഡബ്ല്യു.ഡി. റോഡിനോട് ചേർന്നുള്ള 1 ഏക്കർ 10 സെന്റ് സ്ഥലം വി.എച്ച്.എസ്.ഇ.-യ്ക്ക് പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുവാൻ 26-12-2018-ന് കൂടിയ യോഗം തീരുമാനിച്ചു. ഇത് സംബന്ധിച്ച ഫയൽ പൊതു വിദ്യാഭ്യാസ വകുപ്പ് തുടർനടപടികൾക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

**സർവ്വകലാശാലകൾക്ക് ഏകീകൃത അക്കാദമിക് കലണ്ടർ**

210 (4874) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ഏകീകൃത അക്കാദമിക കലണ്ടർ സംബന്ധിച്ച് മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പരീക്ഷ നടത്തിപ്പിനും ഫലപ്രഖ്യാപനത്തിനും ഏകീകൃത സമയക്രമം നടപ്പാക്കുവാൻ നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെങ്കിലും സർവ്വകലാശാലകൾ ഏകീകൃത കലണ്ടറിലേയ്ക്ക് മാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ-വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(സി) സർവ്വകലാശാലകൾ ഏകീകൃത പരീക്ഷാ കലണ്ടർ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## കേരള സർവ്വകലാശാല ക്യാമ്പസ്സിൽ സെമിനാർ കോംപ്ലക്സ്

211 (4875) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിൽ സെമിനാർ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷമാണ് പൂർത്തിയാക്കിയതെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെമിനാർ കോംപ്ലക്സ് ഉപയോഗപ്രദമാക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്; ഇക്കാര്യത്തിൽ അടിയന്തര തീരുമാനം ഉണ്ടാകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിർമ്മാണം പൂർത്തിയായിട്ടില്ല.

(ബി) സെമിനാർ ഹാളിന്റെ ഫേസ് 1 സിവിൽ വർക്ക് പൂർത്തിയായിട്ടുണ്ട്. Air Conditioning, Acoustics System, Audio System, Fire Fighting മുതലായവ ഉൾപ്പെടുന്ന ഫേസ് 2 വർക്ക് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കേരള സർവ്വകലാശാലയിലെ കോഴ്സുകളുടെ പരീക്ഷാഫലം

212 (4876) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവ്വകലാശാലയിൽ പ്രൈവറ്റ് രജിസ്ട്രേഷനായി (ആന്വൽ സ്കീം) ബി.എ. ഇംഗ്ലീഷ്, ബി.എ. ഹിസ്റ്ററി, ബി.എ. സോഷ്യോളജി, ബി.കോം. എന്നീ ബിരുദ കോഴ്സുകളുടെ പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കാത്തതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ഈ വർഷം തന്നെ പി.ജി. കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പരീക്ഷാഫലം പ്രസിദ്ധീകരിക്കാത്ത വിഷയങ്ങളുടെ മാർക്ക് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റ് സ്ഥാപനങ്ങളിലേയ്ക്ക് അയച്ചുകൊടുക്കാനുള്ള സംവിധാനം ഉണ്ട്.

കൂടാതെ പ്രസ്തുത വിദ്യാർത്ഥികൾക്ക് പി.ജി. അഡ്മിഷന്റെ സപ്ലിമെന്ററി അലോട്ട്മെന്റിന് മുൻപായി സർവ്വകലാശാല അവസരം നൽകുന്നതാണ്.

## കേരള സർവ്വകലാശാലയിൽ ഗ്രേസ് മാർക്ക്

213 (4877) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗത്തിന്റെ സഹോദര പുത്രന് ഗ്രേസ് മാർക്ക് നൽകുവാനായി ശ്രമം നടന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷിച്ച ഏതെങ്കിലും സമിതി അനുകൂലമായ ശിപാർശ നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത സമിതിയിൽ ആരോപണ വിധേയനായ സിൻഡിക്കേറ്റ് അംഗം പങ്കെടുത്തിരുന്നോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തെറ്റായ ആ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നു. ആ വാർത്തയ്ക്ക് ഒരു വിശദീകരണം സർവ്വകലാശാല വാർത്താക്കുറിപ്പായി നൽകിയിട്ടുണ്ട്.

(ബി & സി) അന്വേഷണം നടത്തിയിട്ടില്ല.

## പൊതുനിരത്തിൽ കണ്ടെത്തിയ ഉത്തരക്കടലാസുകൾ

214 (4878) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി സർവ്വകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജി ജെനറ്റിക് പരീക്ഷയുടെ 39 ഉത്തരക്കടലാസുകൾ പൊതുനിരത്തിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയ കാര്യം ഉന്നതവിദ്യാഭ്യാസ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) ഉത്തരക്കടലാസ്സുകളിൽ മാർക്ക് രേഖപ്പെടുത്തിയിട്ടുള്ള കാര്യം സർവ്വകലാശാല പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഇ) ഇത്തരം കാര്യങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കുവാൻ സർക്കാർ തലത്തിൽവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.ജി. സർവ്വകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജി ജെനറ്റിക് പരീക്ഷയുടെ 29 ഉത്തരക്കടലാസുകൾ പാതയോരത്ത് നഷ്ടപ്പെട്ടത് സർവ്വകലാശാല പരിശോധിക്കുകയും ആയത് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുള്ളതിനാലും വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം പരിശോധന നടത്തിയിട്ടില്ല.

(ബി) ഉത്തരക്കടലാസുകൾ കോടതിവഴി വീണ്ടെടുത്തിട്ടുള്ളതും കൃത്യ നിർവ്വഹണത്തിൽ വീഴ്ചവരുത്തിയ അദ്ധ്യാപികയെ പരീക്ഷാജോലികളിൽ നിന്ന് മാറ്റി നിർത്തിയിട്ടുള്ളതുമാകുന്നു.

(സി) വീണ്ടെടുത്ത എല്ലാ ഉത്തരക്കടലാസുകളും ആയതിന്റെ മാർക്കുകളും സർവ്വകലാശാല പരിശോധിച്ചിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട അദ്ധ്യാപികയെ പരീക്ഷാജോലികളിൽ നിന്ന് മാറ്റി നിർത്തിയിട്ടുള്ളതും മൂല്യനിർണ്ണയ ക്യാമ്പ് ഓഫീസറെ അന്വേഷണ വിധേയമായി പരീക്ഷാജോലികളിൽ നിന്ന് മാറ്റിനിർത്തി അന്വേഷിക്കുകയും ടിയാൻ നിരപരാധിയാണെന്ന് കണ്ട് ശിക്ഷാനടപടികൾ പിൻവലിച്ചിട്ടുള്ളതുമാകുന്നു.

(ഇ) ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകളും നിർദ്ദേശങ്ങളും അടക്കം വേണ്ടുന്ന നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ സർക്കാർ തലത്തിൽ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല.

## എം.ജി. സർവ്വകലാശാലയിൽ ഉത്തരക്കടലാസുകൾ കാണാതായ സംഭവം

215 (4879) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാലയിൽ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ കാണാതായ സംഭവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏത് പരീക്ഷയുടെ ഉത്തര കടലാസുകളാണ് കാണാതായതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എപ്രകാരമാണ് ഉത്തരക്കടലാസ്സുകൾ നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരീക്ഷയെഴുതിയ വിദ്യാർത്ഥികൾക്ക് ഉണ്ടായ ബുദ്ധിമുട്ട് എപ്രകാരം പരിഹരിക്കുന്നതിനാണ് സർവ്വകലാശാല തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്; അഞ്ചാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (പ്രൈവറ്റ്) സോഷ്യോളജി വിഷയത്തിന്റെ 100 പേപ്പറുകളും മൂന്നാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജിയുടെ 29 ഉത്തരക്കടലാസുകളും കാണാതായിട്ടുണ്ട്.

(ബി) ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. രണ്ട് പരീക്ഷകളുടെയും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്താൻ ഏർപ്പിച്ചിരുന്ന അദ്ധ്യാപികമാരുടെ പക്കൽ നിന്നുമാണ് നഷ്ടമായത്.

(സി) മൂന്നാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജിയുടെ ഉത്തരക്കടലാസുകൾ തിരിച്ചുകിട്ടിയിരുന്നതുകൊണ്ട് ആ പരീക്ഷ എഴുതിയ കുട്ടികളുടെ പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഞ്ചാം സെമസ്റ്റർ സോഷ്യോളജിയുടെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടുപോയ വിദ്യാർത്ഥികൾക്കായി സർവ്വകലാശാല പ്രത്യേകമായി പരീക്ഷ നടത്തിയിട്ടുണ്ട്.

## കണ്ണൂർ സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഹെൽത്ത് സയൻസസ്

216 (4880) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയുടെ റെഗുലർ പഠന വകുപ്പായ സ്കൂൾ ഓഫ് ഹെൽത്ത് സയൻസസ് അടച്ചുപൂട്ടാൻ സർവ്വകലാശാല തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ;

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, സമാനമായ കോഴ്സുകൾ നിലനിർത്തുവാൻ തീരുമാനിച്ച സാഹചര്യത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഹെൽത്ത് സയൻസ് നടത്തുന്ന കോഴ്സുകൾ തുടരുവാൻ തീരുമാനിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് ആക്ട് 2010 പ്രകാരം KUHS-നും കല്പിത സർവ്വകലാശാലകൾ, കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കും മാത്രമേ മെഡിക്കൽ/പാരാ മെഡിക്കൽ കോഴ്സുകൾ നടത്തുവാൻ അധികാരമുള്ളൂ എന്നു നിഷ്കർഷിച്ചിട്ടുള്ളതിനാലാണ് ഇത്തരത്തിൽ തീരുമാനമെടുത്തിട്ടുള്ളത്.

(ബി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കേരള സർവ്വകലാശാലയിലെ കമ്പ്യൂട്ടർ പ്രോഗ്രാമർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ

217 (4881) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) അവർ അവിടെ എത്ര വർഷമായി ജോലി ചെയ്തു വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) വർഷങ്ങളായി ജോലി ചെയ്തുവരുന്ന അവരെ മാനുഷിക പരിഗണന നൽകിയും മറ്റ് ജോലികൾക്ക് അപേക്ഷിക്കുവാനുള്ള പ്രായപരിധി കഴിഞ്ഞതിനാലും പ്രസ്തുത ജോലിയിൽ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 15

(ബി)

| No. | പേര് | ജോലിയിൽ പ്രവേശിച്ച തീയതി | ഏകദേശ കാലയളവ് (വർഷത്തിൽ) (With mandatory service breaks in between each engagement) |
|---|---|---|---|
| 1 | Sri Johnson W.D. | 31-3-2012 | 7 |
| 2 | Sri Nandakumar S. | 25-2-2013 | 6 |
| 3 | Smt. Aswathy R. Nair | 6-7-2015 | 3 |
| 4 | Ms. Indu G.P. | 13-12-2016 | 2 |
| 5 | Ms. Adithya A.K. | 14-7-2017 | 1 |
| 6 | Sri Arun K. | 14-7-2017 | 1 |
| 7 | Sri Vipin C.S. | 14-7-2017 | 1 |
| 8 | Smt. Prijitha P.G. | 17-3-2008 | 11 |
| 9 | Smt. Fathima Remi A.J. | 4-5-2015 | 4 |
| 10 | Smt. Aswathy G. Krishnan | 9-3-2012 | 7 |
| 11 | Smt. Sreelekshmi S. | 9-11-2011 | 7 |
| 12 | Ms. Meenu M. | 17-7-2017 | 1 |
| 13 | Sri Dileep Chandran C. | 24-4-2002 | 17 |
| 14 | Sneha O. | 23-11-2012 | 7 |
| 15 | Divya Vijayan | 17-7-2017 | 2 |

(സി) പൊതുമേഖല/സ്വയംഭരണാധികാര സ്ഥാപനങ്ങളിലെ കരാർ ജീവനക്കാരുടെ നിയമനവും വേതനവുമായി ബന്ധപ്പെട്ട് നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, കരാർ വ്യവസ്ഥയിൽ നിയമിതനായ ഒരു വ്യക്തിക്ക്

യാതൊരുകാരണവശാലും അയാളുടെ നിയമനം സ്ഥിരപ്പെടുത്തണമെന്ന് അവകാശപ്പെടാനുള്ള അർഹതയില്ല. പി.എസ്.സി. വഴിയോ അല്ലാതെയോ പ്രസ്തുത തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നപക്ഷം ആ വ്യക്തിയുടെ കരാർ അവസാനിക്കുന്നതാണ്.

കരാർ ജീവനക്കാർ ഒപ്പുവയ്ക്കുന്ന തൊഴിൽ ഉടമ്പടിയിലെ അഞ്ചാമത്തെ വ്യവസ്ഥയിൽ, പ്രസ്തുത കരാർ കാലാവധി, അവരെ സ്ഥിര നിയമനത്തിനോ നിശ്ചയിച്ചതിൽ കൂടുതൽ വേതനത്തിനോ അർഹരാക്കുന്നില്ല എന്ന് വ്യക്തമാക്കുന്നുണ്ട്.

## ഡോ.എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല

218 (4882) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല നടത്തിയ കെമിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് കൂട്ടത്തോൽവി ഉണ്ടായതായി പറയപ്പെടുന്ന വിഷയത്തിൽ മൂല്യനിർണ്ണയത്തെപ്പറ്റി പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ മൂല്യനിർണ്ണയത്തിലുണ്ടാകുന്ന ഇത്തരം പിഴവുകൾ സർക്കാർ കോളേജുകളെ തകർക്കുന്നതിന് ഇടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### <u>ഉത്തരം</u>

(എ) ഉണ്ട്. പരാതികൾ പരിഗണിച്ച് ഉത്തരക്കടലാസുകൾ പുനർമൂല്യനിർണയം നടത്തി, പുതിയ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂല്യനിർണ്ണയത്തിൽ വീഴ്ചവരുത്തുന്ന അദ്ധ്യാപകർക്ക് പിഴ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൂല്യനിർണയത്തിൽ പങ്കെടുക്കാതിരിക്കുന്ന അദ്ധ്യാപകർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

## കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയിലെ ക്രമവിരുദ്ധമായ നടപടികൾ

219 (4883) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീ. ശങ്കരാചാര്യ സർവ്വകലാശാലയ്ക്ക് നൽകിയ പ്രളയ ഫണ്ട് ഉപയോഗിച്ച് യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ അനാവശ്യമായി ഫർണിച്ചറുകളും, ഇലക്ട്രിക് ഉപകരണങ്ങളും വാങ്ങിക്കൂട്ടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വകലാശാലയിലെ പല നിർമ്മാണപ്രവൃത്തികളും അനന്തമായി നീണ്ടുപോയിട്ടും കരാറുകാർക്ക് അനധികൃതമായി സമയപരിധി നീട്ടിക്കൊടുക്കുന്ന നടപടിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) സർവ്വകാലാശാലാ ലൈബ്രറിക്കായി 2011-12 സാമ്പത്തിക വർഷത്തിൽ നടത്തിയ ജേണൽ പർച്ചേസുമായി ബന്ധപ്പെട്ട അഴിമതിയിൽ പങ്കുള്ളതായി ധനകാര്യ വകുപ്പിന്റെ അന്വേഷണ വിഭാഗം കണ്ടെത്തിയ ലൈബ്രറിയിലെ റഫറൻസ് അസിസ്റ്റന്റിന്, ഐ.ടി. വിഭാഗത്തിന്റെ ചുമതലയും, സകല പർച്ചേസുകളുടെയും മേൽനോട്ടച്ചുമതലയും നൽകിയത് അന്വേഷിച്ച് നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) സർവ്വകലാശാലയിൽ പ്രളയ ഫണ്ടുപയോഗിച്ച് പ്രളയംമൂലം നഷ്ടമായ വാഹനങ്ങൾക്കുപകരമായി മൂന്ന് വാഹനങ്ങൾ വാങ്ങുന്ന നടപടി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഇത് ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചാണ് ചെയ്തിട്ടുള്ളത്. പ്രളയംമൂലം നഷ്ടമായ ഫർണിച്ചർ, ഉപകരണങ്ങൾ മുതലായവയ്ക്കുപകരം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(ബി) ഇല്ല; പ്രളയംമൂലവും മറ്റ് അവിചാരിത കാരണങ്ങളാലും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത നിർമ്മാണ പ്രവൃത്തികളുടെ കാലാവധി എഗ്രിമെന്റ് വ്യവസ്ഥകൾക്കുവിധേയമായിട്ടാണ് ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. പ്രവൃത്തികൾ സമയബന്ധിതമായിതന്നെ പൂർത്തിയാക്കുന്നതിനുള്ള

കർശന നിർദ്ദേശവും കരാറുകാർക്ക് നൽകിയിട്ടുണ്ട്. പ്രധാന രണ്ട് പ്രവൃത്തികൾ (ലാംഗേജ് ബ്ലോക്ക്, ജീവനക്കാരുടെ ക്വാർട്ടേഴ്സ്) പൂർത്തീകരിച്ചിട്ടുമുണ്ട്.

(സി&ഡി) ധനകാര്യ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള റഫറൻസ് അസിസ്റ്റന്റിനെതിരെ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്താൻ കഴിയാത്തതിനാൽ തുടർനടപടികൾ ആവശ്യമില്ല എന്ന് വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്.

## ശാസ്ത്ര സാങ്കേതിക മ്യൂസിയം ജീവനക്കാരുടെ യാത്രാബത്ത

220 (4884) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ 28-1-2012-ലെ ജി.ഒ.(പി) 74/2012/fin നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ യാത്രാബത്ത പരിധി കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ജീവനക്കാർക്കും ബാധകമാണോ; ഒരു മാസം കാലയളവിൽ യാത്രാബത്ത പരിധി എത്ര;

(ബി) 2012 മുതൽ 2019 മാർച്ച് വരെ ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ഉദ്യോഗസ്ഥർ ഓരോ പ്രാവശ്യവും യാത്രാബത്ത ഇനത്തിൽ എത്ര തുക കൈപ്പറ്റി; അവരുടെ പേര്, തസ്തികപോയ സ്ഥലം,എന്ത് ആവശ്യത്തിന് യാത്ര ചെയ്തു ഇവ ഇനം തിരിച്ച കണക്കുകൾ വ്യക്തമാക്കാമോ;

(സി) ധനകാര്യ വകുപ്പിന്റെ ഉത്തരവിൽ പറഞ്ഞിട്ടുള്ള പരിധി കഴിഞ്ഞ് ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ഉദ്യോഗസ്ഥന്മാർ യാത്രാബത്ത കൈപ്പറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഓരോ പ്രാവശ്യവും യാത്രാബത്ത ഇനത്തിൽ അധികം കൈപ്പറ്റിയ തുക എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) യാത്ര ബത്ത ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക ഈ ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ച പിടിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

## സർവ്വകലാശാലകളിലെ പരീക്ഷാ കലണ്ടറുകളുടെ ഏകീകരണം

221 (4885) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാ കലണ്ടറുകൾ ഏകീകരിക്കുന്നതു സംബന്ധിച്ച തീരുമാനം ഏതുഘട്ടം വരെയായി എന്നറിയിക്കാമോ;

(ബി) പരീക്ഷകൾ കൃത്യസമയത്ത് നടത്തുന്നതിനും ആയതിന്റെ റിസൾട്ടുകൾ കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കുന്നതിനും ഓരോ സർവ്വകലാശാലയും സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(സി) സംസ്ഥാനത്തിനു പുറത്തും അകത്തും വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിൽ ചേരുവാനുള്ള അവസരം നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് സർക്കാർ തലത്തിൽ തന്നെ പരിഹാരം ഉണ്ടാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട സമയത്തിനുള്ളിൽ പരീക്ഷകൾ നടത്തിയും കൃത്യ സമയത്ത് ഉത്തരക്കടലാസുകൾ മൂല്യനിർണയത്തിന് സജ്ജമാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയും കേന്ദ്രീകൃത മൂല്യനിർണയരീതി അവലംബിച്ചും കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിൽ നിന്നെത്തുന്ന മാർക്കുകൾ നിശ്ചിത സമയത്ത് രേഖപ്പെടുത്തി ഫലം പ്രഖ്യാപിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയും പരീക്ഷാ ഫലങ്ങൾ കാലവിളംബമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ വിവിധ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിൽ ചേരുവാനുള്ള അവസരം നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി അക്കാദമിക് പരീക്ഷാ കലണ്ടർ പ്രകാരം സമയബന്ധിതമായി പരീക്ഷകളും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും നടത്തുന്നതിന് സർക്കാർ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വഖഫ് ബോർഡ് വഴി നൽകുന്ന ധനസഹായങ്ങൾ**

222 (4886) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് വഴി നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏതെല്ലാമെന്നും അവയ്ക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ധനസഹായങ്ങൾ വിതരണം ചെയ്ത കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) എന്നുവരെയുള്ള ധനസഹായങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്;

(ഡി) സമയബന്ധിതമായി അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനും ധനസഹായങ്ങൾ ഓരോന്നും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 60 വയസ്സ് കഴിഞ്ഞ പള്ളി ഇമാം, മുദ്രിസ്, മദ്രസ്സാദ്ധ്യാപകർ, ഖാദിം എന്നിവർക്കുള്ള പ്രതിമാസ പെൻഷൻ, മാരക രോഗ ചികിത്സാ സഹായം, വിവാഹ ധനസഹായം, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇസ്ലാമിക് ചെയറിനുള്ള ഗ്രാന്റ്, അനാഥാലയങ്ങളിലെ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വിവാഹമോചിതരായ സ്ത്രീകൾക്ക് ഗ്രാന്റ് എന്നീ സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് വഖഫ് ബോർഡ് വഴി നടപ്പിലാക്കി വരുന്നത്.

അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം

പെൻഷൻ: 60 വയസ്സ് കഴിഞ്ഞ, ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനത്തിൽ 10 വർഷം സർവ്വീസുള്ളതുമായ 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

ചികിത്സ: ബോർഡിൽ രജിസ്റ്റർ ചെയ്ത മഹല്ലിലെ അംഗവും 50,000 രൂപയിൽ താഴെ വരുമാനമുള്ളതും, തുടർച്ചയായ ചികിത്സ ആവശ്യമുള്ളതുമായ അപേക്ഷയിൽ പ്രതിപാദിക്കുന്ന മാരക രോഗമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

വിവാഹം: ബോർഡിൽ രജിസ്റ്റർ ചെയ്ത മഹല്ലിലെ അംഗവും 50,000 രൂപയിൽ താഴെ വരുമാനമുള്ളതും,18 വയസ്സ് പൂർത്തിയായതുമായ പെൺകുട്ടികളുടെ രക്ഷകർത്താക്കൾക്ക് നിക്കാഹ് കഴിഞ്ഞ് 30 ദിവസങ്ങൾക്കകം അപേക്ഷിക്കാവുന്നതാണ്.

അനാഥകുട്ടികൾക്കുള്ള സ്കോളർഷിപ്പ്: വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത യത്തീംഖാനകളിലെ അന്തേവാസികളായ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന അന്തേവാസികൾക്ക് അപേക്ഷിക്കാവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിൽനിന്നും ലഭിച്ച ഗ്രാന്റിൽനിന്നും വിതരണം ചെയ്ത ധനസഹായങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| ചികിത്സ | 62,10,000 | 124,75,000 | 40,50,000 |
| വിവാഹം | 16,34,761 | 24,29,522 | കൊടുത്തിട്ടില്ല |
| പെൻഷൻ | 41,04,909 | 66,46,276 | 50,02,143 |
| ഇസ്ലാമിക് ചെയർ | 1,00,000 | 2,00,000 | |
| മെയിന്റനൻസ് ഗ്രാന്റ് | 6,000 | | 12,000 |
| അനാഥകുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 70,000 | 1,00,000 | |

(സി) കേരള സ്റ്റേറ്റ് വഖഫ് ബോർഡിന് 2016-2017, 2017-2018, 2018-2019 വർഷത്തേയ്ക്ക് 4 കോടി 30 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വിതരണം ചെയ്ത ധനസഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക | കാലയളവ് |
|---|---|---|---|
| 1 | പെൻഷൻ | 1,57,53,328 | 1-4-2016 മുതൽ 30-9-2018 വരെയുള്ള 837 പെൻഷൻകാർക്ക് 1,000 രൂപ പ്രതിമാസ പെൻഷൻ |
| 2 | ചികിത്സ | 2,27,35,000 | 29-11-2013 മുതൽ 18-5-2017 വരെയുള്ള സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയ പൂർണ്ണമായ അപേക്ഷകൾ |
| 3 | വിവാഹം | 40,64,283 | 18-2-2012 മുതൽ 12-5-2016 വരെയുള്ള സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയ പൂർണ്ണമായ അപേക്ഷകൾ |
| 4 | ഇസ്ലാമിക് ചെയർ | 3,00,000 | 2016-17 മുതൽ 2017-18 വരെ |
| 5 | അനാഥകുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,70,000 | 2016-17 മുതൽ 2017-18 വരെ |
| 6 | മെയിന്റനൻസ് ഗ്രാന്റ് | 18,000 | 2016-17-ലും 2018-19-ലും മെയിന്റെനൻസ് ഗ്രാന്റ് നൽകിയിട്ടുണ്ട്. 2017-18-ൽ ക്ലെയിമുകളൊന്നും ലഭിച്ചിട്ടില്ല |

(ഡി) ഓരോ സാമ്പത്തിക വർഷവും സാമൂഹ്യ സുരക്ഷാ പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് ധനസഹായങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത്.

## സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്

223 (4887) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലോ സർക്കാർ ക്വാട്ടയിൽ അൺ എയ്ഡഡ് കോളേജുകളിലോ പഠിക്കുന്ന പെൺകുട്ടികൾക്ക് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് എന്ന പേരിൽ സ്കോളർഷിപ്പ് നൽകിവരുന്നുണ്ടോ;

(ബി) എങ്കിൽ 2017-2018, 2018-2019 എന്നീ വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിന് അനുവദിച്ചിരുന്ന പദ്ധതിവിഹിതം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ബജറ്റ് വിഹിതത്തിന് ആനുപാതികമായി പ്രസ്തുത വർഷങ്ങളിൽ അപേക്ഷകർ ഉണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് കോളേജുകളിലെ ബിരുദ ബിരുദാനന്തര വിദ്യാർത്ഥിനികൾക്കും സർക്കാർ പ്രൊഫഷണൽ കോളേജുകളിലെ പ്രൊഫഷണൽ വിദ്യാർത്ഥിനികൾക്കും എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകളിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥിനികൾക്കും സി.എച്ച്.മുഹമ്മദ്കോയ സ്കോളർഷിപ്പ് നൽകിവരുന്നു.

(ബി&സി) 2017-18, 2018-19 എന്നീ വർഷങ്ങളിൽ 8,00,00,000 രൂപ വീതം പദ്ധതിവിഹിതമായി അനുവദിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലെപ്പോലെ ടി വർഷങ്ങളിലും ബജറ്റ് വിഹിതത്തിന് ആനുപാതികമായി അപേക്ഷകർ ഉണ്ടായിരുന്നില്ല. 2017-18-ൽ 12393 അപേക്ഷകൾ ലഭിക്കുകയും 10811 വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുകയും ചെയ്തു. 2018-19 വർഷത്തിൽ 15933 അപേക്ഷകൾ ലഭിക്കുകയും അർഹരായ 11167 വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

**കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്**

224 (4888) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത് എന്ന സ്ഥാപനത്തിന്റെ കീഴിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ സർക്കാർ ഉദ്യോഗങ്ങൾക്ക് പ്രാപ്തരാക്കുംവിധമുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന വിവിധ മത്സരപ്പരീക്ഷകൾക്ക് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ;

(സി) സ്വകാര്യമേഖലയിലെ തൊഴിലുകൾക്കുള്ള മത്സരപ്പരീക്ഷകൾക്കും അഭിമുഖങ്ങൾക്കുംകൂടി യുവാക്കളെ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പരീക്ഷാപരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങളിൽ ഓരോ വിഷയത്തിലും പ്രാഗത്ഭ്യമുള്ള പരിശീലകരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ന്യൂനപക്ഷ ക്ഷേമവകുപ്പിന് കീഴിലുള്ള 21 പരിശീലന കേന്ദ്രങ്ങളിലും 28 ഉപകേന്ദ്രങ്ങളിലുമായി കേരള സംസ്ഥാന പി.എസ്.സി., റെയിൽവേ, ബാങ്കിംഗ്, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നു. പരിശീലന കേന്ദ്രങ്ങളിൽ എസ്.എസ്.എൽ.സി., ഡിഗ്രി നിലവാരത്തിലുള്ള പരീക്ഷകൾക്കായുള്ള റെഗുലർ ബാച്ച്, ഹോളിഡേ ബാച്ച് എന്നിവ ക്രമീകരിച്ചിട്ടുണ്ട്. പോലീസ്, ഫോറസ്റ്റ് ഓഫീസർ, എക്സൈസ് തുടങ്ങിയ പരീക്ഷകളിൽ വിജയിച്ചവർക്ക് എറണാകുളം കേന്ദ്രമാക്കി കായിക പരിശീലനം നടത്തുന്നുണ്ട്.

(സി) പ്രസ്തുത നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഓരോ വിഷയത്തിലും പ്രാഗത്ഭ്യമുള്ളവരെ നിയമിക്കുന്നതിനായി ഇന്റർവ്യൂ നടത്തുകയും സംസ്ഥാനത്തൊട്ടാകെ 382 ഫാക്കൽറ്റികളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഫാക്കൽറ്റി പാനലിൽ നിന്നാണ് പരിശീലകരെ നിയമിക്കുന്നത്.

**ന്യൂനപക്ഷക്ഷേമവകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ**

225 (4889) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമവകുപ്പിന്റെ കീഴിൽ നൽകുന്ന ആനുകൂല്യങ്ങളും സഹായങ്ങളും മറ്റ് പദ്ധതികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളും ന്യൂനപക്ഷങ്ങൾക്ക് നൽകിയ സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും നൽകാനുദ്ദേശിക്കുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

1. സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
2. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി/പുനരുദ്ധാരണ പദ്ധതി.
3. ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം
4. സ്വകാര്യ ഐ.ടി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീ ഇംബേഴ്സ്മെന്റ് സ്കീം
5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി
6. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തുനൽകുന്ന പദ്ധതി
7. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
8. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.
9. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.
10. എസ്.എസ്.എൽ.സി. /പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി
11. സി.എച്ച്. മുഹമ്മദ്കോയ ഗേൾസ് സ്കോളർഷിപ്പ്
12. മദ്രസ്സാദ്ധ്യാപകർക്കുള്ള ചികിത്സാ ധനസഹായം
13. മദ്രാസ്സാദ്ധ്യാപകരായ വനിതകൾക്കുള്ള പ്രസവാനുകൂല്യം.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

(1) ന്യൂനപക്ഷ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് മലപ്പുറം ജില്ലയിലെ വാഴയൂർ വില്ലേജിൽ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മൈനോറിറ്റി സ്റ്റഡീസ് കേരള എന്ന സ്ഥാപനം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(2) സംസ്ഥാനത്തെ മദ്രസാദ്ധ്യാപകർക്ക് അദ്ധ്യാപക പരിശീലനവും ഐഡന്റിറ്റി കാർഡ് വിതരണവും സമ്പൂർണ്ണ ക്ഷേമനിധി അംഗത്വവും എന്ന പരിപാടി ആവിഷ്കരിക്കാനുദ്ദേശിക്കുന്നു.

(3) കുടുംബശ്രീ മിഷൻ വഴി നടപ്പിലാക്കുന്ന DDUGKY എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഗുണഭോക്താക്കൾ 60% ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാകണമെന്ന് വ്യവസ്ഥയുണ്ട്. ഇതിനായി ന്യൂനപക്ഷക്ഷേമ വകുപ്പും കുടുംബശ്രീയും ചേർന്ന് നടത്തുന്ന ജില്ലാതല മൊബിലൈസേഷൻ ക്യാമ്പയിൻ എല്ലാ ജില്ലകളിലും നടത്തുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി പദ്ധതി എത്രയുംവേഗം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കേച്ചേരി പട്ടിക്കരയിലെ ന്യൂനപക്ഷ പരിശീലന ഉപകേന്ദ്രം

226 (4890) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണൽ ചാരിറ്റബിൾ സൊസൈറ്റിയുടെ കേച്ചേരി പട്ടിക്കരയിൽ പ്രവർത്തിക്കുന്ന കേരള ന്യൂനപക്ഷവകുപ്പിനു കീഴിലുള്ള ന്യൂനപക്ഷ പരിശീലന ഉപകേന്ദ്രത്തിൽ ഉദ്യോഗാർത്ഥികളുടെ ആധിക്യംമൂലം ആഴ്ചയിൽ ഒരു ക്ലാസ്സ് മതിയാകാതെ വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുന്ദംകുളം, ഗുരുവായൂർ, മണലൂർ, വടക്കാഞ്ചേരി, തൃശ്ശൂർ, തൃത്താല തുടങ്ങിയ മണ്ഡലങ്ങളുടെ പരിധിയിൽ വരുന്ന ഒരു കേന്ദ്രമാണ് കേച്ചേരിയിലുള്ളത് എന്നത് പരിഗണിച്ച് പ്രസ്തുത ഉപകേന്ദ്രത്തെ 'മെയിൻ സെന്റർ' ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ തൃശ്ശൂർ ജില്ലയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ കൊടുങ്ങല്ലൂർ ചേരമൻ ജുമാമസ്ജിദ് ബിൽഡിംഗ് കേന്ദ്രമാക്കി ഒരു മെയിൻ സെന്ററും തണൽ ചാരിറ്റബിൾ ട്രസ്റ്റ്, കേച്ചേരി, എക്സൽ അക്കാദമി, ഈസ്റ്റ് ഫോർട്ട് എന്നീ പ്രദേശങ്ങൾ കേന്ദ്രമാക്കി 2 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. പരിശീലന കേന്ദ്രങ്ങൾ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടത്തപ്പെടുന്നത്. കേച്ചേരിയിലെ ഉപകേന്ദ്രം പ്രവർത്തിക്കുന്നത് ഒരു ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലായതിനാൽ ഇതിനെ വകുപ്പിന്റെ പരിശീലന കേന്ദ്രമാക്കാൻ കഴിയുകയില്ല.

## ജി.പി.എസ്. സംവിധാനം

227 (4891) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനിർദ്ദേശപ്രകാരം സംസ്ഥാനത്തെ എത്ര വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ;

(ബി) ജി.പി.എസ്. സംവിധാനം ഘടിപ്പിക്കാത്ത വാഹനങ്ങൾ നിരത്തിലിറക്കിയാൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 9745 എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ വാഹനങ്ങൾ ഉൾപ്പെടെ 15250 വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) പദ്ധതി ആരംഭഘട്ടത്തിലായതിനാൽ ഇത്തരം വാഹനങ്ങൾക്കെതിരെയുള്ള നടപടികളിൽ തീരുമാനങ്ങളൊന്നും ആയിട്ടില്ല.

## സ്കൂൾ ബസ്സുകളിൽ ജി.പി.എസ്. സംവിധാനം

228 (4892) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂൾ ബസ്സുകളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ജി.പി.എസ്. സംവിധാനം ഇല്ലാത്ത ബസ്സുകൾ ഉപയോഗിക്കുന്ന സ്കൂൾ അധികൃതർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. 9745 എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ കാര്യത്തിൽ ഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പദ്ധതി ആരംഭഘട്ടത്തിലായതിനാൽ ഇത്തരം വാഹനങ്ങൾക്കെതിരെയുള്ള നടപടികളിൽ തീരുമാനങ്ങളൊന്നും ആയിട്ടില്ല.

## സൂപ്പർ ക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസ്

229 (4893) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം അവകാശമുള്ള സൂപ്പർ ക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സ്വകാര്യ ബസ്സുകളുടെ പ്രസ്തുത സർവ്വീസ് നിയന്ത്രിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് വിജ്ഞാപനം ഇറക്കിയിരുന്നോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത വിജ്ഞാപനം നിലനിൽക്കുന്ന സാഹചര്യത്തിലും കെ.എസ്.ആർ.ടി.സി.-ക്ക് അനുകൂലമായി കോടതി വിധി ഉള്ളതിനാലും എപ്രകാരമാണ് സ്വകാര്യ ബസ്സുകൾ പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് നടത്തുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്വകാര്യ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകളിൽ നിലവിൽ സൂപ്പർക്ലാസ് സർവ്വീസുകളായിട്ടല്ല ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകളായിട്ടാണ് അനധികൃതമായി സർവ്വീസ് നടത്തിവരുന്നത്.

(ബി) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഫാസ്റ്റ് പാസഞ്ചർ മുതൽക്കുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിന് 16-7-2013-ലെ ജി.ഒ.(പി).73/13 നമ്പർ പ്രകാരം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യെ മാത്രമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) 20-8-2015 തീയതിയിലെ ജി.ഒ.(പി) 45/2015 നമ്പർ ഉത്തരവ് പ്രകാരം സൂപ്പർക്ലാസ് പദവി നഷ്ടപ്പെട്ട് പെർമിറ്റ് നഷ്ടപ്പെട്ട നിലവിലുള്ള സ്റ്റേജ് ക്യാരേജുകൾക്ക് മാത്രം ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകളായി പെർമിറ്റ് നൽകാൻ ആർ.ടി.എ.കൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് സ്വാകാര്യ ബസ്സുകൾ പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് നടത്തുന്നത്.

## രാത്രികാല സമാന്തര ബസ് സർവ്വീസ്

230 (4894) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലൂടെയുള്ള രാത്രികാല സമാന്തര ബസ് സർവ്വീസുകളുടെ കാര്യത്തിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇത്തരം റൂട്ടുകളിൽ രാത്രികാലങ്ങളിൽ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ലാഭകരമായി ഇത്തരം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് നടത്തുവാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന നിയമത്തിന് എതിരായി രാത്രികാല സമാന്തര സർവ്വീസ് നടത്തുന്നത് തടയുന്നതിനായി മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് ' എന്ന പേരിൽ രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 9975 നിയമ ലംഘനങ്ങൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളെ തമ്മിലും ബന്ധിപ്പിച്ചുകൊണ്ട് മുഴുവൻ സമയവും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിവരികയാണ്. എന്നാൽ അനധികൃതമായും പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചും നിയമലംഘനം നടത്തി സമാന്തര സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ പ്രധാനമായും രാത്രികാലത്താണ് ഇത്തരം സർവ്വീസുകൾ നടത്തിവരുന്നത്. നിയമ ലംഘനം നടത്തിയും വേഗപരിധി പാലിക്കാതെയുമാണ് സ്വകാര്യ ബസ്സുകൾ ഇത്തരം അനധികൃത സർവ്വീസുകൾ നടത്തിവരുന്നത്. ഉത്തരവാദിത്വമുള്ള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് ആയ കെ.എസ്.ആർ.ടി.സി.ക്ക് ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ നടത്തുന്നതിനോ അപ്രകാരം സർവ്വീസുകൾ നടത്തുന്നതിനോ പ്രായോഗികമായി കഴിയാത്തതാണ്. എന്നാൽ കേരളത്തിനുള്ളിലും അന്തർ സംസ്ഥാന പാതകളിലും കൃത്യമായും കാര്യക്ഷമമായും യാത്രക്കാർക്ക് ആവശ്യമായ പ്രകാരം സൂപ്പർക്ലാസ് സർവ്വീസുകൾ നടത്തിവരികയാണ്. കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം

231 (4895) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ നിലവാരം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ 3301 ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പരിശോധന നടത്തി സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡമുള്ള സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിരിക്കുന്നത്. സമയാസമയങ്ങളിൽ സ്ഥാപനങ്ങൾ പരിശോധിച്ച് നിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, ഇൻസ്ട്രക്ടർമാർക്കും പഠിതാക്കൾക്കും പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

**ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്**

232 (4896) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്ന സ്വകാര്യ അന്തർസംസ്ഥാന ബസ്സുകളെ പരിശോധിക്കാൻ ഗതാഗത വകുപ്പ് ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ പരിശോധനാ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധനയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര ബസ്സുകളിൽ നിന്നും എത്ര തുക 2019 ജനുവരി മുതൽ നാളിതുവരെയായി പിഴയിനത്തിൽ ഈടാക്കിയെന്നും വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ കടുത്ത നിയമലംഘനങ്ങൾ നടത്തുന്ന ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ബസ്സുകൾക്ക് അനുവദിച്ചിട്ടുള്ള കോൺട്രാക്റ്റ് കാര്യേജ് പെർമിറ്റ് ഉപയോഗിച്ച് എത്ര ബസ്സുകൾ സ്റ്റേജ് കാര്യേജ് ആയി സർവീസ് നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ബസ്സ് ഓപ്പറേറ്റർമാർ ലൈസൻസിഡ് ഏജന്റ് ഫോർ പബ്ലിക് ട്രാൻസ്പോർട്ട് അനുസരിച്ചുള്ള സൗകര്യങ്ങൾ അവരുടെ ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നാളിതുവരെ 9,975 കേസ്സുകളിൽനിന്നായി 3,80,53,100 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

(ബി) കടുത്ത നിയമലംഘനം നടത്തുന്ന ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) കോൺട്രാക്റ്റ് ക്യാരേജ് ബസ്സുകൾ അനധികൃതമായി സ്റ്റേജ് ക്യാരേജായി ഉപയോഗിച്ചതിന് അന്യ സംസ്ഥാന ബസ്സുകളുടെ അടക്കം 8,115 കേസ്സുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) LAPT അനുസരിച്ച് ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് അനുസരിച്ചുള്ള അപേക്ഷയിൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ തീരുമാനം എടുത്തുകൊണ്ടിരിക്കുന്നുണ്ട്.

## വാഹനങ്ങളുടെ ലൈറ്റിന്റെ തീവ്രത പരിശോധന

233 (4897) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതമായ ലൈറ്റ്മൂലം അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഒരു പഠനത്തിന്റെ ആവശ്യമില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഒരു പഠനം ആവശ്യമായില്ലെങ്കിൽ വാഹനത്തിന്റെ പ്രകാശ തീവ്രത പരിശോധിക്കാൻ ലെക്സി മീറ്റർ വാങ്ങുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(സി) ലെക്സി മീറ്റർ വാങ്ങുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള ഫയൽ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി വാങ്ങിയ ലെക്സി മീറ്റർ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ അമിതമായ ലൈറ്റ് ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വാഹനങ്ങളുടെ അമിതമായ ലൈറ്റ്മൂലം അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ലെക്സി മീറ്റർ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്തുടനീളം റോഡ് സുരക്ഷാ പ്രവർത്തനത്തിന്റെ വിന്യാസത്തിനായി റോഡ് സുരക്ഷാ ഫണ്ടിൽനിന്നും വാഹന പരിശോധന സുഗമമാക്കുന്നതിനാവശ്യമായ ലക്സി മീറ്റർ, സൗണ്ട് ലെവൽ മീറ്റർ എന്നിവ വാങ്ങുന്നതിനുള്ള ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ

ആവശ്യത്തിന്മേൽ കേരള റോഡ് സുരക്ഷാ അതോറിറ്റി പതിനെട്ടു ലക്ഷം രൂപ ഫണ്ട് അനുവദിക്കുകയും അതിൽ നിന്നും ട്രാൻസ്പോർട്ട് കമ്മീഷണറുടെ 31-1-2017-MITI1/18455/TC/2009)-0 നമ്പർ ഉത്തരവ് പ്രകാരം 15-12-2017-ലെ ടെണ്ടർ നടപടികളിലൂടെ M/s. Medical Sensors India limited, Bangalore എന്ന സ്ഥാപനത്തിൽനിന്നും ഒരു യൂണിറ്റിന് 8,000 രൂപ നിരക്കിൽ 40 ലെക്സി മീറ്ററുകൾ 3,20,000 രൂപ ചെലവഴിച്ച് മോട്ടോർ വാഹന വകുപ്പ് വാങ്ങിയിട്ടുണ്ട്.

## സംസ്ഥാനത്തെ വാഹനങ്ങളുടെ എണ്ണം

234 (4898) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ വാഹനങ്ങളുടെ എണ്ണം എത്രയാണ്; തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ എത്ര വാഹനങ്ങൾ സംസ്ഥാനത്ത് ഓടുന്നുവെന്നാണ് മോട്ടോർ വാഹനവകുപ്പ് കണക്കാക്കുന്നത്; ഇതിൽ എത്ര വാഹനങ്ങൾ നാളിതുവരെ പിടിച്ചെടുത്തിട്ടുണ്ട്;

(സി) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ ഓടുന്ന വാഹനങ്ങളുടെ എണ്ണം എത്രയാണ്;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വാഹന അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയെന്നാണ് ഗതാഗത വകുപ്പ് കണക്കാക്കിയിട്ടുള്ളത്;

(ഇ) അമിതവേഗം ഉൾപ്പെടെയുള്ള കാരണങ്ങളാൽ സംസ്ഥാനത്ത് ദിനംപ്രതി ശരാശരി എത്രപേർ മരണപ്പെടുന്നുവെന്നാണ് ഗതാഗത വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) അമിതവേഗം കാരണം ഈ സർക്കാർ കലയളവിനുള്ളിൽ നാളിതുവരെ എത്ര പേരുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്; ഇത്തരക്കാരുടെ ലൈസൻസ് ആയുഷ്കാലം റദ്ദാക്കാൻ വകുപ്പ് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2019 വരെ ആകെ 1,33,19,353 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്രാൻസ്പോർട്ട് വാഹനങ്ങൾ-16,44,955, നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ-1,16,74,398.

(ബി) മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർ സിസ്റ്റത്തിൽ നിന്നുള്ള വിവരം അനുസരിച്ച് 614681 എണ്ണം സ്വകാര്യ വാഹനങ്ങൾ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതായി കാണുന്നു. ഇതിൽ എത്ര വാഹനങ്ങൾ ഓടുന്നുണ്ടെന്ന് അറിയാൻ കഴിയില്ല. ഇത്തരം വാഹനങ്ങൾ ഓടുന്നതായി കണ്ടാൽ പിടിച്ചെടുത്ത് നടപടി സ്വീകരിക്കാറുണ്ട്.

(സി) ഏകദേശം എണ്ണം-1,26,188

(ഡി) 2016 ജൂൺ മുതൽ 2019 ഏപ്രിൽ വരെ റോഡപകടങ്ങളിൽപ്പെട്ട് 12,392 മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഇ) ദിനംപ്രതി ഏകദേശം 11 മരണങ്ങൾ നടക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്.

(എഫ്) അമിതവേഗത കാരണം ഈ സർക്കാർ കാലയളവിൽ നാളിതുവരെ 2192 ലൈസൻസുകൾ അയോഗ്യത ചെയ്തിട്ടുണ്ട്. ലൈസൻസുകൾ ആയുഷ്കാലം റദ്ദാക്കാനുള്ള നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

**കോൺട്രാക്ട് ക്യാരേജുകളിലെ ആഡംബര സംവിധാനങ്ങൾ**

235 (4899) <u>ശ്രീ. കെ. സി. ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെടെയുള്ള കോൺട്രാക്ട് ക്യാരേജുകളിൽ എൽ.ഇ.ഡി. ലൈറ്റ് മുതലായ ആഡംബര സംവിധാനങ്ങൾ ഒഴിവാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് ഹൈക്കോടതി നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിധി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് ലംഘിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റോഡ് യാത്രക്കാരുടെയും വാഹന ഡ്രൈവർമാരുടെയും ശ്രദ്ധ നഷ്ടപ്പെടാൻ ഇടയാക്കുന്ന രീതിയിലുള്ള പരസ്യങ്ങൾ വാഹനത്തിൽ പ്രദർശിപ്പിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

(സി) കോടതി വിധിയിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2000-ത്തോളം ലംഘനങ്ങൾ കണ്ടുപിടിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ നടന്നുവരുന്നു.

## കോൺട്രാക്ട് ക്യാരേജ് ബസ്സുകൾ

236 (4900) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺട്രാക്റ്റ് ക്യാരേജ് ബസുകൾക്ക് നിരക്ക് നിശ്ചയിച്ച് അവയെ സ്റ്റേജ് ക്യാരേജുകളെപ്പോലെയാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷനെ നിശ്ചയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് കെ.എസ്.ആർ.ടി.സി.-ക്ക് കനത്ത വെല്ലുവിളി സൃഷ്ടിക്കുമോ; നിയമ വിരുദ്ധ സർവ്വീസുകൾക്ക് നിയമ പരിരക്ഷ നൽകുന്ന നടപടിയായി ഇത് മാറുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അത്തരം വാഹനങ്ങളുടെ നിരക്ക് നിശ്ചയിക്കുന്നതിന് മാത്രമാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) കോൺട്രാക്ട് ക്യാരേജ് ബസ്സുകൾക്ക് നിരക്ക് നിശ്ചയിച്ച് അവയെ സ്റ്റേജ് ക്യാരേജുകളെപ്പോലെ ആക്കുന്ന കാര്യം പരിഗണനയിലില്ലാത്തതിനാൽ ഇത് കെ.എസ്.ആർ.ടി.സി. -യെ ബാധിക്കില്ല.

## കോൺട്രാക്ട് ക്യാരേജുകളുടെ സമാന്തര സർവ്വീസ്

237 (4901) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോൺട്രാക്റ്റ് ക്യാരേജ് സർവ്വീസ് അനുമതിയുള്ള വാഹനങ്ങൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ സമാന്തര സർവ്വീസുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സമാന്തര സർവ്വീസുകൾമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ കുറവുണ്ടാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാന നഷ്ടം തടയുന്നതിനും സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനും സമാന്തര സർവ്വീസുകളെ തടയുന്നതിനുമായി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരേയും, പോലീസ് ഉദ്യോഗസ്ഥരേയും കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരേയും ചേർത്ത് ഒരു സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽനിന്നുള്ള പരാതികൾ അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിലുള്ള 2 സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

(സി) അനധികൃതമായും, പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചും സർവ്വീസ് നടത്തുന്ന ഈ ബസ്സുകൾമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം നഷ്ടമാകുന്നുണ്ട്.

**ആംബുലൻസുകൾക്ക് വാടക നിശ്ചയിക്കുന്നതിന് നടപടി**

238 (4902) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആംബുലൻസുകൾക്ക് വാടക നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആംബുലൻസുകൾ യാതൊരു നിയന്ത്രണവുമില്ലാതെ വാടകയുടെ കാര്യത്തിൽ രോഗികളെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വാഹന അപകടങ്ങളുടെ വർദ്ധനവ്**

239 (4903) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ച് വാഹനം ഓടിക്കുന്നതുമൂലവും അമിതവേഗതയും കാരണം സംസ്ഥാനത്ത് വാഹന അപകടങ്ങൾ വർദ്ധിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം നിയമലംഘനങ്ങൾക്ക് അറുതി വരുത്തുവാൻ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) മദ്യപിച്ച് വാഹനം ഓടിക്കുന്നതിന്റെയും അമിതവേഗതയുടെയും പേരിൽ ലൈസൻസ് റദ്ദ് ചെയ്യുന്നുണ്ടോ; എങ്കിൽ 2018-ൽ എത്ര പേരുടെ ലൈസൻസ് ഇപ്രകാരം റദ്ദാക്കിയിട്ടുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മദ്യപിച്ച് വാഹനം ഓടിക്കുന്നതും അമിത വേഗതയും റോഡപകടങ്ങൾക്ക് കാരണമാകാറുണ്ട്. അമിതവേഗത, അശ്രദ്ധമായി വാഹനം ഓടിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ എന്നിവ മൂലമുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് കർശന പരിശോധന നടത്തി ഇത്തരക്കാർക്കെതിരെ ലൈസൻസ് സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പുതിയതായി ലൈസൻസിന് അപേക്ഷിക്കുന്നവർ, സ്കൂൾ ബസ് ഡ്രൈവർമാർ, ബസ് ജീവനക്കാർ, സ്കൂൾ കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികൾ എന്നിവർക്ക് റോഡ് സുരക്ഷയെക്കുറിച്ചുള്ള അവബോധന ക്ലാസ്സുകൾ നൽകുന്നുമുണ്ട്.

(സി) വിവിധ നിയമലംഘനങ്ങളുടെ പേരിൽ 2018 വർഷം 17,788 ലൈസൻസുകൾ റദ്ദാക്കിയിട്ടുണ്ട്.

**വാഹനം ഓടിക്കുമ്പോഴുള്ള മൊബൈൽ ഫോൺ ഉപയോഗം**

240 (4904) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് മൂലമുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഇത് തടയുന്നതിന് എന്ത് വ്യവസ്ഥയാണ് ഉള്ളത്; ഇത് സംബന്ധിച്ച ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വാഹനങ്ങൾ ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നവർക്കെതിരെ കേസ്സുകൾ ചാർജ് ചെയ്യുകയും ഡ്രൈവിംഗ് ലൈസൻസ് റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുസംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടില്ല.

## അപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി സ്വീകരിച്ച നടപടികൾ

241 (4905) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതയിൽ ദിവസവും നിരവധി അപകടങ്ങൾ ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ ആയത് കുറയ്ക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി.-യും മോട്ടോർ വാഹന വകുപ്പും സംയുക്തമായി ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കോട്ടയ്ക്കൽ മണ്ഡലത്തിലെ കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ഒരു മൊബൈൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ?

ഉത്തരം

(എ) അപകടങ്ങളും മരണനിരക്കും കുറയ്ക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. സേഫ് കേരള പദ്ധതി

സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുക, റോഡുകൾ അപകടമുക്തമാക്കുക എന്ന ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ച സേഫ് കേരള പദ്ധതിയുടെ ഭാഗമായി പുതുതായി രൂപീകരിച്ച 51 സ്ക്വാഡുകൾ ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2. ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

3. <u>മാതൃകാസുരക്ഷാ ഇടനാഴി</u>

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാ വീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

1. തൃശ്ശൂർ-കുന്നംകുളം റോഡ് (24 കി.മീ.)
2. എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം)
3. കൊട്ടിയം-കണ്ടറ (17 കി.മീ.)
4. മെഡിക്കൽ കോളേജ്-പേട്ട, തിരുവനന്തപുരം
5. വെള്ളയമ്പലം-തമ്പാനൂർ, തിരുവനന്തപുരം
6. പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട് (5.5 കി.മീ.)

4. <u>ബോധവൽക്കരണ പരിപാടികൾ</u>

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചാരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും, ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധന ക്ലാസുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

5. <u>റോഡ് സുരക്ഷാ വാരാചരണം</u>

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കംചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

6. സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്. 2019 ജൂൺ 10 മുതൽ 14 വരെ നടന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുന്നതിനും സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

7. ശബരിമല സേഫ് സോൺ

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നതാണ് ശബരിമല സേഫ് സോൺ പദ്ധതി.

(ബി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പദ്ധതികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.

അപകട സാധ്യത കൂടിയ മേഖലകൾക്ക് പ്രാധാന്യം നൽകി മോട്ടോർ വാഹന വകുപ്പ് കർശന പരിശോധന നടത്തിവരുന്നുണ്ട്. അപകടങ്ങൾക്ക് കാരണമാകുന്ന അമിത വേഗത, റെഡ് ലൈറ്റ് ജമ്പിംഗ് എന്നിവ കണ്ടെത്തുന്നതിനായി സംസ്ഥാന ദേശീയ പാതകളിൽ പലയിടങ്ങളിലായി 240 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കുക എന്നിവ കണ്ടെത്തുന്നതിനായി 24 മണിക്കൂറും ഇത്തരം പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്തെ റോഡുകൾ അപകടരഹിതമാക്കുന്നതിനായി 'സേഫ് കേരള' എന്ന പേരിൽ 85 സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

സുരക്ഷിത യാത്ര ലക്ഷ്യംവെച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.റ്റി.പി.) നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കോറിഡോർ പദ്ധതി. അന്താരാഷ്ട്ര നിലവാരമുള്ള വേഗതാ നിയന്ത്രണ ഉപാധികൾ, സുരക്ഷാ സമ്പ്രദായങ്ങൾ, കാൽനട യാത്രക്കാർക്കുള്ള സുരക്ഷാ സമ്പ്രദായങ്ങൾ, സ്കൂൾ സോൺ സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ, സിഗ്നൽ സംവിധാനങ്ങൾ, പാർക്കിംഗ് Slot-കൾ, ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട റോഡ് ഇടനാഴിയിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

(സി) കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിൽ കോട്ടയ്ക്കൽ വില്ലേജിൽ പറമ്പിലങ്ങാടിയിൽ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്.

**ഓട്ടോമാറ്റിക് സ്പീഡ് എൻഫോഴ്സ്മെന്റ് ക്യാമറ**

242 (4906) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് സംസ്ഥാനത്ത് ആകെ എത്ര ഓട്ടോമാറ്റിക് സ്പീഡ് എൻഫോഴ്സ്മെന്റ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചു; ഏത് കാലഘട്ടത്തിലാണ് പണം ചെലവഴിച്ചത്; വ്യക്തമാക്കുമോ;

(ബി) ഇവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് വേണ്ടി എത്ര തുക ഈ സർക്കാർ വന്ന ശേഷം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ ക്യാമറകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തനരഹിതമാണ്;

(ഡി) വാർഷിക അറ്റകുറ്റപ്പണി നടപ്പാക്കാത്തതിന് പ്രത്യേക കാരണം എന്തെങ്കിലും ഉണ്ടോ; ഇവ അറ്റകുറ്റപ്പണി നടത്തി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 143 ക്യാമറകൾ. ഇതിനായി 20,26,53,345 രൂപ ചെലവഴിച്ചിട്ടുണ്ട്. 2011-2018 കാലയളവിൽ.

(ബി) 34,02,457 രൂപ.

(സി) 22

(ഡി) 14-8-2018 വരെയുള്ള കാലയളവിൽ വാർഷിക അറ്റകുറ്റകരാർ കെൽട്രോണിന് നൽകിയിട്ടുണ്ട്. ശേഷിച്ച കാലാവധിക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**റോഡപകടനിരക്ക് കുറയ്ക്കാൻ നടപടി**

243 (4907) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനപ്പെരുപ്പം പ്രത്യേകിച്ച് ഇരുചക്രവാഹനങ്ങൾ റോഡുകളുടെ വാഹകശേഷിക്കും അപ്പുറം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് അപകടനിരക്ക് വർദ്ധിക്കാനിടയാക്കുന്ന സാഹചര്യത്തിൽ പൊതുഗതാഗത

സംവിധാനം കാര്യക്ഷമമാക്കി സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ബി) വാഹനമോടിക്കുന്നതിലെ ശ്രദ്ധക്കുറവും പരിചയക്കുറവും ലഹരി വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുന്നതും റോഡപകടങ്ങളുടെ മുഖ്യകാരണങ്ങളായതിനാൽ വാഹന പരിശോധന കർക്കശമാക്കുന്നതിനും ലൈസൻസ് നേടുന്നതിനുള്ള പരീക്ഷകൾ അഴിമതി രഹിതമാക്കി കാര്യക്ഷമമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ;

(സി) റോഡിലെ തിരക്ക് കുറയ്ക്കാൻ ഉതകുന്ന ഉൾനാടൻ ജലഗതാഗത സംവിധാനം കാര്യക്ഷമമാക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ;

(ഡി) ജലഗതാഗതത്തിന് വേഗതയേറിയ ബോട്ടുകൾ ഉപയോഗിച്ച് യാത്രക്കാരെ ആകർഷിക്കുവാൻ നടപടിയെടുക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇരുചക്രവാഹനങ്ങളുടെ എണ്ണം റോഡുകളുടെ വാഹകശേഷിയേക്കാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അപകടങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

(ബി) ലഹരി വസ്തുക്കൾ ഉപയോഗിച്ച് വാഹനമോടിക്കുന്നതുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നടപടി സ്വീകരിച്ച് കേരള റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് ലഭ്യമാക്കാറുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി അപകട സാധ്യത കൂടിയ മേഖലകളിൽ മോട്ടോർ വാഹന വകുപ്പ് കർശനമായ പരിശോധനകൾ നടത്തിവരുന്നു. ഈ ലക്ഷ്യം മുൻനിർത്തി രൂപീകരിച്ചിട്ടുള്ള സേഫ് കേരള സ്ക്വാഡുകൾ ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തിവരുന്നു. കൂടാതെ ഡ്രൈവിംഗ് ടെസ്റ്റുകൾ കാര്യക്ഷമമായി നടത്തുന്നുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന വെസ്റ്റ്കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ടി പാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ.-ഉം 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന

പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ഉൾപ്പെടെ 328 കി.മീ. ഭാഗം ദേശീയപാത (NW-3)-യാണ്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ. കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി.മീ. എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റിന്റെ കീഴിൽ നടത്തിവരുന്നത്. കൂടാതെ വിവിധ ജില്ലകളിലായി ലിങ്ക് കനാലുകളും, ഫീഡർ കനാലുകളുമായി 1100 കി.മീ. വരുന്ന കനാൽ ശൃംഖല വെസ്റ്റ്കോസ്റ്റ് കനാലിനെ വിവിധ നഗരങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നതായുണ്ടായിരുന്നു. ചരക്കുഗതാഗതത്തിനും ടൂറിസത്തിനും പ്രയോജനം ലഭിക്കുന്ന ഫീഡർ കനാലുകളും, ലിങ്ക് കനാലുകളും കണ്ടെത്തുന്നതിന് പഠനം നടത്തുകയും മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുകയും ചെയ്യുന്നതാണ്.

(ഡി) ജലഗതാഗത രംഗത്ത് വേഗതയേറിയ ബോട്ടുകൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി വൈക്കം-എറണാകുളം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ളതും വേഗതകൂടിയതും ആധുനിക സജ്ജീകരണങ്ങൾ ക്രമീകരിച്ചിട്ടുള്ളതുമായ ബോട്ടുപയോഗിച്ച് 4-11-2018 മുതൽ വിജയകരമായി സർവ്വീസ് നടത്തിവരുന്നു. കൂടാതെ ആലപ്പുഴയിൽ നിന്നും കോട്ടയത്തേയ്ക്ക് ഏറ്റവും കുറഞ്ഞസമയംകൊണ്ട് എത്തിച്ചേരുന്നതിനുള്ള അതിവേഗ ബോട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്.

## ടാക്സി സർവ്വീസ് മേഖലയിലെ മാന്ദ്യം

244 (4908) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ്, പ്രളയക്കെടുതി എന്നിവമൂലം ടാക്സി സർവ്വീസ് മേഖലയിൽ ധാരാളം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതുമൂലം പ്രസ്തുത തൊഴിലാളികൾക്ക് എന്തെങ്കിലും സമാശ്വാസ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ടാക്സി സർവ്വീസ് മേഖലയിലെ മാന്ദ്യത്താൽ സാമ്പത്തിക ബുദ്ധിമുട്ട് മൂലം ടാക്സ്, ഇൻഷ്വറൻസ് എന്നിവ അടക്കുവാൻ പ്രസ്തുത തൊഴിലാളികൾക്ക് സാധിക്കുന്നില്ല എന്നതിനാൽ പ്രസ്തുത തുക തവണകളായി അടക്കുവാനുള്ള സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗതാഗതവകുപ്പ് ഇത്തരത്തിൽ സമാശ്വാസ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

(ബി) ടാക്സി സർവ്വീസ് മേഖലയിലെ തൊഴിലാളികളുടെ നിരന്തരമായ അഭ്യർത്ഥന പ്രകാരം ബഹു. ഹൈക്കോടതിയുടെ 4-6-2014-ലെ ഇടക്കാല ഉത്തരവിലൂടെ 15 വർഷത്തെ ഒറ്റത്തവണ നികുതിക്കുപകരം 5 വർഷത്തെ നികുതി അടച്ചവരിൽ നിന്നും ബാക്കി 10 വർഷത്തെ നികുതി ഈടാക്കുന്നതിനായി 10-5-2018-ൽ തുടങ്ങുന്ന അഞ്ച് തവണ വ്യവസ്ഥകളും പിന്നീട് 30-11-2018-ൽ തുടങ്ങുന്ന 3 തവണ വ്യവസ്ഥകളും അനുവദിച്ചുനൽകിയിരുന്നു.

## കെ.ടി.ഡി.എഫ്.സി.-യുടെ ലാഭം

245(T* 4909) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര രൂപ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും ലോൺ ഇനത്തിൽ എടുത്തിട്ടുണ്ട്;

(ബി) എത്ര ശതമാനം പലിശയാണ് ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഈടാക്കിയിട്ടുള്ളത് എന്നും നിലവിൽ തിരിച്ചടക്കേണ്ട തുക എത്ര എന്നും അറിയിക്കാമോ;

(സി) കെ.എസ്.ആർ.ടി.സി..യുടെ ബിസിനസ് മാറ്റിനിർത്തിയാൽ കെ.റ്റി.ഡി.എഫ്.സി. ലാഭത്തിൽ ആണോ എന്നും എങ്കിൽ എത്ര ലാഭമുണ്ട് എന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) കെ.ടി.ഡി.എഫ്.സി.-യുടെ കണക്കുപ്രകാരം സ്ഥാപനം ആരംഭിച്ച വർഷം മുതൽ 2019 മേയ് 31 വരെ പ്രസ്തുത സ്ഥാപനത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ആകെ 7361.41 കോടി രൂപയുടെ വിവിധ വായ്പകൾ എടുത്തിട്ടുണ്ട്. ഈ വായ്പകൾക്ക് 7.75% മുതൽ 16.25% വരെ പലിശ നൽകി വന്നിരുന്നു.

കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും കെ.എസ്.ആർ.ടി.സി. എടുത്തിരുന്ന വായ്പകൾ, കുറഞ്ഞ പലിശ നിരക്കിലും കൂടിയ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, കെ.ടി.ഡി.എഫ്.സി. ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും പ്രതിമാസം 9.20% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും, 31-3-2018-ൽ, 3100 കോടി രൂപ വായ്പ കെ.എസ്.ആർ.ടി.സി. എടുത്തിരുന്നു. ടി വായ്പയിൽ, 31-5-2019 തീയതി പ്രകാരം, 145 കോടി രൂപ കെ.ടി.ഡി.എഫ്.സി.-ക്ക് കെ.എസ്.ആർ.ടി.സി. തിരിച്ച് നൽകുവാനുണ്ട്.

കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരുസ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ, ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s.വർമ്മ & വർമ്മ മുഖേന റീക്കൺസീലിയേറ്റ് ചെയ്യാൻ കെ.ടി.ഡി.എഫ്.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ഒഴികെയുള്ള വായ്പകളുടെ നിലവിലെ കുടിശ്ശിക സംബന്ധിച്ച് കെ.ടി.ഡി.എഫ്.സി.-യുടെ കണക്കുകൾ ചുവടെ കാണാവുന്നതാണ്:

| വായ്പാ ഇനം | മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ) | പലിശ ഇനത്തിലെ കുടിശ്ശിക തുക (കോടി രൂപയിൽ) |
|---|---|---|
| ഹ്രസ്വകാല വായ്പ | 332.37 | 26.56 |
| ദീർഘകാല വായ്പ | 121 | 16.17 |

ടി 332.37 കോടി രൂപ, 121 കോടി രൂപ എന്നീ വായ്പകളുടെ മുതൽ, പലിശ ഇനങ്ങളിൽ യാതൊരു തുകയും കെ.ടി.ഡി.എഫ്.സി.-ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി.-ക്ക് സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി.യിൽ നിന്നെടുത്തിട്ടുള്ള വായ്പകളുടെ പലിശയിനത്തിൽ നൽകാനുണ്ടായിരുന്ന 33.93 കോടി രൂപ, 2018 ഒക്ടോബർ മാസം, സർക്കാർ നേരിട്ട് കെ.ടി.ഡി.എഫ്.സി.-ക്ക് നൽകിയിരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പിന് വേണ്ടിയുള്ള ധനസമാഹരണത്തിനുവേണ്ടി സ്ഥാപിതമായ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമാണ് കെ.ടി.ഡി.എഫ്.സി. ആയതിനാൽ തന്നെ കെ.ടി.ഡി.എഫ്.സി. യുടെ വരുമാനത്തിന്റെ ഏതാണ്ട് 90 ശതമാനവും കെ.എസ്.ആർ.ടി.സി.യിൽ നിന്നും ലഭിക്കുന്നതാണ്. ആയതിനാൽ ടി വരുമാനം മാറ്റി നിർത്തിയാൽ കെ.ടി.ഡി.എഫ്.സി. നഷ്ടത്തിലാണ്.

## കെ.ടി.ഡി.എഫ്.സി.-യിൽ നിന്ന് കെ.എസ്.ആർ.ടി.സി. എടുത്ത വായ്പ

246 (4910) ശ്രീ. എൻ . എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി.യിൽ നിന്ന് കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിരുന്നോയെന്നും എങ്കിൽ എപ്പോൾ എത്ര രൂപയാണെടുത്തതെന്നും വ്യക്തമാക്കാമോ;

(ബി) ദീർഘകാല വായ്പയായും ഹ്രസ്വകാല വായ്പയായും എത്ര തുകയാണെടുത്തതെന്നും ഈ രണ്ട് വായ്പകളും തിരിച്ചടയ്ക്കാനുള്ള കാലാവധി എത്രയായിരുന്നുവെന്നും അറിയിക്കുമോ;

(സി) ഈ രണ്ട് വായ്പകളിലും പലിശയടക്കം എത്ര രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടെന്നും ഇല്ലെങ്കിൽ തിരിച്ചടച്ച തവണകൾ സംബന്ധിച്ച വിശദാംശവും നൽകാമോ;

(ഡി) കൺസോർഷ്യം വായ്പയായി കെ.ടി.ഡി.എഫ്.സി. യിൽ നിന്ന് വായ്പ എടുത്തിരുന്നോ എന്നും എങ്കിൽ എത്ര രൂപയാണെടുത്തതെന്നും തിരിച്ചടവ് കാലാവധി കഴിഞ്ഞോയെന്നും തിരിച്ചടയ്ക്കാൻ തുക ബാക്കിയുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) കെ.ടി.ഡി.എഫ്.സി.-യുടെ കണക്ക് പ്രകാരം സ്ഥാപനം ആരംഭിച്ച വർഷം മുതൽ 2019 മേയ് 31 വരെ പ്രസ്തുത സ്ഥാപനത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ആകെ 7361.41 കോടി രൂപയുടെ വിവിധ വായ്പകൾ എടുത്തിട്ടുണ്ട്. 2001-02 സാമ്പത്തിക വർഷത്തിനുമുൻപ് കെ.എസ്.ആർ.ടി.സി.-ക്ക് വിതരണം ചെയ്തിരുന്ന വായ്പകൾ 2001-02 സാമ്പത്തിക വർഷം പുനക്രമീകരിച്ചിരുന്നു. കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിരുന്ന വായ്പകളുടെ വിവരം ചുവടെ കാണാവുന്നതാണ്.

| സാമ്പത്തിക വർഷം | വിതരണം ചെയ്ത ദീർഘകാല വായ്പാ തുക (കോടി രൂപയിൽ) | വിതരണംചെയ്ത ഹ്രസ്വകാല വായ്പാ തുക (കോടി രൂപയിൽ) |
|---|---|---|
| 2001-02 | 102.07 | |
| 2002-03 | 29.9 | |
| 2003-04 | 119.96 | |
| 2004-05 | 123.04 | |
| 2005-06 | 131 | |
| 2006-07 | 130 | |
| 2007-08 | 153 | |
| 2008-09 | 130 | |
| 2009-10 | 309 | |
| 2010-11 | 366.57 | |
| 2011-12 | 291 | |
| 2012-13 | 380 | |
| 2013-14 | 360 | 133 |
| 2014-15 | 72 | 516 |
| 2015-16 | 360 | 347.5 |
| 2016-17 | 715 | |
| 2017-18 | 260 | 2332.37 |
| ആകെ | 4032.54 | 3328.87 |

ദീർഘകാല വായ്പാ കാലാവധി 5 വർഷവും ഹ്രസ്വകാല വായ്പാ കാലാവധി 1 മുതൽ 45 ദിവസവുമാണ്.

കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും കെ.എസ്.ആർ.ടി.സി. എടുത്തിരുന്ന വായ്പകൾ, കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പയാക്കി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, കെ.ടി.ഡി.എഫ്.സി. ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും പ്രതിമാസം 9.20% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും, 31-3-2018-ൽ 3100 കോടി രൂപ വായ്പ കെ.എസ്.ആർ.ടി.സി. എടുത്തിരുന്നു. അതിന്റെ ഭാഗമായി 28-3-2018 തീയതിയിൽ കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി.-ക്ക് തിരിച്ചടയ്ക്കാനുണ്ടായിരുന്ന വായ്പകളിൽ നിന്നും 1100 കോടി രൂപ കൺസോർഷ്യം വായ്പയായി

പുനഃക്രമീകരിച്ചിരുന്നു. ഇപ്പോൾ ഈ കൺസോർഷ്യം വായ്പ മറ്റു ബാങ്കുകളുടെ പങ്കാളിത്തം മൂലം 145 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. കൺസോർഷ്യം വായ്പാ തിരിച്ചടവ് പൂർത്തിയാകാൻ ഇനി 19 വർഷം കൂടിയുണ്ട്. കൺസോർഷ്യം വായ്പാ തിരിച്ചടവ് ഇനത്തിൽ പ്രതിദിനം 4,32,000 രൂപ കെ.എസ്.ആർ.ടി.സി. യിൽ നിന്നും കെ.ടി.ഡി.എഫ്.സി.-ക്ക് ലഭിക്കുന്നുണ്ട്.

കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ, ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s.വർമ്മ & വർമ്മ മുഖേന റീക്കൺസീലിയേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ഒഴികെയുള്ള വായ്പകളുടെ നിലവിലെ കുടിശ്ശിക സംബന്ധിച്ച്, 31-5-2019 തീയതി പ്രകാരം, കെ.ടി.ഡി.എഫ്.സി.-യുടെ കണക്കുകൾ ചുവടെ കാണാവുന്നതാണ്:

| വായ്പാ ഇനം | മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ) | പലിശ ഇനത്തിലെ കുടിശ്ശിക തുക (കോടി രൂപയിൽ) |
|---|---|---|
| ഹ്രസ്വകാല വായ്പ | 332.37 | 26.56 |
| ദീർഘകാല വായ്പ | 121 | 16.17 |

ടി 332.37 കോടി രൂപ, 121 കോടി രൂപ എന്നീ വായ്പകളുടെ മുതൽ, പലിശ ഇനങ്ങളിൽ യാതൊരു തുകയും കെ.ടി.ഡി.എഫ്.സി.-ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി.-ക്ക് സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി.-യിൽ നിന്നെടുത്തിട്ടുള്ള വായ്പകളുടെ പലിശയിനത്തിൽ നൽകാനുണ്ടായിരുന്ന 33.93 കോടി രൂപ, 2018 ഒക്ടോബർ മാസം, സർക്കാർ നേരിട്ട് കെ.ടി.ഡി.എഫ്.സി.-യ്ക്ക് നൽകിയിരുന്നു.

## കെ.റ്റി.ഡി.എഫ്.സി.-യിലെ സാമ്പത്തിക പ്രതിസന്ധി

247 (4911) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ധനസമാഹരണത്തിനായി രൂപീകരിച്ച കെ.റ്റി.ഡി.എഫ്.സി. വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഇപ്രകാരമുള്ള സാമ്പത്തിക പ്രതിസന്ധിയുടെ കാരണം വ്യക്തമാക്കുമോ; കെ.എസ്.ആർ.ടി.സി.യുമായുള്ള സാമ്പത്തിക ഇടപാട് കെ.റ്റി.ഡി.എഫ്.സി.യുടെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വായ്പയെടുത്ത് വൻ വ്യാപാരസമുച്ചയങ്ങൾ നിർമ്മിച്ചതും അത് കൃത്യസമയത്ത് വാടകയ്ക്ക് കൊടുക്കുവാൻ സാധിക്കാതെവന്നതും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുവാൻ കാരണമായിട്ടുണ്ടോ;

(ഡി) തമ്പാനൂർ, അങ്കമാലി, കോഴിക്കോട്, തിരുവല്ല എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയങ്ങൾ പൂർണ്ണമായും വാടകയ്ക്ക് നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഓരോ സമുച്ചയങ്ങളിലും എത്ര ശതമാനം സ്ഥലം വീതം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കെ.റ്റി.ഡി.എഫ്.സി. സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകളിൽ, കെ.റ്റി.ഡി.എഫ്.സി.-യുടെ കണക്കുകൾ പ്രകാരം, ഹ്രസ്വകാല വായ്പ ഇനത്തിൽ 332.37 കോടി രൂപയും ദീർഘകാല വായ്പ 121 കോടി രൂപയും മുതൽ ഇനത്തിൽ കെ.എസ്.ആർ.ടി.സി. തിരികെ നൽകുവാനുണ്ട്. ടി വായ്പകളുടെ മുതൽ, പലിശ ഇനങ്ങളിൽ യാതൊരു തുകയും കെ.റ്റി.ഡി.എഫ്.സി.-ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി.-ക്ക് സാധിച്ചിട്ടില്ല. ഇത് കെ.റ്റി.ഡി.എഫ്.സി.-ക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. ആയത് മറികടക്കുന്നതിനായി, കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നെടുത്തിട്ടുള്ള വായ്പകളുടെ പലിശയിനത്തിൽ നൽകാനുണ്ടായിരുന്ന 33.93 കോടി രൂപ, 2018 ഒക്ടോബർ മാസം, സർക്കാർ നേരിട്ട് കെ.റ്റി.ഡി.എഫ്.സി.-ക്ക് നൽകിയിരുന്നു.

കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ, ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s.വർമ്മ & വർമ്മ മുഖേന റീക്കൺസീലിയേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) ബി.ഒ.ടി. വ്യവസ്ഥയിൽ കെ.ടി.ഡി.എഫ്.സി. പണികഴിപ്പിച്ചിട്ടുള്ള ബസ് ടെർമിനൽ കോംപ്ലക്സുകളായ തമ്പാനൂർ, അങ്കമാലി, കോഴിക്കോട്, തിരുവല്ല എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ തുക, പൊതുജനങ്ങളും സ്ഥാപനങ്ങളും കെ.ടി.ഡി.എഫ്.സി.-യിൽ നിക്ഷേപിച്ചിട്ടുള്ള

സ്ഥിരനിക്ഷേപങ്ങളിൽ നിന്നുമാണ് വിനിയോഗിച്ചിട്ടുള്ളത്. എല്ലാ ബസ് ടെർമിനൽ കോംപ്ലക്സുകളിലെയും വ്യാപാര സ്ഥലങ്ങൾ പൂർണ്ണമായും വാടകയ്ക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ല. കൃത്യ സമയത്ത് ഇവ വാടകയ്ക്ക് കൊടുക്കുവാൻ സാധിക്കാതെ വന്നതും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുവാൻ ഒരു കാരണമാണ്.

തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിൽ ഇനി വാടകയ്ക്ക് നൽകുവാൻ 8006.41 ചതുരശ്ര അടി സ്ഥലം മാത്രമേയുള്ളൂ. ഇത് ആകെയുള്ള 'റെന്റബിൾ ഏരിയ'-യുടെ 8 % ആണ്.

അങ്കമാലി ബസ് ടെർമിനൽ കോംപ്ലക്സിൽ ഇനി വാടകയ്ക്ക് നൽകുവാൻ 15975.08 ചതുരശ്ര അടി സ്ഥലം മാത്രമേയുള്ളൂ. ഇത് ആകെയുള്ള 'റെന്റബിൾ ഏരിയ'-യുടെ 16 % ആണ്. ബാക്കി നിൽക്കുന്ന ഏരിയ അലോട്ട് ചെയ്യുന്നതിന് വേണ്ടി ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്.

കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിലെ സ്പെയ്സുകൾ ഒറ്റ യൂണിറ്റായി വാടകയ്ക്ക് നൽകുന്നതിന് ടെണ്ടർ നടത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് വ്യക്തികൾ അവരുടെ നിരക്ക് രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ, ടി സ്പെയ്സ് ഒറ്റ യൂണിറ്റായി അലോട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഫയർ എൻ.ഒ.സി. ലഭിക്കുവാനുണ്ടായ കാലതാമസംമൂലം തിരുവല്ല മുൻസിപ്പാലിറ്റിയിൽനിന്നും 'ഒക്കുപെൻസി സർട്ടിഫിക്കറ്റ് ' ലഭിക്കുവാൻ താമസം നേരിട്ടു. 'ഒക്കുപെൻസി സർട്ടിഫിക്കറ്റ് ' 22-2-2019-ന് ലഭിച്ചതിനുശേഷം വിളിച്ച ടെണ്ടറിൽ വളരെ കുറച്ച് പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. വീണ്ടും ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഇവിടെ 'റെന്റബിൾ ഏരിയ'-യുടെ 93 % സ്പെയ്സ് ഇനി വാടകയ്ക്ക് നൽകുവാനുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം

248 (4912) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മുതൽ മേയ് വരെയുള്ള കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരുമാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കാലയളവിലെ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ നഷ്ടക്കണക്കിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ഉയർത്തുന്നതിനായി കൂടുതലായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) <u>പ്രതിമാസ വരുമാനം</u>

| മാസം | തുക (കോടി രൂപയിൽ) |
|---|---|
| 2019 ജനുവരി | 191.26 |
| 2019 ഫെബ്രുവരി | 172.76 |
| 2019 മാർച്ച് | 185.59 |
| 2019 ഏപ്രിൽ | 191.36 |
| 2019 മേയ് | 202.14 |

(ബി) കെ.എസ്.ആർ.ടി.സി.-യിലെ പ്രതിമാസ പെൻഷൻ തുകയായ ഏകദേശം 61 കോടി രൂപ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്നതിനാൽ, ടി തുക ചെലവ് ഇനത്തിൽ ഉൾക്കൊള്ളിക്കാതെയുള്ള നഷ്ടം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു:

| മാസം | തുക (കോടി രൂപയിൽ) |
|---|---|
| 2019 ജനുവരി | 44.34 |
| 2019 ഫെബ്രുവരി | 35.66 |
| 2019 മാർച്ച് | 46.00 |
| 2019 ഏപ്രിൽ | 36.72 |
| 2019 മേയ് | 31.14 |

(സി) സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച്, വരുമാനം കുറവുള്ള സർവ്വീസുകളെ പുനക്രമീകരിക്കുന്ന പദ്ധതി നടത്തിവരുന്നു. ഷെഡ്യൂളുകൾ പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടിപാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്ക്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 648 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡിജിറ്റലൈസേഷന്റെ ഭാഗമായി 24 റിസർവേഷൻ കൗണ്ടറുകൾ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും, ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും, കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം, കോഫീ വെൻഡിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചും, കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ, എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും, സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ

ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100% വർദ്ധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.ബസ് സ്റ്റേഷനുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതുമൂലവും, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവർ, ഡിജിറ്റൽ വീഡിയോ വോൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നത് മൂലവും വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയത് വഴി കെ.എസ്.ആർ.ടി.സി. ബസ്സുകൾ പരസ്യത്തിനുനൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടിയിലേയ്ക്കും, കെ.യു.ആർ.ടി.സി. ബസ്സുകളിൽ 1.30 കോടി രൂപയിൽ നിന്നും 5.33 കോടി രൂപയിലേയ്ക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേയ്ക്ക് 59 കോടിയിൽ നിന്നും 161 കോടി രൂപയിലേയ്ക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാർസൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത് പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറു മടങ്ങ് വർദ്ധിച്ച തുകയാണ്.

## കെ.എസ്.ആർ.ടി.സി.- യുടെ ധനസ്ഥിതി

249 (4913) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ ധനസ്ഥിതി വിശദമാക്കാമോ;

(ബി) ദിവസേന എത്ര രൂപ വരവുണ്ട്; എത്ര രൂപ ചെലവുണ്ട്; വരവിനെ അധികരിച്ചുള്ള ചെലവ് എങ്ങനെ നിർവ്വഹിക്കുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇപ്പോൾ നടപ്പാക്കിയ ഷെഡ്യൂൾ പരിഷ്കരണം കൊണ്ട് കെ.എസ്.ആർ.ടി.സി. -ക്ക് ഉണ്ടായ നേട്ടം വിശദമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ 2019 മേയ് മാസം 202.14 കോടി രൂപ വരുമാനമുണ്ടായിരുന്നു. എന്നാൽ ചെലവ് 233.28 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിമാസ പെൻഷൻ തുകയായ ഏകദേശം 61 കോടി രൂപ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്നതിനാൽ, ടി തുക ചെലവ് ഇനത്തിൽ ഉൾക്കൊള്ളിക്കാതെയുള്ള കെ.എസ്.ആർ.ടി.സി.-യുടെ 2019 മേയ് മാസത്തെ നഷ്ടം 31.14 കോടി രൂപയാണ്.

(ബി) 2019 മേയ് മാസത്തെ ശരാശരി പ്രതിദിന വരവ് 6.50 കോടി രൂപയും, പെൻഷൻ ഇനത്തിലുള്ള ചെലവ് കണക്കാക്കാതെയുള്ള പ്രതിദിന ചെലവ് ശരാശരി 7.6 കോടി രൂപയുമാണ്. സർക്കാർ വായ്പകളുടെ സഹായത്തോടെ പെൻഷനും ശമ്പളവും മുടക്കം കൂടാതെ നൽകിവരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനായി സർക്കാർ നിയമിച്ച പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിരവധി നടപടികൾ മാനേജ്മെന്റ് സ്വീകരിച്ചുവരുന്നു. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും, 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവുണ്ടായി. കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ വിതരണം മുടക്കം കൂടാതെ നടത്തുന്നതിനായി, സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും അവ മുഖേന പെൻഷൻ വിതരണം നടത്തിവരികയുമാണ്. സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത്, കെ.എസ്.ആർ.ടി.സി. യിൽ ശമ്പളവും വേതനവും വിതരണം ചെയ്യുന്നതിനായി പ്രതിമാസം 20 കോടി രൂപയുടെ വായ്പ സർക്കാർ നിലവിൽ അനുവദിക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച്, വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി നടത്തിവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളികളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിന്റനൻസിനായി പകൽ സമയം ബസ്സുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ നടത്തിവരുന്നു. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തിയതുമൂലം ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും, പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ഏൽപ്പിച്ചതിനെത്തുടർന്ന് അവർ നൽകിയ കരട് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലാണ്. ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇന്ധനക്ഷമത ദേശീയ ശരാശരിയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകുകയും അതോടൊപ്പം തന്നെ ഡിപ്പോമോണിറ്ററിംഗ് ശക്തിപ്പെടുത്തി ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. ഇൻവെന്ററി കൺട്രോൾ എകീകരിക്കുക, കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുക മുതലായ ശിപാർശകളിന്മേൽ നടപടി ആരംഭിക്കുകയും ആയത് പുരോഗതിയിലുമാണ്. ഡിപ്പോ വർക്ക് ഷോപ്പുകൾ അധുനികവൽകരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തന മികവ് വിലയിരുത്തുകയും ചെയ്തുവരുന്നു. ബസ്സിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക് ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളും നടപ്പിലാക്കിവരുന്നു.

(ഡി) വരുമാനക്കുറവുള്ള സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, വരുമാനം ആനുപാതികമായി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മാനവവിഭവശേഷി കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനായി നടത്തിയ ഈ പരിഷ്കരണത്തിലൂടെ ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്താനും കൂടുതൽ സർവ്വീസുകൾ നടത്താനും സാധിച്ചിട്ടുണ്ട്. വാടകബസ്സുകൾ ലഭ്യമാക്കിയതിലൂടെ സർവ്വീസ് നടത്തിപ്പ് ചെലവ് താരതമ്യേന കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. എന്ന ബ്രാന്റ് നെയിം

250 (4914) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എന്ന ബ്രാന്റ് നെയിം കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് അനുവദിച്ചു കിട്ടിയത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ തീരുമാനത്തിനെതിരെ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപ്പീലിൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുത്ത തീരുമാനം എന്താണ്;

(സി) ട്രേഡ് നെയിം നിയമപ്രകാരം യഥാസമയം ബ്രാന്റ് നെയിം രജിസ്റ്റർ ചെയ്യുന്നതിന് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഉദ്യോഗസ്ഥർക്ക് വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ അതിന് ഉത്തരവാദി ആരാണ്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ട്രേഡ് നെയിം അനുവദിച്ച് കിട്ടുന്നതിനുവേണ്ടി കർണ്ണാടക ആർ.ടി.സി. നൽകിയ അപേക്ഷയിന്മേൽ കർണ്ണാടക ആർ.ടി.സി.ക്ക്, കെ.എസ്.ആർ.ടി.സി. എന്ന ബ്രാന്റ് നെയിം ലഭിച്ചതായി മനസ്സിലാക്കുന്നു.

(ബി) ടി ഉത്തരവിനെതിരെ കെ.എസ്.ആർ.ടി.സി., രജിസ്ട്രാർ ഓഫ് ട്രേഡ് മാർക്ക്, അപ്പലേറ്റ് അതോറിറ്റി, ചെന്നൈ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ വാദം നടന്നുവരികയുമാണ്.

(സി) കോർപ്പറേഷൻ രൂപീകൃതമായ ശേഷം കെ.എസ്.ആർ.ടി.സി. ട്രേഡ് നെയിം അനുവദിച്ച് കിട്ടുന്നതിനുവേണ്ടി അപേക്ഷ കൊടുത്തിരുന്നില്ല. ഇത് കാലാകാലങ്ങളായുള്ള കെ.എസ്.ആർ.ടി.സി. മാനേജ്മെന്റുകളുടെ ദീർഘദൃഷ്ടി കുറവ് കൊണ്ട് സംഭവിച്ചതാണ്.

**കെ.എസ്.ആർ.ടി.സി.-യിൽ ജി.പി.എസ്. സംവിധാനം**

251 (4915) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലുള്ള ബസ്സുകളിലാണ് പ്രസ്തുത സംവിധാനം നിലവിലുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്ന പദ്ധതികൾ**

252 (4916) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി ദീർഘദൂര ബസ്സുകളിൽ കണ്ടക്ടർമാരെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ദീർഘദൂര യാത്രകളിൽ സിംഗിൾ ഡ്യൂട്ടി കഴിയുമ്പോൾ ഡ്രൈവർമാർക്ക് വിശ്രമിക്കുവാൻ എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി വിശ്രമകേന്ദ്രങ്ങൾ വാടകയ്ക്ക് എടുക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. സ്വന്തമായി ബസ്സുകൾ വാങ്ങുന്ന രീതി അവസാനിപ്പിക്കുന്നതിനും വാടകയ്ക്ക് ബസ്സെടുത്ത് ഓടിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; ഈ നടപടിയിലൂടെ സ്ഥിരം ഡ്രൈവർമാരുടെ എണ്ണം കുറയ്ക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഷാസികൾ വാങ്ങി ബോഡി നിർമ്മിച്ച് ബസ്സ് നിരത്തിലിറക്കുന്ന പദ്ധതി ഉപേക്ഷിക്കുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ സഹായിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. തുടർച്ചയായി വാഹനം

ഓടിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഡ്രൈവർ കം കണ്ടക്ടർ സംവിധാനവും, ഡ്രൈവർ ചെയ്ഞ്ച് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഡ്യൂട്ടി സമയം തീരുന്ന ജീവനക്കാർക്ക് മതിയായ വിശ്രമം ലഭിക്കുന്നതിന് എല്ലാ പ്രധാന ഡിപ്പോകളിലും വിശ്രമമുറികളും സൗകര്യവും ഒരുക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ നിലവിൽ വിശ്രമകേന്ദ്രങ്ങൾ പുതുതായി വാടകയ്ക്ക് എടുക്കുന്ന കാര്യം പരിഗണിക്കേണ്ടതില്ല.

(സി) കെ.എസ്.ആർ.ടി.സി. സ്വന്തമായി ബസ്സുകൾ വാങ്ങുന്ന രീതി പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ല. എന്നാൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്രതികിലോമീറ്റർ വ്യവസ്ഥയിൽ വെറ്റ് ലീസ് മാതൃകയിൽ ബസ്സുകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. വാടകയ്ക്ക് എടുക്കുമ്പോൾ ഡ്രൈവർമാരെ ലീസ് കമ്പനി നൽകുന്നതിനാൽ കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ എണ്ണം കുറയുന്നതിന് സഹായകമാകും, പ്രസ്തുത നടപടിയിലൂടെ അധികമായി ലഭ്യമാകുന്ന ഡ്രൈവർ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും, അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

കെ.എസ്.ആർ.ടി.സി. സ്വന്തമായി ബസ്സുകൾ വാങ്ങുന്ന രീതി പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ല. എന്നാൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്രതികിലോമീറ്റർ വ്യവസ്ഥയിൽ വെറ്റ് ലീസ് മാതൃകയിൽ ബസ്സുകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. വാടകയ്ക്ക് എടുക്കുമ്പോൾ ഡ്രൈവർമാരെയും മെയിന്റനൻസും ഇന്ധനം ഒഴികെയുള്ള ചെലവുകളും ലീസ് കമ്പനി വഹിക്കുന്നതിനാലും കെ.എസ്.ആർ.ടി.സി. പ്രതികിലോമീറ്ററിനുള്ള തുകയും ഇന്ധന ചെലവും കണ്ടക്ടറെയും നൽകിയാൽ മതിയാകും.

**ശബരിമല തീർത്ഥാടനകാലത്ത് അധിക നിരക്ക്**

253 (T*4917) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കാലത്ത് നിലയ്ക്കലിൽ നിന്നും പമ്പയിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സാധാരണ നിരക്കിനേക്കാൾ അധിക നിരക്ക് ഈടാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്ത് കാരണങ്ങൾ കൊണ്ടാണെന്ന് വിശദമാക്കാമോ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ഈടാക്കുന്നുണ്ട്.

(ബി) ശബരിമല തീർത്ഥാടന കാലത്ത് നിലയ്ക്കലിൽ നിന്നും പമ്പയിലേയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ നിരക്കാണ് ഈടാക്കിയിട്ടുള്ളത്. ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട പ്രത്യേക സർവ്വീസുകളിൽ അധിക നിരക്ക് ഈടാക്കുന്നതിന് ജി.ഒ.(പി) 4/2018, dtd.26-2-2018 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

**ഇലക്ട്രിക് ബസ്സുകൾ**

254 (4918) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് ഓടിക്കുന്ന ഇലക്ട്രിക് ബസ്സുകൾ ഏത് കമ്പനിയിൽ നിന്നാണ് വാടകയ്ക്കെടുത്തിരിക്കുന്നതെന്നും പ്രതിമാസ വാടക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ സ്വന്തമായി നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(സി) നോൺ എ.സി. ഇലക്ട്രിക് ബസ്സുകൾ സിറ്റി സർവ്വീസിന് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) M/s. Mahavoyage LLP-യിൽ നിന്നുമാണ് ഇലക്ട്രിക് ബസ്സുകൾ വാടകയ്ക്ക് എടുത്തിരിക്കുന്നത്. വാടക നിശ്ചയിച്ചിരിക്കുന്നത് പ്രതിമാസ കണക്കിലല്ല. വിവിധ കി.മീറ്റർ സ്ലാബുകളുടെ അടിസ്ഥാനത്തിൽ വ്യത്യസ്തങ്ങളായ പ്രതിദിന കി.മീ. നിരക്കിന്റെ അടിസ്ഥാനത്തിലാണ് വാടക നൽകുന്നത്. ഇത് പ്രകാരമുള്ള കി.മീ. സ്ലാബും നിരക്കും ചുവടെ ചേർക്കുന്നു:

| പ്രതിദിന കി.മീ. സ്ലാബ് | പ്രതിദിന കി.മീ. നിരക്ക് (GST കൂടാതെ) |
|---|---|
| (1) | (2) |
| 125-150 | Rs. 85.50 |
| 151-175 | Rs. 84.96 |
| 176-200 | Rs. 75.06 |

| (1) | (2) |
|---|---|
| 201-225 | Rs. 67.41 |
| 226-250 | Rs. 59.40 |
| 251-275 | Rs. 58.05 |
| 276-300 | Rs. 53.91 |
| 301-325 | Rs. 50.67 |
| 326-350 | Rs. 47.88 |
| 351-399 | Rs. 46.17 |
| 400 and above | Rs. 43.20 |

(ബി) നിലവിൽ ഇലക്ട്രിക് ബസ്സുകൾ സ്വന്തമായി നിർമ്മിക്കുന്നതിന് പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല.

(സി) പരിഗണനയിലുണ്ട്. Electric Vehicle Policy-യുടെ ഭാഗമായി കൂടുതൽ നോൺ എ.സി. ഇലക്ട്രിക് ബസ്സുകൾ സിറ്റി സർവ്വീസിന് കേന്ദ്ര സർക്കാരിന്റെ Fame-II പദ്ധതിയുടെ അംഗീകാരത്തിന് വിധേയമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്.

**കെ.എസ്.ആർ.ടി.സി. ചെക്കിംഗ് ഇൻസ്പെക്ടർമാരുടെ ചുമതലകൾ**

255 (4919) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചെക്കിംഗ് ഇൻസ്പെക്ടർമാരുടെ ചുമതലകൾ പുനർനിർണ്ണയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സർവ്വീസ് ആരംഭിക്കുന്നതിന് മുൻപ് ബസ് വൃത്തിയായി സൂക്ഷിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നത് മുതൽ ബസ്സിന്റെ ഷെഡ്യൂൾ പരിഷ്കരണം വരെ അവരുടെ ചുമതലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഒരു ചെക്കിംഗ് ഇൻസ്പെക്ടർക്ക് എത്ര ബസ്സുകളുടെ ചുമതലയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സംവിധാനം നിലവിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസിൽ കാര്യമായ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചെക്കിംഗ് ഇൻസ്പെക്ടർമാരുടെ ചുമതലകൾ പുനർ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

1. Crew -ന്റെ ലഭ്യത ഉറപ്പുവരുത്തുക.
2. സർവ്വീസിന് നൽകുന്നതിന് മുൻപ് ബസ് വൃത്തിയാക്കിയിട്ടുണ്ടെന്ന് ശ്രദ്ധിക്കുക.
3. സ്ഥലനാമ ബോർഡുകൾ വ്യക്തതയുള്ളതും ആവശ്യാനുസരണ മുള്ളതുമാണെന്ന് നേരിട്ട് ബോധ്യപ്പെടുക.
4. ബസ്സുകളുടെ സമയ ക്ലിപ്തത പരിശോധിച്ച് ഉറപ്പുവരുത്തുക.
5. നേരത്തെ വിജിലൻസ് ചെയ്തിരുന്ന അപകടവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ Follow up നടത്തുക.
6. ഇന്ധനം ലാഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
7. ട്രിപ്പ്‌വൈസ് കളക്ഷൻ റിക്കോർഡ് ചെയ്ത് വർദ്ധനവ് വരുത്തുക. ഷെഡ്യൂൾ പരിഷ്കരണവും ഇതിൽ ഉൾപ്പെടും. ഇതിന്റെ സംക്ഷിപ്തരൂപം യൂണിറ്റ് ഓഫീസർക്കും, കൺട്രോൾ റൂമിലേയ്ക്കും Message/Whatsapp ആയോ അയയ്ക്കുക.
8. പകുതി ബസ്സുകളിലെങ്കിലും ടിക്കറ്റ് പരിശോധന നടത്തുക.
9. ഇൻസ്പെക്ടർക്ക് ആവശ്യമുള്ള 8 ബസ്സുകളും, spare ബസ്സുകളും യൂണിറ്റ് ഓഫീസർമാർ ക്രമീകരിക്കേണ്ടതാണ്.
10. അവധി/സ്ഥലമാറ്റം തുടങ്ങിയ അഭാവങ്ങളിൽ മറ്റൊരു ഇൻസ്പെക്ടർക്ക് ബസ്സുകളുടെ അധിക ചുമതല നൽകണം.

(ബി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഒരു ചെക്കിംഗ് ഇൻസ്പെക്ടർക്ക് 9 ബസ്സുകളുടെ ചുമതലയാണ് നൽകിയിട്ടുള്ളത്.

(ഡി) ഈ സംവിധാനം നിലവിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസിൽ കാര്യമായ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലുകളുടെ നിയമനങ്ങൾ

256 (4920) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ശ്രീ. സുശീൽ ഖന്നയുടെ ശിപാർശ പ്രകാരം മാനേജുമെന്റിലേയ്ക്ക് പ്രൊഫഷണലുകളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേരെ; നിയമനത്തിൽ അവലംബിക്കാനുദ്ദേശിക്കുന്ന രീതി എന്താണ്; തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരം നല്കുമോ;

(ബി) നിർദ്ദിഷ്ട തസ്തികകളിലേയ്ക്ക് അവശ്യം വേണ്ട യോഗ്യതയും പ്രവൃത്തി പരിചയവും മറ്റ് നിബന്ധനകളും സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമായിട്ടില്ലേ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതി പത്രത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) സർക്കാർ തീരുമാനമുണ്ടായിട്ടുണ്ടെങ്കിൽ അത് പ്രകാരം ആർക്കെങ്കിലും നാളിതുവരെ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്; നിയമിതരായവർക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ നോട്ടിഫൈ ചെയ്തിരുന്ന പ്രകാരമുള്ള യോഗ്യത ഉണ്ടായിരുന്നോ; എങ്കിൽ ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള യോഗ്യതയും നിലവിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിതരായവരുടെ യോഗ്യതയും പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) നിയമനത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ ഏതെല്ലാം മാധ്യമങ്ങൾ വഴി പരസ്യം നൽകിയിരുന്നു; നിയമിതരായവർക്ക് കരാർ പ്രകാരമാണ് നിയമനമെങ്കിൽ കരാറിന്റെ നിബന്ധനകൾ എന്തെല്ലാമായിരുന്നു; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇതിലേയ്ക്ക് നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ രാജ്യത്തെ ഏതൊക്കെ സർവ്വകലാശാലകളിൽ നിന്നുള്ള എം.ബി.എ. ബിരുദമാണ് നിഷ്കർഷിച്ചിട്ടുള്ളത്; മാനേജ്മെന്റിന്റെ തലപ്പത്തേയ്ക്കുള്ള നിയമനത്തിന് വേണ്ട യോഗ്യതകൾ നിർബന്ധമായും ഔദ്യോഗികമായി വെരിഫിക്കേഷന് വിധേയമാക്കിയിരുന്നോ; എങ്കിൽ വെരിഫിക്കേഷൻ നടത്തിയത് ഏതൊക്കെ മാർഗ്ഗത്തിൽ; ഇല്ലെങ്കിൽ നിർബന്ധമായും കുറ്റമറ്റ വെരിഫിക്കേഷന് നിർദ്ദേശം നൽകുമോ;

(എഫ്) ഇത്തരം നിയമനങ്ങൾക്ക് സുതാര്യത വരുത്താൻ പി.എസ്.സി. വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

ഉത്തരം

(എ) കോർപ്പറേഷന്റെ പുനരുദ്ധരണത്തിന്റെ ഭാഗമായി മാനേജ്മെന്റ് ശാക്തീകരിക്കുന്നതിലേയ്ക്കായി ചുവടെ ചേർത്തിട്ടുള്ള 10 തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ താല്കാലിക നിയമനം നടത്താൻ തീരുമാനിച്ചിരുന്നു.

| തസ്തിക | എണ്ണം |
|---|---|
| ജനറൽ മാനേജർ(ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) | 1 |
| ജനറൽ മാനേജർ (ടെക്നിക്കൽ) | 1 |
| ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) | 1 |
| ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) | 1 |
| ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) | 1 |
| ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് | 5 |
| ആകെ | 10 |

ടി തസ്തികകളിലേയ്ക്ക് നിയമത്തിന് യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നതിനായി സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമന നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ബി) തീരുമാനമെടുത്തിട്ടുണ്ട്.

കരാർ നിയമനം നടത്തേണ്ട തസ്തികകളിലെ നിയമനത്തിനായുള്ള യോഗ്യതയും പ്രവൃത്തി പരിചയവും മറ്റ് നിബന്ധനകളും വ്യക്തമാക്കിക്കൊണ്ടുള്ള വിജ്ഞാപനങ്ങളുടെ പ്രസക്തഭാഗം അനുബന്ധം ആയി ചേർക്കുന്നു*. പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാർ തീരുമാനപ്രകാരം കരാർ അടിസ്ഥാനത്തിൽ 8 പേർക്ക് നിയമനം നൽകിയിരുന്നു. അപേക്ഷ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ യോഗ്യത സംബന്ധിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ടി നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള യോഗ്യത അനുബന്ധത്തിൽ കാണാവുന്നതാണ്. നിലവിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമിതരായവരുടെ യോഗ്യത ചുവടെ ചേർക്കുന്നു:

| പേര് | തസ്തിക | യോഗ്യത |
|---|---|---|
| ശ്രീ. ജി. അനിൽ കുമാർ | ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) | EPGDM<br>ACS |
| ശ്രീ. ജി. വേണുഗോപാൽ | ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) | MBA<br>B.Tech |
| ശ്രീമതി എസ്. ആനന്ദകുമാരി | ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) | CA (inter)<br>CS (Executive)<br>MBA (Finance)<br>MBA (HR & Marketing) |
| ശ്രീ. ബിജു ബി. | ജനറൽ മാനേജർ (ടെക്നിക്കൽ) | MBA<br>BE |
| ശ്രീ. ജോൺ കുര്യൻ | ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് | CA |
| ശ്രീ. പ്രമോദ് കെ.ജി. | ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് | CA |
| ശ്രീമതി ആർ. പി. ഇന്ദുമതി | ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് | CA |
| ശ്രീമതി രശ്മി പി. കുറുപ്പ് | ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് | CA |

ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ നിയമനം സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നതിനാൽ കോർപ്പറേഷന്റെ അത്യന്താപേക്ഷികത പരിഗണിച്ച് ചുവടെ ചേർത്തിരിക്കുന്നവരെ ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഒരു വർഷക്കാലത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ കോർപ്പറേഷൻ നേരിട്ട് നിയമിച്ചിട്ടുണ്ട്.

| പേര് | യോഗ്യത |
|---|---|
| ശ്രീ. എസ്. ശങ്കരകുമാർ | CMA |
| ശ്രീ. എൻ. രാജൻ | CMA |

ടിയാന്മാരെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചതും അനുബന്ധം* വിജ്ഞാപനപ്രകാരമാണ്. തെരഞ്ഞെടുപ്പ് നടത്തുന്നതിനായി അഞ്ച് അംഗ കമ്മിറ്റി രൂപീകരിക്കുകയും നോട്ടിഫിക്കേഷൻ പ്രകാരം ടിയാന്മാർക്ക് യോഗ്യതയുണ്ടെന്ന് പ്രസ്തുത കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(ഡി) നിയമനത്തിനുള്ള അപേക്ഷ സംബന്ധിച്ച പരസ്യം മലയാള മനോരമ, മാതൃഭൂമി, ദി ഹിന്ദു എന്നീ ദിനപത്രങ്ങൾ മുഖേന നൽകിയിരുന്നു. കൂടാതെ വിവരപൊതുജനസമ്പർക്ക വകുപ്പിന്റെയും കോർപ്പറേഷന്റെയും ഔദ്യോഗിക വെബ് സൈറ്റിൽ നോട്ടിഫിക്കേഷനുകൾ പരസ്യപ്പെടുത്തുകയും നവമാധ്യമങ്ങളിലൂടെ ടി നോട്ടിഫിക്കേഷനുകൾ പൊതുജനങ്ങൾക്കിടയിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിയമന വ്യവസ്ഥകൾ സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധത്തിൽ കാണാവുന്നതാണ്. നിയമിക്കപ്പെടുന്നവരുമായി ഏർപ്പെടുന്നതിനായി സർക്കാർ അംഗീകരിച്ചു നൽകിയ കരാറിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു*. ഇത്തരത്തിൽ നിയമിതരായി നിലവിൽ സേവനം അനുഷ്ഠിക്കുന്നവർ കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറും തമ്മിൽ പ്രസ്തുത കരാർ ഒപ്പുവയ്ക്കാത്തതിനാൽ ആയത് അടിയന്തിരമായി ഒപ്പ് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഇ) ഐ.ഐ.എം./ദേശീയ തലത്തിൽ പ്രശസ്തിയുള്ള സ്ഥാപനത്തിൽനിന്നും എം.ബി.എ. യോഗ്യതയാണ് നിഷ്കർഷിച്ചിരുന്നത്. മാനേജ്മെന്റിന്റെ തലപ്പത്തേയ്ക്കുള്ള നിയമനത്തിന് വേണ്ട യോഗ്യതകൾ ഔദ്യോഗികമായി വെരിഫിക്കേഷന് വിധേയമാക്കിയിരുന്നു. നിയമത്തിന് വേണ്ട യോഗ്യതയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവൃത്തിപരിചയവും തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ അസ്സൽ ഉദ്യോഗസ്ഥതലത്തിലും സ്ക്രീനിംഗ് കമ്മിറ്റി തലത്തിലും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ഇത് കൂടാതെ, ഇത്തരത്തിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്നതിനുമുൻപായി, യോഗ്യതയും പ്രവൃത്തി പരിചയവും തെളിയിക്കുന്ന അസ്സൽ രേഖകൾ കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്കു മുൻപാകെ ഹാജരാക്കേണ്ടതാണെന്നും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നു.

(എഫ്) ഇപ്പോൾ നടത്തിയിട്ടുള്ള നിയമനങ്ങൾ താല്കാലികമാണ്. സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള യോഗ്യതയും മാനദണ്ഡങ്ങളും നിശ്ചയിച്ച് റെഗുലേഷൻ തയ്യാറാക്കി ലഭ്യമാക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡ്രൈവർ കം കണ്ടക്ടർ സംവിധാനം

257 (4921) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി കൊണ്ടുവന്ന പരിഷ്കാരങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡ്രൈവറും കണ്ടക്ടറും ഡ്യൂട്ടിമാറുന്ന ഡ്രൈവർ കം കണ്ടക്ടർ സംവിധാനം എല്ലായിടത്തും നടപ്പാക്കിയോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എവിടെയെല്ലാമാണ് നടപ്പാക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഈ സംവിധാനം നടപ്പാക്കിയ വാഹനങ്ങളെ പഴയ രീതിയിലേയ്ക്ക് തിരിച്ചുകൊണ്ടുപോകാനുള്ള ശ്രമം നടക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണത്തിന്റെ പാതയിലാണ്. പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റും തൊഴിലാളി യൂണിയനുകളുമായി നടത്തിയ വിവിധ ചർച്ചകളിലൂടെ കോർപ്പറേഷന്റെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനാവശ്യമായ നിരവധി നടപടികൾ സ്വീകരിച്ചു വരികയാണ്.

1. ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന പ്രൊഫ. സുശീൽ ഖന്നയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5 എന്നതിനെക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ നിയമിച്ചു.

3. ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനവും, മറ്റ് അനുബന്ധ പരിശീലനങ്ങളും നൽകിവരുന്നു.

4. ജീവനക്കാരുടെ പ്രവൃത്തി സമയം ആവശ്യാനുസരണം പുനഃക്രമീകരിച്ചുവരുന്നു.

5. അന്യത്രസേവന വ്യവസ്ഥയിൽ വിവിധ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിച്ചിരുന്ന കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാരെ തിരികെ വിളിച്ച് ഓപ്പറേഷൻസ് ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടേയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ മുൻപ് ഉണ്ടായിരുന്ന ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം

വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ എടുത്ത 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തിയതുമൂലം ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിന്റനൻസിനായി പകൽ സമയം ബസ്സുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. ടയർ, കെ.എം.പി.എൽ. ലൂബ്രിക്കൻസ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്സ് മാനേജർമാരെ നിയോഗിച്ച് തുടർ നടപടി സ്വീകരിച്ച് വരുന്നു.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യാടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും, ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും, കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം, കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക്

പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ, എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും, സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100% വർദ്ധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലും, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവർ, ഡിജിറ്റൽ വീഡിയോ വോൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിലും വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്.

മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയത് വഴി KSRTC ബസ്സുകൾ പരസ്യത്തിനുനൽകുന്നത് വഴി വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ, പാർസൽ സർവ്വീസ് നടത്തുന്നതിലും വരുമാന വർദ്ധനവ് നേടാനായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 648 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡിജിറ്റലൈസേഷന്റെ ഭാഗമായി 24 റിസർവേഷൻ കൗണ്ടറുകൾ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

ഓഫീസർമാരുടേയും, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടേയും ജോലി സമയം 8 മണിക്കൂറായി പുന:ക്രമീകരിക്കുകയുണ്ടായിട്ടുണ്ട്. കോർപ്പറേഷന്റെ പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗം ജീവനക്കാരുടേയും

ജോലിസമയം പുന:ക്രമീകരിക്കുകയുണ്ടായിട്ടുണ്ട്. അതോടൊപ്പം കോർപ്പറേഷനിലെ മിനിസ്റ്റീരിയിൽ വിഭാഗം ജീവനക്കാരുടേയും, ഓഫീസർമാരുടേയും ജോലിസമയം 10 മുതൽ 5 മണി എന്നായിരുന്നത് പുനഃക്രമീകരിച്ച് 9.30 മുതൽ 5.30 മണിവരെ എന്നാക്കിയിട്ടുണ്ട്. കൂടാതെ ടി വിഭാഗത്തിൽപ്പെടുന്ന സിവിൽ വിഭാഗം ജീവനക്കാർക്കും, സ്റ്റോർ വിഭാഗം ജീവനക്കാർക്കും രണ്ടാം ശനി പ്രവൃത്തി ദിവസമാക്കിയിട്ടുണ്ട്. കൂടാതെ, ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർമാരുടെ ജോലി സമയം രാവിലെ 5.00 മണിമുതൽ ഉച്ചയ്ക്ക് 3.00 മണിവരെയായി പുനഃക്രമീകരിച്ചിട്ടുണ്ട്. സമയക്രമത്തിനുള്ളിൽ രാവിലെ 8.00 മണിക്ക് ശേഷവും ഉച്ചയ്ക്ക് 3.00 മണിയ്ക്ക് ഇടയിലുമായി 2 മണിക്കൂർ വിശ്രമം നൽകിയിട്ടുണ്ട്.

(ബി) ദീർഘദൂര സർവ്വീസുകളിൽ നിയോഗിക്കുന്ന ഡ്രൈവർമാർക്ക് വിശ്രമം നൽകുന്നതിനും അപകടസാധ്യത കുറയ്ക്കുന്നതിനുമായി മാനദണ്ഡങ്ങൾക്ക് വിധേയമായി ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓരോ സർവ്വീസിന്റേയും ഡിപ്പോയുടേയും ആവശ്യകത അനുസരിച്ചാണ് ടി സംവിധാനം നടപ്പിൽ വരുത്തിയിട്ടുള്ളത്. ഈ സംവിധാനം നടപ്പിലാക്കാൻ അർഹമായ വിവിധ ഡിപ്പോകളിലെ 83 സർവ്വീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നിയമാനുസൃതമായ സ്റ്റിയറിംഗ് ഡ്യൂട്ടിയും ട്രിപ്പുകൾക്കിടയിൽ മതിയായ വിശ്രമം ലഭിക്കുന്ന സർവ്വീസുകളിലും ഡിപ്പോകളിലും ടി സംവിധാനം നടപ്പിലാക്കിയിട്ടില്ല.

ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നിലവിലില്ലാത്ത യൂണിറ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിലുള്ള സാഹചര്യത്തിൽ, ദീർഘദൂര സർവ്വീസുകളിൽ നടപ്പിലാക്കിയ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം പിൻവലിക്കുന്നത് പരിഗണനയിലില്ല.

### താൽക്കാലിക നിയമനകാലം പെൻഷന് പരിഗണിക്കൽ

258 (4922) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ താൽക്കാലിക ജീവനക്കാരായി നിയമനം ലഭിച്ച് പിന്നീട് സ്ഥിരപ്പെടുത്തുന്നവരുടെ താൽക്കാലിക സേവന കാലാവധി പെൻഷന് പരിഗണിക്കണമെന്ന് കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിനെതിരെ കെ.എസ്.ആർ.ടി.സി. സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ടോ;

(സി) താത്ക്കാലിക നിയമന കാലാവധി പെൻഷന് പരിഗണിച്ചാൽ കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടുന്ന സാഹചര്യം ഉണ്ടാകുമെന്ന് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സുപ്രീംകോടതിയിലുള്ള കേസ് ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉത്തരവായിട്ടുണ്ട്.

(ബി) സമീപിച്ചിട്ടുണ്ട്.

(സി) ടി ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കിയാൽ കെ.എസ്.ആർ.ടി.സി. ക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ബഹു. സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്.

(ഡി) ബഹു. സുപ്രീം കോടതിയിൽ വാദം തുടർന്ന് വരികയാണ്.

**കെ.എസ്.ആർ.ടി.സി.-യെ ബാധിക്കുന്ന ഡീസൽ വില വർദ്ധനവ്**

259 (4923) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടിയുണ്ടാകുന്ന ഡീസൽ വില വർദ്ധനവ് കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഡീസൽ വില ഉയരുന്ന സാഹചര്യത്തിൽ മറ്റേതെങ്കിലും ഇന്ധനമുപയോഗിച്ച് ഗതാഗതം സാധ്യമാക്കാൻ കെ.എസ്.ആർ.ടി.സി. എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) കേരളത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ഇലക്ട്രിക് ബസ് സർവീസുകൾ ആണ് ഉള്ളത്; ഇവയുടെ പ്രവർത്തനം ലാഭകരമാണോ; ദിവസേന എത്ര രൂപ ഒരു ഇലക്ട്രിക് ബസിൽനിന്നും ശരാശരി ലാഭം ലഭിക്കുന്നുണ്ട്;

(ഡി) കൂടുതൽ ഇലക്ട്രിക് ബസ്സുകൾ സർവീസിന് ഇറക്കുന്നതിനും ചാർജിംഗ് സ്റ്റേഷനുകൾ ഇടയ്ക്കിടെ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ബാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന ചെലവുകളിൽ ഒന്ന് ഇന്ധന ഇനത്തിലാണ്. 2019 ജനുവരി 1-ന് ഡീസൽ വില ലിറ്ററിന് 59.93 രൂപ ആയിരുന്നത് നിലവിൽ 66.96 രൂപയായി വർദ്ധിച്ചിട്ടുണ്ട്. തന്മൂലം പ്രതിലിറ്ററിന് 7.03 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ ഉപഭോഗം 12,570 കിലോലിറ്റർ ആണെന്നിരിക്കെ ഈയിനത്തിൽ 8.84 കോടി രൂപയുടെ അധിക ബാധ്യത വന്നിട്ടുണ്ട്.

(ബി) പാരമ്പര്യേതര ഊർജ്ജമാർഗ്ഗങ്ങൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനുള്ള പരീക്ഷണങ്ങളുടെ ഭാഗമായി ഒരു CNG ബസ് വാങ്ങിയും 10 ഇലക്ട്രിക് ബസ് വെറ്റ് ലീസ് വ്യവസ്ഥയിലും സർവ്വീസ് നടത്തിവരുന്നു.

(സി) 10 ഇലക്ട്രിക് ബസ്സുകൾ.

വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസുകൾ നടത്തിവരുന്ന ടി ബസ്സുകൾ മുഴുവൻ ദിവസങ്ങളിലും ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിഞ്ഞിട്ടില്ല.

ഇലക്ട്രിക് ബസ് ഓപ്പറേറ്റ് ചെയ്യുന്ന ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലാഭം ലഭിക്കുന്നില്ല.

(ഡി) കേന്ദ്ര സർക്കാരിന്റെ Fame-II പദ്ധതിയുടെ അംഗീകാരത്തിന് വിധേയമായി ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്.

കെ.എസ്.ആർ.ടി.സി. പരീക്ഷണാടിസ്ഥാനത്തിൽ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്ന 10 ഇലക്ട്രിക് ബസ്സുകൾ ചാർജ്ജ് ചെയ്യുന്നതിന് വേണ്ടി ആലുവ റീജിയണൽ വർക്ക്ഷോപ്പ്, പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പ്, തമ്പാനൂർ, ഹരിപ്പാട്, എറണാകുളം എന്നീ ബസ് സ്റ്റേഷനുകളിൽ താൽകാലിക ചാർജ്ജിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ ബസ് നിരത്തിലിറക്കാൻ തീരുമാനിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ Electric Vehicle Policy അനുസരിച്ച് ചാർജ്ജിംഗിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ വെഞ്ഞാറമൂട്, പാലോട് ഡിപ്പോകൾ

260 (4924) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കെ.എസ്.ആർ.ടി.സി.യുടെ വെഞ്ഞാറമൂട്, പാലോട് ഡിപ്പോകളിൽ നിലവിലുണ്ടായിരുന്ന എതെങ്കിലും ഷെഡ്യൂളുകൾ റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഡിപ്പോകളിൽ പുതിയ ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്. ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭ്യമാകാത്തതിനാൽ പാലോട് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്ത് വന്നിരുന്ന ഡ്യൂട്ടി നമ്പർ 37: ജില്ലാ കൃഷിതോട്ടം-തിരുവനന്തപുരം-പത്തനംതിട്ട (ഫാസ്റ്റ് പാസഞ്ചർ) സർവ്വീസ് കോർപ്പറേഷന്റെ നിലവിലെ മോശം സാമ്പത്തിക സ്ഥിതി പരിഗണിച്ച് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളതാകുന്നു.

ഡ്യൂട്ടി നമ്പർ 23: നെടുമങ്ങാട്- പാലോട് (ഓർഡിനറി) റൂട്ടിൽ ധാരാളം ട്രിപ്പുകൾ മറ്റ് ഡിപ്പോകളിൽനിന്നും നടത്തിവരുന്നതിനാൽ ട്രിപ്പുകളുടെ ഓവർലാപ്പിംഗ് കാരണം ഡീസൽ ചെലവിനുള്ള വരുമാനംപോലും ലഭ്യമാകാത്തതിനാലും, ആവശ്യമായത്ര ട്രിപ്പുകൾ ഈ റൂട്ടിൽ ഉള്ളതിനാലും പ്രസ്തുത ഷെഡ്യൂൾ റദ്ദ് ചെയ്തിട്ടുണ്ട്.

ഡ്യൂട്ടി നമ്പർ 48: മേലാറ്റുമൂഴി എന്ന സർവ്വീസ് വെഞ്ഞാറമൂട് ഡിപ്പോയിൽ നിന്നും റദ്ദ് ചെയ്തിട്ടുണ്ടെങ്കിലും ഷെഡ്യൂൾ പുനഃക്രമീകരണത്തിന്റെ ഭാഗമായി പ്രസ്തുത ഷെഡ്യൂളിലെ 08.30 മേലാറ്റുമൂഴി-വാമനപുരം ട്രിപ്പും, 20.00 വെഞ്ഞാറമൂട്-പരപ്പിൽ ട്രിപ്പും ഡ്യൂട്ടി നമ്പർ 21-ൽ ക്രമീകരിച്ചിട്ടുണ്ട്.

(ബി) പാലോട് ഡിപ്പോയിൽനിന്നും തെന്നൂർ-കിളിമാനൂർ റൂട്ടിൽ 3-6-2019 മുതൽ 2 ഓർഡിനറി ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ട്. കിളിമാനൂർ യൂണിറ്റിൽനിന്നും കിളിമാനൂർ-തെന്നൂർ റൂട്ടിൽ 27-5-2019 മുതൽ 3 ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

## മലപ്പുറം ഡിപ്പോയിലെ എച്ച്.എസ്.ഡി. പമ്പ്

261 (4925) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ ഘട്ടത്തിൽ പൊളിച്ച നീക്കിയ എച്ച്.എസ്.ഡി. പമ്പ് പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഡിപ്പോയിൽ പമ്പില്ലാത്തതിനാൽ സ്വകാര്യ ഡീസൽ പമ്പുകളെ ആശ്രയിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന സാമ്പത്തികനഷ്ടവും സമയനഷ്ടവും കണക്കിലെടുത്ത് പമ്പ് പുനഃസ്ഥാപിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) ഡിപ്പോയുടെ ആരംഭകാലം മുതൽ നിലവിലുള്ള എച്ച്.എസ്.ഡി. പമ്പ് പുനഃസ്ഥാപിക്കുവാൻ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി. മലപ്പുറം ബസ് സ്റ്റേഷനിൽ HSD പമ്പ് അനുവദിക്കുന്നതിന് ആവശ്യപ്പെട്ട സ്ഥലം 5-11-1987-ലെ സ.ഉ.(കൈ)നമ്പർ 711/87/ആർ.ഡി. ഉത്തരവ് പ്രകാരം കേരള സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് പതിച്ചുനൽകിയതും 10-4-1978 മുതൽ കെ.എസ്.ആർ.ടി.സി. കൈവശം വച്ചുവരുന്നതുമാണ്. ഡിപ്പോ അനുവദിച്ച കാലം മുതൽ എൻ.ഒ.സി. ലഭ്യമാക്കി ഇവിടെ ഡീസൽ പമ്പ് പ്രവർത്തിപ്പിച്ചുവരികയായിരുന്നു. എന്നാൽ, ബസ് സ്റ്റേഷൻ നവീകരണത്തിന്റെ ഭാഗമായി പൊളിച്ചു മാറ്റിയ ഡീസൽ പമ്പ് ലൊക്കേഷൻ മാറ്റി പുനഃസ്ഥാപിക്കുവാൻ സമർപ്പിച്ച അപേക്ഷ, ടി ഭൂമിയുടെ വില കെ.എസ്.ആർ.ടി.സി.-ക്ക് ഒടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ HSD ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്യുവാൻ നിർവ്വാഹമില്ല എന്ന് ചൂണ്ടിക്കാട്ടി, ഏറനാട് തഹസിൽദാർ നിരസിച്ചിട്ടുള്ളതാണ്. ടി ഭൂമിയിന്മേൽ നിയമപരമായ കൈവശാവകാശം തെളിയിക്കുന്ന രേഖകൾ കെ.എസ്.ആർ.ടി.സി.യുടെ പക്കൽ ലഭ്യമല്ല. ആയത് ലഭ്യമാക്കി HSD പമ്പ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്നു.

## കോതമംഗലം-മാനന്തവാടി സർവ്വീസ് പുനരാരംഭിക്കാൻ നടപടി

262 (4926) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും വർഷങ്ങളോളം സർവ്വീസ് നടത്തിയിരുന്ന, ഏറെ യാത്രക്കാരുണ്ടായിരുന്നതും രാവിലെ 6.30 ന് കോതമംഗലത്ത് നിന്നും ആരംഭിച്ച് മാനന്തവാടിയിൽ എത്തിച്ചേരുന്നതുമായ കോതമംഗലം - മാനന്തവാടി സർവ്വീസ് ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് വേണ്ടി കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏറെ യാത്രക്കാരുള്ളതും ലാഭകരവുമായ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ടി സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

## പയ്യന്നൂർ, കണ്ണൂർ ഡിപ്പോകളിൽനിന്നും ബംഗളൂരുവിലേയ്ക്ക് ബസ്സുകൾ

263 (4927) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിലും കണ്ണൂരിലുമുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും ബംഗളൂരുവിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിൽ യാത്രക്കാർക്ക് വളരെയധികം പ്രയോജനകരമാകുന്ന തരത്തിൽ കണ്ണൂർ ഡിപ്പോയിൽ നിന്നും 8 ബസ്സുകൾ ഉപയോഗിച്ച് 4 സർവ്വീസുകളും, പയ്യന്നൂർ ഡിപ്പോയിൽ നിന്ന് 4 ബസ്സുകൾ ഉപയോഗിച്ച് 2 സർവ്വീസുകളും നടത്തിവരുന്നു. കൂടാതെ

യാത്രക്കാരുടെ തിരക്ക് അനുഭവപ്പെടുന്ന ഉത്സവകാലങ്ങളിലും മറ്റ് വാരാന്ത്യ ദിനങ്ങളിലും ആവശ്യാനുസരണം സർവ്വീസുകൾ നടത്തിവരുന്നുണ്ട്. നിലവിലെ അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാൽ കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

## മുണ്ടക്കയം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

264 (4928) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മുണ്ടക്കയം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മുണ്ടക്കയം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 69 ലക്ഷം രൂപ അനുവദിച്ച പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) മുണ്ടക്കയം സബ് ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ മരാമത്ത് പണികൾ ബഹു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, ഡിപ്പോ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

മുണ്ടക്കയം ടൗണിൽനിന്നും അര കിലോമീറ്റർ മാത്രം മാറിയാണ് ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ കൂടുതൽ യാത്രക്കാർ എത്തിച്ചേരുന്നത് പഞ്ചായത്ത് സ്റ്റാന്റിലാണ്. നിലവിൽ പഞ്ചായത്ത് സ്റ്റാന്റിൽ ഒരു സ്റ്റേഷൻമാസ്റ്ററെ നിയോഗിച്ചിട്ടുണ്ട്. ഒരേ സമയം രണ്ട് ബസ് സ്റ്റാന്റുകളും ഉപയോഗിച്ച് കോർപ്പറേഷൻ വക ബസ്സുകൾ സർവ്വീസ് നടത്തുന്നത് അപ്രായോഗികവും വരുമാന നഷ്ടം വരുത്തുകയും ചെയ്യുമെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഒരു സ്ഥലത്ത് കെ.എസ്.ആർ.ടി.സി. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് ഓഫീസ് പ്രവർത്തനക്ഷമമാക്കണമെങ്കിൽ കുറഞ്ഞത് പ്രതിമാസം 50 ലക്ഷം രൂപയെങ്കിലും ആവർത്തന ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നത് അഭികാമ്യമല്ലാത്തതിനാലാണ് മുണ്ടക്കയം ആസ്ഥാനമാക്കി പുതിയ സബ് ഡിപ്പോ ആരംഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കാത്തത്.

(ബി) ബഹു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നനുവദിച്ച 69 ലക്ഷം രൂപയുപയോഗിച്ച് സബ് ഡിപ്പോയുടെ പ്രവർത്തനത്തിനാവശ്യമായ വിവിധ മരാമത്ത് പണികൾ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്.

## കോട്ടയത്ത് ട്രാൻസ്പോർട്ട് ഭവൻ നിർമ്മാണം

265 (4929) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് കെ.എസ്.ആർ.ടി.സി. വക സ്ഥലത്ത് ട്രാൻസ്പോർട്ട് ഭവൻ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഭരണ, സാങ്കേതിക അനുമതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുസംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടും പണി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ; എങ്കിൽ തടസ്സം നീക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ മോശം സാമ്പത്തിക സ്ഥിതിമൂലം പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) കോട്ടയം ഡിപ്പോയിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ 29.24 കോടി രൂപയുടെ മാസ്റ്റർ പ്ലാനിൽ കൊമേഴ്സ്യൽ ബ്ലോക്ക്, കണക്ഷൻ ബ്ലോക്ക്, ഗ്യാരേജ്, ബസ് ടെർമിനൽ ബ്ലോക്ക് എന്നിവയുടെ സിവിൽ പണികൾ മാത്രമാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ ഗ്യാരേജ് MLA-LAC-ADS ഫണ്ട് ഉപയോഗിച്ച് പണിയുന്നതിന് വേണ്ടി പ്രത്യേകം ദർഘാസ് ക്ഷണിക്കുവാൻ തീരുമാനിച്ചിരുന്നു. 23-9-2014-ൽ ബഹു. ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രാഥമികമായി ബസ് ടെർമിനൽ ബ്ലോക്കിനും കണക്ഷൻ ബ്ലോക്കിനും മാത്രം ദർഘാസ് ക്ഷണിക്കുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 19-12-2014-ൽ ചേർന്ന 382-ാമത് ഭരണ സമിതി യോഗത്തിന്റെ അജണ്ട ഇനം 97/2014 തീരുമാനമായി പ്രസ്തുത പ്രവൃത്തിക്കായി റിവൈസ്ഡ് SOR 2012-ന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുകയായ 19.50 കോടി രൂപയും എസ്റ്റിമേറ്റ് തുകയേക്കാൾ 8% കൂടുതൽ തുകയായ 21,06,00,000 രൂപ രേഖപ്പെടുത്തിയ കരാറുകാരൻ ശ്രീ. ജെ. അബ്ദുൾ വാഹിദിന് പ്രവൃത്തി ചെയ്യുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും, ബഹു. എം.എൽ.എ. -യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ഗ്യാരേജിന്റെ പണി നടന്നുകൊണ്ടിരുന്നതിനാൽ ഘട്ടം ഘട്ടമായേ പണി തുടങ്ങുവാൻ കഴിയുമായിരുന്നുള്ളൂ. ഈ പ്രോജക്ടിനുവേണ്ടി വരുന്ന തുക സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് പുറമെ പലിശ രഹിത നിക്ഷേപത്തിലൂടെ സമാഹരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി. ഇതേ മാതൃകയിൽ മറ്റു സ്ഥലങ്ങളിൽ ആരംഭിച്ച പണികൾക്ക് പ്രതീക്ഷിച്ച പോലെ പലിശ രഹിത നിക്ഷേപം ലഭ്യമാകാത്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഈ പ്രവൃത്തി തുടങ്ങിയാൽ പൂർത്തീകരിക്കുവാൻ കഴിയുകയില്ല എന്ന കാരണത്താൽ ഈ പണി ഇതുവരെ തുടങ്ങിയിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മേൽ പ്രവൃത്തിയുടെ പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

266 (4930) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഡ്രൈവർ, കണ്ടക്ടർ ജീവനക്കാരുടെ കുറവ് സർവ്വീസിനെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ഡിപ്പോയിൽ എല്ലാ സർവ്വീസുകളും സുഗമമായി നടത്തുന്നതിൽ എത്ര ജീവനക്കാരെയാണ് ആവശ്യമുള്ളതെന്നും നിലവിലുള്ള ജീവനക്കാരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഡിപ്പോയിൽ എത്ര ബസ്സുകളാണ് ഉള്ളതെന്നും ഇത് വിനിയോഗിച്ച് എത്ര സർവ്വീസുകൾ നടത്തുന്നു എന്നും വിശദമാക്കാമോ;

(ഡി) ചെങ്ങന്നൂരിൽ നിന്ന് 2018-19 വർഷത്തിൽ എത്ര അന്തർസംസ്ഥാന ബസ്സുകളാണ് ഓടിച്ചിരുന്നത്; നിലവിൽ ഏതെല്ലാം അന്തർസംസ്ഥാന സർവ്വീസുകളാണ് ഉള്ളതെന്ന് വിവരിക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഡ്രൈവർ, കണ്ടക്ടർ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി ടി ജീവനക്കാർ കൂടുതലുള്ള യൂണിറ്റിൽ നിന്നും വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ വിന്യസിച്ചിരിക്കുന്നതിനാൽ സർവ്വീസിനെ ബാധിക്കാറില്ല.

(ബി) ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും എല്ലാ സർവ്വീസുകളും സുഗമമായി നടത്തുന്നതിന് 140 ഡ്രൈവർമാരും, 140 കണ്ടക്ടർമാരും ആവശ്യമാണ്. പ്രസ്തുത യൂണിറ്റിൽ സർവ്വീസ് നടത്തുന്നതിന് നിലവിലുള്ള ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

ഡ്രൈവർ-114, കണ്ടക്ടർ-131.

(സി) ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും 64 ബസ്സുകൾ ഉപയോഗിച്ച് പ്രതിദിനം ശരാശരി 50 സർവ്വീസുകൾ നടത്തുന്നുണ്ട്.

(ഡി) 2018-19 വർഷത്തിൽ കന്യാകുമാരിയിലേയ്ക്ക് ഒരു അന്തർസംസ്ഥാന സർവ്വീസാണ് ഓടിച്ചിരുന്നത്. ടി സർവ്വീസ് നിലവിൽ ഓടിച്ചുവരുന്നുണ്ട്.

## ചെങ്ങന്നൂർ ഡിപ്പോയിലെ സ്റ്റേ സർവ്വീസുകൾ

267 (4931) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേ സർവ്വീസ് ബസ്സുകൾ നിർത്തിവെച്ചിട്ടുള്ളതുമൂലം യാത്രക്കാർക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ട്രാൻസ്പോർട്ട് ഡിപ്പോയിൽ എത്ര സ്റ്റേ ബസ്സുകളാണ് നിർത്തലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ചെങ്ങന്നൂർ-പാണ്ടനാട്-പരുമല റൂട്ടിൽ നിർത്തലാക്കിയ സ്റ്റേ ബസ് സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം ആലോചിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നുള്ള ചില സ്റ്റേ സർവ്വീസുകൾ നിർത്തിവെച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കടുത്ത ക്ഷാമം അനുഭവപ്പെട്ടുവരുന്നതിനാൽ കൂടുതൽ യാത്രക്കാരെ ലഭിക്കുന്നതും, ശരാശരി വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ നടത്തുന്നതിനാണ് മുന്തിയ മുൻഗണന നൽകിവരുന്നത്. ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും പ്രവർത്തന ചെലവ് പോലും ലഭ്യമാകാത്ത 6 സ്റ്റേ ട്രിപ്പുകൾ ഒഴിവാക്കിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ്.

(സി) വരുമാന കുറവുമൂലം നിർത്തലാക്കിയ സ്റ്റേ ബസ്സുകളുടെ ട്രിപ്പുകൾ നിലവിലെ സാഹചര്യത്തിൽ പുനരാരംഭിക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമന അപേക്ഷ

268 (4932) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിതനിയമന വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി. യിൽ ജോലി ലഭിക്കുന്നതിനായി വിഷ്ണുപ്രിയ, കക്കാടി ഹൗസ്, നീലീശ്വരം എന്ന വ്യക്തി അങ്കമാലി കെ.എസ്.ആർ.ടി.സി. അധികാരികൾ മുഖേന അയച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനും പെൻഷൻ ലഭ്യമാക്കുന്നതിനും ഇവർ സമർപ്പിച്ചിരിക്കുന്ന അപേക്ഷ വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആശ്രിതനിയമന വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി.-യിൽ ജോലി ലഭിക്കുന്നതിനായി വിഷ്ണുപ്രിയ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. അങ്കമാലി യൂണിറ്റിൽനിന്നും അയച്ച അപേക്ഷ ചീഫ് ഓഫീസ്, വിജിലൻസ് വിഭാഗത്തിൽ നിന്നും അന്വേഷണത്തിനായി പെരുമ്പാവൂർ സ്ക്വാഡ് യൂണിറ്റിന് കൈമാറിയിട്ടുണ്ട്. അടിയന്തരമായി അന്വേഷണം പൂർത്തീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ആശ്രിത നിയമനത്തിന് ഇവർ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കുടുംബ പെൻഷന്റെ അപേക്ഷ സമർപ്പിച്ചെങ്കിലും ടി അപേക്ഷയോടൊപ്പം അവകാശ സാക്ഷ്യപത്രവും തഹസിൽദാരുടെ മുമ്പാകെ മറ്റ് അവകാശികൾ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയ നിരാക്ഷേപ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ആയത് സമർപ്പിക്കുന്ന മുറയ്ക്ക് കുടുംബ പെൻഷൻ അനുവദിക്കുവാൻ കഴിയുന്നതാണ്.

## തിരുവനന്തപുരം ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗം

269 (4933) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിലെ കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുവാൻ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ;

(സി) കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>പോലീസ് വകുപ്പിന് നൽകിയ തുക</u>

1. കരമന കളിയിക്കാവിള റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 8-9-2016-ൽ 63,81,145 രൂപ
2. പള്ളിപ്പുറം സി.ആർ.പി.എഫ്.-ൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 23-9-2016-ൽ 12,11,680 രൂപ
3. പോത്തൻകോട് വെമ്പായം പഴകുറ്റി, നെടുമങ്ങാട് റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 1-3-2017-ൽ 42,77,321 രൂപ
4. പൂജപ്പുര ജംഗ്ഷനിൽ റോഡിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനും ബയോടെക്നോളജി ജംഗ്ഷനിൽ വാണിംഗ് ബ്ലിങ്കറുകൾ സ്ഥാപിക്കുന്നതിനും 13-4-2017-ൽ 13,92,087 രൂപ
5. പാറ്റൂർ ഐ ഹോസ്പിറ്റൽ ജംഗ്ഷനിൽ Cautionary Signal System സ്ഥാപിക്കുന്നതിനായി 22-1-2019-ൽ 50,000 രൂപ.

<u>പൊതുമരാമത്ത് വകുപ്പിന് നൽകിയ തുക</u>

കരമന പ്രാവച്ചമ്പലം റോഡ് അപകട വിമുക്തമാക്കുന്നതിന് വേണ്ടി 1-3-2017-ൽ 25,00,000 രൂപ.

<u>ആരോഗ്യ വകുപ്പിന് നൽകിയ തുക</u>

29-8-2017-ൽ 38,88,051 രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സ്ഥാപിക്കുന്നതിനുവേണ്ടി

<u>ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ</u>

വട്ടപ്പാറ, ചിറ്റാഴ അമ്പലനഗർ, പള്ളിവിള, കണക്കോട് എന്നിവിടങ്ങളിൽ റോഡ് സേഫ്റ്റി ബാരിയേഴ്സ്, ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 15-11-2018-ൽ 32,50,000 രൂപ.

(ബി&സി) 31-8-2018-ലെ 36-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗതീരുമാനപ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് ടി വിഷയം പരിശോധിക്കുകയും ഈ വിഷയത്തിൽ കൂടുതൽ വിശദമായ പഠനം ആവശ്യമായതിനാൽ ഇതിനായി നാറ്റ്പാക്കിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## സേഫ് കേരള പദ്ധതി

270 (4934) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെയായി എത്ര രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) നിലവിൽ സേഫ് കേരള പദ്ധതിയുടെ കീഴിൽ എത്ര മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ സേവനം ചെയ്യുന്നുണ്ട്; സോണുകൾ തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വേണ്ടി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കുറവുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) 15-6-2019 വരെ പിഴയിനത്തിൽ 12,43,03,883 രൂപ ഈടാക്കിയിട്ടുണ്ട്.

(ബി) എം.വി.ഐ.-99, എ.എം.വി.ഐ.-255.

| | MVI | AMVI |
|---|---|---|
| തിരുവനന്തപുരം സോൺ | 30 | 78 |
| എറണാകുളം സോൺ | 23 | 60 |
| തൃശ്ശൂർ സോൺ | 22 | 57 |
| കോഴിക്കോട് സോൺ | 24 | 60 |

(സി) സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ. എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ 'സേഫ് കേരള' പദ്ധതിക്കുവേണ്ടി മാത്രമായി 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടേയും 99 മോട്ടോർ വാഹന ഇൻസ്പെക്ടർമാരുടേയും 255 അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാരുടേയും സേവനം ലഭ്യമാണ്.

**സേവന ഫീസിനത്തിൽ ലഭിച്ച തുക**

271 (4935) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും നിശ്ചിത ഫീസ് കൂടാതെ സേവന ഫീസിനത്തിൽ മോട്ടോർ വാഹന വകുപ്പിന് ലഭിച്ച തുക എത്രയാണ്;

(ബി) കഴിഞ്ഞ പത്ത് മാസത്തിനിടെ എത്ര ശതമാനം വർദ്ധനവാണ് സേവന ഫീസിനത്തിൽ നടപ്പിൽ വരുത്തിയത്; വ്യക്തമാക്കുമോ;

(സി) ഏതൊക്കെ കാര്യങ്ങൾക്കാണ് മോട്ടോർ വാഹന വകുപ്പ് സേവന ഫീസ് ഈടാക്കുന്നത്; ഓരോ കാര്യങ്ങൾക്കും എത്ര രൂപ നിരക്കിൽ എന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സേവനഫീസ് ഈടാക്കുന്ന മോട്ടോർ വാഹന വകുപ്പ് ഉപഭോക്താക്കൾക്ക് സേവനം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ)

| | |
|---|---|
| 2016-2017 | 43.27 കോടി രൂപ |
| 2017-2018 | 41.72 കോടി രൂപ |
| 2018-2019 | 41.90 കോടി രൂപ |

(ബി) കഴിഞ്ഞ പത്ത് മാസത്തിനിടെ ആകെ 10% (5%+5%) വർദ്ധനവ് സേവന നിരക്കിൽ (സർവ്വീസ് ചാർജ്ജ്) വരുത്തിയിട്ടുണ്ട്.

24-9-2018 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ. നമ്പർ 422/2018/ട്രാൻസ് പ്രകാരം സേവന നിരക്കുകൾക്ക് 5% വർദ്ധനവ് വരുത്തിയിട്ടുണ്ടായിരുന്നു. അതിനുശേഷം 8-3-2019 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ. (അച്ചടി) നമ്പർ 28/2019/ധന ഉത്തരവിലെ നിബന്ധനകൾ പ്രകാരം 1-4-2019 മുതൽ നിലവിലെ സേവന നിരക്കുകളിൽ 5% വർദ്ധനവ് വരുത്തി ഗതാഗത കമ്മീഷണർ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

(സി) സേവന നിരക്ക് ഈടാക്കുന്ന ഇനങ്ങളും എത്ര രൂപ നിരക്ക് എന്നുള്ള വിവരങ്ങളും അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഉണ്ട്. മോട്ടോർ വാഹന വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

## എ.എം.വി.ഐ., എം.വി.ഐ. തസ്തികകളുടെ ഹയർഗ്രേഡ്

272 (4936) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ എ.എം.വി.ഐ., എം.വി.ഐ. എന്നീ തസ്തികകളിലെ സമയബന്ധിത ഹയർഗ്രേഡ്, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥർ തടഞ്ഞുവെച്ചതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) 2018, 2019 വർഷങ്ങളിൽ ഗതാഗത വകുപ്പിൽ നിന്നും ഹയർഗ്രേഡ് സംബന്ധിച്ചുള്ള അപേക്ഷകളിൽ തീർപ്പ് കല്പിച്ചുകൊണ്ടുള്ള നിർദ്ദേശം നൽകി എത്ര കത്തുകൾ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേയ്ക്ക് അയച്ചിട്ടുണ്ട്; പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മോട്ടോർ വാഹന വകുപ്പിൽ എ.എം.വി.ഐ, എം.വി.ഐ. എന്നീ തസ്തികകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ സമയബന്ധിത ഹയർഗ്രേഡുമായി ബന്ധപ്പെട്ട അപേക്ഷകൾ തടഞ്ഞുവച്ചിട്ടില്ല.

(ബി) ഗതാഗത വകുപ്പിൽ ഹയർഗ്രേഡ് സംബന്ധിച്ചുള്ള അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലപ്പുറം ആർ.ടി. ഓഫീസിലെ ഡ്രൈവിംഗ് ടെസ്റ്റിന് ഭൂമി

273 (4937) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള ട്രാക്കും വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് വ്യവസായ വകുപ്പുമായി കൂടിയാലോചന നടത്തിയിരുന്നോ;

(ബി) വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻകെൽ-ന്റെ ഭൂമിയിൽ അഞ്ചേക്കർ പാട്ടത്തിന് നൽകുന്നതിന് വകുപ്പ് എൻ.ഒ.സി. നൽകിയിട്ടും കൈമാറുന്നതിനുള്ള കാലതാമസം എന്താണെന്നറിയിക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി എത്രയും വേഗം ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിൽ മോട്ടോർ വാഹന വകുപ്പിന് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കും വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും നിർമ്മിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഇൻകെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും 5 ഏക്കർ സ്ഥലം മോട്ടോർ വാഹന വകുപ്പിന് ലഭ്യമാക്കുന്ന വിഷയം വ്യവസായ വകുപ്പുമായി കൂടിയാലോചിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

## നിലമ്പൂർ ആർ.ടി. ഓഫീസ്

274 (4938) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ആർ.ടി. ഓഫീസ് വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രതിമാസം എത്ര രൂപയാണ് വാടകയിനത്തിൽ ചെലവഴിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഗതാഗത വകുപ്പിന് കീഴിലുള്ള നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലേക്ക് പ്രസ്തുത ആർ.ടി. ഓഫീസ് മാറ്റുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഒഴിഞ്ഞു കിടക്കുന്ന നിലമ്പൂർ കെ.എസ്.ആർ.ടി.സി. കോംപ്ലക്സിലേക്ക് ആർ.ടി. ഓഫീസ് മാറ്റിയാൽ പൊതുഖജനാവിന് നഷ്ടം വരുന്നത് ഒഴിവാക്കാമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഗണിക്കാമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) 18,467.

(സി) നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലെ കൊമേഴ്സ്യൽ സ്പേസ് വ്യാവയസായിക ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. മാത്രവുമല്ല, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ, പ്രസ്തുത കോംപ്ലക്സിൽ ആർ.ടി. ഓഫീസിന് സ്ഥലം അനുവദിക്കുന്നതിന് തടസ്സമുണ്ട്. എന്നാൽ, നിർമ്മാണത്തിലിരിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ സബ് ആർ.ടി. ഓഫീസിന്റെ പ്രവർത്തനത്തിനായി സ്ഥലം ലഭ്യമാകുന്നതാണെന്ന് തഹസിൽദാർ അറിയിച്ചിട്ടുള്ളതായി നിലമ്പൂർ ജോയിന്റ് ആർ.ടി.ഒ. അറിയിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. കോംപ്ലക്സിൽ സ്ഥലം ലഭ്യമായാലും കെ.എസ്.ആർ.ടി.സി.-ക്ക് വാടക നൽകേണ്ടതുണ്ട്. മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമായാൽ വാടകയിനത്തിലുള്ള നഷ്ടം ഒഴിവാകും.

**സ്കൂൾ വാഹനങ്ങളിൽ പാനിക് ബട്ടൺ**

275 (4939) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങളിൽ പാനിക് ബട്ടൺ നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മേൽ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഓരോ ജില്ലയിലും എത്ര സ്കൂൾ വാഹങ്ങളിൽ ഈ സംവിധാനം നടപ്പാക്കേണ്ടതുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) എല്ലാ ജില്ലയിലും ഈ സംവിധാനം നടപ്പാക്കുകവഴി എത്ര കുട്ടികൾക്ക് സ്കൂൾ വാഹനങ്ങളിൽ മാത്രമായി ഇരുന്ന് യാത്ര ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകും എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്, പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് ആകെ 9745 സ്കൂൾ ബസ്സുകളിൽ ജി.പി.എസ്.-ഉം പാനിക്ക് ബട്ടനും നടപ്പാക്കിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ഡി) ഈ രീതിയിലുള്ള ഒരു കണക്ക് ലഭ്യമല്ല.

## ഇലക്ട്രിക് വാഹന നയം

276 (4940) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹന നയത്തിന്റെ ഭാഗമായി ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് നൽകുന്ന കാര്യത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഇനിമുതൽ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രം പെർമിറ്റ് നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഓട്ടോറിക്ഷകൾ ചാർജ് ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) പരിസരമലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ എല്ലാ ബസ്സുകളും ഇ-ബസ് ആക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) ഇ-ബസ് നിർമ്മിച്ച് നൽകുന്നതിനായി ഏതെങ്കിലും വിദേശ കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇലക്ട്രിക് വാഹനനയത്തിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങളിൽ LPG/CNG/Electric Autorickshaw-കളുടെ എണ്ണം നിലവിലുള്ളവ കൂടാതെ 3000 എണ്ണം കൂടുതൽ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ അനുവദിച്ചിരിക്കുന്ന 3000 എണ്ണത്തിൽ 2000 എണ്ണം ഇലക്ട്രിക് ഓട്ടോറിക്ഷകളാണ്. ബാക്കി 1000 എണ്ണം CNG/LNG/LPG എന്നീ ഇന്ധനം ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകൾക്കും നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രം പെർമിറ്റ് നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തുടനീളം വൈദ്യുത ചാർജിംഗ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുണ്ട്. ഇതിനായി കെ.എസ്.ഇ.ബി.-യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സ്വിറ്റ്സർലണ്ടിലെ 'Hess & Caetano' എന്ന സ്ഥാപനവുമായി ചർച്ച നടത്തിയിട്ടുണ്ട്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് (KAL) മായി സഹകരിച്ച് കേരളത്തിൽ ഇ-ബസ് നിർമ്മിക്കുന്നതിനാണ് ആലോചിക്കുന്നത്. ഇത് സംബന്ധിച്ച ചർച്ചകൾ പ്രാരംഭ ഘട്ടത്തിലാണ്.

## കൊറ്റി-കോട്ടപ്പുറം റൂട്ടിലെ ജലഗതാഗത ബോട്ടുകൾ

277 (4941) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറ്റി-കോട്ടപ്പുറം ജലഗതാഗത റൂട്ടിൽ നിലവിൽ എത്ര ബോട്ടുകളാണ് നിത്യേന ഓടിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോട്ടുകളുടെ അറ്റകുറ്റപ്പണി നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏങ്കിൽ ഇത് എവിടെ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊറ്റി - കോട്ടപ്പുറം ജലപാതയിൽ നിലവിൽ കൊറ്റിയിൽ നിന്നും പടന്ന വരെ ഒരു ബോട്ട് സർവ്വീസ് നടത്തുന്നു.

(ബി) അയിറ്റി ബോട്ടു ജെട്ടിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്ലിപ്പ് വേയുടെ പണികൾ പൂർത്തിയാക്കിവരുന്നു. അയിറ്റി ബോട്ടു ജെട്ടിയിൽ തന്നെ നിലവിൽ ബോട്ടു കയറ്റി പണികൾ നടത്തുന്നുണ്ട്. കൂടാതെ അഴീക്കൽ സിൽക്ക് യാർഡിലും, മടക്കര സ്വകാര്യ യാർഡിലും അത്യാവശ്യത്തിന് ബോട്ടുകൾ കയറ്റി പണികൾ ചെയ്യാറുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

## II അടിയന്തരപ്രമേയം

### കസ്റ്റഡി മരണം

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് ഒരു വിഷയം ചർച്ചയ്ക്കെടുത്താൽ രണ്ട് മണിക്കൂറാണ് സമയം വേണ്ടത്. ഇന്നലെ അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാതെതന്നെ ഒന്നരമണിക്കൂർ സമയമെടുത്തു. അതുകൊണ്ട് ഒന്നുകിൽ വിഷയം ഗവൺമെന്റ് ചർച്ചയ്ക്കെടുക്കണം, അല്ലെങ്കിൽ നിയതമായ സമയത്ത് അവസാനിപ്പിക്കണം. Zero hour എന്നുപറയുന്നത് zero hours അല്ല. എല്ലാവരോടുംകൂടിയാണ് പറയുന്നത്.

നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലിരിക്കെ മർദ്ദനമേറ്റ് കൊല്ലപ്പെട്ട പീരുമേട് സബ് ജയിലിലെ റിമാൻഡ് പ്രതിയായ രാജ്കുമാറിന്റെ കൊലപാതകംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, എം. ഉമ്മർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം തൂക്കുപാലം എന്ന സ്ഥലത്ത് ഹരിത ഫിനാൻസ് എന്ന സ്ഥാപനത്തിൽ പതിനായിരം രൂപ നിക്ഷേപിച്ചാൽ പത്ത് ലക്ഷം രൂപയുടെ വായ്പ തരപ്പെടുത്തി നൽകാമെന്ന വാഗ്ദാനം നൽകി നിരവധി പേരിൽനിന്നും നിക്ഷേപം സ്വീകരിച്ച് തട്ടിപ്പ് നടത്തിയ കാര്യത്തിൽ ഷിജി എന്ന സ്ത്രീയുടെ പരാതിപ്രകാരം വാഗമൺ സ്വദേശി രാജ്കുമാർ, ആലപ്പുഴ തോനക്കാട് മഞ്ഞപ്പള്ളിൽവീട്ടിൽ ഹരിഹരൻ ഭാര്യ ശാലിനി, പാറത്തോട് ബെന്നിപ്പറമ്പിൽ അജി ഭാര്യ മഞ്ജു എന്നിവരെ യഥാക്രമം ഒന്നുമുതൽ മൂന്ന് വരെ പ്രതികളാക്കി ഐ.പി.സി. 406, 420, 34 വകുപ്പുകൾപ്രകാരം നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ ക്രൈം 302/19 ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളായ ശാലിനി, മഞ്ജു എന്നിവരെ 13-6-2019-ൽ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുമുണ്ട്. ഈ കേസിലെ റെക്കോർഡുകൾപ്രകാരം ഒന്നാം പ്രതിയായ രാജ്കുമാർ രണ്ടാം പ്രതിയായ ശാലിനി താമസിച്ചിരുന്ന വീട്ടിലുള്ളതായി കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 15-6-2019-ൽ രാത്രി 9.00 മണിയോടെ നെടുങ്കണ്ടം പോലീസ് സബ് ഇൻസ്പെക്ടറും പാർട്ടിയും എത്തിയപ്പോൾ പോലീസിനെ കണ്ട് രാജ്കുമാർ ഓടിരക്ഷപ്പെടാൻ ശ്രമിക്കുകയുണ്ടായി. ഈ വീഴ്ചയിൽ ടിയാൾക്ക് പരിക്കേറ്റിട്ടുള്ളതായാണ് പോലീസ് രേഖകളിൽ പറയുന്നത്. പോലീസ്

പിന്നുടർന്ന് അറസ്റ്റ് ചെയ്ത രാജ്കുമാറിന്റെ കാൽമുട്ടുകൾക്കും നടുവിനും വേദനയുള്ളതായി പറയുകയും 15-6-2019-ൽ രാത്രി 12.00 മണിയോടെ നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ എത്തിച്ച് അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകുകയും ചെയ്തു. അടിയന്തരപ്രമേയത്തിന്റെ അവതാരകൻ, കസ്റ്റഡിയിലെടുത്തത് ജൂൺ മാസം 12 ആണെന്നു പറയുന്നുണ്ട്. എന്നാൽ പോലീസ് റെക്കോർഡ് പ്രകാരം ജൂൺ മാസം 15-ാം തീയതിയെന്നാണ് കാണുന്നത്. ഇക്കാര്യങ്ങളുൾപ്പെടെ അന്വേഷണത്തിന്റെ ഭാഗമായി പരിശോധിച്ച് നിജസ്ഥിതി കണ്ടെത്തുന്നതാണ്. 16-6-2019-ന് രാജ്കുമാറിനെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്ത് പീരുമേട് സബ് ജയിലിൽ പാർപ്പിച്ചു. റിമാൻഡിൽ കഴിഞ്ഞുവരവെ സബ് ജയിലിൽ വച്ച് പലതവണ ശാരീരിക അസ്വസ്ഥത പ്രകടിപ്പിച്ചതിനെത്തുടർന്ന് 18-6-2019-ൽ പീരുമേട് താലൂക്കാശുപത്രിയിലും 19-6-2019, 20-6-2019 എന്നീ തീയതികളിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും ഹാജരാക്കി ചികിത്സ നൽകിയിരുന്നു. തുടർന്ന് 21-6-2019-ൽ രാവിലെ 10.15-ഓടെ പീരുമേട് സബ്ജയിലിൽ വച്ച് പ്രതി രാജ്കുമാറിന് കഠിനമായ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് പീരുമേട് താലൂക്കാശുപത്രിയിൽ എത്തിച്ച് ചികിത്സിച്ചുവരവെ രാവിലെ 10.45 മണിയോടെ അദ്ദേഹം മരണപ്പെട്ടു. മൃതദേഹം ഇടുക്കി സബ്ഡിവിഷണൽ മജിസ്ട്രേറ്റ് ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം പരിശോധന നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. രാജ്കുമാർ മരണപ്പെട്ട കാര്യത്തിന് ക്രിമിനൽ നടപടിക്രമം 174 വകുപ്പ് പ്രകാരം പീരുമേട് പോലീസ് സ്റ്റേഷനിൽ ക്രൈം 349/19 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത രാജ്കുമാർ പ്രതിയായ കേസും റിമാൻഡിലിരിക്കെ രാജ്കുമാർ ആശുപത്രിയിൽ മരണപ്പെട്ട കേസും ഇടുക്കി ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ഏറ്റെടുത്ത് നടത്തിവരുന്നു. ഈ സംഭവവുമായി ബന്ധപ്പെട്ട് എസ്.ഐ, എ.എസ്.ഐ., സി.പി.ഒ., ഡ്രൈവർ സി.പി.ഒ എന്നിവരെ എറണാകുളം റെയ്ഞ്ച് ഡി.ഐ.ജി.-യുടെ 25-6-2019-ലെ A2A 10458/2019/ER നമ്പർ ഉത്തരവുപ്രകാരം സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. നെടുങ്കണ്ടം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.എച്ച്.ഒ.-യെ മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനിലേയ്ക്കും മൂന്ന് എസ്.സി.പി.ഒ.-മാരെയും ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെയും ഇടുക്കി എ.ആർ. ക്യാമ്പിലേയ്ക്കും അടിയന്തരമായി സ്ഥലംമാറ്റുകയും ചെയ്തു. പ്രതി രാജ്കുമാർ മരണപ്പെട്ടതിലേയ്ക്ക് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണവും ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരായുള്ള വകുപ്പുതല അന്വേഷണവും കാര്യക്ഷമമായി

നടത്തിവരുന്നു. പ്രമേയാവതാരകൻ ചില സംഭവങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിലും അന്വേഷണംനടത്തി ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ഇടുക്കി നെടുങ്കണ്ടം പോലീസ് കസ്റ്റഡിയിലിരിക്കെ പീരുമേട് താലൂക്കിലെ കോലാഹലമേട് കസ്തൂരി ഭവനിൽ 49 വയസ്സുള്ള രാജ്കുമാർ പോലീസ് മർദ്ദനത്തെത്തുടർന്ന് 22-6-2019-ൽ പീരുമേട് താലൂക്കാശുപത്രിയിൽ വച്ച് മരണപ്പെടുകയുണ്ടായി. ഉരുക്കുപാലം ഹരിത ഫിനാൻസ് തട്ടിപ്പുകേസിലെ പ്രതിയാണ് രാജ്കുമാർ. പോലീസ് കസ്റ്റഡിയിലായത് പ്രതിയെന്ന നിലയിലാണ്. രാജ്കുമാറിന്റെ തട്ടിപ്പിനിരയായ ആളുകൾ സി.പി.ഐ.(എം.) നെടുങ്കണ്ടം ബ്രാഞ്ച് സെക്രട്ടറി പഞ്ചർ സജിയെന്ന് അറിയപ്പെടുന്ന സജിയോടൊപ്പം മൂന്ന് വാഹനങ്ങളിൽ രാജ്കുമാറിനെയും കൂട്ടി അദ്ദേഹത്തിന്റെ അക്കൗണ്ടിൽ പണമുണ്ടോയെന്ന് നോക്കാൻ പീരുമേട്ടിലെ കുട്ടിക്കാനത്ത് പോയി മടങ്ങിവരവെ പുളിയമ്മല കാർമൽ ഹൈസ്കൂളിന് മുന്നിൽ വച്ച് 12-6-2019-ന് 3.30-നാണ് രാജ്കുമാറിനെയും ഫൈനാൻസ് സ്ഥാപനത്തിലെ മഞ്ജു, ശാലിനി എന്നിവരെയും പോലീസ് അറസ്റ്റ് ചെയ്യുന്നത്. അതിന് ധാരാളം സാക്ഷികളുമുണ്ട്. വനിതകളെ വനിതാ പോലീസ് വണ്ടിയിലും രാജ്കുമാറിനെ KL01-AV-9686 എന്ന പോലീസ് വണ്ടിയിലുമാണ് കൊണ്ടുപോയത്. സ്ത്രീകളെ പിറ്റേദിവസം കോടതിയിൽ ഹാജരാക്കിയെങ്കിലും രാജ്കുമാറിനെ ഹാജരാക്കിയില്ല. 17-6-2019 പുലർച്ചെ 1.20-നാണ് പോലീസ് രാജ്കുമാറിനെ പീരുമേട് കോടതിയിൽ ഹാജരാക്കി ജയിലിലെത്തിക്കുന്നത്. ദേഹം മുഴുവൻ ഗുരുതര പരിക്കുകളോടെ ഒരു സ്ട്രെക്ച്ചറിലാണ് രാജ്കുമാറിനെ പോലീസ് കൊണ്ടുവന്നത്. അദ്ദേഹത്തിന് എഴുന്നേൽക്കാൻപോലും സാധിക്കുമായിരുന്നില്ല. 12-6-2019-ന് 3.30 മുതൽ 17-6-2019-ന് പുലർച്ചെ 1.20 വരെ രാജ്കുമാർ പോലീസ് കസ്റ്റഡിയിലായിരുന്നുവെന്നതിന് വ്യക്തമായ തെളിവുണ്ട്. ഏകദേശം 105 മണിക്കൂറും 30 മിനിട്ടുമുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ പോലീസ് ഭരണത്തിൽ ഒരു വ്യക്തി, അയാൾ ഏത് കുറ്റം ചെയ്തവനായാലും 105 മണിക്കൂറും 30 മിനിട്ടും കോടതിയിൽ ഹാജരാക്കാതെ പോലീസ് കസ്റ്റഡിയിലായിരുന്നു. 20-6-2019-ന് രാജ്കുമാറിനെ പീരുമേട് ജയിലധികൃതർ കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുപോയി. ഡോക്ടർമാരോട് രാജ്കുമാർ തനിക്ക് മർദ്ദനമേറ്റിട്ടുണ്ടെന്ന് പരാതി പറഞ്ഞിരുന്നു. 21-6-2019-ൽ തിരിച്ച് പീരുമേട്ടിലേക്ക് കൊണ്ടുപോയി. 22-6-2019-ൽ പീരുമേട് താലൂക്കാശുപത്രിയിൽ പ്രവേശിപ്പിക്കുകയും പിന്നീട് രാജ്കുമാർ മരണപ്പെടുകയുമാണുണ്ടായത്. ഡോക്ടർമാരോട് ക്രൂരമായ പോലീസ്

മുറകളെക്കുറിച്ച് രാജ്കുമാർ പറഞ്ഞതായാണ് മനസ്സിലാക്കുന്നത്. കാൽവെള്ളയിലും തുടയിലും ഗുരുതരമായ പരിക്ക് പോലീസ് ഉരുട്ടിയതുമൂലമാണ് ഉണ്ടായതെന്നും 35-ഓളം ഗുരുതരമായ പാടുകൾ ഉണ്ടെന്നും തെളിവെടുപ്പിനായി അദ്ദേഹത്തിന്റെ വീടായ കോലാഹലമേട്ടിൽ കൊണ്ടുപോയപ്പോൾ അവിടെവച്ച് പരസ്യമായി പോലീസ് മർദ്ദിച്ചതായും നാട്ടുകാരും കുടുംബാംഗങ്ങളുമടക്കം പറയുന്നുണ്ട്. ഇത് ഭരണകൂടം പ്ലാൻ ചെയ്ത് നടപ്പിലാക്കിയ കൊലപാതകമാണ്. ഹരിത ഫിനാൻസ് എന്ന തട്ടിപ്പുസ്ഥാപനത്തിന്റെ പിന്നിലാരാണ്; ഈ തട്ടിപ്പ് നടത്താൻ രാജ്കുമാറിനെയും കൂട്ടരെയും നിർബാധം അനുവദിച്ചതാരാണ്; ജനങ്ങളെ കബളിപ്പിച്ച് തട്ടിയെടുത്ത കോടിക്കണക്കിന് പണം എവിടെ; പട്ടം കോളനി സഹകരണ ബാങ്കിൽ പീരുമേടുകാരനായ രാജ്കുമാറിന് എങ്ങനെ അക്കൗണ്ടുണ്ടായി; 150-ഓളം ചെക്ക് ലീഫുകൾ എങ്ങനെ കൊടുക്കാനിടയായി; പട്ടം കോളനി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് അഡ്വ. ഗോപകൃഷ്ണൻ സി.പി.ഐ.(എം.)-ന്റെ ജില്ലാ കമ്മിറ്റി അംഗമാണ്. ഈ തട്ടിപ്പുസംഘത്തിന്റെ വാഹനത്തിൽ ഗോപകൃഷ്ണൻ പലപ്പോഴും സഞ്ചരിക്കുന്നത് ജനങ്ങൾ കണ്ടിട്ടുണ്ട്. ഒരു ലക്ഷത്തിന് 1,000 രൂപ വച്ച് എത്ര ലക്ഷം രൂപ വേണമെങ്കിലും കൊടുക്കുമെന്നായിരുന്നു രാജ്കുമാറിന്റെയും തട്ടിപ്പുസംഘത്തിന്റെയും വാഗ്ദാനം. ഈ പണം എവിടെ നിന്നാണ്; ഇതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന അജ്ഞാതൻ ആരാണ്; ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം കണ്ടെത്തിയാലേ ഈ കൊലപാതകത്തിന്റെ യഥാർത്ഥ വസ്തുതകളിലേയ്ക്ക് എത്തിച്ചേരാൻ കഴിയൂ. ഒരു തട്ടിപ്പുസംഘത്തെ നാട്ടിൽ ഇങ്ങനെ വിളയാടാൻ പോലീസ് അനുവദിച്ചത് എന്തിനാണ്; നാട്ടിൽപ്പോലുമില്ലാത്ത ഒരാൾക്ക് ഒരു സഹകരണ ബാങ്കിന്റെ പ്രസിഡന്റ് എങ്ങനെ അക്കൗണ്ട് കൊടുത്തു; എങ്ങനെ ചെക്ക് ലീഫ് കൊടുത്തു; അദ്ദേഹം എന്തിന് ഈ സംഘത്തിന്റെ വണ്ടിയിൽ സഞ്ചരിച്ചു; ഇക്കാര്യങ്ങൾ അറിയണം. ഇതുമാത്രമല്ല, കേരളത്തിലുടനീളം നടക്കുന്ന പോലീസ് മർദ്ദനങ്ങളെത്തുടർന്നുള്ള മരണങ്ങളും ലോക്കപ്പ് കൊലപാതകങ്ങളും ആത്മഹത്യകളുമെല്ലാം എത്ര വേണമെങ്കിലും പറയാം. ഈരാറ്റുപേട്ടയിൽ ഒരു യുവാവ് ജീവനൊടുക്കിയ സംഭവം, പാറശ്ശാലയിൽ ചികിത്സ വൈകിപ്പിച്ചതുമൂലമുണ്ടായ അപകടം, കറന്റ് ബുക്സിന്റെ ഓഫീസിൽ പോലീസ് കടന്നുകയറിയ സംഭവം, എസ്.എഫ്.ഐ.-ക്കാരന്റെ മർദ്ദനമേറ്റ പോലീസുകാരന്റെ സസ്പെഷൻ, കായംകുളത്ത് ആളുമാറി അടിച്ച സംഭവം, നഗ്നനായി ചോദ്യം ചെയ്തുവെന്ന എറണാകുളത്തെ പരാതി, ഭാര്യയുടെ മുമ്പിൽ വച്ച് ക്രൂരമായി മർദ്ദിച്ച സംഭവം, പ്രതിയുടെ മുന്നിൽ വച്ച് ഭാര്യയെ മർദ്ദിച്ച സംഭവം, മൂന്നാറിലെ ലോക്കപ്പ് മർദ്ദനം, പോലീസുകാരിയെ പോലീസുകാരൻ ചുട്ടുകൊന്ന സംഭവം, സി.ഐ. നാടുവിട്ടുപോയ വിഷയം, കണ്ണൂർ എ.ആർ. ക്യാമ്പിൽ രതീഷിന് പീഡനം,

കുണ്ടറയിലെ കുഞ്ഞുമോന്റെ മരണം, കഴക്കൂട്ടത്ത് ബീച്ചിൽ ഡാൻസ് കളിച്ച കുട്ടികളെ പോലീസ് ഭീകരമായി തല്ലിയ സംഭവം, മുടി വളർത്തിയതിന് വിനായകനെ തല്ലിക്കൊന്ന സംഭവം, മലപ്പുറം വണ്ടൂർ സ്വദേശി അബ്ദുൾ വഹാബ് ലോക്കപ്പിൽ മരിച്ച സംഭവം, തലശ്ശേരിയിലെ കാളിമുത്തുവിന്റെ മരണം ഇങ്ങനെ കേരളത്തിലുടനീളം പോലീസിന്റെ മൂന്നാം മുറകളും അക്രമങ്ങളുംമൂലം നിരവധിയാളുകൾ മരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2019 ജൂൺ മാസം 12, 13, 14, 15, 16 തീയതികളിൽ ഉരുട്ട്, ഗരുഡൻ പറവ തുടങ്ങിയ കലാപരിപാടികൾ തന്റെമേൽ നടത്തിയെന്നാണ് മരണപ്പെട്ട രാജ്കുമാർ ഡോക്ടറോട് പറഞ്ഞിട്ടുള്ളത്. വരാപ്പുഴയിലെ ശ്രീജിത്തിന്റെ കസ്റ്റഡി മരണം അവസാനത്തേതാകുമെന്നാണ് നമ്മളെല്ലാം ആഗ്രഹിച്ചിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ അറിവോടെ അതിലെ പ്രതികളായ ഉന്നത ഉദ്യോഗസ്ഥന്മാർക്ക് ഗുഡ് സർവ്വീസ് എൻട്രിയും സ്ഥാനക്കയറ്റവും നൽകി നിയമിച്ചതുകൊണ്ടാണ് ഈ അപകടം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നത്. അങ്ങേയ്ക്ക് ഭരണഘടന അറിയാമല്ലോ; ഭരണഘടനയുടെ ആർട്ടിക്കിൾ 22(1) ക്ലാസ് 2 അനുസരിച്ച് ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചോ? അതിന് അങ്ങ് മറുപടി പറയണം. സി.ആർ.പി.സി. 41(ഡി) അനുസരിച്ച് പാലിക്കേണ്ട നിയമവ്യവസ്ഥകൾ അങ്ങയുടെ പോലീസ് പാലിച്ചിട്ടുണ്ടോ; 1996-ലെ D.K. Basu Vs State of West Bengal കേസിൽ സുപ്രീംകോടതിയുടെ നിർദ്ദേശമായ, ഒരാളെ കസ്റ്റഡിയിലെടുത്താൽ പോലീസ് പാലിക്കേണ്ട 11 പ്രധാനപ്പെട്ട നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് പാലിച്ചിട്ടുണ്ടോ; ഒരു മെമ്മോ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ നിങ്ങളുടെ കയ്യിലുണ്ടോ; ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷനായ പോലീസിന്റെ നവീകരണത്തിനുള്ള കമ്മിറ്റിയുടെ ശിപാർശകളിൽ ഒന്നെങ്കിലും നിങ്ങൾ പാലിച്ചിട്ടുണ്ടോ; രാജ്കുമാർ തട്ടിപ്പുകാരനായതുകൊണ്ട് തല്ലിക്കൊല്ലാൻ നിങ്ങൾക്കാരാണ് അവകാശം തന്നിരിക്കുന്നത്? ഈ നാട്ടിലെ ആളുകളെയെല്ലാം തല്ലിക്കൊല്ലാമോ? തട്ടിപ്പുകേസിലെ പ്രതിയാണെങ്കിൽപ്പോലും 105 മണിക്കൂറും 30 മിനിറ്റും പോലീസ് കസ്റ്റഡിയിൽവച്ച് നിരന്തരമായി മർദ്ദിച്ചപ്പോൾ അവിടത്തെ എസ്.പി.-യും ഉന്നത ഉദ്യോഗസ്ഥരും അറിഞ്ഞിരുന്നില്ലേ? നിങ്ങൾ എവിടെയായിരുന്നു? കോടിക്കണക്കിന് രൂപ ഹരിത ഫിനാൻസ് എന്ന പേരിൽ രാജ്കുമാറും കൂട്ടരും തട്ടിയെടുത്തിരുന്നു. ആ പണം പിടിച്ചുപറ്റാൻ വേണ്ടിയാണ് ഇയാളെ കോടതിയിൽ ഹാജരാക്കാതെ മർദ്ദിച്ചവശനാക്കിയതെന്നും ആ പണം പോലീസ് പിടിച്ചെടുത്തെന്നുമാണ് ഇപ്പോൾ നെടുങ്കണ്ടത്തും പരിസരത്തുമുള്ളയാളുകൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. കസ്റ്റഡിയിലെടുത്തപ്പോൾ ഇടുക്കി എസ്.പി.-യെ അറിയിച്ചിരുന്നു. എസ്.പി. എന്തുചെയ്തുവെന്ന കാര്യത്തിന് മറുപടി പറയണം.

അറസ്റ്റ് ചെയ്യുമ്പോൾ മെമ്മോ കൊടുക്കണം, ഫാമിലി മെമ്പറെ അറിയിക്കണം, മജിസ്ട്രേറ്റിനെ അറിയിക്കണം തുടങ്ങിയ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന കാര്യം അറിയണം. അതുപോലെ ഇങ്ങനെ ഒരാളെ കസ്റ്റഡിയിലെടുത്തുവെന്ന് എസ്.പി. അറിഞ്ഞതിനുശേഷം അഞ്ചു ദിവസം കഴിഞ്ഞ് 17-ാം തീയതി വെളുപ്പിന് ഒന്നര മണിക്കാണ് ഇദ്ദേഹത്തെ കോടതിയിൽ ഹാജരാക്കുന്നത്. അതുവരെ എവിടെയായിരുന്നു അദ്ദേഹം? ഇപ്പോൾ ഒരു പുതിയ കണക്ക് കൊണ്ടുവന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പോലീസ് എഴുതിത്തരുന്നത് അങ്ങ് വായിക്കരുത്. നൂറുകണക്കിനാളുകൾ കണ്ടുനിൽക്കെയാണ് 12-ാം തീയതി 3.30-ന് പുളിയൻമലയിൽ കാർമ്മൽ സ്കൂളിന്റെ മുന്നിൽവച്ച് പോലീസ് രാജ്കുമാറിനെ പിടിച്ചുകൊണ്ടുപോകുന്നത്. ആരെങ്കിലും പറയുന്നത് നിങ്ങൾ കേൾക്കരുത്. കേസ് അട്ടിമറിക്കാൻ പോലീസ് സേനയിൽ ഒരു പുതിയ വിംഗ് കൂടി സൃഷ്ടിച്ചിരിക്കുകയാണ്. വിജിലൻസ്, ക്രൈം ബ്രാഞ്ച്, നാർകോട്ടിക് എന്നൊക്കെ പറയുന്നതുപോലെ അട്ടിമറിക്കാനായി പുതിയ പോലീസ് സേന. അന്വേഷണത്തിലിരിക്കുന്ന ആന്തൂരിലെയും ബാലഭാസ്കറിന്റെയും കേസ് അട്ടിമറിക്കുന്ന രീതിയിലാണ് നീങ്ങുന്നതെന്ന് കേൾക്കുന്നു. ക്രമസമാധാനത്തിന് പുകഴ്പെറ്റ കേരള പോലീസിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? നല്ലവരും കൊള്ളാവുന്നവരുമായ ഉദ്യോഗസ്ഥരെ മൂലയ്ക്കിരുത്തുകയോ സൈഡ്ലൈൻ ചെയ്യുകയോ ചെയ്തിരിക്കുന്നു. കുപ്രസിദ്ധരായ ഉന്നത ഉദ്യോഗസ്ഥന്മാരെ താക്കോൽ സ്ഥാനങ്ങളിൽ നിങ്ങൾ പ്രതിഷ്ഠിച്ചു. അതിന്റെ ഫലമാണ് നെടുങ്കണ്ടത്തെയും വരാപ്പുഴയിലെയും മരണം. ആജ്ഞാനുവർത്തികളായ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥരിൽ എത്ര പേരാണ് പോലീസ് സേനയുടെ അന്തഃസത്ത ഉൾക്കൊള്ളുന്നവർ? ക്രമസമാധാനനിലയും നിയമവാഴ്ചയും സംരക്ഷിക്കേണ്ട ഉദ്യോഗസ്ഥരെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന കങ്കാണികളാക്കി മാറ്റിയിരിക്കുകയല്ലേ? ഡി.ജി.പി. ഓഫീസിന് മുമ്പിൽ സമരത്തിന് പോയ ശ്രീമതി മഹിജയ്ക്കും ശ്രീ. ഷാജഹാനുമുണ്ടായ അനുഭവം ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് ഭൂഷണമാണോ?

ജയിലിന്റെ കാര്യം പറയേണ്ടതുണ്ടോ; രണ്ട് വനിതാ തടവുകാരുപോലും ഇന്നലെ ജയിൽ ചാടിയില്ലേ? 11 അത്യാധുനിക മൊബൈൽ ഫോണുകളുമായി ജയിലിനുള്ളിൽ നിന്നുകൊണ്ട് കൊടിസുനിയും മുഹമ്മദ് ഷാഫിയും ആഗോള തലത്തിൽ സ്വർണ്ണക്കടത്ത് നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. 'ടി.പി. ചന്ദ്രശേഖരനെ കൊന്നിട്ട് വാ' എന്ന് പറഞ്ഞുവിട്ട കൊടിസുനിയെ കാണുമ്പോൾ മുഖ്യമന്ത്രിക്കുപോലും മുട്ടുവിറയ്ക്കുമെന്നാണ് കൊടിസുനിയുടെ അടുത്തയാളുകൾ പറയുന്നത്. ആട്ടിൻ തോലിട്ട ചെന്നായയാണ് ശ്രീ. രമൺ ശ്രീവാസ്തവയെന്ന്

ഞങ്ങളല്ല പറഞ്ഞത്. ഡി.ജി.പി.-ക്ക് ചരിത്രത്തിലില്ലാത്ത രീതിയിൽ വിജിലൻസിന്റെ കൂടി ചാർജ് കൊടുത്ത് അമിതാധികാര കേന്ദ്രങ്ങൾ സൃഷ്ടിച്ചില്ലേ? 'മോന്തായം വളഞ്ഞാൽ മുപ്പത്തിരണ്ടും വളയും' എന്നൊരു ചൊല്ലുണ്ട്. പണ്ടൊക്കെ പോലീസ് വണ്ടി കാണുമ്പോൾ നാട്ടുകാർ പറഞ്ഞിരുന്നത് ഇടിവണ്ടി വരുന്നു എന്നാണെങ്കിൽ ഇപ്പോൾ പറയുന്നത് പിണറായിയുടെ മരണവണ്ടി വരുന്നുവെന്നാണ്. പോലീസ് പിടിച്ചുവെന്ന് കേട്ടാലുടൻ ശവപ്പെട്ടിക്ക് വേണ്ടി ഓടുന്ന സാഹചര്യമാണ്. ആയതിനാൽ ഇടുക്കി എസ്.പി. അടക്കമുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരിൽ ഈ കാര്യത്തിലുള്ള ഉത്തരവാദിത്തം നിക്ഷിപ്തമാക്കിക്കൊണ്ട് ശക്തമായ നടപടിയുണ്ടാകണം. അതോടൊപ്പം മറ്റൊരു കാര്യം, നിങ്ങൾ കൊട്ടിഘോഷിച്ചുകൊണ്ട് അഭിമന്യുവിനുവേണ്ടി കോടാനുകോടി രൂപ പിരിച്ചില്ലേ, അതിലെ ഒന്നാം പ്രതിയെ പിടിക്കാൻ നിങ്ങൾക്ക് സാധിച്ചോ? അതുകൊണ്ട് ഈ വിഷയം ഗൗരവതരമായി കണക്കിലെടുത്ത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇന്നത്തെ ദിനം ആലോചിക്കുമ്പോൾ ഇതൊക്ക വിധിവൈപരീത്യം എന്ന് മാത്രമേ പറയാനുള്ളൂ. ഇന്ന് അടിയന്തരാവസ്ഥയുടെ ഓർമ്മ വരുന്ന ദിവസമാണല്ലോ; ആ ദിവസം പോലീസ് ലോക്കപ്പിൽ ഭീകരമായ മർദ്ദനത്തിനിരയായി മരണപ്പെട്ട സംഭവത്തിന് മറുപടി പറയേണ്ട അവസ്ഥ എനിക്ക് വരേണ്ടിവന്നതിനാലാണ് ഞാൻ വിധിവൈപരീത്യം എന്നുപറഞ്ഞത്. അതിന്റെ പ്രത്യേകത നാം കാണേണ്ടതായിട്ടുണ്ട്. ഞാൻ ഇപ്പോൾ അതിന്റെ കഥകളിലേയ്ക്കൊന്നും പോകുന്നില്ല.

ഇവിടെ ഗുരുതരമായ ആരോപണമാണ് ഉയർന്നിട്ടുള്ളത്. ഒരാൾ പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടിരിക്കുന്നു എന്നതാണ് ആരോപണം. അയാളെ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ട് കുറച്ചുദിവസം കഴിഞ്ഞിരിക്കുന്നു എന്ന ആക്ഷേപമാണ് ഉയർന്നിരിക്കുന്നത്. 2019 ജൂൺ മാസം 12-ാം തീയതി കസ്റ്റഡിയിലെടുത്തു എന്നാണ് അദ്ദേഹം പറഞ്ഞത്. 12-ാം തീയതിയാണോ കസ്റ്റഡിയിലെടുത്തത് അതോ പോലീസ് റെക്കോർഡിലുള്ള തീയതിയാണോ എന്നുള്ളത് അന്വേഷണത്തിൽ വെളിവാകേണ്ടതായിട്ടുണ്ട്. ഇതിൽ ഒരു കാര്യം വ്യക്തമാണ്, സംശയകരമായ സാഹചര്യമുണ്ട്. അത്തരത്തിലുള്ള ഒരു നടപടിയെയും ന്യായീകരിക്കേണ്ട ആവശ്യം സർക്കാരിനില്ല. തെറ്റിനെ അംഗീകരിക്കാൻ സർക്കാർ തയ്യാറുമല്ല. അദ്ദേഹം നടത്തിയ തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിലെടുത്താൽ സാധാരണ നിലയിലുള്ള നടപടിക്രമങ്ങൾ പാലിച്ച് കോടതിയിൽ ഹാജരാക്കുകയാണ് വേണ്ടത്. അതിന് വിപരീതമായി

സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഗൗരവമായിത്തന്നെ സർക്കാർ കാണും. ഇതുമായി ബന്ധപ്പെട്ട് ഉത്തരവാദികളായ ആരായാലും അവർക്കെതിരെ കർശന നടപടിയുണ്ടാകും. എസ്.പി. അടക്കമുള്ള ഉദ്യോഗസ്ഥരെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു. എസ്.പി. അറിഞ്ഞിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഉന്നതരായ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ അറിഞ്ഞിട്ടുണ്ടെങ്കിൽ അക്കാര്യവും അന്വേഷിക്കും. അദ്ദേഹത്തിന്റെ ശരീരത്തിൽ പാടുകളുണ്ടായിരുന്ന വെന്ന് പറയുന്നുണ്ട്. അതിന്റെ അവസ്ഥയെന്താണ്; ഏത് തരത്തിലാണ് ആ പാടുകൾ വന്നത് ഇത്തരം കാര്യങ്ങളിൽ ഇപ്പോൾ അന്വേഷണം നടത്തുന്നത് ക്രൈംബ്രാഞ്ചാണ്. പ്രസ്തുത അന്വേഷണം ഒരു സ്പെഷ്യൽ ടീമിനെ വച്ച് നടത്തും. അതിൽ ആരെങ്കിലും തെറ്റുകാരാണെങ്കിൽ അവർ രക്ഷപ്പെടാതിരിക്കാൻ പറ്റുന്ന തരത്തിലുള്ള സമഗ്രമായ അന്വേഷണം നടത്തുന്നതാണ്. അക്കാര്യത്തിൽ ഒരു തരത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. മറ്റ് കാര്യങ്ങൾ അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി ചേർത്തു പറഞ്ഞതാണ്. ഇതാണ് ഈ സംഭവുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വൈക്കം മുഹമ്മദ് ബഷീർ എഴുതിയ 'ടൈഗർ' എന്ന ചെറുകഥയിൽ തടവുകാർ പോലീസ് സ്റ്റേഷനിൽ അനുഭവിക്കുന്ന അനുഭവങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. മനുഷ്യത്വരഹിതമായി പെരുമാറുന്ന പോലീസ് നടപടിക്കെതിരെയാണ് ചെറുകഥയിൽ വിശദീകരണം. അത് അന്വർത്ഥമാക്കുന്ന നിലയിലാണ് ഇന്ന് കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ നടന്നുകൊണ്ടിരിക്കുന്ന നരനായാട്ടും മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളും.

ഈ ഗവൺമെന്റിന്റെ കാലത്ത് 32 പേരാണ് പോലീസ് കസ്റ്റഡിയിൽ മരണമടഞ്ഞിട്ടുള്ളത്. ഓരോ സംഭവങ്ങളും ഞാൻ വിശദീകരിക്കുന്നില്ല. നമ്മുടെ സ്റ്റേഷനുകളിലെ കസ്റ്റഡി മരണങ്ങൾക്കെതിരെ ശക്തമായ നടപടിയുണ്ടാകാതെ പോകുന്നതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത്. ഈ ഗവൺമെന്റിന്റെ കാലത്തുനടന്ന കസ്റ്റഡിമരണങ്ങളുടെ ഏകദേശരൂപം ശ്രീ. പി. ടി. തോമസ് പറഞ്ഞതുകൊണ്ട് ഞാനതിലേയ്ക്ക് കടക്കുന്നില്ല. വരാപ്പുഴ സംഭവമുൾപ്പെടെയുള്ള ഓരോ കസ്റ്റഡി മരണങ്ങളും ലാഘവത്തോടുകൂടി

കാണുന്നതുകൊണ്ടാണ് തുടർച്ചയായി കസ്റ്റഡി മരണങ്ങൾ സംഭവിക്കുന്നതെന്ന് നിങ്ങൾ കാണണം. ഇക്കാര്യത്തിൽ പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടിയുണ്ടാകണം. നടപടികൾ സ്വീകരിക്കാത്തതാണ് ഇവിടത്തെ പ്രധാന പ്രശ്നം. പോലീസ് സേനയെ ബാധിച്ചിരിക്കുന്ന ഗുരുതര രോഗമായി ഇത് മാറിക്കഴിഞ്ഞിരിക്കുകയാണ്. നിരവധി സംഭവങ്ങൾ അടുത്തകാലത്ത് നടന്നു. കായംകുളം വള്ളിക്കുന്നത്ത് പോലീസുകാരിയായ സൗമ്യയെ മറ്റൊരു പോലീസുകാരൻ വെട്ടുകയും തീവച്ച് കൊല്ലുകയും ചെയ്തു. എറണാകുളത്ത് മേലുദ്യോഗസ്ഥന്റെ പീഡനം സഹിക്കാൻ വയ്യാതെ സർക്കിൾ ഇൻസ്പെക്ടർ നവാസ് നാടുവിട്ടു. കണ്ണൂർ എ. ആർ. ക്യാമ്പിലെ സിവിൽ പോലീസുകാരനും ആദിവാസി യുവാവുമായ രതീഷ് മേലുദ്യോഗസ്ഥന്റെ പീഡനം കാരണം ജോലി രാജിവച്ചു. പത്തനാപുരത്ത് പോലീസിനെ കണ്ട് ഓടിപ്പോയ യുവാവ് വൈദ്യുതി കമ്പിയിൽ തട്ടിമരിച്ചു. ഇന്ന് കേരളത്തിലെ പോലീസ് സേനയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ അവസ്ഥാവിശേഷം മുഖ്യമന്ത്രി ഗൗരവത്തോടെ പരിശോധിക്കേണ്ടതാണ്.

രാജ്കുമാർ എന്ന യുവാവ് തട്ടിപ്പ് നടത്തി എന്നുള്ളതാണ് അയാളുടെ പേരിലുള്ള കുറ്റം. അയാൾ തട്ടിപ്പ് നടത്തിയോ ഇല്ലയോ; അയാൾക്ക് ന്യായമായും നിയമപരമായും ശിക്ഷ നൽകേണ്ടതാണ്. അങ്ങനെയുള്ള ആളിനെ പോലീസ് പിടിച്ചുകൊണ്ടുപോകുമ്പോൾ സ്വീകരിച്ച നടപടിയെ സംബന്ധിച്ചാണ് വിവാദം. ഇതിനകത്ത് സംശയാസ്പദമായ കാര്യങ്ങളുണ്ടെന്ന് മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് നല്ല കാര്യം തന്നെ. പോലീസ് 12-ാം തീയതി കസ്റ്റഡിയിലെടുത്ത ആളെ 17-ാം തീയതിയാണ് മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കുന്നത്. പലപ്പോഴും പോലീസ് കസ്റ്റഡിയിലെടുക്കുമ്പോൾ വളരെ താമസിച്ചാണ് റെക്കോർഡിൽ രേഖപ്പെടുത്തുന്നത്. എല്ലാ കാലഘട്ടങ്ങളിലും പോലീസ് ചെയ്യുന്ന കൃത്രിമത്വമാണിത്. അത് അവസാനിപ്പിക്കേണ്ട കാലം കഴിഞ്ഞു. ഒരാളെ അറസ്റ്റ് ചെയ്താൽ എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കണമെന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്നത്തെ പോലീസ് സംവിധാനം പഴയതുപോലെ പെരുമാറുന്നത് ശരിയല്ല. ഒരാളെ കസ്റ്റഡിയിലെടുത്ത് മൂന്നുനാല് ദിവസം ചോദ്യം ചെയ്യുകയും മർദ്ദിക്കുകയും ചെയ്തശേഷം പിന്നീട് 24 മണിക്കൂർ കാണിച്ചാണ് റെക്കോർഡിൽ രേഖപ്പെടുത്തുന്നത്. ഇവിടെയും അതാണ് സംഭവിച്ചത്. 12-ാം തീയതി കസ്റ്റഡിയിലെടുത്ത ആളിനെ 17-ാം തീയതിയാണ് മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കുന്നത്. റെക്കോർഡിൽ 24 മണിക്കൂറിനുമുമ്പ് എന്ന് കാണിക്കുന്നു. ഇത് വളരെ തെറ്റായ നടപടിയാണ്. ഏത് കാലത്തും പോലീസ്

ഇങ്ങനെ ചില കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നുള്ളത് വാസ്തവമാണ്. അത് മാറേണ്ട കാലം കഴിഞ്ഞിരിക്കുന്നു. സമീപകാല മന്ത്രിസഭകളുടെ ചരിത്രമെടുത്താൽ ഏറ്റവും കൂടുതൽ പോലീസ് കസ്റ്റഡി മരണങ്ങൾ നടന്നത് പിണറായി ഗവൺമെന്റിന്റെ കാലത്താണെന്നുള്ളത് വളരെ വസ്തുനിഷ്ഠമായ കാര്യമാണ്. ഈ കസ്റ്റഡി മരണങ്ങൾ കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതെന്തുകൊണ്ടാണ്? ഇന്ന് പോലീസിനകത്ത് അരക്ഷിതാവസ്ഥ നിലനിൽക്കുകയാണ്. പോലീസ് സേനാ സംവിധാനത്തിൽ വലിയ തോതിലുള്ള അമർഷം പുകയുന്നു. പോലീസിലുണ്ടായ പരിഷ്കാരങ്ങളെ സംബന്ധിച്ച് പോലീസുദ്യോഗസ്ഥർക്ക് ശക്തമായ പരാതികളുണ്ട്. നവീകരണത്തിന്റെ പേരിൽ ജോലിഭാരം വർദ്ധിക്കുന്നു എന്ന പരാതിയുണ്ട്. ജോലിഭാരം വർദ്ധിക്കുന്നതുകൊണ്ട് ആത്മഹത്യ ചെയ്യേണ്ട സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതെല്ലാം പരിശോധിക്കേണ്ട കാര്യമാണ്. പോലീസ് സഹകരണ സംഘം തെരഞ്ഞെടുപ്പിൽ ഗവൺമെന്റ് അട്ടിമറി നടത്തുന്നു. അവിടെ നടക്കുന്ന സംഭവങ്ങളിൽ ഏകപക്ഷീയമായ നടപടികൾ സ്വീകരിക്കുന്നു. ഒരു വിഭാഗം പോലീസുകാരെമാത്രം സസ്പെന്റ് ചെയ്യുകയും പോലീസിനെ രാഷ്ട്രീയവത്കരിക്കുകയും ചെയ്യുകയാണ്. കഴിവുള്ള പോലീസുദ്യോഗസ്ഥരെ മാറ്റിനിർത്തി കഴിവില്ലാത്ത ആളുകൾ പോസ്റ്റ് ചെയ്യപ്പെടുന്നു. ഇതിന്റെയെല്ലാം ഫലമാണ് പോലീസിലുണ്ടായിക്കൊണ്ടിരിക്കുന്ന അരക്ഷിതാവസ്ഥ. രാജ്കുമാറിന്റേത് കസ്റ്റഡിമരണം തന്നെയാണ്. കസ്റ്റഡിയിലെടുത്ത രാജ്കുമാറിനെ ഭീകരമായി മർദ്ദിച്ചു. കസ്റ്റഡിയിൽ വച്ചാണ് ഇയാളെ ഉരുട്ടിയതെന്നുള്ള പരാതി ബന്ധുമിത്രാദികൾക്കുണ്ട്. ഈ കൊലപാതകം പോലീസ് ഉരുട്ടിയതുകൊണ്ട് ഉണ്ടായതെന്നാണ് നാട്ടുകാരും അതോടൊപ്പം ബന്ധുക്കളും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ എസ്.പി.-യുടെ അലംഭാവത്തെ സംബന്ധിച്ചും പറയുന്നുണ്ട്. ഉന്നതനായ എ.ഡി.ജി.പി. ലെവലിലുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തണമെന്ന് മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ഡോ. എം. കെ. മുനീർ</u>: സർ, ഇങ്ങനെ ഓരോ കേസ്സിലും പോലീസിനെ സസ്പെന്റ് ചെയ്താൽ അവസാനം ആഭ്യന്തര വകുപ്പിൽ അങ്ങ് മാത്രമേ ബാക്കിയുണ്ടാവുകയുള്ളൂ എന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. 1129 പോലീസുകാർ ക്രിമിനൽ കേസ്സുകളിൽ

പ്രതികളാണെന്നാണ് മനുഷ്യാവകാശ കമ്മീഷൻ പറഞ്ഞത്. ഈ പോലീസുകാരായ പ്രതികളുടെ പേരിൽ പോലീസ് ആക്ട് സെക്ഷൻ 86 അനുസരിച്ച് നടപടി സ്വീകരിക്കണമെന്നും ആഭ്യന്തര വകുപ്പ് സെക്രട്ടറിയോട് മനുഷ്യാവകാശ കമ്മീഷൻ പറഞ്ഞിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നാൽ മാത്രമേ രാജ്കുമാർ എങ്ങനെ മരിച്ചുവെന്നുള്ളത് വ്യക്തമാവുകയുള്ളൂ. അദ്ദേഹത്തിന്റെ മരണകാരണം ന്യുമോണിയയാണെന്നും ഹൃദയസ്തംഭനമാണെന്നും പറയുന്നുണ്ട്, കൂടാതെ അദ്ദേഹത്തിന്റെ തുടയിലും കണങ്കാലിലും മുറിവുകളുള്ളതായും പറയുന്നു. സത്യത്തിൽ ഇങ്ങനെയൊരു ഉരുട്ടൽ നടന്നിട്ടുണ്ടെന്നുള്ളതിന്റെ ലക്ഷണങ്ങൾ അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടെന്നുള്ളതാണ് പത്രങ്ങളിൽനിന്നും അറിയുന്നത്. അദ്ദേഹത്തെ ഉരുട്ടുകയും അതിനുശേഷം ആ പോലീസുതന്നെ ആയുർവ്വേദത്തിൽ കൊണ്ടുപോയി ഉഴിയുകയും ചെയ്തു. ഈ രണ്ട് പണിയും ഒരേസമയം ചെയ്തിരിക്കുകയാണ്. 12-ാം തീയതി കസ്റ്റഡിയിലെടുത്തയാളെ രഹസ്യകേന്ദ്രത്തിൽ കൊണ്ടുപോകുകയും 16-ാം തീയതിക്കുശേഷം അദ്ദേഹത്തിന്റെ അറസ്റ്റ് രേഖപ്പെടുത്തുന്ന സ്ഥിതിവിശേഷമുണ്ടാവുകയും ചെയ്യുന്നത് കസ്റ്റഡി മരണങ്ങൾ വർദ്ധിക്കാൻ മാത്രമേ സഹായിക്കൂ. പോലീസിൽനിന്നും ധാരാളം പീഡനങ്ങളും മർദ്ദനങ്ങളുമേറ്റ ആളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയാകുമ്പോൾ പോലീസ് ഇതുപോലെ അഴിഞ്ഞാടുന്നത് ശരിയല്ല. ക്രിമിനൽ കേസ്സുകളിലുള്ള പോലീസുകാർക്കെതിരെ നടപടിയെടുത്ത് പോലീസ് വകുപ്പിൽനിന്നും പുറത്താക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നന്നാക്കാൻ കഴിയുന്നവരെ കൗൺസിൽ കൊടുത്ത് നന്നാക്കുക. പോലീസിൽ കൗൺസിലിംഗ് അത്യാവശ്യമാണ്. കാരണം, അവർ ഒന്നുകിൽ അക്രമകാരികളാകുന്നു അല്ലെങ്കിൽ ഭീരുത്വത്തിൽ തൂങ്ങിച്ചാകുന്നു. ഇത് പോലീസ് വകുപ്പിലുണ്ടാകാൻ പാടില്ല. അതുകൊണ്ട് എല്ലാ അർത്ഥത്തിലും പോലീസ് അക്രമകാരികളും പ്രതികളുമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ താക്കോൽ സ്ഥാനങ്ങളിൽ ഒരിക്കലും ക്രിമിനൽ സ്വഭാവമുള്ള പോലീസുകാരെ നിയമിക്കാൻ പാടില്ല. ഒരു പോലീസുകാരൻ അടുത്തിടെ പോലീസുകാരിയായ സ്ത്രീയെത്തന്നെ ചുട്ടുകൊന്നത് നമ്മൾ കണ്ടതല്ലേ? എത്ര ദയനീയമായ അവസ്ഥയാണത്. അങ്ങനെയുള്ളവരെ കണ്ടുപിടിച്ച് പുറത്താക്കാൻ സാധിക്കണം. പോലീസ് വകുപ്പിൽ ചെറിയ രീതിയിൽ കുഴപ്പങ്ങളുണ്ടെന്നും അതിനെതിരെ നടപടിയെടുക്കണമെന്നുമുള്ള സമീപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇന്നത്തെ മറുപടിയിൽ ചെറുതായി സൂചിപ്പിച്ചുകാണുന്നുണ്ട്. അതുകൊണ്ട് പോലീസ് വകുപ്പിൽ മാറ്റമുണ്ടാകുമെന്നുള്ള പ്രതീക്ഷ ഞങ്ങൾക്കുണ്ട്. ഇക്കാര്യം ചർച്ച ചെയ്തിരുന്നെങ്കിൽ ഞങ്ങൾക്ക് വളരെയേറെ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ കഴിയുമായിരുന്നു. ഈ കസ്റ്റഡി മരണത്തിൽ ഇനിയും പ്രതികളുണ്ടോ എന്ന് പരിശോധിക്കുകയും അവരുടെ പേരിൽ

ശക്തമായ നടപടിയെടുക്കുകയും ഇതിന്റെ അന്വേഷണം താഴെത്തട്ടുവരെ എത്തുന്ന രീതിയിലുള്ള അന്വേഷണമായി മാറുകയും വേണം. ഭാവിയിൽ കസ്റ്റഡിമരണങ്ങൾ കേരളത്തിലുണ്ടാകാതെ നോക്കേണ്ട ബാദ്ധ്യത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ട്. അല്ലെങ്കിൽ മുഖ്യമന്ത്രി മാത്രമായി ഈ വകുപ്പ് അവശേഷിക്കുമെന്ന് അദ്ദേഹത്തെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കസ്റ്റഡി മരണങ്ങൾ നിത്യസംഭവമായി തീരുന്നത് കേരളത്തിന് അപമാനകരമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കർശന നടപടിയുണ്ടാകുമെന്നും കാര്യക്ഷമമായ ഇടപെടലുണ്ടാകുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഈ രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലിന് സഹായകരമാകുമെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. എങ്കിൽപ്പോലും നിയമത്തിനുമുന്നിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടാനും കുറ്റകൃത്യങ്ങൾ ചെയ്യുന്നത് തടയുന്നതിനുമുള്ള കർശനമായ ഇടപെടലും ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. ഇവിടെ തുടർച്ചയായി പോലീസ് കസ്റ്റഡി മരണമുണ്ടാകുന്നുവെന്നുള്ളത് അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. രാജ്കുമാറിന്റെ കൊലപാതകം ഉൾപ്പെടെയുള്ള കസ്റ്റഡി മരണങ്ങൾ തുടർച്ചയായി സംഭവിച്ചിട്ടും ഇക്കാര്യത്തിൽ പോലീസുദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാനോ അത് തടയാനോ കഴിയാത്ത സാഹചര്യമുണ്ടാകുന്നത് പ്രതിഷേധാർഹമാണ്. ഇക്കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കുറ്റാരോപിതർക്കും മനുഷ്യാവകാശമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അത്തരത്തിലുള്ള ചിന്താഗതികൾ വളരെ ശക്തമായി നിലനിൽക്കുന്ന കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. മുഖ്യമന്ത്രിയുടെ മറുപടിയുടെ ഒരു ഭാഗത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പോലീസ് വകുപ്പിൽ വിഷയങ്ങളുണ്ടെന്നുള്ളത് അദ്ദേഹം സമ്മതിക്കുകയും അതുസംബന്ധിച്ച് വിശദമായ പരിശോധനയും നടപടികളുമുണ്ടാകുമെന്നും അദ്ദേഹം പറയുന്നുണ്ട്. ഇവിടെ ഏറ്റവും വിവാദമായിരുന്നത് വരാപ്പുഴയിലെ ശ്രീജിത്തിന്റെ കസ്റ്റഡി മരണമായിരുന്നു. അതിൽ പങ്കാളികളായെന്ന് കരുതുന്ന ഉദ്യോഗസ്ഥർക്ക്

പുനർനിയമനങ്ങളും സ്ഥാനക്കയറ്റവുമുണ്ടാകുന്ന എന്നുള്ളത് പോലീസുദ്യോഗസ്ഥർക്ക് തെറ്റായ സന്ദേശം നൽകുന്ന ഒന്നാണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് മുൻകയ്യെടുക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകുന്നതാണ് ശ്രീജിത്തിന്റെ കസ്റ്റഡി മരണത്തിൽ ആരോപിതരായിരിക്കുന്ന ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുന്ന സാഹചര്യം. ഇവിടെ രാജ്കുമാറിന്റെ കേസ്സിൽ അദ്ദേഹത്തെ പീരുമേട് സബ്ജയിലിലെത്തിച്ചത് സ്ട്രക്ചറിലായിരുന്നുവെന്നാണ് അറിയാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ മരണകാരണം ന്യൂമോണിയയാണെന്നും ഹൃദയസ്തംഭനമാണെന്നുമുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ അവിടത്തെ ഡിവൈ.എസ്.പി.തന്നെ പറഞ്ഞതായി അറിയുന്നു. തട്ടിപ്പുകേസ്സിലെ പ്രതിയെന്ന നിലയിൽ ആ വ്യക്തിയിലേയ്ക്ക് എന്തും അടിച്ചേല്പിക്കാമെന്ന നിലയിലുള്ള പോലീസിന്റെ ധാർഷ്ട്യമാണ് ഈ വ്യക്തിയുടെ മരണത്തിനിടയാക്കിയിരിക്കുന്നത്. ഇത് വളരെ ഗൗരവമേറിയ വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും ഈ വിഷയത്തിന്റെ ഗൗരവത്തെ ഉൾക്കൊണ്ടുകൊണ്ട് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഈ സർക്കാരിന്റെ കാലഘട്ടത്തിൽ കസ്റ്റഡിമരണങ്ങൾ ആവർത്തിക്കപ്പെടുന്നു എന്നുള്ളതുകൊണ്ടും പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, പോലീസ് എക്സസിനെ സംബന്ധിച്ച് ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. അത് ചില ഉദാഹരണങ്ങൾ മാത്രമാണ്. നിത്യവും ഇതുപോലുള്ള ധാരാളം ഉദാഹരണങ്ങൾ വരുന്നുണ്ട്. എക്സസ് മാത്രമല്ല ചെയ്യേണ്ടതായ കാര്യങ്ങൾ ചെയ്യുന്നില്ല എന്നുള്ളതാണ്. ഇന്നലെ എന്റെ മണ്ഡലത്തിൽ കോർപ്പറേഷൻ കൗൺസിലറെ ആക്രമിച്ച സംഭവമുണ്ടായി. ഞാൻ ആവശ്യപ്പെട്ടപ്രകാരം ഒരു പരാതി എസ്.പി.-ക്ക് കൊടുക്കുകയുണ്ടായി. പക്ഷേ ഇതുവരെയും ഒരു നടപടിയും എടുത്തതായി കണ്ടില്ല. കാരണം, രാഷ്ട്രീയ പാർട്ടിയിൽ സ്വാധീനമുള്ള ആളുകളാണ് അവർ. ഇത്തരത്തിൽ ഡ്യൂട്ടി ചെയ്യേണ്ടതിൽ വീഴ്ചയും അമിതമായ അക്രമം കാണിക്കുകയും ചെയ്യുന്നതായിട്ടുള്ള രണ്ട് തരം തെറ്റുകളുണ്ട്. ഇത് വേണ്ട രീതിയിൽ കൈകാര്യം ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി; സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ ഹാജരായി.)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) കരാർ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ

ശ്രീ. ബി. സത്യൻ: സർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പണിയെടുക്കുന്ന എച്ച്.ആർ. വിഭാഗം തൊഴിലാളികളുടെ വളരെ ദയനീയമായ വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടാമത്തെ പ്രാവശ്യമാണ് ഈ വിഷയം ശ്രദ്ധക്ഷണിക്കലിലൂടെ ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിമാരുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സംസ്ഥാനത്തൊട്ടാകെ വാട്ടർ അതോറിറ്റിയുടെ കീഴിൽ ഏതാണ്ട് ഏഴായിരത്തോളം എച്ച്.ആർ. (ഹാൻഡ് റെസീപ്റ്റിംഗ്) വിഭാഗം തൊഴിലാളികളുണ്ട്. റെസീപ്റ്റ് എഴുതി കരാറുകാർ ശമ്പളം കൊടുക്കുന്ന രീതിയാണത്. കരാറുകാരായ തൊഴിലാളികളെ ജോലിക്കെടുത്ത് അവർക്ക് റെസീപ്റ്റ് എഴുതി ശമ്പളം കൊടുക്കുന്ന രീതി സംസ്ഥാനത്തൊരിടത്തുമില്ല. മുൻകാലങ്ങളിൽ കരാറുകാരായി തൊഴിലെടുത്തുവന്ന വിദഗ്ദ്ധരായ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി പരിഗണിച്ച് അവരെ സി.എൽ.ആർ.-ഉം എൻ.എം.ആർ.-ഉം ആയി മാറ്റി അവർക്ക് ന്യായമായ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയ പാരമ്പര്യവും കേരളത്തിനുണ്ട്. ധാരാളം തൊഴിൽ നിയമങ്ങൾ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. എന്നാൽ ഒരു തൊഴിൽ പരിരക്ഷയുമില്ലാത്തവരായി ഏഴായിരത്തിത്തൊള്ളായിരം തൊഴിലാളികൾ ജോലി ചെയ്യുകയാണ്. പമ്പ് ഓപ്പറേറ്റർമാർ, വർക്കർമാർ, മീറ്റർ റീഡർമാർ, സ്വീപ്പർമാർ തുടങ്ങിയവരുടെ അവസ്ഥ വളരെ ദയനീയമാണ്. കുടിവെള്ളമെത്തിക്കാൻവേണ്ടി വലിയ പരിശ്രമം നടത്തുന്നവരാണ് പമ്പ് ഓപ്പറേറ്റർമാരും അവരോടൊപ്പം പണിയെടുക്കുന്ന വിദഗ്ദ്ധരായ തൊഴിലാളികളും. വർഷങ്ങളായി ജോലി ചെയ്ത് പലരും രോഗികളായി മാറി. പമ്പ് ഓപ്പറേറ്റർമാരൊക്കെ വെള്ളം ശുദ്ധീകരിക്കുന്നതിനുവേണ്ടി വർഷങ്ങളായി കെമിക്കൽസ് ഉപയോഗിക്കുന്നതുകൊണ്ട് വലിയ രോഗങ്ങൾക്ക് ഇവർ അടിമയായി മാറിയിരിക്കുകയാണ്. ഈ തൊഴിലാളികൾക്ക് ഒരു പരിരക്ഷയും കൊടുക്കാൻ കഴിയുന്നില്ല. കരാറുകാരന്റെ പേരിൽ റെസീപ്റ്റ് എഴുതിയാണ് ഈ തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുക. 370-ഉം 390-ഉം രൂപയാണ് ഇവരുടെ ശമ്പളം. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടു-മൂന്ന് ഉത്തരവുകളിറങ്ങി. 26-12-2016 തീയതിയിലെ ജി.ഒ. (പി) നമ്പർ 28/2016, സാധാരണ ഉത്തരവുനമ്പർ 56/2017/ധന. എന്നിവയും പിന്നീടത് പുതുക്കിക്കൊണ്ട് 2018 ഒക്ടോബറിലും ഉത്തരവിറങ്ങി. ഇതിലൂടെ കരാർ തൊഴിലാളികളുടെയും ദിവസ വേതനക്കാരുടെയും ശമ്പളം ക്രമാനുഗതമായി വർദ്ധിച്ചിട്ടുണ്ട്. ഒരു തൊഴിലാളിക്ക്

ഏതാണ്ട് 660 രൂപ വരെ ശമ്പളം നൽകണമെന്നാണ് സംസ്ഥാന ധനകാര്യ വകുപ്പും പി.ഡബ്ല്യു.ഡി. നിശ്ചയിച്ചിട്ടുള്ള നിരക്കുകളും തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സമാനസ്വഭാവത്തിൽ ജോലി ചെയ്യുന്നവർക്ക് ഇത് കിട്ടുന്നുണ്ട്. അറ്റൻഡർ, ഹെൽപ്പർ, വാച്ചർ, ഡ്രൈവർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നിവർക്കൊക്കെ ആ രീതിയിൽ ശമ്പളം നൽകുന്നുണ്ട്. എം.എൽ.എ. ഹോസ്റ്റലിലുൾപ്പെടെ പണിയെടുക്കുന്ന അറ്റൻഡർമാർ വരെയുള്ളവർക്ക് മിനിമം വേജസ് കൊടുക്കുന്നുണ്ട്. മിനിമം വേജസ് ഏതാണ്ട് 660 രൂപയായി നിൽക്കുമ്പോഴാണ് കേവലം 370-ഉം 390-ഉം രൂപയായി കരാറുകാർ ഇവർക്ക് ശമ്പളം നൽകുന്നതെന്നുമാത്രമല്ല, അവർക്ക് എല്ലാ ദിവസവും ജോലിയുമുണ്ടാകില്ല. ഒരു മാസത്തിൽ പത്തോ പതിനഞ്ചോ ദിവസങ്ങൾ മാത്രമാണ് ജോലി ലഭിക്കുന്നത്. വളരെ ഗതികെട്ട അവസ്ഥയാണ് ഇവരുടേത്. ഇവർക്കുമാത്രം ശമ്പളം കൊടുക്കാൻ വാട്ടർ അതോറിറ്റിക്ക് കഴിയുന്നില്ലാത്തത് എന്തുകൊണ്ടാണ്? ഇവരെപ്പോലെ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരായ ഓപ്പറേറ്റർമാർക്ക് ഏതാണ്ട് 20,100 രൂപ മുതൽ അവരുടെ സ്കെയിൽ ഓഫ് പേ ആരംഭിക്കുകയാണ്. സ്ഥിരം ജീവനക്കാരന് ഏതാണ്ട് 53,300 രൂപയോളം ശമ്പളം ലഭിക്കുന്നു. മീറ്റർ റീഡർമാരുടെ പ്രതിമാസ ശമ്പളം 19,000 രൂപ മുതൽ 42,900 രൂപ വരെയും ക്ലാസ് ഫോർ ജീവനക്കാർക്ക് 17,000 രൂപ മുതൽ 37,800 രൂപ വരെയുമാണ്. തൊഴിലെടുക്കുന്ന തൊഴിലാളിക്ക് ജീവിക്കാൻ മിനിമം വേജസ് ഗവൺമെന്റ് പ്രഖ്യാപിച്ച സാഹചര്യത്തിൽ അതെല്ലാവർക്കും ലഭിക്കാനുള്ള നടപടിയുണ്ടാകണം. അതുണ്ടാകുന്നില്ലെന്നുള്ളതാണ് വളരെ ദയനീയമായ അവസ്ഥ. സാധാരണ തൊഴിലാളികൾക്ക് ഇ.പി.എഫ്., പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങളുണ്ട്. പക്ഷേ ഇവർക്ക് ഒരു പരിരക്ഷയും ലഭിക്കുന്നില്ല. കരാറുകാരന്റെ പേരിൽ റെസീപ്റ്റ് എഴുതി ഇവർ വർഷങ്ങളായി ജോലി ചെയ്തുവരുന്നു. അവർക്ക് എവിടെയെങ്കിലും പരിഗണന കൊടുക്കണ്ടേ? 25 വർഷത്തോളമായി ജോലി ചെയ്തുവരുന്ന ഈ തൊഴിലാളികൾക്ക് മിനിമം വേജസ് നടപ്പിലാക്കിക്കൊണ്ട് അവർക്ക് ന്യായമായ വേതനം ഉറപ്പുവരുത്തണം. ഇവർക്ക് മറ്റൊരിടത്തും പോയി ജോലി ചെയ്യാൻ കഴിയില്ല. ഇരുപതും ഇരുപത്തഞ്ചും വർഷം കഴിഞ്ഞവർ എവിടെ പോകാനാണ്? എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം നടത്തി പറഞ്ഞുവിടുമെന്ന ഭീഷണിയിൽ അവർ നിൽക്കുകയാണ്. വർഷങ്ങളായി ജോലി ചെയ്തുവരുന്ന തൊഴിലാളികളെ നിലനിർത്തണം.

<u>മി. സ്പീക്കർ</u>: ശ്രീ. ബി. സത്യൻ ഇരിക്കൂ. അങ്ങ് പറഞ്ഞുകഴിഞ്ഞല്ലോ, വീണ്ടും വീണ്ടും പറയുന്നതെന്തിനാണ്?

ശ്രീ. ബി. സത്യൻ: സർ, അതുകൊണ്ട് അവരെ സംരക്ഷിക്കണമെന്നും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേജസ് ഈ രംഗത്തും നടപ്പിലാക്കണമെന്നുമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, 1984-ൽ വാട്ടർ അതോറിറ്റി രൂപീകൃതമായതിനുശേഷം നിരവധി ജലവിതരണ പദ്ധതികൾ നിലവിൽ വന്നെങ്കിലും ഓപ്പറേറ്റർ, വർക്കർ തുടങ്ങിയ വിഭാഗങ്ങളിൽ ആനുപാതികമായ തസ്തിക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പുതിയ ജലവിതരണ പദ്ധതികൾ പ്രവർത്തിക്കേണ്ടത് അത്യാവശ്യമായതിനാലും ഓപ്പറേറ്റർ, വർക്കർ വിഭാഗത്തിൽ സ്ഥിരം നിയമനം ഉണ്ടാകുന്നതുവരെയുള്ള സാവകാശം എടുക്കാൻ സാദ്ധ്യമല്ലാത്തതിനാലും വാട്ടർ അതോറിറ്റിയിലെ ഇത്തരം ജലവിതരണ പദ്ധതികൾ നടത്തിക്കുന്നതിനായി കരാറുകൾ മുഖേന കാലാകാലങ്ങളായി തൊഴിലാളികളെ ഏർപ്പെടുത്തിവരുന്നു. ഇത്തരം പദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രതിഫലം കരാറുകാർ വഴി തൊഴിലാളികൾക്ക് നൽകിവരുന്നു. ഇത്തരത്തിൽ കരാറുകാരെ ഏർപ്പെടുത്തുന്നത് തൊഴിലാളികൾക്ക് തൊഴിൽസുരക്ഷ നൽകാനാവില്ലെന്ന് 2017-ലെ WP(C)31/200 നമ്പർ കേസിലെ 23-11-2017-ലെ വിധിയിലൂടെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏർപ്പാട് ചെയ്യുന്ന തൊഴിലാളികൾക്കുള്ള പ്രതിഫലത്തിന്റെ നിരക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ദിവസവേതന അടിസ്ഥാനത്തിൽ നിയമിതരാകുന്ന താല്ക്കാലിക ജീവനക്കാരുടെ ദിവസവേതനവും പുനർനിർണ്ണയിക്കുന്ന വിഷയം 28-11-2017-ൽ കൂടിയ യോഗത്തിൽ ചർച്ച ചെയ്യുകയും അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഈ അധികബാധ്യത വഹിക്കാൻ സാദ്ധ്യമല്ലെന്ന് വിലയിരുത്തുകയും ചെയ്തതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വിഭാഗത്തിൽ കരാറുകാരായി നിയമിക്കാൻ ഏകദേശം 7900 തൊഴിലാളികൾ നിലവിലുണ്ട്. അത്തരം കരാർ തൊഴിലാളികൾക്ക് അതോറിറ്റി നേരിട്ട് പ്രതിഫലം നൽകുകയാണെങ്കിൽ പ്രതിമാസം 3 കോടി രൂപയോളം അധിക സാമ്പത്തികബാധ്യത വരും. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് വളരെ ഗൗരവമുള്ള വിഷയമാണ്. പക്ഷെ അത് നടപ്പാക്കാൻ പ്രയാസമുള്ളതുകൊണ്ട് ചർച്ച ചെയ്ത് തീരുമാനിക്കാം.

ശ്രീ. ബി. സത്യൻ: സർ, ധനകാര്യ വകുപ്പും പി.ഡബ്ല്യു.ഡി.-യും ചേർന്ന് ഈ തൊഴിലാളികൾക്ക് നൽകേണ്ട അർഹമായിട്ടുള്ള വേതനം വാട്ടർ അതോറിറ്റി വഴിയായാലും കരാറുകാരൻ വഴിയായാലും നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ കെ. കൃഷ്ണൻകുട്ടി: സർ, വാട്ടർ അതോറിറ്റിക്ക് സാമ്പത്തിക ബാധ്യത താങ്ങാനാകാത്ത സ്ഥിതിയാണുള്ളത്. മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായും ആലോചിച്ച് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്നുള്ളത് തീരുമാനിക്കാം.

## (2) വടകര-മാഹി കനാൽ പദ്ധതി

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, തിരുവനന്തപുരം-കാസർഗോഡ് ജലപാതയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പുഴയേയും മാഹി പുഴയേയും ബന്ധപ്പെടുത്തുന്ന സുമാർ 18 കിലോമീറ്റർ ദൈർഘ്യമുള്ള വടകര-മാഹി കനാൽ ജലപാതയുടെ നിർമ്മാണം ആരംഭിച്ചത് 1960-കളിലാണ്. എന്നാൽ പല കാരണങ്ങളാൽ പ്രവൃത്തി ഇടയ്ക്ക് നിർത്തിവയ്ക്കുകയും 2012-ൽ പുനരാരംഭിക്കുകയും ചെയ്തു. ഇപ്പോൾ 5 റീച്ചുകളിലായിട്ടാണ് പ്രവൃത്തി ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതി 2019-ൽ പൂർത്തീകരിക്കുമെന്നാണ് ഇതുസംബന്ധിച്ച് എന്റെ ഒരു നിയമസഭാ ചോദ്യത്തിന് 12-12-2018-ന് രേഖാമൂലം നൽകിയ മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിയത്. എന്നാൽ ജലപാതയുടെ പ്രവൃത്തി ഇപ്പോൾ നിലച്ചിരിക്കുകയാണ്. ഇതുവരെ ചില ഭാഗങ്ങളിൽ മാത്രമാണ് നിർമ്മാണം പൂർത്തിയായിട്ടുള്ളത്. ഏതാണ്ട് 2 റീച്ചിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ടാകും. പൂർണ്ണതോതിൽ ജലഗതാഗതം സാധ്യമാകണമെങ്കിൽ ഇനിയും ഏകദേശം 300 കോടി രൂപയുടെ പ്രവൃത്തികൾ തീർക്കേണ്ടതുണ്ട്. കൂടാതെ വിഭാവനം ചെയ്തതുപോലെ പദ്ധതി പൂർത്തിയാക്കാൻ 32 ഹെക്ടറിലധികം ഭൂമി ഇനിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭൂവുടമകൾ ഭൂമി നൽകാൻ തയ്യാറായിട്ടും ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടില്ല. ജലപാതാ വികസനത്തിന്റെ ഭാഗമായി 5-ഓളം പാലങ്ങളും വെള്ളം കയറാതിരിക്കാനുള്ള 2 നാവിഗേഷൻ ലോക്കും പലയിടങ്ങളിലായി നടപ്പാലങ്ങളും ഇനിയും പണിയേണ്ടതുണ്ട്. വേങ്ങോളി പാലവും തയ്യിൽ പാലവും ഉടനെ പൂർത്തീകരിക്കേണ്ടതുണ്ട്. നിലവിലുള്ള കന്നിനട, കോട്ടപ്പള്ളി, കളിയാമ്പള്ളി എന്നീ പാലങ്ങൾതന്നെ അവസാനഘട്ടത്തിൽ മാറ്റിപ്പണിയേണ്ടവയാണ്. മൂഴിക്കലും കരിങ്ങാലിമുക്കിലും ഉപ്പുവെള്ളം തടയാനുള്ള ലോക്കുകളും അടിയന്തരമായി നിർമ്മിക്കേണ്ടതുണ്ട്. മണ്ണിന്റെ പ്രത്യേക ഘടനയും യഥാസമയം നീക്കാൻ കഴിയാത്തതും ജലപാതയുടെ നിർമ്മാണത്തിന് തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. ചിലയിടങ്ങളിൽ മണ്ണിടിച്ചിലും ശക്തമാണ്. മേൽഭാഗത്ത് ഉറച്ച മണ്ണ് കാണപ്പെടുമെങ്കിലും താഴ്ഭാഗങ്ങളിൽ ഒട്ടുംതന്നെ ഉറപ്പില്ലാത്ത മണ്ണാണ്. ഇവിടെ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചെങ്കിൽ മാത്രമേ മണ്ണ് കുഴിച്ചെടുത്ത് ജലപാത നിർമ്മിക്കാൻ പറ്റുകയുള്ളൂ. പറമ്പുകളിലിട്ട മണ്ണ് അവിടത്തെ തെങ്ങ് അടക്കമുള്ള സകല കൃഷിയും നശിപ്പിച്ചു. നിർമ്മാണാവശ്യത്തിന് ഉപയോഗിക്കാൻവേണ്ടി മാറ്റിവച്ച മണ്ണ്

അതിന് ഇപയോഗിക്കാൻ പറ്റാത്തതാണ്. ചില ഭാഗങ്ങളിൽ കറുത്ത ചെളിയും മറ്റുചില ഭാഗങ്ങളിൽ വെളുത്ത തവിട്ടുപോലുള്ള മണ്ണുമാണുള്ളത്. പലഭാഗങ്ങളിലായി കൂട്ടിയിട്ടിരിക്കുന്ന മണ്ണ് പ്രദേശവാസികളെ വളരെയധികം ബുദ്ധിമുട്ടിലാക്കുന്നു. ഉപയോഗശൂന്യമായ ഈ മണ്ണ് മലപോലെ വഴിയോരങ്ങളിലും വീടുകളുടെ മുന്നിലുമായി കൂട്ടിയിട്ടിരിക്കുകയാണ്. ഇത് എന്ത് ചെയ്യണമെന്നതുസംബന്ധിച്ച് ഉദ്യോഗസ്ഥർക്കോ കരാറുകാർക്കോ ഒരു നിശ്ചയവുമില്ല. സമീപവാസികൾ കടുത്ത പ്രയാസം അനുഭവിക്കുകയാണ്. സ്കൂളുകളിലും കോളേജുകളിലും പോകുന്ന വിദ്യാർത്ഥികൾ, ആശുപത്രിയിൽ പോകുന്ന രോഗികൾ, ടൗണുകളിലും മറ്റും പോകുന്ന സാധാരണ യാത്രക്കാർ എന്നിവർക്കെല്ലാം കൂട്ടിയിട്ട ഈ മണ്ണ് വളരെ ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നത്. ഈ കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ജലപാതയ്ക്ക് ഇരുവശവും കൂട്ടിയിട്ടിരിക്കുന്ന മുഴുവൻ മണ്ണും ഉടൻ നീക്കം ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. ഇതിനായി സ്ഥലമില്ലെങ്കിൽ സർക്കാർ അതിനുപറ്റിയ സ്ഥലം, ഡമ്പിംഗ് യാർഡ് എന്നിവ കണ്ടെത്തി മണ്ണ് നീക്കം ചെയ്യണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇതുകൂടാതെ 16 കിലോമീറ്റർ അകലെയുള്ള പുഴയിലെ ഉപ്പുവെള്ളം കയറി വീടുകളിലെ കിണറുകൾ ഉപയോഗശൂന്യമാകുന്നുണ്ട്. ചില ഭാഗങ്ങളിൽ കിണറുകൾ വറ്റിവരളുകയും വീടുകളുടെ ചുമരുകൾക്ക് വിള്ളലുണ്ടാകുകയും ചെയ്യുന്നു. ജനജീവിതംതന്നെ ഇവിടെ ദുഃസ്സഹമായിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് മനസ്സിലാക്കിയ ഒരു കാര്യം, ഈ പദ്ധതിക്ക് പ്ലാനിംഗിന്റെ കുറവുണ്ട് എന്നതാണ്. പല പ്രവൃത്തികളും പല കരാറുകാരാണ് നടത്തുന്നത്. ഇവർക്കിടയിൽ ഒരു ഏകോപനവുമില്ലെന്നുമാത്രമല്ല, ശാസ്ത്രീയമായ ഉപകരണങ്ങളില്ല. പല ആളുകളാണ് ഇതിന്റെ കോൺട്രാക്ട് ഏറ്റെടുത്തിട്ടുള്ളത്. മൊത്തത്തിൽ കരാറുകാരുടെ താല്പര്യക്കുറവ് പ്രവൃത്തികളിൽ കാണുന്നുണ്ട്. അവരുടെ താല്പര്യക്കുറവിന് കാരണം എന്താണെന്നറിയില്ല. ഇത് വൈകിപ്പിച്ചിട്ട് കൂടുതൽ കാശ് പാസ്സാക്കിക്കാൻവേണ്ടിയുള്ള ഏർപ്പാടാണോ എന്നറിയില്ല. ശരിയായ പഠനത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധരുടെ അഭിപ്രായം കണക്കിലെടുത്ത് ബാക്കിയുള്ള പ്രവൃത്തികൾ മുഴുവൻ ഒറ്റ പാക്കേജായി സമയപരിധി നിശ്ചയിച്ച് ഊരാളുങ്കൽ പോലുള്ള ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിക്ക് കൊടുക്കുകയാണെങ്കിൽ സമയബന്ധിതമായി തീർക്കാനാകും. പല വർക്കുകളും വിജയകരമായും സമയബന്ധിതമായും തീർത്ത ഏജൻസികളാണ് ഊരാളുങ്കലിനെപ്പോലുള്ള ഏജൻസികൾ. അവർ ജനങ്ങളിൽ വിശ്വാസമർപ്പിച്ച ആളുകളാണ്, ഒട്ടനവധി കാര്യങ്ങളിൽ അവർ വളരെ മുന്നിലാണ്. അത്തരം ഏജൻസികൾക്ക് കൊടുത്താൽ ഇത് സമയബന്ധിതമായി തീർക്കാനാകും. അതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് അടിയന്തര നടപടികളും

ശക്തമായ ഇടപെടലുമുണ്ടാകണം. അവിടെയുള്ള ജനങ്ങൾ ദുരിതംപേറുകയാണ്. വിശേഷിച്ചും മഴക്കാലത്ത് നടന്നുപോകാൻ സാദ്ധ്യമാകാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് മുഖ്യമന്ത്രി സ്ഥലം സന്ദർശിച്ച് പ്രദേശവാസികളുടെ ബുദ്ധിമുട്ട് മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ വടകര-മാഹി കനാലിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ 1960-കളിലാണ് ആരംഭിച്ചത്. പദ്ധതി പ്രദേശത്തെ ചെളി കലർന്ന മണ്ണിന്റെ പ്രത്യേകത കാരണം പണി പൂർണ്ണമായും നിർത്തേണ്ടിവന്നു. പിന്നീട് 2012-ൽ അഞ്ച് റീച്ചുകളായി തിരിച്ച് പ്രവൃത്തി ആരംഭിച്ചു. 4 കി.മീറ്റർ ദൈർഘ്യമുള്ള റീച്ച് ഒന്നിന്റെ പ്രവൃത്തി പാർശ്വങ്ങൾ ഇടിയുന്നതുകാരണം 14 മീറ്റർ വരെ മാത്രം പൂർത്തീകരിച്ചു. ദേശീയ ജലപാതാ നിലവാരത്തിൽ 32 മീറ്റർ വീതിയിൽ കനാൽ നിർമ്മിക്കുന്നതിനും അധികഭൂമി ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. 3.3 കി.മീറ്റർ ദൈർഘ്യമുള്ള രണ്ടാമത്തെ റീച്ചിന്റെ പണി 32 മീറ്റർ വീതിയിൽ നാഷണൽ വാട്ടർവേ നിലവാരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. 3.24 കി.മീറ്റർ ദൈർഘ്യമുള്ള മൂന്നാമത്തെ റീച്ചിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. മറ്റു റീച്ചുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ റീച്ച് ഉയരം കൂടിയ ഭൂപ്രകൃതിയുള്ള ഭാഗത്തുകൂടി കടന്നുപോകുന്നതാണ്. ചില ഭാഗങ്ങളിലെ മണ്ണ് വളരെ അയഞ്ഞതാണ്. ചെളിപോലെ കുഴഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഈ ഭാഗത്തെ പ്രവൃത്തിയുടെ പുരോഗതിയെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്. 3.99 കി.മീറ്റർ ദൈർഘ്യമുള്ള നാലാമത്തെ റീച്ചിന്റെ പണി 32 മീറ്റർ വീതിയിൽ 93 ശതമാനം പൂർത്തിയായിട്ടുണ്ട്. അവശേഷിച്ച പണികൾ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 3.48 കി.മീറ്റർ ദൈർഘ്യമുള്ള അഞ്ചാമത്തെ റീച്ചിന്റെ പ്രവൃത്തിയും ഒന്നാമത്തെ റീച്ച് ചെയ്തതിന് സമാനമായ അവസ്ഥയിലാണ്. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് ഒരു വർഷത്തിനകം വടകര-മാഹി കനാൽ പൂർണ്ണതോതിൽ ഗതാഗത യോഗ്യമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കനാലിനോടനുബന്ധിച്ചുള്ള റോഡ്, പാലങ്ങൾ, സ്റ്റീൽ ഫൂട്ട് ബ്രിഡ്ജുകൾ എന്നീ പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. കനാലിലെ ലോക്കുകളുടെ പണി ടെണ്ടർ ഘട്ടത്തിലാണ്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പയ്യോളി മുതൽ കാസർഗോഡ് വരെയുള്ള പ്രദേശങ്ങളിൽ ഇൻലാൻഡ് നാവിഗേഷന്റെ നിരവധി വർക്കുകൾ നടക്കുന്നുണ്ട്.

കണ്ണൂരിൽ മാത്രമാണ് ഇതിനൊരു ഓഫീസുള്ളത്. കണ്ണൂരിൽനിന്നും ദിവസവും ഈ പ്രദേശങ്ങളിൽ വന്ന് പരിശോധന നടത്തുന്നതിന് പലപ്പോഴും സാങ്കേതിക കാരണങ്ങളാൽ ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ട്രാഫിക് പ്രശ്നങ്ങൾ കാരണം ഉദ്യോഗസ്ഥർ പലപ്പോഴും ഉച്ചയ്ക്കാണ് അവിടെയെത്തുന്നത്. ഇങ്ങനെയുള്ള പല ബുദ്ധിമുട്ടുകളും അവിടെയുണ്ട്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് വടകര ആസ്ഥാനമായി ഒരു ഓഫീസ് പ്രവർത്തിപ്പിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യം പരിശോധിക്കാവുന്നതാണ്.

# IV സബ്മിഷൻ

## (1) സുരക്ഷാ ക്രമീകരണങ്ങൾ

ശ്രീ. കെ. സി. ജോസഫ്: സർ, സംസ്ഥാനത്തെ ജയിലുകൾ കുറ്റവാളികളുടെ സുഖവാസ കേന്ദ്രമായി മാറുന്ന കാഴ്ചയാണ് നാമിന്ന് കാണുന്നത്. ജയിലുകൾ കുറ്റവാളികളെ reform ചെയ്യാനുള്ള കേന്ദ്രമായി മാറണം. ഒരു correctional service ഉണ്ടാകണം. ഇപ്പോൾ കുറ്റവാളികൾക്ക് സുഖമായി താമസിക്കാനുള്ള സൗകര്യങ്ങളാണ് ജയിലുകളിൽ നൽകുന്നത്. ജയിലിൽ കഴിഞ്ഞുകൊണ്ട് സ്വർണ്ണ കള്ളക്കടത്തടക്കം നിരവധി കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സൗകര്യങ്ങളാണ് അധികാരികളുടെ ഒത്താശയോടെ നടക്കുന്നത്. ജയിലിൽ കിടന്നുകൊണ്ട് കുറ്റവാളികൾ കാര്യങ്ങൾ പ്ലാൻ ചെയ്യുകയാണ്. അങ്ങയുടെ ഭരണത്തിൽ കുറ്റവാളികളുടെ സുഖവാസകേന്ദ്രമായി ജയിലുകൾ മാറുന്നതും കുറ്റകൃത്യങ്ങൾ നടത്തുവാൻ വേദിയാകുന്നതും അങ്ങേയ്ക്ക് ഭൂഷണമായ കാര്യമല്ല. ജൂൺ 22-ാം തീയതി പുലർച്ചെ 4.00 മണിക്ക് കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിൽ നടത്തിയ റെയ്ഡിൽ കത്തി, കഞ്ചാവ്, ഡ്രഗ്സ്, അരം, കത്രിക, മൊബൈൽ ഫോൺ, ചുറ്റിക, സിം കാർഡ്, പവർ ബാങ്ക്, ബാറ്ററി, പാൻമസാല, പുകയില തുടങ്ങി നിരവധി ലഹരി വസ്തുക്കളടക്കമുള്ളവയാണ് കണ്ടെത്തിയത്. ഇന്ന് ലോക ലഹരിവിരുദ്ധ ദിനമാണ്. എന്നാൽ ലഹരിവസ്തുക്കൾ ജയിലിൽപോലും ലഭ്യമാണ്. കണ്ണൂർ സെൻട്രൽ ജയിലിൽ എ.ഡി.ജി.പി. ഋഷിരാജ് സിംഗിന്റെയും വിയ്യൂരിൽ പോലീസ് കമ്മീഷണർ യതീഷ് ചന്ദ്രയുടെയും നേതൃത്വത്തിൽ മൂന്നൂറിലേറെ പോലീസുകാർ വെളുപ്പിന് 4.30-ന് റെയ്ഡ് നടത്തി. അപ്പോൾ ജയിലിന്റെ അവസ്ഥ അറിയാമല്ലോ; വലിയസംഘം പോലീസ് സേന വെളുപ്പാൻകാലത്തുപോയി റെയിഡ് ചെയ്യാൻ ഇത് സെൻട്രൽ ജയിലാണോ അതോ കാശ്മീരിലെ ത്രീവ്രവാദി ക്യാമ്പാണോ? ജയിലിൽ കഴിയുന്ന ടി. പി. ചന്ദ്രശേഖരൻ കേസിലെ പ്രതികളായ കൊടി സുനിയിൽനിന്നും മുഹമ്മദ്

ഷാഫിയിൽനിന്നുമാണ് മൊബൈൽഫോണും ലഹരി വസ്തുക്കളും അടക്കമുള്ളവ പിടിച്ചെടുത്തത്. ഇവിടെനിന്നും പവർ ബാങ്ക്, ഹെഡ് സെറ്റ്, ചാർജർ എന്നിവ കണ്ടെത്തി. സെല്ലിനോട് ചേർന്ന ശുചിമുറിയിൽ സിം കാർഡ് ഒഴുക്കിക്കളയാനുള്ള ശ്രമത്തിനിടയിൽ വീണ് കൊടി സുനിക്ക് പരിക്കേറ്റു. മുഖത്തും ചുമലിലും പരിക്കേറ്റ ഇയാളെ ഉടൻതന്നെ മെഡിക്കൽ കോളേജിൽ എത്തിച്ചു. ശനിയാഴ്ചയാണ് റെയ്ഡ് നടന്നത്. ഞായറാഴ്ച വീണ്ടും റെയ്ഡ് നടത്തിയപ്പോൾ സാധനങ്ങൾ വീണ്ടും പിടിച്ചെടുത്തു. 24 മണിക്കൂറിനകം വീണ്ടും സാധനങ്ങൾ ജയിൽ സെല്ലിലേയ്ക്ക് ഫീഡ് ചെയ്യുകയാണ്. ഒരു റെയ്ഡ് കഴിഞ്ഞ് മണിക്കൂറുകൾക്കുള്ളിൽ അവിടെ മൊബൈലും ലഹരിയും കഞ്ചാവും എത്തുന്നു. ഇത് എങ്ങനെ നടക്കുന്നു? ഉദ്യോഗസ്ഥരുടെ അറിവോടെയല്ലേ? റെയ്ഡ് നടത്തിയ ഡി.ജി.പി. അടക്കമുള്ള ഉദ്യോഗസ്ഥന്മാരെ അഭിനന്ദിക്കുന്നു. അങ്ങയുടെ ഓഫീസ് അറിഞ്ഞിരുന്നെങ്കിൽ ഈ റെയ്ഡ് നടക്കുമായിരുന്നില്ലെന്ന് അങ്ങയോടുള്ള എല്ലാ ആദരവോടും ബഹുമാനത്തോടുംകൂടി പറയുന്നു. റെയ്ഡിനുമുമ്പ് കണ്ണൂർ ജയിലിൽ വിവരം കിട്ടി. ചില സാധനങ്ങൾ പുറത്ത് കടത്തിക്കൊണ്ടുപോയി. റെയ്ഡ് വിവരം പോലീസുദ്യോഗസ്ഥന്മാർ തന്നെ ചോർത്തുന്നു. ഈയൊരു അവസ്ഥ ഒരിക്കലും ഭൂഷണമല്ല. ജയിൽ പോലുള്ള ഒരു സുരക്ഷിതകേന്ദ്രം കുറ്റവാളികൾക്കും പറുദീസയായി മാറുന്നു. ജയിലിൽ നടക്കുന്നതെന്താണ്; ഇന്ന് കുറ്റവാളികൾക്ക് എല്ലാ കൃത്യവും പ്ലാൻ ചെയ്യാനുള്ള കേന്ദ്രമായി ജയിൽ മാറുന്നു. സാധാരണഗതിയിൽ സി.പി.ഐ.(എം) മന്ത്രിമാർ ചുമതലയേറ്റാൽ ആദ്യം പോകുന്നത് പുന്നപ്ര-വയലാർ രക്തസാക്ഷികളെ അഭിവാദ്യം ചെയ്യാനാണ്. കണ്ണൂർ സി.പി.എം. മന്ത്രിമാർ പുന്നപ്ര-വയലാറിൽ മാത്രമല്ല, കണ്ണൂർ ജയിലിലേക്കും പോകും. കാരണം, കടപ്പാട് ജയിലിൽ കഴിയുന്നവരോടാണ്. ദയവായി ജയിലിലെ അക്രമപ്രവർത്തനങ്ങളും ലഹരിവസ്തു ഉപയോഗവും അനുവദിക്കരുത്, കുറ്റവാളികളുടെ സുഖവാസ കേന്ദ്രമായി ജയിലുകൾ മാറരുത്. അവിടെയുണ്ടാകുന്ന നിയമവിരുദ്ധമായ സംഭവങ്ങൾ നിയന്ത്രിക്കണം. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചില്ലെങ്കിൽ ആഭ്യന്തര വകുപ്പിനുണ്ടാകുന്ന പരാജയങ്ങളുടെ പട്ടികയിൽ ഇതുംകൂടി എഴുതിച്ചേർക്കേണ്ടിവരും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാനോ മുഖ്യമന്ത്രിയുടെ ഓഫീസോ അറിഞ്ഞിരുന്നെങ്കിൽ റെയ്ഡ് നടക്കില്ലായിരുന്നുവെന്ന് ബഹുമാന്യനായ അംഗം പറഞ്ഞത് ആശ്ചര്യകരമായി തോന്നുകയാണ്. ജയിലുകളിൽ ജയിലിന്റെ അന്തരീക്ഷത്തിന് ചേരാത്ത കാര്യങ്ങളുണ്ടെന്ന് സർക്കാർ മനസ്സിലാക്കിയതിന്റെ ഭാഗമായിട്ടാണ് അതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചത്. ജയിലിനകത്ത് സാധാരണ തടവുകാർക്കാവശ്യമായ സൗകര്യങ്ങൾ വർദ്ധിക്കണമെന്നുള്ളത് ശരിയാണ്. അത് നിയമപ്രകാരമുള്ള

കാര്യങ്ങളുമാണ്. നിയമവിധേയമല്ലാത്ത സൗകര്യങ്ങളൊരുക്കൽ ചില ജയിലുകളിൽ നടക്കുന്നുവെന്ന് വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് കർക്കശമായ നടപടി വേണമെന്ന് സർക്കാർ തീരുമാനിച്ചതും ഇവിടെപ്പറഞ്ഞ നടപടികൾ അവിടെയുണ്ടായതും.

കഴിഞ്ഞ ദിവസം കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിൽ നടന്ന തെരച്ചിലിൽ അനുവദിക്കപ്പെട്ടിട്ടില്ലാത്ത സാധനങ്ങൾ പിടിച്ചെടുക്കുകയുണ്ടായി. ഇക്കൂട്ടത്തിൽ മൊബൈൽ ഫോണുകളും ലഹരി വസ്തുക്കളും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ചില തടവുകാരെ മറ്റു ജയിലുകളിലേക്ക് മാറ്റുകയും ഉത്തരവാദികളായി കണ്ട ജയിൽ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജയിലിൽ നിയമരഹിതമായി പെരുമാറിയ തടവുകാർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾക്ക് വിധേയമാക്കും. കണ്ണൂർ സെൻട്രൽ ജയിലിൽ 860 തടവുകാർക്കുള്ള സൗകര്യങ്ങളാണുള്ളത്. എന്നാലിപ്പോൾ റിമാൻഡ് തടവുകാരും കാപ്പ തടവുകാരുമുൾപ്പെടെ ശരാശരി 200-250 തടവുകാരെ അധികമായി പാർപ്പിക്കേണ്ടിവരുന്നു. ഇതിൽ സ്ഥിരം കുറ്റവാളികളായവരെ പല ദിവസങ്ങളിലും കോടതികളിൽ ഹാജരാക്കുന്നതിനായി പുറത്തേക്ക് കൊണ്ടുപോകേണ്ടിവരുന്നു. ഇവർ തിരികെ വരുമ്പോൾ ജയിലിനകത്തേക്ക് നിരോധിതവസ്തുക്കൾ കൊണ്ടുവരാൻ സാധ്യതയുണ്ട്. പുറത്തുനിന്നും തിരികെവരുന്ന തടവുകാരെ ജീവനക്കാർ പരിശോധന നടത്തിയാണ് ജയിലിൽ പ്രവേശിപ്പിക്കുന്നത്. പലപ്പോഴും നിരോധിത വസ്തുക്കൾ ശരീരത്തിലെ രഹസ്യ ഭാഗങ്ങളിൽ ഒളിപ്പിച്ചാണ് കടത്തിക്കൊണ്ടുവരുന്നത്. ജയിലിന്റെ ഗേറ്റിൽ നിലവിൽ കെ.എ.പി. വിഭാഗത്തിൽനിന്നുള്ള 15 പോലീസുകാരടങ്ങുന്ന ഒരു പരിശോധനാ സംഘത്തെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അവർക്ക് പകരമായി ഇന്ത്യൻ റിസർവ് ബറ്റാലിയനിലെ സ്കോർപ്പിയോൺസ് എന്ന പ്രത്യേക വിഭാഗത്തെ നിയോഗിച്ചിട്ടുണ്ട്. ജയിൽ സുരക്ഷയുമായി ബന്ധപ്പെട്ട് പോലീസ്, ജയിൽ ഉദ്യോഗസ്ഥർ എന്നിവർ അവലംബിക്കേണ്ട രീതികൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. സി. എൻ. രാമചന്ദ്രൻനായർ അദ്ധ്യക്ഷനായ നാലംഗ സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. തടവുകാരെയും പ്രതികൂല ഇന്റലിജൻസ് റിപ്പോർട്ടുള്ള തടവുകാരെയും കോടതികളിൽ ഹാജരാക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ, പോലീസ് വാഹനങ്ങളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ ക്രമീകരണങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾവഴി തടവുകാരും അവരുടെ അഭിഭാഷകരുമായി ബന്ധപ്പെടുന്നതിന്റെ സാധ്യത തുടങ്ങിയ കാര്യങ്ങൾ സമിതി പരിശോധിക്കും. ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ

കോൺഫറൻസിംഗ് സംവിധാനം മൂന്ന് മാസത്തിനകം നിലവിൽവരും; ഇതിനായി 20.13 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായിരുന്ന സി.സി.ടി.വി സംവിധാനങ്ങൾ കേടുപാടുകൾ തീർത്ത് പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. കേരളീയ പൊതുസമൂഹം ഇന്നനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് യുവാക്കൾക്കിടയിലെ മദ്യാസക്തിയും മയക്കുമരുന്ന് ഉപയോഗവുമാണ്. ഇതിന് കുറ്റകൃത്യങ്ങളുമായി നേരിട്ട് ബന്ധവുമുണ്ട്. എല്ലാ ജയിലുകളിലും ലഹരിക്കടിമകളായവർ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജയിലിനുള്ളിലേയ്ക്ക് ലഹരിമരുന്ന് കടത്തുന്നത് തടയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതോടൊപ്പം തടവുകാരെ ലഹരിമുക്തമാക്കുന്നതിനുള്ള മാർഗ്ഗങ്ങളും അവലംബിക്കുന്നതാണ്. ഡീ-അഡിക്ഷൻ സെന്ററുകളടക്കമുള്ള കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുന്നതാണ്. ജയിലുകളിൽ മൊബൈൽ ഫോൺ കണ്ടെത്തിയ സാഹചര്യത്തിൽ ജാമറുകൾ വയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, നേരത്തെ വച്ചിരുന്ന ജാമറുകൾ കേടായി.

ശ്രീ. പിണറായി വിജയൻ: സർ, ജാമറുകൾ കേടാവുകയില്ല. അതിനാൽ അവ സുരക്ഷിതമായി സ്ഥാപിക്കും.

11.00 AM]

## (2) റൈസ് പാർക്ക്

ശ്രീ. സജി ചെറിയാൻ: സർ, കുട്ടനാട്, അപ്പർ കുട്ടനാട്, ഓണാട്ടുകര നെല്ലുല്പാദനമേഖലയുടെ സമഗ്ര വികസനവും കൃഷിക്കാരുടെ ഉന്നമനവും ലക്ഷ്യംവച്ചുകൊണ്ട് ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ചിരിക്കുന്ന റൈസ് പാർക്ക് അപ്പർ കുട്ടനാടൻ മേഖലയായ ചെങ്ങന്നൂരിൽ അനുവദിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാന വ്യവസായ വകുപ്പിന്റെ ഉടമസ്ഥാവകാശത്തിൽ ചെങ്ങന്നൂർ പ്രഭുറാം മില്ലിനോടനുബന്ധമായി പതിനഞ്ചേക്കർ സ്ഥലം വർഷങ്ങളായി കാടുപിടിച്ച് ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇപ്പോൾ അതൊരു പാമ്പ് വളർത്തൽ കേന്ദ്രമായി മാറിയിരിക്കുകയാണ്. റൈസ് മിൽ തുടങ്ങുന്നതിനാവശ്യമായ ഭൂമി, കെട്ടിടം, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഈ പതിനഞ്ചേക്കർ ഭൂമിയിലുണ്ട്. കേരളത്തിലെ ആദ്യത്തെ സ്പിന്നിംഗ് മില്ലായ പ്രഭുറാം മിൽ വലിയ പ്രതിസന്ധി നേരിടുകയാണ്. പെൻഷനും ശമ്പളവും നൽകാൻ കഴിയുന്നില്ല. നിത്യനിദാനച്ചെലവുകൾ സർക്കാർ സംവിധാനത്തിലൂടെയാണ് നിർവ്വഹിക്കുന്നത്. ഇവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും

ഗവൺമെന്റിന്റെ ഉത്തരവാദിത്തമായി മാറുകയാണ്. ഇപ്പോൾ കുട്ടനാട്, അപ്പർ കുട്ടനാട്, ഓണാട്ടുകര എന്നിവിടങ്ങളിൽനിന്നും നെല്ലെടുത്ത് കാലടിയിലും അങ്കമാലിയിലും കൊണ്ടുപോയാണ് പ്രോസസ് ചെയ്യുന്നത്. ഇതിനായി ഇവിടെയുള്ള അഞ്ചോ എട്ടോ കിലോമീറ്റർ ദൈർഘ്യം മാത്രമുള്ള ഈ സ്ഥലം പ്രയോജനപ്പെടുത്തിയാൽ സഹായകരമായിരിക്കും. ഈ സാഹചര്യത്തിൽ ഇത്തരമൊരു പദ്ധതി ഇവിടെ നടപ്പാക്കുകവഴി നാടിനും നിലവിലുള്ള വ്യവസായത്തിനും കൃഷിക്കും കൃഷിക്കാർക്കും വൻ പ്രയോജനം ലഭിക്കുമെന്നതിനാൽ ആലപ്പുഴയ്ക്ക് അനുവദിച്ച ഈ റൈസ് മിൽ അവിടെ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നെൽകൃഷി കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും അവരുടെ ഉല്പന്നങ്ങളുടെ മൂല്യവർദ്ധന ലക്ഷ്യമാക്കിയുമാണ് സംസ്ഥാന സർക്കാർ ഇന്റഗ്രേറ്റഡ് റൈസ് പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചത്. കിൻഫ്രയാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. 2019-20 ബഡ്ജറ്റിൽ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം പാലക്കാട്ടുള്ള കിൻഫ്ര മെഗാ ഫുഡ് പാർക്കിൽ സംസ്ഥാനത്തെ ആദ്യത്തെ റൈസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റൈസ് പാർക്കിൽ നെല്ല് സംഭരിക്കുന്നതും സംസ്കരിക്കുന്നതും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ്. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റൊരു റൈസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നത് കേരളത്തിന്റെ നെല്ലറയായ ആലപ്പുഴ ജില്ലയിലാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പബ്ലിക് ലിമിറ്റഡ് കമ്പനിയായ പ്രഭുറാം മിൽസ് ചെങ്ങന്നൂർ താലൂക്കിൽ മുളക്കുഴ വില്ലേജിലെ 12.72 ഏക്കർ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. രണ്ടേക്കർ സ്ഥലവും യൂട്ടിലിറ്റി ഏരിയയായി മൂന്നേക്കർ സ്ഥലവും ഉൾപ്പെടെ അഞ്ചേക്കർ സ്ഥലം ഉപയോഗിച്ചാണ് പ്രഭുറാം മിൽസ് പ്രവർത്തിക്കുന്നത്. ബാക്കി 7.72 എക്കർ സ്ഥലമാണുള്ളത്. നിലവിൽ പ്രഭുറാം മിൽസിന് രണ്ട് 11 കെ.വി. ഇലക്ട്രിക് ലൈനുകളും ആവശ്യാനുസരണമുള്ള ജലലഭ്യതയുമുണ്ട്. ഈ സ്ഥലത്ത് ഉപയോഗിക്കാത്ത 7.72 ഏക്കർ വ്യവസായ ഭൂമിയാണുള്ളത്. ഇത് കുട്ടനാടിന്റെ ഭാഗമാണ്. ഇതുസംബന്ധിച്ച് വിശദമായ സാധ്യതാപഠനം നടത്തി ഏറ്റവും ഉചിതമായ സ്ഥലംതന്നെ നിശ്ചയിക്കാൻ സാധിക്കുന്നതാണ്. കേരളത്തിലെ മുഴുവൻ നെല്ലും സംഭരിച്ച് പ്രോസസ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. നെല്ലറയുടെ മേഖലയിലും ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പാലക്കാടും തൃശ്ശൂരും ആലപ്പുഴയിൽ കുട്ടനാട്ടിലുമാണ് റൈസ് പാർക്കുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പറഞ്ഞ നിർദ്ദേശങ്ങൾ ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. തീർച്ചയായും അക്കാര്യം വിശദമായ പഠനത്തിന് വിധേയമാക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (3) സർവ്വേയർ തസ്തികയിലെ നിയമനം

ശ്രീ. കെ. രാജൻ: സർ, സർവ്വേയും ഭൂരേഖയും വകുപ്പിൽ 635 സർവ്വേയർ തസ്തികകളുൾപ്പെടെ 31-8-2018-നുശേഷം 942 തസ്തികകളുടെ തുടർച്ചാനുമതി റദ്ദാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പ്രഖ്യാപിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് സർവ്വേയർമാരുടെ കുറവുണ്ടെന്നുള്ളത് എല്ലാവരും അറിയുന്നതാണ്. കേരള ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ അദ്ധ്യായമായിരുന്നു കിഫ്ബി. വികസന പ്രവർത്തനങ്ങൾക്ക് കേരളം കാണിച്ച ലോകത്തിലെതന്നെ പുതിയ മാതൃകയാണത്. എന്നാൽ കിഫ്ബിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള സംഖ്യപോലും കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സർവ്വേയർമാരുടെ കുറവ് പൊതുവായി കാണാവുന്നതാണ്. അനധികൃത ഭൂമി കൈമാറ്റം ഒഴിവാക്കുന്നതിനും ഭൂമിയുമായി ബന്ധപ്പെട്ട ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർവ്വേയർമാരുടെ കുറവ് നിലനിൽക്കുന്ന സമയത്താണ് 942 തസ്തികകൾക്ക് തുടർച്ചാനുമതി നിഷേധിച്ചുകൊണ്ട് സർക്കാർ പ്രഖ്യാപനമുണ്ടായത്. സർവ്വെയും ഭൂരേഖയും വകുപ്പിൽ ആകെ 1678 തസ്തികകളാണ് ഇപ്പോഴുള്ളത്. 1:1 എന്ന അനുപാതമെടുത്താൽ 831 ഫസ്റ്റ് ഗ്രേഡും 839 സെക്കന്റ് ഗ്രേഡും തസ്തികകളാണുള്ളത്. 635 സർവ്വെയർ തസ്തികകൾ വെട്ടിക്കുറച്ചതോടെ ആകെ ജീവനക്കാരുടെ എണ്ണം 1043 ആയി കുറഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം അനുവദിക്കുന്നതിനേക്കാൾ കൂടുതലാണ്. തന്മൂലം സെക്കന്റ് ഗ്രേഡ് തസ്തികകൾ റിപ്പോർട്ട് ചെയ്യാൻ പി.എസ്.സി.-ക്ക് തർക്കവും തടസ്സവുമുണ്ടാകുന്നു. ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് സർവ്വേയും ഭൂരേഖയും വകുപ്പിലെ തുടർച്ചാനുമതി ലഭിക്കാത്ത 942 തസ്തികകൾക്ക് തുടർച്ചാനുമതി ലഭ്യമാക്കുന്നതിനും നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്ന് പരമാവധി നിയമനങ്ങൾ നടപ്പിലാക്കി സർവ്വേ രംഗത്ത് പുതിയ നടപടിയുണ്ടാക്കാനും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 942 സർവ്വേയർമാരുടെ തസ്തികകൾക്ക് തുടർച്ചാനുമതി ലഭിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. പക്ഷേ റവന്യൂ വകുപ്പിന്റെ ആവശ്യകതയനുസരിച്ച് റീ-സർവ്വേക്കും മറ്റെല്ലാവിധ സർവ്വേ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവ്വേ വകുപ്പിലെ 2999 ജീവനക്കാരെ നിയോഗിച്ചു കഴിഞ്ഞു. 2999 താൽക്കാലിക തസ്തികകൾക്ക് ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടെയാണ് ഓരോ വർഷവും തുടർച്ചാനുമതി നൽകിവരുന്നത്. പ്രസ്തുത ജീവനക്കാരുടെ തുടർച്ചാനുമതിയുടെ കാലാവധി 31-12-2017-ൽ

അവസാനിച്ചതിനെത്തുടർന്ന് ധനകാര്യവകുപ്പിന്റെ അനുമതി തേടുകയും ധനകാര്യവകുപ്പ് 2999 തസ്തികകൾക്ക് 1-1-2018 മുതൽ 31-8-2018 വരെയും തുടർന്ന് 2999 തസ്തികയിൽനിന്ന് 2057 തസ്തികകൾക്ക് 1-9-2018 മുതൽ 30-9-2019 വരെയും തുടർച്ചാനുമതിക്ക് അംഗീകാരം നൽകുകയുണ്ടായി. 2999 തസ്തികകളിൽ 2057 തസ്തികകൾ ഒഴികെയുള്ള 942 തസ്തികകൾ അധികമാണെന്ന് ധനകാര്യ വകുപ്പ് വിലയിരുത്തുകയും പ്രസ്തുത തസ്തികകൾ സർവ്വേ വകുപ്പിൽനിന്ന് വിരമിക്കൽ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ രീതിയിലുണ്ടാകുന്ന ഒഴിവുകളിൽ അക്കോമഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിരിക്കുകയുമാണ്. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 7-7-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം സർവ്വേ വകുപ്പിലെ 2999 തസ്തികകൾക്ക് 1-1-2018 മുതൽ 31-8-2018 വരെയും കൂടാതെ 2999 തസ്തികകളിൽ നിന്ന് 2057 തസ്തികകൾക്ക് 1-9-2018 മുതൽ 30-9-2019 വരെയും തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വേയർമാരുടെ തസ്തികകൾക്ക് തുടർച്ചാനുമതി ലഭിക്കാത്ത സാഹചര്യം സമീപകാലത്തുണ്ടായിട്ടുള്ള ഒരു പ്രശ്നമാണ്. ഈ സാഹചര്യത്തിൽ 16 എൻ.ജെ.ഡി. ഒഴിവുകളുൾപ്പെടെ 82 ഒഴിവുകൾ പി.എസ്.സി. റിപ്പോർട്ട് ചെയ്യുന്നതിൽ തടസ്സം നേരിട്ടിട്ടുണ്ട്. പ്രസ്തുത 942 തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് നിലവിലുള്ള സർവ്വേയർ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവുകളിലേയ്ക്ക് പി.എസ്.സി. മുഖാന്തരം നിയമനം നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (4) മരുന്നുകളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും ദൗർലഭ്യം

ഡോ. എം. കെ. മുനീർ: സർ, ഞാൻ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വിഷയമാണ് അവതരിപ്പിക്കുന്നതെങ്കിലും ഇത് കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളുടെയും ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. മെഡിക്കൽ കോളേജുകളിലേയ്ക്ക് മരുന്നും സ്റ്റെന്റും ഉപകരണങ്ങളും നൽകിയ മരുന്ന് കമ്പനികൾക്ക് പണം നൽകാത്തതാണ് ഈ പ്രതിസന്ധിക്ക് കാരണമായിട്ടുള്ളത്. സ്റ്റെന്റ് ഇല്ലാത്തതിനാൽ കാത്ത് ലാബ് പൂട്ടിയിരിക്കുകയാണ്. ശസ്ത്രക്രിയയ്ക്കായി ആയിരക്കണക്കിന് രോഗികളാണ് ഇപ്പോഴും കാത്തുനിൽക്കുന്നത്. ബൈപ്പാസ് അടക്കമുള്ള സർജറികൾ പ്രതിസന്ധിയിലാണ്. മരുന്നുകമ്പനികൾ ഈ വിവരം രേഖാമൂലം പ്രിൻസിപ്പാളിനെ അറിയിച്ചിരുന്നതാണ്. രോഗികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് അനുവദിച്ച ഇനത്തിൽ ഇൻഷ്വറൻസ് ഏറ്റെടുത്ത റിലയൻസിൽനിന്നും പണം ആശുപത്രിക്ക് ലഭിക്കാനുണ്ട്. ഈ തുക ലഭിച്ചാൽ മരുന്നുകമ്പനികൾക്ക് കുറച്ച് പണം നൽകാൻ കഴിയുമെന്നാണ് ആശുപത്രി അധികൃതരുടെ നിലപാട്. ഈ തുക എത്രയുംവേഗം നൽകാൻ സർക്കാർ

അവരോട് ആവശ്യപ്പെടണം. മലബാറിലെ പാവപ്പെട്ടവരുടെ ഒരു റഫറൽ ആശുപത്രിയാണിത്. കോഴിക്കോട് മെഡിക്കൽ കോളേജിനെ തകർക്കുന്ന രീതിയിലേക്ക് ഇത് മാറിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട് ഉൾപ്പെടെ നിപ അടക്കമുള്ള ധാരാളം പ്രശ്നങ്ങൾ നമ്മൾ അഭിമുഖീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഗുരുതരമായ ഈ സാഹചര്യം പരിഹരിക്കുന്നതിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള ഈ പ്രശ്നം ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. ഞാൻ റിലയൻസുമായി ബന്ധപ്പെട്ട്, അവർ കൊടുക്കാനുള്ള തുകയിൽനിന്ന് ഒരു നിശ്ചിത ശതമാനം തുക റിലീസ് ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ വിവിധ സ്കീമുകൾ വഴി ചികിത്സ തേടുന്ന രോഗികൾ ചെലവഴിച്ച തുക പാസ്സായി വരുന്ന മുറയ്ക്കാണ് അടുത്ത ഘട്ടത്തിലേയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങാൻ പണം അടയ്ക്കുന്നത്. അങ്ങനെയൊരു ക്രമീകരണമാണ് നടന്നുവന്നിരുന്നത്. പലപ്പോഴും ഇത് കുടിശ്ശികയായി മാറുന്നു. വിവിധ വർഷങ്ങളിലായി ഇങ്ങനെ കുടിശ്ശികയായിക്കൊണ്ടേയിരിക്കും. ആ കുടിശ്ശികയിൽനിന്ന് കുറച്ച് കാശ് കിട്ടുമ്പോൾ വീണ്ടും പണമടച്ച് ഉപകരണങ്ങൾ വാങ്ങിയാണ് ക്രമീകരിച്ച് കൊണ്ടുപോകുന്നത്. ഇപ്പോൾ മാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെതന്നെ ധാരാളം കുടിശ്ശിക കണ്ടതുകൊണ്ട് അതെങ്ങനെ പരിഹരിക്കുമെന്ന് പരിശോധിച്ചിരുന്നു. റിലയൻസ് കമ്പനിയുമായും മെഡിക്കൽ കോളേജ് അധികൃതരുമായും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിൽ ചില കാര്യങ്ങൾ കണ്ടെത്തി. അതിലേറ്റവും പ്രധാനമായിട്ടുള്ളത് കൃത്യസമയത്ത് കേസ് ഷീറ്റുകൾ ഹാജരാക്കുക എന്നുള്ളതാണ്. കേസ് ഷീറ്റ് നോക്കി തൃപ്തിപ്പെട്ട് അതംഗീകരിച്ചാണ് റിലയൻസ് കമ്പനി ചികിത്സിച്ചതിന്റെ കാശ് അനുവദിക്കുന്നത്. കേസ് ഷീറ്റൊന്നും ഇല്ലാത്തത് ചിലപ്പോൾ തിരിച്ചുവരും. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷന്റെ ഭാഗമായിട്ടാണ് ഇക്കാര്യവും ചെയ്യുന്നത്. ചിലപ്പോൾ കൃത്യസമയത്തിന് രേഖകൾ കൊടുക്കാൻ കഴിയാത്ത ഒരവസ്ഥയും കമ്പനിക്കാർ കുടിശ്ശികയാക്കുന്ന അവസ്ഥയും സംജാതമാകാറുണ്ട്. അതിനൊരു പ്രത്യേക സംവിധാനമുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിലൊന്ന്, എല്ലാ മെഡിക്കൽ കോളേജിലും ഒരു ഫിനാൻസ് മാനേജരെയും ഒരു അക്കൗണ്ട് ക്ലാർക്കിനെയും ഇക്കാര്യം മാത്രം നിർവ്വഹിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുള്ള ഉത്തരവ് കൊടുത്തിട്ടുണ്ട്. അതനുസരിച്ച് ഇനിയുള്ള കാര്യങ്ങൾ പ്രത്യേകിച്ച് പരിശോധിച്ച് രേഖപ്പെടുത്തി കൃത്യസമയത്തുതന്നെ പണം വാങ്ങിയെടുക്കുന്നതിനുള്ള നടപടി

സ്വീകരിക്കണമെന്നുള്ളതാണ് കൊടുത്തിട്ടുള്ള നിർദ്ദേശം. മെഡിക്കൽ കോളേജ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിലയൻസ് കമ്പനിക്കാരോടും ഇത് കുടിശ്ശികയാക്കാതെ കൃത്യമായി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിമുതൽ അങ്ങനെ കൊടുക്കാമെന്ന് അവർ പറഞ്ഞിട്ടുണ്ട്. രേഖകൾ കൃത്യസമയത്ത് കൊടുക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. അതിനുവേണ്ടി ഇടപെടുന്നുണ്ട്. കാത്ത് ലാബ് പൂട്ടിയിരുന്നില്ല. അവിടെ ആൻജിയോപ്ലാസ്റ്റിയൊക്കെ നടന്നിരുന്നു. പക്ഷേ ഇപ്പോൾ രോഗികളുടെ വരവ് വളരെ കൂടുതലായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഒരുപാട് ആധുനിക ഉപകരണങ്ങളും സൗകര്യങ്ങളും അടുത്തകാലത്തായി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക പാക്കേജിന്റെ ഭാഗമായി വന്നിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജിലും വന്നിട്ടുണ്ട്. അത് നിങ്ങൾക്ക് പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഹാർട്ട് പേഷ്യന്റ്സ് വരുന്നതിന്റെ എണ്ണം നന്നായി വർദ്ധിച്ചിട്ടുണ്ട്. അവിടെ ഒരു കാത്ത് ലാബ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. രോഗികളുടെ എണ്ണം പരിഗണിച്ചാണ് സെക്കന്റ് കാത്ത് ലാബ് ഗവൺമെന്റ് അനുവദിച്ചത്. അത് ഇൻസ്റ്റാൾ ചെയ്തുകൊണ്ടിരിക്കുകയാണ്. രണ്ടോ മൂന്നോ മാസങ്ങൾക്കുള്ളിൽ സെക്കന്റ് കാത്ത് ലാബിന്റെ പ്രവർത്തനവും ആരംഭിക്കാൻ സാധിക്കും. സ്റ്റെന്റ് പോലുള്ള ഉപകരണങ്ങൾ വാങ്ങാൻ കഴിയാത്ത സ്ഥിതി ഇടയ്ക്കുണ്ടായത് ഇക്കാരണങ്ങളാലാണ്. കൂടുതൽ മെച്ചപ്പെട്ട രീതിയിൽ അവ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

## (5) ബയോ മെഡിക്കൽ എഞ്ചിനീയർമാരുടെ നിയമനം

ശ്രീ. എൻ. വിജയൻ പിള്ള: സർ, നമ്മുടെ മെഡിക്കൽ കോളേജുകൾ, ജനറലാശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ആശുപത്രി ഉപകരണങ്ങൾ കേടായാൽ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കി മാറ്റുന്നതിന് കാലതാമസം നേരിടുന്നതുമൂലം പലപ്പോഴും ഉപകരണം ഉപേക്ഷിക്കേണ്ടതായ അവസ്ഥയുണ്ടാകുകയാണ്. ഇത് വലിയ സാമ്പത്തിക നഷ്ടത്തിന് കാരണമാകുന്നുണ്ട്. ആവശ്യത്തിന് ബയോ മെഡിക്കൽ എഞ്ചിനീയർമാരെ നിയമിക്കുക എന്നുള്ളതാണ് ഇതിനുള്ള പരിഹാരം. സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ തസ്തികയിലേക്ക് നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ഇതുവരെ നിയമനം നടന്നിട്ടില്ല. ഒരു മെഡിക്കൽ കോളേജിൽ ഒരാളെയെങ്കിലും നിയമിക്കണമെങ്കിൽ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ 8 വർഷമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ബയോ മെഡിക്കൽ എഞ്ചിനീയർമാരുടെ തസ്തിക സൃഷ്ടിച്ച് മേൽപ്പടി റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. ആശുപത്രികളിലെ ഉപകരണങ്ങൾ കേടായാൽ നന്നാക്കാതെ പ്രവർത്തനം നിർത്തിവയ്ക്കുന്നുവെന്നുള്ള പരാതികളാണ് പലപ്പോഴും കേൾക്കാറുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഇയൊരു പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ആഗ്രഹിച്ചുകൊണ്ട് നടപടിക്രമങ്ങളിലേക്ക് നീങ്ങിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് വിംഗ് നിലവിലുണ്ട്. സംസ്ഥാനതലത്തിൽ എൻ.എച്ച്.എം. ഓഫീസിൽ ഒരു ബയോ മെഡിക്കൽ ഓഫീസറും ജില്ലാതലത്തിൽ ഓരോ ബയോ മെഡിക്കൽ എഞ്ചിനീയർമാരുമാണ് ഇപ്പോഴുള്ളത്. അവരുടെ നേതൃത്വത്തിലാണ് ഇക്കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കൂടാതെ, 2016-ൽ തന്നെ ബയോ മെഡിക്കൽ എക്യൂപ്മെന്റ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് പ്രോഗ്രാം എന്ന രീതിയിൽ ആരംഭിക്കാനായി ടെണ്ടർ ക്ഷണിക്കുകയും അതിൽ കിർലോസ്കർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ തെരഞ്ഞെടുക്കുകയും പ്രസ്തുത കമ്പനിയെ ഇതിന്റെ മെയിന്റനൻസ് പ്രവൃത്തിക്കായി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇപ്പോൾ പ്രവർത്തനം നന്നായി നടന്നുവരുന്നുണ്ട്. പഴയതുപോലുള്ള പ്രശ്നങ്ങളില്ല. എന്നാൽ ചില സ്ഥലങ്ങളിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആയതിനാൽ ബയോ മെഡിക്കൽ എഞ്ചിനീയറിംഗിന് നല്ല പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. കിർലോസ്കർ കമ്പനി ഈ പ്രവൃത്തി നടത്തുമ്പോൾ എൻ.എച്ച്.എം.-ന്റെ ഭാഗമായുള്ള ബയോ മെഡിക്കൽ എഞ്ചിനീയർമാർ തന്നെയാണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്. അതുപോലെതന്നെ എല്ലാ ആശുപത്രികളിലും ഇലക്ട്രോ മെക്കാനിക്കൽ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനായി ഹോസ്പിറ്റൽ എക്യൂപ്മെന്റ് റിപ്പയർ വിഭാഗവുമുണ്ട്. മേജർ റിപ്പയർ ഉണ്ടാകുമ്പോൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ വർക്ക്ഷോപ്പിൽ കൊണ്ടുപോയി നടത്തുകയാണ് ചെയ്യുന്നത്. ബാക്കിയുള്ളവയെല്ലാം അതാത് ആശുപത്രികളിൽ വച്ച് റിപ്പയർ ചെയ്യാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബയോ മെഡിക്കൽ ടെക്നിക്കൽ വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്. ഡി.എം.ഇ.-യുടെ കീഴിൽ ഇതിനായി ഒരു ടെക്നിക്കൽ ഓഫീസറുണ്ട്. ഇവയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തെ സ്ട്രെംഗ്തൻ ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾ നന്നാക്കുന്നതിന് ബയോ മെഡിക്കൽ എഞ്ചിനീയർമാരുടെ തസ്തിക കുറച്ചുകൂടി ആവശ്യമായിവരും. ആയതിനാൽ തസ്തിക സൃഷ്ടിക്കുന്നതിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

## (6) അടിസ്ഥാന സൗകര്യ വികസനം

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, തിരുവനന്തപുരം ജില്ലയിലെ മലയോര മേഖല ഏറെക്കുറെ എന്റെ നിയോജകമണ്ഡലത്തിലാണ് വരുന്നത്. ആരോഗ്യമേഖലയെക്കുറിച്ചുള്ള എന്റെ രണ്ടാമത്തെ സബ്മിഷനാണിത്. വിതുരയിൽ താലൂക്കാശുപത്രിയും അതോടൊപ്പം കാട്ടാക്കട, ആര്യനാട്, വെള്ളനാട് എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും അരുവിക്കര, ഉഴമലയ്ക്കൽ, വീരണകാവ്, കുറ്റിച്ചൽ എന്നിവിടങ്ങളിൽ പ്രൈമറി ഹെൽത്ത് സെന്ററുകളും ഫാമിലി വെൽഫയർ സെന്ററുകളുമൊക്കെയുണ്ട്. 2015-ൽ വിതുര താലൂക്കാശുപത്രിയെ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്തതാണ്. മലയോരമേഖലയും ആദിവാസി മേഖലയും പ്ലാന്റേഷൻ മേഖലയായ വിതുര, പെരിങ്ങമ്മല, തൊളിക്കോട് പഞ്ചായത്തുകളിലുള്ള ധാരാളമാളുകൾ വരുന്ന പ്രധാന ആശുപത്രിയാണിത്. ആർദ്രം പദ്ധതിയിൽ ഏകദേശം 28 താലൂക്കാശുപത്രികളെ ഉൾപ്പെടുത്തിയപ്പോൾ നെടുമങ്ങാട് താലൂക്കിന്റെ പ്രൊപ്പോസലിൽ വിതുര താലൂക്കാശുപത്രി ഉൾപ്പെടുമെന്ന് പ്രതീക്ഷിച്ചിരുന്നതാണ്. നിർഭാഗ്യവശാൽ ആ പ്രൊപ്പോസൽ വിതുര താലൂക്കാശുപത്രിക്ക് ലഭിച്ചില്ല. അതിന്റെ പരിമിതികൾ ഇന്ന് നേരിടുന്നുണ്ട്. അവിടെ സ്റ്റാഫ് സ്ട്രെംഗ്തുണ്ട്. മെഡിക്കൽ ഓഫീസർമാർ അവിടെ വാരാറില്ല. ആര് വന്നാലും ലീവെടുത്ത് പോകുന്ന അവസ്ഥയാണുള്ളത്. അക്യൂട്ട് സ്റ്റാഫ് ഷോർട്ടേജും അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി പ്രശ്നവും വിതുര താലൂക്കാശുപത്രിക്കുണ്ട്. അതുപോലെതന്നെയാണ് എന്റെ നിയോജകമണ്ഡലത്തിലെ പൂവച്ചൽ പഞ്ചായത്തിലെ കാട്ടാക്കട സാമൂഹികാരോഗ്യ കേന്ദ്രം. കാട്ടാക്കട പുതിയ താലൂക്കാണ്. കാട്ടാക്കട താലൂക്കിന്റെ പ്രധാനപ്പെട്ട പ്രദേശമൊക്കെ പൂവച്ചൽ പഞ്ചായത്തിലാണ് വരുന്നത്. അവിടെയും ഏകദേശം 500-ഓളം ഒ.പി. ആണ് ഇപ്പോഴുള്ളത്. അവിടെയുള്ള കൂടുതലാളുകളും പ്രൈവറ്റ് ആശുപത്രികളിലേയ്ക്കാണ് പോകുന്നത്. കാരണം, കാട്ടാക്കട സാമൂഹികാരോഗ്യ കേന്ദ്രത്തിലും പി.എച്ച്.സി. ലെവൽ സ്റ്റാഫ് സ്ട്രെംഗ്താണുള്ളത്. 84 സെന്റ് ഭൂമിയുണ്ടെങ്കിലും അശാസ്ത്രീയമായ കെട്ടിടങ്ങളുടെ ഘടന കാരണം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയാലും അത് പൂർത്തീകരിക്കാൻ കഴിയുകയില്ല. ഈ രണ്ട് ആശുപത്രികളും അടിയന്തരമായി ആർദ്രം പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി സ്റ്റാഫ് സ്ട്രെംഗ്തും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്ക് ഹോസ്പിറ്റലിനെയാണ് ആർദ്രം മിഷനിൽ ഉൾപ്പെടുത്തിക്കൊണ്ട് സൂപ്പർ

സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടി ഉയർത്താൻ തീരുമാനിച്ചത്. പേര് താലൂക്ക് ഹോസ്പിറ്റൽ എന്നാണെങ്കിലും താലൂക്ക് ഹോസ്പിറ്റലിന്റെ പദവിയിലേയ്ക്ക് വരാത്ത ഒട്ടേറെ ആശുപത്രികളുണ്ട്. അവയിലെ നിലനിൽക്കുന്ന സ്പെഷ്യാലിറ്റികൾ ഒന്നുകൂടി മെച്ചപ്പെടുത്തിക്കൊണ്ട് ഏറ്റവും നല്ലൊരാശുപത്രിയായി നിലനിർത്തണമെന്നാണ് തീരുമാനിച്ചത്. വിതുര ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ബെഡ് സ്ട്രെംഗ്ത് 65 ആണ്. പക്ഷെ, അവിടത്തെ ഐ.പി. ശരാശരി 5 മാത്രമാണെന്നാണ് ലഭിക്കുന്ന കണക്ക്. പ്രതിദിന ഒ.പി. 600 ആണ്. വലിയ താലൂക്ക് ഹോസ്പിറ്റലിലെ ഒ.പി.-യുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് കൂടുതലാണെന്ന് പറയാൻ സാധിക്കില്ല. മലയോര മേഖലയിലൊക്കെയുള്ള നാട്ടുകാർ ആശ്രയിക്കേണ്ട ആശുപത്രി തന്നെയാണ്. അവിടെ പീഡിയാട്രിക്സ്, ഗൈനക്കോളജി, ദന്തൽ, അനസ്തേഷ്യ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങളും ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനവും 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും എക്സ്-റേയും ലാബുമെല്ലാമുണ്ട്. ഇതെല്ലാംതന്നെ നല്ലതായി പ്രവർത്തിച്ചാൽ ഒരു മലയോര മേഖലയിലെ ജനതയ്ക്കാവശ്യമായുള്ള എല്ലാ ചികിത്സാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ കഴിയുന്ന അവസ്ഥ അവിടെയുണ്ട്. 11 ഡോക്ടർമാരുൾപ്പെടെ 80 സ്റ്റാഫുണ്ട്. അതിനെയെല്ലാം പൂർണ്ണമായി ഉപയോഗപ്പെടുത്തിയാൽതന്നെ നല്ല പ്രവർത്തനം ഉറപ്പുവരുത്താൻ സാധിക്കും. ഇതിനുപുറമെ 2 ഡോക്ടർമാരെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന പുതുതായി കൊടുത്തിട്ടുണ്ട്. അവർ ലീവെടുത്ത് പോകുന്ന പ്രശ്നമുണ്ട്. അനധികൃതമായി ലീവെടുക്കുന്നുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. 7 കെട്ടിടങ്ങളായാണ് താലൂക്ക് ഹോസ്പിറ്റൽ പ്രവർത്തിക്കുന്നത്. കാഴ്ചപരിശോധനാ വിഭാഗവും ദന്തവിഭാഗവുമെല്ലാം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നൊരു ആശുപത്രിയാണെന്നുള്ളത് സംശയമില്ലാത്ത കാര്യമാണ്. ഇത് ട്രൈബൽ മേഖലയിൽ സ്ഥിതി ചെയ്യുന്നതായതുകൊണ്ട് അവിടെ ട്രൈബൽ ഹെൽത്ത് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതുപയോഗിച്ചു കൊണ്ട് പശ്ചാത്തലസൗകര്യം കുറെക്കൂടി മെച്ചപ്പെടുത്താൻ സാധിക്കും. ഇമ്മ്യൂണൈസേഷൻ റൂം, ഓഫീസ്, കോൺഫറൻസ് ഹാൾ എന്നിവ മെച്ചപ്പെടുത്തി ഒരുക്കുന്നതിന് ഇതുപയോഗിക്കാൻ സാധിക്കും. പുതിയ ഡിജിറ്റൽ എക്സ്-റേ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനവും അന്തിമഘട്ടത്തിലാണ്. ആശുപത്രിക്ക് പരിഗണന കൊടുത്തിട്ടുണ്ട്. അതുകൊണ്ട് നല്ല രീതിയിൽത്തന്നെ ആശുപത്രിയുടെ മറ്റ് പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. ജില്ലാ പഞ്ചായത്തിന്റെ ഭാഗമായി 2 കോടി രൂപയുടെ വർക്കുകൂടി അവിടെ വന്നിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ജില്ലാ പഞ്ചായത്തുതന്നെ നേരത്തെ 36 ലക്ഷം രൂപ

ചെലവിൽ ഗൈനക്കോളജി വിഭാഗം മെച്ചപ്പെടുത്തുന്നതിനുള്ളവർക്കും അവിടെ അനുവദിച്ചതായി അറിയുന്നു.

കാട്ടാക്കട താലൂക്കാശുപത്രിയല്ല. അത് സാമൂഹികാരോഗ്യ കേന്ദ്രമാണ്. പി.എച്ച്.സി.-യുടെ സ്റ്റാഫ് സ്ട്രെംഗ്ത് മാത്രമേ അതിനുള്ളൂ. സി.എച്ച്.സി. എന്ന് ബോർഡ് മാറ്റി വച്ച് ഉദ്ഘാടനം ചെയ്തതായിരുന്നു. അടുത്ത വർഷത്തെ ആർദ്രം മിഷനിൽ അതുൾപ്പെടുത്തിയിട്ടുണ്ട്. അതിനെ ഫാമിലി ഹെൽത്ത് സെന്ററായി മാറ്റാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇപ്പോൾ ഒരു ഡോക്ടറും 3 സ്റ്റാഫ് നഴ്സും 2 ലാബ് ടെക്നീഷ്യനും ഒരു ഫാർമസിസ്റ്റും അടക്കം 18 പേരാണ് അവിടെയുള്ളത്. അതിനെ 3 ഡോക്ടർമാരുള്ള ആശുപത്രിയാക്കി മാറ്റണം. 4 സ്റ്റാഫ് നഴ്സ് ഉണ്ടാകണം, കൂടാതെ ഒ.പി. വിഭാഗം 2 - 6 പ്രവർത്തിക്കണം. പുതിയ 200 എണ്ണം വരുന്നതിന്റെ കൂട്ടത്തിൽ അതിനെ മെച്ചപ്പെടുത്തി ഫാമിലി ഹെൽത്ത് സെന്ററായി ആർദ്രം മിഷനിൽ ഉൾപ്പെടുത്തി ഉയർത്തുന്നതാണെന്നുള്ള കാര്യംകൂടി അറിയിക്കുകയാണ്.

## (7) സ്നേഹപൂർവ്വം പദ്ധതി

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ മരിച്ചാൽ, വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനുള്ള സഹായം കഴിഞ്ഞ ഗവൺമെന്റിൽ സാമൂഹ്യനീതി വകുപ്പുമന്ത്രിയായിരുന്ന ഡോ. എം. കെ. മുനീർ കൊണ്ടുവന്ന, ലോകം മുഴുവൻ പ്രശംസിക്കപ്പെട്ട പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. അങ്ങ് മന്ത്രിയായപ്പോൾ വളരെ സന്തോഷം തോന്നി. കാരണം, അങ്ങ് അമ്മയാണ്, സഹോദരിയാണ്. ആ പദ്ധതിയുടെ ഒരു പുഷ്കലകാലമാ യിരിക്കുമെന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ 2017-18-ൽ പകുതി കുട്ടികൾക്കുമാത്രമേ ഇതിന്റെ ആനുകൂല്യം കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. 2018-19-ൽ ഒരൊറ്റ വിദ്യാർത്ഥിക്കുപോലും സ്നേഹപൂർവ്വം പദ്ധതിയിൽനിന്ന് പൈസ കിട്ടിയിട്ടില്ല. ബാങ്കിലുണ്ടായിരുന്ന പൈസ ട്രഷറിയിലേയ്ക്ക് മാറ്റി. ട്രഷറിയിൽനിന്നും റിലീസ് ചെയ്തുകൊടുക്കുന്നില്ല. വളരെ ദുഃഖകരമായ അവസ്ഥയാണ്. എന്റെ നിയോജകമണ്ഡലത്തിൽ അഞ്ഞൂറിൽപ്പരം വിദ്യാർത്ഥികൾക്ക് തുക കിട്ടാനുണ്ട്. 140 നിയോജകമണ്ഡലങ്ങളിലും വിദ്യാർത്ഥികൾ ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്. അതുകൊണ്ട് കഴിഞ്ഞ വർഷവും ഈ വർഷവും കിട്ടാനുള്ള തുക ഉടനെതന്നെ വിതരണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സ്നേഹപൂർവ്വം പദ്ധതിക്ക് യാതൊരു

തടസ്സവുമുണ്ടായിട്ടില്ല. ഇത് നല്ലൊരു പദ്ധതിയാണ്. മാതാവോ പിതാവോ അല്ലെങ്കിൽ രണ്ടുപേരും മരണമടഞ്ഞവരോ അല്ലെങ്കിൽ സംരക്ഷിക്കാൻ കഴിയാത്തവരോ ആയിട്ടുള്ള പാവപ്പെട്ട കുട്ടികൾക്ക് വീട്ടിൽവച്ചുതന്നെ ആവശ്യമായ സംരക്ഷണം നൽകുന്നതിന് കൊടുക്കുന്ന തുകയാണിത്. അത് വ്യത്യസ്ത രീതിയിലാണ്. ഒന്നാം ക്ലാസ്സ് വരെയുള്ളവർക്ക് പ്രത്യേക തുകയും പത്താം ക്ലാസ് വരെയുള്ളവർക്ക് പ്രത്യേക തുകയുമാണ് നൽകുന്നത്. അങ്ങനെ ഒരു നിശ്ചിത തുക പ്രതിമാസത്തേയ്ക്ക് കൊടുക്കുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം. 2017-18 അദ്ധ്യയന വർഷത്തിൽ 54340 വിദ്യാർത്ഥികൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന കുടിശ്ശികയുൾപ്പെടെ 28,48,25,350 രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. എറണാകുളം ജില്ലയിൽനിന്ന് മാത്രം 4255 അപേക്ഷകൾ സ്വീകരിക്കുകയും അതിൻപ്രകാരം 2,19,25,550 രൂപ 2017-18 അദ്ധ്യയന വർഷത്തിൽ നൽകിയിട്ടുമുണ്ട്. 2018-19 അദ്ധ്യയന വർഷത്തിൽ സ്നേഹപൂർവ്വം പദ്ധതിക്കായുള്ള അപേക്ഷ ഒക്ടോബർ 1-ാം തീയതി സ്വീകരിച്ചുതുടങ്ങുകയും ഈ അപേക്ഷകൾ ഡിസംബർ 15 വരെ ഓൺലൈനായി അപേക്ഷിക്കാനായി നൽകുകയും ചെയ്തു. അതുപ്രകാരം ഇപ്പോഴും സ്കൂൾ മേധാവി സാക്ഷ്യപ്പെടുത്തിയ സബ്മിഷൻ റിപ്പോർട്ട് കിട്ടിക്കൊണ്ടിരിക്കുകയാണ്. 2018-19 അദ്ധ്യയന വർഷത്തിൽ 8205 വിദ്യാർത്ഥികൾക്ക് 4,39,94,300 രൂപ ധനസഹായം നൽകിക്കഴിഞ്ഞു. 28,141 അപേക്ഷകൾകൂടി അംഗീകരിച്ച് 15,23,20,150 രൂപ ജൂലൈ മാസത്തിനകം ട്രഷറി മുഖേന ബാങ്ക് അക്കൗണ്ടുകളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുനൽകുന്നതാണ്. 2018-19 അദ്ധ്യയന വർഷത്തിൽ നിലവിൽ എറണാകുളം ജില്ലയിൽനിന്ന് 2849 അപേക്ഷകളാണ് കിട്ടിയത്. അതിൻപ്രകാരം 1,55,31,200 രൂപ അപേക്ഷകരുടെ അക്കൗണ്ടുകളിൽ ജൂലൈ മാസത്തിന് മുമ്പുതന്നെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുനൽകുന്നതാണ്. ആയിരത്തി ഒരുന്നൂറോളം പൂർത്തീകരിച്ച അപേക്ഷകൾ വിദ്യാഭ്യാസ സ്ഥാപന മേധാവികൾ അംഗീകരിച്ച് ലഭ്യമാക്കേണ്ടതുണ്ട്. അവ ലഭ്യമാകുന്ന മുറയ്ക്ക് ആ തുകയും നൽകുന്നതാണ്. കളമശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും 2017-18 അദ്ധ്യയന വർഷത്തിൽ 393 ഓൺലൈൻ അപേക്ഷകൾ ലഭിച്ചതിൽ 255 അപേക്ഷകളും അംഗീകരിച്ചു. 14,32,100 രൂപ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിക്കഴിഞ്ഞു. 95 അപേക്ഷകൾ വിദ്യാഭ്യാസ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി പ്രിന്റൗട്ട് കിട്ടുന്നതിനുവേണ്ടി കാത്തുനിൽക്കുകയാണ്. ഈ വിവരം വിദ്യാഭ്യാസ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട്. പ്രിന്റൗട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ അപേക്ഷകൾ പരിശോധിച്ച് അതിനുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതാണ്. എന്നാൽ 30 അപേക്ഷകൾ വരുമാനപരിധി കൂടുതലായതിനാലും 13 അപേക്ഷകൾ അപൂർണ്ണമായതിനാലും

പരിഗണിക്കാൻ സാധിക്കുന്നതല്ല. 2018-19 അദ്ധ്യയന വർഷത്തിൽ നിലവിൽ കളമശ്ശേരി മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് 435 അപേക്ഷകൾ ഓൺലൈൻ മുഖേന ലഭിച്ചതിൽ 255 അപേക്ഷകൾ അംഗീകരിച്ചു. ഇതിനായി 15,29,250 രൂപ ജൂലൈ മാസത്തോടുകൂടി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്. എന്നാൽ 101 അപേക്ഷകൾ സ്ഥാപന മേധാവികൾ സാക്ഷ്യപ്പെടുത്തി നൽകിക്കഴിഞ്ഞിട്ടില്ല. അതിന്റെ പ്രിന്റൗട്ട് കിട്ടുന്ന മുറയ്ക്കുമാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. 71 അപേക്ഷകൾ അപൂർണ്ണമായതിനാലും 8 അപേക്ഷകൾ വരുമാന പരിധി കൂടുതലായതിനാലും നിരസിച്ചിട്ടുള്ളതാണ്. ഇത് കൃത്യമായിട്ടുള്ള കണക്കാണ്.

## (8) കെട്ടിട നമ്പർ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ആന്തൂരിലെ സാജൻ എന്ന പ്രവാസിയുടെ ആത്മഹത്യയോടുകൂടി പ്രവാസികളുടെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ഈ സഭ വളരെ സജീവമായി ചർച്ച ചെയ്യുകയുണ്ടായി. രണ്ട് സ്ഥലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവാസികളുടെ പ്രോജക്ടുമായി ബന്ധപ്പെട്ട് എടുത്ത നിലപാട് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ഒന്ന്, കടപ്പുറം പഞ്ചായത്തിലെ അഞ്ചങ്ങാടിയിൽ ശ്രീ. മൊയ്തീൻ ഷാ ഐസുണ്ണി കോംപ്ലക്സ് എന്ന പ്രോജക്ട് നിർമ്മിക്കുകയും അനുമതിക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്തു. നിസ്സാരമായ കാരണങ്ങൾ പറഞ്ഞുകൊണ്ട് 6 മാസമായിട്ടും അനുമതി കൊടുത്തില്ല. അവിടത്തെ പഞ്ചായത്ത് ഓഫീസിന്റെ തൊട്ടടുത്താണ് ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. രോഗിയായ മനുഷ്യൻ ഇപ്പോഴും പല ഓഫീസുകൾ കയറിയിറങ്ങി നടക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ നമ്മളെടുക്കേണ്ട പൊതുവായ സമീപനം, ചിലയിടത്ത് അത് ബാധകമല്ലെന്ന് പറയുന്നത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല. ഉദ്യോഗസ്ഥർ ഇത്തരം വിഷയങ്ങളിൽ എടുക്കുന്ന നിലപാട് വളരെ ശ്രദ്ധാപൂർവ്വം കാണണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. മറ്റൊന്ന്, വടക്കേക്കാട് പഞ്ചായത്തിൽ ശ്രീ. സി. എച്ച്. അബൂബക്കർ ഒരു സി. എച്ച്. പ്രോപ്പർട്ടി എന്ന ഹൗസിംഗ് പ്രോജക്ട് ഉണ്ടാക്കി. 2016-ൽ അദ്ദേഹത്തിന് നമ്പർ കൊടുത്തു. പക്ഷെ, 2017-ൽ അസാധാരണമായി പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് ആ നമ്പർ ക്യാൻസൽ ചെയ്യുന്നതിന് തീരുമാനമെടുത്തു. ഭരണസമിതിയിലെ കുറെ അംഗങ്ങളും സെക്രട്ടറിയും വിയോജനം രേഖപ്പെടുത്തി. ഇത്തരത്തിൽ പ്രവാസികളെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ

ഇടപെടുകയും ചെറിയ ചെറിയ തടസ്സങ്ങളും കുഴപ്പങ്ങളും ഉണ്ടെങ്കിൽപ്പോലും അവരുടെ ജീവിതകാലം മുഴുവനുമുള്ള സമ്പാദ്യമെന്നുള്ള നിലയിൽ ഈ കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിൽ ശ്രീ. മൊയ്തീൻ ഷാ പുതിയേടത്തിന് 525.68 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള മൂന്നുനില കെട്ടിടത്തിന്റെ താഴത്തെ നില വാണിജ്യാവശ്യത്തിനും മറ്റ് രണ്ട് നിലകൾ താമസ ആവശ്യത്തിനും പണിയുന്നതിന് പെർമിറ്റ് അനുവദിച്ചിരുന്നു. ശ്രീ. അബ്ദുൾ മനാഫ് ചാലിൽ എന്നയാളിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ചതിൽ അപേക്ഷകൻ പെർമിറ്റിൽനിന്ന് വ്യതിചലിച്ചുകൊണ്ട് ഒന്നാമത്തെ നില വാണിജ്യാവശ്യത്തിന് ഒക്കുപെൻസിയാക്കി മാറ്റുകയും താഴത്തെ നിലയിലും ഒന്നാമത്തെ നിലയിലും 1.5 മീറ്റർ വീതിയിൽ പെർമിറ്റ് പ്രകാരമുള്ള പ്ലാനിൽ ഉൾപ്പെടാത്ത വരാന്ത പണിയുന്നതുമായി കണ്ടെത്തി. ആയത് അഞ്ചങ്ങാടി, മൂന്നാംകല്ല് പി.ഡബ്ല്യു.ഡി. റോഡിന്റെ സമീപത്തായതിനാൽ കേരളാ പഞ്ചായത്ത് രാജ് ആക്ട് 220 (ബി) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള റോഡിൽനിന്നുള്ള മൂന്ന് മീറ്റർ അകലം പാലിക്കേണ്ടതുണ്ടെന്നും ചട്ടം 227 (3) പ്രകാരമുള്ള വ്യാപ്തി വരാന്തയ്ക്ക് ലഭ്യമാക്കണമെന്നും അപേക്ഷകനെ രേഖാമൂലം അറിയിച്ചിരുന്നു. എന്നാൽ അപേക്ഷകൻ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി താഴത്തെ നിലയിലെ വരാന്ത 110 സെന്റീമീറ്റർ ചുരുക്കി ഒരു മാറ്റവും വരുത്താതെ കെട്ടിട നമ്പരിനായി അപേക്ഷ സമർപ്പിക്കുകയാണുണ്ടായത്. പ്രസ്തുത അപേക്ഷയിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തിയതിൽ മുകളിലത്തെ നിലയിലെ വരാന്തയ്ക്ക് കിഴക്കുഭാഗത്ത് 100 സെന്റീമീറ്ററോളവും പടിഞ്ഞാറുഭാഗത്ത് 40 സെന്റീമീറ്ററോളവും കേരള പഞ്ചായത്ത് രാജ് ആക്ട് 220 (ബി) പ്രകാരം പാലിക്കേണ്ട മൂന്ന് മീറ്റർ അകലത്തിലേയ്ക്ക് തള്ളിയാണ് നിൽക്കുന്നതെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കെ.പി.ബി.ആർ. ചട്ടം 27(3), കേരള പഞ്ചായത്ത് രാജ് ആക്ട് 220 (ബി) എന്നിവ പാലിക്കുന്നില്ലെന്നും കെട്ടിടത്തിന് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്നും 8-1-2019, 22-6-2019 എന്നീ തീയതികളിൽ അപേക്ഷകനെ അറിയിക്കുകയുണ്ടായി. എന്നാൽ അപേക്ഷകൻ നാളിതുവരെയായി കെട്ടിടത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല, അതിനാലാണ് കെട്ടിട നമ്പർ നൽകാത്തതെന്നാണ് കടപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ഇന്നലെയാണ് അങ്ങയുടെ നോട്ടീസ് ലഭിച്ചത്. ഇതുമായി ബന്ധപ്പെട്ട് കിട്ടിയ പെട്ടെന്നുള്ള വിവരമാണിത്. തൃശ്ശൂർ ഡി.ഡി.പി-യുടെ നേതൃത്വത്തിൽ സാങ്കേതിക വിദഗ്ദ്ധവിഭാഗം ഉദ്യോഗസ്ഥരെവച്ച് ഈ കാര്യം ഗൗരവമായ പരിശോധനയ്ക്ക്

വിധേയമാക്കുന്നതാണ്. അത് റെഗുലറൈസ് ചെയ്യുവാൻ സാധിക്കുമെങ്കിൽ, അദ്ദേഹത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും ഇവരുടെ പരിശോധനയുടെ അടിസ്ഥാനത്തിലും തീരുമാനമെടുക്കുന്നതാണ്. രണ്ടാമത്തെ കാര്യം, വടക്കേക്കാട് ഗ്രാമപഞ്ചായത്ത്, വടക്കേക്കാട് വില്ലേജിലെ 61, 17, 18 സർവ്വേകളിൽപ്പെട്ട ഭൂമിയിൽ മൂന്നുനില അപ്പാർട്ട്മെന്റ് കെട്ടിടം പണിയുന്നതിന് സി.എച്ച്. അബൂബേക്കർ, അമ്മന്നൂർ വീട്, വടക്കേക്കാട് എന്നിവർക്ക് 15-1-2015-ൽ എ 4/167/14 നമ്പരായി കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുള്ളതും ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷപ്രകാരം നിർമ്മാണം പൂർത്തിയാക്കിയ 12 യൂണിറ്റുകൾക്ക് കെട്ടിട നമ്പരുകൾ 2/263(എ) മുതൽ 2/263 (എൽ) വരെ അനുവദിച്ചിട്ടുള്ളതുമാണ്. ടി കെട്ടിട നമ്പരുകൾ നാളിതുവരെ റദ്ദ് ചെയ്തിട്ടില്ലെന്നും 2019-20 സാമ്പത്തിക വർഷത്തെ വസ്തു നികുതി 22-6-2019-ൽ അടവാക്കിയിട്ടുണ്ടെന്നും വടക്കേക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## (9) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, കാലിത്തീറ്റ വിലവർദ്ധനവിൽ ദുരിതമനുഭവിക്കുന്ന ക്ഷീരകർഷകരെ സംരക്ഷിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കാലിത്തീറ്റ വില 1125 രൂപയായി വർദ്ധിച്ചിരിക്കുന്നു. സൂപ്പർക്വാളിറ്റി കാലിത്തീറ്റ വില 1,300 രൂപയാണ്. പാൽ വില വർദ്ധനവിനെ അപേക്ഷിച്ച് കാലിത്തീറ്റ വിലവർദ്ധനവ് ക്രമാതീതമായി കൂടുതലാണ്. പാൽവില വർദ്ധനവ് രണ്ട് വർഷം കൂടുമ്പോൾ മാത്രമാണ് ഉണ്ടാകുന്നത്. എന്നാൽ കാലിത്തീറ്റ വിലവർദ്ധനവ് മാസംതോറും ഉണ്ടാകുന്നു. ഒരു ലിറ്റർ പാലിന് കർഷകന് 34 രൂപയും മിൽമയ്ക്ക് 40 രൂപയും ലഭിക്കുന്നു. ഒരു ദിവസം 150 രൂപയുടെ കാലിത്തീറ്റ ചുരുങ്ങിയത് വേണ്ടിവരും. അതിനനുസൃതമായുള്ള വരുമാനം പാൽവിലയിൽനിന്നും കർഷകന് ലഭിക്കാത്ത സ്ഥിതിയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രൊഡക്ഷൻ ഇൻസെന്റീവായി കർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കുക, വെറ്ററിനറി ചെലവ് സൗജന്യമാക്കുക, ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപകമാക്കി കർഷകന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക, നാളികേരത്തിന്റെ ഉപോൽപ്പന്നമായ തേങ്ങാപ്പിണ്ണാക്ക് സർക്കാർ സംഭരിച്ച് കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക തുടങ്ങിയവ നടപ്പാക്കി ക്ഷീര കർഷകരെ സംരക്ഷിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചാണ് ശ്രീ. കെ. വി. വിജയദാസ് സബ്മിഷൻ അവതരിപ്പിച്ചിരിക്കുന്നത്. ക്ഷീരോൽപ്പാദനത്തിൽ ഉണ്ടായിട്ടുള്ള ചെലവുവർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിച്ച് ക്ഷീരകർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്തുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. കാലിത്തീറ്റ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾക്കായി പൂർണ്ണമായും മറ്റ് സംസ്ഥാനങ്ങളെയാണ് നാം ആശ്രയിക്കുന്നത്. ഇത് കാലിത്തീറ്റയുടെ വിലവർദ്ധനയ്ക്ക് ഇടയാക്കുന്നുണ്ട്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾവഴി ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വിലവർദ്ധനവ് വില നിർണ്ണയ സമിതി പരിശോധിച്ചാണ് തീരുമാനങ്ങൾ എടുക്കുന്നത്. ഇതിൽ ക്ഷീരകർഷകർക്ക് പരമാവധി ബുദ്ധിമുട്ടുകൾ വരാത്ത രീതിയിലാണ് കാര്യങ്ങൾ സ്വീകരിച്ചുവരുന്നത്. കൂടാതെ ക്ഷീരകർഷകരെ കാലിത്തീറ്റ വിലവർദ്ധനവിൽനിന്നും സംരക്ഷിക്കുന്നതിനായി കാലിത്തീറ്റയുടെ അളവുകുറച്ച് തീറ്റപ്പുല്ലും മറ്റ് പ്രാദേശിക കാലിത്തീറ്റ വിളകളും കർഷകർക്ക് ലഭ്യമാക്കുന്നതിനായി തീറ്റപ്പുല്ല്, അസോള, വൃക്ഷവിളകൾ എന്നീ കൃഷികൾക്കാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനുപുറമെ കേരളത്തിൽ ആദ്യമായി സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശ്ശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടപ്പാക്കുകയും ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന തീറ്റപ്പുൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ക്ഷീരവികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂരിഭാഗം പഞ്ചായത്തുകളിലും ക്ഷീരകർഷക ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് നാല് രൂപ വരെ മിൽക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും കാറ്റിൽ ഫീഡിംഗ് സബ്സിഡിയും നടപ്പിലാക്കുന്നുണ്ട്. ക്ഷീരമേഖലയിലുണ്ടായ കൂലിച്ചെലവ് കണക്കിലെടുത്ത് കർഷകർക്ക് യന്ത്രവൽക്കരണത്തിലൂടെ കൂലിച്ചെലവ് കുറയ്ക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി കറവ യന്ത്രങ്ങൾ, ചാഫ് കട്ടർ തുടങ്ങിയവയും കാലിത്തൊഴുത്ത് ശുചിയാക്കുന്നതിനുള്ള യന്ത്രസാമഗ്രികളും വാങ്ങുന്നതിനുള്ള സഹായം നൽകുന്നുണ്ട്. ക്ഷീരവികസന വകുപ്പ് 2018-19 സാമ്പത്തിക വർഷത്തിൽ ക്ഷീരകർഷകർക്കുവേണ്ടി 121.75 കോടി രൂപയുടെ വിവിധ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് 92.41 കോടി രൂപയുടെ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്നുവർഷം ക്ഷീരസംഘങ്ങളിലൂടെ സംഭരിച്ച പാലിലുണ്ടായ വർദ്ധനവ് ഈ

മേഖലയിൽ കൂടുതൽ കർഷകർ കടന്നുവരുന്നുണ്ട് എന്നുള്ളതിന്റെ ഉദാഹരണമാണ്. 2016-17-ൽ ക്ഷീരസംഘങ്ങളിലൂടെ പ്രതിദിന പാലുൽപ്പാദനം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2017-18-ൽ 18.14 ലക്ഷം ലിറ്ററായും 2018-19-ൽ 18.64 ലക്ഷം ലിറ്ററായും വർദ്ധിച്ചു. വെള്ളപ്പൊക്കക്കെടുതി ഉണ്ടായിരുന്നിട്ടും പാൽ സംഭരണം കുറഞ്ഞിട്ടും കഴിഞ്ഞ സാമ്പത്തിക വർഷം ഉൽപ്പാദനം മെച്ചപ്പെട്ടതായിട്ടാണ് സൂചിപ്പിക്കുന്നത്. ക്ഷീര മേഖലയിൽ നടപ്പിലാക്കിയ വിവിധ കർഷകക്ഷേമ പദ്ധതികളുടെ ഭാഗമായി കൂടുതൽ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും പാലുൽപ്പാദനത്തിൽ 2016-17-നെക്കാൾ ഏകദേശം 14.6% വർദ്ധനവ് രേഖപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. എങ്കിൽക്കൂടിയും ഈ മേഖലയിലെ ക്ഷീര കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരമാവധി പരിഹരിക്കുന്നതിനുള്ള ശ്രമവും സർക്കാർ നടത്തിവരികയാണ്, തുടർന്നും അത്തരം നടപടികൾ സ്വീകരിക്കുന്നതാണ്.

## (10) 110 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ നിയോജകമണ്ഡലമായ തൃത്താലയിൽ വൈദ്യുതി വിതരണരംഗത്ത് ഗുരുതരമായ ചില പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഇക്കഴിഞ്ഞ ദിവസം വലിയ കാറ്റും മഴയുമൊക്കെ ഉണ്ടായപ്പോൾ മരങ്ങൾ വീണ് നിരവധി പോസ്റ്റുകൾ തകർന്നുപോയി. ഒരാഴ്ചയിലേറെക്കാലം അവിടെ വൈദ്യുതി വിതരണം തടസ്സപ്പെട്ടു. പ്രത്യേകിച്ചും പരുതൂർ പഞ്ചായത്തിൽ ഈ പ്രശ്നം ഇപ്പോഴും ആവർത്തിക്കുന്നുണ്ടെന്നുള്ള ആക്ഷേപം ജനങ്ങളിൽനിന്നും ഉയരുകയാണ്.

തൃത്താല നിയോജകമണ്ഡലത്തിലെ പടിഞ്ഞാറങ്ങാടി സെക്ഷന്റെയും കുമ്പിടി സെക്ഷന്റെയും കീഴിലുള്ള പ്രദേശങ്ങളിലെ വൈദ്യുതി വിതരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഒരു 110 കെ.വി. സബ്സ്റ്റേഷൻ പുതുതായി ആരംഭിക്കേണ്ടതിന്റെ ആവശ്യകത അങ്ങയെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പടിഞ്ഞാറങ്ങാടി സെക്ഷനിൽ ഏതാണ്ട് പതിനേഴായിരത്തോളവും കുമ്പിടി സെക്ഷനുകീഴിൽ പതിനായിരത്തിൽ താഴെയും ഉപഭോക്താക്കളുണ്ട്. ഒരു വ്യവസായ പാർക്ക് പറക്കുളത്ത് പ്രവർത്തിക്കുന്നുണ്ട്. അവിടെ വൈദ്യുതി വിതരണത്തിൽ വലിയ അപാകതയുണ്ടാകുന്നു. വോൾട്ടേജ് ക്ഷാമവും വൈദ്യുതി തകരാറുകളും സ്ഥിരമായി സംഭവിക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരമായി കെ.എസ്.ഇ.ബി.-യിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തപ്പോൾ ഒരു സബ്സ്റ്റേഷൻ അവിടെ ആരംഭിക്കുക എന്നതാണ് അവർ നിർദ്ദേശിച്ചൊരു കാര്യം. ഇതിന്റെ പരിസരത്തിലൂടെ 110 കെ.വി. ലൈൻ പോകുന്നുണ്ട്. ആ ലൈൻ അൽപ്പമൊന്ന് നീട്ടിയാൽ മറ്റ് തടസ്സങ്ങളൊന്നും ഇല്ലാതെതന്നെ ഈ സബ്സ്റ്റേഷൻ നമുക്ക് ആരംഭിക്കാൻ സാധിക്കും. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൂടാതെ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലത്താണ് കുമ്പിടി സെക്ഷൻ ഓഫീസ് ആരംഭിച്ചത്. പ്രസ്തുത സെക്ഷൻ ഓഫീസിന് പഞ്ചായത്തിന്റെ സൗജന്യമായ സ്ഥലവും മറ്റ് സൗകര്യങ്ങളും ഒരുക്കിനൽകാമെന്നുള്ള ഒരു ഓറൽ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് ആരംഭിച്ചത്. പക്ഷേ ഇപ്പോൾ പഞ്ചായത്ത് അതിൽനിന്നും പിൻമാറുകയാണ്. പഞ്ചായത്തിന് അതിനുള്ള സാമ്പത്തിക സ്ഥിതിയില്ല എന്നാണ് പറയുന്നത്. സംസ്ഥാനത്തെ പല സ്ഥലങ്ങളിലും കെ.എസ്.ഇ.ബി. തന്നെ ആ ചെലവ് വഹിച്ചുകൊണ്ട് സെക്ഷൻ ഓഫീസുകൾ നിലനിർത്തുന്ന സാഹചര്യമുണ്ട് എന്നാണ് പറയുന്നത്. കുമ്പിടി സെക്ഷൻ ഓഫീസ് അവിടെനിന്ന് മാറ്റണമെന്നുള്ള നിർദ്ദേശം വന്നിട്ടുണ്ട്. അക്കാര്യത്തിൽക്കൂടി ഇടപെട്ടുകൊണ്ട് അത് നിലനിർത്താനും ഒരുപാട് ആളുകൾക്ക് പ്രയോജനമുള്ള ഇക്കാര്യത്തിൽ ഇടപെടൽ ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. എത്രയുംപെട്ടെന്ന് 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കാനുള്ള അനുകൂല തീരുമാനം ഉണ്ടാകണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, തൃത്താല നിയോജകമണ്ഡലത്തിലെ പടിഞ്ഞാറങ്ങാടി, കുമ്പിടി തുടങ്ങിയ സ്ഥലങ്ങളിൽ ഇപ്പോൾ വൈദ്യുതി എത്തിക്കുന്നത് എടപ്പാൾ 110 കെ.വി., കൂറ്റനാട് 110 കെ.വി., തൃത്താല 33 കെ.വി. എന്നീ സബ്സ്റ്റേഷനുകളിൽനിന്നുമാണ്. ദൈർഘ്യമേറിയ എട്ടോളം 11 കെ.വി. ഫീഡറുകളിൽക്കൂടിയാണ് ഈ പ്രദേശത്ത് വൈദ്യുതി വിതരണം നടത്തുന്നത്. ഈ ഫീഡറുകൾ ഒന്നിലധികം സെക്ഷൻ പരിധിക്കുള്ളിൽക്കൂടി കടന്നാണ് ഈ പ്രദേശങ്ങളിലെത്തുന്നത്. അതുകൊണ്ട് വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് പ്രശ്നങ്ങളും അനുഭവപ്പെടുന്നുണ്ട്. പട്ടാമ്പിയിൽ പുതിയൊരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇത് പൂർത്തിയാകുകയും തൃത്താല സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്ത് പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരം കാണാവുന്നതാണ്. എന്നാൽ ശാശ്വത പരിഹാരത്തിന് പ്രദേശത്ത് പുതിയൊരു സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതുണ്ട്. 110 കെ.വി. സബ്സ്റ്റേഷന്റെയും 33 കെ.വി. സബ്സ്റ്റേഷന്റെയും സാധ്യതകൾ പരിശോധിച്ചിട്ടുണ്ട്. പടിഞ്ഞാറങ്ങാടി ഭാഗത്ത് 110 കെ.വി. ലൈൻ നിലവിലുണ്ട്. ഇതുപയോഗപ്പെടുത്തി ഇവിടെ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാവുന്നതാണ്. മറ്റേതെങ്കിലും പ്രദേശത്താണെങ്കിലും 33 കെ.വി. സബ്സ്റ്റേഷനാണ് പ്രായോഗികം. ഈ രണ്ട് സാധ്യതകൾക്കും അനുയോജ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. ന്യായമായ വിലയ്ക്ക് സ്ഥലം കണ്ടെത്താൻ കഴിയാതിരുന്നതിനാൽ ഇക്കാര്യത്തിൽ മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. അങ്ങ് കൂടി മുൻകയ്യെടുത്ത് സ്ഥലം കണ്ടെത്തി നൽകിയാൽ എത്രയുംവേഗം സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട അനുമതിയും തുടർ നടപടികളും സ്വീകരിക്കാവുന്നതാണ്.

# V മേശപ്പുറത്തുവച്ച കടലാസുകൾ

I ലിസ്റ്റ് 1 പ്രകാരമുള്ള കടലാസുകൾ

1. മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2016-17 | 1 | 40 |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2016-17 | 1 | 131, 132 |
| | 2017-18 | 2 | 117 |

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV—വ്യവസായവും ധാതുക്കളും | 2014-15 | 4 | 9 |
| VI—വിദ്യാഭ്യാസം | 2015-16 | 5 | 61-80, 84 |
| | 2016-17 | 1 | 71, 72, 76-86 |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX—തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2017-18 | 2 | 6 |
| II—ഭൂനികുതിയും ദേവസ്വവും | 2014-15 | 4 | 7 |
| | 2016-17 | 1 | 4, 6 |

4. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2016-17 | 1 | 106-111, 113 |
| | 2017-18 | 2 | 107-111 |

5. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2015-16 | 5 | 12, 14 |
| | 2017-18 | 2 | 18, 19, 20 |

6. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII—സാമൂഹ്യസേവനം | 2017-18 | 2 | 7-10, 12, 16-20 |

7.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2016-17 | 1 | 61-71 |

8. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | 2016-17 | 1 | 36, 40 |

9 സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2015-16 | 5 | 21 |

10. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 41, 42, 47, 48 |
| | 2017-18 | 2 | 33, 34 |

11. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2016-17 | 1 | 30-32, 51-56, 59-65 |

12. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI—വിദ്യാഭ്യാസം | 2014-15 | 4 | 54-60 |
| | 2015-16 | 5 | 25, 29, 31, 54, 55, 56, 58 |
| | 2017-18 | 2 | 61, 63, 64, 65 |

13. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2017-18 | 2 | 58 |

II ലിസ്റ്റ് 2 പ്രകാരമുള്ള കടലാസുകൾ

1. മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XLI — ഗതാഗതം | 2016-17 | സി.എസ്.ഐ.എൻ.(എ) വകുപ്പ് (കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്) |
| XLVI — സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2017-18 | പൊതുഭരണ (എഫ്.എഫ്.പി.) വകുപ്പ് |
| XXIX — കൃഷി | 2017-18 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കാസർഗോഡ് വികസന പാക്കേജ്) |
| XIV — സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2018-19 | പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ) |
| XVII — വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2018-19 | പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് |
| XXI — ഭവനനിർമ്മാണം | 2018-19 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സാമ്പത്തികസ്ഥിതി വിവരക്കണക്ക് വകുപ്പ്) |

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XVII — വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2017-18 | കായിക യുവജനകാര്യ വകുപ്പ് |
| XXXVII — വ്യവസായങ്ങൾ | 2017-18 | വ്യവസായ വകുപ്പ് (കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) |
| XXXVII — വ്യവസായങ്ങൾ | 2017-18 | വ്യവസായ വകുപ്പ് (യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്) |
| XXXVII — വ്യവസായങ്ങൾ | 2017-18 | വ്യവസായ വകുപ്പ് (സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്) |
| XXXVII — വ്യവസായങ്ങൾ | 2017-18 | വ്യവസായ വകുപ്പ് (ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്) |
| XXXVII — വ്യവസായങ്ങൾ | 2018-19 | വ്യവസായ വകുപ്പ് (ആട്ടോകാസ്റ്റ് ലിമിറ്റഡ്) |
| XXXVII — വ്യവസായങ്ങൾ | 2018-19 | വ്യവസായ വകുപ്പ് (കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| VI — ഭൂനികുതി<br>XI — ജില്ലാഭരണവും പലവകയും | 2015-16 | റവന്യൂ വകുപ്പ്<br>(ലാന്റ് റവന്യൂ, സ്റ്റേറ്റ് ലാന്റ് ബോർഡ്, സർവ്വേയും ഭൂരേഖയും) |
| XI — ജില്ലാഭരണവും പലവകയും | 2016-17 | ലാന്റ് റവന്യൂ |
| XXI — ഭവന നിർമ്മാണം | 2017-18 | ഭവന നിർമ്മാണ വകുപ്പ്<br>(ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം) |
| XVI — പെൻഷനും പലവകയും | 2018-19 | റവന്യൂ (ബി) വകുപ്പ് |

4. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XL — തുറമുഖങ്ങൾ | 2017-18 | മത്സ്യബന്ധന-തുറമുഖ (ഡി) വകുപ്പ്<br>[തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്(പോർട്ട് സെക്ടർ), ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്] |

5. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XXIX — കൃഷി | 2017-18 | കൃഷി വകുപ്പ് (മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്) |

6. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XXV— പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവയുടെ ക്ഷേമം | 2017-18 | പട്ടികജാതി വികസന വകുപ്പ് |

7. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XVIII— വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2017-18 | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| XIX — കുടുംബക്ഷേമം | 2017-18 | " |
| XX — ശുദ്ധജല വിതരണവും ശുചീകരണവും | 2017-18 | " |
| XXX — ഭക്ഷ്യം | 2017-18 | " |

8. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XV — പൊതുമരാമത്ത് | 2017-18 | പൊതുമരാമത്ത് വകുപ്പ് |

9. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XXIV — തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2010-11 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്) |
| XXIV — തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2016-17 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| XXIV — തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2017-18 | തൊഴിൽ വകുപ്പ് |
| XXIV — തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 | തൊഴിലും നൈപുണ്യവും വകുപ്പ് (കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, ഫാക്ടറീസ് & ബോയിലേഴ്സ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്) |

10. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XXX — ഭക്ഷ്യം | 2017-18 | ഭക്ഷ്യ - പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് |

11. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XXII — നഗരവികസനം | 2016-17 | തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യ വകുപ്പ്) |
| XXXVI — ഗ്രാമവികസനം | 2016-17 | തദ്ദേശസ്വയംഭരണ വകുപ്പ് (ഗ്രാമവികസന വകുപ്പ്) |
| XXII — നഗര വികസനം | 2017-18 | തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യ വകുപ്പ്) |
| XXXV — പഞ്ചായത്ത് | 2017-18 | തദ്ദേശസ്വയംഭരണ വകുപ്പ് (പഞ്ചായത്ത്) |

12. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XXXIII — മത്സ്യബന്ധനം (ശീർഷകം - 6405) | 2010-11 | മത്സ്യബന്ധന തുറമുഖ വകുപ്പ് |
| XXXIII — മത്സ്യബന്ധനം | 2017-18 | മത്സ്യബന്ധന തുറമുഖ വകുപ്പ് |

13. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XXXI — മൃഗസംരക്ഷണം | 2017-18 | കൃഷി (A.H.G.) വകുപ്പ് (കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ) |

14. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XXXIX — വൈദ്യുത പദ്ധതികൾ | 2011-12 | എനർജി മാനേജ്മെന്റ് സെന്റർ - കേരള, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| XXXIX — വൈദ്യുത പദ്ധതികൾ | 2013-14 | അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| XXXIX — വൈദ്യുത പദ്ധതികൾ | 2014-15 | അനെർട്ട് |
| XXXIX — വൈദ്യുത പദ്ധതികൾ | 2015-16 | അനെർട്ട് |
| XXXIX — വൈദ്യുത പദ്ധതികൾ | 2016-17 | എനർജി മാനേജ്മെന്റ് സെന്റർ - കേരള, അനെർട്ട്, കെ.എസ്.ഇ.ബി.എൽ. |
| XXXIX — വൈദ്യുത പദ്ധതികൾ | 2017-18 | എനർജി മാനേജ്മെന്റ് സെന്റർ - കേരള, അനെർട്ട്, കെ.എസ്.ഇ.ബി.എൽ. |

III ലിസ്റ്റ് 3 പ്രകാരമുള്ള കടലാസുകൾ

1.മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 12; പതിനൊന്നാം സമ്മേളനത്തിലെ 2041; പതിമൂന്നാം സമ്മേളനത്തിലെ 1, 113, 114, 1947, 1989, 3850, 3851, 3853; പതിനാലാം സമ്മേളനത്തിലെ 64, 89, 153, 156, 158, 1878, 1901, 1929, 1933, 1984, 1992, 2027 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 617; പതിനാലാം സമ്മേളനത്തിലെ 2380 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

3. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 379; പതിനാലാം സമ്മേളനത്തിലെ 2264, 2293 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

4. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1026; പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 734, 736, 747 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

5. ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2205 നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

6. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2662 നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

7. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 5895, പതിനൊന്നാം സമ്മേളനത്തിലെ 378, 1707; പതിനാലാം സമ്മേളനത്തിലെ 1580, 1669 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

8. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 1859, പതിനാലാം സമ്മേളനത്തിലെ 1688, 1695, 1713, 1752, 1757, 1758 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

# VI റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയാറ് മുതൽ

അൻപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാൽപ്പത്തിയാറ് മുതൽ അൻപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# VII ധനകാര്യം

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യ ർത്ഥന നമ്പർ | ധനാഭ്യർ ത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 168,38,20,000 | 296,46,66,000 | 336,76,39,000 | 592,93,34,000 | 929,69,73,000 |
| XXIX | കൃഷി | 1215,96,26,000 | 98,15,60,000 | 2431,92,53,000 | 196,31,19,000 | 2628,23,72,000 |
| XXXVIII | ജലസേചനം | 143,70,40,000 | 119,63,79,000 | 287,40,81,000 | 239,27,57,000 | 526,68,38,000 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ഖണ്ഡനോപക്ഷേപങ്ങൾ

## ധനാഭ്യർത്ഥന നമ്പർ - XX

## ശുദ്ധജലവിതരണവും ശുചീകരണവും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജല അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിൽ കാലതാമസമുള്ളതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ശുദ്ധജല വിതരണത്തിൽ ഇടയ്ക്കിടെയുണ്ടാകുന്ന തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഉയർന്ന പ്രദേശങ്ങളിലും കുന്നിൻപ്രദേശങ്ങളിലും താമസിക്കുന്നവർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തതായി

പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലസമൃദ്ധി പദ്ധതിയിൽ കുളങ്ങളും ജലസ്രോതസ്സുകളും പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് ('അമൃത്' പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഴുക്കുചാൽ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ ജലവിതരണ പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റ് നടത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിവെള്ള വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u> സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിവെള്ള പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിവെള്ള മോഷണം തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരള വാട്ടർ അതോറിറ്റിയുടെ അരുവിക്കര പ്ലാന്റിൽനിന്നും വാണിജ്യാടിസ്ഥാനത്തിൽ കുറഞ്ഞ വിലയ്ക്ക് കുപ്പിവെള്ളം ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ:</u> സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവിപണിയിൽ വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിൽ വീഴ്ചകളുണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:</u> സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള വിതരണ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (ജലസ്രോതസ്സുകൾ മലിനീകരിക്കുന്നതിനെതിരെയുള്ള നിയമം നടപ്പാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വകാര്യ ജലചൂഷണവും ജലവിൽപ്പനയും തടയുന്നതിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരള വാട്ടർ അതോറിറ്റിയെ പുനഃസംഘടിപ്പിക്കുന്നതിനും അതിന്റെ കടബാധ്യത ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിയിൽ കുടിശ്ശിക വരുത്തിയ വൻകിട ഉപഭോക്താക്കളിൽനിന്ന് വെള്ളക്കരം ഈടാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 929,69,73,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ഐ.സി. ബാലകൃഷ്ണൻ
2. ശ്രീ. സണ്ണി ജോസഫ്
3. ശ്രീ. വി. എസ്. ശിവകുമാർ
4. ശ്രീ. റോജി എം. ജോൺ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. മോൻസ് ജോസഫ്

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിൽ കാലതാമസം ഉണ്ടായതിനെത്തുടർന്ന് കർഷകർക്ക് പ്രശ്നങ്ങളുണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കടക്കെണിമൂലം കർഷകർ ആത്മഹത്യ ചെയ്യേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട കർഷകർക്ക് ആശ്വാസമെത്തിക്കാൻ കഴിയാത്തതുമൂലം പതിനഞ്ചു കർഷകർ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ സാധിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളുടെ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നെല്ല് സംഭരണത്തിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നാണ്യവിളകളുടെ വിലയിടിവുമൂലം കർഷകർ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തേങ്ങയുടെ വിലസ്ഥിരത ഉറപ്പാക്കി സംഭരണം നടത്തുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തെങ്ങിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗുണനിലവാരമുള്ള തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും തെങ്ങിന്റെ ശാസ്ത്രീയ പരിപാലനം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് ('കേരഗ്രാമം' പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അമ്പതിനായിരം ഏക്കറിൽ ജൈവ പച്ചക്കറി കൃഷി ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടും സംസ്ഥാനത്ത് ജൈവപച്ചക്കറിയെന്ന വ്യാജേന വിഷലിപ്തമായ പച്ചക്കറി വില്പന നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും വിള ഇൻഷ്വറൻസിന്റെ പരിരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ കർഷകർക്ക് വിള ഇൻഷ്വറൻസ് ലഭ്യമാകാത്ത സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാസവള വില നിയന്ത്രിക്കുന്നതിനും ഉൽപ്പന്ന വിലയിടിവ് തടയുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാരകമായ കീടനാശിനികളുടെ അനിയന്ത്രിത ഉപയോഗംമൂലം പ്രശ്നങ്ങൾ ഉണ്ടാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച

കർഷകർക്ക് സഹായം നൽകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാർഷിക ഗവേഷണരംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഗവേഷണ ഫലങ്ങൾ സാധാരണ കർഷകർക്ക് ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും കർഷകർക്ക് പ്രോവിഡന്റ് ഫണ്ട് പ്രാവർത്തികമാക്കുന്നതിനും സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2628,23,72,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു :

1. ശ്രീ. കെ. സി. ജോസഫ്
2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
3. ശ്രീ. വി. എസ്. ശിവകുമാർ
4. ശ്രീ. കെ. എസ്. ശബരീനാഥൻ
5. ശ്രീ. വി. ഡി. സതീശൻ
6. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
7. ശ്രീ. മോൻസ് ജോസഫ്.

## ധനാഭ്യർത്ഥന നമ്പർ XXXVIII —ജലസേചനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (2018-ലെ പ്രളയത്തിൽ നദീതീരങ്ങൾ ഇടിഞ്ഞതിനെ തുടർന്ന് വീടുകൾക്കും കൃഷിസ്ഥലങ്ങൾക്കുമുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി സംരക്ഷണഭിത്തികൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയത്തെ തുടർന്ന് ജലസേചന കനാലുകൾക്കുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിൽ കാലതാമസമുണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാലവർഷത്തിനുമുമ്പ് വെള്ളപ്പൊക്ക നിയന്ത്രണ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടലാക്രമണ ഭീഷണി നിലനിൽക്കുന്ന തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടലാക്രമണം പ്രതിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദീർഘകാലമായി പണിപൂർത്തിയാക്കാത്ത ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെറുകിട ജലസേചന പദ്ധതികൾ കൂടുതലായി ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലസേചന സൗകര്യം കൂടുതൽ കൃഷിസ്ഥലങ്ങളിലേയ്ക്ക് എത്തിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്പ്രിംഗ്ലർ ജലസേചനം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നദീതടങ്ങളുടെ ജല ആവാഹനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടലുണ്ടിപ്പുഴയ്ക്ക് കുറുകെ ചെമ്മങ്കടവിലെ റഗുലേറ്റർ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നദികളും തോടുകളും കായലുകളും മലിനമാക്കുന്നവർക്കെതിരെയുള്ള നിയമ നടപടികൾ ശക്തമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്നും സംസ്ഥാനത്തിന് കരാർ പ്രകാരമുള്ളത്രയും വെള്ളം നേടിയെടുക്കാനാവാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പറമ്പിക്കുളം-ആളിയാർ കരാർ സംസ്ഥാനത്തിന് പ്രയോജനകരമായ രീതിയിൽ പുതുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാവേരി നദീജല തർക്കത്തിൽ സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പമ്പ ആക്ഷൻ പ്ലാൻ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 526,68,38,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

1. ശ്രീ. മോൻസ് ജോസഫ്
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. സണ്ണി ജോസഫ്
4. ശ്രീ. കെ.എസ്. ശബരീനാഥൻ
5. ശ്രീ. റോജി. എം. ജോൺ
6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
7. ശ്രീ. വി. ഡി. സതീശൻ
8. ശ്രീ. അൻവർ സാദത്ത്.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അഭിമാനത്തോടുകൂടി പിന്തുണയ്ക്കുകയാണ്. കൃഷിഭൂമിയെയും ജല സ്രോതസ്സുകളെയും ഇല്ലാതാക്കുന്ന മുൻ സർക്കാരിൽനിന്നും വ്യത്യസ്തമായി കൃഷിയെയും കർഷകരെയും സംരക്ഷിക്കുന്ന എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കുന്ന നയങ്ങൾ കർഷകരിൽ വലിയ പ്രതീക്ഷയാണ് ഉണർത്തിയിട്ടുള്ളത്. കാർഷിക അനുബന്ധ മേഖലകളിൽ വളർച്ചാനിരക്കിൽ വർഷങ്ങൾക്കുശേഷം കേരളത്തിൽ വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത്. നെൽകൃഷി ഭൂമിയുടെ വിസ്തൃതിയിൽ വലിയ തോതിൽ വർദ്ധനവുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽനിന്നും വ്യത്യസ്തമായി ഏതാണ്ട് രണ്ട് ലക്ഷത്തി ഇരുപതിനായിരത്തോളം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്ന നിലയിൽ ഇന്ന് കേരള സംസ്ഥാനം മാറി. ഉത്പാദനക്ഷമതയിൽ കുതിച്ചുചാട്ടംതന്നെയുണ്ടായി. ഹെക്ടറിന് 2547 കിലോഗ്രാമിൽനിന്നും 2757 കിലോഗ്രാം ആയി വർദ്ധനവ് രേഖപ്പെടുത്തി. പച്ചക്കറി ഉത്പാദനം ആറ് ലക്ഷം മെട്രിക് ടണ്ണിൽനിന്നും പന്ത്രണ്ട് ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. എൽ.ഡി.എഫ്. സർക്കാർ ഈ വർഷം 2500 കോടി രൂപയാണ് കാർഷിക മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ളത്.

12.00 Noon]

നെല്ല്, നാളികേരം എന്നിവയ്ക്ക് മാർക്കറ്റിൽ വില കുറഞ്ഞപ്പോൾ അവയ്ക്ക് സംഭരണം ഏർപ്പെടുത്തി കർഷകരെ രക്ഷിക്കാൻ എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവന്നു. കൂടാതെ കേരഗ്രാമം, സംയോജിത ഭക്ഷ്യവിള ഉൽപ്പാദന പദ്ധതി, വിള ഇൻഷ്വറൻസ്, VFPCK (Vegetable and Fruit Promotion Council Keralam) എന്നിവ കർഷകർക്ക് പുത്തൻ പ്രതീക്ഷയാണ് നൽകിയിട്ടുള്ളത്. ഇതിന്റെ ഫലമായി കാർഷിക ഉൽപ്പാദനത്തിലും കർഷകരുടെ വരുമാനത്തിലും വർദ്ധനവുണ്ടായി. കേരളത്തിൽ ഗുണപരമായ മാറ്റമാണ് എൽ.ഡി.എഫ്. സർക്കാർ വന്നശേഷം നേടിയെടുത്തത്. അതിലേറ്റവും പ്രധാനപ്പെട്ടത് യുവാക്കളെ എങ്ങനെ കൃഷിയിലേയ്ക്ക് ആകർഷിക്കാമെന്നുള്ളതാണ്. ഹോർട്ടികൾച്ചർ ഉൽപ്പന്നങ്ങളുടെ കൃഷിയിലാണ് യുവാക്കൾക്ക് താൽപ്പര്യം. ഈ സാഹചര്യത്തിൽ ഒരു സംയോജിത കാർഷിക വ്യവസ്ഥയുടെ നിർമ്മാണം മുഖേനമാത്രമേ യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ സാധിക്കൂ. സാമ്പത്തികമായി ആകർഷകവും ഭൗതികവുമായി ഉത്തേജിപ്പിക്കുന്നതുമായ രീതിയിലേയ്ക്ക് കൃഷി മേഖലയെ മാറ്റിയെടുക്കണം. മാത്രമല്ല, കൃത്യമായ ഒരു ഭൂവിനിയോഗ പദ്ധതിയും നമുക്ക് വേണം. നിർമ്മാണ മേഖലകൾ, വിനോദ സഞ്ചാര മേഖലകൾ, വ്യവസായ മേഖലകൾ എന്നിങ്ങനെ ഭൂമിയെ മേഖലകളാക്കി തരംതിരിക്കുന്ന പദ്ധതി പ്രളയാനന്തര കേരളത്തിൽ അനിവാര്യമാണ്. മണ്ണിന്റെ ആരോഗ്യവും ഉൽപ്പാദനക്ഷമതയും കണക്കിലെടുത്ത് ഭൂസംരക്ഷണ പദ്ധതികളും കേരളത്തിനാവശ്യമാണ്. ഏതൊക്കെ പ്രദേശങ്ങളിൽ ഏതെല്ലാം വിളകളാണ് അനുയോജ്യമെന്ന് നിർദ്ദേശിക്കുന്ന പദ്ധതികൾ ഉണ്ടായാൽ മാത്രമേ പരിസ്ഥിതി സൗഹൃദ കൃഷിസമ്പ്രദായം സംസ്ഥാനത്ത് കൊണ്ടുവരാൻ സാധിക്കൂ. കേരളത്തിലെ പ്രധാനപ്പെട്ട മൂന്ന് കാർഷിക ജില്ലകളായ പാലക്കാട്, വയനാട്, ഇടുക്കി എന്നിവിടങ്ങളിലാണ് കൃഷി ഉപജീവനമാക്കിയവർ കൂടുതലായി അധിവസിക്കുന്നത്. അതുകൊണ്ട് ഈ മൂന്ന് ജില്ലകളിൽ പ്രത്യേക കാർഷിക നയങ്ങളുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മറ്റൊരു കാര്യം, നമ്മുടെ ഗവേഷണവും വിജ്ഞാനവും സംബന്ധിച്ചാണ്. കൃഷിയുടെ കാര്യത്തിൽ വിജ്ഞാന വ്യാപനവും ഗവേഷണവും വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇവിടെ പ്രശ്നപരിഹാരത്തിനുതകുന്ന, പ്രായോഗികക്ഷമതയുള്ള പദ്ധതികൾക്ക് രൂപംകൊടുക്കാൻ നമ്മുടെ ഗവേഷണത്തിനും വിജ്ഞാന വ്യാപനമേഖലയ്ക്കും സാധ്യമാകണം. ചെറുകൃഷിയിടങ്ങളിൽ എളുപ്പത്തിൽ പ്രയോഗിക്കാൻ ഉതകുന്ന യന്ത്രസാമഗ്രികൾ ലഭ്യമാക്കണം. പ്രാദേശികമേഖലയ്ക്ക് അനുയോജ്യമായ വിത്തിനങ്ങൾ

വികസിപ്പിച്ചെടുക്കാൻ സാധ്യമാകണം. ഇപ്പോൾ നമ്മുടെ നെൽകൃഷിയിൽ, കോയമ്പത്തൂർ സർവ്വകലാശാല കണ്ടെത്തിയ പൊന്മണി വിത്തും നമ്മുടെ സർവ്വകലാശാല കണ്ടത്തിയിട്ടുള്ള ഉമ, ജയ തുടങ്ങിയ വിത്തിനങ്ങളുമാണ് ഏതാണ്ട് 30-40 വർഷങ്ങളായി കൃഷി ചെയ്യുന്നത്. ഇതിൽനിന്ന് ഒരു മാറ്റമുണ്ടാകാൻ സാധിക്കണം. ജനിതക എഞ്ചിനീയറിംഗ്, ജൈവശാസ്ത്ര സാങ്കേതികവിദ്യ എന്നിവ ഉചിതമായി പ്രയോഗിക്കാൻ സാധ്യമാകണം. ചെടികൾക്ക് രോഗപ്രതിരോധ ശേഷി, ഉൽപ്പാദനക്ഷമത, കാലാവസ്ഥാ വ്യതിയാനം അതിജീവിക്കൽ തുടങ്ങിയ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളുടെ ഉൽപ്പന്നമായ വിത്തിനങ്ങൾ നമുക്ക് അത്യന്താപേക്ഷിതമാണ്. നമ്മുടെ കൃഷി ഉദ്യോഗസ്ഥർ ജോലി സമയങ്ങളിൽ ഓഫീസ് ജോലികൾ ചെയ്യുകയാണ് ഇപ്പോഴത്തെ സ്ഥിതി. അതിൽനിന്നും മാറി അവർ കൃഷിക്കാരോടൊപ്പവും കൃഷിയോടൊപ്പവും ഉണ്ടാകണം. അതിന് കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കി കൃഷി ഭവനുകളിലെ ഫയൽ ജോലികൾ എളുപ്പത്തിൽ പൂർത്തിയാക്കാൻ സാധിക്കുന്ന സ്ഥിതിയുണ്ടാകണം. കൃഷിക്കാരോടൊപ്പം പോകുന്നതിനുള്ള ഒരു മാനസികാവസ്ഥയിലേയ്ക്ക് ഉദ്യോഗസ്ഥരെ ചെന്നെത്തിക്കാൻ സാധിക്കണം. അതുപോലെതന്നെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഡി.ഡി.-മാർ എന്നിവരുടെ ഒഴിവുകൾ നികത്തിയെടുക്കാൻ സാധിക്കണം. കൊയ്ത്തുസീസണിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് ധാരാളം കൊയ്ത്തുയന്ത്രങ്ങൾ വരികയും അതിന് അമിതമായ വാടക ഈടാക്കുകയും ചെയ്യുന്നുണ്ട്. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സഹായത്തോടുകൂടി അമിതവാടക ഈടാക്കുന്ന പ്രവണതയിൽനിന്ന് കർഷകരെ രക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കണം. കീടനാശിനികളെ സംബന്ധിച്ച് ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജ്മെന്റ് ആണ് ഗവേഷണം നടപ്പാക്കുന്നത്. സമഗ്ര കീട പ്രതിരോധ പദ്ധതികൾ നടപ്പാക്കി അതിനനുസൃതമായ രീതി കേരളത്തിലുണ്ടാക്കിയെടുക്കണം. കൃഷിഭവനുകളെ ഒരു ബയോ ഫാർമസിയാക്കി മാറ്റാൻ സാധിക്കണം. ബ്ലോക്ക് തലത്തിലെങ്കിലും ഒരു മൊബൈൽ ക്ലിനിക്ക് കൊണ്ടുവരണം. അതിന് വെറ്ററിനറി ക്ലിനിക്ക് ഉദാഹരണമായി എടുക്കാം. കർഷക ക്ഷേമനിധി ബോർഡ് ഇന്ത്യയിലാദ്യമായി നടപ്പിലാക്കാൻ പോകുന്ന എൽ.ഡി.എഫ്. സർക്കാരിനെയും കൃഷി വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. വി. വിജയദാസ്, പ്ലീസ്..... ഒരു മിനിറ്റ് കഴിഞ്ഞു.

ശ്രീ. കെ. വി. വിജയദാസ്: സർ, ഇന്ന് വലിയ തോതിലാണ് കൃഷിക്ക് ജലസേചനം വേണ്ടത്. 'ജലസേചനം കൃഷിക്ക്' എന്ന കാഴ്ചപ്പാട് നടപ്പാക്കാൻ തുടങ്ങിയ ഒരു കാലഘട്ടം കൂടിയാണിത്. ആ കാഴ്ചപ്പാടിനെ ഞാൻ അഭിനന്ദിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഏറ്റവും കൂടുതൽ ഡാമുകളുള്ള പാലക്കാട് ജില്ലയിൽ, ഡാമുകളിൽ desilting നടത്തണം. മാത്രമല്ല, ക്യാച്ച്മെന്റ് ഏരിയകളിലൂടെ നീരൊഴുക്ക് വർദ്ധിപ്പിക്കാനുള്ള പദ്ധതിയുണ്ടാക്കാൻ സാധിക്കണം. പുതിയ സാറ്റലൈറ്റ് സംഭരണികൾ സ്ഥാപിക്കാൻ പദ്ധതി വേണം. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പാലക്കാട് ജില്ലയിൽ ധാരാളമുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....രണ്ട് മിനിറ്റായി.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, അതിന് കേടുപാടുകൾ സംഭവിക്കുമ്പോൾ തൃശ്ശൂർ ജില്ലയിലെ എഞ്ചിനീയർമാർ വന്നാണ് പരിശോധിക്കുന്നത്. അത് പാലക്കാട് ജില്ലയിൽത്തന്നെ പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം. എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്, ഐ.ടി.ഐ. എന്നിവയുടെ സഹായത്തോടുകൂടിയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ലൈസൻസുള്ള ഏജൻസികളെ എംപാനൽ ചെയ്തുകൊണ്ടും ഈ കേടുപാടുകൾ പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.....

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഏറ്റവും കൂടുതൽ കുളങ്ങളുള്ള ജില്ലയാണ് പാലക്കാട് ജില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ. വി. വിജയദാസ് താങ്കളാണ് ചർച്ച തുടങ്ങിയത്. താങ്കൾ കൂടുതൽ സമയമെടുത്താൽ ബാക്കിയെല്ലാവരും അതുപോലെ കൂടുതൽ സമയമെടുക്കും.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, നെൽകൃഷി ചെയ്യുന്ന ജില്ലയാണ് പാലക്കാട് ജില്ല. ആ ജില്ലയിലെ കുളങ്ങൾ സംരക്ഷിക്കാനുള്ള പദ്ധതി കൂടി ഉണ്ടാകണം. കേരളത്തിലെ ഏറ്റവും വലിയ നദിയായ ഭാരതപ്പുഴ ഒഴുകുന്നത് പാലക്കാട് ജില്ലയിലൂടെയാണ്. ഭാരതപ്പുഴയെ സംരക്ഷിക്കാനുള്ള പദ്ധതികൾ കൂടി ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാനത്തെ പൈപ്പുകൾ ഇന്ന് തുറന്നുകഴിഞ്ഞാൽ അതിൽനിന്നും വരുന്നത് ഭീകരമായ ശബ്ദവും ഒരു നേർത്ത കാറ്റുമാണ്. കേരള വാട്ടർ അതോറിറ്റിയുടെയും കൃഷി വകുപ്പിന്റെയും സർക്കാരിന്റെയും അവസ്ഥയാണ് ഇവിടെ കാണാൻ കഴിയുന്നത്. കേരള വാട്ടർ അതോറിറ്റി ഓഫീസുകൾ ഇന്ന്

സമരത്തിന്റെ വലിയ വേലിയേറ്റമാണ് കണ്ടുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തൊമ്പാടും ജനപ്രതിനിധികളും ജനങ്ങളുമൊക്കെ ഉപരോധിക്കുന്ന ഒരു സ്ഥാപനമായി കേരള വാട്ടർ അതോറിറ്റി ഓഫീസുകൾ ഇന്ന് മാറി കൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ വേനൽക്കാലത്ത് രൂക്ഷമായ പ്രതിസന്ധിയാണ് നമ്മൾ നേരിടേണ്ടി വന്നത്? മഴക്കാലം ഇതുവരെ തുടങ്ങിയിട്ടില്ല. വേനലിന്റെ തുടർച്ച തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. വാട്ടർ അതോറിറ്റിയെ ആശ്രയിക്കുന്നവർക്ക് ഒരിറ്റ് വെള്ളം കുടിക്കാൻ കഴിയാത്ത ഗുരുതരമായ സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്. ഇവരുടെ തന്നെ കണക്കുപ്രകാരം 35 ശതമാനത്തോളമാണ് ജലത്തിന്റെ ചോർച്ച സംഭവിക്കുന്നത്. അതായത് ഏകദേശം 1050 ദശലക്ഷം ലിറ്റർ വെള്ളമാണ് ഒരു ദിവസം നഷ്ടപ്പെടുന്നത്. പലപ്പോഴും ഇത് തടയാൻ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിന് കഴിയുന്നില്ല. അതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ഇതിന്റെ അറ്റകുറ്റപ്പണികൾ എടുത്തിരിക്കുന്ന കരാറുകാർക്കുള്ള കുടിശ്ശികയുടെ പേരിൽ അവർ വർക്ക് ഏറ്റെടുക്കാത്ത സാഹചര്യമാണ്. 262 കോടിയോളം രൂപ കരാറുകാർക്ക് കുടിശ്ശികയായി നൽകാനുണ്ട്. അപ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ അവസ്ഥ എവിടെയെത്തി നിൽക്കുന്നു? ഈ ഗവൺമെന്റ് വന്നശേഷം പദ്ധതിയേതര വിഹിതംപോലും ഡിപ്പാർട്ട്മെന്റിന് നൽകുന്നില്ല. തമിഴ്നാട്ടിൽ വലിയ രീതിയിലുള്ള കുടിവെള്ള പ്രതിസന്ധി നിലനിൽക്കുകയാണ്. അത് കേരളത്തിന് നൽകുന്ന ഒരു മുന്നറിയിപ്പാണെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ പ്രളയത്തിനുശേഷം നമ്മുടെ ഭൂഗർഭ ജലത്തിൽ വലിയ രീതിയിലുള്ള കുറവുകൾ സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിച്ചു നോക്കുമ്പോൾ 2019-ൽ 55% തുറന്ന കിണറുകളിലും 58% കുഴൽക്കിണറുകളിലും 50% ട്യൂബ്വെല്ലുകളിലും ഭൂജലവിതാനം കുറഞ്ഞിട്ടുണ്ട്. ഈ ചൂഷണം തടഞ്ഞ് പുഴകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കാനുള്ള യാതൊരു നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. വിവിധ വകുപ്പുകളുടെ കീഴിലാണ് ഇതിന്റെ നടപടികളുണ്ടാകേണ്ടത്. ഇതിനൊരു ഏകോപനം ഉണ്ടാകുന്നില്ല എന്നൊരു വലിയ പ്രശ്നമിവിടെയുണ്ട്. പ്രളയത്തിനുശേഷം മണ്ണിന്റെ ഘടനയിൽ വലിയ മാറ്റം വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഭൂഗർഭജലത്തിൽ കുറവുണ്ടാകുന്നത്. കാർഷിക മേഖലയിൽ പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. അതിനെ സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനവും നടത്താൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അതുപോലെ വിവിധ നദീജല കരാറുകളിൽ കേരളം ഇന്നും അവഗണിക്കപ്പെടുന്നു. നമുക്ക് അർഹതപ്പെട്ട ജലം പലപ്പോഴും ലഭ്യമാകുന്നില്ല. 1993 മാർച്ച് 31-ന് ചട്ടം 130 അനുസരിച്ച് ഈ സഭയിൽ അങ്ങ് കൊണ്ടുവന്ന പ്രമേയം ചർച്ച ചെയ്ത് സഭ ഒരു സമിതിയെ നിയോഗിച്ച് വിവിധ

നദീജലകരാറുകളിലുണ്ടാകുന്ന ലംഘനങ്ങളെക്കുറിച്ച് പഠിച്ചു. അതിൽ അങ്ങയുടെ ചില പരാമർശങ്ങൾ വായിക്കുവാനിടയായി. അങ്ങ് എന്നും ശക്തമായി ഈ വിഷയത്തെ പരാമർശിക്കുന്നതും ഇതിന്റെ നീതിനിഷേധത്തെക്കുറിച്ച് പ്രതിഷേധിക്കുന്നയാളുമാണ്. ഇപ്പോഴും ഈ കരാർ ലംഘനങ്ങൾ നടക്കുകയാണ്. കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാത്ത സാഹചര്യം ഇപ്പോഴും നിലനിൽക്കുകയാണ്. അതിനകത്ത് ഗവൺമെന്റിന് യാതൊരു നടപടിയും ഇതുവരെ സ്വീകരിക്കാനോ മുന്നോട്ട് പോകുവാനോ കഴിഞ്ഞിട്ടില്ല. അണക്കെട്ടുകളുടെ നവീകരണത്തിനായി ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടി നടത്തുന്ന കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണ് Dam Rehabilitation Improvement Project (DRIP). 75 മുതൽ 100 വർഷം വരെ പഴക്കമുള്ള ഡാമുകൾ ബലപ്പെടുത്താനുള്ള നടപടികളാണ് ഈ പദ്ധതിയിലുള്ളത്. മദ്ധ്യപ്രദേശിൽ അഞ്ചും രാജസ്ഥാനിൽ എട്ടും ഗുജറാത്തിലും തമിഴ്നാട്ടിലും ഉത്തർപ്രദേശിലും ഓരോ ഡാമുകളടക്കം ഈ പദ്ധതിയിലേയ്ക്ക് അവർ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ 122 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം ബലപ്പെടുത്തണമെന്ന് എല്ലാവരും പറയുന്നുണ്ടെങ്കിലും അതിനെ സംബന്ധിച്ച ആശങ്ക ഇപ്പോഴും ദൂരീകരിക്കാൻ സാധിച്ചിട്ടില്ല. പ്രളയത്തിൽ വലിയ നാശനഷ്ടമാണ് നമുക്കുണ്ടായിട്ടുള്ളത്. പുഴയുടെ തീരങ്ങൾ മുഴുവൻ ഇടിഞ്ഞ് നശിച്ചിരിക്കുന്ന സാഹചര്യമാണുള്ളത്. ഈ പ്രളയം നിങ്ങളാൽ സൃഷ്ടിക്കപ്പെട്ട പ്രളയമാണ്. അതുകൊണ്ടുതന്നെ ഇതിനകത്തുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ നിങ്ങൾക്ക് സാധിക്കണം. ... (ബഹളം).... യാഥാർത്ഥ്യങ്ങൾ പറയുമ്പോൾ അസ്വസ്ഥത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. ഈ പ്രളയത്തിൽ എന്റെ നിയോജകമണ്ഡലത്തിലുള്ള മൂവാറ്റുപുഴ ആറിന്റെ തീരം ഇടിഞ്ഞ് 7 കോടി രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. എസ്റ്റിമേറ്റ് എടുത്തപ്പോൾ ആ പുഴയുടെ തീരങ്ങൾ പുനരുദ്ധരിക്കണമെങ്കിൽ 7 കോടി രൂപ അനിവാര്യമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. എന്നാൽ ഗവൺമെന്റ് അനുവദിച്ചത് ഒരു കോടി രൂപ മാത്രമാണ്. ഇത് കളിയാക്കുന്നതിന് തുല്യമല്ലേ? ഈ ഒരു കോടി രൂപകൊണ്ട് എന്തുചെയ്യാൻ കഴിയും? അവിടെ നാശനഷ്ടം സംഭവിച്ച കൃഷിയിടങ്ങൾ, വീടുകൾ എന്നിവ പുനർനിർമ്മിക്കേണ്ടതായിട്ടുണ്ട്. പക്ഷേ യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. പ്രളയത്തിൽ നാശനഷ്ടം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകാനും കൃഷി ഡിപ്പാർട്ട്മെന്റിന് സാധിച്ചിട്ടില്ല. അതിനുശേഷമുണ്ടായ വേനലിന്റെയും കാറ്റിന്റെയും നാശനഷ്ടങ്ങൾ മറ്റൊരു ഭാഗത്ത് നിൽക്കുന്നു. ഇത്തരത്തിലുള്ള വിഷയങ്ങളിലേയ്ക്ക് ഗവൺമെന്റിന്റെ ശ്രദ്ധ അടിയന്തരമായി ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ഒരു പ്രധാനപ്പെട്ട വിഷയം, പിറവത്ത് നിലനിൽക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് ഡിവിഷൻ ഓഫീസ് അവിടെനിന്ന് ചിറ്റൂരിലേയ്ക്ക് മാറ്റാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിരിക്കുകയാണ്. ഇത് നീതിയുക്തമായ ഒരു സമീപനമാണോ? ഒരു ഗവൺമെന്റ് എടുക്കേണ്ട സമീപനം ഇങ്ങനെയാണോ? 1992-ൽ P.H. സബ് ഡിവിഷനായി ആരംഭം കുറിച്ച ഒരു പദ്ധതിയാണ്. 2009-ൽ വാട്ടർ അതോറിറ്റിയുടെ institutional strengthening-ന്റെ ഭാഗമായി P.H. സബ് ഡിവിഷൻ അവിടെനിന്നും മാറ്റി പ്രോജക്ട് ഡിവിഷൻ ഓഫീസായി രൂപാന്തരപ്പെടുകയുണ്ടായി. പിറവം, മൂവാറ്റുപുഴ, കോതമംഗലം, കടുത്തുരുത്തി, വൈക്കം അടക്കമുള്ള നിയോജകമണ്ഡലങ്ങളിലെ പ്രധാനപ്പെട്ട വർക്കുകൾ ആ പ്രോജക്ടിന്റെ കീഴിൽ നടക്കുകയാണ്. ഒരു പ്രദേശത്തുള്ള വികസന പദ്ധതികൾക്ക് തുരങ്കംവയ്ക്കുന്ന നിലയിലുള്ള തീരുമാനമാണ് ഇന്ന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഞാൻ 2017-ൽ അങ്ങയുടെ മുൻഗാമിക്ക് ഇതുസംബന്ധിച്ച് നിവേദനം കൊടുത്തിരുന്നു. തുടർച്ചയായി ഈ വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുമ്പോൾ, ഒരു നിയോജകമണ്ഡലം അടിസ്ഥാനമാക്കിയല്ല ഞാൻ പറയുന്നത്. എറണാകുളം, കോട്ടയം ജില്ലകളിലെ വിവിധ പ്രദേശങ്ങളിലെ വിവിധ പദ്ധതികൾക്ക് തുരങ്കംവയ്ക്കുന്ന സമീപനമായിരിക്കും ഈ ഡിവിഷൻ ഓഫീസ് ഇവിടെനിന്നും മാറ്റിയാൽ സംജാതമാകാൻ പോകുന്നത്. ഇതിൽനിന്നും ഗവൺമെന്റ് പിൻമാറണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഓഫീസ് സമുച്ചയങ്ങളും ഓഫീസ് ക്വാർട്ടേഴ്സുമടക്കം അനവധി ഭൗതിക സാഹചര്യങ്ങൾ വാട്ടർ അതോറിറ്റിയുടെ രണ്ടേക്കർ സ്ഥലത്ത് നിലനിൽക്കുന്നുണ്ട്. ഒരു മന്ത്രിയെന്ന നിലയിൽ അങ്ങയുടെ നിയോജകമണ്ഡലത്തിൽ പുതിയ പദ്ധതികൾ കൊണ്ടുവരാൻ ആഗ്രഹിക്കുന്നുണ്ടാകും. അത് സ്വാഭാവികമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഞാൻ മന്ത്രിയായിരുന്നപ്പോൾ പിറവത്ത് രണ്ട് പ്രധാനപ്പെട്ട പദ്ധതികൾ ഭക്ഷ്യവകുപ്പിന്റെ കീഴിൽ കൊണ്ടുവന്നു. പുതിയ തസ്തികകൾ രൂപീകരിച്ച് പുതിയ പദ്ധതികൾ കൊണ്ടുവരികയാണ് ചെയ്തത്. ഒരു പ്രദേശത്തുള്ളത് പറിച്ചെടുത്ത് കൊണ്ടുവരികയല്ല ചെയ്തത്. ഇത്തരത്തിലുള്ള സമീപനങ്ങൾ ദയവായി സ്വീകരിക്കാതെ അങ്ങ് അതിൽനിന്ന് പിൻമാറണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഈ രണ്ട് വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ പരിപൂർണ്ണമായ പരാജയമായതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീമതി ഗീതാ ഗോപി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഞാൻ ആദ്യമായി കൃഷിയിലേയ്ക്ക് വരാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ നെല്ലറ എന്ന് അറിയപ്പെടുന്നത് കുട്ടനാട്, പാലക്കാട്, തൃശ്ശൂർ എന്നീ പ്രദേശങ്ങളാണ്. അത് നമുക്കെല്ലാവർക്കും വളരെ വ്യക്തമായി ബോധ്യമുള്ളതാണ്. തൃശ്ശൂരിന്റെ ഒരു പ്രതിനിധിയെന്ന നിലയിൽ, സമഗ്രമായിട്ടുള്ള നെല്ലുൽപ്പാദനത്തിലും കരനെൽ കൃഷിയിലും നെൽ കൃഷി വികസനത്തിനും വലിയൊരു ജനകീയ പിന്തുണയാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിക്കൊണ്ടിരിക്കുന്നത്. എനിക്കുമുമ്പ് സംസാരിച്ച അംഗം സൂചിപ്പിച്ചത് പ്രളയത്തിൽ കർഷകരെ സഹായിച്ചില്ല എന്നാണ്. പ്രളയത്തിൽ അഞ്ച് പഞ്ചായത്തുകൾ വെള്ളത്തിനടിയിലായപ്പോൾ കർഷകരുടെ നഷ്ടപ്പെട്ട ആവശ്യങ്ങളും അവരുടെ പ്രശ്നങ്ങളും കേൾക്കാൻ കൃഷി വകുപ്പുമന്ത്രിയുടെ വീട്ടിൽ ശനിയാഴ്ചയും ഞായറാഴ്ചയും വലിയ ജനത്തിരക്കാണുണ്ടായത്. അദ്ദേഹം അത് അനുഭാവപൂർവ്വം പരിഗണിക്കുകയും അത്തരം വിഷയങ്ങൾക്ക് വളരെ ഗൗരവം കൊടുത്തുകൊണ്ട് നടപടികൾ സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ എന്റെ മണ്ഡലമായ നാട്ടികയിൽ 1,75,000 രൂപവരെ കൈപ്പറ്റിയ കർഷകനുണ്ട്. അത് റിക്കോർഡാണ്. അങ്ങ് (ശ്രീ. അനൂപ് ജേക്കബ്) പറഞ്ഞ പരാമർശം പിൻവലിക്കണം. പ്രളയത്തിൽ നഷ്ടപ്പെട്ട കർഷകന് ഒന്നുംതന്നെ കൊടുത്തില്ലെന്ന് പറഞ്ഞതിനോട് എനിക്ക് യോജിക്കാൻ കഴിയില്ല. ആ രീതിയിൽ നല്ലൊരു തീരുമാനമെടുത്ത വകുപ്പാണ് കൃഷി വകുപ്പ് എന്നുള്ളത് ഒരു വസ്തുതയാണ്, അതൊരിക്കലും മറച്ചുവയ്ക്കാൻ കഴിയില്ല. 'ഞാൻ കൃഷിവകുപ്പിന് ഒരപേക്ഷ കൊടുത്തു, എനിക്ക് സഹായം കിട്ടി; എം.എൽ.എ. മന്ത്രിയോട് നന്ദി പറയണം' ഇതൊരു കർഷകന്റെ വാക്കാണ്. ഇത് സത്യസന്ധമായ റിപ്പോർട്ടുകളാണ്. അതുകൊണ്ട് ആ പരാമർശം ശരിയല്ല. കേരളത്തിലെ കൃഷിയേയും കാർഷിക രീതിയേയും അന്യംനിന്നുപോയ കാർഷിക സംസ്കാരത്തെയും തിരിച്ചുകൊണ്ടുവരാൻ പ്രളയത്തിനതീതമായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കഴിഞ്ഞ സർക്കാർ ഏത് രീതിയിലാണ് കർഷകരെ സഹായിച്ചത്? ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ വൈഗ അന്താരാഷ്ട്ര ശിൽപ്പശാല സംഘടിപ്പിക്കുകയും അതിനോടനുബന്ധിച്ചുള്ള പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. കണ്ണൂർ, കാസർഗോഡ് ജില്ലകൾ മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും കാർഷികരീതിയും വിളകളും കർഷകരുടെ സംസ്കാരത്തിന്റെയും കാർഷിക രീതിയെ സംബന്ധിച്ചുള്ള പഠനവും ശാസ്ത്രീയ സെമിനാറുകളും കർഷകരെ ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിൽ കൃഷി അഭിവൃദ്ധിപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞു. വൈഗ പരിപാടി കൃഷിവകുപ്പിന്റെ വലിയൊരു നേട്ടമായി

നമ്മൾ കാണണം. കഴിഞ്ഞ അഞ്ച് വർഷം നിങ്ങൾ ഏത് രീതിയിലാണ് കർഷകരെ ഒന്നിപ്പിച്ചത്? ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വർഷവും അത്തരം പരിപാടികൾക്ക് ഗവൺമെന്റും വകുപ്പുമന്ത്രിയും നേതൃത്വം കൊടുത്തിട്ടുണ്ട്. കാര്യങ്ങൾ കൃത്യമായി പഠിക്കാനും അറിയാനും കർഷകന്റെ സന്തോഷത്തിൽ പങ്കുചേരാനും ഞങ്ങൾ കൃഷി മന്ത്രിയുൾപ്പെടെയുള്ളവർ അത്തരം പരിപാടികളിൽ പങ്കെടുക്കാറുണ്ട്. രാവിലെ മുതൽ വൈകുന്നേരംവരെ വൈഗ പരിപാടിയിൽ നിറസാന്നിദ്ധ്യമായി കർഷകന്റെ പ്രശ്നങ്ങൾ കേൾക്കാൻ മനസ്സ് കാണിക്കുകയാണ്. ആ മനസ്സും പ്രവർത്തനങ്ങളും ഒരു കൃഷി വകുപ്പുമന്ത്രിയെന്ന നിലയിൽ അദ്ദേഹത്തിന് നടപ്പാക്കാൻ കഴിഞ്ഞുവെങ്കിൽ അത് പ്രതിപക്ഷത്തിന് നിരാകരിക്കാൻ കഴിയില്ല.

2016-ലാണ് ഇടതുപക്ഷ ഗവൺമെന്റ് കേരളത്തിൽ ചുമതലയേറ്റത്. അന്ന് മുതൽ വളരെ നല്ല രീതിയിലാണ് കൃഷിയെ മുന്നോട്ടുകൊണ്ടുപോകുന്നത്. കൃഷിയെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാം എന്നുള്ളത് സമൂഹത്തിനും കർഷകനും പകർന്നുകൊടുക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വിഭവശേഷി വർദ്ധിപ്പിക്കാൻ കൃഷി വകുപ്പ് ഏതെല്ലാം രീതിയിൽ കിണഞ്ഞുപ്രവർത്തിച്ചിട്ടുണ്ട് എന്നറിയാമോ? മെത്രാൻ കായൽ തരിശായിരുന്നു. അവിടെ കൃഷിയിറക്കി, കൊയ്ത്തുത്സവം സംഘടിപ്പിച്ച് ഒരേ സമയത്ത് കർഷകരും എം.എൽ.എ.-മാരും മന്ത്രിമാരും ജനപ്രതിനിധികളും അവിടത്തെ കൃഷി രീതിയെ ഉയർത്തിക്കൊണ്ടുവന്നു. ആറന്മുളയിലെ തരിശുള്ള സ്ഥലത്ത് നമ്മൾ കൃഷിയിറക്കിയില്ലേ? കാർഷിക സംസ്കാരം മൂല്യവർദ്ധനവിലൂടെയും വരുമാന വർദ്ധനവിലൂടെയും നേടുകയെന്നൊരു ലക്ഷ്യമിട്ടുകൊണ്ട് തൃശ്ശൂർ ജില്ലയിൽ ആലപ്പാട് കോൾനിലങ്ങളിൽ രണ്ടാംഘട്ട ഇരുപൂകൃഷി ചെയ്തു, വിളവെടുപ്പ് കൊയ്ത്തുത്സവത്തോടുകൂടി നടത്തി. ഇങ്ങനെ കൃഷിയെ വൻതോതിൽ പ്രോത്സാഹിപ്പിക്കാനും കൃഷിക്കാരന്റെ വിയർപ്പിനെ തൊട്ടറിഞ്ഞുകൊണ്ട് പ്രവർത്തിക്കുന്ന ഈ ഗവൺമെന്റ് എങ്ങനെയാണ് കൃഷിക്കാരന്റെ ഒപ്പമല്ലെന്ന് നമുക്ക് പറയാൻ കഴിയുന്നത്. കർഷക പെൻഷൻ, കർഷകൻ വിളവെടുത്ത നെല്ലിന്റെ വില, ഒട്ടനവധി നെല്ല് സംഭരണ മില്ലുകൾ, കുട്ടനാടിന്റെ കൃഷി രീതിയെ മുന്നോട്ടുകൊണ്ടുപോകുന്ന രണ്ടാം ഘട്ട പദ്ധതികൾ ഇതെല്ലാം ഈ ഗവൺമെന്റ് ഏകോപിപ്പിച്ചു കൊണ്ടുപോകുമ്പോൾ ഒരിക്കലും ജനങ്ങൾ മുഖം തിരിഞ്ഞുനിൽക്കില്ല. കാർഷികമേഖലയിൽ പ്രകൃതിക്ഷോഭംമൂലമുണ്ടായ നഷ്ടങ്ങൾ നികത്താൻ പ്രളയത്തിനുശേഷം എന്തെല്ലാം സംരംഭങ്ങൾ നടത്തി; ഇപ്പോൾ കേരളത്തിലെ പഞ്ചായത്തുകളിൽ കാർഷിക സമ്മേളനം നടക്കുകയാണ്. അതുപോലെതന്നെ 'ഒരു മുറം പച്ചക്കറി' പദ്ധതി,

ഞാറ്റുവേല ചന്തകൾ തുടങ്ങിയവ നടക്കുന്നു. സ്വന്തമായി നാടൻ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാൻ കർഷകനെ പ്രോത്സാഹിപ്പിക്കുകയാണ്. ജൈവ രീതിയിൽ ഉൽപ്പാദിച്ച നാടൻ പച്ചക്കറികൾ വിൽക്കാൻ കർഷകമിത്രങ്ങളെ നിയമിക്കുകയാണ്. കർഷകമിത്രങ്ങൾ പച്ചക്കറിയുടെ ശാസ്ത്രീയ പഠനങ്ങൾ നേരിട്ട് നടത്തി കൃഷി ഓഫീസറുമായി ചേർന്ന്, ഗ്രാമത്തിലെ കർഷകന്റെ ഒപ്പം നിന്നുകൊണ്ട് ജനകീയമായി പ്രവർത്തിക്കുകയാണ്. ഇത്തരമൊരു കാർഷിക രീതിയുണ്ടായത് ഈ സർക്കാർ വന്നപ്പോഴാണ്. നിങ്ങളുടെ ഭരണകാലത്ത് നിങ്ങളങ്ങനെ എന്തെങ്കിലും നടത്തിയിട്ടുണ്ടെങ്കിൽ അത് നിങ്ങൾക്കിവിടെ പറയാം. ഇത് സർക്കാർ ഏറ്റെടുത്ത ഏറ്റവും വലിയ വെല്ലുവിളിയാണ്. ഭക്ഷിക്കാൻ നല്ല സംശുദ്ധമായ ഭക്ഷണം, തമിഴ്നാട് പോലുള്ള മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതെ പച്ചക്കറിയിൽ സ്വയംപര്യാപ്തത കൊണ്ടുവരാൻ കൃഷി വകുപ്പ് കാണിച്ച നൂതനമായ ആശയങ്ങളെ നമ്മൾ സ്വീകരിക്കണം. അതംഗീകരിക്കാതെ പോകാൻ സാധിക്കില്ല. കേരളത്തിന്റെ മലയാളത്തനിമ എന്നുപറയുന്ന സാക്ഷര കേരളത്തിന്റെ ഏത് കോണിൽ പോയാലും മലയാളിയുണ്ട് എന്നുപറയുന്ന കാർഷിക സംസ്കാരത്തെ വലിയൊരു വെല്ലുവിളിയായിട്ടല്ലേ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ഏറ്റെടുത്തിട്ടുള്ളത്. മുണ്ടും മടക്കിക്കുത്തി പാടത്തിറങ്ങി കർഷകന്റെയൊപ്പം നിന്ന് ഞാറ് നട്ട് ഓരോ കാർഷിക രീതികളെക്കുറിച്ച് പറയുകയും കർഷകരുടെയൊപ്പം നിൽക്കുകയും ചെയ്യുന്ന ഒരു മന്ത്രിയെയാണ് നമുക്ക് കിട്ടിയത്. കഴിഞ്ഞ അഞ്ച് വർഷം നിങ്ങളെന്തൊക്കെയാണ് ചെയ്തതെന്ന് നിങ്ങൾക്കും പറയാം. ഈ സർക്കാർ വന്നതിനുശേഷം ഈ ഗവൺമെന്റിന്റെ എം.എൽ.എ. എന്നുള്ള നിലയിൽ പറയാൻ ഒരുപാട് കാര്യങ്ങളുണ്ട്. ഒന്നും എതിർക്കാനാവില്ല. കൃഷിയെ പ്രോത്സാഹിപ്പിക്കുക, കർഷകന്റെ വിയർപ്പിനൊപ്പം നിൽക്കുക, ആ കാർഷിക രീതിയുമായി ഇനിയുള്ള രണ്ടര വർഷം കൃഷിക്കാർക്കൊപ്പം നിന്നുകൊണ്ട് നമുക്ക് പ്രവർത്തിക്കാം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റ്റി. വി. രാജേഷ്)

<u>ശ്രീ. കെ. ബാബു</u>: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മുണ്ടും മടക്കിക്കുത്തി സഭയ്ക്കകത്ത് ചെയറുകൾ ചാടിക്കടന്നൊരു കൃഷി വകുപ്പുമന്ത്രിയുണ്ടായിരുന്നു എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി ഗീതാ ഗോപി</u>: (......ബഹളം.....) അത് ലോകത്തിലെ ചാനലുകളും മീഡിയകളും എടുത്ത് കാണിച്ചതാണ്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. അതൊക്കെ ജനങ്ങൾ കണ്ടിട്ടുള്ളതാണ്. ഈ കൃഷി രീതി ഒരു തരത്തിലും കർഷകനെ തളർത്തില്ല. കർഷകർക്കുണ്ടാകുന്ന ഏത് വെല്ലുവിളിയും നേരിടാൻ കൃഷി വകുപ്പുമന്ത്രിയും വകുപ്പും തയ്യാറാണ്. ഇപ്പോൾ റിസർവ് ബാങ്ക്

മോറട്ടോറിയം നൽകില്ലായെന്ന് പറഞ്ഞത് കർഷകരിൽ വലിയ ആശങ്കയുളവാക്കിയിട്ടുണ്ട്. ഈ ഗവൺമെന്റ് കർഷകർക്കൊപ്പം നിന്നുകൊണ്ട് എന്തുവിലകൊടുത്തും കർഷകരെ സഹായിക്കും, സംരക്ഷിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രി തറപ്പിച്ച് പറയുകയുണ്ടായി. ആ ഒരു പ്രതീക്ഷയുണ്ട്. അതിന് ഊർജ്ജസ്വലനായ ഒരു വകുപ്പുമന്ത്രി നമുക്കുണ്ട്.

കേരളത്തിന്റെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയാണ്. അതിനുമുമ്പ് ശ്രീ. മാത്യു ടി. തോമസ് മന്ത്രിയായിരുന്നു. ഈ മന്ത്രിമാർ ഒട്ടനവധി പദ്ധതികൾ വളരെ ക്രിയാത്മകമായി കേരളത്തിൽ കൊണ്ടുവന്നു. കേരളത്തിന്റെ കുടിവെള്ള പദ്ധതികൾ കടലാസ്സിൽ ഒതുങ്ങിയാൽ ജനത്തിന്റെ ദാഹം മാറില്ല. ആ ദാഹം മാറാൻ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കേരളത്തിൽ എന്തെല്ലാം പദ്ധതികളാണ് വന്നിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷം ഇവിടെ സർക്കാർ ഉണ്ടായിരുന്നല്ലോ, ഏതെങ്കിലും ബൃഹത്തായ പദ്ധതികളുണ്ടെങ്കിൽ നിങ്ങൾക്ക് പറയാമോ? കിഫ്ബിയിലൂടെ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുകയാണ്. അത്തരം പദ്ധതികളുമായി മുന്നോട്ട് കൊണ്ടുപോകാൻ ഈ സർക്കാരിന്റെ ജലവും അതിന്റെ വിഭവവുമായി ബന്ധപ്പെടുത്തിയിട്ടുള്ള ഒരു ദേശീയ ജലസംഗമം കേരളത്തിൽ നടപ്പിലാക്കി. ആ ദേശീയ ജലസംഗമമെന്നത് മഹത്തായ ഒരു ഉദ്യമമായിരുന്നു. അത് സംഘടിപ്പിച്ച സർക്കാരിനെയും ഹരിത കേരള മിഷനെയും അഭിനന്ദിക്കുന്നു. ഈ രംഗത്തെ വിദഗ്ദ്ധരുടെ അക്കാദമികമായ ആശയ വിനിമയം, പാരിസ്ഥിതിക സംരക്ഷണത്തിനായി മുന്നോട്ടുള്ള പ്രയാണമായാണ് സർക്കാർ ഈ ജലസംഗമത്തിലൂടെ നടത്തിയത്.

ഞാൻ തീരദേശത്തുനിന്നും വരുന്ന ഒരു എം.എൽ.എ.-യാണ്. കടലും കായലും മലകളും കൈകോർത്തുപിടിക്കുന്ന നാട്ടികയുടെ തീരദേശ മേഖലയിലെ ജനങ്ങൾക്ക് കുടിവെള്ള പ്രശ്നം ഉറപ്പുവരുത്തുന്നതിന് ഈ സർക്കാരിന്റെ 2016-ാം വർഷം തൃശ്ശൂർ ജില്ലയിൽ മൂന്ന് പദ്ധതികളാണ് കിഫ്ബിയിൽ സർക്കാർ ഉൾപ്പെടുത്തിയത്. ഒന്ന്, തൃശ്ശൂർ കരിവന്നൂർ കുടിവെള്ള പദ്ധതി, രണ്ട്, 68 കോടി രൂപയുടെ നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി, മൂന്ന്, 34 കോടി രൂപയുടെ താന്ന്യം അന്തിക്കാട് ചാഴൂർ കുടിവെള്ള പദ്ധതി. ഈ പദ്ധതികൾ നാട്ടികയ്ക്ക് അനുഭാവപൂർവ്വം ഈ സർക്കാർ ഏൽപ്പിച്ചു.

<u>മി. ചെയർമാൻ</u> : പ്ലീസ് കൺക്ലൂഡ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഈ കുടിവെള്ള പദ്ധതികൾ തൃശ്ശൂർ ജില്ലയിൽ അനുവദിച്ചിട്ടുണ്ടെന്ന് ജലവിഭവ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം എന്നെ നേരിട്ട് വിളിച്ചുപറഞ്ഞതാണ്.

<u>മി. ചെയർമാൻ</u> : ബഹുമാനപ്പെട്ട അംഗം പ്രസംഗം കൺക്ലൂഡ് ചെയ്യണം.

<u>ശ്രീമതി ഗീതാ ഗോപി</u>: ഇപ്പോൾ രണ്ട് മൂന്ന് ക്വറികൾ മാത്രമേ ആ ഫയലിൽ ഇട്ടിട്ടുള്ളൂ. അതുംകൂടി മറികടന്നാൽ, സർക്കാർ ഈ പദ്ധതികൾ വിഭാവനം ചെയ്യാൻ പോകുകയാണ്. അങ്ങ് എനിക്ക് ഒരു ഉറപ്പുനൽകി, ഈ കുടിവെള്ള പദ്ധതി വെള്ളാനി പ്ലാന്റിൽ രണ്ട് സംഭരണികൾ പോലെ രൂപീകരിക്കുമെന്ന്. ഇപ്പോൾ 20 ലിറ്റർ പെർ ഹെഡ് വെള്ളമാണ് ഒരു ദിവസത്തിൽ കിട്ടുന്നത്. വെള്ളാനിൽ ഈ രണ്ട് പ്ലാന്റുകളുടെയും രൂപീകരണം നൽകിയാൽ തീർച്ചയായും ഒരു വ്യക്തിക്ക് ഒരു ദിവസം 100 ലിറ്റർ വെള്ളം എന്ന നിലയിൽ കിട്ടും. കടലോര മേഖലയിലെയും മത്സ്യബന്ധന മേഖലയിലെയും ജനങ്ങൾക്കും പ്രത്യേകിച്ച് രണ്ടര ലക്ഷം കുടുബങ്ങൾക്ക് ഈ കുടിവെള്ള പദ്ധതികൊണ്ട് പ്രയോജനം ലഭിക്കും. എത്രയുംവേഗം സർക്കാർ ഈ പദ്ധതി നടപ്പിലാക്കി അവിടെ ജനകീയ അംഗീകാരം ഈ സർക്കാരിനുണ്ട് എന്നുള്ളത് ഉറപ്പുവരുത്തണം.

ഒരു തോൽവികൊണ്ടൊന്നും വികസനങ്ങൾക്ക് തടസ്സമുണ്ടാക്കില്ല. തോൽവി ജനത്തിന്റെ കൈകകളാൽ വിധിക്കപ്പെട്ടതാണ്. ഇടതുപക്ഷ സർക്കാർ മൂന്നുവർഷം പൂർത്തിയാക്കി നാലാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ നൽകാനുള്ള സർട്ടിഫിക്കറ്റ് ഒന്നേയുള്ളൂ. ഒരു തോൽവി കൊണ്ടൊന്നും ജനങ്ങളോട് പറഞ്ഞ വാക്ക് നിറവേറ്റുന്നതിൽനിന്നും ഈ സർക്കാർ പിൻമാറുമെന്ന് നിങ്ങൾ കരുതേണ്ട. വകുപ്പുകൾ തിരിച്ചുള്ള ഒരോ പ്രവർത്തനങ്ങളും നമുക്കിപ്പോൾ അനുഭവമാണ്. നിപ വൈറസ് വന്നു. അതുമായി ബന്ധപ്പെട്ടുള്ള ലോകാരോഗ്യ സംഘടനയുടെ സർട്ടിഫിക്കറ്റ് വന്നു.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീമതി ഗീതാ ഗോപി</u>: അമേരിക്കപോലുള്ള വിദേശ രാജ്യത്തുനിന്നുപോലും ജനകീയ അംഗീകാരം നമ്മുടെ മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും ലഭ്യമാകുമ്പോൾ നമുക്ക് ബോധ്യമാകുന്നത് സാമൂഹ്യ-ആരോഗ്യ രംഗത്ത് ഈ സർക്കാർ മുന്നോട്ട് പോകുന്നുവെന്നുതന്നെയാണ്. ഈ സർക്കാരിന്റെ മുന്നോട്ടുള്ള പ്രയാണം ഇനിയുമുണ്ടാകും.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം ഇപ്പോൾ രണ്ട് മിനിട്ട് കൂടുതൽ കഴിഞ്ഞിരിക്കുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u>: രാജ്യത്തെ മറ്റൊരു സംസ്ഥാനത്ത് കഴിഞ്ഞ ദിവസം നമ്മൾ കണ്ടു, ഒരു മോട്ടോർ സൈക്കിൾ മോഷ്ടിച്ചുവെന്നുപറഞ്ഞ് തല്ലിച്ചതച്ച യുവാവിനോട് ആവശ്യപ്പെട്ടത് ജയ് ശ്രീറാം എന്ന് വിളിക്കാനാണ്. അങ്ങനെയുള്ളൊരു ഇന്ത്യയല്ല നമുക്ക് വേണ്ടത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി ഗീതാ ഗോപി: കേരളത്തിലെ മൂന്നരക്കോടി ജനങ്ങൾക്കൊപ്പം തോൽവിയെ അതിജീവിച്ച് ഈ സർക്കാർ ഉണ്ടാകുമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കാരണം, കുടിവെള്ള വിതരണരംഗത്ത് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതിയിൽ വെട്ടം തീരദേശ പഞ്ചായത്തും തലക്കാട് പഞ്ചായത്തുമുൾപ്പെടെ 26 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും ഒന്നാംഘട്ടമായി 10 കോടി രൂപ കിണറുകളുടെ നിർമ്മാണത്തിനായി ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ആ പദ്ധതി പാടെ ഉപേക്ഷിച്ചു. അതിന് ബദലായി പണം കണ്ടെത്താനുള്ള സംവിധാനം ഒരുക്കണമെന്ന് കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. ഒന്ന് എൽ.ഡി.എഫ്. ഭരിക്കുന്ന തലക്കാട് പഞ്ചായത്തും മറ്റൊന്ന് യു.ഡി.എഫ്. ഭരിക്കുന്ന വെട്ടം പഞ്ചായത്തുമാണ്. അവിടെ കടലോര മേഖലയിലെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടില്ല. നയാപൈസപോലും ഈ ഗവൺമെന്റ് വന്നതിനുശേഷം അനുവദിച്ചിട്ടുമില്ല. പിന്നെങ്ങനെയാണ് ഈ ധനാഭ്യർത്ഥനകളെ എതിർക്കാതിരിക്കുന്നത്? ഇത്തരം കാര്യങ്ങൾ അങ്ങ് വിലയിരുത്തണമെന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്. പ്രത്യേകമായി യോഗം വിളിക്കാനായി അവർ അങ്ങേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. അതുകൊണ്ട് ഒരു യോഗം വിളിച്ചുചേർത്ത് പകരം സംവിധാനം കണ്ടെത്തണം. താൽക്കാലികമായി ഈ രണ്ട് പഞ്ചായത്തുകൾക്കും കുടിവെള്ളം നൽകാനായി 50 ലക്ഷം രൂപ വീതം ഞാൻ കൊടുത്തിരിക്കുകയാണ്. കൽപ്പകഞ്ചേരി-വളവന്നൂർ കുടിവെള്ള പദ്ധതി ഏകദേശം 80 ശതമാനം പൂർത്തിയായിക്കഴിഞ്ഞതാണ്. ഒരു റോഡ് കട്ട് ചെയ്യേണ്ടതുണ്ട്, അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു കേസ് നിലനിൽക്കുന്നുവെന്ന കാരണത്താൽ ഒന്നര കിലോമീറ്റർ പൈപ്പിടാൻ കഴിയാതെ ആ കുടിവെള്ള പദ്ധതി പൂർണ്ണമായും മുടങ്ങിക്കിടക്കുകയാണ്. അതുംകൂടി അങ്ങ് പരിശോധിക്കണം. ഇപ്പോൾ നടപ്പാക്കിയിട്ടുള്ള തിരുനാവായ കുടിവെള്ള പദ്ധതിക്കായി ഒരു മോട്ടോർ വാങ്ങിയിട്ടുണ്ട്. വേറൊരു പദ്ധതിക്കുവേണ്ടി കൂടുതലായി പമ്പ് ചെയ്യാൻ വേണ്ടിയാണ് ഏകദേശം 135 HP ഉള്ള മോട്ടോർ വാങ്ങിയത്. ആ മോട്ടോർ എങ്ങനെ പ്രവർത്തിപ്പിക്കണമെന്നറിയില്ല. ഇതിനെപ്പറ്റി അറിയാത്തവരാണ് മോട്ടോർ വാങ്ങാനുള്ള ഓർഡർ നൽകിയത്. അത് ഒരു വർഷത്തിലധികമായി വർക്ക് ചെയ്യാതെ കിടക്കുന്നതുകൊണ്ട് കുടിവെള്ളം നൽകാനും കഴിയുന്നില്ല.

എന്ത് ചെയ്യണമെന്നറിയാതെ അവർ നോക്കിനിൽക്കുകയാണ്. അങ്ങിക്കാര്യം വളരെ ഗൗരവമായി കാണണം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ലോക പ്രസിദ്ധമായ ഒന്നാണ് തിരൂർ വെറ്റില. ആ വെറ്റിലയുടെ കയറ്റുമതിക്കായി പ്രത്യേക പദ്ധതി ആരംഭിക്കുമെന്ന് പറഞ്ഞു. അതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം.

ഇന്നലെ ഇവിടെ ചർച്ചയിൽ ബഹുമാന്യനായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരുപാട് കാര്യങ്ങൾ പറയുകയുണ്ടായി. ഇടതുപക്ഷത്തേയ്ക്ക് ചേക്കേറിയ അദ്ദേഹത്തിന് മന്ത്രി സ്ഥാനത്ത് തുടരണമെങ്കിലും കൂടുതൽ അംഗീകാരം ലഭിക്കണമെങ്കിലും മുസ്ലീംലീഗിനെ കുറ്റം പറഞ്ഞുകൊണ്ടിരിക്കണം. മുസ്ലീംലീഗിനെ എപ്പോഴും കുറ്റം പറയുന്നത് അദ്ദേഹത്തിന് ഇഷ്ടമാണ്. കാരണം, അത് ലൈവായി നിൽക്കുമെന്ന് മാത്രമല്ല അദ്ദേഹത്തിന് അത് നിലനിർത്തി മുന്നോട്ടുകൊണ്ടുപോകേണ്ടത് ആവശ്യവുമാണ്. പക്ഷെ വസ്തുതകൾ അങ്ങ് പറയണം. മുസ്ലീംലീഗ് ഉൾപ്പെടുന്ന ഐക്യജനാധിപത്യ മുന്നണിയുടെ നേട്ടങ്ങളും അവർ നിർവ്വഹിച്ചിട്ടുള്ള പങ്കും കേരള ചരിത്രത്തിൽനിന്ന് ഒഴിവാക്കാൻ കഴിയുമോ? അങ്ങിവിടെ പറഞ്ഞു, കാലിക്കട്ട് യൂണിവേഴ്സിറ്റി സ്ഥാപിച്ചത് ഇ.എം.എസ്.-ന്റെ കാലത്ത് ഇടതുപക്ഷ സർക്കാരാണെന്ന്. ആരാണ് അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി? അത് മാത്രമല്ല, കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും സ്ഥാപിക്കപ്പെട്ടത് ഒന്നുകിൽ മുസ്ലീംലീഗ് വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോഴോ അല്ലെങ്കിൽ ഐക്യജനാധിപത്യ മുന്നണി ഭരണത്തിലിരുന്നപ്പോഴോ ആണ്. അന്ന് നിങ്ങൾക്കത് സ്ഥാപിക്കാൻ സാധിച്ചത് മുസ്ലീംലീഗ് ഘടകകക്ഷിയായി ഉള്ളതുകൊണ്ടായിരുന്നു. ഇല്ലെങ്കിൽ അതും ഉണ്ടാകുമായിരുന്നില്ല. അങ്ങ് മലയാളം സർവ്വകലാശാലയെപ്പറ്റി പറഞ്ഞു. ഫയൽ നമ്മുടെ മുന്നിലുണ്ട്. മലയാളം സർവ്വകലാശാല ഉണ്ടാകുമെന്ന് എല്ലാവരും പറഞ്ഞെങ്കിലും അതിനുള്ള നിയോഗം കിട്ടിയത് ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്ത യു.ഡി.എഫ്. ഗവൺമെന്റിനാണ്. പവിത്രമായ ആ സർവ്വകലാശാല സ്ഥാപിക്കാൻ തീരുമാനിക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കാനും തീരുമാനിച്ചു. നേരത്തെ നിശ്ചയിച്ച തീയതിയായിരുന്ന നവംബർ 1-നുതന്നെ ആ യൂണിവേഴ്സിറ്റി ഉദ്ഘാടനവും ചെയ്തു. 100 ദിവസം കൊണ്ട് പ്രീ-ഫാബ്രിക്കേഷനായി യൂണിവേഴ്സിറ്റിക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കി. സ്ഥലം ആവശ്യമാണെന്ന് വന്നപ്പോൾ 25 ഏക്കർ സ്ഥലം ജനങ്ങൾ പിരിവെടുത്ത് വാങ്ങി ഗവൺമെന്റ് കോളേജ് നിർമ്മിക്കാനായി നൽകി. ആ കോളേജിന്റെ ക്യാമ്പസിൽതന്നെ 5 ഏക്കർ ഭൂമി അനുവദിച്ചു. അന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. 2012-ൽ ആതവനാട് വില്ലേജിൽനിന്ന് 100 ഏക്കർ

ഭൂമിയെടുക്കാൻ ഗവൺമെന്റ് നോട്ടിഫൈ ചെയ്തു. അന്ന് പരിസരവാസികൾ എതിർത്തു. എതിർപ്പുണ്ടായപ്പോൾ വിവാദമായിട്ടുള്ള ഒരു ഭൂമിയും ഞങ്ങൾക്കാവശ്യമില്ല, വിവാദമില്ലാത്ത ഭൂമിയേ ആവശ്യമുള്ളൂ എന്ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു. അങ്ങനെ അനുയോജ്യമായ ഭൂമി എവിടെയാണെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ കളക്ടറെ ചുമതലപ്പെടുത്തി. അതുപ്രകാരം ഒരുപാട് അപേക്ഷകൾ ലഭിച്ചു. ആ ഘട്ടത്തിലാണ് മാർച്ച് 1-ന് തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ വന്നത്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഏപ്രിൽ മാസം അവസാനം അറിയാൻ കഴിഞ്ഞത് തൊട്ടുമുമ്പിലത്തെ മാസംതന്നെ ലഭിച്ച അപേക്ഷകളിൽ ഒരു വിഭാഗം അപേക്ഷകരെ മാത്രം ഉൾപ്പെടുത്തി കളക്ടർ ഒരു യോഗം വിളിച്ചുകൂട്ടുകയും 1,70,000 രൂപ വിലയിട്ട് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നു എന്നുമാണ്. തുടർന്ന് ഞാൻ രേഖാമൂലം ഒരു പരാതിയെഴുതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി, റവന്യൂ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി എന്നിവർക്ക് നൽകി. മുഖ്യമന്ത്രിയോട് നേരിട്ട് സംസാരിച്ചു. ഇത് ഗൗരവമായി അന്വേഷിക്കും, റിപ്പോർട്ട് ആവശ്യപ്പെടുമെന്ന് അദ്ദേഹം പറയുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം ജൂൺ 26-ാം തീയതിയാണ് ആ റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് വരുന്നത്. അതുസംബന്ധിച്ച രേഖ എന്റെ കയ്യിലുണ്ട്. ഞാൻ ആധികാരികമായി പറയുന്നു, ജൂൺ 26-ാം തീയതി റിപ്പോർട്ട് വന്നുവെന്ന് മാത്രമല്ല, ഇതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോയപ്പോൾ ഇതിനേക്കാൾ വിലകുറഞ്ഞ ഭൂമി ലഭ്യമാണെന്നുള്ള ബന്ധപ്പെട്ടവരുടെ മാസ് പെറ്റീഷൻ ഉൾപ്പെടെ മുഖ്യമന്ത്രിക്ക് ലഭിക്കുകയും വീണ്ടും അന്വേഷണത്തിന് വിടുകയും ചെയ്തു. അവിടം മുതൽ ഇതുവരെ നടന്ന എല്ലാ നടപടികളും പൂർത്തിയായി അവസാനം വിലയ്ക്കെടുത്തപ്പോഴും ആദ്യമായി ഗവൺമെന്റിലേയ്ക്ക് അയച്ചപ്പോഴും ഈ ഗവൺമെന്റ് തന്നെയായിരുന്നു ഭരണത്തിലുണ്ടായിരുന്നത്. എന്തുകൊണ്ട് നിങ്ങൾ ഈ ഭൂമി അമിതവില കൊടുത്തുവാങ്ങി? അവിടെ സെന്റിന് 10,000 രൂപയാണ് പരമാവധി വില. അതുമാത്രമല്ല ഈ ഭൂമി വെള്ളക്കെട്ടുള്ളതുമാണ്. അവിടെയാണ് 1,60,000 രൂപയ്ക്ക് നാലര ഹെക്ടർ ഭൂമി വിലയ്ക്കെടുത്തിരിക്കുന്നത്. ഞാൻ ഈ പറയുന്ന കാര്യം ശരിയല്ലെങ്കിൽ എം.എൽ.എ. സ്ഥാനം രാജി വയ്ക്കാൻ തയ്യാറാണ്. ഞാൻ പറയുന്നത് ശരിയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി രാജിവയ്ക്കാൻ തയ്യാറാണോ? ഞാൻ വെല്ലുവിളിക്കുന്നു. എന്റെ കയ്യിൽ തെളിവുണ്ട്. സത്യം മിഥ്യയാക്കി പറയാനുള്ള അദ്ദേഹത്തിന്റെ വിരുത് ഞാൻ ഒരിക്കലും എതിർക്കുന്നില്ല. ഞാൻ മൂന്നാം തവണയാണ് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. ഞാൻ നിയമസഭയിൽ അംഗമായിരിക്കെയാണ് ഇവിടെ മുസ്ലീംലീഗ് എം.എൽ.എ.-മാർക്കൊന്നും താടിയില്ലായെന്ന് പറഞ്ഞത്.

21 വർഷമായി താടിവളർത്തുന്ന എന്നെയടക്കം ഇങ്ങനെ മുഖത്തുനോക്കി പറയാനുള്ള ധൈര്യം അദ്ദേഹത്തിന് മാത്രമേയുള്ളൂ. അദ്ദേഹത്തിന് വളരാനും ഉയരാനും ഇങ്ങനെയുള്ള കാര്യങ്ങൾ ഉപയോഗപ്പെടുത്താം. പക്ഷെ മുസ്ലീംലീഗിന്റെ മുകളിൽ കുതിരകയറി ഞങ്ങൾ ചെയ്ത നേട്ടങ്ങൾ ഇല്ലാതാക്കാൻ അങ്ങയുടെ വാക്കുകൾ കൊണ്ട് കഴിയില്ല. ഇവിടെ ഇടതുപക്ഷ ഗവൺമെന്റ് വന്ന് എല്ലാം ശരിയാക്കാമെന്ന് പറഞ്ഞിട്ട് ഇപ്പോൾ എവിടെയെത്തിയെന്ന് ഞാൻ പറയുന്നില്ല. എനിക്ക് ഓർമ്മ വരുന്നത് മുല്ലാ നസ്സറുദ്ദീന്റെ ഒരു കഥയാണ്. മുല്ലാ നസ്സറുദ്ദീൻ താടി വടിക്കാനായി ഒരു ക്ഷൗരക്കടയിൽ കയറി. താടി വടിക്കാൻ തുടങ്ങിയപ്പോൾ താടി മുറിയാനും തുടങ്ങി. മുറിവുണ്ടാകുന്നിടത്തൊക്കെ പഞ്ഞി വച്ചുകൊണ്ടേയിരുന്നു. പകുതി വടിച്ചപ്പോൾ അദ്ദേഹം കണ്ണാടിയിൽ നോക്കി, ആകെ പരുത്തികൃഷിപ്പോലെ കാണുന്നു. അദ്ദേഹം പറഞ്ഞത്, മതി, ബാക്കി പകുതി ഭാഗത്ത് ഞാൻ ബാർലി കൃഷി ചെയ്തുകൊള്ളാം എന്നാണ്. ഈ ഗവൺമെന്റ് ഇവിടെ എല്ലാം ശരിയാക്കി ശരിയാക്കി എല്ലാം ഇല്ലാതാകുന്ന അവസ്ഥയിലേയ്ക്ക് പോകുന്നു. ഈ ഭൂമി എടുക്കാനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് ഒപ്പിട്ടത് കഴിഞ്ഞ ജൂൺ 1-ാം തീയതിയാണ്. അതിനേക്കാൾ വിലകുറച്ച് നൽകാമെന്ന് പറഞ്ഞിട്ടും കോടതി പരിശോധിക്കണമെന്ന് പറഞ്ഞിട്ടും അതെല്ലാം മറികടന്ന് ഭൂമി വാങ്ങിയതിന് അങ്ങ് കൃത്യമായി മറുപടി പറയണം. അതിനുവേണ്ടിയുള്ള എല്ലാ രേഖയും സമർപ്പിക്കാൻ ഞാൻ തയ്യാറാണ്. അവിടെ 10,000 രൂപയിൽ താഴെമാത്രമേ ഭൂമിക്ക് വിലയുള്ളൂവെന്ന് സ്ഥാപിക്കുന്ന വ്യക്തമായ രേഖ എന്റെ കൈവശമുണ്ട്. അതുകൊണ്ട് ഗൗരവമായി അക്കാര്യം ഉൾക്കൊള്ളണം. ഈ ഗവൺമെന്റ് ഇങ്ങനെ ഒന്നും ചെയ്യാതെ കടന്നുപോകുന്നത് ഈ രാജ്യത്തോട് ചെയ്യുന്ന ദ്രോഹമാണ്. ഇനിയെങ്കിലും നിങ്ങൾ തെറ്റ് തിരുത്തി ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി നല്ല കാര്യങ്ങൾ ചെയ്യാനും നല്ല പരിപാടികളുമായി മുന്നോട്ട് പോകാനും തയ്യാറാകണം. അങ്ങനെ ചെയ്യാത്ത സാഹചര്യത്തിൽ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ കാർഷിക മേഖലയുടെ വികസനത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞകാലങ്ങളെക്കാൾ വളരെ ഫലപ്രദമായ രൂപത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ വകുപ്പുമായി ബന്ധപ്പെട്ട് നിയമസഭയിൽ ഓരോ ചോദ്യം വരുമ്പോഴും കാർഷിക പ്രശ്നങ്ങളെ സംബന്ധിച്ച് വിശദീകരിക്കുമ്പോഴും കേരളത്തിന്റെ കാർഷിക വികസനത്തിനുവേണ്ടി വളരെ ആത്മാർത്ഥമായി അദ്ദേഹം നടത്തുന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ സാധിക്കും. രണ്ട് പ്രധാനപ്പെട്ട വകുപ്പുകളാണ് ഇന്ന് ചർച്ച ചെയ്യപ്പെടുന്നത്. ധാരാളം മഴ ലഭിച്ചൊരു സംസ്ഥാനമായിരുന്നു നമ്മുടേത്. ഇന്ന് മഴ ലഭിക്കുമോയെന്നും മഴ

ലഭിക്കുന്ന അവസരത്തിൽ അത് അപകടകരമായ രൂപത്തിലുള്ള അവസ്ഥയുണ്ടാക്കുമോ എന്നുമുള്ള ഭയപ്പാടിലാണ്. ജലസംരക്ഷണം സംസ്ഥാനത്തെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒന്നാണ്. കൃഷി വർദ്ധിപ്പിക്കാനും സംരക്ഷിക്കാനും കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമടക്കം ജലത്തിന്റെ ലഭ്യത എങ്ങനെ ഉറപ്പുവരുത്താൻ സാധിക്കുമെന്നുള്ള പ്രശ്നമുണ്ട്. ഇന്ന് കേരളത്തിൽ അതിന് സാധിക്കുന്നുണ്ട്. കുറച്ചുമുമ്പ് എന്റെ നിയോജകമണ്ഡലത്തിലെ വിവിധ കാർഷിക മേഖലയിലുള്ളവർ വടകരയിലെ ഒരു പഞ്ചായത്തിന്റെ ഒരു ഭാഗത്ത് ജലം ലഭ്യമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിക്കൊരു നിവേദനം നൽകി. വളരെ വർഷങ്ങൾക്കുമുമ്പ് പി. ആർ. കുറുപ്പ് മന്ത്രിയായിരുന്ന കാലത്ത് നിർമ്മിച്ചിരുന്ന ജലസേചന പദ്ധതികൾ പലതും ആളുകൾ മണ്ണിട്ടുമൂടി. അതിനുശേഷം ഫലപ്രദമായി ജലം സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു. എന്തുകൊണ്ട് അത്തരത്തിലുള്ള പദ്ധതികൾ കേരളത്തിൽ നിർമ്മിക്കാൻ സാധിച്ചില്ല? ഈ സർക്കാരിന്റെ കാലാവധി കഴിയാൻ ഇനി രണ്ട് വർഷം മാത്രമേയുള്ളൂ. കേരളത്തിന്റെ പലഭാഗത്തും, പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ കാർഷികവികസനത്തിനുവേണ്ടി ജലമുപയോഗിക്കുന്നത് സംബന്ധിച്ച ചർച്ചകളിൽ പങ്കെടുക്കുന്നൊരാളാണ് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി. അതുകൊണ്ടുമാത്രം ഫലമില്ല. ജലം സംരക്ഷിക്കുന്നതിനുവേണ്ടി അടിയന്തര നടപടികൾ നടപ്പിലാക്കാൻ സന്നദ്ധമാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് ഫണ്ട് കണ്ടെത്തി കേരളത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെയുള്ള ജല സംരക്ഷത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. അതിന് പല മാർഗ്ഗങ്ങളുണ്ട്. നമ്മുടെ വനങ്ങളുടെ പല ഭാഗങ്ങളും തകർത്തതിന്റെയും മരങ്ങൾ മുറിച്ചതിന്റെയും ഫലമായി ഭൂമിക്കടിയിലേയ്ക്ക് ജലം ഒഴുകുന്നത് തടയുന്ന ഘടകങ്ങളുണ്ട്. വനസംരക്ഷണം അത്യാവശ്യമാണ്. നമ്മുടെ വീടുകളിലും പരിസരങ്ങളിലുമടക്കം മരങ്ങൾ വച്ചുപിടിപ്പിച്ച് ജലം സംരക്ഷിക്കുന്നത് വ്യാപകമാക്കുന്ന തരത്തിൽ എങ്ങനെ പ്രവർത്തിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സാധാരണ നിലയിൽ കൃഷി ഫലപ്രദമല്ലാത്ത വടകരയുൾപ്പെടെ, ഞങ്ങളുടെ നാട്ടിൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചതിന്റെ ഫലമായി ആയിരക്കണക്കിന് ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചു. ജലം ലഭിച്ചാൽ സാധാരണക്കാർ ഫലപ്രദമായി കൃഷി ചെയ്യാൻ സന്നദ്ധരാണ്. ആ തരത്തിലുള്ള ഇടപെടലുണ്ടാകണം. കുടിവെള്ളം വളരെ പ്രധാനപ്പെട്ടതാണ്, അതിൽ മാലിന്യം കലർന്നാൽ രോഗങ്ങളുണ്ടാകും. നമുക്ക് സ്വാതന്ത്ര്യം ലഭിച്ച് ഇത്രയും വർഷം കഴിഞ്ഞു, എത്ര

ശതമാനം ആളുകൾക്ക് ശുദ്ധമായ കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടുണ്ട്? ശുദ്ധമായ കുടിവെള്ളം ജനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ജനാധിപത്യരാജ്യത്തിലെ ഗവൺമെന്റിന്റെ ചുമതലയാണ്. ഏത് കാലാവസ്ഥയിലും ജലമെത്തിച്ചുകൊടുക്കാൻ ഗവൺമെന്റ് സന്നദ്ധമാകണം. അത് സാധിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം. നാളികേരത്തെ സംബന്ധിച്ചുപറഞ്ഞാൽ ഒരു തെങ്ങിൽനിന്ന് പത്തോ നാൽപ്പതോ അൻപതോ നാളികേരമാണ് ലഭിക്കുന്നത്. ശരിയായി ജലസേചനം നടത്തിയാൽ ഉൽപ്പാദന വർദ്ധനവിലൂടെ അഞ്ചോ പത്തോ തെങ്ങുള്ള സാധാരണക്കാരന്റെ വരുമാനം വർദ്ധിക്കാനിടയാകും. കൃഷി/ ജലസേചന വകുപ്പുകൾ ഒത്തുചേർന്ന് ഒരു പ്രദേശത്ത് ഉൽപ്പാദന വർദ്ധനവിന് സഹായകരമാകുന്നതരത്തിൽ, അതായത്, എന്ത് കൃഷി ചെയ്താൽ അവിടെ വരുമാനമുണ്ടാകുമെന്ന് സാധാരണക്കാരായ കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ആ തരത്തിലുള്ള സംവിധാനങ്ങൾ ആവിഷ്കരിക്കണം. നമ്മുടെ സംസ്ഥാനത്ത് കുടിവെള്ളവും ജലസേചനവും ജലസംരക്ഷണവുമായി ബന്ധപ്പെട്ട് എത്ര പ്രോജക്ടുകൾ നടപ്പാക്കി എന്നത് പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. അത് പരിഹരിക്കാൻ ഫലപ്രദമായ നടപടികളുണ്ടാകണം. പി. ആർ. കുറുപ്പിന്റെ കാലഘട്ടത്തിലാണ് ഇതെല്ലാം ആരംഭിച്ചത്. അതിനുശേഷം നിശ്ചലമായി. ഓരോ സർക്കാരും വരുന്ന അവസരത്തിൽ തുടങ്ങിയിടത്തുനിന്നുതന്നെ വീണ്ടും തുടങ്ങുന്നൊരവസ്ഥയുണ്ടായാൽ എന്താണ് ഗുണം? എം.എൽ.എ.-മാരെന്ന നിലയ്ക്ക് നമ്മൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ ധാരാളമുണ്ട്. ഒരു ഭാഗത്ത് ഒരു ചെറിയ മഴ വന്നാൽ കടൽക്ഷോഭമുണ്ടാകുന്നു. കടൽഭിത്തി നിർമ്മിക്കുന്നതിന് കരിങ്കല്ല് ലഭിക്കില്ല. മണൽ കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യത്തിന് മണലും ലഭിക്കില്ല. കടലിൽ മണൽചാക്കിട്ടാൽ മണലും ചാക്കും പിന്നെ കാണില്ല. ഒരു ഭാഗത്ത് കടലോരത്തിലെ പ്രതിസന്ധി, കടൽ എങ്ങനെ സംരക്ഷിക്കാം? എന്റെ ചെറുപ്പകാലത്ത് കടലിൽ കല്ല് കെട്ടുന്ന പ്രശ്നമുണ്ടായിരുന്നില്ല. കല്ലിട്ടുതുടങ്ങിയതോടെ കടൽ കൂടുതൽ കരയിലേയ്ക്കടുത്തു. കടൽത്തീരം സംരക്ഷിക്കേണ്ടേ? ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഫലപ്രദമായി പരിശോധിക്കണം. എനിക്ക് വളരെ സന്തോഷമുണ്ട്, കാരണം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്കും ജലസേചന വകുപ്പുമന്ത്രിക്കും നല്ല അവസരമാണ് ലഭിച്ചിരിക്കുന്നത്. പ്രശ്നങ്ങൾ കേന്ദ്രീകരിച്ച് തങ്ങൾക്ക് ലഭിച്ച വകുപ്പുകൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കണം. രാജ്യത്ത് പ്രശ്നങ്ങൾ പലതുമുണ്ടാകും. കേരളത്തിലെ ഏറ്റവും ഗൗരവമായ ഈ പ്രശ്നം നിങ്ങളുടെ രണ്ടുപേരുടെയും കൈകളിലാണ്. നിങ്ങളുടെ വിജയം നാടിന്റെ വിജയംകൂടിയാണ്. വ്യക്തിപരമായി നിങ്ങളുടെ രാഷ്ട്രീയഭാവിയിലുള്ള അംഗീകാരത്തിന്റെ ചൂണ്ടുപലകയായിരിക്കും അത്.

അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, കൃഷിയും ജലസേചനവും പരസ്പര പൂരകങ്ങളാണ്. ഈ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന രണ്ട് മന്ത്രിമാരും ഭേദമാണ്, മാന്യന്മാരാണ്. ഇവരെക്കുറിച്ച് പ്രത്യേകിച്ച് കുറ്റം പറയാനൊന്നുമില്ല. അടയ്ക്കാ കർഷകരുമായി ബന്ധപ്പെട്ട് പറയുമ്പോൾ 2010-11 കാലഘട്ടങ്ങളിൽ ഞാൻ ഈ വിഷയത്തെ സംബന്ധിച്ച് പ്രശ്നമുണ്ടാക്കിയിട്ടുള്ളതാണ്. 2011-ലെ C-Form-ഉമായി ബന്ധപ്പെട്ട് അടയ്ക്കാ കച്ചവടക്കാർക്ക് അസ്സെസ്മെന്റ് ഉത്തരവ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് റീ-ഓപ്പൺ ചെയ്തപ്പോൾ ആർ.ആർ. നോട്ടീസായി വരികയാണ്. ഇന്നലെ കാസർഗോഡുള്ള ഒരു വ്യാപാരിക്ക് 1.50 കോടി രൂപയുടെ ആർ.ആർ. നോട്ടീസ് ലഭിച്ചിരിക്കുകയാണ്. ആർ.ആർ. നടപടി നിർത്തിവച്ചേ മതിയാകൂ, ഇത് കടുംകയ്യാണ്. അദ്ദേഹത്തിന്റെ മുതൽ 44,04,275 രൂപയാണ്, പിരിച്ചെടുക്കാൻ പോകുന്ന പലിശ 75,52,185 രൂപയാണ്. ഇങ്ങനെ കർഷകരെ കൊന്നൊടുക്കുന്ന ഉദ്യോഗസ്ഥരുടെ ഈ നടപടിയെ എങ്ങനെ അംഗീകരിച്ചുകൊടുക്കാൻ കഴിയും? ഇക്കാര്യത്തിൽ ഉറച്ച നിലപാടുള്ള ആളാണ് കൃഷി വകുപ്പുമന്ത്രി, അതുകൊണ്ട് ഇന്നുതന്നെ അടയ്ക്കാ കർഷകരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കാനുള്ള ശക്തമായ ഇടപെടലുണ്ടാകണം.

ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി നല്ലൊരു കൃഷിക്കാരനാണ്. കടലിൽ കല്ലിടുന്ന കാര്യം ശ്രീ. സി. കെ. നാണു ഇവിടെ പറയുകയുണ്ടായി. അത് അങ്ങയുടെ കുഴപ്പമല്ല; എല്ലാ കാലഘട്ടത്തിലും കടലിൽ കല്ലിടീലുണ്ട്. അങ്ങ് ശ്രമിച്ചാൽ അത് നിർത്താനൊന്നും കഴിയില്ല. പക്ഷെ കടലിൽ കല്ലിടുമ്പോൾ അവിടെ മത്സ്യത്തൊഴിലാളികളുണ്ടെന്ന് ഓർക്കണം. ആ തൊഴിലാളികൾക്ക് താമസസൗകര്യം എവിടെയൊരുക്കും? അവർ ബുദ്ധിമുട്ടനുഭവിക്കുകയാണ്. അതുകൊണ്ട് അവർക്ക് വാടകയ്ക്ക് വീടെടുത്തുകൊടുത്ത് വാടക എത്ര രൂപയാണെങ്കിലും അത് കൊടുക്കാനുള്ള സന്മനസ് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം.

കുടിവെള്ളവുമായി ബന്ധപ്പെട്ട്, 52 കോടി രൂപയുടെ എരുമേലി കുടിവെള്ള പദ്ധതിയിൽ 17 കോടി രൂപയുടെ 3 വർക്കുകൾ ടെണ്ടർ ചെയ്തു. ഈ നിമിഷംവരെ ഒരുതുള്ളി വെള്ളംപോലും ആർക്കും നൽകാൻ കഴിഞ്ഞിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി എത്രയുംവേഗം ഒരു കോൺഫറസ് വിളിച്ച് അവിടത്തെ പ്രശ്നമെന്താണെന്ന് പരിശോധിക്കണം. മതസൗഹാർദ്ദ കേന്ദ്രമാണ് എരുമേലി. പ്രത്യേകിച്ച് അഞ്ചരക്കോടി

അയ്യപ്പഭക്തന്മാർ വരുന്ന പ്രദേശമാണ്. ശബരിമലയുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതിയാണിത്. ആ പദ്ധതിക്കുവേണ്ടി ശ്രീ. രാജു എബ്രഹാമിന്റെ നാട്ടിൽപ്പോയാണ് വെള്ളത്തിന്റെ സോഴ്സ് ഞാൻ കണ്ടുപിടിച്ചത്. അതിന്റെ പേരിൽ 11 കോടി രൂപ അദ്ദേഹം തട്ടിയെടുത്തു. പേഴ്സണലായിട്ടല്ല; കുടിവെള്ളത്തിനുവേണ്ടിയാണ്. അതുകൊണ്ട് എത്രയുംവേഗം എരുമേലി വാട്ടർ സപ്ലൈ സ്കീമിന്റെ കാര്യം മന്ത്രി പരിശോധിക്കണം.

മൂന്നര ചതുരശ്ര കിലോമീറ്റർ മാത്രമുള്ള സ്ഥലമാണ് ഈരാറ്റുപേട്ട. അവിടത്തെ ജനസംഖ്യ 40,000 ആണ്. 96.5 ശതമാനം ഇസ്ലാംമത വിശ്വാസികളുള്ള പഞ്ചായത്താണത്. അതിപ്പോൾ മുനിസിപ്പാലിറ്റിയാക്കി. അവിടെ സമഗ്രമായൊരു കുടിവെള്ള പദ്ധതിക്കുവേണ്ടി ശ്രമിക്കുകയാണ്. ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ കാലത്തെങ്കിലും ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ സമഗ്രമായൊരു കുടിവെള്ള പദ്ധതി രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ വോട്ട് ചെയ്യുന്നില്ലെങ്കിലും ഈ രണ്ട് ഡിമാന്റുകളേയും അനുകൂലിക്കുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ശുദ്ധജലവിതരണം, ശുചീകരണം, കൃഷി, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ നാടിന്റെ അതിർത്തികളിൽ കാവൽ നിൽക്കുന്ന പടയാളികൾ നാടിന്റെ രക്ഷകരാണ്. ആ പടയാളികളെക്കുറിച്ച് ഒരു സിനിമയിൽ പത്രമാധ്യമ സുഹൃത്തുക്കളോട് നായകൻ പറയുന്ന വാക്കുകൾ വളരെ ശ്രദ്ധേയമാണ്. "നിങ്ങൾ സുഖമായി ഉറങ്ങുന്നത് ഞങ്ങൾ ഉറക്കമൊഴിച്ച് കാവൽനിൽക്കുന്നതുകൊണ്ടാണ്" എന്നാണ്. നമ്മുടെ നാടിന്റെയും വർഗ്ഗവർണ്ണ ലിംഗവ്യത്യാസമില്ലാതെ മുഴുവൻ ജനങ്ങളുടേയും ഉറക്കം കെടുത്താതെ നമ്മെ സംരക്ഷിക്കുന്നവരാണവർ. സമൂഹത്തിനുവേണ്ടി വിയർപ്പും രക്തവും തർപ്പണം ചെയ്യുന്ന അധ്വാനശീലരായ മണ്ണിന്റെ മക്കളെ മനസ്സിന്റെ അകത്തളങ്ങളിൽ പ്രതിഷ്ഠിച്ചിരുന്ന മഹാനായ കവിയായിരുന്നു വൈലോപ്പിള്ളി ശ്രീധരമേനോൻ. ഗ്രാമീണനായ അദ്ദേഹത്തിന്റെ കവിതകളിൽ ഗ്രാമത്തിന്റെ സുഗന്ധം നിറഞ്ഞുനിന്നിരുന്നു. പ്രകൃതിയോട് അങ്കംവെട്ടുന്ന പടയാളിയായാണ് കർഷകരെ അദ്ദേഹം കണ്ടത്.

"പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ

പാടത്തു പുഞ്ചയ്ക്കുതേവുന്ന രണ്ടുപേർ;

ഹാ കഷ്ട, മെങ്ങനെ മർത്ത്യൻ സഹിക്കുമീ

മൂകപ്രകൃതിതന്നന്ധമാം ക്രൂരത?

പഞ്ചഭൂതങ്ങളോടങ്കമാടീടുമീ -

പ്പുഞ്ചമരത്രേ പെരുംപടയാളികൾ

തൻജീവരക്തമൊഴുകുന്ന പാടത്ത്

തണ്ണീരിലൂടെയിദ്ധീരനാം പൂരുഷർ"

ഇതാണ് അദ്ദേഹത്തിന്റെ വരികൾ. ഉറക്കമൊഴിച്ച് നാടിനെ കാക്കുന്ന പടയാളികളെപ്പോലെ പ്രകൃതിയോട് അങ്കംവെട്ടി ജീവരക്തം ഒഴുക്കി കനകം വിളയിക്കുന്ന ഇന്ത്യൻ കർഷകർ ആത്മഹത്യാമുനമ്പുകളിൽ അഭയം പ്രാപിക്കുമ്പോൾ അവനെ മാറോട് ചേർത്തുപിടിച്ച് സംരക്ഷിക്കുന്ന ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. സർക്കാർ കാർഷികമേഖലയിലും അതിന്റെ അവിഭാജ്യഘടകമായ ജലസേചനരംഗത്തും നടപ്പിലാക്കുന്ന കർമ്മപരിപാടികൾക്കുള്ള ധനാഭ്യർത്ഥനകളെ എതിർക്കാൻ കർഷകമനസ്സുള്ള ഒരാൾക്കും കഴിയുകയില്ല. പ്രതിപക്ഷം കർഷകമനസ്സുള്ളവരല്ല, അതുകൊണ്ടുതന്നെയാണ് അവർ എതിർക്കുന്നത്. നമുക്ക് അന്നം വിളമ്പുന്ന നെൽകർഷകരെ അഭിമാനമുള്ളവരാക്കി മാറ്റിയത് ഇടതുപക്ഷ സർക്കാരാണ്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നെൽപ്പാടങ്ങളിൽനിന്നും ഒളിച്ചോടിപോയിരുന്ന കർഷകരെ നെൽപ്പാടങ്ങളിലേയ്ക്ക് തിരിച്ചെത്തിച്ചത് ഈ സർക്കാരാണ്. 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ നെൽവർഷമായി പ്രഖ്യാപിച്ചു. നൂറുദിന കർമ്മപരിപാടികൾ തയ്യാറാക്കുകയുണ്ടായി. അഞ്ച് വർഷംകൊണ്ട് നെൽകൃഷി വിസ്തൃതി മൂന്നുലക്ഷം ഹെക്ടറിലേയ്ക്ക് ഉയർത്താൻ ഈ സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പത്ത് ലക്ഷം ടൺ ഉൽപ്പാദനമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. 2016-17-ൽ 1,71,398 ഹെക്ടറിൽ 6.82 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനം നടന്നു. 2017-18-ൽ 2,20,449 ഹെക്ടറിൽ നിന്ന് 8.15 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. 2018-19-ൽ 2,02,985 ഹെക്ടറിൽനിന്ന് 8.6 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനം നടന്നു. ഈ നൂറ്റാണ്ടിലെ രൂക്ഷമായ പ്രളയത്തിൽ വ്യാപകമായി കൃഷിനാശം സംഭവിച്ചിട്ടും 'പുനർജനി പദ്ധതി' വഴി ഉൽപ്പാദനക്ഷമതയിൽ വൻ വർദ്ധനവ് വരുത്തിയത് ചരിത്രനേട്ടമാണ്. നെല്ലിന്റെ സംഭരണവില 26.3 രൂപയായി വർദ്ധിപ്പിച്ചത് ഏറ്റവും സന്തോഷകരമായൊരു കാര്യമാണ്. യഥാസമയം നെല്ലിന്റെ വില നൽകാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. എന്നാൽ, ജില്ലാ സഹകരണബാങ്കിന്റെ വായ്പാ പരിധിക്കപ്പുറത്ത് സംഭരണം നടന്ന് നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചതിനാൽ അവസാനഘട്ടത്തിൽ സംഭരിച്ച നെല്ലിന്റെ വില ലഭിക്കാത്ത പ്രശ്നം തൃശ്ശൂർ ജില്ലയിലും എന്റെ മണ്ഡലത്തിലുമുണ്ട്. അത്

അടിയന്തരമായി പരിഹരിക്കാൻ കഴിയണം. ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന സഹായം കർഷകർക്ക് വലിയ സംതൃപ്തി നൽകുന്ന ഒന്നാണ്. ഓപ്പറേഷൻ കോൾ പദ്ധതി പ്രകാരം എന്റെ മണ്ഡലത്തിൽ 2000 ഏക്കറോളം ഇരിപ്പൂകൃഷി ഏറ്റെടുക്കാൻ കർഷകർ തയ്യാറായത് സർക്കാർ ഇടപെടലുകളുടെ വിജയംതന്നെയാണ്. പരീക്ഷണാടിസ്ഥാനത്തിൽ ഏറ്റെടുത്ത പദ്ധതി അടുത്തവർഷം വ്യാപകമാകാനുള്ള സകലസാധ്യതകളും നിലനിൽക്കുന്നുണ്ട്. പ്രളയംമൂലം ഈ വർഷം ഇരുപ്പൂ വിളവെടുപ്പ് വൈകിയത് കർഷകർക്ക് അൽപ്പം നഷ്ടമുണ്ടാക്കിയിട്ടുണ്ട്. മഴക്കാലത്താണ് കൊയ്ത്ത് നടന്നിരുന്നുവെന്നത് നമുക്ക് കാണാൻ കഴിയും. പച്ചക്കറികൃഷി രംഗത്തും വൻ മുന്നേറ്റം ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രകടമാണ്. 2015-16-ൽ 46,500 ഹെക്ടറിൽ 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് ഉൽപ്പാദിപ്പിച്ചിരുന്നതെങ്കിൽ 2018-19-ൽ 82,166 ഹെക്ടറിൽ 12.12 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനത്തിലേയ്ക്ക് ഉയർന്നിരിക്കുകയാണ്. പച്ചക്കറികൃഷിയിൽ കേരളം സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുന്നുവെന്നതിന്റെ തെളിവാണിത് കാണിക്കുന്നത്. വിഷംതീണ്ടിയ പച്ചക്കറി കഴിച്ചിരുന്നതിൽനിന്ന് വിഷരഹിത പച്ചക്കറിയിലേയ്ക്ക് കേരളം പോകുന്നൊരു പ്രവണത ഇപ്പോൾ പ്രകടമായിരിക്കുകയാണ്. 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ കേരവർഷമായി ആചരിക്കാൻ സർക്കാർ തീരുമാനിച്ചു. അതിന്റെ അവസാന ഘട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. "കേരകേരളം സമൃദ്ധകേരളം" പദ്ധതിയുടെ ഭാഗമായി വാർഡുകളിൽ 50% സബ്സിഡിയോടുകൂടി തെങ്ങിൻതൈകൾ നൽകുന്ന പദ്ധതി വളരെ ആശ്വാസകരമാണ്. വിവിധ രോഗങ്ങളാൽ തെങ്ങ് വ്യാപകമായി നശിക്കുന്ന ഈ കാലഘട്ടത്തിൽ പച്ചത്തേങ്ങയുടെ സംഭരണവില വർദ്ധിപ്പിച്ച് സംഭരണം വ്യാപകമാക്കാനായി അടിയന്തര നടപടിയെടുക്കണം. രോഗംമൂലം വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് സഹായം നൽകാനാവശ്യമായ നടപടിയുണ്ടാകണം.

1.00 PM}

രണ്ടര പതിറ്റാണ്ടുകൾക്കുശേഷം ആദ്യമായാണ് വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ചത്. പത്തിരട്ടിവരെ നഷ്ടപരിഹാരത്തുകയാണ് സർക്കാർ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അത് കർഷകക്ഷേമ നിലപാടിന്റെ ഭാഗമായാണ്. കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ വിളിപ്പുറത്തുണ്ട് എന്നത് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആത്മവിശ്വാസം നൽകുന്ന ഒന്നാണ്. മണ്ണിലൊരു വിത്ത് വീണാൽ മുള പൊട്ടണമെങ്കിൽ ഒരിറ്റ് ജലം വേണം. കൃഷി-ജലവിഭവ വകുപ്പുകൾ തമ്മിൽ പൊക്കിൾക്കൊടി ബന്ധമാണുള്ളത്. ജലസേചനം കൃഷിക്ക് എന്നത് വകുപ്പിന്റെ ആപ്തവാക്യമായി മാറിയത് യാദൃശ്ചികമല്ല. അടി

മുതൽ മുടിവരെ ഈ വകുപ്പുകളുടെ ഏകോപനം നിർബന്ധമാണ്. അതിനുവേണ്ടി ഒരു കർഷകൻ കൂടിയായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ സ്വീകരിക്കുന്ന നടപടികൾ ശ്ലാഘനീയമാണ്. കിഴക്കോട്ടൊഴുകുന്ന 3 നദികളുൾപ്പെടെ 44 നദികൾ കേരളത്തിലുണ്ട്. മഴക്കാലത്ത് പെയ്യുന്ന വെള്ളമെല്ലാം കടലിലെത്തുകയാണ്. ജലസംരക്ഷണത്തിന് വിപുലമായ പദ്ധതികൾ ആവിഷ്കരിക്കണം. റെഗുലേറ്ററും തടയണകളുംവഴി നദികളെത്തന്നെ ജലസംഭരണികളാക്കുന്ന പദ്ധതിപ്രകാരം ഇരുപതോളം നദികളിൽ 28 റെഗുലേറ്റർ നിർമ്മിക്കുന്നത് സ്വാഗതാർഹമാണ്. ഈ പദ്ധതിയിൽ മണലൂർ മണ്ഡലത്തിലെ കോലുമാട് പദ്ധതിയും ഉൾപ്പെടുത്തണം. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി. വൻകിട ഡാമിൽ സംഭരിക്കാൻ കഴിയുന്നത്ര ജലം സംഭരിക്കാനും അതുവഴി കൃഷിക്കും കുടിവെള്ളത്തിനും പ്രയോജനപ്പെടുത്താനും കഴിയുന്ന വളരെ വിപുലമായ പദ്ധതിയാണിത്. ഡാമുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണലും നീക്കിയാൽ സംഭരണശേഷി വർദ്ധിക്കും. തൃശ്ശൂർ ജില്ലയിൽ കിലോമീറ്ററുകൾ നീണ്ടുകിടക്കുന്ന ജലസേചന കനാലുകളിൽ അടിഞ്ഞുകൂടിയ, നീരൊഴുക്കിന് തടസ്സമായിട്ടുള്ള ചെളിയും മണലും നീക്കുന്നതിനും നടപടി സ്വീകരിക്കണം. കോൾ മേഖലയിൽ ഇരുപ്പൂ കൃഷിയിലേയ്ക്ക് മാറുന്ന സാഹചര്യത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഏനാമാക്കൽ, ഇടിയഞ്ചിറ, മുനയം താൽക്കാലിക റിംഗ് ബണ്ടുകൾ യഥാസമയം പൂർത്തീകരിക്കാൻ ഈ വർഷം നടപടി സ്വീകരിക്കേണ്ടതാണ്. താൽക്കാലിക റിംഗ് ബണ്ട് നിർമ്മാണം എന്ന സ്ഥിതിക്ക് അറുതി വരുത്തി സ്ഥിരം സംവിധാനമുണ്ടാക്കാനാവശ്യമായ കാര്യങ്ങളെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. സുരക്ഷിതമായ കുടിവെള്ള ലഭ്യത എന്നത് ഒരു പൗരന്റെ അടിസ്ഥാന ആവശ്യവും അവകാശവുമാണ്. ആരോഗ്യപരമായ ജീവിതത്തിനുവേണ്ടിയുള്ള അടിസ്ഥാനഘടകം ശുദ്ധമായ കുടിവെള്ളം തന്നെയാണ്. ഈ സർക്കാർ ചെറുതും വലുതുമായ 58 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. 256.71 ദശലക്ഷം ലിറ്റർ കുടിവെള്ളം അധികമായി ലഭ്യമാക്കി. അതുപോലെ 4,23,879 വാട്ടർ കണക്ഷൻ പുതുതായി ആരംഭിച്ചു. രൂക്ഷമായ കുടിവെള്ളപ്രശ്നം നിലനിൽക്കുന്ന എന്റെ മണ്ഡലത്തിലെ പാവറട്ടി-മുല്ലശ്ശേരി കുടിവെള്ള പദ്ധതികളുടെ പണി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അടിയന്തരമായി ആ പണികൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എല്ലാവർക്കും പൈപ്പിലൂടെ ശുദ്ധമായ കുടിവെള്ളമെന്ന പദ്ധതി കേന്ദ്രവിഹിതം പ്രയോജനപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കണക്കിലെടുത്ത് ഏറെക്കാലമായി അവഗണിക്കപ്പെട്ടുകിടക്കുന്ന ഒരു മേഖലയാണ് ലിഫ്റ്റ് ഇറിഗേഷൻ മേഖല. ലിഫ്റ്റ്

ഇറിഗേഷൻ സ്കീമുകൾ വ്യാപകമാക്കാനും അതിലെ കുറവ് പരിഹരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. നേരത്തെ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ ശ്രീ. ബി. സത്യൻ ഉന്നയിച്ച ഒരു പ്രശ്നമുണ്ട്; ജലവിഭവ വകുപ്പിൽ താൽക്കാലിക കരാർ തൊഴിലാളികൾ വളരെ പ്രയാസമനുഭവിക്കുന്നവരാണ്. അവരുടെ സുരക്ഷയും മിനിമം വേതനവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. കുറച്ചുദിവസങ്ങളായി ഇവിടെ നടക്കുന്ന ചർച്ചകളിൽ രാഷ്ട്രീയം കടന്നുവരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടുള്ള ചർച്ചയിൽ മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുസ്ലീംലീഗ് ഇവിടെ പ്രശ്നം ഉന്നയിച്ചിരിക്കുകയാണ്. 'നമ്മുടെ പടയാളികൾ കാവലിരിക്കുന്നതിനാൽ നമ്മൾ സുഖമായി ഉറങ്ങുന്നുവെന്നുള്ളത്' ഞാൻ തുടക്കത്തിൽ പറഞ്ഞു. വർഗ്ഗീയതയ്ക്കെതിരെ മതനിരപേക്ഷതയുടെ, ജനാധിപത്യബോധത്തിന്റെ, മാനവസ്നേഹത്തിന്റെ, കാവലാളായി ഇടതുപക്ഷം, അതുപോലെ കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ ഉറക്കമുപേക്ഷിച്ച് നെഞ്ചുറപ്പോടെ നിൽക്കുന്നതുകൊണ്ടാണ് ഇൻഡ്യയാകെ പുരാവസ്തു ഗവേഷകരുടെ വിഷയമായി കോൺഗ്രസ് പ്രസ്ഥാനം മാറുമ്പോൾ ഈ കൊച്ചുകേരളത്തിൽ കോൺഗ്രസിനും മുസ്ലീംലീഗിനും ഇടംകിട്ടുന്നതെന്നുള്ള കാര്യം നല്ലതുപോലെ നിങ്ങൾ മനസ്സിലാക്കണം. തല മറന്ന് എണ്ണ തേയ്ക്കരുത്. 'വിൽക്കാനുണ്ട് കേരള ഹൗസ്' എന്ന് ഒരു സിനിമയുണ്ട്. എ.ഐ.സി.സി. ഓഫീസും ഡി.സി.സി. ഓഫീസുകളും അംബാനിമാർക്കും അദാനിമാർക്കും പാട്ടത്തിന് നൽകേണ്ട ഗതികേടിലാണ് ഇപ്പോൾ കോൺഗ്രസ് നിൽക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഒരു ഒപ്പിടാൻ എ.ഐ.സി.സി. ഓഫീസിൽ ആളില്ല എന്ന ദയനീയ അവസ്ഥയിലേയ്ക്ക് ഡൽഹി മാറിക്കഴിഞ്ഞിരിക്കുകയാണ്. നിരവധി പ്രധാനമന്ത്രിമാർക്ക് ജന്മം നൽകിയ ഉത്തർപ്രദേശിൽ പ്രധാനമന്ത്രിപദം സ്വപ്നംകണ്ട നമ്മുടെ യുവരാജാവിന്റെ പതനത്തോടുകൂടി യു.പി.-യിൽ പലയിടത്തും ഡി.സി.സി.-കളൊക്കെ പിരിച്ചുവിടുകയാണ്. കർണ്ണാടക പി.സി.സി.-യെത്തന്നെ പിരിച്ചുവിടുകയാണ്. പലതും പിരിച്ചുവിടൽ ഭീഷണിയിൽ നിൽക്കുകയാണ്. ഇൻഡ്യയൊട്ടുക്ക് ആ നിലയിലാണ് കോൺഗ്രസ് നിൽക്കുന്നത്. ലക്ഷ്യം നഷ്ടപ്പെട്ട് മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിൽനിന്നുള്ള ചാട്ടം ഇപ്പോൾ ഒരു തുടർക്കഥയായി മാറിക്കൊണ്ടിരിക്കുകയാണ്. 'ബി.ജെ.പി.-യെ എതിർക്കാൻ 52 എം.പി.-മാർ ധാരാളം' എന്നുപറഞ്ഞത് ശ്രീ. രാഹുൽ ഗാന്ധിയാണ്. 'ബി.ജെ.പി.-യോട് അയിത്തമില്ലെന്ന്' പറഞ്ഞത് ശ്രീ. രാജ് മോഹൻ ഉണ്ണിത്താൻ. ഹിന്ദിയിൽ സത്യപ്രതിജ്ഞ ചെയ്ത ശ്രീ. കൊടിക്കുന്നിൽ സുരേഷിന് ശ്രീമതി സോണിയ ഗാന്ധിയുടെ ശാസന. ഇതിന്റെ വരികൾക്കിടയിലൂടെ പോയാൽ ഈ ചാട്ടം ഇവിടെ അവസാനിക്കുകയില്ല, അത് തുടരുമെന്നുതന്നെയാണ് കാണാൻ

കഴിയുന്നത്. ലോക് സഭാ തെരഞ്ഞെടുപ്പിലെ പരാജയത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജനങ്ങളുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തി ഇടതുപക്ഷം കരുത്തോടുകൂടി തിരിച്ചുവരുമെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകേണ്ട കാര്യമില്ല. കാരണം, ഇത് കേരളമാണ്. 'വർഗ്ഗീയത വീഴും, വികസനം വാഴും'. ഈ പരാജയത്തിൽനിന്നും പാഠമുൾക്കൊണ്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനം കൂടുതൽ കരുത്തോടുകൂടി മുന്നോട്ടുവരും. അങ്ങനെ മുന്നോട്ടുപോകുന്ന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ കൂടുതൽ മുന്നോട്ടുനീക്കുന്നതിനുവേണ്ടി ഇവിടെ ജനങ്ങളുടെ പ്രയാസങ്ങൾ ലഘൂകരിക്കാനാവശ്യമായ വിധത്തിൽ അവതരിപ്പിക്കപ്പെട്ട ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, മാഗ്സാസെ അവാർഡ് ലഭിച്ച ജപ്പാൻകാരനായ മസനൊബു ഫുകുവൊകയാണ് (Masanobu Fukuoka) ഓർഗാനിക് ഫാമിംഗിന്റെ (നാച്വറൽ ഫാമിംഗ്) വക്താവ്. അദ്ദേഹം 40 കൊല്ലം പരീക്ഷണങ്ങൾ നടത്തിയതാണ്. അദ്ദേഹത്തിന്റെ One straw revolution (ഒറ്റ വയ്ക്കോൽ വിപ്ലവം) എന്ന പുസ്തകം 25 ഭാഷകളിൽ പുറത്തിറക്കിയിട്ടുണ്ട്. അതിൽ അദ്ദേഹം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. 'നിങ്ങൾ വനപ്രദേശത്തേയ്ക്ക് നോക്കൂ, അവിടെ വൃക്ഷലതാദികൾ തഴച്ചുവളരുന്നു'. രാസവളങ്ങളോ കീടനാശിനിയോ പ്രയോഗിച്ചിട്ടാണോ തഴച്ചുവളരുന്നത് എന്നാണ്. മണ്ണ് ജീവനുള്ളതാണ്. മണ്ണിനെ ജീവനുള്ളതാക്കുന്നത് മണ്ണിരകളും എണ്ണിയാലൊടുങ്ങാത്ത സൂക്ഷ്മജീവികളുമാണ്. ഈ ഫോറസ്റ്റ് കണ്ടീഷൻ കൃഷിയിടത്തിലുണ്ടായാൽ നല്ലതുപോലെ ചെടികൾ വളരും, നല്ല ആദായം ലഭിക്കും. ഞാൻ 1989-ൽ കോട്ടയത്തെ കാർഷികമേളയിൽ ഈ വിഷയം അവതരിപ്പിച്ചു. അതിനുശേഷം തൊടുപുഴയിൽ നടക്കുന്ന കാർഷികമേളയിൽ ചെറുകിട ജൈവകൃഷിക്കാർക്കുമാത്രം കർഷക തിലക് അവാർഡ് നൽകും. അതിൽ 2013-ൽ അവാർഡ് നേടിയ ആഷ്‍ലി അലി, പൊഴുതന. അദ്ദേഹത്തിന് വയനാട് രണ്ടേക്കർ സ്ഥലത്തുനിന്നും അന്ന് നാലു ലക്ഷം രൂപയാണ് വരുമാനമായി ലഭിച്ചത്. അന്ന് അദ്ദേഹം പോളിടെക്നിക് വിദ്യാർത്ഥിയാണ്. അദ്ദേഹത്തിന്റെ അമ്മ റുഖിയ. ഞാനിന്ന് അദ്ദേഹത്തെ വിളിച്ചപ്പോൾ പറഞ്ഞത്, കൃഷി കുറച്ചുകൂടി മെച്ചപ്പെടുത്തിയിട്ടുണ്ട് എന്നാണ്. ഈ വർഷം രണ്ടേക്കറിൽനിന്ന് 5 ലക്ഷം രൂപ അറ്റാദായമുണ്ട് എന്നാണ് അറിയാൻ സാധിച്ചത്. 15 പശുക്കളും കൂടാതെ ആട്, മുയൽ, കോഴി എന്നിവയെയും വളർത്തുന്നു. പച്ചക്കറികൃഷി കൂടാതെ കാപ്പി, വാഴ, കുരുമുളക്, ജാതി, ഏലം എന്നിവയും കൃഷി ചെയ്യുന്നുണ്ട്. ചെലവുകഴിഞ്ഞ് 5 ലക്ഷം രൂപ ലഭിക്കുന്നു. അതിനുശേഷം ഏറ്റവും ഒടുവിൽ അവാർഡ് ലഭിച്ചത് കോട്ടയത്ത് ളാക്കാട്ടൂർ ജോയിമോൻ എന്ന പ്രവാസിക്കാണ്. ശ്രീ. രമേശ് ചെന്നിത്തലയാണ്

അദ്ദേഹത്തിന് അവാർഡ് നൽകിയത്. 2004-ൽ നാട്ടിൽ തിരിച്ചെത്തിയ ജോയിമോന് അഞ്ചേക്കർ പുരയിടമാണുള്ളത്. ചെലവെല്ലാം കഴിഞ്ഞ് നല്ലൊരു തുക അറ്റാദായം ലഭിച്ചു. പൂർണ്ണമായും ജൈവകൃഷിയാണ്. പ്രതിവർഷം ഒരു ലക്ഷം പച്ചക്കറിത്തൈ വിൽക്കുന്നതിലൂടെ രണ്ട് ലക്ഷം രൂപയുടെ വരുമാനം ലഭിക്കുന്നു. ജൈവ സർട്ടിഫിക്കേഷനുണ്ടെങ്കിൽ കയറ്റുമതിയും ചെയ്യാം. പയർ, കുറ്റിപ്പയർ, പാവൽ, വെണ്ട, തക്കാളി, വഴുതന എന്നിവയും കൃഷിചെയ്യുന്നു. അദ്ദേഹത്തിന് ജൈവ സർട്ടിഫിക്കേഷനുള്ളതുകൊണ്ട് പച്ചക്കറി വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിലൂടെമാത്രം 9 ലക്ഷം രൂപയുടെ വരുമാനമുണ്ട്. 10 പശുക്കൾ സ്വന്തമായിട്ടുണ്ട്. വെർമി കമ്പോസ്റ്റ് നിർമ്മാണമുണ്ട്. താറാവ്, മീൻ, കോഴി, എരുമ എന്നിവയും വളർത്തുന്നു. 2018-ലെ കർഷക തിലക് അവാർഡ് കാസർഗോഡ് രാജപുരം പൈനിക്കര കെ. എം. ജോർജ്-മേരി, ചേർത്തല പാണാവള്ളി വി. എസ്. മൂസ-മൈമുന ബീവി എന്നീ രണ്ട് ദമ്പതികൾക്കാണ് നൽകിയത്. രണ്ടര ഏക്കർ സ്ഥലത്താണ് കാസർഗോഡ് കൃഷി നടത്തിയത്. 6 മഴവെള്ള സംഭരണികൾ നിർമ്മിച്ച് ജലം ശേഖരിച്ച് ഡ്രിപ് ഇറിഗേഷൻ വഴിയാണ് ശ്രീ. കെ. എം. ജോർജ് കൃഷി ചെയ്യുന്നത്. മീൻവളർത്തലിൽ നിന്നുമാത്രം രണ്ടര ലക്ഷം രൂപയുടെ വരുമാനമുണ്ട്. പശുവളർത്തലിനുപുറമെ രണ്ടര ഏക്കർ സ്ഥലമുള്ള അയാൾക്ക് ആകെ ആറ് ലക്ഷം രൂപയുടെ അറ്റാദായം ഉണ്ട്. തീരദേശത്ത് കാർഷിക വൈവിദ്ധ്യത്തിലൂടെ വരുമാനമുണ്ടാക്കുന്ന വി. എസ്. മൂസ, മൃഗസംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകുന്ന ഒരാളാണ്. ഒപ്പം മത്സ്യകൃഷിയുമുണ്ട്. അദ്ദേഹത്തിന് പ്രതിമാസം എഴുപതിനായിരം രൂപയുടെ വരുമാനമുണ്ട്. അടുത്തതായി, കർഷക തിലകം തൃശ്ശൂർ മതിലകം ബീനാ സഹദേവൻ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് അറിയുന്ന ആളാണ്. 33 സെന്റ് കൃഷിയിടത്തിൽനിന്നും 3.78 ലക്ഷം രൂപയുടെ അറ്റാദായം ലഭിക്കുന്നുണ്ട്. പച്ചക്കറി, പാൽ, മുട്ട, ആട് വളർത്തൽ എന്നിവയിലൂടെയാണ് അവരുടെ വരുമാനം. ഈ നിലയിൽ വരുമാനമുണ്ടാക്കുന്ന ഏതാനുംപേരെക്കുറിച്ചു മാത്രമാണ് ഞാൻ പറഞ്ഞത്. എന്താണ് ഇവരുടെ വിജയരഹസ്യം എന്നുചോദിച്ചാൽ ജൈവകൃഷിയാണ്. അവരുടെ പുരയിടത്തിൽപോയി ചവിട്ടിയാൽ കുഷ്യനിൽ ചവിട്ടുന്നതുപോലെയിരിക്കും. കാരണം, അത് മണ്ണിര ഇളക്കിമറിച്ചിട്ട ഭൂമിയാണ്. ഹാർഡായിട്ടുള്ള മണ്ണല്ല. എണ്ണിയാലൊടുങ്ങാത്ത ജീവജാലങ്ങൾ. മണ്ണിരയെക്കുറിച്ച് അരിസ്റ്റോട്ടിൽ എഴുതിയിട്ടുണ്ട് - " Earthworms are the intestine of the soil. ആ മണ്ണിൽ രാസവളം പ്രയോഗിച്ചാൽ പിറ്റേദിവസം മണ്ണിരകൾ ചത്തുമലക്കുന്നതുകാണാം. ഫോറസ്റ്റ് കണ്ടീഷൻ വരുമ്പോൾ ഇതെല്ലാം സജീവമാകും. ഉത്പാദനം വളരെയേറെ വർദ്ധിക്കും. തൊടുപുഴയിലെ കാർഷിക മേളയ്ക്ക് ഡോ. എ. പി. ജെ. അബ്ദുൾകലാമിനെ ഞാൻ ക്ഷണിച്ചു, ആ മേളയുടെ പ്രധാന വിഷയം ഓർഗാനിക് ഫാമിംഗാണെന്ന് പറഞ്ഞു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വയനാട്ടിൽ പ്രളയം കഴിഞ്ഞ് പുൽപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽ ധാരാളം മണ്ണിരകൾ ചത്തുകിടക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു. മണ്ണിരകൾ മണ്ണിൽനിന്നും പുറത്തുവന്ന് മരിക്കുകയാണ്. അതിന്റെ കാരണമെന്താണെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, അതിനെക്കുറിച്ച് എനിക്ക് കൃത്യമായി പറയാൻ കഴിയില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഈ പറഞ്ഞ സ്ഥലം ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ മണ്ഡലത്തിലുള്ളതാണ്. ഇപ്പോൾ മാത്രമല്ല, വർഷങ്ങൾക്കുമുമ്പ് ഇതുപോലൊരു പ്രതിഭാസം ഉണ്ടായിട്ടുണ്ട്. മണ്ണിനുവന്നിട്ടുള്ള ഘടനാപരമായ മാറ്റമാണ് അതിന്റെ പ്രധാന കാരണം. യാതൊരു ശാസ്ത്രീയതയുമില്ലാതെ ലാഭം മാത്രംനോക്കി പല ക്രോപ്പുകൾ കൃഷിചെയ്യുന്നതുമൂലം അമിതമായിട്ടുള്ള രാസവള പ്രയോഗത്തിന്റെയൊക്കെ ഫലമായി മണ്ണിന്റെ ഘടനയിൽത്തന്നെ മാറ്റം വരികയാണ്. ചെറിയ ചൂടുപോലും മണ്ണിനുള്ളിലേയ്ക്കുപോയാൽ അവിടെനിന്നും മണ്ണിരകൾ പുറത്തുവരുന്നു എന്ന റിപ്പോർട്ടാണ് യൂണിവേഴ്സിറ്റിയിൽനിന്നും കിട്ടിയിട്ടുള്ളത്. മണ്ണിനെ ശാസ്ത്രീയമായി പരിപാലിക്കാത്തതിന്റെ അനന്തരഫലമായിട്ടാണ് മണ്ണിരകൾ വ്യാപകമായി ചത്തൊടുങ്ങുന്നതെന്നുള്ള റിപ്പോർട്ടാണ് നമുക്ക് ലഭ്യമായിരിക്കുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഫോറസ്റ്റ് കണ്ടീഷനെന്ന് അങ്ങിവിടെ പറഞ്ഞു. വലിയ വെള്ളപ്പൊക്കം വന്നപ്പോൾ അച്ചൻകോവിലാർ അടക്കം സൈഡുമുഴുവൻ ഫോറസ്റ്റ് ലാന്റ് ഇങ്ങനെ ഒഴുക്കികൊണ്ടുവന്ന് ചെങ്ങന്നൂരിലും കുട്ടനാട്ടിലുമെല്ലാം വന്നടിയുകയാണുണ്ടായത്. ചെളിവാരി കളയുകയെന്നതായിരുന്നു വെള്ളപ്പൊക്കം കഴിഞ്ഞപ്പോൾ ഒരു വലിയ വിഷയമായി മാറിയത്. ആ ചെളി മണ്ണുമായി ചേർത്ത് ഉഴുതുമറിച്ചിരുന്നെങ്കിൽ വലിയ വളം കിട്ടുമായിരുന്നു. അതിന്റെ വ്യത്യാസം മനസ്സിലായത് കുട്ടനാട്ടിൽ കഴിഞ്ഞ വർഷം ഏതാണ്ട് 40 ശതമാനത്തിലധികം നെല്ലുല്പാദനത്തിൽ വർദ്ധനവുണ്ടായതാണ്. കൃഷിക്കാരായ എന്റെ സുഹൃത്തുക്കൾ പറഞ്ഞത് വലിയ വർദ്ധനവുണ്ടായി എന്നാണ്. സാർ പറഞ്ഞതുപോലെ ഫോറസ്റ്റിൽനിന്നും വന്ന മണ്ണ് വന്നുപെട്ടിരിക്കുന്നത് ചെങ്ങന്നൂർ പോലുള്ള സ്ഥലങ്ങളിലാണ്. അത് നമുക്ക് യൂട്ടിലൈസ് ചെയ്യാൻ കഴിഞ്ഞാൽ ഫോറസ്റ്റ് കണ്ടീഷനുള്ള മണ്ണ് കിട്ടും.

ശ്രീ. പി. ജെ. ജോസഫ് : സർ, മണ്ണ് സംരക്ഷണം ഏറ്റവും വലിയ വിഷയമാണ്. വാട്ടർ ഷെഡ് മാനേജ്മെന്റ് നമ്മുടെ സംസ്ഥാനം ഗൗരവമായെടുത്തിട്ടില്ല. ചില സംസ്ഥാനങ്ങളിൽ വാട്ടർ ഷെഡ് കമ്മിറ്റികളുണ്ട്.

അത് പഞ്ചായത്തിനേക്കാൾ പവർഫുള്ളാണ്. ഇടുക്കിയിൽ ഇത്തവണ മണ്ണിടിച്ചിലുണ്ടായപ്പോൾ ഞാൻ CWRDM പോലുള്ള (Centre for Water Resources Development and Management) സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു. നമ്മുടെ നാട്ടിലുള്ള പഴയൊരു രീതിയുണ്ട്. കോണ്ടൂർ ബണ്ടുകളുണ്ടാക്കി അവിടെ രാമച്ചം നടാം. രാമച്ചത്തിന്റെ പ്രത്യേകതയെന്നുപറയുന്നത് ഒരു വർഷംകൊണ്ട് രണ്ടുമുതൽ നാലുമീറ്റർ വരെ വേര് താഴേയ്ക്കിറങ്ങും. മൂന്നുനാല് വർഷമാകുമ്പോൾ 10-12 അടി വേര് താഴേയ്ക്കിറങ്ങും. അരിപ്പപോലെയാണ് ഇതിന്റെ വേര്. തുള്ളിത്തുള്ളിയായിട്ടേ വെള്ളം പോകുകയുള്ളൂ. വെള്ളം കെട്ടി നിൽക്കുന്നതുകൊണ്ടാണ് മണ്ണിടിയുന്നത്. രാമച്ച ബണ്ടുകൾ വച്ചുപിടിപ്പിച്ചാൽ പ്രയോജനമായിരിക്കും. ആ ജില്ലയ്ക്ക് മൊത്തത്തിൽ പ്ലാനിംഗുണ്ടാകണം. ഇപ്പോൾ ചരിഞ്ഞുകിടക്കുന്ന ഭൂമിയിൽ വെള്ളം കുത്തിയൊഴുകുകയാണ്. ഇങ്ങനെ ബണ്ടുകൾ തീർക്കുന്നതുമായി ബന്ധപ്പെട്ട ഒരു പ്രോജക്ട് ഗവൺമെന്റിന്റെ വലിയൊരു പ്രോഗ്രാമായിട്ടെടുക്കണം. വാട്ടർ ഷെഡിന് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ അസിസ്റ്റൻസുണ്ട്. ഇടുക്കി ജില്ല മാത്രം പോര, വയനാട്ടും എടുക്കണം. ചരിഞ്ഞ ഭൂമിയിലെല്ലാം രാമച്ചം വച്ചുപിടിപ്പിക്കണം. ഞാൻ ഏതാനും വർഷങ്ങൾക്കുമുമ്പ് കൃഷി സ്ഥലത്ത് ഇത് പരീക്ഷിച്ചിട്ടുണ്ട്. കല്ലൊന്നും വേണ്ട, വെള്ളം അരിച്ചിറങ്ങും. മുകളിൽക്കൂടി വെള്ളത്തിന്റെ ശക്തമായ ഒഴുക്കുണ്ടാകില്ല. അതുകൊണ്ട് വെറ്റിവർ (Vetiver) വച്ചുപിടിപ്പിക്കുന്നത് നമ്മുടെ സംസ്ഥാനത്തെ കൃഷിഭൂമി സംരക്ഷിക്കാൻ, മണ്ണിടിച്ചിൽ തടയാൻ ഏറ്റവും ഫലപ്രദമായ ഒന്നാണ്. അത് ശാസ്ത്രീയമായി തെളിഞ്ഞിട്ടുള്ളതാണ്. ഞാൻ CWRDM-മായി ഇന്നലെയും സംസാരിച്ചു. ഇവിടെ പെയ്തിറങ്ങുന്ന മൂവായിരം മില്ലിമീറ്റർ മഴവെള്ളം മുഴുവൻ കടലിൽ ചെന്നുചേരുകയാണ്. ശ്രമിച്ചാൽ ഒരുതുള്ളി വെള്ളംപോലും കടലിൽ പോകാതെ നമുക്കുപയോഗിക്കാം. ഞാൻ എന്റെ 15 ഏക്കർ കൃഷിസ്ഥലത്ത് അത് പരീക്ഷിച്ചിട്ടുണ്ട്. ഒരു തുള്ളിവെള്ളം പുരയിടത്തിൽനിന്നും പുറത്തേയ്ക്കൊഴു കാതെയായി. അതായത് ചെറിയ സ്ലോപ്പ് ഉള്ളിലേയ്ക്കുകൊടുക്കണം. അവിടെ രാമച്ചമൊന്നും വച്ചില്ല, അവിടെ വാട്ടർ ഷെഡ് മാനേജ്മെന്റിന്റെ പ്രിൻസിപ്പിളാണ് ഉപയോഗിച്ചത്. കേരളത്തിലെ കൃഷിയിടങ്ങൾ മുഴുവൻ അങ്ങനെയാക്കിയാൽ വെള്ളം കുത്തിയൊഴുകില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) : സർ, വാട്ടർ ഷെഡിന്റെ അടിസ്ഥാനത്തിലൊരു വാട്ടർ ബഡ്ജറ്റ് തയ്യാറാക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. പി. ജെ. ജോസഫ് : സർ, സൂര്യപ്രകാശവും വെള്ളവും ഉണ്ടെങ്കിൽ നമ്മുടെ മണ്ണിൽ പൊന്ന് വിളയിക്കാം. സൂര്യപ്രകാശം പരിപൂർണ്ണമായി

ഉപയോഗപ്പെടുത്തണം, വെള്ളം ഒട്ടും നഷ്ടപ്പെടാതെ സംരക്ഷിക്കണം. വെള്ളം ഓടിപ്പോകാതെ നടന്നുനീങ്ങണം. വെള്ളം നടന്നുനീങ്ങിയാൽ മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിക്കും. കേരളത്തിൽ അഞ്ച് മാസക്കാലം വരൾച്ചയുണ്ടായി. ഒരു കാര്യവുമില്ലാതെ വരൾച്ചയുണ്ടായി. 1986-ൽ വരൾച്ചയുണ്ടായപ്പോൾ ഞാൻ കുറ്റ്യാടി പ്രദേശത്തെ തെങ്ങിൻത്തോപ്പിൽ പോയിരുന്നു. അവിടെയെങ്ങും ഒരു വരൾച്ചയുമില്ലായിരുന്നു. മുഴുവൻ പുതയിട്ടിരിക്കുകയാണ്. ഒരു മഴ പെയ്താൽ ഒന്നോ രണ്ടോ മാസം ആ മഴവെള്ളം അവിടെ നിൽക്കും. റമ്പൂട്ടാൻ കൃഷി നനയ്ക്കണമെന്നാണ്. പക്ഷേ, തൊടുപുഴയിലെ ആദ്യത്തെ റമ്പൂട്ടാൻ കൃഷിക്കാരൻ അദ്ദേഹത്തിന്റെ ഭൂമി നനയ്ക്കാതെയാണ് റമ്പൂട്ടാൻ കൃഷി ചെയ്യുന്നത്. ഞാൻ കഴിഞ്ഞതിനുമുന്നിലത്തെ വർഷം അവിടെപ്പോയി കണ്ടു. അവിടെ അദ്ദേഹം കൃഷിയിടത്തിൽ പുതയിട്ടിരിക്കുകയാണ്. ഒരു മഴ പെയ്താൽ രണ്ട് മാസം ആ വെള്ളം അവിടെ തങ്ങിനിൽക്കും. എട്ടേക്കറിൽനിന്ന് റമ്പൂട്ടാൻ കൃഷിയിലൂടെ 40 ലക്ഷം രൂപയാണ് അദ്ദേഹത്തിന് കിട്ടിയത്. അവിടെ ഉത്പാദിപ്പിക്കുന്ന റമ്പൂട്ടാൻ മുഴുവനും തമിഴ്നാട്ടുകാർ വന്ന് വാങ്ങിക്കൊണ്ടുപോവുകയാണ്. ശരിയായി മൾച്ചിംഗ് (mulch) നടത്തിയാൽ നനയ്ക്കേണ്ട ആവശ്യമില്ല. അങ്ങനെ കൃഷിയിടങ്ങളിൽ ഇത്തരം കാര്യങ്ങളിലേയ്ക്ക് ആളുകളെ കൊണ്ടുപോകേണ്ടിയിരിക്കുന്നു. എങ്ങനെ ഈ പ്ലാനിംഗ് നടത്തണമെന്നുള്ളതാണ്. ഞാനൊരു പരീക്ഷണം ആരംഭിച്ചിരിക്കുകയാണ്. ഞങ്ങൾ പുറപ്പുഴ പഞ്ചായത്തിലെ രണ്ടാം വാർഡിനെ 'ഹരിതവാർഡ് എന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഹരിതവാർഡ് എല്ലാവർക്കും പരീക്ഷിക്കാവുന്നതാണ്. ഞാൻ 12 വീടുകളിൽ പോയി അരമണിക്കൂർ വച്ച് ചെലവഴിച്ചു, സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിച്ചു. എത്ര സ്ഥലമുണ്ട്, കിണറിൽ വെള്ളമുണ്ടോ ഇവ അന്വേഷിച്ചു. കിണർ റീചാർജ്ജിംഗിന് അവർ സമ്മതിച്ചു, ഇത്തവണ കിണർ റീ-ചാർജ് ചെയ്തു, വെള്ളം വറ്റാതിരിക്കും. അതുപോലെതന്നെ വേസ്റ്റ് മാനേജ്മെന്റ്. രണ്ട് ചെറിയ കോൺക്രീറ്റ് റിംഗ് വച്ച് അടുക്കളയിൽനിന്നുള്ള വേസ്റ്റ് അതിൽ നിക്ഷേപിച്ചശേഷം അതിനുമുകളിൽ ചാണകവും മണ്ണും കലർത്തിയ മിശ്രിതം വിതറണം, ആ റിംഗ് നിറഞ്ഞുകഴിയുമ്പോൾ അടുത്ത റിംഗിലും ഇതുപോലെ ചെയ്യണം. ആ റിംഗ് നിറയുമ്പോഴേയ്ക്കും ആദ്യത്തേത് കമ്പോസ്റ്റായിക്കഴിയും. മണ്ണിരയെക്കൂടി ഇതിൽ ഇട്ടാൽ വളരെവേഗം കമ്പോസ്റ്റാകും.

അതുപോലെ ആവശ്യമുള്ള മുഴുവൻ പച്ചക്കറികളും അവിടെത്തന്നെ കൃഷി ചെയ്യുകയാണ്. പച്ചക്കറികളിൽ കീടനാശിനികളുടെ ആവശ്യമുണ്ടോ? ഞാൻ വർഷങ്ങളായി കീടനാശിനി ഉപയോഗിക്കാത്ത ആളാണ്. ബയോളജിക്കൽ കൺട്രോൾ ഓഫ് പെസ്റ്റ്സ്, മിത്രകീടങ്ങളും ശത്രു കീടങ്ങളുമുണ്ട്. മിത്ര കീടങ്ങൾ

തീർച്ചയായും ശത്രുകീടങ്ങളെ കൺട്രോൾ ചെയ്യും. കേരളത്തിൽ റസിസ്റ്റന്റ്സ് ഉള്ള പച്ചക്കറി ഇനങ്ങളുണ്ട്. കാസർഗോഡുകാർക്കറിയാം, ആനക്കൊമ്പൻ എന്ന ഇനം വെണ്ട. ആ ഇനത്തിൽ ഒരു കീടവും ആക്രമിക്കുകയില്ല. എവിടെയും കൃഷി ചെയ്യാം. കറി വയ്ക്കുന്നതിന് രണ്ട് വെണ്ടയ്ക്ക മതിയാകും. അതുപോലെ മരവെണ്ട എന്ന ഇനവുമുണ്ട്. അത് അടുത്ത വർഷവും നിന്ന് കായ്ക്കും. അത് കേരളത്തിന്റെ ഒരു വെറൈറ്റി ഇനമാണ്. ഇത്തരം വെറൈറ്റികൾ കണ്ടെത്തിയാൽ കീടനാശിനിയുടെ ആവശ്യം വരില്ല. ചീരയും വെണ്ടയുമുൾപ്പെടെ രണ്ടേക്കർ സ്ഥലത്ത് ഞാൻ ഇത്തവണ പച്ചക്കറികൃഷി ചെയ്തിരുന്നു. ഗോമൂത്രത്തിൽ അഞ്ചിരട്ടി വെള്ളം ചേർത്ത് സ്പ്രേ ചെയ്താൽ ഒരു കീടവും വരില്ല.

കേരളത്തിലെ കൃഷിയിടങ്ങളിൽ 29 ശതമാനം തെങ്ങാണ്. ഏറ്റവും നല്ല തെങ്ങുകർഷകനാണ് ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി). ഞാൻ പോയി കണ്ടിരുന്നു, ഒരു തെങ്ങിൽനിന്ന് ആവറേജ് 250-300 തേങ്ങ കിട്ടും. നാടൻതെങ്ങ് TxT, സി.പി.സി.ആർ.ഐ., കായംകുളത്തുനിന്ന് എടുത്തതാണ്. നാടൻതെങ്ങിൽ, ആയിരം തെങ്ങിൽ ഒരു തെങ്ങുപോലും കേടില്ലാത്തത് അവിടെയുണ്ട്. അത് തമ്മിൽ ക്രോസ് ചെയ്യിപ്പിക്കും, വളരെ ചെലവേറിയ പരിപാടിയാണ്. ഞാൻ അങ്ങനെയുള്ള 30 തെങ്ങിൻതൈകൾ നട്ടു. ആ തെങ്ങിന്റെ മുഴുവൻ കുലകളും അതിലെ മടലിനകത്ത് തന്നെയാണ്. 100-125 തേങ്ങയുണ്ടാകും. ഒരു തേങ്ങ ഒരു കിലോഗ്രാം തൂക്കംവരും. വൈവിധ്യമാർന്ന തെങ്ങുകൾ ഉത്പാദിപ്പിക്കുന്നതിന് സി.പി.സി.ആർ.ഐ. വലിയ സംഭാവന നൽകിയിട്ടുണ്ട്. DxT ആണെങ്കിൽ ഉറപ്പായും ആവറേജ് 200 തേങ്ങ കിട്ടും. തെങ്ങിന് കേട് പറ്റില്ലേ എന്നുചോദിച്ചാൽ, എനിക്ക് കുറച്ച് തെങ്ങുണ്ട്. ഒന്നിനും കേടില്ല. ചുവന്നചെല്ലി തെങ്ങുകളെ നശിപ്പിക്കും. അവിടെ ചുവന്നചെല്ലി ഇല്ലാത്തത് ബയോളജിക്കൽ കൺട്രോളുള്ളതുകൊണ്ടാണ്. മഴ തുടങ്ങുന്നതിനുമുമ്പ് അര കിലോഗ്രാം വേപ്പിൻപിണ്ണാക്ക് ഇട്ടുകൊടുക്കണം, മഴ മാറിയതിനുശേഷം അര കിലോഗ്രാം ഇട്ടുകൊടുക്കണം. അതിന്റെ മണം കാരണം ആ പ്രദേശത്തേയ്ക്കൊന്നും ചുവന്നചെല്ലി വരില്ല.

ഭക്ഷ്യകാര്യത്തിൽ കേരളത്തിന്റെ അപര്യാപ്തത നമുക്കറിയാം. തെങ്ങിൻ തോപ്പുകളിൽ ക്യാഷ് ക്രോപ്പ് ഇടവിളകളാക്കാതെ ഭക്ഷ്യവിളകൾ ഇടവിളകളായി നടണം. ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ് തുടങ്ങിയവയും പച്ചക്കറികളും നടണം. 50 തെങ്ങ് ഒരേക്കറിൽ നട്ടുപിടിപ്പിക്കാൻ സാധിക്കും. പശു വളർത്തലുംകൂടിയുണ്ടെങ്കിൽ ബയോഗ്യാസ് ലഭിക്കും. അതിൽനിന്നുള്ള സ്ലറി കൃഷിക്ക് വളമായി ഉപയോഗിക്കുകയും ചെയ്യാം. കേരളത്തിന്റെ ഭക്ഷ്യക്ഷാമം പരിഹരിക്കാനുള്ള മാർഗ്ഗമാണ്. ആളുകളെല്ലാവരും അരിയാഹാരം മാത്രം

കഴിക്കണമെന്നില്ല. വൈകുന്നേരങ്ങളിൽ ചേന പുഴുങ്ങി തേങ്ങയും ചേർത്ത് കഴിക്കാം. അതിന്റെ രുചി ഇപ്പോഴും നാവിന് തുമ്പിലുണ്ട്. ഉരുളക്കിഴങ്ങിന് പകരം ചേമ്പ് ഉപയോഗിക്കാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, നമ്മുടെ നാട്ടിൽ തന്നെയുള്ള അടതാപ്പ് എന്ന ഇനം കിഴങ്ങ് ഉരുളക്കിഴങ്ങിന് പകരമായി പണ്ടുകാലങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരുന്നതാണ്. ഇപ്പോഴും അത് ലഭ്യമാണ്. വളരെ വ്യാപകമായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: വളരെ ശരിയാണ്. ഇവ നാട്ടിൽ ഉപയോഗിച്ചുകൊണ്ടിരുന്നതാണ്.

മി. ചെയർമാൻ: പത്ത് മിനിട്ടായി. സമയം പാലിക്കണം.

ശ്രീ. പി. ജെ. ജോസഫ്: സർ, തെങ്ങിന്റെ ഇടവിളകളെക്കുറിച്ചാണ് പറയുന്നത്. നമ്മൾ വൻതോതിൽ തെങ്ങ് കൃഷിയിലേയ്ക്ക് പോകണം. തെങ്ങ് വയ്ക്കേണ്ട സമയം എപ്പോഴാണ്; പത്താമുദയത്തിന് തെങ്ങിൻതൈ വയ്ക്കണം. ഇത്തവണ ഏപ്രിൽ 23 ആയിരുന്നു. അന്ന് ഞാൻ കുറച്ച് തെങ്ങ് വച്ചു. അതെല്ലാം ഇപ്പോൾ കുമ്പെടുത്ത് കഴിഞ്ഞു. പിന്നെ തിരുവാതിര ഞാറ്റുവേല, ജൂൺ 22 മുതൽ ജൂലൈ 5 വരെയാണ്. വിത്തുകൾ ഈ സമയത്ത് കൊടുക്കണം. എപ്പോഴാണ് തെങ്ങിൻതൈ വിതരണം ചെയ്യുന്നത്; കഴിഞ്ഞ പ്രാവശ്യം ഡിസംബർ മാസത്തിലാണ് വിതരണം നടത്തിയത്. കൃഷി ഡിപ്പാർട്ട്മെന്റ് വഴി നൽകുന്ന തെങ്ങിൻതൈകൾ തിരുവാതിര ഞാറ്റുവേലയിൽ നിർബന്ധമായും കൊടുത്തിരിക്കണം, അല്ലെങ്കിൽ കൊടുക്കണ്ടായെന്ന് വയ്ക്കണം. കരിമണ്ണൂർ പഞ്ചായത്തിൽ തെങ്ങിൻതൈ വിതരണം ചെയ്യാൻ ഞാൻ സമ്മതിച്ചില്ല. ആ തെങ്ങ് മുഴുവൻ നനയ്ക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് ഉണങ്ങിപ്പോകും. പത്താമുദയമാണ് തെങ്ങ് വയ്ക്കാൻ ഏറ്റവും അനുയോജ്യമായ സമയം. വിത്ത് ഗുണം പത്ത് ഗുണം.

മോദി ഗവൺമെന്റ് ഇത്തവണ പെരിയാറിനെ നദീശുദ്ധീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സന്തോഷകരമായ കാര്യമാണ്. അതിനുള്ള ഫണ്ട് മുഴുവൻ കേന്ദ്ര ഗവൺമെന്റാണ് തരുന്നത്. കക്കൂസ് മാലിന്യമുൾപ്പെടെ സർവ്വ മാലിന്യങ്ങളും പെരിയാറിലേയ്ക്കാണ് ഒഴുക്കുന്നത്. പെരിയാറിനെയും പമ്പയെയും രക്ഷിക്കണം. മാലിന്യങ്ങൾ ഒഴുക്കിവിടുന്ന നദികളെ മുഴുവൻ രക്ഷിക്കുന്നതിന് വലിയൊരു നീക്കം നടക്കേണ്ടതുണ്ട്.

തോട്ടപ്പള്ളി സ്പിൽവേയുടെ പണി എത്രയുംവേഗം പൂർത്തിയാക്കണം. 300 മീറ്റർ വീതി വേണ്ടതാണ്. ഇപ്പോൾ 75 മീറ്റർ വീതിയേയുള്ളൂ. പമ്പ-അച്ചൻകോവിലാറിലെ വെള്ളം മുഴുവൻ അതുവഴി ഒഴുകിപ്പോകേണ്ടതാണ്. അല്ലെങ്കിൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ചുരുക്കണം.

ശ്രീ. പി. ജെ. ജോസഫ്: ഞാൻ ചുരുക്കുന്നു. 3,000 മില്ലിമീറ്റർ മഴവെള്ളം വാട്ടർഷെഡ് മാനേജ്മെന്റ് വഴി ഭൂമിയിൽ താഴ്ത്താനായാൽ വരൾച്ച ഉണ്ടാകില്ല. അതിനുള്ള യജ്ഞം എല്ലാ പഞ്ചായത്തുകളിലും നടത്തണം. ഹരിതഗ്രാമം എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകണം.

ശ്രീ. ഐ. ബി. സതീഷ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രകടനപത്രിക ജനങ്ങളുടെ അഭിപ്രായപ്രകടനങ്ങളിൽനിന്ന് ഉടലെടുത്ത ഒന്നാണ്. ജലദൗർലഭ്യത്തിന്റെയും കാർഷിക മുരടിപ്പിന്റെയും ജീവിതശൈലീ രോഗങ്ങളുടെയും ദുരിതത്തിൽനിന്ന് കേരളത്തെ രക്ഷിക്കണമെന്നും പച്ചപ്പനംതത്തകൾ തത്തിക്കളിക്കുന്ന പുഞ്ചയുടെ നാട് വീണ്ടെടുക്കണമെന്നും മലയാളി ആഗ്രഹിച്ചു. ആ ആഗ്രഹമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയായി മാറിയത്. ജനങ്ങളുടെ ആഗ്രഹത്തോടൊപ്പം ഒരു പ്രത്യയ ശാസ്ത്രത്തിന്റെ തെളിച്ചവും വെളിച്ചവും കൂട്ടിനുണ്ടായിരുന്നു. പ്രകൃതിയോട് മനുഷ്യൻ കാട്ടുന്ന എല്ലാ കടന്നാക്രമണങ്ങൾക്കും പിൻതലമുറക്കാർ ഇരകളാകേണ്ടി വരുമെന്ന് ഓർമ്മിപ്പിച്ചത് മഹാനായ കാറൽ മാർക്സാണ്. അതിനെ ശാസ്ത്രീയമായി യുക്തിപൂർവ്വം അവതരിപ്പിച്ചത് മഹാനായ ഫ്രെഡറിക് ഏംഗൽസാണ്. ആ കാഴ്ചപ്പാട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുണ്ടായിരുന്നു. കേരളത്തിന് ഇതുവരെ അപരിചിതമായ സമഗ്രവും സന്തുലിതവും സുസ്ഥിരവുമായ ഒരു വികസന മാതൃക ഇന്ന് കേരളം അനുഭവിക്കുകയാണ്. ദൂരക്കാഴ്ചയും കരുതലുമുള്ള പിണറായി സർക്കാരിന്റെ സമീപനം ഏറ്റവും നന്നായി പ്രതിഫലിക്കുന്ന കണ്ണാടികളാണ് കൃഷി വകുപ്പും ജലസേചന വകുപ്പും. കർഷക മനസ്സുള്ള കൃഷി വകുപ്പുമന്ത്രിയും വെള്ളത്തിന്റെ വിലയറിയുന്ന ജലവിഭവ വകുപ്പുമന്ത്രിയും കേരളത്തിൽ വലിയ മാറ്റങ്ങൾക്കാണ് നേതൃത്വം നൽകിയത്. ഈ കാലയളവിൽ കേരളം ഒരുപാട് മാതൃകകൾക്ക് സാക്ഷ്യം വഹിച്ചു. വരട്ടാറിനെ വീണ്ടെടുക്കാൻ പറ്റിയത്, കനോലി കനാൽ, മീനച്ചിലാർ, തലസ്ഥാന ജില്ലയിലെ കിള്ളിയാർ മിഷൻ തുടങ്ങിയ പദ്ധതികൾ, തളിപ്പറമ്പിലെ നീർത്തടാധിഷ്ഠിത വികസനം ഇതെല്ലാം നമ്മുടെ മുമ്പിൽ

മാതൃകയായി നിൽക്കുന്നുണ്ട്. ഇതിനെല്ലാം കാരണമാകുന്നത് ഞാൻ നേരത്തേ സൂചിപ്പിച്ച ആവേശകരമായ നേതൃത്വം തന്നെയാണ്. നഷ്ടപ്പെട്ടുപോയ നെൽപ്പാടങ്ങളെ വീണ്ടെടുക്കുകയെന്നത് അസംഭവ്യമാണെന്ന് നാം കരുതിയിരുന്നു. എന്നാൽ നമ്മുടെ മുന്നിൽ തെളിയുന്ന കണക്കുകളുണ്ട്. 2016-ൽ 17139 ഹെക്ടറുണ്ടായിരുന്ന നെൽപ്പാടങ്ങൾ ഇപ്പോൾ 22449 ആയി വർദ്ധിച്ചിരിക്കുന്നു. പച്ചക്കറി ഉല്പാദനത്തിൽ കാര്യമായ വർദ്ധനവുണ്ടായിരിക്കുന്നു. ഈ മാതൃകയുടെ ചുവടുപിടിച്ച് എന്റെ മണ്ഡലത്തിൽ 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി' എന്നൊരു പദ്ധതി ആരംഭിച്ചു. ഈയടുത്ത കാലത്ത് ലോക പുനർനിർമ്മാണ സമ്മേളനത്തിൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ട ഒരു സെഷനിൽ ഡച്ച് ഡിസാസ്റ്റർ റിഡക്ഷൻ വിഭാഗത്തിലെ വിദഗ്ദ്ധനായ ശ്രീ. പോൾ വാൻ മീൽ (Paul Van Meel) പറഞ്ഞിരുന്നത്, *In my opinion the best example of integrated watershed management which I have seen in the world is being practiced in Kattakkada not far from Trivandrum* എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിലാണ് അദ്ദേഹം അത് പറഞ്ഞത്. എങ്ങനെയാണ് വിവിധ വകുപ്പുകൾക്ക് ഒരുമിക്കാൻ കഴിയുന്നത്, സംയോജിതമായ പ്രവർത്തനങ്ങൾ നടത്താൻ പറ്റുന്നത്, കൺവർജൻസിന്റെ മാതൃകയായി കാട്ടാക്കടയിലെ ജലസമൃദ്ധി പദ്ധതി നിൽക്കുകയാണ്. 16-ഓളം സർക്കാർ വകുപ്പുകൾ, ജില്ലാ മേധാവികൾ എന്നിവരെല്ലാം മാസത്തിലൊരിക്കൽ കളക്ടറുടെ ചേംബറിൽ യോഗം ചേർന്ന് ഓരോ വകുപ്പുകളും ചെയ്യേണ്ട പ്രവൃത്തികൾ എന്തെന്ന് തീരുമാനിച്ച് അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്. ഇതിനകംതന്നെ ഈ പദ്ധതി ജലസമൃദ്ധിയിൽനിന്നും ജൈവ സമൃദ്ധിയിലേയ്ക്കും മത്സ്യ സമൃദ്ധിയിലേയ്ക്കും വികസിപ്പിക്കാനായിട്ടുണ്ട്. കഴിഞ്ഞ വർഷം മാത്രം 16 ഏക്കറിലാണ് നഷ്ടപ്പെട്ടുപോയ നെൽകൃഷി വീണ്ടെടുക്കാൻ കഴിഞ്ഞത്. ഇപ്പോൾ ലിഫ്റ്റ് ഇറിഗേഷന്റെ ഒരു മാതൃക അവിടെ ആരംഭിക്കുകയാണ്. നെയ്യാറിൽനിന്ന് വെള്ളം ലിഫ്റ്റ് ഇറിഗേഷൻവഴി ശേഖരിച്ച് 50 ഏക്കർ നെൽപ്പാടങ്ങൾ വീണ്ടെടുക്കുകയാണ്. കാട്ടാക്കട നിയോജകമണ്ഡലം സെമി ക്രിട്ടിക്കൽ എന്നുപറയുന്ന അപകടാവസ്ഥയിലെത്തിയ നേമം ബ്ലോക്കിലെ അഞ്ച് പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശമായിരുന്നു. ഇപ്പോൾ ഏറ്റവുമൊടുവിൽ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റും സ്റ്റേറ്റ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റും നടത്തിയ പഠനങ്ങളുണ്ട്. ശരാശരി ഭൂഗർഭ ജലനിരപ്പ് 2016-ൽ 5.4 ആയിരുന്നുവെങ്കിൽ 2018 ആയപ്പോഴേക്കും 3.6 മീറ്ററായി ഉയർത്താൻ കഴിഞ്ഞുവെന്ന പഠനറിപ്പോർട്ട് മുന്നിലുണ്ട്. അപായകരമാംവിധം താഴ്ന്നുകൊണ്ടിരിക്കുന്ന ഭൂഗർഭ ജലനിരപ്പ് വീണ്ടെടുക്കാൻ ഏറ്റവും ഫലപ്രദമായത് കിണർ റീ-ചാർജ്ജിംഗാണെന്ന് അനുഭവങ്ങളിലൂടെ ഞങ്ങൾക്ക് ബോധ്യമായി.

8000 ലിറ്റർ ജലം കൊള്ളുന്ന രണ്ട് കിണറുകൾ അമ്മക്കിണറുകൾക്ക് സമീപം സ്ഥാപിച്ച് കുരയ്ക്ക് മുകളിൽ ലഭിക്കുന്ന മഴവെള്ളത്തെ അതിൽ കൊണ്ടുചെന്നെത്തിക്കുക എന്നതാണ് കിണർ റീ-ചാർജ്ജിംഗ്. അങ്ങനെ ഒരു സ്കൂളിലെ രണ്ട് കിണറുകളിലായി ഒരു നേരം സംഭരിക്കാൻ പറ്റുന്നത് 16000 ലിറ്റർ വെള്ളമാണ്. അങ്ങനെ സ്കൂളുകളിലും സർക്കാർ സ്ഥാപനങ്ങളിലുമായി ഒഴുകി പാഴായി കടലിലെത്തി ഒടുങ്ങുമായിരുന്ന 16 ലക്ഷം ലിറ്റർ വെള്ളം അടുത്ത തലമുറയ്ക്കുവേണ്ടി കരുതിവയ്ക്കാനായി എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും മികച്ച നേട്ടം. അതോടൊപ്പം 300 കാർഷിക കുളങ്ങൾ പുതുതായി സൃഷ്ടിക്കാനായി. 10 മീറ്റർ നീളവും 10 മീറ്റർ വീതിയും 3 മീറ്റർ താഴ്ചയുമുള്ള കാർഷിക കുളങ്ങളിലൂടെ 300 ക്യൂബിക് മീറ്റർ വെള്ളമാണ് സംഭരിക്കാൻ പറ്റുന്നത്. അങ്ങനെ 300 കുളങ്ങൾവഴി ഭൂഗർഭ ജലനിരപ്പ് നിലനിർത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നമുക്ക് നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതുമാത്രമല്ല, ശ്രീ. പോൾ വാൻ മീൽ പറഞ്ഞ ഒരു കാര്യം, ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത സ്കൂൾ വിദ്യാർത്ഥികൾ മുതൽ വയോജനങ്ങൾവരെ ഇത് ഏറ്റെടുക്കുന്നുവെന്നതാണ്. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് സാർ പറഞ്ഞതുപോലെ, അവിടെ സ്കൂൾ കുട്ടികൾ മുതൽ ഒരു മന്ത്രമായി പാടി നടക്കുന്ന ഒന്നുണ്ട് - ഓടുന്ന വെള്ളത്തെ നടത്തിക്കുക, നടക്കുന്ന വെള്ളത്തെ ഇരുത്തുക, ഇരിക്കുന്ന വെള്ളത്തെ കിടത്തുക, കിടക്കുന്ന വെള്ളത്തെ ഉറക്കുക. വെള്ളത്തിന്റെ പ്രാധാന്യം നന്നായി മനസ്സിലാക്കാൻ, ജലസാക്ഷരത ഏറ്റവും ശക്തമായി നടപ്പാക്കാൻ അവിടെ കഴിഞ്ഞിട്ടുണ്ട്. ഞങ്ങളുടെ നാട്ടുകാരനായ പ്രിയപ്പെട്ട കവി ശ്രീ. മുരുകൻ കാട്ടാക്കട ജലസമൃദ്ധിക്കായി എഴുതിയ അവതരണ ഗാനത്തിൽ പറയുന്ന,

"ജലമാണ് നദിയായ് കരകൾക്ക് കുളിരായി

നിലമായ് നമ്മളെ പോറ്റുമമ്മ,

ജലമാണ് ജീവനം ബുദ്ധിയും ശക്തിയും

സുലഭമായ് നൽകുന്ന ബോധധാര

ജലമാണ് പൂവായി മണമായ് മണ്ണിനെ

പുളകമണിയിക്കുന്ന പുണ്യധാര."

ഇത് കേവലം ഒരു കവിയുടെ വരികളല്ല. ഇത് ഒരു ജനതയുടെ വിചാരവും സംസ്കാരവുമാക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ഇതിനെല്ലാം ഞങ്ങൾക്ക് കഴിയുന്നത് ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, വായു കടക്കാത്ത അറകളായി വിഭജിച്ചുനിന്നിരുന്ന വകുപ്പുകൾക്ക് പ്രോട്ടോക്കോളിന്റെ തടസ്സങ്ങളില്ലാതെ ഒരു

ടീമായിനിന്ന് പ്രവർത്തിക്കാൻ ജലസമൃദ്ധി ടീമിന് കഴിയുന്നതുകൊണ്ടാണ്. കേരളത്തിലെ ഏത് മണ്ഡലത്തിലും ഏത് പ്രദേശത്തും ഈ മാതൃക ആവിഷ്കരിച്ചുകഴിഞ്ഞാൽ ഭൂഗർഭ ജലനിരപ്പ് ഉയർത്താൻ കഴിയുമെന്നും നഷ്ടപ്പെട്ട വയലുകൾ വീണ്ടെടുക്കാൻ പറ്റുമെന്നും കൃഷിയിടങ്ങളെ നിലനിർത്താനാവുമെന്നുമുള്ള സന്ദേശമാണ് ഇത് നൽകുന്നത്. തീർച്ചയായും ഇതിനെല്ലാം ഞങ്ങൾക്ക് ഊർജ്ജം നൽകുന്നത് തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള സമീപനം കൊണ്ടാണ്. നാളേയ്ക്കുവേണ്ടി, അടുത്ത തലമുറയ്ക്കുവേണ്ടി കരുതിവയ്ക്കലാണ് യഥാർത്ഥ വികസനം. ജാതിയുടെയോ മതത്തിന്റെയോ സമുദായത്തിന്റെയോ കേവലം വോട്ടിന്റെയോ അടിസ്ഥാനത്തിൽ മാത്രം വികസനത്തെ സമീപിക്കുന്നതിനുപകരം നാളത്തെ തലമുറയെയും മണ്ണിനെയും പ്രകൃതിയെയും പരിസ്ഥിതിയെയും കാക്കുകയെന്ന സമീപനം വേണമെന്ന കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ടാണ് നവകേരളത്തിലേയ്ക്ക് കേരളം നടന്നടുക്കുന്നത്. നിർഭാഗ്യവശാൽ യു.ഡി.എഫ്.-ന് ഇത് മനസ്സിലാകുന്നില്ല. എന്റെ കയ്യിൽ പഴയ കുറേ നിയമസഭാ രേഖകളുണ്ട്. ജലവിഭവ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാർ ആ വകുപ്പുകളെ അഴിമതി നടത്താനുള്ള ഒരു മേഖലയായാണ് കണ്ടിരുന്നത്. 1982-ലാണെന്ന് തോന്നുന്നു, നാടായ നാടുമുഴുവൻ പൈപ്പ് കുഴിച്ചിട്ടതും എവിടെയാണ് കുഴിച്ചിട്ടതെന്ന് ഇന്നും അറിയാത്ത അവസ്ഥയുമുണ്ടായത്. അതുപോലെതന്നെ ഗൺമെറ്റൽകൊണ്ട് സ്ലൂയിസ് വാൽവുകൾ (sluice Valve) ഉണ്ടാക്കിയതിനെ സംബന്ധിച്ച് ആരോപണമുന്നയിച്ച് കണക്കുകൾ നിരത്തി സംസാരിച്ചത് ഇന്നത്തെ ജലവിഭവ വകുപ്പുമന്ത്രിയാണെന്ന് നിയമസഭാരേഖകളിൽ പറയുന്നുണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന അഴിമതി, 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം' എന്നുപറയുന്നതുപോലെ ജനങ്ങളുടെ ജീവിത ആവശ്യങ്ങളെ ദുരുപയോഗം ചെയ്ത് അഴിമതി നടത്തുന്ന സംസ്കാരമാണ് യു.ഡി.എഫ്.-നുള്ളത്.

കഴിഞ്ഞ കുറേ ദിവസങ്ങളായി ഇടതുപക്ഷത്തിനെതിരായ കടുത്ത ആക്രമണമാണ് പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഒരു കഥ മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ജ്ഞാനിയായ ഒരു വൃദ്ധൻ പുഴയിൽപ്പെട്ടുപോയ തേളിനെ രക്ഷപ്പെടുത്താൻ ശ്രമം നടത്തി. തേളിന് അറിയാവുന്നത് കുത്തുക എന്നതാണ്. രക്ഷപ്പെടുത്താൻ ശ്രമിച്ച വൃദ്ധന്റെ കൈകളിലും തേൾ കുത്തി. കൈകൾ കുടഞ്ഞപ്പോൾ തേൾ വീണ്ടും വെള്ളത്തിൽപ്പെട്ടുപോയി. ആ വൃദ്ധൻ വീണ്ടും ആ തേളിനെ രക്ഷിക്കാൻ ശ്രമിച്ചു. തേൾ വീണ്ടും അതുതന്നെ ചെയ്തു. മൂന്നാമത്തേയോ

നാലാമത്തേയോ തവണ ആ വൃദ്ധന് തേളിനെ രക്ഷിക്കാനായി. ഇത് കണ്ടുകൊണ്ടുനിന്ന ഒരാൾ ഇത്രയും കുത്തേറ്റിട്ടും എന്തിനാണ് അങ്ങ് ഈ തേളിനെ രക്ഷിക്കാൻ ശ്രമിച്ചതെന്ന് ചോദിച്ചപ്പോൾ, ജ്ഞാനിയായ ആ വൃദ്ധൻ പറഞ്ഞു, തേളിന് തേളിന്റെ തിന്മയെ ഉപേക്ഷിക്കാനാകില്ല. അതുകൊണ്ട് നമ്മൾ നമ്മുടെ നന്മയെ ഉപേക്ഷിക്കണമോ? യു.ഡി.എഫ്.-ന് ഒരിക്കലും യു.ഡി.എഫ്.-ന്റെ സഹജമായ തിന്മയെ ഉപേക്ഷിക്കാനാകില്ല. അതുപോലെ ഇടതുപക്ഷത്തിന് ഇടതുപക്ഷത്തിന്റെ സഹജമായ നന്മയെ ഒരിക്കലും ഉപേക്ഷിക്കാനാകില്ലെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ശുദ്ധജലവിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ് . ഒരു സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ കാർഷികമേഖലയാണ് . കാർഷിക മേഖലയുടെ തകർച്ച സമ്പദ്‌വ്യവസ്ഥയെ തകർച്ചയിലേയ്ക്ക് നയിക്കും. അത് സാംസ്കാരിക, പാരിസ്ഥിതിക മേഖലകളുടെ തകർച്ചയ്ക്കും വഴിയൊരുക്കും. പാരിസ്ഥിതിക തകർച്ച കാർഷിക തകർച്ചയ്ക്ക് തിരിച്ചും വഴിയൊരുക്കുമെന്നത് വളരെ അപകടകരമാണ് . പാരിസ്ഥിതിക കാർഷികമേഖലകളുടെ സന്തുലനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ലക്ഷ്യം വയ്ക്കുന്നത് . ഈ സർക്കാരിന്റെ കാർഷികനയം ബദൽ നയമാകുന്നത് അതുകൊണ്ടാണ് . ബി.ജെ.പി.-യുടെയും കോൺഗ്രസിന്റെയും സാമ്പത്തികനയങ്ങൾ ഇതല്ല. കാർഷികമേഖലയെ വ്യവസായമായി കാണുകയാണ് അവരുടെ നയം. അതുകൊണ്ടാണ് അവരുടെ ഭരണകാലങ്ങളിലെല്ലാം കാർഷികമേഖല തകരുന്നതും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുന്നതും. ഈ രണ്ടു മേഖലകളും തകരുമ്പോൾ സാമ്പത്തിക പ്രതിസന്ധിയും പ്രകൃതി ദുരന്തങ്ങളുമുണ്ടാകും. പ്രകൃതിദുരന്തങ്ങളും കാർഷിക മേഖലയുമായി ബന്ധമുണ്ടെന്ന കാര്യം വലതുപക്ഷ രാഷ്ട്രീയനയങ്ങൾക്ക് തിരിച്ചറിയാൻ കഴിയില്ല. അതുകൊണ്ടാണ് നിരന്തരമായ പ്രകൃതിദുരന്തങ്ങൾ നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നത് . മറ്റൊരു ദുരന്തത്തെക്കുറിച്ച് കൂടി നാം മനസ്സിലാക്കണം. അത് മലിനീകരണമാണ് . കാർഷികമേഖലയും മലിനീകരണവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മൂന്നുതരത്തിലുള്ള മലിനീകരണമാണ് നാം അഭിമുഖീകരിക്കുന്നത് , അന്തരീക്ഷ മലിനീകരണം, ജലമലിനീകരണം, മണ്ണ് മലിനീകരണം. ഇത് മൂന്നും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ് . ഈ മൂന്നു മലിനീകരണവും ഉല്പാദിപ്പിക്കപ്പെടുന്നത് കാർഷിക തകർച്ചയിൽനിന്നാണ് . അതേ സമയം ഈ മൂന്ന് മലിനീകരണവുമില്ലാതാകുവാനുള്ള ഏക വഴി കൃഷിയാണ്. ഇതാണ് കൃഷിയുടെ പ്രാധാന്യം. ഈ പ്രകൃതിസങ്കല്പം യാഥാർത്ഥ്യമാക്കുവാനാണ് ഹരിത കേരളം മിഷൻ പദ്ധതിക്ക് കേരളത്തിൽ ആരംഭം കുറിച്ചത് . കേരളത്തിലെ

എല്ലാ പഞ്ചായത്തുകളും കൃഷി വകുപ്പിന്റെ സഹായത്തോടെ ഹരിതകേരളം പദ്ധതി വിജയിപ്പിച്ചത് സന്തോഷകരമാണ് . കേരളത്തിന്റെ ആരോഗ്യമേഖലയുടെ മെച്ചപ്പെട്ട അവസ്ഥയുടെ കാരണം ആർദ്രം പദ്ധതിയാണെങ്കിലും രണ്ടാമത്തെ കാരണം കാർഷികമേഖലയുടെ വളർച്ചയാണ്. രാസാംശവും രാസകീടനാശിനിയും പരമാവധി കുറച്ച് കാർഷികരീതി വികസിപ്പിച്ചതാണ് കൃഷിവകുപ്പിന്റെ ഏറ്റവും വലിയ നേട്ടം. ഉല്പാദനവർദ്ധനവും തൊഴിൽവർദ്ധനവും പരിസ്ഥിതി സൗഹൃദസംസ്കാരവും ഉണ്ടാക്കുവാൻ ശ്രമിച്ച കൃഷിവകുപ്പ് മാതൃകയാണെന്ന് നമുക്ക് അഭിമാനത്തോടെ പറയാം. ജലസേചന വകുപ്പിന്റെ നിർലോഭമായ സഹകരണമില്ലാതെ മേൽപ്പറഞ്ഞ കാർഷികമേഖലയുടെ വളർച്ച സാദ്ധ്യമല്ല. ജലസേചനം കൃഷിക്കുവേണ്ടിയാണ്. വാട്ടർ ബഡ്ജറ്റിംഗ്പോലും നടപ്പിലാക്കുന്ന ജലസേചന വകുപ്പ് ഏറ്റവും മാതൃകാപരമായിട്ടാണ് പ്രവർത്തിക്കുന്നത്. ജലസേചന വകുപ്പ് ജലസേചന സൗകര്യത്തിന് മാത്രമല്ല, ജലലഭ്യതയും വർദ്ധനവും ജലസംരക്ഷണവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നുവെന്നത് ഏറ്റവും സ്തുത്യർഹമാണ് . ഇന്നത്തെ നമ്മുടെ ദിനപത്രങ്ങളിൽ രണ്ട് പ്രധാനപ്പെട്ട വാർത്തയുണ്ട്. അതിലൊന്ന്, ആരോഗ്യരംഗത്ത് കേരളം ഒന്നാമതാണ് എന്നുള്ളത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. ലോകബാങ്കും കേന്ദ്ര കുടുംബാരോഗ്യ വകുപ്പും നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ നീതി ആയോഗിന്റെ പരിശോധനയുടെകൂടി ഭാഗമായിട്ടാണ് കേരളം ആരോഗ്യരംഗത്ത് ഒന്നാമതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യരംഗത്ത് മാത്രമല്ല വിവിധ മേഖലകളിൽ കേരളം ഒന്നാമതായി മാറിയിരിക്കുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന് അതിന്റെ ഭാഗമായി നിരവധി അവാർഡുകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. മറ്റൊരു വാർത്ത, നമ്മുടെ കാർഷികകടങ്ങൾക്ക് മാത്രമല്ല, കൃഷിക്കാരെടുക്കുന്ന വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം നീട്ടാനുള്ള തീരുമാനത്തിൽ സംസ്ഥാന ഗവൺമെന്റ് ഉറച്ചുനിൽക്കുകയും അത് ബാങ്കേഴ്സ് സമിതി അംഗീകരിക്കുകയും ചെയ്ത കാര്യമാണ് . റിസർവ് ബാങ്കിന്റെ അനുമതി ഇനി അതിനുവേണം. കേരളത്തിന്റെ കാർക്കശ്യമായ നിലപാട് , ആദരണീയനായ മുഖ്യമന്ത്രിയും ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയും നടത്തിയ കൂട്ടായ ഇടപെടൽ, അവരുടെ ഇച്ഛാശക്തിയും ഉറച്ച നിലപാടുമാണ് ഡിസംബർ 31 വരെ മൊറട്ടോറിയം നീട്ടാൻ കഴിഞ്ഞത് . നമ്മുടെ രാജ്യത്ത് അഞ്ചുലക്ഷത്തിലധികം കോടി രൂപ കോർപ്പറേറ്റുകളുടെ വായ്പകൾ എഴുതിത്തള്ളിയ ബാങ്കുകൾക്ക് ഈ പാവപ്പെട്ട കർഷകന്റെ കണ്ണീർ കാണാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് കർഷകപക്ഷ നിലപാട് സ്വീകരിച്ചു. തെരഞ്ഞെടുപ്പിനുമുമ്പ് ഇതിന്റെ ഓർഡർ ഇറക്കാൻ ശ്രമിച്ചെങ്കിലും തെരഞ്ഞെടുപ്പ്

ചട്ടത്തിൽ കുരുങ്ങി അതിറക്കാൻ കഴിഞ്ഞില്ല. അന്ന് പ്രതിപക്ഷം അതിനെ മുതലെടുക്കാൻ ശ്രമിച്ച കാര്യം നമുക്കറിയാം. സർഫാസി ആക്ട് കൊണ്ടുവന്നത് കോൺഗ്രസ് നേതൃത്വം നൽകിയ യു.പി.എ. സർക്കാരാണ്. ആ സർഫാസി ആക്ട് പ്രകാരം ഇവിടെ നടപടി സ്വീകരിക്കാൻ; കർഷകരെ ജപ്തി നടത്താൻ ഒരിക്കലുമിവിടെ അനുവദിക്കില്ല. അതിന് പോലീസിന്റെയോ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയോ സഹായം കിട്ടില്ലെന്ന ഉറച്ച നിലപാട് സർക്കാർ സ്വീകരിച്ചതിന്റെ ഫലമായി, ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഭാഗമായി, കർഷകപക്ഷ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് മൊറട്ടോറിയം ഡിസംബർ 31 വരെ നീട്ടാൻ കഴിഞ്ഞത്. അതിന് ബഹുമാന്യനായ മുഖ്യമന്ത്രിയെയും കൃഷി വകുപ്പുമന്ത്രിയെയും കേരള സർക്കാരിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന നിരവധി പദ്ധതികളെല്ലാം ഇവിടെ വിശദീകരിച്ചതാണ്. കൃഷിക്കാർക്ക് ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് ഈ ഗവൺമെന്റ് തീരുമാനിച്ച കാര്യമാണ്. അതിനുള്ള ബിൽ അവതരിപ്പിച്ചു. ഇപ്പോൾ സെലക്ട് കമ്മിറ്റിക്കയച്ച് തെളിവെടുപ്പുകൾ നടക്കുകയാണ്. എത്ര കാലമായി കേരളത്തിലെ കർഷകർ ആഗ്രഹിച്ച കാര്യമാണ് അവർക്ക് ക്ഷേമനിധിയും ക്ഷേമനിധി ആനുകൂല്യങ്ങളും വേണമെന്നത്. അത് സാക്ഷാത്കരിക്കാനുള്ള നടപടി സ്വീകരിക്കുകയാണ് . ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കൃഷിക്കാരുടെ പെൻഷൻ 500 രൂപയായിരുന്നു. അത് 1,200 രൂപയാക്കി. കാർഷികമേഖലയിൽ കൃഷിക്കാരും കർഷകത്തൊഴിലാളികളും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണ്. കർഷകത്തൊഴിലാളിയെയും ഈ ഗവൺമെന്റ് മറന്നില്ല. 600 രൂപയായിരുന്ന പെൻഷൻ 1200 രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് അതിന്റെ വിവിധ ആനുകൂല്യങ്ങൾ കൊടുക്കാതെ കുടിശ്ശികയായിരുന്നു. ഇതിനുമുമ്പ് സഖാവ് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കാൻവേണ്ടി 116 കോടി രൂപയുടെ സഹായം നൽകിയത്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ആണ് . അദ്ദേഹം തന്നെയാണ് ഇപ്പോൾ രണ്ടുഘട്ടങ്ങളിലായി ആദ്യം 30 കോടി രൂപയും പിന്നീട് 100 കോടി രൂപയുമുൾപ്പെടെ 130 കോടി രൂപ 16 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് അധിവർഷാനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, വിവാഹ ധനസഹായം, ചികിത്സാ സഹായം തുടങ്ങിയവയ്ക്ക് കൊടുക്കാൻവേണ്ടി അനുവദിച്ചിട്ടുള്ളത്. അഞ്ചുകൊല്ലം മുമ്പ് യു.ഡി.എഫ്. ഭരിച്ചപ്പോൾ മണ്ണിൽ പണിയെടുക്കുന്ന; പാടുപെടുന്ന കർഷകത്തൊഴിലാളിക്ക് ക്ഷേമനിധി ബോർഡിന്റെ

ആനുകൂല്യം കൊടുക്കാൻ വേണ്ടി നയാപൈസപോലും കൊടുത്തില്ല. അതെല്ലാം കുടിശ്ശികയായിരുന്നു. ഇതാണ് രണ്ട് ഗവൺമെന്റുകൾ തമ്മിലുള്ള വ്യത്യാസം. കർഷകരോടും കർഷകത്തൊഴിലാളികളോടും പാവപ്പെട്ടവരോടും എടുക്കുന്ന സമീപനങ്ങളിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം നമുക്കിവിടെ കാണാൻ കഴിയും.

എനിക്കിവിടെ സൂചിപ്പിക്കാനുള്ളത് പ്രളയവുമായി ബന്ധപ്പെട്ട നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചാണ്. ഇന്നലെ ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങളെ തീരെ കണക്കിലെടുക്കാതെയുള്ള ഒരടിയന്തരപ്രമേയം അവതരിപ്പിച്ചു. പ്രളയകാലത്ത് നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു, ഭയപ്പെടേണ്ട, സർക്കാർ ഒപ്പമുണ്ടെന്ന്. ജീവൻരക്ഷാ പ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും അദ്ദേഹം മുന്നിൽ നിന്നു നയിച്ചു. പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ കേരളത്തെ ഒന്നായിക്കണ്ട് നയിക്കാൻ ശ്രമിക്കുകയാണ് . കേന്ദ്രം പല രംഗങ്ങളിലും നമ്മളെ അവഗണിക്കുന്നു. എയിംസ് നമുക്ക് അനുവദിച്ചില്ല. പ്രളയത്തിൽ നമ്മളെ സഹായിച്ചില്ല. അവഗണനകൾ ഇപ്പോഴും തുടരുന്നു. ഇവിടെ എൽ.ഡി.എഫ്. സർക്കാരിനെ ആക്ഷേപിക്കുന്ന യു.ഡി.എഫ്. കേന്ദ്രഗവൺമെന്റിന്റെ ഇത്തരം നയങ്ങൾക്കെതിരായി ഒരക്ഷരംപോലും മിണ്ടുന്നില്ലെന്ന കാര്യം നമ്മൾ കാണാതിരിക്കരുത്. പ്രളയവുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിൽമാത്രം നടത്തിയ പ്രവർത്തനങ്ങൾ ഞാൻ സൂചിപ്പിക്കുകയാണ്. ആദ്യ ഗഡുവായി 681 വീടുകൾക്ക് ഒരു ലക്ഷം രൂപ വീതവും രണ്ടാമത്തെ ഗഡുവായി 392 പേർക്ക് ഒന്നരലക്ഷം രൂപ വീതവും മൂന്നാമത്തെ ഗഡുവായി 271 പേർക്ക് ഒന്നര ലക്ഷം രൂപ വീതവും നൽകുകയുണ്ടായി. കെയർ ഹോം പദ്ധതിയുടെ ഭാഗമായി എന്റെ മണ്ഡലത്തിൽ മാത്രം സഹകരണമേഖല വഴി നിർമ്മിച്ചു നൽകുന്ന 118 വീടുകളിൽ 96 എണ്ണം പൂർത്തീകരിച്ചുനൽകിയ കാര്യം ഞാൻ ഓർക്കുകയാണ്. 26504 വീടുകൾക്ക് 10000 രൂപ വച്ച് നൽകുകയുണ്ടായി. 5554 പേർക്ക് ഭാഗികമായി കേട് സംഭവിച്ച വീടുകൾ പുനർനിർമ്മിക്കാനുള്ള സഹായം നൽകി. അപ്പീലുകൾ ഉൾപ്പെടെയെല്ലാം പരിഗണിച്ച് ചാലക്കുടി താലൂക്കിൽമാത്രം വീട് പൂർണ്ണമായി നശിച്ചവർക്കും ഭാഗികമായി തകർന്നവർക്കും 100 കോടി രൂപയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. നീതി ലഭിക്കാത്തവർ, ആനുകൂല്യങ്ങൾ കിട്ടാത്തവർ, കിട്ടിയതിൽ പരാതിയുള്ളവരുടെ അപ്പീലുകൾ എന്നിവ കേൾക്കാൻ ഗവൺമെന്റ് വീണ്ടും അവസരം നൽകിയതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ത്യയിലെ ഒന്നാമത്തെ താലൂക്കാശുപത്രിയാണ് ചാലക്കുടിയിലുള്ളത്. പ്രളയം ആശുപത്രിയെ തകർത്തു. ഒരു കൊല്ലത്തേയ്ക്ക് ആശുപത്രി പ്രവർത്തിക്കില്ലായെന്ന് എല്ലാവരും

പറഞ്ഞു. എന്നാൽ ഒരു മാസത്തിനുള്ളിൽ ആശുപത്രിയെ പഴയ നിലയിലേയ്ക്ക് എത്തിക്കാൻ രണ്ടരക്കോടി രൂപയുടെ സഹായം സർക്കാർ നൽകി ആശുപത്രിയുടെ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകുവാൻ സഹായിച്ച കാര്യം ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയാണ്.

പശുക്കൾ ചത്ത കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ് 1,84,06,750 രൂപ നൽകുകയുണ്ടായി. കുടുംബശ്രീ തൃശ്ശൂർ ജില്ലയിൽ മാത്രം 35000 കുടുംബങ്ങൾക്ക് പലിശരഹിത വായ്പയിനത്തിൽ 340 കോടി രൂപ നൽകി. ക്ഷീരവികസന വകുപ്പ് 106 പശുക്കളെ വാങ്ങാൻ 33,000 രൂപ വച്ച് 60 ലക്ഷം രൂപയുടെ ധനസഹായം നൽകുകയുണ്ടായി. കൃഷി നശിച്ചവർക്ക് അഞ്ചുകോടി രൂപയുടെ സഹായം ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു. ചാലക്കുടി മേജർ ഇറിഗേഷൻ, ചാലക്കുടി പുഴ ഡൈവേർഷൻ സ്കീം എന്നതിൽ ഇടതുകര, വലതുകര കനാൽ തകർന്നത് നന്നാക്കുന്നതിനുവേണ്ടി പതിനൊന്നര കോടി രൂപ അനുവദിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. മൈനർ ഇറിഗേഷൻ പദ്ധതിക്കായി രണ്ടരക്കോടി രൂപയാണ് അനുവദിച്ചത്. അഡീഷണൽ ഇറിഗേഷൻ, പുഴകൾ കെട്ടി സംരക്ഷിക്കാൻ ഒന്നരക്കോടി രൂപയും തകർന്ന പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാക്കാൻ 30 കോടി രൂപയും ഇതിനുപുറമേ റവന്യൂ വകുപ്പുവഴി തകർന്ന പഞ്ചായത്ത് റോഡുകൾ നന്നാക്കാൻ ഒരു കോടി രൂപയും അനുവദിക്കുകയുണ്ടായി. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട തുമ്പൂർമുഴി ചാർപ്പ പാലം തകർന്നത് നന്നാക്കുന്നതിനുവേണ്ടി രണ്ട് കോടി രൂപയാണ് അനുവദിച്ചത്.

തൃശ്ശൂർ ജില്ലാകളക്ടർ പ്രളയവുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യം ഇത്തരുണത്തിൽ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. പ്രളയകാലത്ത് സഹായങ്ങൾ കൊടുക്കുമെന്ന് പറഞ്ഞപ്പോൾ ആദ്യം പലരും അതിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പലരും പറഞ്ഞത് ഒന്നും കൊടുക്കില്ലായെന്നാണ്. സഹായം കിട്ടിത്തുടങ്ങിയപ്പോൾ അപേക്ഷ കൊടുക്കാൻ പരക്കം പാച്ചിലായി. ധനസഹായം കൊടുക്കുന്നതുമായി ബന്ധപ്പെട്ട്, മുറ്റത്ത് വെള്ളംപോലും എത്താത്ത വീട്ടിൽ ധനസഹായം നൽകാൻ ഒരു കൗൺസിലർ പറഞ്ഞു എന്നാണ് ബഹുമാന്യയായ തൃശ്ശൂർ ജില്ലാകളക്ടർ പറഞ്ഞത്. സർക്കാരിന്റെ പണമല്ലേ, കൊടുത്തോളൂ എന്നാണ് കൗൺസിലർ പറഞ്ഞത്. എന്നാൽ ജില്ലാകളക്ടറിന്റെ ബന്ധുവായിരുന്നു ഈ വീട്ടുകാരൻ. അദ്ദേഹം ഇക്കാര്യം അന്നുതന്നെ വിളിച്ചറിയിച്ചു. അതുപോലെ അനർഹരായ ആളുകൾക്ക് ധനസഹായം വാങ്ങിക്കൊടുക്കാനുള്ള ശ്രമം കാണാൻ കഴിയും. മറ്റൊരപ്പീൽ വളരെ രസകരമാണ്, നഷ്ടപരിഹാരത്തുക കുറഞ്ഞു പോയത് സംബന്ധിച്ച് ഒരു സ്ത്രീ കളക്ടർക്ക് പരാതി കൊടുത്തു. എനിക്ക് 80,000 രൂപയാണ് നഷ്ടപരിഹാരം

ലഭിച്ചതെന്നും എന്റെ തൊട്ടടുത്തുള്ള ആൾക്ക് ഒരു ലക്ഷം രൂപ കൊടുത്തു എന്നുമാണ് പരാതി നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച് കളക്ടർ അപ്പീൽ കേൾക്കുന്ന സമയത്ത് പലപ്രാവശ്യം പറഞ്ഞിട്ടും ബോധ്യപ്പെടാത്ത സാഹചര്യത്തിൽ, അവർക്ക് കൊടുത്ത ഒരു ലക്ഷം രൂപ എൺപതിനായിരം രൂപയാക്കി കുറച്ചാലോയെന്ന് കളക്ടർ ചോദിച്ചപ്പോൾ അങ്ങനെ ചെയ്താൽ മതിയെന്ന് വാക്കാൽ പറയുക മാത്രമല്ല എഴുതിക്കൊടുക്കുക കൂടി ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

എനിക്ക് പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങളോട് പറയാനുള്ളത്, പ്രളയവുമായി ബന്ധപ്പെട്ട് പുറമ്പോക്കിൽ താമസിക്കുന്നവർക്കും വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്കുംവേണ്ടി ചാലക്കുടിയിൽ ഫ്ലാറ്റ് നിർമ്മിക്കാൻ ശ്രമിച്ചപ്പോൾ യു.ഡി.എഫ്.-ന്റെ പ്രവർത്തകർ തടസ്സങ്ങളുണ്ടാക്കുന്നുണ്ട്. വീടുനിർമ്മിച്ച് കൊടുക്കുന്ന പ്രവർത്തനം തടസ്സപ്പെടുത്തുന്നതിൽനിന്ന് പിന്തിരിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. റോജി എം. ജോൺ: സർ, 18 കർഷക ആത്മഹത്യയിൽ നോക്കുകുത്തിയായിനിന്ന കൃഷി വകുപ്പിന്റെയും കേരളത്തിന്റെ മനുഷ്യനിർമ്മിത പ്രളയത്തിന്റെ മുഖ്യ ഉത്തരവാദികളിലൊന്നായ ജലസേചന വകുപ്പിന്റെയും ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എന്റെ രണ്ട് വൃക്കകൾ വിൽക്കാനുണ്ടെന്ന് സ്വന്തം വീടിന്റെ മുന്നിൽ എഴുതിവച്ച 73 വയസ്സുള്ള തണ്ണിത്തോട് ജോസഫിന്റെയും ആത്മഹത്യ ചെയ്ത 18 കർഷകരുടെയും ചിത്രമായിരുന്നു സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടിൽ ചേർക്കേണ്ടിയിരുന്നത്. കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവിനെക്കുറിച്ചും കാർഷിക മേഖലയുടെ പ്രതിസന്ധിയെക്കുറിച്ചും ചോദിക്കുമ്പോൾ, അധികാരത്തിലേറി മൂന്ന് വർഷം കഴിയുമ്പോഴും ആസിയാൻ കരാറിനെപ്പറ്റി മന്ത്രി വാചാലമായി ഘോരഘോരം പ്രസംഗം നടത്തുക മാത്രമാണ് ചെയ്യുന്നത്. ഇന്ന് മറുപടി പറയുമ്പോഴും അദ്ദേഹം ചെയ്യാൻ പോകുന്നത് അത് തന്നെയായിരിക്കുമെന്ന് എനിക്കറിയാം. ഈ സർക്കാരിന് കർഷകരോട് എന്തെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ കർഷകരുടെ വായ്പ പ്രളയാനന്തരം എഴുതിത്തള്ളാനുള്ള മൊറട്ടോറിയത്തിന്റെ ക്യാബിനറ്റ് തീരുമാനം തെരഞ്ഞെടുപ്പ് വിജ്ഞാപനം വരുന്നതിനുമുമ്പ് സർക്കാർ ഉത്തരവായി പുറത്തിറക്കുമായിരുന്നു. സർക്കാരിന് ഇക്കാര്യത്തിൽ ആത്മാർത്ഥതയില്ലെന്ന് ആർ.ബി.ഐ.-ക്ക് ബോധ്യപ്പെട്ടതുകൊണ്ടാണ്

ആർ.ബി.ഐ.-യും അതിന് അനുമതി നൽകാതിരുന്നത്. ജപ്തി നോട്ടീസുമായി ബാങ്ക് ഉദ്യോഗസ്ഥർ കർഷകരുടെ വീടുകൾ കയറിയിറങ്ങുകയാണ്. എസ്.എൽ.ബി.സി. പത്രപ്പരസ്യം കൊടുക്കുകയാണ്. സർക്കാർ ഉത്തരവിനല്ലെങ്കിലും സർക്കാർ നിർദ്ദേശത്തിന് പുല്ലുവിലയാണ് ഇവിടത്തെ ബാങ്കുകൾ നൽകിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ ഇവിടത്തെ രാഷ്ട്രീയ പ്രതിയോഗികളോടല്ല ഇരട്ടച്ചങ്ക് കാണിക്കേണ്ടത്, ഇവിടെയുള്ള ബാങ്കുകളോടാണ് കാണിക്കേണ്ടത്. ഇത്തരം നടപടികളുമായി മുന്നോട്ടു പോകുന്ന ബാങ്കുകളെ ഒറ്റപ്പെടുത്താനും പൊതുസമൂഹത്തിന് മുന്നിൽ തുറന്നു കാണിക്കുവാനുമുള്ള ആർജ്ജവം സർക്കാർ കാണിക്കണം. പ്രളയത്തിൽ കർഷകർക്കുണ്ടായ നഷ്ടം ഇതുവരെ കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ മണ്ഡലമായ അങ്കമാലി ഉൾപ്പെടെ, എറണാകുളം ജില്ലയിലും കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലും കർഷകർക്കുണ്ടായ നഷ്ടപരിഹാരം കൊടുത്തുതീർക്കാൻ ഇനിയും ബാക്കിനിൽക്കുകയാണ്. ഞങ്ങളുടെ വീടിനുമുന്നിൽ കർഷകർ രാവിലെ വരികയാണ്. ജില്ലാ ആസ്ഥാനത്തേയ്ക്ക് വിളിക്കുമ്പോൾ സർക്കാർ പണം കൊടുത്തിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്. ഇനിയും ആ നഷ്ടപരിഹാരം കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടില്ല.

എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ലക്ഷക്കണക്കിന് ജാതി കർഷകരുണ്ട്. ജാതികൃഷിക്ക് വളരെ ഗുരുതരമായി വിലയിടിവ് ബാധിച്ചിരിക്കുകയാണ്. ജാതിപത്രിക്ക് ഒരു കാലത്ത് 2,000 രൂപയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 600 രൂപയായി കുറഞ്ഞിരിക്കുകയാണ്. അതുപോലെ ഫ്ലവറിന് 2500 രൂപയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 900 രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇതിന്റെ വിലയിടിവ് പരിഹരിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ ഇടപെടലുകൾ നടത്തണം. മരങ്ങൾ കായ്ക്കുന്നില്ല, വിളവ് ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഇങ്ങനെ സംഭവിക്കുന്നത് കാലാവസ്ഥയിലുണ്ടായ മാറ്റം കൊണ്ടാണോ എന്ന് കർഷകർക്ക് കൃത്യമായി വിവരമില്ല. ഇതുസംബന്ധിച്ച് ശാസ്ത്രീയപഠനം നടത്താൻ കാർഷിക സർവ്വകലാശാലകളോട് ആവശ്യപ്പെടാൻ സർക്കാർ തയ്യാറാകണം. മറ്റെല്ലാ കൃഷിയിലും ഹൈബ്രിഡ് വെറൈറ്റികൾ പരീക്ഷിച്ചിട്ടുണ്ട്. ജാതിയിൽ ഹൈബ്രിഡ് വെറൈറ്റികൾ വികസിപ്പിച്ചെടുക്കാനുള്ള ശ്രമം സർക്കാർ നടത്തണം. ഒരു Nutmeg park ആരംഭിക്കുമെന്ന് ബഹുമാന്യനായ മന്ത്രി പ്രഖ്യാപനം നടത്തിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

വേനലിൽ ടാങ്കർ ലോറിയിൽ വെള്ളവും മഴക്കാലത്ത് വെള്ളപ്പൊക്കവും ദുരിതാശ്വാസ ക്യാമ്പുകളുമാണ് ഇന്ന് കേരളത്തിന്റെ സ്ഥിതി. കുപ്പിവെള്ളത്തിന് 13 രൂപയാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച് ഒരു വർഷം കഴിഞ്ഞെങ്കിലും ഇതുവരെ

നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ മേഖലയിൽ തെളിനീരെന്ന പേരിൽ അരുവിക്കരയിൽ ആരംഭിച്ച പദ്ധതിയും ഇഴഞ്ഞുനീങ്ങുകയാണ്. ബഹുരാഷ്ട്ര കുത്തകകളുടെ സമ്മർദ്ദത്തിനുവഴങ്ങി സർക്കാർ ഈ പദ്ധതി ബോധപൂർവ്വം വൈകിപ്പിക്കുന്നു എന്നാണ് ജനങ്ങൾ പറയുന്നത്.

പ്രളയം ഏറ്റവുമധികം ബാധിച്ച മണ്ഡലത്തിലെ ജനപ്രതിനിധിയാണ് ഞാൻ. ഒരുവശത്ത് ചാലക്കുടിപ്പുഴ, മറുവശത്ത് പെരിയാറും. പ്രളയം വന്നതുമൂലം രണ്ട് പുഴകളുടെയും സൈഡുകളിൽ മണ്ണിടിഞ്ഞുണ്ടായ ഭാഗങ്ങളിൽ സൈഡ് ഭിത്തി നിർമ്മിക്കുന്നതിന് കൂടുതൽ തുക അനുവദിക്കുവാൻ സർക്കാർ തയ്യാറാകണം. ജലസേചന കനാലുകൾ താറുമാറായി കിടക്കുകയാണ്. ഇടമലയാർ കനാൽ ജലസേചന പദ്ധതിയും ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയും നിരവധി ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ്. ഇവിടെ വർഷാവർഷങ്ങളിൽ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ചുകൊണ്ട് കാട് വെട്ടുന്നതല്ലാതെ കനാലുകളുടെ മെയിന്റനൻസ് നടത്താൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് സമഗ്രമായ പദ്ധതി തയ്യാറാക്കി കനാലുകളുടെ മെയിന്റനൻസ് നടത്തുന്നതിനുള്ള തുക സർക്കാർ അനുവദിക്കണം. അങ്കമാലി നിയോജകമണ്ഡലത്തിൽ പ്രളയം ഏറ്റവുമധികം ബാധിച്ച തോടാണ് മാഞ്ഞാലിത്തോട്. ഞാൻ എം.എൽ.എ. ആയി വന്നതിനുശേഷം സർക്കാരിന് റിക്വസ്റ്റ് കൊടുത്ത് ഡിപ്പാർട്ടുമെന്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് വഴി എട്ടു ലക്ഷം രൂപ മുടക്കി കോഴിക്കോട് ആസ്ഥാനമായ സി.ഡബ്ല്യൂ.ആർ.ഡി.എം.-നെക്കൊണ്ട് വിശദമായ പഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. പരിഗണിച്ച് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി മാഞ്ഞാലിത്തോട് പുനരുദ്ധരിക്കാനുള്ള തുക അനുവദിക്കണം.

ശ്രീ. രാഹുൽ ഗാന്ധി കോൺഗ്രസ് അദ്ധ്യക്ഷസ്ഥാനം ഒഴിയാനുള്ള സന്നദ്ധത പ്രകടിപ്പിച്ചത് വലിയൊരു അപരാധമായാണ് കഴിഞ്ഞ ദിവസം ചില ഭരണപക്ഷ അംഗങ്ങൾ സംസാരിച്ചത്. ഒരു തെരഞ്ഞെടുപ്പിൽ തോൽവി ഉണ്ടായപ്പോൾ അതിന് നേതൃത്വം കൊടുത്ത വ്യക്തിയെന്ന നിലയിൽ രാജി സന്നദ്ധത അറിയിച്ചത് അദ്ദേഹത്തിന്റെ രാഷ്ട്രീയ മാന്യത. ലോക രാഷ്ട്രങ്ങളിൽ തന്നെ പല നേതാക്കളും അങ്ങനെ ചെയ്തിട്ടുണ്ട്, കേരളത്തിലും ചെയ്തിട്ടുണ്ട്. അദ്ദേഹം ആ സ്ഥാനത്ത് തുടരണമെന്നുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം. പക്ഷെ, 19 സീറ്റിൽ തോറ്റ് റെക്കോർഡ് പരാജയം നേരിട്ടിട്ടും കസേരയിൽ അള്ളിപിടിച്ചിരിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് ഈ സഭയിലെ ഡി.വൈ.എഫ്.ഐ.-യുടെ വിപ്ലവ സിംഹങ്ങൾ പറയണമെന്ന് ഞാൻ പറയുന്നില്ല.

പക്ഷെ, അദ്ദേഹത്തെ സുഖിപ്പിക്കാൻവേണ്ടി ശ്രീ. രാഹുൽ ഗാന്ധി രാജിവച്ചത് വലിയ അപരാധമാണെന്ന് നിങ്ങൾ പറയരുത്. ആലപ്പുഴ മണ്ഡലത്തിലെ അംഗം ഇന്ത്യൻ പാർലമെന്റിൽ സത്യപ്രതിജ്ഞ ചെയ്യാനായി എഴുന്നേറ്റ് പോയപ്പോൾ അദ്ദേഹത്തിന് കൈ കൊടുത്തിട്ട് പോകുവാൻ ഉണ്ടായിരുന്നത് ശ്രീ. രാഹുൽ ഗാന്ധി മാത്രമായിരുന്നു. വേറൊരാൾക്ക് കൈ കൊടുത്തിട്ട് പോകാൻ അദ്ദേഹത്തിന്റെ കൂടെ ആരുമുണ്ടായിരുന്നില്ല.

വർഗ്ഗീയതയെ നേരിടാൻ കോൺഗ്രസ് ഇടതുപക്ഷത്തിന്റെ കൂടെ നിൽക്കണമെന്നാണ് പറയുന്നത്. വികാരിയച്ചൻ വേണമെങ്കിൽ എന്റെ കൂടെ നിന്നോളൂ എന്ന് കുശിനിക്കാരൻ പറയുന്നതുപോലെയാണ്. ഈ രാജ്യത്ത് നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഫാസിസ്റ്റ് വർഗ്ഗീയശക്തികളെ തോൽപ്പിക്കാൻ രാജ്യത്തെ കോൺഗ്രസ് പ്രസ്ഥാനത്തിന് മാത്രമേ കഴിയൂ. കോൺഗ്രസ് ശക്തമായിത്തന്നെ തിരിച്ചുവരുമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

2.00 PM]

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, കൃഷി, ജലസേചനം, ശുദ്ധജലവിതരണവും ശുചീകരണവും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. നെൽകൃഷി എതാണ്ട് പിൻവാങ്ങിത്തുടങ്ങിയ സമയത്താണ് ഈ സർക്കാർ അധികാരത്തിൽവന്നത്. മൂന്ന് വർഷംമുമ്പ് 1.98 ലക്ഷം ഹെക്ടർ സ്ഥലത്തുമാത്രമേ നെൽകൃഷി ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അത് മൂന്ന് ലക്ഷം ഹെക്ടറാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. ഈ വലിയ മാറ്റം കൊണ്ടുവന്ന കൃഷി വകുപ്പുമന്ത്രിയെയും വകുപ്പിനെയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

തരിശുനിലങ്ങളൊക്കെ ഇന്ന് നെൽകൃഷികൊണ്ട് നിറയുകയാണ്. നെൽകൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി കൃഷിയിടത്തിൽവച്ചുതന്നെ നെല്ലുകുത്തി അരിയാക്കുക എന്ന ആശയരൂപീകരണം പ്രാവർത്തികമാക്കിയതിന്റെ വിജയത്തിൽ എല്ലാവരുടെയും അഭിനന്ദനം കൃഷി വകുപ്പുമന്ത്രിയെ അറിയിക്കാം.

തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലും പ്രതിവർഷം 75 തെങ്ങിൻതൈകൾ വീതം നൽകി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് വ്യാപകമായ പ്രചരണം നൽകണം. ഇന്ന് കർഷകന് മാന്യമായ വില ലഭിക്കുന്ന കാലമാണ്. തേങ്ങയ്ക്ക് 27 രൂപയും കരിക്കിന് അതിൽക്കൂടുതലും വില കർഷകന് ലഭിക്കുന്നുണ്ട്. അതുപോലെ പച്ചക്കറി ഉല്പാദനവും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ എല്ലാ വീടുകളിലും പച്ചക്കറികൃഷി എത്തിയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന 'ഓണത്തിന് ഒരുമുറം പച്ചക്കറി' എന്ന പദ്ധതിക്ക് വ്യാപകമായ

പ്രചരണം നൽകി കൂടുതൽ ആളുകളെ പങ്കാളികളാക്കണം. വലിയ പരിശ്രമത്തിലൂടെ മാത്രമേ വിഷവിമുക്ത പച്ചക്കറി ഉല്പാദനം നടപ്പിലാക്കാൻ സാധിക്കൂ. ഇന്നത്തെ സാഹചര്യത്തിൽ അതിന് കഴിയുമെന്നാണ് എന്റെ വിശ്വാസം. വളരെ വ്യാപകമായി പച്ചക്കറി ഉല്പാദനം ഉറപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. അവരിത് വെല്ലുവിളിയായി ഏറ്റെടുക്കണം. ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ആയിരം ഗ്രാമപഞ്ചായത്തുകൾ ചെറുകിട പച്ചക്കറി ഉല്പാദകർക്ക് പ്രേരണ നൽകുന്നതാണ്. ഇതൊക്കെ മുടങ്ങിപ്പോകാതിരിക്കാൻ കൃഷിവകുപ്പിന് അതീവ ജാഗ്രതയുണ്ടാകണം. ഈ ഗവൺമെന്റ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ കാർഷികരംഗത്ത് വലിയ മാറ്റമുണ്ടാക്കുമെന്നതിൽ തർക്കമില്ല. 2016-17 മുതൽ 2018-19 വരെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ 280 ഹെക്ടർ വീതമുള്ള 151 കേരഗ്രാമം പദ്ധതി നാളികേര ഉല്പാദനരംഗത്ത് വരുംവർഷങ്ങളിൽ വലിയ മാറ്റത്തിന് കാരണമാകും. എന്റെ മണ്ഡലത്തിലെ പന്മന ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി വിജയകരമായി നടന്നുവരുന്നു. നാളികേര വികസനത്തിനായി CPCRI (Central Plantation Crops Research Institute)-മായി സഹകരിച്ചുള്ള പ്രോജക്ടുകൾ, നാളികേര വികസന ബോർഡുവഴി നടപ്പിലാക്കുന്ന പദ്ധതികൾ, നാളികേര വികസന കൗൺസിലിന്റെ രൂപീകരണവും പ്രവർത്തനവും, വാണിജ്യാടിസ്ഥാനത്തിൽ നീര ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനുള്ള നടപടികൾ എന്നിവ നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രതീക്ഷ നൽകുന്നതാണ്. 27 വർഷങ്ങൾക്കുശേഷം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കുകയും നഷ്ടപരിഹാരത്തുക പന്ത്രണ്ടിരട്ടിവരെ വർദ്ധിപ്പിക്കുകയും ചെയ്ത ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. പദ്ധതി ആകർഷകമായതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്ന കർഷകരുടെ എണ്ണം വർദ്ധിക്കുകയാണ്. കോൾ നിലങ്ങളുള്ള കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലമുണ്ടാകുന്ന വിളനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയതും ചെറുധാന്യങ്ങൾ മുതൽ ദീർഘകാലവിളയായ മാവ് വരെ ഈ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയതും ഈ പദ്ധതിയുടെ നേട്ടത്തിന് കാരണമായിട്ടുണ്ട്. കൃഷി ഭവനുകൾവഴി കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ജനങ്ങളിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പാടശേഖര സമിതികൾവഴി നടത്തുന്ന പദ്ധതികൾ ജനങ്ങളിൽ എത്തുന്നുണ്ടോയെന്ന് പരിശോധന നടത്തണം. കൃഷി അസിസ്റ്റന്റുമാർ വീടുകളിൽചെന്ന് കർഷകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകണം. ആവശ്യമായ കർഷക

ക്ലിനിക്കുകൾ ആരംഭിക്കണം. ഇതുമൂലം കർഷകർക്ക് ആത്മവിശ്വാസം വർദ്ധിക്കുകയും അവർ കൃഷിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യും.

ജലക്ഷാമം നേരിടുന്ന കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുകയും അവ നടപ്പാക്കുന്നതിന് ജലസേചന വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നുണ്ട്. ജലവിഭവ വകുപ്പിനെ നദീതട അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് ഭൂഗർഭ ജലവകുപ്പിനെ അതുമായി ബന്ധിപ്പിക്കാനുള്ള ശ്രമം ആരംഭിക്കുമെന്ന വാഗ്ദാനം സ്വാഗതാർഹമാണ്. പുഴകളെ ജലസംഭരണികളാക്കി മാറ്റുന്നതിനുള്ള പഠനങ്ങളും ഇരുപത് നദികളിൽ ഇരുപത്തിരണ്ട് റെഗുലേറ്ററുകളും തടയണകളും നിർമ്മിക്കുമെന്ന തീരുമാനവും ജലസേചന പദ്ധതികളെ ശാസ്ത്രീയമായി പുനരാവിഷ്കരിക്കുമെന്ന പ്രഖ്യാപനവും നമ്മുടെ ജലസേചന സംവിധാനത്തെ മെച്ചപ്പെടുത്തും. ജലനിധി പദ്ധതികൾക്ക് സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും വഴിപാട് ചടങ്ങായി അത് ചുരുങ്ങുകയാണ്. ഈ രീതിക്ക് മാറ്റം വരണം. ജനകീയ സംവിധാനത്തിലൂടെ ജലവിതരണം നടത്തിവരുന്ന ജലനിധി പ്രക്രിയ കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. പലയിടങ്ങളിലും ജലനിധി കമ്മിറ്റികൾ നിർജ്ജീവമാണ്. അതുകൊണ്ടുതന്നെ വിതരണവും കാലാകാലങ്ങളിലുള്ള മെയിന്റനൻസും ഫലപ്രദമല്ല. ആയതിനാൽ നിരവധി പരാതികൾ പരിഹരിക്കാൻ കഴിയാതെപോകുന്നു. ജലനിധി പദ്ധതിക്ക് ജലം ലഭിക്കുന്ന ജലസ്രോതസ്സുകൾ ഇല്ലാതാവുകയോ മലിനമാവുകയോ ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ല. ഉദാഹരണത്തിന് എന്റെ മണ്ഡലത്തിലെ ചവറ-പന്മന ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ജലനിധി പദ്ധതി പൂർത്തീകരിച്ച് ജലവിതരണം ആരംഭിച്ചു. ശാസ്താംകോട്ട കായലിലെ ജലം ശേഖരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ശാസ്താംകോട്ട ശുദ്ധജലതടാകം ക്രമാനുഗതമായി വറ്റിപ്പോകുകയും ജലനിരപ്പ് അപകടകരമായ രീതിയിൽ താഴ്ന്നുപോകാനും തുടങ്ങി. 2013 ആയപ്പോഴേയ്ക്കും വരൾച്ചാകാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമായി. കഴിഞ്ഞ ഗവൺമെന്റ് ഇക്കാര്യത്തിൽ ഒന്നും ചെയ്തില്ല. ശാസ്താംകോട്ട ശുദ്ധജലതടാകം സ്വാഭാവികതയോടെ നിലനിർത്താൻവേണ്ടി ധാരാളം പഠനങ്ങളുടെ അടിസ്ഥാനത്തിൽവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അന്നത്തെ ഗവൺമെന്റ് തയ്യാറായില്ല. ശാസ്താംകോട്ട കായലിന്റെ സംരക്ഷണാർത്ഥം തുടങ്ങിവച്ച ബദൽ പദ്ധതിക്കായി ഏഴ് കോടി രൂപയോളം ചെലവഴിച്ച് പൈപ്പുവാങ്ങി പകുതിയോളം പൈപ്പിട്ടശേഷം ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വാക്കാൽ നിർദ്ദേശപ്രകാരം നിർത്തിവച്ചിരിക്കുകയാണ്. കല്ലടയാറ്റിൽനിന്നും വെള്ളം

പൈപ്പുവഴി ശാസ്താംകോട്ടയിലെത്തിച്ച് ശുദ്ധീകരിച്ച് നൽകുന്ന പദ്ധതി ശാസ്താംകോട്ട ശുദ്ധജലതടാകത്തെ സംരക്ഷിക്കുമായിരുന്നു. കോടിക്കണക്കിന് രൂപയുടെ പൈപ്പ് ഇറക്കിവച്ചത് നശിക്കുകയാണ്. പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ തടസ്സമൊന്നും കാണുന്നില്ല. കുടിവെള്ളക്ഷാമത്തിൽനിന്നും ചവറ മണ്ഡലത്തെയും കുന്നത്തൂർ മണ്ഡലത്തെയും മോചിപ്പിക്കുന്ന ഈ പദ്ധതി നടപ്പിലാക്കണം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ചവറയിലെ പ്രധാന വിഷയം കുടിവെള്ളമായിരുന്നു. 2013-ൽ ജലനിധി പദ്ധതി നടപ്പാക്കിയ സ്ഥലത്താണ് 2016-ൽ രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടായത്. യുദ്ധകാലാടിസ്ഥാനത്തിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിച്ച കുഴൽക്കിണറുകളുടെ ജലമാണ് ചവറയെ കുടിവെള്ളക്ഷാമത്തിൽനിന്നും തൽക്കാലം രക്ഷിച്ചത്. അത് താൽക്കാലിക ആശ്വാസം മാത്രമാണ്. ജലസേചനരംഗത്തും കുടിവെള്ള വിതരണത്തിലും ഈ ഗവൺമെന്റ് പുലർത്തുന്ന ജാഗ്രത അങ്ങേയറ്റം പ്രശംസനീയമാണ്. ഇപ്പോൾ ശാസ്താംകോട്ട കായലിൽ തുടങ്ങിവച്ച സംരക്ഷണപദ്ധതികൾ പൂർത്തിയാക്കണം. ജലാശയങ്ങളിലെയും നദികളിലെയും മലിനീകരണം തടയുന്നതിനായി ജലാശയങ്ങൾ മലിനമാക്കുന്നവർക്ക് ഏർപ്പെടുത്തിയ ഫൈനും തടവുശിക്ഷയും ചുമത്താനുള്ള നിയമഭേദഗതി കർശനമാക്കണം. 10 കേസുകളെങ്കിലും തുടക്കത്തിലെടുത്താൽ ഈ ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധി ബോധ്യപ്പെടും.

അതുപോലെതന്നെ എല്ലാ കുടിവെള്ള പദ്ധതികളിലെയും ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അംഗീകൃത ലാബുകൾ സ്ഥാപിക്കുന്നതും അഭിനന്ദനാർഹമാണ്. എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് ഹരിതകേരള മിഷനുമായി ചേർന്ന് സ്കൂളുകളിൽ സ്ഥാപിക്കുന്ന ഗുണനിലവാര പരിശോധനാ പരിപാടി നിർബന്ധമായും നടപ്പാക്കി ശുദ്ധജലലഭ്യത ഉറപ്പുവരുത്തണം. കണക്കുകൾപ്രകാരം സംസ്ഥാനത്ത് 30 ശതമാനം കുടുംബങ്ങൾക്കാണ് പൈപ്പ് വെള്ളം ലഭിക്കുന്നത്. ഇത് 50 ശതമാനമായി ഉയർത്തുമെന്ന ഈ സർക്കാരിന്റെ വാഗ്ദാനം 2021-ഓടെ നടപ്പിലാക്കാൻ കഴിയുമെന്ന തരത്തിലാണ് ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4.26 ലക്ഷം പുതിയ കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് പൈപ്പ് പൊട്ടൽ നിത്യസംഭവമായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പ്രവർത്തനങ്ങൾവഴി അത് പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്ലാൻ ഫണ്ട് വഴിയും കിഫ്ബി വഴിയും നിരവധി

പ്രവർത്തനങ്ങളാണ് നടത്തിയിരിക്കുന്നത്. പ്രളയബാധിത പ്രദേശങ്ങളിൽ ജലവിതരണം സുഗമമാക്കുവാൻ സ്വീകരിച്ച നടപടി തികച്ചും പ്രശംസനീയമാണ്. തിരുവനന്തപുരത്തും കൊച്ചിയിലും സമീപപ്രദേശങ്ങളിലും 24 മണിക്കൂറും ജലവിതരണം നടത്താനുള്ള പദ്ധതി നടപ്പിലാക്കുമെന്ന് അറിയാൻ കഴിഞ്ഞു. വർദ്ധിച്ചുവരുന്ന ജനസാന്ദ്രത കണക്കിലെടുത്ത് നടപ്പിലാക്കുന്ന ഈ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമായിരിക്കണം. നൂതന സാങ്കേതികവിദ്യയുടെ ഉപയോഗംമൂലം ജലവിതരണപദ്ധതിയുടെ നഷ്ടം 20 ശതമാനം കുറയ്ക്കാൻ കഴിയുമെന്നത് ശ്രദ്ധേയമാണ്.

കുപ്പിവെള്ള കമ്പനികൾ അമിതവില ഈടാക്കി വെള്ളം വിൽക്കുമ്പോൾ കുറഞ്ഞനിരക്കിൽ ഗുണമേന്മയുള്ള കുടിവെള്ളം വിതരണം ചെയ്യുവാൻ കുപ്പിവെള്ള കമ്പനിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുമെന്ന് അറിയുന്നു. സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വാട്ടർ അതോറിറ്റിയുടെ വൈദ്യുതചാർജ് കുറയ്ക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. ഇത് വിജയകരമായാൽ കോടിക്കണക്കിന് രൂപ ലാഭമുണ്ടാകുകയും വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കുന്നതിന് സഹായകമാകും. നവീകരണത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയെ പുനഃസംഘടിപ്പിക്കുന്നതിനുള്ള തീരുമാനം പ്രവർത്തനത്തിന് പുതിയ മാനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. കുടിവെള്ള ഉല്പാദന-വിതരണ മേഖലകളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് തുടക്കം കുറിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഇതരവകുപ്പുകളുമായുള്ള ഏകോപനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്.

വീടുകളിലെ പ്രധാന ജലസ്രോതസ്സുകളായ കിണർവെള്ളം ശേഖരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുണ്ട്. കല്ലട ജലസേചന പദ്ധതി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിലും ഇതുവരെ കനാൽജലം എത്തിയിട്ടില്ല. പലയിടത്തും പണിപൂർത്തിയാകാതെ കിടക്കുകയാണ്. അതിന് അടിയന്തരമായ നടപടികൾ സ്വീകരിക്കണം. ശുദ്ധജലസ്രോതസ്സുകളായി പരിഗണിക്കപ്പെടുന്ന കുഴൽക്കിണറുകളിൽ ഫ്ലൂറോയിഡ്, (Fluoride) ആർസെനിക് (Arsenic) പോലെയുള്ള രാസവസ്തുക്കളുടെ സാന്നിദ്ധ്യം ആശങ്കയുണ്ടാക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...കൺക്ലൂഡ്

ശ്രീ. എൻ. വിജയൻ പിള്ള: സർ, ഇത് ശാസ്ത്രീയമായി പഠനം നടത്തി പരിഹാരം കാണേണ്ടതാണ്. ഉപേക്ഷിക്കപ്പെട്ട കുഴൽക്കിണറുകളും അശാസ്ത്രീയമായ റീചാർജ് രീതികളും ഭൂഗർഭജലത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് മിനിറ്റ് അധികമായി. പ്ലീസ്...കൺക്ലൂഡ്

ശ്രീ. എൻ. വിജയൻ പിള്ള: സർ, ഭൂജലവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ബോധവൽക്കരണ പരിപാടി പ്രശംസനീയമാണ്. എന്റെ നിയോജകമണ്ഡലത്തിലെ ടൈറ്റാനിയം ജംഗ്ഷനിൽനിന്നും ശാസ്താംകോട്ട യിലേയ്ക്കുള്ള യാത്രയ്ക്ക് സൗകര്യപ്രദമായ റോഡാണ് വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പൈപ്പ് റോഡ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കിയതാണ്. ഇപ്പോൾ കേടായ ആ പൈപ്പ് റോഡ് എത്രയുംവേഗം ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൃഷി, ജലസേചനം തുടങ്ങിയ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. അതിനുമുൻപായി ഒരു കാര്യം പറയാനുള്ളത്, 1975 ജൂൺ മാസം 25-ാം തീയതി രാത്രി അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും ജൂൺ 26-ാം തീയതി നടപ്പിൽ വരുത്തുകയും ചെയ്തു, അന്ന് അടിയന്തരാവസ്ഥയുടെ കെടുതികളനുഭവിച്ച പല ആളുകളും ഈ സഭയിലുണ്ടാകുമെന്ന് ഞാൻ ഓർക്കുകയാണ്. പല ആളുകളും, അടിയന്തരാവസ്ഥ പ്രഖ്യാപിച്ച പാർട്ടിയും കോൺഗ്രസ്സ് പ്രസിഡന്റായ ശ്രീ. രാഹുൽ ഗാന്ധിപോലും അതിനെ തള്ളിപ്പറഞ്ഞു. ആ സാഹചര്യത്തിൽ ഇന്ന് കോൺഗ്രസ്സിന്റെ മുഖപത്രമായ വീക്ഷണം പത്രത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള കാരണങ്ങൾ ന്യായീകരിച്ചുകൊണ്ട് ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ പ്രസിഡന്റ്പോലും തള്ളിപ്പറഞ്ഞ ഒരു കാര്യത്തെ ന്യായീകരിച്ചുകൊണ്ട് ഇന്നത്തെ പത്രത്തിൽ വാർത്ത വന്നുവെന്നത് നമ്മുടെ സുഹൃത്തുക്കളെ ഓർമ്മപ്പെടുത്താൻവേണ്ടി ഞാൻ പറയുകയാണ്. ഇന്നലെ ശ്രീ. ടി. എ. അഹമ്മദ് കബീർ മുസ്ലീംലീഗിന്റെയും യു.ഡി.എഫ്.-ന്റെയും പേരെടുത്തുപറയാതെ, ഡോ. റാം മനോഹർ ലോഹ്യയുടെ ആശയം നടപ്പിലാക്കാൻ കഴിയണമെന്നും കോൺഗ്രസ്സിന്റെയും മുസ്ലീംലീഗിന്റെയും സുഹൃത്തുക്കൾ ഇത് അടിയന്തരമായി മനസ്സിലാക്കി തിരുത്തി മുന്നോട്ടുപോകണമെന്നുമുള്ള രീതിയിൽ ഇവിടെ ഒരു ഗംഭീര പ്രസംഗം നടത്തി. പ്രസംഗം കഴിഞ്ഞ ഉടനെ കാസർഗോഡ് എം.എൽ.എ. അദ്ദേഹത്തിന് കൈകൊടുത്ത് ആശ്ലേഷിക്കുകയുണ്ടായി. പക്ഷെ, ലീഗുകാർ ആരും ഒരഭിപ്രായവും പറഞ്ഞില്ല. അദ്ദേഹത്തിന്റെ പ്രസംഗം കേട്ട ലീഗുകാരോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്, മുസ്ലീംലീഗിനെ പിരിച്ചുവിട്ടിട്ട് നിങ്ങൾ എൽ.ഡി.എഫ്.-ന്റെ കൂടെയോ കോൺഗ്രസ്സിന്റെ കൂടെയോ പോകണമെന്നാണ്. അദ്ദേഹം പറഞ്ഞ

'ദേശീയ രാഷ്ട്രീയം നമുക്ക് എങ്ങനെ കരുപ്പിടിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാം, എങ്ങനെ ആ വർഗ്ഗീയശക്തികളെ തളർത്താം' എന്ന വാചകം നമുക്ക് നടപ്പാക്കാൻ കഴിയുമെന്ന് മുസ്ലീംലീഗിന്റെ സുഹൃത്തുക്കളോട് പറയാമല്ലോ, മുസ്ലീംലീഗ് എന്ന് പരസ്യമായിട്ട് പറഞ്ഞില്ലായെന്നേയുള്ളൂ; അദ്ദേഹത്തിന്റെ വാചകത്തിൽ വന്നതാണ്; എന്തായാലും അദ്ദേഹം നന്നായി പ്രസംഗിച്ചു. മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾക്കുള്ള ഒരു വിഷമം ഞങ്ങളെ പിരിച്ചുവിട്ട് ഞങ്ങൾ പോയാൽ എൽ.ഡി.എഫ്. എടുക്കുമോയെന്നുള്ളതാണ്. ഒരു പേടിയും നിങ്ങൾക്കുവേണ്ട, ഞങ്ങളുടെകൂടെ വരാൻ പറ്റാത്തവരെ കോൺഗ്രസ്സുകാർ എടുക്കും. ഞങ്ങളുടെ കൂടെ വരികയാണെങ്കിൽ ഞങ്ങൾ എടുക്കുമെന്നുള്ളതിന്റെ തെളിവാണ് ഇന്നലെ ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി മറ്റ് പാർട്ടികളിൽ നിന്നുവരുന്ന 3000-ത്തിൽപ്പരം ആളുകൾക്ക് മെമ്പർഷിപ്പ് കൊടുത്തുസ്വീകരിച്ചത്. നാളെ ലീഗുകാരെയും ഞങ്ങൾ സ്വീകരിക്കും. നമുക്കെല്ലാവർക്കുംകൂടി ശ്രീ. ടി. എ. അഹമ്മദ് കബീർ പറഞ്ഞ ആ ശക്തിയെ തുരത്താൻ തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

എനിക്ക് ആദ്യമായി പറയാനുള്ളത് നെൽകൃഷിയെക്കുറിച്ചാണ്. നെൽകൃഷി എത്രകണ്ട് വളർന്നുവെന്നുള്ളതിനെക്കുറിച്ച് നേരത്തെ ഇവിടെയെല്ലാവരും സംസാരിച്ചു. വീണ്ടും എടുത്തുപറയാൻ ഞാനുദ്ദേശിക്കുന്നില്ല. നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട കൃഷികളിലൊന്നാണ് നെൽകൃഷി. അത് ഭക്ഷ്യവസ്തുവായതുകൊണ്ടാണ് നമ്മൾ അതിനെ ബഹുമാനിക്കുന്നത്. നെൽകൃഷി നമ്മുടെ നാട്ടിൽ കുറഞ്ഞുപോകുന്നു. അതിനെ സംരക്ഷിക്കാൻ ഈ ഗവൺമെന്റും വകുപ്പുമന്ത്രിയും നടത്തുന്ന പ്രവർത്തനത്തെ ഞാൻ ശ്ലാഘിക്കുകയാണ്. അതുമാത്രമല്ല, നെൽകൃഷിയെ സഹായിക്കാൻവേണ്ടി ഗവൺമെന്റ് കോടികൾ ചെലവഴിക്കുന്ന കൂട്ടത്തിൽ, എല്ലാ കൊല്ലവും കൃഷിയെടുക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് ആയിരക്കണക്കിന് രൂപ ഈ ഡിപ്പാർട്ട്മെന്റ് സബ്സിഡി കൊടുക്കുകയാണ്. അതിന്റെ ഫലമായി ധാരാളം നെൽപ്പാടങ്ങൾ വളരുന്നുവെന്നത് ഒരു വസ്തുതയാണ്. പക്ഷെ, ഇൻഡിവിഡ്വലായി കൃഷി ചെയ്യുന്ന കൃഷിക്കാരന് ആ സഹായം കിട്ടുന്നില്ല. അതുകൊണ്ട് അത്തരക്കാർക്കുകൂടി നെൽകൃഷിയുടെ സഹായം കൊടുക്കാൻ നടപടി സ്വീകരിക്കണം. അങ്ങനെ കൊടുത്താൽ ധാരാളം ആളുകൾ ഇതിലേയ്ക്ക് വരികയും കൃഷി വർദ്ധിപ്പിക്കാൻ കഴിയുകയും ചെയ്യും.

അതുപോലെതന്നെ നമ്മുടെ നാട്ടിൽ ഏത് കൃഷി ചെയ്യുന്നതിലും ആളുകൾക്ക് താല്പര്യമില്ലാതാകുന്നത് ഉല്പന്നത്തിന്റെ വിലയില്ലായ്മ കാരണമാണ്. ഉദാഹരണത്തിന് റബ്ബർ കൃഷി. റബ്ബർ കൃഷിചെയ്യുന്ന കൃഷിക്കാരൻ എത്ര കൊല്ലമായി വലഞ്ഞ് നടക്കുന്നുവെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം.

അങ്ങനെയുള്ള റബ്ബർ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഇതിനുമുൻപ് പ്രഖ്യാപിച്ച സബ്സിഡി ചെറിയ സംഖ്യയാണെങ്കിലും അതിപ്പോഴും കൊടുത്തുവരുന്നുണ്ട്. മുൻപുള്ള ഗവൺമെന്റ് കൊടുത്തതിന്റെ മൂന്നോ നാലോ ഇരട്ടി സംഖ്യ ഇപ്പോൾ ഈ ഗവൺമെന്റ് കൊടുക്കുന്നുണ്ട്. അത് കുറച്ചുകൂടി വർദ്ധിപ്പിച്ച് റബ്ബർ കൃഷിക്കാരെ സഹായിക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. പല കാരണങ്ങൾ കൊണ്ട് നാശനഷ്ടം സംഭവിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാര സംഖ്യ ഇരട്ടിയും മൂന്നിരട്ടിയുമായി വർദ്ധിപ്പിച്ചു. തെങ്ങ്, കവുങ്ങ് തുടങ്ങി മറ്റേത് കൃഷിയായാലും അതിനിരട്ടി സംഖ്യ നഷ്ടപരിഹാരം നൽകി കൃഷിക്കാരെ സംരക്ഷിക്കാൻ, കൃഷി നിലനിർത്താൻവേണ്ട നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു. വി. വി. രാഘവൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ബ്ലോക്ക് സംവിധാനം പിരിച്ചുവിട്ട് പഞ്ചായത്ത് കൃഷി ഭവനുകൾക്ക് രൂപം നൽകിയത്. അതിനുശേഷം മാറിമാറി വന്ന ഗവൺമെന്റുകൾ പ്രത്യേകിച്ച് എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്തെല്ലാം കൃഷിഭവനുകളെ ശക്തിപ്പെടുത്തുകയും അതുവഴി കൃഷിക്കാർക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുത്ത് കൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ട നല്ല ഇടപെടൽ നടത്തുകയും ചെയ്തുവെന്ന കാര്യം വസ്തുതയാണ്. പക്ഷെ എല്ലാ ഗവൺമെന്റും ഒരുപോലെ കൃഷിക്കാരെ സഹായിക്കാത്തതിന്റെ ഫലമായി അത് പിറകോട്ട് പോകുന്നുവെന്നതും ഒരു വസ്തുതയാണ്. നമ്മുടെ നാട്ടിൽ എല്ലാത്തിനും കൃഷിക്കാരുടെ പേര് പറയും. പക്ഷെ ആ കൃഷിക്കാരനെ സഹായിക്കാൻ പലരും വൈമനസ്യം കാണിക്കുന്നതിന്റെ ഫലമായി കാർഷികമേഖല തകർന്നുകൊണ്ടിരിക്കുന്നത് പ്രധാനപ്പെട്ടൊരു കാര്യമാണ്. നെൽകൃഷിയുടെ തകർച്ചയ്ക്ക് പ്രധാനപ്പെട്ട കാരണം തൊഴിലാളികളെ കിട്ടാത്തതാണ്. അതിനുപകരം പല തരത്തിലുള്ള ഉപകരണങ്ങൾ ഇറക്കിയിട്ടുണ്ട്. പക്ഷെ അതൊന്നും ചെറുകിട കൃഷിക്കാരന് ഉപകരിക്കുന്നതല്ല. സ്ത്രീ തൊഴിലാളികളെ കിട്ടുന്നില്ല. സ്ത്രീകളെല്ലാം തൊഴിലുറപ്പ് പദ്ധതിക്ക് പോകുന്നതുകൊണ്ട് കാർഷിക മേഖലയിലെ പണിക്ക് സ്ത്രീകളാരും വരുന്നില്ല. അത് കേന്ദ്ര ഗവൺമെന്റിന്റെ നയഫലമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. നെൽകൃഷിയിൽ തൊഴിലുറപ്പ് പദ്ധതിക്കാരെ ഉൾപ്പെടുത്താൻ കഴിഞ്ഞാൽ നെൽകൃഷിയുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയും. അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

കുടിവെള്ളവും ജലസേചനവുമാണ് നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട പ്രശ്നം. അക്കാര്യത്തിൽ ആദ്യംതന്നെ ഞാൻ ജലസേചന വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. എന്റെ മണ്ഡലത്തിൽ നടപ്പിലാക്കാൻപോകുന്ന കുടിവെള്ള പദ്ധതിയുടെ പ്രയോജനം ഏറ്റവും കൂടുതൽ ലഭിക്കുന്നത് കാസർഗോഡ്

മണ്ഡലത്തിനാണ്. ഈ പദ്ധതിയുടെ പണി തുടങ്ങിയിട്ട് 14 വർഷമായി. 30 വർഷമായി കാസർഗോഡ് മണ്ഡലത്തിലെ ആളുകൾ ഉപ്പുവെള്ളം കുടിക്കുകയാണ്. അതിന് പരിഹാരം കാണണമെന്ന് പല പ്രാവശ്യം പറഞ്ഞു. പക്ഷെ അതിന് ഒരു ഗവൺമെന്റിനെക്കൊണ്ടും കഴിഞ്ഞില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ജലസേചന വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മാത്യു ടി. തോമസ് യുദ്ധകാലാടിസ്ഥാനത്തിൽ ആ പദ്ധതിയുടെ പണികൾ തുടങ്ങിവച്ചു. എല്ലാ കാര്യങ്ങളും പൂർത്തീകരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം മാറി രണ്ടാമത്തെ മന്ത്രി വന്നു. അദ്ദേഹവും മന്ത്രിതലയോഗം വിളിച്ചുചേർത്തു. ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് 14 വർഷംമുമ്പ് തുടങ്ങിയ പദ്ധതി പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ 6 മാസംകൊണ്ട് പൂർത്തീകരിച്ച് ഈ വരുന്ന മാർച്ച് മാസത്തോടുകൂടി ഉദ്ഘാടനം നടത്താൻ പോകുകയാണ്. 29 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കുടിവെള്ള പദ്ധതി മാർച്ച് മാസത്തോടെ പൂർത്തീകരിക്കുകയാണ്. ടെക്നിക്കലായി ചില കാര്യങ്ങളേയുള്ളൂ, ബാക്കിയെല്ലാ കാര്യങ്ങളും പൂർത്തീകരിക്കാൻ കഴിഞ്ഞു. കുടിവെള്ളത്തിനുവേണ്ടി നമ്മുടെ നാട്ടിലെ ജനങ്ങൾ കേഴുമ്പോൾ ഈ ഗവൺമെന്റ്, ആ വകുപ്പിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രി കാണിച്ച ആർജ്ജവത്തിന്റെ ഫലമായിട്ടാണ് ടി പദ്ധതി ഇത്രവേഗം പൂർത്തീകരിക്കാൻ സാധിച്ചത്. കാസർഗോഡ് ജില്ലയിൽ നിരവധി കുടിവെള്ള പദ്ധതികൾ പൊട്ടിപ്പൊളിഞ്ഞുകിടക്കുകയാണ്. അവയെല്ലാം പൂർത്തീകരിച്ചാൽ മാത്രമേ കാസർഗോഡ് ജില്ല ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ കഴിയൂ. കാർഷിക മേഖലയിലും ജലസേചന മേഖലയിലും ഇന്നുകാണുന്ന അപാകതകൾ പരിഹരിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ ഇടപെട്ട് ഒരു അവലോകനയോഗം നടത്തി പരിഹാരം കാണാൻ സാധിക്കണം.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെയ്ത റോഡുകളും പാലങ്ങളുമാണ് നമ്മുടെ നാട്ടിലെ മറ്റൊരു പ്രധാനപ്പെട്ട നാഴികക്കല്ല്. ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയും പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ ഇന്ന് കാണുന്ന പല പദ്ധതികളും കൊണ്ടുവരുന്നതിനായി കക്ഷിരാഷ്ട്രീയം നോക്കാതെ, എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളെയും ഒരുപോലെ കണ്ടുകൊണ്ട് കാര്യങ്ങൾ നിർവ്വഹിച്ചു എന്നുള്ളതുകൊണ്ട് കാസർഗോഡ് ജില്ലയെ പഴയ നിലയിൽനിന്നും മാറ്റിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഏത് മേഖലയെടുത്തുനോക്കിയാലും മറ്റു ജില്ലകളെപ്പോലെതന്നെ വികസനോന്മുഖ ജില്ലയായി കാസർഗോഡ് ജില്ലയെ മാറ്റാൻ കഴിഞ്ഞു. അതിന് ഏറ്റവും മുമ്പിൽ നിൽക്കുന്ന പ്രധാനപ്പെട്ട

രണ്ടുവകുപ്പുകളാണ് കൃഷിയും ജലസേചനവും. ആ രണ്ട് വകുപ്പുകളും നടത്തിയ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകൾക്ക് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തിലെ കാർഷിക ജലസേചന വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ യു.ഡി.എഫ്.-ലെ ചില അംഗങ്ങൾ പ്രത്യേകിച്ച് ശ്രീ. റോജി എം. ജോണും ശ്രീ. അനൂപ് ജേക്കബും അന്ധൻ ആനയെ കണ്ടതുപോലെയാണ് ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ നോക്കിക്കാണുന്നത്. ബഹുമാന്യനായ പി. ജെ. ജോസഫ് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ടാണെങ്കിലും പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമായിരുന്നു. പഠനാർഹമായ ഒരു പ്രസംഗമാണ് അദ്ദേഹം കാഴ്ചവച്ചത്. നിർഭാഗ്യവശാൽ ആ പ്രസംഗം കേൾക്കാനുള്ള സൻമനോഭാവം ഗ്രൂപ്പ് വൈര്യം മൂത്ത ആളുകൾക്കുണ്ടായില്ല. അവരുടെ സാന്നിദ്ധ്യം സഭയിൽ അപ്പോൾ ഇല്ലായിരുന്നുവെന്നത് നാമെല്ലാം കണ്ടതാണ്. യു.ഡി.എഫ്.-ലെ മറ്റ് അംഗങ്ങൾ അദ്ദേഹത്തെ ഹസ്തദാനം ചെയ്ത് അഭിനന്ദിക്കുകയുണ്ടായി.

കേരളത്തിലെ ഈ രണ്ട് വകുപ്പുകളുടെ പ്രവർത്തനം പരസ്പരപൂരകമായി പോകേണ്ടതാണെന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. മനുഷ്യജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ രണ്ട് പ്രധാനപ്പെട്ട മേഖലകളാണ് കൃഷിയും ജലവിഭവവും. ഈ രണ്ട് മേഖലകളുടെയും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെയും ജലവിഭവ വകുപ്പുമന്ത്രിയെയും ഞാൻ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കേരളത്തെ ഹരിതാഭമായി നിലനിർത്തുന്നതിനും ജലസമൃദ്ധിക്ക് ഒട്ടും കോട്ടംവരാതെ ഭൂമിയെ സംരക്ഷിക്കുന്നതിനും ശ്രദ്ധാപൂർവ്വമായ നേതൃത്വമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിവരുന്നതെന്ന് ശത്രുക്കൾപോലും സമ്മതിക്കുന്ന വസ്തുതയാണ്. നവകേരള നിർമ്മാണത്തിന്റെ ഡിസൈനും മുൻഗണനകളും നിശ്ചയിച്ച ഘട്ടംമുതൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പരിസ്ഥിതിയോടുള്ള ഉത്തരവാദിത്തം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിവരുന്നത്. ഇതിനായി സുസ്ഥിര വികസന കാഴ്ചപ്പാട് ജനപക്ഷ നിലപാടുകളിൽ നിന്നുകൊണ്ടുതന്നെ നടപ്പിലാക്കുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കാലം മനുഷ്യരിലുണ്ടാക്കിയ മാറ്റങ്ങൾ അവന്റെ സർവ്വതോന്മുഖമായ പ്രവർത്തനങ്ങളെയും മാറ്റിമറിച്ചു. ജീവിതരീതിയിലും ഉപജീവനത്തിലും ഉപഭോഗത്തിലും സംസ്കാരത്തിലുമെല്ലാമുണ്ടായ മാറ്റങ്ങൾ മനുഷ്യനെ പ്രകൃതിയോടുള്ള സമീപനത്തിലും മാറ്റങ്ങൾക്ക്

വിധേയനാക്കി. ഉപഭോക്തൃ സമൂഹത്തിന്റെ പരിസ്ഥിതിയോടുള്ള സമീപനത്തിലും ഗുണപരമല്ലാത്ത മാറ്റങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ചില പ്രത്യാഘാതങ്ങളെ ഇന്ന് നമുക്ക് നേരിടേണ്ടതായി വന്നിരിക്കുകയാണ്. വിഷമയമായ ഭക്ഷണവും ആരോഗ്യകരമല്ലാത്ത മാലിന്യസംസ്കരണ രീതികളും നമ്മുടെ ആരോഗ്യപൂർണ്ണമായ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയിലാണ് എത്തിക്കുന്നത്. ജീവിതശൈലീ രോഗങ്ങളും സാംക്രമിക രോഗങ്ങളും സർവ്വസാധാരണയായിക്കൊണ്ടിരിക്കുകയാണ്. ഇതിനെയെല്ലാം ചെറുക്കേണ്ടത് അനിവാര്യമായി മാറിയിരിക്കുന്നു. വർത്തമാനകാല കേരളത്തിലെ ജനങ്ങൾ നേരിടുന്ന ഗൗരവതരമായ വിഷയങ്ങളെ മനസ്സിലാക്കാനും ശക്തമായ നിലപാടുകൾ സ്വീകരിച്ച് ഭാവനാപൂർണ്ണമായ പദ്ധതികളിലൂടെ പ്രതിസന്ധികളെ തരണം ചെയ്യാനുമുള്ള നടപടികളാണ് ഇന്ന് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ജലാശയങ്ങളെല്ലാം കൂടുതൽ മലീമസമാകുകയും ജലസ്രോതസ്സുകൾ അടയ്ക്കപ്പെടുകയും നിലങ്ങളെല്ലാം നികത്തപ്പെടുകയും ചെയ്തിരുന്നു, കേരളം തരിശായി മാറുന്ന അവസ്ഥയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തരിശുരഹിതകേരളത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യബോധത്തോടെയുള്ള ചുവടുവയ്പ്പുകളാണ് എവിടെയും നടന്നു കൊണ്ടിരിക്കുന്നത്. 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന മുദ്രാവാക്യത്തോടെ 1192 ചിങ്ങം 1-ാം തീയതി മുതൽ സംസ്ഥാനം നെല്ല് വർഷമായി ആചരിക്കുകയാണ്. അതിന്റെ ഭാഗമായി നൂറുദിന കർമ്മ പരിപാടികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. അഞ്ച് വർഷം കൊണ്ട് മൂന്ന് ലക്ഷം ഹെക്ടറായി കൃഷിഭൂമിയെ വർദ്ധിപ്പിക്കാനും അരിയുടെ ഉല്പാദനം 10 ലക്ഷം ടണ്ണായി ഉയർത്താനും ലക്ഷ്യമിട്ട് നടപടികൾ നീങ്ങുകയാണ്. തരിശുകിടന്ന ആറന്മുള മെത്രാൻകായൽ, എന്റെ മണ്ഡലത്തിലെ തഴവ, തൊടിയൂർ, വട്ടക്കായൽ, പുഞ്ച തുടങ്ങിയ നിരവധി തരിശിടങ്ങൾ ഇന്ന് കൃഷിക്ക് ഉപയുക്തമാക്കി മാറ്റിക്കഴിഞ്ഞു. ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൃഷിയെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹായകരമായിത്തീരുന്നുവെന്നത് കാണാതിരിക്കാൻ നമുക്ക് കഴിയില്ല. എല്ലാ മേഖലകളിലും വിപ്ലവകരമായ രീതിയിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മണ്ണിനെയും മനുഷ്യനെയും അറിഞ്ഞ പുതിയ തലമുറയെ വളർത്തിയെടുക്കാൻ വിദ്യാലയങ്ങളിൽ കൃഷിയിടങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇന്ന് വ്യാപകമായി ക്കൊണ്ടിരിക്കുകയാണ്. 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന മുദ്രാവാക്യം ഉയർത്തി എല്ലാ വീടുകളിലും കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ ഭാവനാപൂർണ്ണമായ രീതിയിൽ മുന്നോട്ടുപോകുന്നു. മുമ്പ് തമിഴ്നാട്ടിൽനിന്നും കർണ്ണാടകയിൽനിന്നും വിഷലിപ്തമായ പച്ചക്കറികളാണ് നമ്മുടെ

കമ്പോളങ്ങളിലേയ്ക്ക് എത്തിയിരുന്നതെങ്കിൽ ഇന്ന് ആ സ്ഥിതി മാറിക്കൊണ്ടിരിക്കുകയാണ്. അത് പൂർണ്ണതയിലെത്താനുള്ള പരിശ്രമം എല്ലാ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. ഇത് കാണാതെ അന്ധമായ രാഷ്ട്രീയ വിരോധത്തിന്റെ അടിസ്ഥാനത്തിൽ ഈ ധനാഭ്യർത്ഥനയെ, രാഷ്ട്രീയമായി എതിർക്കാൻ പ്രതിപക്ഷാംഗങ്ങൾ ബാധ്യസ്ഥരാണെന്ന കാര്യം ഞാൻ മനസ്സിലാക്കുന്നു. പക്ഷേ ഈ നന്മയെ കാണാതിരിക്കുന്നത് നല്ല സമീപനമല്ലെന്നുള്ളത് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. 2012 മുതലുള്ള യു.ഡി.എഫ്. ഭരണകാലത്ത് മഴക്കെടുതികളും വേനലിന്റെ ആധിക്യവുമുണ്ടായി കൃഷി നശിക്കുകയും കർഷകർ പ്രതിസന്ധിയിലാകുകയും ചെയ്തപ്പോൾ അവർക്ക് ആനുകൂല്യം കൊടുക്കുന്നതിന് സന്മനസ് കാണിച്ചവരല്ല ഇപ്പോൾ കർഷകപ്രേമം പ്രകടിപ്പിക്കുന്ന യു.ഡി.എഫ്. അംഗങ്ങളെന്ന കാര്യം നാം മറക്കരുത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ആ കാലയളവിലെ കുടിശ്ശിക തീർക്കാൻ 52 കോടി രൂപ വിനിയോഗിച്ചതെന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അധികാരം കയ്യിലിരിക്കുമ്പോൾ കർഷകരെ വിസ്മരിക്കുകയും കാർഷികമേഖലയെ മറന്ന് കോർപ്പറേറ്റ് താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കൃഷിയിടങ്ങൾ നികത്തി മണിസൗധങ്ങൾ പണിയാനുള്ള അവസരങ്ങൾ പ്രദാനം ചെയ്തവരുമാണ് ഇന്ന് കൃഷിയെക്കുറിച്ച് വാതോരാതെ സംസാരിക്കാൻ മുന്നോട്ടുവരുന്നത്. കേരളത്തിലെ 151 ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്ത് കേരഗ്രാമം പദ്ധതി ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞു. 40457 ഹെക്ടറിൽ സംയോജിത വിളപരിപാലന മുറകൾ നടപ്പിലാക്കാനും 3512 ഹെക്ടറിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. കേരളത്തിൽ ഇന്ന് വ്യാപകമായി അഗ്രോ സർവ്വീസ് സെന്ററുകൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന മുഖ്യഘടകം വേണ്ടത്ര തൊഴിലാളികളെ ലഭിക്കുന്നില്ലെന്നതാണ്. ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ പരിശീലനം ലഭിച്ചവരുടെ കുറവുണ്ട്. ഇത് രണ്ടും തിരിച്ചറിഞ്ഞ് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങളിലൂടെ കർമ്മസേനയെ തെരഞ്ഞെടുത്ത് കൃഷിക്കാർക്കാവശ്യമായ സേവനങ്ങൾ നൽകാനുള്ള സൗകര്യങ്ങൾ ഈ ഗവൺമെന്റ് വളരെ ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെന്നത് കാർഷിക മേഖലയിൽ പുതിയ ഉണർവ് പകരുന്നതിന് സഹായിക്കുന്ന ഘടകമാണ്.

കേരളം നേരിടുന്ന ഏറ്റവും ഗൗരവതരമായ വിഷയം, ഭൂഗർഭ ജലനിരപ്പ് അപകടകരമായ രീതിയിൽ താഴ്ന്നുകൊണ്ടിരിക്കുന്നുവെന്നതാണ്. ഇത് സമൂഹം ഗൗരവമായി വിലയിരുത്തേണ്ടതും പരിഗണിക്കേണ്ടതുമാണ്. ജലത്തിന്റെ ഉപയോഗത്തെ സംബന്ധിച്ച് ജാഗ്രതയോടുകൂടിയ സമീപനം സ്വീകരിക്കാൻ

ജനങ്ങളെ ബോധവത്കരിക്കേണ്ടതുണ്ട്. ചൂട് വർദ്ധിക്കുകയും ജലക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ ജലത്തിന്റെ ഉപയോഗത്തിന് കൃത്യമായ മാനേജ്മെന്റുണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. കേരള വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തത്തിൽ പൂർണ്ണമായി ജലവിനിയോഗം നടപ്പിലാക്കാൻ കഴിയുന്ന അവസ്ഥ കൈവരിക്കണം. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന ന്യായമായ നടപടികളെ ഏവരും സ്വാഗതം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്ന സംസ്ഥാനം നമ്മുടേതാണെന്ന് നാം ഓർക്കേണ്ടതാണ്. 1000 ലിറ്റർ വെള്ളം ശുദ്ധീകരിച്ച് വീടുകളിലെത്തിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് വരുന്ന ചെലവ് 23.75 രൂപ മാത്രമാണ്. ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ, വാട്ടർ ചാർജ് വർദ്ധനവുണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത് ഇപ്പോൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്.

തീരദേശമേഖല ഇന്ന് ഏറെ ഭീഷണി നേരിടുകയും തീരസംരക്ഷണം ഗവൺമെന്റിന് വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുകയുമാണ്. തീരസംരക്ഷണത്തിന് മതിയായ തുക വകയിരുത്താനും തീരം സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുവരുത്താനും സാധ്യമാകുന്ന തരത്തിലുള്ള കാര്യങ്ങൾ ആലോചിക്കേണ്ടതുണ്ട്. അക്കാര്യത്തിൽ പുതിയ സംവിധാനങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് ചിന്തിക്കേണ്ടതുണ്ടെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ച് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. അടുത്തൊരു യുദ്ധമുണ്ടാവുകയാണെങ്കിൽ അത് ജലത്തിനുവേണ്ടിയായിരിക്കും എന്നാണ് നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിപ്പോൾ യാഥാർത്ഥ്യത്തിലേയ്ക്ക് അടുത്തു കൊണ്ടിരിക്കുകയാണ്. കേരളത്തിൽത്തന്നെ ഒരു ജലയുദ്ധമുണ്ടായാൽ നമ്മളാരും അത്ഭുതപ്പെടേണ്ടതില്ല. ആ രീതിയിലാണ് സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പോക്ക്. 44 നദികളാൽ കേരളം സമ്പന്നമാണെന്ന് നമ്മൾ പറയുമ്പോഴും ഓരോ നദികളും വറ്റിവരണ്ട് ജലാശയങ്ങൾ പാടേ നശിച്ചുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്-ന്റെ കാലത്താണ് ജലാശയങ്ങൾ വറ്റിയതെന്ന് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ആർ. രാമചന്ദ്രൻ പറഞ്ഞു. ഞങ്ങൾ അങ്ങനെയൊന്നും പറയുന്നില്ല. എൽ.ഡി.എഫ്. വന്നതുകൊണ്ടാണ് ജലാശയങ്ങൾ

വറ്റുന്നതെന്ന് ഞാൻ പറയുന്നില്ല. ജലസ്രോതസ്സുകൾ വറ്റുന്നതിലൂടെ ആളുകൾ വെള്ളത്തിനുവേണ്ടി പോരടിക്കേണ്ടിവരുന്ന സാഹചര്യമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മഴവെള്ളത്തിനുപോലും താഴ്ന്നിറങ്ങാൻ ഇടമില്ലാത്ത സ്ഥിതി ഇന്ന് സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. കോൺക്രീറ്റ് സൗധങ്ങളും റോഡുകളും മറ്റ് നിർമ്മിതികളുമെല്ലാംചേർന്ന് പ്രകൃതിയുടെ സ്വാഭാവികത തകർക്കുകയാണ്. നമ്മുടെ വീട്ടുമുറ്റത്തുപോലും ടൈൽ പതിച്ച് മഴവെള്ളത്തെ പടിക്കുപുറത്ത് കടത്തുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുകയെന്ന ഏറ്റവും വലിയ ദൗത്യമാണ് നമുക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ അതിനുള്ള കാര്യമായ ഒരു പദ്ധതിയും ഇപ്പോൾ നമ്മുടെ സംസ്ഥാനത്തില്ല എന്നതാണ് യാഥാർത്ഥ്യം. എന്റെ നിയോജകമണ്ഡലത്തിൽ, മലപ്പുറം നഗരസഭയിൽ UIDSSMT പദ്ധതി ഉണ്ടായിരുന്നിട്ടുപോലും മുഴുവൻ ആളുകൾക്കും കുടിവെള്ളം കൊടുക്കാൻ സാധ്യമാകുന്നില്ല. അടുത്ത കാലത്തായി വലിയ പരാതികൾ ജനങ്ങളിൽ നിന്നുയർന്നുവരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പിൽ രണ്ടുദിവസം വെള്ളമില്ലെങ്കിൽ ഉടനെ വിളിക്കുന്നത് എം.എൽ.എ.-യെയും മറ്റ് ജനപ്രതിനിധികളെയുമാണ്. ഈ UIDSSMT പദ്ധതിക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള നമ്പ്രാണി ചെക്ക് ഡാമിലെ ചോർച്ച കാരണം അതിൽ വെള്ളം നിൽക്കുന്നില്ല. ചോർച്ച തടയാൻ 1.36 കോടി രൂപ നൽകി പുതിയ റെഗുലേറ്റർ സ്ഥാപിക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് റെഗുലേറ്റർ പണിതില്ലെങ്കിൽ മലപ്പുറം മുനിസിപ്പാലിറ്റിയിലെയും കോട്ടൂരിലെയും ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻ പറ്റാത്ത സ്ഥിതിയുണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിലിടപെട്ട് നമ്പ്രാണി റെഗുലേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ എന്നീ മൂന്ന് പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികളില്ല. ഈ മൂന്ന് പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ളപദ്ധതിക്ക് ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകുകയും സർവ്വേ നടപടികൾക്കുവേണ്ടി പഞ്ചായത്തുകൾ 3 ലക്ഷം രൂപ വീതം കെ.ഡബ്ല്യൂ.എ.-യിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നു. ടി സർവ്വേ നടപടികൾ ആരംഭിച്ചുവെന്നുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ലഭിച്ചിട്ടുള്ളത്. മറ്റ് പദ്ധതികളെപ്പോലെ കാലതാമസം കൂടാതെ സർവ്വേ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുകയാണ്. 2013-14 വർഷത്തിൽ മലപ്പുറം മൈലപ്പുറത്ത് കാളന്തട്ട കുടിവെള്ള പദ്ധതിക്ക് 30 ലക്ഷം രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും കൊടുത്തിട്ട് 5 വർഷം കഴിഞ്ഞു. ആ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് കഴിഞ്ഞ ഞായറാഴ്ചയാണ്. എം.എൽ.എ. ഫണ്ട് കൊടുത്തിട്ടുപോലും ഇതാണ് സ്ഥിതി.

വാട്ടർ അതോറിറ്റിയുടെ ഫണ്ട് അനുവദിച്ചിട്ടില്ല. ഇങ്ങനെ വലിയ കാലതാമസമാണ് വന്നുകൊണ്ടിരിക്കുന്നത്. ഒരു പദ്ധതിക്ക് തുടക്കംകുറിക്കുമ്പോൾ സമയപരിധി നിശ്ചയിക്കുന്നില്ല. നിശ്ചിത സമയത്തിനകം അത് തീർക്കണമെന്നുള്ള നിർബന്ധ ബുദ്ധിയോടുകൂടിയുള്ള പ്രവർത്തനം ആരുടെയും ഭാഗത്തുനിന്നും ഉണ്ടാകാത്തതുകൊണ്ടാണ് ഇങ്ങനെ അനന്തമായി പദ്ധതികൾ നീണ്ടുപോകുന്നത്.

മറ്റൊരു പ്രധാനപ്പെട്ട വിഷയം, വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. റോഡിന്റെ പണി തുടങ്ങി കുറച്ചുകഴിയുമ്പോഴാണ് വാട്ടർ അതോറിറ്റിയുടെ പൈപ്പ് റീപ്ലേസ് ചെയ്യാൻവേണ്ടി വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ വരുന്നത്. ഇങ്ങനെ ഒരനുഭവം എന്റെ മണ്ഡലത്തിൽത്തന്നെ ഉണ്ടായി. ആനക്കയം അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ ഭാഗമായി മുള്ളമ്പാറ - കോണിക്കല്ല് ഇരുമ്പുഴി റോഡിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് റീപ്ലേസ് ചെയ്യാൻവേണ്ടി വാട്ടർ അതോറിറ്റി തീരുമാനമെടുത്ത് റോഡ് റബ്ബറൈസ് ചെയ്യാനുള്ള പ്രവർത്തനമാരംഭിച്ച് ടെണ്ടർ നടപടി തുടങ്ങി. ടെണ്ടർ കഴിഞ്ഞ് കോൺട്രാക്ടർ വർക്ക് ആരംഭിച്ചതിനുശേഷമാണ് പൈപ്പ് മാറ്റാനുള്ള തീരുമാനവുമായി കെ.ഡബ്ല്യു.എ. വരുന്നത്. ഇപ്പോൾ അവിടെ റോഡ് പണി നിർത്തിവച്ചു; എന്നാൽ പൈപ്പ് മാറ്റിയിട്ടുമില്ല. ഫലത്തിൽ റോഡുമില്ല, വെള്ളവുമില്ലാത്ത സ്ഥിതിയാണ്.

പ്രളയത്തിൽ തകർന്നുപോയ വീടുകൾ പുനർനിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അപകടഭീഷണി നിലനിൽക്കുന്ന പല വീടുകളുമുണ്ട്. എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന കടലുണ്ടിപ്പുഴയുടെ രണ്ടുഭാഗങ്ങളിലും നിരവധി വീടുകൾ ഇപ്പോൾ അപകട ഭീഷണിയിൽ കഴിയുകയാണ്. ഞാൻ മിനിഞ്ഞാന്ന് മൈലപ്പുറത്ത് കോരംകുണ്ട് എന്നുപറയുന്ന സ്ഥലത്ത് കുടിവെള്ള പദ്ധതി ഉദ്ഘാടനത്തിന് പോയപ്പോൾ കണ്ടത് അവിടത്തെ വീടുകളിൽനിന്നും ആളുകൾ ഒഴിഞ്ഞുപോയിരിക്കുന്നതാണ്. കോരംകുണ്ടിൽ കടലുണ്ടിപ്പുഴയുടെ കര സംരക്ഷിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംരക്ഷണഭിത്തി കെട്ടി അവിടെയുള്ള വീടുകളെ സംരക്ഷിക്കുന്നതിനും കുടുംബങ്ങളെ സുരക്ഷിതമായി താമസിപ്പിക്കുന്നതിനുമുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, നെൽവയൽ തണ്ണീർത്തട നിയമം നിലവിലുണ്ടായിട്ടുപോലും നിയമത്തിൽ സർക്കാർ അടുത്ത കാലത്ത് വരുത്തിയിട്ടുള്ള ഇളവിനെത്തുടർന്ന് നെൽവയലുകളാകെ മണ്ണിട്ട്

നികത്തി കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിച്ചിരിക്കുകയാണ്. സർക്കാർതന്നെ മണ്ണിട്ട് നികത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഒരുപാട് കാലമായി നെൽകൃഷി നടത്താത്ത സ്ഥലത്ത്, 'നഞ്ച' എന്ന് പേര് പറഞ്ഞ്, വീടോ മറ്റ് നിർമ്മാണ പ്രവൃത്തികളോ നടത്താൻ പറ്റാത്ത സ്ഥിതിയാണ്. ഇളവ് നൽകേണ്ടത് അത്തരം ഭൂമികൾക്കാണ്. അല്ലാതെ നെൽവയലുകൾ നികത്താൻ ഇളവ് അനുവദിക്കുന്നത് ശരിയായ നിലപാടല്ല. മന്ത്രിമാരെക്കുറിച്ചൊക്കെ വളരെ നല്ല അഭിപ്രായം പറഞ്ഞു, മന്ത്രിമാർക്ക് മാർക്കിടാൻ ഉള്ളതല്ലല്ലോ ധനാഭ്യർത്ഥനചർച്ച. മന്ത്രിമാരുടെ വകുപ്പുകളെക്കുറിച്ചാണ് നമ്മൾ ചർച്ച നടത്തിക്കൊണ്ടിരിക്കുന്നത്. പിണറായി വിജയൻ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടിൽ കൃഷി സംബന്ധമായ കാര്യം പരാമർശിക്കുന്ന 7 മുതൽ 17 വരെയുള്ള പേജുകൾ തിരിച്ചും മറിച്ചും നോക്കി. കുറേ പദ്ധതികൾ നടപ്പാക്കും, വ്യാപകമാക്കും, പ്രോത്സാഹിപ്പിക്കും എന്നൊക്കെയാണ് കാണാൻ സാധിച്ചത്. എന്നാൽ നടപ്പാക്കിയ ഒരു പദ്ധതി ഈ പ്രോഗ്രസ് റിപ്പോർട്ടിൽ എനിക്ക് കാണാൻ സാധിച്ചില്ല. എന്താണ് ആ പദ്ധതി, 'ഒരു കർഷകന് ഒരു കുപ്പി സയനേഡ്' എന്ന പദ്ധതി. യഥാർത്ഥത്തിൽ നടപ്പാക്കിയ പദ്ധതികൾ കാണണ്ടേ; 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യയുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;' എന്ന ശ്രീ. ടി. എ. അഹമ്മദ് കബീറിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാർ നൽകിയ മറുപടി, 'ഇടുക്കി ജില്ലയിൽ 10-ഉം വയനാട് ജില്ലയിൽ 5-ഉം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്' എന്നാണ്. ശ്രീ. അനൂപ് ജേക്കബിന്റെ ചോദ്യത്തിന് 'പ്രളയാനന്തരം കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; പ്രളയംമൂലം വീടും ജംഗമവസ്തുക്കളും കൃഷിയും നശിച്ചുപോയതിലുള്ള മാനസികവിഷമവും ബാങ്ക് ലോണുകൾ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെവന്നതും അതിനെത്തുടർന്ന് ജപ്തി നടപടികൾ അഭിമുഖീകരിക്കേണ്ടിവന്നതും ആത്മഹത്യയ്ക്ക് കാരണമായെന്ന് കരുതുന്നു' എന്നാണ് മറുപടി നൽകിയത്. ഇത്തരത്തിൽ കർഷകർ ആത്മഹത്യയിലേയ്ക്ക് പോകുകയാണ്. ഇതിന് പരിഹാരമുണ്ടാകണം. കാർഷിക ലോണിന് മൊറട്ടോറിയം പ്രഖ്യാപിച്ചു. മൊറട്ടോറിയം അനുവദിക്കാൻ ആർ.ബി.ഐ.-യുടെ അനുമതി ആവശ്യമാണ്. ആർ.ബി.ഐ.-യെ സമീപിച്ച് കർഷകർക്ക് ആശ്വാസം നൽകുകയാണെങ്കിൽ അത്രയും നല്ലത്.

ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി പലതിന്റെയും പിതൃത്വം ഏറ്റെടുക്കാൻ മുന്നോട്ടുവന്നു. ചിലതിന്റെയൊക്കെ ഡി.എൻ.എ. ടെസ്റ്റ് നടത്തി യഥാർത്ഥ പിതൃത്വം നിലവിലുള്ളപ്പോൾ അന്യന്റെ

കുട്ടികളുടെ പിതൃത്വം ഏറ്റെടുക്കാൻ വരേണ്ട കാര്യമില്ലല്ലോ; മലപ്പുറം ജില്ലയുടെയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെയുമൊക്കെ പിതൃത്വം ഏറ്റെടുക്കാനാണ് അടുത്ത കാലത്ത് സി.പി.ഐ.(എം)-ൽ ചേക്കേറിയ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രമിക്കുന്നത്. 1969-ൽ ഇ.എം.എസ്. മന്ത്രിസഭയാണ് മലപ്പുറം ജില്ല അനുവദിച്ചത് എന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. പക്ഷേ ഇ.എം.എസ്. മന്ത്രിസഭയിൽ മലപ്പുറം ജില്ലയ്ക്കുവേണ്ടി അതിശക്തമായ പോരാട്ടം നടത്തിയത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണെന്ന കാര്യം നിങ്ങൾ വിസ്മരിച്ചുപോകരുത്. മഹാനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബ്, എം.പി.എം. അഹമ്മദ് കുരിക്കൾ എന്നീ രണ്ടുപേരാണ് ജില്ലയുടെ ശില്പികളായി ഇന്നും അറിയപ്പെടുന്നത്. കേരള നിയമസഭയിൽ മലപ്പുറം ജില്ലയ്ക്കുവേണ്ടി ആദ്യമായി പ്രമേയം അവതരിപ്പിച്ചത് മങ്കട നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന പരേതനായ അഡ്വക്കേറ്റ് അബ്ദുൾ മജീദായിരുന്നു എന്ന കാര്യം നിങ്ങൾ ഓർക്കണം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പിതാവ് സി.എച്ച്. മുഹമ്മദ് കോയ സാഹിബാണെന്ന് ഇക്കാലമത്രയും പ്രസംഗിച്ചു നടന്നയാളാണ് അപ്പുറത്ത് വന്ന് ഈ ജില്ലയുടെ പിതൃത്വം ഏറ്റെടുക്കാൻ മുന്നോട്ടുവന്നത്. നമ്മുടെ മഹാനായ നേതാവ് സെയ്ദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ ഒരു പഞ്ചായത്ത് മെമ്പറായിട്ടില്ല, നിയമസഭയിൽ അംഗമായിട്ടില്ല, പാർലമെന്റിൽ പോയിട്ടില്ല, മന്ത്രിയായിട്ടില്ല. ആ ബാഫഖി തങ്ങളാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് ഭൂമിയെടുക്കാൻവേണ്ടി വീടുവീടാന്തരം കയറിയിറങ്ങി ജനങ്ങളിൽ നിന്ന് ഭൂമി വാങ്ങി കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്ഥാപിച്ചതെന്ന കാര്യം വിസ്മരിക്കരുത്. ലീഗിന്റെ എല്ലാ ആനുകൂല്യങ്ങളുംപറ്റി അവസാനം അധികാരത്തിനുവേണ്ടി പാർട്ടി മാറിപ്പോയ ആൾ ഇപ്പോൾ 'ഞാൻ അതിനാണ് മാറിയത് എന്ന് പരസ്യമായി പറഞ്ഞതാണ്. പൊതുരംഗത്ത് പ്രവർത്തിക്കുന്നവർക്ക് പാർലമെന്ററി മോഹവും ആഗ്രഹവുമൊക്കെ ഉണ്ടാകാം. പക്ഷേ ഞാൻ പാർട്ടി മാറിയതുതന്നെ ഇതിനുവേണ്ടിയാണ് എന്ന് പരസ്യമായി പറഞ്ഞൊരാളെ ആദ്യമായിട്ടാണ് നമ്മൾ കാണുന്നത്. അങ്ങനെ സ്ഥാനത്തിനുവേണ്ടി പാർട്ടി മാറിപ്പോയ ആളുകളിൽ ഒരാൾ ഇപ്പോൾ ഡൽഹിയിലെത്തി ശ്രീ. നരേന്ദ്രമോദിയെ കണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ആളുകളുടെ ഉപദേശം കേട്ട് പ്രിയപ്പെട്ട എം. സ്വരാജിനെപ്പോലെയുള്ളവർ ചരിത്രമറിയാതെ സംസാരിക്കരുത്. ശ്രീ. എം. സ്വരാജ് ചെറുപ്പക്കാരനായ എം.എൽ.എ. ആണ്. ലീഗിന്റെ ചരിത്രവും സി.പി.ഐ.(എം)-ന്റെ ചരിത്രവുമറിയാത്ത, സ്വന്തം ചരിത്രം മാത്രം അറിയുന്ന വ്യക്തിയിൽനിന്ന് ലീഗിന്റെ കാര്യം മനസ്സിലാക്കി വേണ്ടാത്തത് പ്രസംഗിക്കരുത്. ഇന്നലെ ശ്രീ. എം. സ്വരാജ് മുസ്ലീം ലീഗിനെക്കുറിച്ച് ഇല്ലാത്ത കാര്യങ്ങളൊക്കെ പറഞ്ഞു. അങ്ങനെ പറയേണ്ട കാര്യമില്ല. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും ഇപ്പോൾ സി.പി.ഐ.(എം)-നോടൊപ്പം

എത്തിനിൽക്കുന്ന പാർട്ടിയായി ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് മാറിക്കഴിഞ്ഞിട്ടുണ്ട്. അടുത്ത് നടക്കാനിരിക്കുന്ന ഉപതെരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞു. ഉപതെരഞ്ഞെടുപ്പിനൊക്കെ പോകുന്നതിനുമുമ്പ് ഇപ്പോൾ പാർട്ടി ചെന്നുപെട്ടിട്ടുള്ള ചില പ്രശ്നങ്ങളുണ്ട്. നിങ്ങളുടെ പാർട്ടിയ്ക്കകത്ത് ഉയർന്നുവന്നിട്ടുള്ള പുതിയ ബിംബങ്ങളെയും ഫാൻസ് അസോസിയേഷനുകളെയും നോക്കിയിട്ട് മതി ഉപതെരഞ്ഞെടുപ്പിൽ ജയിച്ചുകയറാം എന്ന വ്യാമോഹം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. ഉബൈദുള്ള: അതൊന്നും കേരളത്തിൽ നടക്കാൻ പോകുന്നില്ല. വീണ്ടുമൊരിക്കൽക്കൂടി ഈ ജനവിരുദ്ധ സർക്കാരിനെതിരായി അടുത്ത നിയമസഭാ ഉപതെരഞ്ഞെടുപ്പുകളിൽ കേരളത്തിലെ ജനങ്ങൾ വിധിയെഴുതുമെന്ന കാര്യം തീർച്ചയാണ്. അതുകൊണ്ട് ജനവിരുദ്ധ നിലപാടുകളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ എല്ലാ ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നീ വകുപ്പുകളിന്മേലുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും കറുത്ത അദ്ധ്യായമെന്ന് വിശേഷിപ്പിക്കപ്പെടുന്ന അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന്റെ 44-ാമത് വാർഷികമാണ് ഇന്ന്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ഉദുമ മെമ്പർ പറഞ്ഞതുപോലെ, ഈ സഭയിൽത്തന്നെ അടിയന്തരാവസ്ഥ കാലത്ത് പോലീസിന്റെ ക്രൂരമർദ്ദനത്തിനിരയായ നേതാക്കളുണ്ട്. പ്രഖ്യാപിത അടിയന്തരാവസ്ഥ അല്ലെങ്കിലും കഴിഞ്ഞ 5 വർഷമായി നമ്മുടെ രാജ്യത്ത് രൂപപ്പെട്ട അപ്രഖ്യാപിത അടിയന്തരാവസ്ഥ ഇനിയുള്ള നാളുകളിൽ കഠിനമാകാൻ പോകുന്നുവെന്നുള്ള കാര്യം കൂടി ഈ ദിവസം നാം ഓർക്കേണ്ടതുണ്ട് എന്ന് ഞാൻ ചിന്തിക്കുകയാണ്. ഇന്ത്യ കേട്ട ഏറ്റവും മികച്ച പ്രസംഗങ്ങളിൽ ഒന്ന് 1947 ആഗസ്റ്റ് 14-ന് അർദ്ധരാത്രിയിൽ രാജ്യം സ്വാതന്ത്ര്യത്തിലേയ്ക്ക് പിറവിയെടുക്കുമ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ നടത്തിയ പ്രസംഗമാണ്. അന്ന് നെഹ്റു പറഞ്ഞത്, "At the stroke of the midnight hour, when the world sleeps, India will awake to life and freedom. A moment comes, which comes but rarely in history, when we step out from the old to the new, when an age ends, and when the soul of a nation, long suppressed, finds utterance." അന്ന് മോചിപ്പിക്കപ്പെട്ടുവെന്ന് നെഹ്റു പറഞ്ഞ ഇന്ത്യയുടെ ആത്മാവ് ഇന്ന് വർഗ്ഗീയതയുടെയും

കോർപ്പറേറ്റുകളുടെയും ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് കറുത്ത രാഷ്ട്രീയത്തിന്റെ പിടിയിലാണ്. 1930-കളിൽ കമലാ നെഹ്റു ടി.ബി. രോഗബാധിതയായിരുന്നുവെന്ന് നമുക്കറിയാം. വിദേശത്ത് ഒരു സ്വിസ്സ് സാനട്ടോറിയത്തിൽ മരണാസന്നയായി കിടന്ന കമലാ നെഹ്റുവിനെ കാണാൻ ജയിൽ മോചിതനാക്കപ്പെട്ട നെഹ്റുവിന് പോകാൻ കഴിയുമായിരുന്നില്ല. സാമ്പത്തിക ഞെരുക്കമുണ്ടായിരുന്നു. ജെ. ഡി. ബിർള സഹായം വാഗ്ദാനം ചെയ്തപ്പോൾ നെഹ്റു നിരസിച്ചു. പക്ഷെ, 2014-ൽ നാം കണ്ടത്, ഇന്ത്യയുടെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ ശ്രീ. നരേന്ദ്ര മോദി, അദാനിയുടെ വിമാനത്തിൽ ഡൽഹിയിൽ പറന്നിറങ്ങുന്നതാണ്. പക്ഷെ, എന്റെ ദുഃഖം, ഞങ്ങളുടെ ദുഃഖം ആ നെഹ്റുവിനെ ഇന്നത്തെ കോൺഗ്രസ്സിന് അറിയില്ലായെന്നുള്ളതാണ്. നെഹ്റുവിന്റെയും എ.കെ.ജി.-യുടെയും അതുപോലുള്ള ധീരദേശാഭിമാനികളായ നേതാക്കളുടെയും ശബ്ദം മുഴങ്ങിയ ഇന്ത്യയുടെ പാർലമെന്റിൽ മലേഗാവ് സ്ഫോടനത്തിൽ നിരവധി പേരെ കൊന്നൊടുക്കിയതിന്റെ മുഖ്യ ആസൂത്രകയായിരുന്ന, മഹാത്മാഗാന്ധിയെ രാജ്യദ്രോഹിയെന്നും നാഥുറാം ഗോഡ്സെ ധീരനായ രാജ്യത്തിന്റെ പുത്രനെന്നും വിശേഷിപ്പിച്ച ശ്രീമതി സാധ്വി പ്രഗ്യാ സിങ് ഠാക്കൂറിന്റെയും 2019-ലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. ജയിച്ചുകഴിഞ്ഞാൽ രാജ്യത്ത് ഇനിയൊരു പൊതുതെരഞ്ഞെടുപ്പ് ഉണ്ടാകില്ലെന്ന് പറഞ്ഞ ശ്രീ. സാക്ഷി മഹാരാജിന്റെയും ഗ്രഹാം സ്റ്റെയിൻസിനെയും രണ്ട് മക്കളെയും ചുട്ടുകൊന്ന നേതാവിന്റെയും പി. സി. സാരംഗി ഉൾപ്പെടെയുള്ളവരുടെ ശബ്ദമാണ് ഇന്ന് ഇന്ത്യയുടെ പാർലമെന്റിൽ മുഴങ്ങുന്നത്. ഇന്ത്യയുടെ ജനാധിപത്യം അപകടത്തിലാണ്. നാം ഉണരണം. കേരളം എന്തുകൊണ്ടാണ് വ്യത്യസ്തമായി നിലകൊള്ളുന്നത്; അതിന് ഒറ്റ ഉത്തരമേയുള്ളൂ. ഇവിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമുള്ളതുകൊണ്ടാണ്. വർഗ്ഗീയതയ്ക്കെതിരെ ഇങ്ക്വിലാബ് മുഴക്കി ചെങ്കൊടിയേന്തിക്കൊണ്ട് ചെറുക്കുവാൻ ഇവിടെ കമ്മ്യൂണിസ്റ്റുകാരനുള്ളതു കൊണ്ടാണ്. അതുകൊണ്ട് ഇനിയും ശ്രീ. രാഹുൽ ഗാന്ധിക്ക് പശ്ചിമഘട്ടം കടന്ന് കേരളത്തിൽ വരാം. ഇവിടെ അവസാന കമ്മ്യൂണിസ്റ്റുകാരനും കമ്മ്യൂണിസ്റ്റുകാരിയും ഉള്ളിടത്തോളം കാലം ഈ മണ്ണിൽ വർഗ്ഗീയതയെ ഞങ്ങൾ ശക്തമായി ചെറുക്കുമെന്നും കേരളത്തിൽ മതനിരപേക്ഷത കാത്തുസംരക്ഷിക്കുമെന്നും ഞങ്ങൾ ഉറക്കെ പറയുകയാണ്. ഞങ്ങളുണ്ടാകും, അന്നമായി, ആശ്രയമായി, അക്ഷരമായി, ആതുരസേവനമായി, കൂടുതൽ ശക്തമായി ജനങ്ങൾക്കിടയിൽ ഞങ്ങളുണ്ടാകുമെന്ന് ഉറക്കെ പറയുന്നു.

കൃഷി ഒരു സംസ്കാരമാണ്. മണ്ണിനെയും മനുഷ്യനെയും മൃഗങ്ങളെയും മനസ്സുകളെയും മഴയെയും മേഘങ്ങളെയുമൊക്കെ തിരിച്ചറിയുന്ന, സ്നേഹിക്കുന്ന ഒരു

സംസ്കാരമാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലം കേരളത്തിൽ സംഭവിച്ചത് ഈ സംസ്കാരത്തിന്റെ വീണ്ടെടുക്കലാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർ ഉൾപ്പെടെ പല കാര്യങ്ങളും vague ആയി പറഞ്ഞുപോകുന്നത് കണ്ടു. പ്രളയബാധിതർക്ക് യാതൊന്നും കൊടുത്തില്ല എന്നൊക്കെ പറയുന്നത് കേട്ടു. അതിൽ ഇടപെട്ട് പ്രവർത്തിക്കാനുള്ളവരാണ് നമ്മളെല്ലാവരും. എന്റെ അനുഭവം, ഞാൻ ജയിച്ച് ഈ സഭയിൽ വരുമ്പോൾ ആറന്മുളയിൽ നെൽകൃഷി ഇറക്കണ്ടേ എന്ന ചോദ്യത്തിൽ തുടങ്ങി ഈ നിമിഷംവരെ ഒപ്പം നിൽക്കുന്ന ഒരു മന്ത്രിയും വകുപ്പുമാണ് ഇവിടെയുള്ളത്. 39,000 ഹെക്ടർ സ്ഥലത്താണ് പുതുതായി നെൽകൃഷി ഇറക്കിയത്. മഹാപ്രളയം ആറന്മുളയെയൊക്കെ സ്തംഭിപ്പിച്ചപ്പോൾ ഇനി കൃഷി ചെയ്യാൻ പറ്റില്ലെന്നാണ് ഞങ്ങൾ വിചാരിച്ചത്. 2019-ൽ തരിശുരഹിത മണ്ഡലമാക്കണമെന്ന ലക്ഷ്യത്തോടെ വളരെ ഊർജ്ജിതമായ ശ്രമങ്ങൾ നടത്തുകയായിരുന്നു. പശപോലുള്ള മണ്ണിൽ ഇനി കൃഷി ഇറക്കാൻ കഴിയുമോ എന്ന് കർഷകർ ആശങ്കപ്പെട്ട് നിന്നപ്പോൾ, നശിച്ചുപോയ കൃഷിയുടെ മുന്നിൽ നെഞ്ചത്ത് കൈവച്ച് കർഷകർ നിന്നപ്പോൾ ഞങ്ങൾക്കൊപ്പമുണ്ടായിരുന്നത് കൃഷി വകുപ്പുമന്ത്രിയും കൃഷി വകുപ്പുമാണ്. പത്തനംതിട്ട ജില്ലയിൽനിന്നുള്ള വേറെയും എം.എൽ.എ.-മാർ ഇവിടെയുണ്ട്. 50 ശതമാനം അധികം വിളവ് നെൽക്കൃഷിയിലൂടെ ഇത്തവണ ഉണ്ടായിട്ടുണ്ട്. അത് നാം കാണേണ്ടതാണ്. ഇതൊരു ആത്മവിശ്വാസമാണ്. കർഷകർക്ക് ചെയ്യാൻ കഴിയുമെന്നുള്ള ഒരു ബോദ്ധ്യം, ഒരു പിന്തുണ കൃഷി വകുപ്പിൽനിന്നും ഞങ്ങൾക്കുണ്ടായിട്ടുള്ളതാണെന്ന കാര്യം ഇവിടെ എടുത്തുപറയേണ്ടതാണ്.

എല്ലാ എം.എൽ.എ.-മാരുടെയും വീടുകളിൽ ധാരാളമായി പച്ചക്കറികൃഷി ചെയ്യുന്നുണ്ട്. നമ്മുടെ മണ്ഡലങ്ങളിൽ, പഞ്ചായത്തുകളിൽ, വാർഡുകളിലെല്ലാം വളരെ സജീവമായി പച്ചക്കറികൃഷി നടക്കുന്നുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, നമ്മൾ ഇവിടെ അളവ് കൂട്ടി. പക്ഷെ, ക്വാളിറ്റിയിലേയ്ക്ക് ശ്രദ്ധിക്കുമ്പോൾ, വ്യക്തമായ കയറ്റുമതി നയം ആവിഷ്കരിച്ചുകൊണ്ട് സർക്കാർ മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ ഓർഗാനിക് ഫാമിംഗുമായി, ജൈവകൃഷിയുമായി ബന്ധപ്പെട്ടുള്ള സൂക്ഷ്മതലങ്ങളിലേയ്ക്ക് കുറച്ചുകൂടി ഇടപെട്ട് പ്രവർത്തിക്കേണ്ടതുണ്ടെന്ന് കരുതുകയാണ്. നെൽക്കൃഷി ഒരു ഘട്ടം കഴിയുമ്പോൾ കർഷകർക്ക് ജൈവ കീടനാശിനിമാത്രം ഉയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. കർഷകർക്കിടയിൽ ശരിയായ ബോധവൽക്കരണം വേണം, നമ്മുടെ ഗവേഷണശാലകൾ പുറത്തിറക്കുന്ന ജൈവ കീടപ്രതിരോധ മാർഗ്ഗങ്ങൾ ഫലപ്രദമാണെന്നുള്ള ബോദ്ധ്യം അവർക്കുണ്ടാകണം. വലിയ രീതിയിലുള്ള

പ്രചരണം ഇതുമായി ബന്ധപ്പെട്ട് നൽകണം. ജൈവ പച്ചക്കറികൾ ധാരാളമായി ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. ആ രീതിയിലുള്ള സ്റ്റാളുകളുള്ളിടത്ത് അവ കൊടുക്കാൻ കഴിയും. എല്ലാ പഞ്ചായത്തുകളിലും സ്റ്റാളുകൾ സ്ഥാപിച്ചുകഴിഞ്ഞു. പക്ഷെ, പല കർഷകർക്കും ജൈവപച്ചക്കറിക്ക് സാധാരണ വിലയാണ് ലഭിക്കുന്നത്. ഇതിനൊരു മാറ്റമുണ്ടാകണം. ഒപ്പം ജൈവപച്ചക്കറിതന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗവുമുണ്ടാകണം. ബാംഗ്ലൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ലാബുകളിൽ പച്ചക്കറികൾ കൊടുത്തുവിട്ട് ജൈവ പച്ചക്കറിയാണോയെന്ന് പരിശോധിച്ചുവരേണ്ട സാഹചര്യമുണ്ട്. കേരളത്തിൽ ഇതിനുള്ള പരിശോധനാ സംവിധാനങ്ങൾ വ്യാപകമാക്കണം. എനിക്ക് എടുത്തുപറയേണ്ട ഒരുപാട് കൃഷി ഓഫീസർമാരുണ്ട്. എന്റെ മണ്ഡലത്തിലും അടൂർ എം.എൽ.എ. ശ്രീ. ചിറ്റയം ഗോപകുമാറിന്റെ മണ്ഡലത്തിലും ഉൾപ്പെടെ ആത്മാർത്ഥമായി 24 മണിക്കൂറും പണിയെടുക്കുന്ന ഒരുപാട് കൃഷി ഓഫീസർമാരുണ്ട്. ഐ.ടി. വകുപ്പ് കഴിഞ്ഞ ദിവസം അക്ഷയ സെന്ററുകൾക്ക് ടാബ്‌ലെറ്റുകൾ കൊടുത്തു. അവരുടെ വർക്ക്‌ലോഡ് കുറയ്ക്കാൻ, ക്ലെറിക്കൽ ജോബ് കുറയ്ക്കാൻ, പാടത്തുപോയി നിൽക്കുമ്പോൾ ടാബ്‌ലെറ്റിൽ ആപ്പ് ഡൗൺലോഡ് ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് എന്റർ ചെയ്യാനുള്ള സാഹചര്യമുണ്ടെങ്കിൽ ഒരുപാട് ജോലിഭാരം കുറയ്ക്കാൻ സാധിക്കും. വന്യമൃഗങ്ങളുടെ ശല്യം നമുക്കെല്ലാവർക്കുമറിയാം. നെൽകൃഷി തുടങ്ങി കതിരാകുമ്പോൾതന്നെ അത് നശിപ്പിച്ച് തിന്നിട്ടുപോകുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് കൃഷിയെയും കർഷകരെയും സംരക്ഷിക്കണം. വിദേശരാജ്യങ്ങളിൽ ധാന്യം അധികമാകുമ്പോൾ കത്തിച്ചുകളയുമെന്ന് കേട്ടിട്ടുണ്ട്. കാരണം, കൃഷിയെയും കർഷകരെയും സംരക്ഷിക്കണം, ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി, മാർക്കറ്റ് ബാലൻസ് നിലനിർത്തുന്നതിനുവേണ്ടി, സപ്ലൈ കൺട്രോൾ ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള മാർഗ്ഗങ്ങൾ അവർ സ്വീകരിക്കുമെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. അതൊരു മനോഭാവമാണ്.

ജലവിഭവവുമായി ബന്ധപ്പെട്ട് പറയുമ്പോൾ, തിരുവനന്തപുരം നഗരത്തിലേയ്ക്ക് നെയ്യാറിൽനിന്ന് നേരിട്ട് വെള്ളം കൊണ്ടുവരികയാണെന്നും ഏതാണ്ട് 200 കോടിയിലധികം രൂപയുടെ കിഫ്ബി പദ്ധതിക്ക് അനുമതിയായെന്നും കഴിഞ്ഞ ദിവസം പത്രത്തിൽ കണ്ടു. ഇതുപോലെയുള്ള ഒട്ടേറെ കുടിവെള്ള പദ്ധതികൾ ഇവിടെ നടപ്പാക്കുന്നുണ്ട്. എനിക്ക് പറയാനുള്ളത് നമ്മുടെ സംസ്ഥാനത്തിന് ഒരു ജലനയം ആവശ്യമാണ്.. നമ്മൾ മാധ്യമങ്ങളിൽ കണ്ടു, ചെന്നൈ നഗരത്തിൽ ഒരു വാട്ടർ ടാങ്കിന് മുന്നിലേയ്ക്ക് നൂറുകണക്കിന് ആളുകൾ വെള്ളത്തിനായി ഓടി അടുക്കുന്നത്. 2018-ൽ നമുക്ക് ഇടവപ്പാതിയായും വേനൽമഴയായും 50 ശതമാനം

അധികം മഴ ലഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് വീടുകൾക്ക് നിർമ്മാണ അനുമതി നൽകുമ്പോൾ മഴവെള്ള സംഭരണി വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പക്ഷെ, അതൊന്നും പാലിക്കപ്പെടുന്നില്ല. നിശ്ചയിക്കപ്പെട്ട സ്ക്വയർ ഫീറ്റിന് മുകളിലുള്ള എല്ലാ വീടുകളിലും മഴവെള്ള സംഭരണികൾ ഉണ്ടാകണം എന്ന് ജലവിഭവ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് ഇടപെടൽ നടത്തണം. മുമ്പ് ഇതേ വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ ഞാൻ പറഞ്ഞ ഒരു കാര്യമാണ് ജലസാക്ഷരത. ജലവിദ്യാഭ്യാസത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട കാട്ടാക്കട നിയോജകമണ്ഡലത്തിലെ അംഗം പറഞ്ഞു. സ്കൂളുകളിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് എങ്ങനെയാണ് വെള്ളം ഉപയോഗിക്കേണ്ടതെന്നുള്ള ജലവിദ്യാഭ്യാസം വേണം. കുളിക്കുന്നതിലൂൾപ്പെടെ ഒരു വ്യക്തി എത്ര വെള്ളം ഉപയോഗിക്കണം, വെള്ളം നഷ്ടപ്പെടുത്തരുത് തുടങ്ങിയിട്ടുള്ള സമഗ്രമായൊരു ജലവിദ്യാഭ്യാസം വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നമ്മുടെ നാട്ടിലുണ്ടാകണം.

എന്റെ നാട്ടിൽ കടലില്ല. പക്ഷെ മഹാപ്രളയകാലത്ത് ഞങ്ങൾക്ക് സഹായമായി നിന്നത്, ഞങ്ങളെ രക്ഷിച്ചത് കടലിന്റെ മക്കളാണ്. കടലാക്രമണത്തോടുകൂടിയാണ് കാലവർഷം വന്നത്. പക്ഷെ, അവരെ സഹായിക്കാനായി നമുക്ക് കഴിയുന്നില്ലല്ലോയെന്നുള്ള വലിയ ദുഃഖം ഉള്ളിൽ നിൽക്കുമ്പോൾ, കേരളത്തിലെ സാഹചര്യം നമുക്കറിയാം, കടലിനടുത്താണ് വീട്, ദൂരെയല്ല. കടലിനടുത്തുള്ള റോഡുകളും വീടുകളും നശിച്ചുപോകാതിരിക്കാൻവേണ്ടി ഏറ്റവും ശാസ്ത്രീയമായ രീതിയിൽ കടൽഭിത്തി നിർമ്മാണമുൾപ്പെടെ നിർമ്മിക്കണം. ഓരോ കാലവർഷത്തിലും മഴയിലും കടലാക്രമണത്തിലും കടലിന്റെ മക്കളുടെ കണ്ണീര് കാണുവാൻ കേരളത്തിന് ഇനി കഴിയില്ല. അതുകൊണ്ട് അക്കാര്യത്തിൽ വളരെ സജീവമായ ഇടപെടൽ ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി പറയുകയാണ്. ഒരു പ്രൊഫഷണൽ സിസ്റ്റം വാട്ടർ അതോറിറ്റിയിൽ ഉണ്ടാകണം. ഒരു പൈപ്പ് പൊട്ടിയാൽ പൈപ്പ് കുഴിച്ചിട്ട കോൺട്രാക്ടർക്കോ അന്നുണ്ടായിരുന്ന എ.ഇ.-യ്ക്കോ അല്ലാതെ ആർക്കുമറിയില്ല. അല്ലാതെ അറിയണമെങ്കിൽ മുഴുവൻ സ്ഥലവും കുഴിച്ചുനോക്കേണ്ട സാഹചര്യമാണുള്ളത്. ഇതൊഴിവാക്കിക്കൊണ്ട്, ഡിജിറ്റലൈസ്ഡായിട്ടുള്ള, നമ്മുടെ ടെക്നോളജി വികസിച്ച സാഹചര്യത്തിൽ ഇനിയുള്ള പ്രോജക്ടുകളിൽ, അല്ലെങ്കിൽ നിലവിലുള്ള പ്രോജക്ടുകളിൽ വാട്ടർ സപ്ലൈയുമായി ബന്ധപ്പെട്ട് ഒരു ഡിജിറ്റൽ മാപ്പ് ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഡിമാന്റുകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു. നന്ദി. നമസ്കാരം.

3.00 PM}

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശുദ്ധജലത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനുള്ള ശക്തമായ നടപടിയുണ്ടാകണം. കേരളത്തിലെ 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസുകളുണ്ടെങ്കിലും അത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്നത് സംശയമാണ്. ജലത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കേരളത്തിലെ നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടിയുണ്ടാകണം. സെപ്റ്റേജ് മാലിന്യം സംസ്കരിക്കുക എന്നുള്ളത് ഏറ്റവും അടിയന്തരമായ ഒരു പ്രശ്നമാണ്. ദീർഘകാല അടിസ്ഥാനത്തിൽ അതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. അത് കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമായി ബഹുമാനപ്പെട്ട മന്ത്രി ഏറ്റെടുക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്തർസംസ്ഥാന നദീജല കരാറുകളെപ്പറ്റി ധാരാളം പഠിച്ചിട്ടുള്ള ആളാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി. തീർച്ചയായും അതിന്റെ പോരായ്മകൾ പരിഹരിച്ച് ഫലപ്രദമായി, നമുക്കനുകൂലമായി അതിനെ മാറ്റിയെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. കാവേരിയിലെ കേരളത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തി അതിനുള്ള പദ്ധതികൾ തയ്യാറാക്കാനുള്ള നടപടികളുണ്ടാകണം. എറണാകുളം ജില്ലയിലെ എന്റെ മണ്ഡലമായ തൃക്കാക്കരയിൽ കുടിവെള്ളം ഒരു കിട്ടാക്കനിപോലെ നിൽക്കുമ്പോൾ അവിടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ ഒരു പദ്ധതി ഒന്നുമാകാതെ കിടക്കുകയാണ്. അത് വേഗത്തിൽ പൂർത്തിയാക്കി കുടിവെള്ളപ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. പെരിയാറിൽ നിന്നുള്ള ഒരു കനാൽ ഇടപ്പള്ളി കനാൽ എന്ന പേരിൽ എന്റെ നിയോജകമണ്ഡലത്തിലേയ്ക്ക് വരുന്നുണ്ട്. അത് പണിതകാലത്തുള്ളതുപോലെ ഇന്നും കിടക്കുകയാണ്. ഇന്നുവരെ വെള്ളം പകുതിവഴിയേ ഒഴുകിയിട്ടുള്ളൂ, അത് പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണം. തൃക്കാക്കര മണ്ഡലത്തിലെ അമ്പനാട്ടുചിറ sluice നിർമ്മാണം എം.എൽ.എ. ഫണ്ടിൽനിന്ന് പണം കൊടുത്തിട്ടും വേഗത്തിൽ പൂർത്തിയാക്കാൻ കഴിയുന്നില്ല. അതിന് ശക്തമായ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് പ്രളയാനന്തരമായി കേന്ദ്രത്തിൽനിന്നും 527 കോടി രൂപ കിട്ടിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഫലപ്രദമായി വിനിയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് സ്ലിറ്റ് റിമൂവൽ

സ്കീമുണ്ടാക്കി. പണി തുടങ്ങുന്നതിന് മുൻപുതന്നെ വീണ്ടും മഴ വന്നു. അതിനെ തുടർന്നുള്ള പ്രശ്നങ്ങൾ പരിഹരിക്കണം. സ്പെഷ്യൽ സ്കീമിൽപ്പെടുത്തി ഡാമുകളുടെ പുനരുദ്ധാരണത്തിന് 257 കോടി രൂപ അനുവദിച്ചത് ഫലപ്രദമായി മാറ്റാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ ചില തെറ്റായ പ്രവണതകളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിച്ചിട്ടുണ്ട്. അക്കാര്യം പരിഹരിക്കണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. കാർഷിക ഗവേഷണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തണം. 15 കൃഷിക്കാർ ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യം ഇനിയൊരിക്കലും കേരളത്തിലുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നമ്മൾ ഈ പറയുന്ന കാര്യങ്ങൾക്കും സംസ്ഥാന ഗവൺമെന്റിന്റെ ഭരണത്തിനുമൊക്കെ ഒരു രീതിശാസ്ത്രം ഉണ്ടാകണമെങ്കിൽ അതിനനുകൂലമായ ഒരു രാഷ്ട്രീയ സാഹചര്യംകൂടി ഉണ്ടാകേണ്ടതുണ്ട്. നിർഭാഗ്യവശാൽ ഇന്ന് നമ്മുടെ നാട്ടിൽ അതില്ല. പ്രത്യേകിച്ച് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അതില്ലായെന്ന് പറയേണ്ടിവരുന്നുണ്ട്. ഇവിടെ ഭരണപക്ഷ ബഞ്ചിൽനിന്നും പ്രസംഗിക്കുന്ന എല്ലാ സ്നേഹിതന്മാരും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും ഗാന്ധിജിയെയുമൊക്കെ ധാരാളമായി ഉദ്ധരിക്കുന്നത് നല്ല കാര്യമാണ്, അവരോട് ഞങ്ങൾ നന്ദി പറയുകയാണ്. സ്വന്തം പാർട്ടിയിൽപ്പെട്ട ഒരാളെയും ഉദ്ധരിച്ചുകേൾക്കാനുള്ള ഒരു ഭാഗ്യം അവരിൽ നിന്നും എനിക്കിവിടെ വന്നതിനുശേഷം കിട്ടിയിട്ടില്ല. അത് തുടരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ പ്രധാനമന്ത്രി രണ്ട് വർഷമായി മാധ്യമങ്ങളെ കാണുന്നില്ല. പ്രധാനമന്ത്രിക്ക് പഠിക്കുന്ന മുഖ്യമന്ത്രിയും മാധ്യമങ്ങളെ അകറ്റി നിർത്തിയിരിക്കുകയാണ്. 'കടക്കു പുറത്ത് ' എന്നാണ് മാധ്യമങ്ങളോട് അദ്ദേഹം പറയുന്നത്. കടക്കു പുറത്ത് എന്ന് കേൾക്കുന്നതിനുമുമ്പുതന്നെ മാധ്യമ പ്രവർത്തകർ ഇറങ്ങി ഓടുകയാണ്. ഓടാൻ വേണ്ടി കാത്തുനിന്നതുപോലെയാണ് അവരുടെ പ്രവർത്തനവും നടക്കുന്നത്. ************** വാർത്തകൾ പുറത്തുവരുന്നതുപോലും പാർട്ടി നേതൃത്വം പുറത്തുവിടുമ്പോൾ മാത്രമാണ്. കേരളത്തിലെ മുഖ്യമന്ത്രി ചോദ്യങ്ങളെ ഭയപ്പെടുകയാണ്. പത്ര പ്രവർത്തക യൂണിയൻ His Master's Voice ആയി നിശ്ശബ്ദരായി മാറിയിരിക്കുകയാണ്. അച്ചടി മാധ്യമങ്ങളെ അടിച്ചമർത്തുമ്പോൾ......

ശ്രീ. എം. സ്വരാജ്: സർ.......

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.3528/ഇ.ബി./2019/നി.സെ. തീയതി 27.06.19) രേഖയിൽ നിന്നും നീക്കം ചെയ്തു.

ശ്രീ. പി. ടി. തോമസ്: സർ, എനിക്ക് സമയം തരാമെങ്കിൽ ഞാൻ വഴങ്ങാം. ഞാൻ എല്ലാവരോടും ചോദ്യം ചോദിക്കുന്ന ആളാണ്. സമയം തരാമെങ്കിൽ എത്ര പ്രാവശ്യം വേണമെങ്കിലും വഴങ്ങാം. അടിച്ചമർത്തലിനെ എതിർക്കാൻ ക്ഷുഭിതയൗവ്വനത്തിന്റെ പ്രതീകങ്ങളായിരിക്കുന്ന ഡി.വൈ.എഫ്.ഐ. നേതാക്കൾക്ക് കഴിയുന്നുണ്ടോ; ഒരു ഗ്ലാസ്സ് വെള്ളത്തിൽ കഴുകിയാൽ പോയിട്ട് ഈ ഭൂഗോളത്തിലെ മുഴുവൻ ജലാശയത്തിലും കഴുകിയാൽ തീരാത്ത പാപക്കറ, സപ്തസമുദ്രങ്ങളിലും കഴുകിയാലും തീരാത്ത രക്തക്കറ നിങ്ങളുടെ കയ്യിലുണ്ട്. അത് മാലോകർക്കെല്ലാം അറിയാം. സ്വന്തം കൈ കൊണ്ട് ശ്രീ. പി. ജയരാജന് ഊണ് കഴിക്കാൻ പറ്റുന്നില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആ കൈകൊണ്ട് ഊണ് കഴിക്കാൻ പറ്റാതാക്കിയ ശ്രീ. ഒ. കെ. വാസുവിനെ മറ്റേ കൈകൊണ്ട് കെട്ടിപ്പിടിച്ചിട്ടുണ്ടെന്ന കാര്യം മറക്കേണ്ട. സി.പി.ഐ.(എം.)-നെ ആഞ്ഞുറിനെ വച്ച് വേട്ടയാടാൻ നോക്കേണ്ടെന്നാണ് മുഖ്യമന്ത്രി പറയുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, എനിക്ക് രാത്രി കിടന്നുറങ്ങാൻ കഴിയില്ല. ഓക്സിജൻ മാസ്ക് വച്ചാണ് കിടന്നുറങ്ങുന്നത്. എന്തുകൊണ്ടാണെന്നറിയാമോ; നിങ്ങളുടെ സഹപ്രവർത്തകൻ വെടിവച്ചിട്ടാണ്.

ശ്രീ. പി. ടി. തോമസ്: സർ, ആഞ്ഞൂർ വച്ച് വേട്ടയാടാൻ നോക്കേണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ചില ബിംബങ്ങളെ ഉപയോഗിച്ച് പാർട്ടിയെ തകർക്കാൻ നോക്കേണ്ടെന്നും പറഞ്ഞു. അത്തരം ബിംബത്തെ ആദരിക്കാൻ കഴിഞ്ഞ ദിവസം നിങ്ങൾ ചേർത്തലയിൽ പോയിരുന്നു. (ബഹളം..) "പൊന്ന് കായ്ക്കുന്ന മരമായാലും പുരയ്ക്കുമീതെ ചാഞ്ഞാൽ വെട്ടിക്കളയും കട്ടായം" എന്ന് മുദ്രാവാക്യം വിളിച്ചവർ ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മയെ ആദരിക്കാൻ പോകുന്നത് കണ്ടപ്പോൾ ഞങ്ങൾക്ക് വലിയ സന്തോഷം തോന്നി. ആ തെറ്റ് പിന്നീടെങ്കിലും നിങ്ങൾ തിരുത്തിയല്ലോ; എന്തായിരുന്നു പഴയ മുദ്രാവാക്യം; കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാവായ പി. കൃഷ്ണപിള്ളയുടെ സ്മാരകം അടിച്ചുതകർത്ത് കത്തിച്ചുകളഞ്ഞ പാർട്ടിയല്ലേ നിങ്ങളുടേത്. ശ്രീ. കോടിയേരി ബാലകൃഷ്ണനെ ഒറ്റപ്പെടുത്തി ആക്രമിക്കരുതെന്ന് ബഹുമാനപ്പെട്ട എ. കെ. ബാലൻ, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ തുടങ്ങിയവർ പറയുകയാണ്. കൂട്ടായി ആക്രമിക്കണമെന്നാണോ? എന്താണ് ഉദ്ദേശിക്കുന്നത്; പാർട്ടി മെമ്പർ അല്ലാത്തതുകൊണ്ട് ഞങ്ങൾക്കൊന്നും മിണ്ടിക്കൂടാ എന്നാണ് ഇവിടെ പറയുന്നത്. ഞങ്ങൾ ആരുടെയും കുടുംബകാര്യം വിളിച്ച് പറഞ്ഞുകൊണ്ട് നടക്കുന്ന ആളുകളല്ല. പക്ഷെ നിങ്ങളൊന്ന് ഓർക്കുക, വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്വകാര്യതയിലേയ്ക്ക് കടന്നുകയറാൻ ആർത്തിപ്പണ്ടാരങ്ങളെപ്പോലെ നടക്കുന്ന

നിങ്ങളുടെ ചെറുപ്പക്കാരുടെ ഈ മുന്നേറ്റങ്ങളെ ഞങ്ങൾ കാണാതിരിക്കുന്നില്ല. എല്ലാം വെട്ടിപ്പിടിക്കാൻ പുറപ്പെട്ട നിങ്ങൾ പാർട്ടി മെമ്പർ അല്ലാത്തതിനാൽ ..... (ബഹളം...)

മി. സ്പീക്കർ: എന്താണിത്? നിങ്ങളെ പ്രകോപിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹം വിജയിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ചർച്ച പാടില്ലെന്ന് പറയുന്ന സഖാക്കളോട് ഞാൻ ഒന്ന് പറഞ്ഞേക്കാം, ശ്രീ. ബിനോയ് കോടിയേരി അടക്കമുള്ളവരുടെ മൂലധനം നിങ്ങളുടെ പാർട്ടിയാണ്. നിങ്ങളുടെ പാർട്ടിയുടെ സൽപ്പേരാണ് ശ്രീ. ബിനോയ് കോടിയേരിയുടെ മൂലധനം. അത് പാർട്ടിയിൽ ചിലപ്പോൾ ചർച്ച ചെയ്യേണ്ടിവരും. നിങ്ങൾ നാളെ ഇങ്ങനെ പറഞ്ഞ് ഞങ്ങളെ ആക്ഷേപിക്കാതിരുന്നാൽ മതി. ദാരിദ്ര്യത്തിന്റെ ദുരിതക്കയത്തിൽനിന്നും കരകയറാൻ ഒരു ബാർ ഡാൻസറായി ജോലി ചെയ്ത ഒരു പാവപ്പെട്ട ബീഹാറി സഖാവിനെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ പ്രവാസിയായ ഒരു ധീരസഖാവിന്റെ തീക്ഷ്ണമായ പോരാട്ടത്തെ ബൂർഷ്വാ പ്രതിലോമശക്തികൾ എതിർത്ത് തോൽപ്പിക്കാൻ ശ്രമിച്ചില്ലേയെന്ന് ചോദിച്ച് ഞങ്ങളെ കുറ്റപ്പെടുത്തരുതെന്ന് മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, സരിതയെ മുന്നിൽനിർത്തി നിങ്ങൾ നടത്തിയ പോരാട്ടം മറന്നുപോയോ? ശ്രീ. ഹൈബി ഈഡനെതിരെ നിങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നോമിനേഷൻ കൊടുക്കാൻ കൊണ്ടുവന്നില്ലേ? അത് തള്ളിപ്പോയി. നിങ്ങൾ പിന്നെ അമേഠിയിൽ വിട്ടപ്പോൾ 545 വോട്ട് കിട്ടി. നിങ്ങളുടെ പാർട്ടിക്കുള്ള മുഴുവൻ വോട്ടും സരിതയ്ക്ക് അമേഠിയിൽ കിട്ടി. നിങ്ങൾ രാവിലെയും വൈകിട്ടും ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ ഉപദേശമാണ് നൽകുന്നത്. കേരളത്തിലെ പതിനായിരക്കണക്കിന് ഗ്രാമങ്ങളിൽ നടന്ന്, ബി.ജെ.പി.-യിൽ പോകും, ബി.ജെ.പി.-യിൽ പോകും എന്നുപറഞ്ഞ് അവർക്ക് മാന്യത ഉണ്ടാക്കിക്കൊടുത്തില്ലേ നിങ്ങൾ? ആ നിങ്ങളിപ്പോൾ ഞങ്ങളെ ഉപദേശിക്കാൻ നടക്കുകയാണ്. ഞങ്ങളുടെ പാർട്ടിയിലെ ശ്രീ. അധീർ രഞ്ജൻ ചൗധരിയെയൊക്കെ കുറ്റം പറയാൻ നിങ്ങൾക്കെന്ത് കാര്യം? നിങ്ങളുടെ നേതാവിനെ നോക്കി നിങ്ങൾ കരയുകയാണ്. അതുകൊണ്ട് സരിതയ്ക്ക് പരവതാനി വിരിച്ച നിങ്ങൾ ഓർത്തുകൊള്ളുക, ഞങ്ങളുടെ മാന്യതയാണ് നിങ്ങളുടെ പലതും ഇന്ന് പുറത്തേക്ക് വരാതിരിക്കുന്നത്. പറയുവാൻ അറിയാത്തതുകൊണ്ടല്ല, മടിയുണ്ടായിട്ടുമല്ല, വേണ്ടെന്ന് വച്ചിട്ടാണ് എന്ന കാര്യം നിങ്ങൾ ഓർക്കണം. ചൈനയെപ്പറ്റി ഒന്നും പറഞ്ഞുകൂടെന്നും ചൈനയെപ്പറ്റി ഒരക്ഷരം മിണ്ടരുതെന്നും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രി ഇല്ലാത്തതുകൊണ്ട് ശ്രീ. ഇ. പി. ജയരാജനോട് ചോദിക്കുന്നു,

ചൈനയിലെ പ്രതിപക്ഷനേതാവ് ആരാണ്? ചൈനയിൽ അവസാനം നടന്ന തെരഞ്ഞെടുപ്പ് എന്നാണ്? ചൈനയിലെ മറ്റ് രാഷ്ട്രീയ പാർട്ടികൾ ഏതെല്ലാമാണ്? ചൈനയിലെ മുസ്ലീങ്ങളെ, റ്റിബറ്റൻ ജനതയെ അടിച്ചമർത്തി, ലോക മനുഷ്യാവകാശ സംഘടനകൾ മുഴുവൻ ചൈനയിലെ അടിച്ചമർത്തലുകളെപ്പറ്റി പറയുമ്പോൾ ഞങ്ങൾക്ക് പറയാതിരിക്കാൻ കഴിയുമോ?

മി. സ്പീക്കർ: അദ്ദേഹത്തിന്റെ സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറയുന്നത് കോൺഗ്രസ്സിന്റെ നയമാണോ; കോൺഗ്രസ്സ് അംഗീകരിച്ചതാണോ?

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി, ടിയാൻമെൻസ്ക്വയറിന്റെ വാർഷികം നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കെതിർക്കാൻ കഴിയുമോ; "Marxism is a degenerated 'non-human' anthropology" എന്ന് Jean-Paul Sartre പറഞ്ഞത് നിങ്ങൾക്കറിയുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾ ചോദിക്കാനാഗ്രഹിച്ച ചോദ്യങ്ങളാണ്. ചൈനയിൽ ആദ്യമായി നിയമ ബിരുദമുള്ള ഒരു സുപ്രീംകോടതി ജഡ്ജിയുണ്ടായത് 2002-ലാണ്. അതുവരെ പാർട്ടിക്കാരാണ് ജഡ്ജിമാർ.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞ് രണ്ട് മിനിറ്റായി. ലഭ്യമായ ഇന്ധനത്തിൽനിന്ന് അങ്ങ് കൂടുതൽ ഊർജ്ജം ഉൾക്കൊള്ളേണ്ട. അവസാനിപ്പിക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കാം. മുണ്ടശ്ശേരി മാസ്റ്ററുടെ കൊച്ചുമകന്റെ current books എന്ന പുസ്തകത്തെ നിങ്ങൾ റെയ്ഡ് ചെയ്തില്ലേ; എന്തിനാണ്; 'താൻ നീന്തിയപ്പോൾ കാണാതെപോയ വമ്പൻ സ്രാവുകൾ' എന്ന പുതിയൊരു പുസ്തകം ശ്രീ. ജേക്കബ് തോമസ് എഴുതിക്കൊണ്ടിരിക്കുകയാണ്. നിങ്ങളാണോ ഈ നാട്ടിൽ ജനാധിപത്യത്തെക്കുറിച്ചും മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ചും ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ചുമൊക്കെ പറയുന്നത്; എന്റെ യുവസ്നേഹിതൻമാരായ ശ്രീ. എ. എൻ. ഷംസീറും ശ്രീ. എം. സ്വരാജുമൊക്കെ ബഹളം വച്ചല്ലോ. ഞാൻ ചോദിക്കട്ടെ, പാലാരിവട്ടം പാലത്തിനെതിരെ നിങ്ങൾ സമരത്തിലാണ്. നല്ല കാര്യം. തൊട്ടടുത്ത മരടിലെ ഫ്ലാറ്റിന് അനുമതി കൊടുത്ത സി.പി.ഐ.(എം.)-ന്റെ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റിനും ഇപ്പോഴത്തെ ലോക്കൽ കമ്മിറ്റി സെക്രട്ടറിക്കുമെതിരെ നിങ്ങൾ സമരം ചെയ്യുമോ?

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട തൃക്കാക്കര അംഗം മരട് ഫ്ലാറ്റിനെ കുറിച്ച് പറഞ്ഞു. ആ വിഷയം ഞാനിവിടെ സബ്മിഷനായി ഉന്നയിച്ചു. എനിക്കും ബഹുമാന്യനായ പ്രതിപക്ഷനേതാവിനും അക്കാര്യത്തിൽ ഒരേ അഭിപ്രായമാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഫ്ലാറ്റിനെക്കുറിച്ചല്ല പറഞ്ഞത്. ആ അഴിമതി നിങ്ങൾ അന്വേഷിക്കുമോ എന്നാണ് ചോദിച്ചത്.

ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, മുസ്ലീംലീഗ് ഇല്ലെങ്കിൽ അന്ന് മന്ത്രിസഭ ഉണ്ടാകുമോ; അക്കാര്യമെന്താണ് നിങ്ങളറിയാത്തത്?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. നമ്മുടെ സഭയിലെ മുതിർന്ന അംഗമാണ് ശ്രീ. പി. ടി. തോമസ്. ******* ഒരു സ്റ്റേറ്റ്മെന്റ് അദ്ദേഹം നടത്തി. ഇത് വലിയ തരത്തിലുള്ള അന്തർദേശീയ ബോധമുള്ള ഒരു സംസ്ഥാനത്തിന്റെ നിയമസഭയാണ്. ഏത് രേഖ പ്രകാരമാണ്; യു.എൻ.ഒ.-യുടെ രേഖയാണോ അതോ മറ്റേതെങ്കിലും ഇന്റർനാഷണൽ ഡോക്യുമെന്റാണോ; എന്തിന്റെ അടിസ്ഥാനത്തിലാണ് ***********+ സ്ഥിരമായി ഒരു രാജ്യത്തുമില്ല. അക്കാര്യം വ്യക്തമാക്കണം. ഇത് രേഖയിൽ കിടക്കുകയാണ്. അത് ശരിയാണോ; അങ്ങനെയൊരു സംഭവമുണ്ടോ?

മി. സ്പീക്കർ: വസ്തുതകൾ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർക്കറിയാമല്ലോ. രേഖ പരിശോധിക്കേണ്ട കാര്യമുണ്ടോ. അങ്ങനെ ലോകത്തുണ്ടെങ്കിൽ അക്കാര്യം വ്യക്തമാക്കണം.

ശ്രീ. പി. ടി. തോമസ്: സർ, ഉത്തരകൊറിയയിലെ ഭരണാധികാരിയായ കമ്മ്യൂണിസ്റ്റുകാരൻ പിരാന മത്സ്യങ്ങൾക്ക് ജനറൽമാരെ എറിഞ്ഞുകൊടുത്തു കൊണ്ടിരിക്കുകയാണ്. അതിനെ ഇങ്ങോട്ട് കൊണ്ടുവരുന്നതിനെക്കുറിച്ചായിരിക്കാം നിങ്ങൾ ആലോചിക്കുന്നത്. പക്ഷേ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ബഹുമാനിക്കുന്നു. ഞാൻ ചോദിക്കുന്നു, ഏത് കമ്മ്യൂണിസ്റ്റ് രാജ്യത്താണ് ജനാധിപത്യമുള്ളത്?

മി. സ്പീക്കർ: അങ്ങ് ഉത്തരകൊറിയയിലേയ്ക്കൊന്നും പോകേണ്ട. അത് വേറെ ഐഡിയോളജിയാണ്. കമ്മ്യൂണിസമോ സോഷ്യലിസമോ ഒന്നുമല്ല.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.3528/ഇ.ബി./2019/നി.സെ. തീയതി 27.06.19) രേഖയിൽ നിന്നും നീക്കം ചെയ്തു.

ശ്രീ. പി. ടി. തോമസ്: സർ, ജനാധിപത്യത്തിന്റെ അടിസ്ഥാനശില എന്നുപറയുന്നത് വിയോജിക്കാനുള്ള അവകാശമാണ്. ഡിസെന്റിംഗാണ്. അതുള്ള ഒരു കമ്മ്യൂണിസ്റ്റ് രാജ്യത്തിന്റെ പേര് പറയുക. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങളും വിമർശനങ്ങളും നൽകിയതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്.

ഇത് മഴക്കാലം, ധാരാളം മഴ പെയ്യേണ്ട സമയമാണ്. എന്നാൽ നമുക്ക് 38 ശതമാനം മഴയുടെ കുറവുണ്ട്. ഇന്നത്തെ കണക്കുപ്രകാരം നമ്മുടെ ഡാമുകളിലെ ആകെ സ്റ്റോറേജ് 46.1 ആണ്. ഒരാഴ്ചത്തേയ്ക്ക് ആവശ്യമായ വെള്ളമേ ഇപ്പോൾ നമുക്കുള്ളൂ. ഒരാഴ്ച മഴ പെയ്തില്ലെങ്കിൽ കേരളം എന്താകുമെന്ന് കണ്ടറിയണം. ഈ സ്ഥിതി നേരിടാനാവശ്യമായ മുൻകരുതൽ എങ്ങനെയെടുക്കണം എന്നതുസംബന്ധിച്ച് സഭയിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് കൃഷിചെയ്യുന്ന ഭൂമി 20.40 ലക്ഷം ഹെക്ടറാണ്. അതിൽ 3.90 ലക്ഷം ഹെക്ടറിൽ മാത്രമാണ് ഇറിഗേഷൻ നടത്തുന്നത്. ഇനി 16 ലക്ഷം ഹെക്ടറിൽ നമുക്ക് ഇറിഗേഷൻ നടത്തേണ്ടതുണ്ട്. അതിനുള്ള വെള്ളം എത്ര വേണമെന്ന് നമ്മളെല്ലാവരുംകൂടി കണക്കാക്കേണ്ടതുണ്ട്. സ്റ്റോറേജുണ്ടോ ഇല്ലയോ എന്ന് നോക്കേണ്ടതാണ്. അതുപോലെ 85 ലക്ഷം കുടുംബങ്ങളിൽ 22.9 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് വഴിയുള്ള കുടിവെള്ളം ലഭിക്കുന്നത്. ബാക്കിയുള്ളവർക്ക് വെള്ളം കിട്ടാക്കനിപോലെയാണ് നിൽക്കുന്നത്. ഇതിനെല്ലാംകൂടി 600 റ്റി.എം.സി. വെള്ളം നമുക്കാവശ്യമുണ്ട്. ഏഴര റ്റി.എം.സി.-യാണ് മലമ്പുഴയിലെ വെള്ളം. 600 റ്റി.എം.സി. വെള്ളം നമുക്കാവശ്യം വരും. അതിൽ ഇലക്ട്രിസിറ്റി വകുപ്പിന്റെയും ഇറിഗേഷന്റെയും എല്ലാ ഡാമുകളിലേയും കൂടിയുള്ള സ്റ്റോറേജ് ഇപ്പോൾ 300 റ്റി.എം.സി.-യിൽ താഴെയേയുള്ളൂ. ബാക്കി 300 റ്റി.എം.സി.-യുടെ ഗ്യാപ്പ് കിടക്കുകയാണ്. അതിന് എന്തുചെയ്യണമെന്നതിനെക്കുറിച്ച് നമ്മൾ വളരെ ഗൗരവമായി ആലോചിക്കേണ്ട സമയമാണ്. കേരളത്തിനുള്ള ഒരു ശാപമെന്ന് പറയുന്നത്, ഏതെങ്കിലുമൊരു പദ്ധതി തുടങ്ങുമ്പോൾ ആളുകൾ പലരീതിയിൽ അതിന് തടസ്സം നിൽക്കുകയാണ്. കാസർഗോഡ് ജില്ലയിലെയാണ് ചന്ദ്രഗിരിപ്പുഴ കാക്കടവ് പദ്ധതി. കാസർഗോഡ് ജില്ലയിൽ മറ്റൊരു പദ്ധതിയുമില്ല. അവിടെ വെള്ളത്തിൽ മുങ്ങിപ്പോകുമെന്ന് പറഞ്ഞ് അത് മുടക്കി. ഒരു വരൾച്ച വന്നാൽ അതെങ്ങനെ കൈകാര്യം ചെയ്യുമെന്നറിയില്ല. കണ്ണൂരിലെ ആറളത്തുള്ള പദ്ധതിയും വയനാട്ടിലെ കടമൻതോട്

പദ്ധതിയും വെള്ളം മുങ്ങിപ്പോകുമെന്ന് പറഞ്ഞ് മുടക്കി. പാലക്കാട് പഴയ കുരിയാർകുറ്റി പദ്ധതിയുടെ എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ജനറേറ്റർവരെ കൊണ്ടുവച്ചതും പോയി. തൃശ്ശൂരിൽ ചാലക്കുടി പുഴയിലുള്ളത് പോയി. എറണാകുളത്ത് പൂയംകുട്ടി പദ്ധതിയും കോട്ടയത്തെ മീനച്ചിൽ പദ്ധതിയും വേണ്ടെന്നുവച്ചു. പത്തനംതിട്ടയിൽ ട്വിൻ കല്ലാർ പദ്ധതിയും തിരുവനന്തപുരത്തെ വാമനപുരം പദ്ധതിയും വേണ്ടെന്നുവച്ചു. ഇതുസംബന്ധിച്ച് ആലോചിക്കേണ്ടതല്ലേ. ഈ പദ്ധതികളൊന്നും തുടങ്ങാതിരുന്നാൽ നമുക്ക് എങ്ങനെയാണ് വെള്ളം ലഭിക്കുക; എവിടെനിന്നാണ് വെള്ളം കൊണ്ടുവരിക; അതുസംബന്ധിച്ച് വളരെ ഗൗരവത്തോടെ ആലോചിക്കേണ്ടതുണ്ട്. ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചാലോചിക്കണം. പരിസ്ഥിതിയുടെ പ്രശ്നം പറഞ്ഞുകൊണ്ട് ഇത്രയും വലിയ, ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന കാര്യത്തിൽനിന്ന് നമ്മൾ ഒളിച്ചോടുകയാണ്. ആസ്ട്രേലിയയിൽനിന്ന് കൽക്കരി ഇവിടെ കൊണ്ടുവന്ന് ജനറേറ്റ് ചെയ്യുന്ന, എ.സി. വയ്ക്കുന്ന, അതിനാരും പ്രശ്നം പറയുന്നില്ല. പക്ഷെ എന്തെങ്കിലും കാരണം പറഞ്ഞ് പദ്ധതികളെ മുടക്കുന്നൊരു സ്ഥിതിയാണ് ഇവിടെയുള്ളത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സംസാരിക്കാനുള്ളതുകൊണ്ട് ഞാൻ അധികം പറയുന്നില്ല. ഇറിഗേഷൻ എന്നത് കൃഷിക്കുകൂടി വേണ്ടിയാണെന്നുള്ള രീതിയിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഈ വകുപ്പിനുള്ള ഗവൺമെന്റിന്റെ ആകെ സഹായം എത്ര രൂപയാണ്; ഓരോ പ്രോജക്ടിനും വേണ്ടിവരുന്നത് കോടിക്കണക്കിന് രൂപയാണ്. അത് മീറ്റ് ചെയ്യാൻ കഴിയാവുന്ന തരത്തിലുള്ള ഫണ്ട് ഗവൺമെന്റ് നൽകുന്നുണ്ടോ; അതിന്റെ അലോട്ട്മെന്റുണ്ടോ; മന്ത്രി എന്നുള്ള നിലയിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അക്കാര്യം നോക്കാം. ഇപ്പോൾത്തന്നെ പല പദ്ധതികളും തുടങ്ങി അനന്തമായി നീട്ടിക്കൊണ്ടുപോവുകയാണ്. അങ്ങനെ വരുന്ന വർദ്ധനവ് എത്ര വലുതാണെന്നറിയില്ല. അനുവദിച്ചുതന്ന പണംപോലും ചെലവഴിക്കാതിരുന്ന സംഭവങ്ങളുമുണ്ടായിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച പദ്ധതിക്കുവേണ്ടിയുള്ള പണം നമുക്ക് കണ്ടെത്തേണ്ടതുണ്ട്. അതെങ്ങനെ കണ്ടെത്തണമെന്നത് കൂട്ടായി ആലോചിക്കാം.

കഴിഞ്ഞ ദിവസം കേന്ദ്ര ജലശക്തി വകുപ്പുമന്ത്രിയെ ഞങ്ങൾ കണ്ടപ്പോൾ അദ്ദേഹം ചില നിർദ്ദേശം വച്ചിരുന്നു. ഒന്ന്, അവർ വാട്ടർ കൺസർവേഷന് പ്രാധാന്യം കൊടുക്കുന്നുണ്ടെന്നുള്ളതാണ്. രണ്ട്, പൈപ്പ് ലൈനിലൂടെ വെള്ളം കൊടുക്കാനും മുൻഗണന നൽകുന്നുണ്ട്. മൂന്നാമത്തേത്, മൈക്രോ

ഇറിഗേഷനുവേണ്ടി അവർ നല്ല രീതിയിലുള്ള സഹായം നൽകുമെന്ന് പറയുന്നുണ്ട്. അതെത്രത്തോളം കിട്ടുമെന്നത് സംബന്ധിച്ച് ബഡ്ജറ്റ് അവതരിപ്പിച്ചാലേ പറയാൻ സാധിക്കുകയുള്ളൂ. അതുപയോഗിച്ചുകൊണ്ട് പരമാവധി ജലം ജനങ്ങൾക്ക് എത്തിക്കാൻ സാധിക്കുമോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. വാട്ടർ കൺസർവേഷന് ഒരുപാട് കാര്യങ്ങൾ ചെയ്യാനുള്ള സാധ്യതയുണ്ട്. എന്റെ ജില്ലയിൽ 4400 കുളങ്ങളുണ്ട്. കേരളത്തിലെ മുഴുവൻ കുളങ്ങളേയും വാട്ടർ കൺസർവേഷൻ എന്നുള്ളതിൽക്കൂടി ലിങ്കുചെയ്യാൻ കഴിയുന്ന ഒരു പുതിയ പദ്ധതിയെ സംബന്ധിച്ച് ഗൗരവമായി പരിശോധിക്കണം. അതുപോലെതന്നെയാണ് 85 ലക്ഷം കുടുംബങ്ങളിൽ 22.9 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ പൈപ്പ് ലൈനിൽക്കൂടി വെള്ളം കൊടുക്കുന്നുള്ളൂ. കേന്ദ്രസഹായം ഉപയോഗിച്ചുകൊണ്ട് എല്ലാ ആളുകൾക്കും വെള്ളം കൊടുക്കാൻ സാധിക്കുമോയെന്ന് ആലോചിക്കണം. അതിന് ഏകദേശം 30,000 കോടി രൂപയെങ്കിലും വേണം. ഇപ്പോഴുള്ള 128 പദ്ധതികൾ പൂർത്തിയാക്കണമെങ്കിൽ 11,000 കോടി രൂപ വേണം. ഇതിനൊക്കെ എങ്ങനെ പണം കണ്ടെത്തുമെന്നുള്ളത് ആലോചിക്കേണ്ട ഒന്നാണ്. മൈക്രോ ഇറിഗേഷൻ, കമ്മ്യൂണിറ്റി ഇറിഗേഷൻ എന്ന നിലയ്ക്ക് വലിയ മാറ്റം കൊണ്ടുവരാൻ നമുക്ക് സാധിക്കും.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, അങ്ങ് മൈക്രോ ഇറിഗേഷനെക്കുറിച്ചാണ് സംസാരിക്കുന്നത്, ജപ്പാൻ കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കിയപ്പോൾ വാട്ടർ അതോറിറ്റിയുടെ ചെറിയ ചെറിയ സ്കീമുകളൊക്കെ ഉപേക്ഷിച്ചിരിക്കുകയാണ്. അങ്ങനെ നശിച്ചുപോകുന്ന പദ്ധതികൾ മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറാൻ സാധിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, മൈനർ ഇറിഗേഷനിലല്ല; ജലനിധിയിലോ, വാട്ടർ അതോറിറ്റിയിലോ അത് ഏറ്റെടുക്കാൻ സാധിക്കുമോയെന്നുള്ളത് പരിശോധിക്കാം. ഞാൻ മൈക്രോ ഇറിഗേഷന്റെ കാര്യം പറഞ്ഞത്, വളരെ ഗൗരവത്തോടുകൂടി കൃഷി കൈകാര്യം ചെയ്യണം. ഞാനും കൃഷിവകുപ്പുമന്ത്രിയും കൂടി രണ്ട് പ്രാവശ്യം ഇതുമായി ബന്ധപ്പെട്ടുകൊണ്ട് യോഗം നടത്തി. സ്റ്റേറ്റ്/ജില്ലാ/പഞ്ചായത്ത് തലങ്ങളിൽ അതിനുള്ള കമ്മിറ്റികളുണ്ടാക്കി അതിന്റെ വർക്ക് നടക്കുകയാണ്. മൈക്രോ ഇറിഗേഷൻ നടത്തുമ്പോൾ കൃഷിക്കുണ്ടാകുന്ന ഗുണം വളരെ വലുതാണ്. ഇപ്പോൾ തെങ്ങ് കൃഷിയാണെങ്കിൽ നനയ്ക്കുന്ന പതിവില്ല. നനച്ചാലുണ്ടാകുന്ന ഉൽപ്പാദന വർദ്ധനവ് എത്രയാണെന്നറിയാമോ? സാധാരണ നനയ്ക്കാതിരുന്നാൽ 40 നാളികേരമാണ് കിട്ടുന്നത്, അത് ഫ്ലഡ് ഇറിഗേഷൻ ആണെങ്കിൽ 70-80 വരെ കിട്ടും, മൈക്രോ ഇറിഗേഷനിലേക്ക് പോകുമ്പോൾ 120 മുതൽ 150 നാളികേരം വരെ കിട്ടും. മൂന്നിരട്ടി വിളവ്

വർദ്ധിക്കും. ഞങ്ങൾ അവിടെ ചെയ്യുന്നതുകൊണ്ടാണ് പറയുന്നത്, വെറുതേയല്ല. കുരുമുളക് നനയ്ക്കാതിരുന്നാൽ 1.8 കിലോയാണ് കിട്ടുക, അത് നനച്ച് കൃഷിചെയ്താൽ 6 കിലോ കിട്ടും. അപ്പോൾ കൃഷിയിലുണ്ടാകുന്ന വർദ്ധനവ് എത്രയായിരിക്കും? നനച്ചാൽ മൂന്നിരട്ടിയെങ്കിലും വിളവ് വർദ്ധനവുണ്ടാകും. നനയ്ക്കാനുള്ള ശ്രമം ഇതുവരെ നമ്മൾ നടത്തിയിട്ടില്ല. ആരേയും കുറ്റം പറയാനല്ല, അതിനുള്ള ശ്രമമാണ് ഞാനും കൃഷിവകുപ്പുമന്ത്രിയും കൂടി നടത്തുന്നത്. 10,000 ഹെക്ടറോളം ഇപ്പോൾ അടിയന്തരമായി ചെയ്യാൻ സാധിക്കുമെന്നുള്ള ധാരണയിലെത്തിയിട്ടുണ്ട്. 147 ഹെക്ടറിൽ പൈലറ്റായി ഒരു പദ്ധതി തുടങ്ങുന്നുണ്ട്, നിങ്ങളെല്ലാവരും വന്ന് കാണണം. അത് എങ്ങനെ കേരളം മുഴുവൻ വ്യാപിപ്പിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് നമുക്കാലോചിക്കാം. വാട്ടർ ഷെഡ്ഡിന്റെ അടിസ്ഥാനത്തിൽ വാട്ടർ ബഡ്ജറ്റ് തയ്യാറാക്കി എവിടെയൊക്കെ എത്ര വെള്ളമുണ്ട്, കൃഷിക്കെത്ര വെള്ളം വേണം, നെൽകൃഷിക്കും തെങ്ങിനും മൃഗങ്ങൾക്കും എത്ര വെള്ളം വേണം; മനുഷ്യന് 20 കൊല്ലം കഴിഞ്ഞാൽ എത്ര വെള്ളം വേണം, അതിന്റെ കുറവ് ഇപ്പോൾ എത്രയുണ്ട്, ആ കുറവ് എങ്ങനെ ഇറിഗേഷനിലൂടെ നികത്താൻ സാധിക്കും, കുഴൽക്കിണറിൽക്കൂടിയോ മഴവെള്ളത്തിൽക്കൂടിയോ എങ്ങനെ നികത്താൻ കഴിയും എന്നുള്ളത് പരിശോധിച്ച് താലൂക്ക്/ജില്ലാ/സ്റ്റേറ്റ് തലത്തിൽ വാട്ടർ ബഡ്ജറ്റ് തയ്യാറാക്കി അതിന്റെ ഷോർട്ടേജ് എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. അത് കുറച്ചുകൂടി ശക്തമാക്കാൻവേണ്ടി ഫാർമേഴ്സ് അസോസിയേഷൻ മുഖാന്തരം ശ്രീ. കെ. ഡി. പ്രസേനനാണ് ആദ്യമായി സഭയിൽ ഉന്നയിച്ചത്. കൃഷിക്കാരന് വെള്ളത്തിന്റെ നിയന്ത്രണം, വെള്ളം എപ്പോൾ ഉപയോഗിക്കണമെന്നുള്ളതിന്റെ കലണ്ടർ തയ്യാറാക്കാനുള്ള സൗകര്യങ്ങൾകൂടി ഉണ്ടാക്കിക്കൊടുക്കണം. അത് കേരളം മുഴുവൻ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഡാമുകളുടെ ഡീ-സിൽറ്റേഷൻ ഇപ്പോൾ ചുള്ളിയാറിലും മംഗലത്തും തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് ക്യാബിനറ്റിനുമുൻപ് അതിന് അനുമതി നൽകിയിട്ടുണ്ട്. അത് ഉടൻതന്നെ ടെണ്ടർ വിളിച്ച് പണി ആരംഭിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. മൂവാറ്റുപുഴ 1974-ൽ ആരംഭിച്ച പദ്ധതിയാണ്, 2020 മാർച്ചോടുകൂടി പൂർത്തിയാക്കാൻ കൃത്യമായി ഉദ്യോഗസ്ഥരെ വിളിച്ച് ഓരോ ദിവസവും, ഓരോ ആഴ്ചയും ചെയ്യേണ്ട പ്രവൃത്തി എന്താണെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, നമ്മുടെ നെൽകൃഷിക്ക് വേണ്ടിയുള്ള ഡാമുകൾ ഡിസൈൻ ചെയ്യുന്ന സമയത്ത്, നെൽകൃഷിയുടെ വിസ്തൃതി എത്രയുണ്ടെന്ന് എല്ലാപേർക്കുമറിയാം. ഇപ്പോൾ അവിടമെല്ലാം പട്ടണങ്ങളായി മാറി. അവിടേയ്ക്ക് ഇപ്പോഴും കനാലുകളും sluice-കളും ഉണ്ട്, അതെല്ലാം അടച്ചാൽ

നിലവിലുള്ള നെൽകൃഷിക്ക് ആവശ്യമുള്ള വെള്ളം കൊടുക്കാൻ കഴിയും. ഇപ്പോൾ ഇത്രയും വെള്ളമുണ്ടായിട്ടും നെൽകൃഷിക്ക് വാലറ്റപ്രദേശത്ത് വെള്ളമെത്തുന്നില്ല, ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും ശ്രമിക്കാം. മലമ്പുഴയിൽ 25,000 ഹെക്ടറിൽ പ്ലാൻ ചെയ്തെങ്കിലും ഇപ്പോൾ 15,000 ഹെക്ടറേ കൃഷിയുള്ളൂ. അതുപോലെ കാഞ്ഞിരപ്പുഴയിൽ 10,000 ഹെക്ടറിൽ പ്ലാൻ ചെയ്തെങ്കിലും ഇപ്പോൾ 2,000 ഹെക്ടറേ കൃഷിയുള്ളൂ, ബാക്കിയുള്ള വെള്ളം അവിടെയുണ്ട്. ഈ കനാലുകൾ മുഴുവൻ തകർന്നുകിടക്കുകയാണ്. അതിന് പ്ലാനിൽ കുറേ രൂപ ഉൾപ്പെടുത്തി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കുറച്ച് രൂപ കിട്ടിയിട്ടുണ്ട്. ആ കനാലുകൾ മുഴുവൻ നേരെയാക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. കനാലുകൾ നേരെയാക്കിയാൽ അവിടെ സുഭിക്ഷമായി വെള്ളമെത്തിക്കാൻ സാധിക്കും. കടൽഭിത്തി നിർമ്മാണത്തിന് കരിങ്കൽ ലഭ്യമാക്കാനുള്ള തടസ്സം മറികടന്ന് ജിയോ ട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. പരാതിക്കിടയാക്കാത്തവിധം കടലാക്രമണം അടിയന്തരമായി പ്രതിരോധിക്കുന്നതിന് ജൂൺ 12-ാം തീയതി മന്ത്രിസഭായോഗ തീരുമാനപ്രകാരം 22.5 കോടി രൂപ ഉപയോഗിച്ചുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അതിനുമുൻപുതന്നെ അനുവദിച്ച പദ്ധതിവിഹിതം ഉപയോഗിച്ച് 7.5 കോടി രൂപയുടെ പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്. കഴിഞ്ഞ രണ്ടുവർഷം കൊണ്ട് 6 ലക്ഷം വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്, ഇനിയുള്ള രണ്ടുവർഷംകൊണ്ട് 6 ലക്ഷം വാട്ടർ കണക്ഷൻ കൂടി കൊടുക്കാനുള്ള പ്ലാനും ആസൂത്രണം ചെയ്തിട്ടുണ്ട്. ജലവിതരണം മാത്രമില്ലാത്ത 128 പദ്ധതികളുണ്ട്. അതിന് ടാങ്കുണ്ട്, ഫിൽറ്റർ പ്ലാന്റുണ്ട്, ഉടൻതന്നെ ജലവിതരണം നടത്താൻ സാധിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ സംസ്ഥാനത്ത് 40-ഉം 50-ഉം കൊല്ലം മുൻപിട്ട പൈപ്പുകൾ റീപ്ലേസ് ചെയ്യുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പദ്ധതി. കാരണം പഴയ പൈപ്പായതിനാൽ അതെല്ലാം പൊട്ടിത്തുടങ്ങി. ഇങ്ങനെ പ്രഖ്യാപിക്കപ്പെട്ട പല പദ്ധതികൾക്കും റോഡുകൾ വെട്ടിപ്പൊളിച്ചു വേണം പുതിയ പൈപ്പുകളിടേണ്ടത്. പി.ഡബ്ല്യു.ഡി. റോഡ് വെട്ടിപ്പൊളിക്കണമെങ്കിൽ അതിനാവശ്യമായ പണം അടയ്ക്കണം. എന്റെ നിയോജകമണ്ഡലത്തിലെ 16 കോടി രൂപയുടെ ഒരു പദ്ധതിക്ക് ഒന്നേമുക്കാൽ കോടി രൂപ പി.ഡബ്ല്യു.ഡി.-യിൽ വാട്ടർ അതോറിറ്റി അടയ്ക്കണം. ആ തുക അടയ്ക്കാത്തതുകൊണ്ട് പണി സ്തംഭിച്ച് നിൽക്കുകയാണ്. ഇത്തരം കാര്യങ്ങൾ പരിശോധിക്കാനും ഒരു റിവ്യൂ നടത്താനും ആവശ്യമായ പണം പി.ഡബ്ല്യു.ഡി.-യിൽ അടച്ച് നിർത്തിവയ്ക്കപ്പെട്ടിരിക്കുന്ന പണി പുനരാരംഭിക്കാൻവേണ്ട നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങനെ ഒരുപാട് പ്രശ്നങ്ങളുണ്ട്, അതിന് ഞാനും പി.ഡബ്ല്യു.ഡി. മിനിസ്റ്ററും കൂടി സംസാരിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ഇപ്പോൾ റീ-ബിൽഡ് കേരളയിൽ നമുക്ക് കുറേ തുക കിട്ടാനുള്ള സാധ്യതയുണ്ട്. വേൾഡ് ബാങ്കിനോടും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. അങ്ങനെ ഏതെങ്കിലും തരത്തിൽ തുക കിട്ടിയാൽ അടിയന്തരമായി ഓൺഗോയിംഗ് വർക്ക് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി കഴിഞ്ഞ കാലഘട്ടങ്ങളിൽ കുറേയധികം പദ്ധതികൾ നമ്മൾ ആരംഭിച്ചിരുന്നു, അത് 25-ഉം 30-ഉം ശതമാനമായി, ഇപ്പോൾ ഒരു തുകയും ലഭിക്കുന്നില്ല. അതുകൊണ്ട് ഇപ്പോൾ പണി നിർത്തിവച്ചിരിക്കുകയാണ്. അത് ഹാഫ്ഡൺ ആയി നിൽക്കുമ്പോൾ തുക ശരിക്കും വേസ്റ്റായി പോകുകയാണ്, ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്? അങ്ങ് കുറേ കാര്യങ്ങൾ പറഞ്ഞു, നമ്മുടെ ഏറ്റവും വലിയ പ്രശ്നം വേസ്റ്റ് വാട്ടർ മാനേജ്മെന്റാണ്. സെപ്റ്റേജും സ്വിവറേജും പുഴയിലേയ്ക്കും കുളത്തിലേയ്ക്കും ഒഴുക്കുകയാണ്. ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്; വാട്ടർ അതോറിറ്റിയെ ഏജന്റായി നിയോഗിച്ചുകൊണ്ട് എല്ലാ ജില്ലകളിലും ഇത് ശുദ്ധീകരിക്കാനുള്ള പ്ലാന്റുകൾ തയ്യാറാക്കാൻ ഉദ്ദേശ്യമുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെ നേരത്തെയുള്ള പണം കേന്ദ്ര ഗവൺമെന്റ് ഉപേക്ഷിച്ചു. ഇപ്പോൾ പുതിയതായി കേന്ദ്ര ഗവൺമെന്റ് പൈപ്പ് ലൈനിൽകൂടി വെള്ളം കൊണ്ടുവരുന്ന പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. അതിന്റെ സഹായം കിട്ടുകയാണെങ്കിൽ തീർച്ചയായും ആ പ്രശ്നം പരിഹരിക്കാൻ കഴിയും. സ്വിവറേജിന്റെ കാര്യത്തിൽ ഒരു പ്രത്യേക ചീഫ് എഞ്ചിനീയറെത്തന്നെ നിയോഗിച്ച് അതെങ്ങനെ ചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കാര്യത്തിലും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ചെയ്യാൻ കഴിയുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24 X 7 ശുദ്ധജലവിതരണ പദ്ധതിക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി ചർച്ച നടത്തി അവരുടെ ധനസഹായത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കുട്ടനാട്, അട്ടപ്പാടി ജലസേചന പദ്ധതികൾക്ക് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, റീ-ബിൽഡ് കേരളയിൽ ലോകബാങ്കിന്റെ സഹായം പ്രതീക്ഷിക്കുന്നു, അതിൽ കുടിവെള്ള വിതരണത്തിന് ഒന്നാമത്തെ പ്രയോറിറ്റി കൊടുക്കുമെന്ന് പറയുകയുണ്ടായി. അതിൽ എത്രയാണ് സഹായം

പ്രതീക്ഷിക്കുന്നത്, അതിന്റെ സെക്ടറൽ അലോക്കേഷൻ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? പുതിയതായി കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുമ്പോൾ, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ചില നിബന്ധനകൾക്ക് വിധേയമായിട്ടാണ് അനുമതി കൊടുക്കുന്നത്. അതായത്, പഞ്ചായത്തുകൾ ഇതിന്റെ മെയിന്റനൻസ് ജോലി ഏറ്റെടുക്കണമെന്നാണ്. പഞ്ചായത്തുകളെ കുറെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുന്നു. ഇത് ഗവൺമെന്റിന്റെ പൊതുവായ തീരുമാനമാണോ, അതോ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ പൊതുവായ തീരുമാനമാണോ എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, വാട്ടർ അതോറിറ്റിക്ക് ഇത്തരം പദ്ധതികൾ നടപ്പിലാക്കാനുള്ള സാമ്പത്തികശേഷിയില്ലാത്തതുകൊണ്ടാണ് ബൾക്ക് ലിറ്റർ വെള്ളം വിതരണം നടത്താനുള്ള ചുമതല പഞ്ചായത്തുകൾക്ക് അധികാര വികേന്ദ്രീകരണ സമയത്ത് നൽകിയത്. തുടർന്നും ബൾക്ക് സപ്ലൈയുടെ ചുമതല പഞ്ചായത്തുകൾക്ക് കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: മൂന്ന് മണിക്കൂർ നേരം ചർച്ച നടത്തിയപ്പോൾ ഉന്നയിച്ച കാര്യങ്ങൾക്കാണ് അദ്ദേഹം മറുപടി പറയുന്നത്. ആ സമയത്ത് ഇത്തരം കാര്യങ്ങൾ ചോദിക്കേണ്ടതായിരുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, നമ്മുടെ റവന്യൂകമ്മി ഏകദേശം 394.48 കോടി രൂപയാണ്. അതായത് ഒരുമാസം 32.8 കോടി രൂപയുടെ റവന്യൂകമ്മി വാട്ടർ അതോറിറ്റിയിലുണ്ട്. ഇത് നികത്താനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്, അതിലൊന്ന് ലീക്കേജ് കമ്മിയാക്കുക എന്നതാണ്. അതല്ലാതെ ഇലക്ട്രിസിറ്റി ചാർജ്ജ് ഒരു മാസം 23 കോടി രൂപയാണ് നൽകുന്നത്. അതെങ്ങനെ ലാഭിക്കാം എന്നതിൽ നിന്നാണ് വലിയൊരു പദ്ധതിക്ക് ആസൂത്രണം ചെയ്തത്. വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷന്റെയും എല്ലാ സ്ഥലങ്ങളിലും സോളാർ പാനലുകൾ സ്ഥാപിച്ചുകൊണ്ട് ഇലക്ട്രിസിറ്റി ചാർജ്ജ് എങ്ങനെ ലാഭിക്കാമെന്ന് ആലോചിക്കുകയാണ്. അതിനായി ഒരു പൈലറ്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പഴയ പൈപ്പുകൾ മാറ്റിയിടാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. വാട്ടർ സപ്ലൈ ഇല്ലെന്ന പരാതി ദിവസവും വരുന്നുണ്ട്. 1916 എന്ന ഒരു ടോൾഫ്രീ നമ്പർ വാട്ടർ അതോറിറ്റിക്ക് കൊടുത്തിട്ടുണ്ട്. അതിനുള്ള സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്, ഇക്കാര്യം പത്രത്തിൽ കൊടുത്തിട്ടുമുണ്ട്. വാട്ടർ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ വഴിയാക്കാനുള്ള സംവിധാനം നടപ്പാക്കിവരുന്നു. അതിന് ലോകബാങ്കിന്റെ സഹായം ലഭ്യമാകുമെന്ന് കരുതുന്നു. ഇതിലൊരു ഭാഗം തകരാറിലായ ഷട്ടറുകൾ റിപ്പയർ ചെയ്യുന്നതാണ്. കൂടാതെ ജലസ്രോതസ്സുകളിലെ മണ്ണെടുത്തുമാറ്റുന്ന പ്രവൃത്തി, സോളാർ/പാരമ്പര്യേതര ഊർജ്ജം ഉപയോഗിച്ചുള്ള ജലസേചനം, കുടിവെള്ള വിതരണം മുടങ്ങിയ പദ്ധതികളുടെ പൂർത്തീകരണം,

നഗരങ്ങളിലെ സ്വിവറേജ് പദ്ധതികളുടെ ആവിഷ്കരണം, റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റിയുടെ രൂപീകരണം എന്നിവയ്ക്കും ചെലവഴിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിനുള്ളിൽത്തന്നെ കുടിവെള്ളത്തിനുവേണ്ടി കഷ്ടപ്പെടുന്ന എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭിക്കാൻ ജലവിഭവ വകുപ്പുമന്ത്രി പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കും. ഭാവിതലമുറയ്ക്കായി ജലസ്രോതസ്സുകളും ജലാശയങ്ങളും മലിനമാകാതെ സംരക്ഷിക്കപ്പെടേണ്ടതാണ്. അതിനുള്ള സത്വര നടപടികൾ ജലവിഭവ വകുപ്പ് സ്വീകരിച്ചുവരികയാണ്. 'ജലസേചനം കൃഷിക്ക്' എന്നതിനെ അടിസ്ഥാനമാക്കിയാണ് ജലവിഭവ വകുപ്പ് സൂക്ഷ്മ ജലസേചന പദ്ധതി ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ കർഷകർക്കായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഭൂഗർഭജലം സംരക്ഷിക്കുന്നതിനും അമിതചൂഷണം തടയുന്നതിനും ജലവിഭവ വകുപ്പ് ഗൗരവമായിത്തന്നെ പ്രവർത്തിക്കും. വരൾച്ചയും വെള്ളപ്പൊക്കവും നേരിടാൻ ജലവിഭവ വകുപ്പ് ഇന്ന് കൂടുതൽ സജ്ജമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞ പ്രായോഗികമായ എല്ലാ നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് ജലവിഭവ വകുപ്പ് പ്രവർത്തിക്കുന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, തീര സംരക്ഷണത്തെക്കുറിച്ച് അങ്ങ് കാര്യമായൊന്നും പറഞ്ഞില്ല. തീരമേഖലയും മത്സ്യത്തൊഴിലാളികളും ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ തീരസംരക്ഷണം ഇറിഗേഷനിൽ നിന്നും ഫിഷറീസ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് മാറ്റണമെന്ന അഭിപ്രായം ഗവൺമെന്റിനുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അങ്ങനെയുള്ള അഭിപ്രായമൊന്നുമില്ല. ഞങ്ങൾ എല്ലാ ഡിപ്പാർട്ട്മെന്റുകളും ഒരുമിച്ചിരുന്നാണ് കാര്യങ്ങൾ ചർച്ച ചെയ്ത് പ്രവർത്തിക്കുന്നത്. തീരദേശത്തെല്ലാംകൂടി തീരസംരക്ഷണം ചെയ്യണമെങ്കിൽ 900 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇപ്പോൾ തീരദേശ സംരക്ഷണത്തിനായി അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾക്കുള്ള പണം അനുവദിച്ചിട്ടുണ്ട്. കരിങ്കല്ല് കിട്ടാത്തതിനാൽ ജിയോട്യൂബ് ഉപയോഗിച്ചാണ് പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങയുടെ മണ്ഡലത്തിൽത്തന്നെ ആ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിൽ മറ്റു പ്രശ്നങ്ങളൊന്നുംതന്നെയില്ല.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ,...മൈക്ക് ഓഫ്.

<u>മി. സ്പീക്കർ</u>: പ്ലീസ്... റോഷി അഗസ്റ്റിൻ.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇത്തരം കാര്യങ്ങൾ ശാശ്വതമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ഒരു ഭാഗത്ത് ചെയ്യുമ്പോൾ

മറ്റൊരു ഭാഗത്ത് അതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നുണ്ട്. ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കടലാക്രമണം എങ്ങനെ നേരിടാമെന്ന് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കുടയത്തൂർ പഞ്ചായത്തിൽ ലക്ഷം വീട് കോളനിക്ക് സമീപം എം.വി.ഐ.പി.-യുടെ സ്ഥലത്ത് 9 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മലങ്കര ഡാമിന്റെ ഷട്ടർ അടയ്ക്കുന്ന സമയം ഈ 9 കുടുംബങ്ങളും വെള്ളത്തിൽ മുങ്ങും. ഇപ്പോൾ അവർ വെള്ളത്തിലാണ്, അവർ താമസസ്ഥലത്തുനിന്നും പുറത്ത് നിൽക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഈ പ്രശ്നം ഏറെക്കാലമായുള്ളതാണ്. പതിനഞ്ച് വർഷത്തിലേറെയായി അവിടെ താമസിക്കുന്നവരാണ്. അവരെ മാറ്റിത്താമസിപ്പിക്കാനോ അവരുടെ വിഷയങ്ങൾ പരിഹരിക്കാനോ ഉള്ള നടപടികൾ എം.വി.ഐ.പി.-യുമായി കൂടിയാലോചിച്ച് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അക്കാര്യം പരിശോധിക്കാം. ശ്രീ. അനൂപ് ജേക്കബിന്റെ ഒരു പരാമർശമുണ്ടായിരുന്നു, പിറവം പ്രോജക്ട് ഡിവിഷനിൽ നടന്നുവരുന്നത് ഏകദേശം 38 കോടി രൂപയുടെ മാത്രം പദ്ധതികളാണ്. ശരാശരി നാനൂറ് കോടി രൂപയുടെ പദ്ധതികൾ അവിടെ നടപ്പിലാക്കുന്നു. മറ്റ് പ്രോജക്ടുകളുടെ ജോലിഭാരം കണക്കിലെടുത്ത് ഇതിനായി ഒരു ഡിവിഷന്റെ ആവശ്യകത ഇപ്പോഴില്ല. 38 കോടി രൂപയുടെ വർക്ക് മാത്രമേ ഇപ്പോൾ അവിടെയുള്ളൂ, അതുമാത്രമല്ല പിറവം ഓഫീസിലെ ജീവനക്കാരെ മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കണമെന്ന അക്കൗണ്ടന്റ് ജനറലിന്റെ പരാമർശവുമുണ്ട്. അതുകൊണ്ടുകൂടിയാണ് മാറ്റിയത്. അതിൽ യാതൊരു ദുരുദ്ദേശ്യവുമില്ല, അതിന്റെ പ്രോജക്ട് ഡിവിഷൻ അവിടെ നിലനിർത്തിയിട്ടുമുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, ...(മൈക്ക് ഓഫ്)

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രോജക്ട് ഡിവിഷൻ അവിടെ നിലനിർത്തിയിട്ടുണ്ട്, എനിക്ക് കിട്ടിയ മറുപടിയാണ് ഞാൻ പറഞ്ഞത്.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങനെയല്ല. സബ് ഡിവിഷൻ നിലനിർത്തുന്ന കാര്യമാണ് അങ്ങ് പറയുന്നത്. അങ്ങത് പരിശോധിച്ചു നോക്കണം. ഏകദേശം 300 കോടി രൂപയുടെ പദ്ധതി ഇപ്പോൾത്തന്നെ അവിടെ നടക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം ലഭിച്ച പദ്ധതിയുമുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രോജക്ട് ഡിവിഷൻ അവിടെ നിലനിർത്തിയിട്ടുള്ളതുകൊണ്ട് അത് കൈകാര്യം ചെയ്യാൻ സാധിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, അപ്പോൾ പ്രോജക്ട് ഡിവിഷൻ പിറവത്ത് നിലനിർത്തുമെന്ന് അങ്ങ് ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: അതെ. ബഹുമാനപ്പെട്ട സി. മമ്മൂട്ടി പറഞ്ഞ കാര്യം, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 2013-14 വർഷം ഭരണാനുമതി ലഭിച്ച ഈ പദ്ധതി കേന്ദ്ര ഗവൺമെന്റ് പണം ഗണ്യമായി വെട്ടിക്കുറച്ചതിനാലും ജലശേഖരണത്തിനുള്ള സംവിധാനം നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭിക്കാത്തതിനാലും ഉപേക്ഷിക്കുകയാണ്. അതുപോലെ വളവന്നൂർ-കൽപ്പകഞ്ചേരി പദ്ധതിക്കുവേണ്ടി താനൂർ-പുത്തനത്താണി റോഡിൽ 1.5 കി.മീറ്റർ പമ്പിംഗ് മെയിൻ ഉൾപ്പെടെ 6 കി.മീറ്റർ പൈപ്പിടുന്നതിലേയ്ക്കായി 29-12-2018-ൽ 78.74 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് നൽകിയിരുന്നെങ്കിലും ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിക്കുന്ന മുറയ്ക്ക് ആ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഈ റോഡിനെ സംബന്ധിച്ച് ഒരു കേസ് ഉള്ളതുകൊണ്ട് പൈപ്പ് ലൈൻ ഇടാനായില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേസ്സുള്ളപ്പോൾ ആ പ്രവൃത്തി എങ്ങനെ ചെയ്യാനാകും?

ശ്രീ. സി. മമ്മൂട്ടി: സർ, കേസ്സുള്ള ഭാഗം ഒഴിവാക്കി ബാക്കി ഭാഗത്ത് പൈപ്പ്ലൈൻ ഇടാമല്ലോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അക്കാര്യം ആലോചിക്കാവുന്നതാണ്. തിരുനാവായ കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി പുതിയ ട്രാൻസ്ഫോർമറും പമ്പുസെറ്റും സ്ഥാപിച്ചെങ്കിലും പ്രവർത്തിപ്പിക്കാൻ കെ.എസ്.ഇ.ബി.-യിൽനിന്ന് അധിക പവർ അലോക്കേഷന് അനുമതി ലഭിക്കുന്നതിന് കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട തുക കേരള വാട്ടർ അതോറിറ്റി നൽകുകയുണ്ടായി. കെ.എസ്.ഇ.ബി. അധികതുക ആവശ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത തുക മുടക്കി പമ്പ് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ച കോലൂമാട് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് അതിന്റെ സർവ്വേയും ഇൻവെസ്റ്റിഗേഷനും പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് ഐ.ഡി.ആർ.ബി.-യിൽ സമർപ്പിച്ച് ഡിസൈൻ ലഭ്യമാക്കിയതിനു ശേഷം ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവനന്തപുരം നഗരത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടാൻ പോകുകയാണ്; ഒരർത്ഥത്തിൽ അതിപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഭാവിയിൽ വളരെ രൂക്ഷമായ പ്രശ്നമുണ്ടാക്കും. ഞാനൊരു ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ അങ്ങ് നെയ്യാർ ഡാമിൽനിന്നും ശുദ്ധജലം തിരുവനന്തപുരത്ത് കൊണ്ടുവന്ന് നൽകുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതിനുവേണ്ടിയുള്ള സാമ്പത്തികം എങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളത്; അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമോ? എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നുള്ളത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാരണം, ഇപ്പോൾ തിരുവനന്തപുരത്തുതന്നെ ഏകദേശം പകുതി പ്രദേശത്ത് വെള്ളം കിട്ടുന്നില്ല. അങ്ങ് അക്കാര്യത്തിൽ മറുപടിയൊക്കെ പറഞ്ഞതാണ്. പക്ഷേ ശുദ്ധജലം കിട്ടുന്നില്ലെന്നുള്ളത് നഗരപ്രദേശത്തെ ഏറ്റവും വലിയ പ്രശ്നമായിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഏകദേശം 29 വാർഡുകളുള്ളതിൽ ഇരുപതോളം വാർഡുകളിൽ വെള്ളം കിട്ടുന്നില്ല.

മി. സ്പീക്കർ: യെസ്.....യെസ്.....

ശ്രീ. വി. എസ്. ശിവകുമാർ: സർ, നെയ്യാർഡാമിൽനിന്ന് വെള്ളം കൊണ്ടുവരുന്ന പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് തിരുവനന്തപുരം നഗരവാസികൾക്ക് ഉത്കണ്ഠയാണ്.

മി. സ്പീക്കർ: ശ്രീ. വി. എസ്. ശിവകുമാറിനെയും അദ്ദേഹത്തിന്റെ പാർട്ടിയെയും പ്രതിനിധീകരിച്ചാണ് ശ്രീ. പി. ടി. തോമസ് പ്രസംഗിച്ചത്. അപ്പോഴാണ് ഇതൊക്കെ ഉന്നയിക്കേണ്ടിയിരുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതേപ്പറ്റി മറുപടി വളരെ വിശദമായി പറഞ്ഞു. ഇനി പറയുന്നതിൽ അർത്ഥമില്ല. പൊക്കം കൂടിയ സ്ഥലത്ത് പ്രത്യേകമായൊരു സംവിധാനമുണ്ടാക്കിക്കൊടുക്കാമെന്ന് കഴിഞ്ഞ ദിവസംതന്നെ വളരെ വ്യക്തമായി മറുപടി പറഞ്ഞതാണ്.

അതുപോലെ ജല മലിനീകരണത്തെക്കുറിച്ച് ശ്രീ. പി. ജെ. ജോസഫ് ഇവിടെ സൂചിപ്പിച്ചു. നമ്മുടെ ജലസേചനവും സംരക്ഷണവും ആക്ട്, 2018 അനുസരിച്ച് ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതിനുള്ള ശിക്ഷാനടപടികൾ ഒരു വർഷം മുതൽ പരമാവധി മൂന്ന് വർഷം വരെ തടവും പരമാവധി രണ്ട് ലക്ഷം രൂപ പിഴയും ഈടാക്കുന്നതാണ്. ഈ ഭേദഗതിപ്രകാരം ഏതൊരാൾക്കും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകാവുന്നതാണ്.

അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കേസ്സിന്റെ തുടർ നടപടികൾ നടക്കുന്നത് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലാണ്. ഈ നിയമപ്രകാരം ഇതുവരെ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, ജലസ്രോതസ്സുകളായ കുളങ്ങൾ, നദികൾ എന്നിവയുടെ മാലിന്യ ലഘൂകരണ നടപടികൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചിട്ടുണ്ട്. അതാണ് ശ്രീ. പി. ജെ. ജോസഫ് പറഞ്ഞതിനുള്ള മറുപടി.

അതുപോലെ ശ്രീ. റോജി എം. ജോൺ കുപ്പിവെള്ളത്തിന്റെ കാര്യം പറഞ്ഞു. കുപ്പിവെള്ള പ്ലാന്റിന് പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകി 2015-ൽ അരുവിക്കരയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. മണിക്കൂറിൽ 72,000 ലിറ്റർ കുപ്പിവെള്ളം ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള പദ്ധതിക്ക് 16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തു. കുപ്പിവെള്ള ഫാക്ടറിയിൽ ഉപയോഗിക്കുന്ന യന്ത്രോപകരണങ്ങളിൽ ഭൂരിഭാഗവും വിദേശ നിർമ്മിതമായതിനാൽ അവിടെനിന്നുള്ള സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ പ്രസ്തുത യന്ത്രങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു. ഇൻവെസ്റ്റിഗേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായി. ബി.ഐ.എസ്. സർട്ടിഫിക്കേഷൻ നിർബന്ധമായി ഉണ്ടായിരിക്കേണ്ട ബാക്ടീരിയോളജിസ്റ്റ്, കെമിസ്റ്റ് എന്നിവരുടെ നിയമനം, കുപ്പി നിർമ്മിക്കുന്ന പ്രീഫോമിന്റെയും മറ്റ് അനുബന്ധ പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ എന്നിവ ഇലക്ഷൻ പ്രഖ്യാപനത്തെത്തുടർന്ന് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നിർദ്ദിഷ്ട സമയത്ത് സ്വീകരിക്കാൻ സാധിച്ചില്ല. ഇക്കാരണത്താൽത്തന്നെ മാർച്ചിൽ ഉദ്ദേശിച്ചിരുന്ന ബി.ഐ.എസ്. ഇൻസ്പെക്ഷൻ മേയ് 22-നാണ് സാധ്യമായത്. ബി.ഐ.എസ്. സർട്ടിഫിക്കേഷൻ ഉണ്ടെങ്കിൽ മാത്രമേ ലഭ്യമാകുകയുള്ളൂ. അത് ലഭിച്ചാൽ 2019 സെപ്റ്റംബർ മാസംതന്നെ വിപണിയിലെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്..... ചർച്ച നടക്കുന്ന സമയത്ത് ഉന്നയിക്കേണ്ട കാര്യങ്ങൾ ഉന്നയിക്കാതെ ഇപ്പോൾ മറുപടി പറയുമ്പോൾ......

ഡോ. എൻ. ജയരാജ്: സർ, മണിമല മേജർ കുടിവെള്ള പദ്ധതി പതിനേഴ് വർഷമായതാണ്. ഇക്കാര്യം ഞാൻ പലതവണ സൂചിപ്പിച്ചതാണ്. അതിന്റെ ഒരു ഘട്ടം പൂർത്തീകരിച്ചു. അതുകൊണ്ട് ഏതാണ്ട് ആറ് വില്ലേജുകളിലേയ്ക്ക് കുടിവെള്ളം ലഭ്യമാകും. ഇനി അടുത്ത ഘട്ടത്തിനായി ഫണ്ടില്ലാത്തത് വലിയ പ്രതിസന്ധിയാണ്. On going പ്രോജക്ട് ആയതിനാൽ കിഫ്ബിയിൽ ഉൾപ്പെടുത്താൻ കഴിയില്ല. അറുപതിനായിരം കുടുംബങ്ങൾക്ക് വേണ്ടിയുള്ള

പ്രോജക്ടാണിത്. പതിനേഴ് വർഷമായിട്ടും ഇതുവരെ അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അത് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി 2019-ലെങ്കിലും പൂർത്തീകരിക്കാൻ കഴിയുമോ? മണിമലയാറ്റിൽ നിന്നുള്ള വലിയൊരു പ്രോജക്ടാണിത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ പദ്ധതി തുടങ്ങിയിട്ടേയില്ലല്ലോ?

ഡോ. എൻ. ജയരാജ്: സർ, ഒരു ഘട്ടം പൂർത്തിയാക്കിയതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ പദ്ധതി തുടങ്ങാനുള്ള സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയപ്രകാരം കൂടുതലാളുകൾക്ക് പൈപ്പ് വെള്ളം കൊടുക്കാൻ സാധിക്കുമെങ്കിൽ അതുകൂടി ഇതിലുൾപ്പെടുത്തി നടത്താൻ ശ്രമിക്കാം. ചർച്ചയിൽവന്ന ചോദ്യങ്ങൾക്കൊക്കെ ഏകദേശം ഞാൻ മറുപടി പറഞ്ഞുവെന്ന് വിചാരിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇവിടെ നടന്ന ചർച്ചയിൽ നിരവധി അംഗങ്ങൾ അവരുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിയാത്മകമായ നിർദ്ദേശങ്ങളിൽ പ്രധാനമായും പറഞ്ഞത് ബഹുമാന്യനായ പി. ജെ. ജോസഫ് അവർകളാണ്. ശ്രീ. കെ. വി. വിജയദാസ് പുതിയതരം വിത്തുകൾ കണ്ടുപിടിക്കേണ്ടത് സംബന്ധിച്ച് പറഞ്ഞു. കാർഷിക സർവ്വകലാശാല ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ഗവേഷണങ്ങളിലൂടെ വരൾച്ചയെയും ഉപ്പുവെള്ളത്തെയും പ്രതിരോധിക്കാൻ കഴിയുന്ന തരത്തിലുള്ള പൗർണ്ണമി, മനുരത്ന, ലാവണ്യ, ജ്യോത്സ്ന, അക്ഷയ, സുപ്രിയ തുടങ്ങിയ ആറ് തരം നെൽവിത്തുകൾ പുറത്തിറക്കിയിട്ടുണ്ട്. ഫീൽഡിൽ അതിന്റെ വ്യാപനം നടന്നുകൊണ്ടിരിക്കുകയാണ്. മനുരത്ന എന്ന നെൽവിത്ത് വ്യാപകമായ തോതിൽ തൃശ്ശൂർ ജില്ലയിലടക്കം ഇപ്പോൾ പ്രയോജനത്തിൽ വന്നുകഴിഞ്ഞിട്ടുണ്ട്. അതുപോലെ, ഇതുവരെ കാർഷിക സർവ്വകലാശാല 331 ഇനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. അതിൽ പ്രധാനമായും ഇവിടെ പറഞ്ഞിട്ടുള്ള, ഇന്ന് ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള നെൽവിത്തുകളായ ജ്യോതി, ജയ, ഉമ എന്നിവ കേരള കാർഷിക സർവ്വകലാശാലയുടെ സംഭാവനയാണ്. വിത്തുകളുടെ ജനിതക എഞ്ചിനീയറിംഗിനെ സംബന്ധിച്ച് ശ്രീ. പി. ജെ. ജോസഫ് സംസാരിക്കുകയുണ്ടായി. സർക്കാർ ഒരു കാരണവശാലും ജനിതകമാറ്റം വരുത്തിയ വിത്തുകളെ പ്രോത്സാഹിപ്പിക്കാനോ പ്രചരിപ്പിക്കാനോ ഉദ്ദേശിക്കുന്നില്ല എന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യം, ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ. കാർഷിക മേഖലയിലെ തൊഴിലാളികളുടെ

ലഭ്യതക്കുറവാണ്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് മെക്കനൈസേഷൻ മിഷൻ എന്ന ഒരു സംവിധാനം ആരംഭിച്ചത്. അതാരംഭിച്ച് രണ്ട് വർഷമായെങ്കിലും ഈ വർഷമാണ് പൂർണ്ണഗതിയിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ബ്ലോക്കുകളിലും അഗ്രോ സർവ്വീസ് സെന്ററുകൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 89 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ രൂപീകരിക്കുകയും അതിന്റെ കീഴിൽ കാർഷിക കർമ്മസേനകളുടെ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയുമാണ്. അവർക്കാവശ്യമായ മെഷിനറികൾ, ഡിപ്പാർട്ട്മെന്റിലും ഫാമുകളിലും ലഭ്യമായിരിക്കുന്ന എല്ലാ മെഷിനറികളും റിവൈവ് ചെയ്യുന്നതിനും അത് പ്രയോജനപ്രദമാക്കുന്നതിനുമുള്ള വലിയൊരു ഡ്രൈവ് നടത്തി. അത് വളരെ വിജയകരമായിരുന്നു. എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ധാരാളമായി കിടക്കുന്ന മെഷിനറികളെക്കൂടി മെക്കനൈസേഷൻ മിഷന്റെ കീഴിൽ കൊണ്ടുവരികയും കർമ്മസേനകളെ വ്യാപിപ്പിക്കുകയും ചെയ്തുകഴിഞ്ഞാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബഹുമാനപ്പെട്ട അംഗം അനൂപ് ജേക്കബ് പറഞ്ഞ നഷ്ടപരിഹാരത്തെ സംബന്ധിച്ച്, 214 കോടി രൂപയുടെ നഷ്ടപരിഹാരം ഇതിനകം കൃഷിക്കാർക്ക് കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം വരൾച്ച, ഓഖി, പ്രളയം എന്നീ മൂന്ന് പ്രകൃതി ദുരന്തങ്ങളുണ്ടായി. ഇതിനെല്ലാം സമയബന്ധിതമായി നോംസ് പ്രകാരമുള്ള നഷ്ടപരിഹാരത്തുക കൊടുത്തുകഴിഞ്ഞു. 43 കോടി രൂപകൂടി കൃഷിക്കാർക്ക് കൊടുക്കാനുണ്ട്. അത് അടിയന്തരമായി കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ബഹുമാന്യനായ സി. മമ്മൂട്ടി ഇവിടെ പറഞ്ഞ ഒരു കാര്യം, തിരൂർ വെറ്റിലയെപ്പറ്റിയാണ്. സംസ്ഥാന ഗവൺമെന്റ് തിരൂർ വെറ്റിലയുടെ ഭൗമസൂചിക പദവിക്കുവേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. തിരൂർ വെറ്റിലയുടെ പ്രത്യേകമായ രുചിയും ഗുണവുമെല്ലാം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. തിരൂർ വെറ്റിലയുടെ ഒരു ലോഗോ തയ്യാറാക്കുകയും procedure അനുസരിച്ച് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കാനാവശ്യമായ നിലയിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്. നേരത്തേ പാക്കിസ്ഥാനിലേയ്ക്കും അഫ്ഗാനിസ്ഥാനിലേയ്ക്കും കയറ്റി അയച്ചിരുന്ന ഒരു വെറ്റിലയാണ് തിരൂർ വെറ്റില. അതിലേയ്ക്ക് തിരിച്ചുവരാനാവശ്യമായ രീതിയിലുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട പി. സി. ജോർജ് അടയ്ക്ക കർഷകരുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാന്യനായ പി. ജെ. ജോസഫ് നിരവധി നിർദ്ദേശങ്ങൾ പതിമൂന്ന് മിനിട്ടിൽക്കൂടുതൽ സമയം അധികം എടുത്തുകൊണ്ടാണ് സംസാരിച്ചത്. അദ്ദേഹം പറഞ്ഞ നിർദ്ദേശങ്ങളെല്ലാംതന്നെ വളരെ പ്രധാനപ്പെട്ടവയാണ്. അദ്ദേഹം ജൈവകൃഷിയെ സംബന്ധിച്ച് പറഞ്ഞു. ഈ ഗവൺമെന്റ് ജൈവകൃഷിയെ പരിപൂർണ്ണമായും പ്രോത്സാഹിപ്പിക്കുകയും ജൈവനയം നടപ്പാക്കുകയും ചെയ്യുകയാണ്. കേരളത്തിൽ മൂന്ന് കൊല്ലത്തിനകം രാസകീടനാശിനിയുടെയും രാസവളത്തിന്റെയും ഉപയോഗം 17 ശതമാനം കുറച്ചുകൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞു. ഈ മൂന്ന് കൊല്ലത്തെ കണക്ക് ഞാൻ നേരത്തേ നിയമസഭയിൽ പറഞ്ഞതാണ്. Glyphosate-ന്റെ ഉപയോഗം ഗണ്യമായി വർദ്ധിച്ചതായി മനസ്സിലാക്കിക്കൊണ്ട് അത് നിരോധിക്കുകയും അതിന്റെ വിപണനം പരിപൂർണ്ണമായും നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. രാസകീടനാശിനികൾക്കും രാസവളത്തിനും പകരമായി ഉപയോഗിക്കേണ്ട ജൈവ കീടനാശിനികൾ, ജൈവ വളങ്ങൾ തുടങ്ങിയവയുടെ ഉൽപ്പാദനം, വിപണനം തുടങ്ങിയ കാര്യങ്ങളിൽ വിപുലമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. മിത്രകീടങ്ങളുടെ ഉല്പാദനം ലബോറട്ടറികളിൽ നടക്കേണ്ട കാര്യമാണ്. കൃഷി ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ലബോറട്ടറിയിലാണ് പ്രധാനമായും ഇതുല്പാദിപ്പിക്കുന്നത്. നമ്മുടെ മൊത്തം ഏരിയയുടെ ഒരു ശതമാനം പോലും മിത്രകീടങ്ങളെ ഉൽപ്പാദിപ്പിക്കാനുള്ള കപ്പാസിറ്റിയിലേയ്ക്ക് വന്നിട്ടില്ല. അതുകൊണ്ട് ഈ ബഡ്ജറ്റിൽ കൂടുതൽ മിത്രകീടങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ലബോറട്ടറികൾ എല്ലാ ജില്ലകളിലും ആരംഭിക്കാനുള്ള തീരുമാനം സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതുപോലെതന്നെ നടീൽ വസ്തുക്കൾ കാലാവസ്ഥയ്ക്കനുസരിച്ച് കൊടുക്കണമെന്ന് അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റ് കൃഷി വകുപ്പിനുകീഴിൽ ഞാറ്റുവേലച്ചന്തകൾ ആരംഭിച്ചത്. പ്രധാനപ്പെട്ട തിരുവാതിര ഞാറ്റുവേല ആരംഭിക്കുന്ന അന്നുമുതൽ 15 ദിവസക്കാലം നീണ്ടുനിൽക്കുന്ന ഞാറ്റുവേലച്ചന്തകൾ എല്ലായിടത്തും നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ കൃഷിഭവന്റെ കീഴിലും ഞാറ്റുവേലച്ചന്തകൾ നടക്കുമ്പോൾ അവിടെ കർഷകർക്കാവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്ന നടപടികൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതാത് എം.എൽ.എ.-മാർ അവരവരുടെ പഞ്ചായത്തുകളിൽ ഞാറ്റുവേലച്ചന്തകൾ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അൻവർ സാദത്തിന്റെ മണ്ഡലത്തിൽ വച്ച് ഞാറ്റുവേലച്ചന്ത സംസ്ഥാനതല ഉദ്ഘാടനം നടത്തി. വളരെ കാലങ്ങളായി ആ പഞ്ചായത്തിൽ ഞാറ്റുവേലച്ചന്ത

നടക്കുന്നതാണ്. എന്നാൽ കൃഷിവകുപ്പ് ഞാറ്റുവേലച്ചന്ത ഒരു പ്രധാനപ്പെട്ട അജണ്ടയായി വച്ചുകൊണ്ട് കാലാവസ്ഥയ്ക്കനുസരിച്ച് വിത്തും നടീൽ വസ്തുക്കളും കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തെങ്ങിൻതൈകൾ കൊടുക്കുന്നത് പത്താമുദയത്തിലും തിരുവാതിര ഞാറ്റുവേല സമയത്തുമാണ്. ആ സമയത്ത് തെങ്ങിൻതൈകൾ കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിവകുപ്പിന് കീഴിലുള്ള നാളികേര വികസന കൗൺസിൽ തന്നെ ഈ വർഷം ഒരു വാർഡിൽ 75 തെങ്ങിൻതൈകൾ വീതം 5 ലക്ഷം തെങ്ങിൻതൈകൾ 500 പഞ്ചായത്തുകളിൽ വിതരണം ചെയ്യുന്ന പ്രവർത്തനം നടത്തി ക്കൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ചുകഴിഞ്ഞു. അതിനുവേണ്ടി മദർ പ്ലാന്റുകളെ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തെങ്ങിൻവിത്ത് ശേഖരിക്കുകയും അവ കൃത്യമായി മുളപ്പിച്ച് ശാസ്ത്രീയമായ രീതിയിൽ മുന്നോട്ട് പോകുകയുമാണ്. സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.പി.സി.ആർ.ഐ.), നാളികേര വികസന ബോർഡ്, കാർഷിക സർവ്വകലാശാല, ഡിപ്പാർട്ട്മെന്റിന്റെ ഫാമുകൾ എന്നിവവഴി ഉൽപ്പാദിപ്പിക്കുന്ന തെങ്ങിൻതൈകൾ ഇപ്പോൾ 50% സൗജന്യനിരക്കിൽ ഉപഭോക്താക്കൾക്ക് കൊടുക്കാൻ പോകുകയാണ്. മാത്രമല്ല, സംസ്ഥാനത്ത് നാളികേര വികസന കൗൺസിലിന്റെ നേതൃത്വത്തിൽ 2019 മുതൽ 2029 വരെ നീണ്ടുനിൽക്കുന്ന പത്ത് വർഷക്കാലത്തെ ഒരു ഊർജ്ജിത കേര വികസനപദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇന്നുള്ള നാളികേര കൃഷിയുടെ വിസ്തൃതി ഏഴര ലക്ഷം ഹെക്ടറിൽനിന്നും പത്ത് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കാനും നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത 7000 എന്നതിൽനിന്നും 9500 ആയി വർദ്ധിപ്പിക്കാനുമുള്ള നടപടിയാണ് ഇതിന്റെ ഭാഗമായി ചെയ്യുന്നത്. പാടശേഖര സമിതികൾ നെൽകൃഷി ചെയ്യുന്നതുപോലെ തെങ്ങ് കൃഷിയെ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷിയാക്കി മാറ്റുന്നതിനുവേണ്ടി പഞ്ചായത്ത്, വാർഡ് തലത്തിൽ നാളികേര വികസന കൗൺസിലിന്റെ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അത് എല്ലാ സ്ഥലങ്ങളിലും രൂപീകരിക്കാൻ പോകുകയാണ്. തെങ്ങിനെ ബാധിച്ചിരിക്കുന്ന വളരെ ഗുരുതരമായിട്ടുള്ള പ്രശ്നമാണ് ചെമ്പൻചെല്ലി, കൊമ്പൻചെല്ലി തുടങ്ങിയ കീടങ്ങളുടെ ആക്രമണം. അത് തടയുന്നതിനുവേണ്ടിയുള്ള പ്രവർത്തനം നാളികേര വികസന കൗൺസിലിന്റെ ഭാഗമായി ഏതെങ്കിലും ഒരു പഞ്ചായത്തിൽമാത്രം നടത്തുന്നതിനുപകരം സംസ്ഥാന വ്യാപകമായി ഒരു വാരാചരണംപോലെ വലിയ കാമ്പയിൻ മോഡലിൽ നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കാർഷിക സർവ്വകലാശാല മണ്ണൊലിപ്പ് തടയാനുതകുന്ന രീതിയിലുള്ള

രാമച്ചത്തിന്റെ ഒരു വെറൈറ്റി കണ്ടുപിടിച്ചിട്ടുണ്ട്. അത് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നമ്മുടെ നാട്ടിൽ നാടൻ വെറൈറ്റി കിട്ടാനില്ല, അതുകൊണ്ട് തനതായിട്ടുള്ള വിത്തുകളെ സംരക്ഷിക്കുന്ന ഒരു കേന്ദ്രം കാർഷിക സർവ്വകലാശാലയിൽ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ വിത്തുൽപ്പാദക ഗ്രാമങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ആനക്കൊമ്പൻ വെണ്ട, വിത്തിനശ്ശേരി വെണ്ട, വ്ലാത്താങ്കര ചീര, പട്ട് ചീര, കുന്നുകര ചീര, മറ്റത്തൂർ പച്ചചീര, തിരുവാണിയൂർ ബേബി പടവലം, ആദിത്യപുരം ലോക്കൽ പടവലം, തിരുവനന്തപുരം ലോക്കൽ വെള്ളരി, ഇഞ്ചി വെള്ളരി, മഞ്ചേരി ലോക്കൽ വെള്ളരി, മട്ടന്നൂർ ലോക്കൽ വെള്ളരി, പൊട്ടുവെള്ളരി, അഞ്ചൽ ലോക്കൽ പയർ, കഞ്ഞിക്കുഴി പയർ, കളത്താടൻ കേളു പയർ, വെള്ളരി പയർ, ചുവപ്പുചുണ്ടൻ പയർ, കാളക്കൊമ്പൻ വഴുതന, കോട്ടായി ലോക്കൽ വഴുതന, വേങ്ങേരി വഴുതന, കാസർഗോഡ് ലോക്കൽ വഴുതന, ഉണ്ട മുളക്, എടയൂർ മുളക് തുടങ്ങി 35 നാടൻ വെറൈറ്റികൾ കണ്ടെത്തി അതിന്റെ വിത്തുകൾ സംഭരിച്ചു തുടങ്ങിയിട്ടുണ്ട്. ഇത് Vegetable and Fruit Promotion Council Kerala (VFPCK) വഴി വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. അതോടൊപ്പംതന്നെ കേരളത്തിലെ തനതായ നെൽവിത്തുകളെയും നാടൻ വിത്തുകളെയും സംരക്ഷിക്കുക മാത്രമല്ല, അത് ഫീൽഡിൽ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനം നടത്തുകയാണ്. ഇപ്പോൾ കാസർഗോഡ് ജില്ലയിലുള്ള ഒരു പഞ്ചായത്തിലെ കർഷകർക്ക് 45 തരം വെറൈറ്റി നെൽവിത്തുകളാണ് കൊടുത്തിരിക്കുന്നത്. അങ്ങനെ 45-ലധികം വെറൈറ്റി നെൽവിത്തുകൾ ഒരു പഞ്ചായത്തിൽത്തന്നെ കൃഷിചെയ്യുന്ന രീതിയിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്. അതോടൊപ്പംതന്നെ ശ്രീ. ഐ. സി. ബാലകൃഷ്ണൻ സൂചിപ്പിച്ച ഒരു കാര്യം, വയനാട് ജില്ലയിൽ 42 വെറൈറ്റി നാടൻ നെൽവിത്തുകൾ കൃഷിചെയ്യുന്ന ആദിവാസി കുടുംബങ്ങളെ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആ നെൽവിത്തുകളെ സംരക്ഷിക്കാനാവശ്യമായ കാര്യങ്ങളും നടത്തുന്നുണ്ട്. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും കേന്ദ്രീകരിക്കുന്നത് ഇതിനുവേണ്ടി മാത്രമുള്ള കാർഷിക സർവ്വകലാശാലയിലെ വിത്ത് ബാങ്കിലാണ്. അതിന്റെ പ്രവർത്തനം കഴിഞ്ഞ രണ്ട് കൊല്ലമായി നടന്നുകൊണ്ടിരിക്കുകയാണ്. ഏതാനും മാസങ്ങൾക്കകം അത് കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ ഇന്ത്യയിൽത്തന്നെ ലബോറട്ടറിയുടെ സഹായമില്ലാതെ കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ ജൈവവൈവിദ്ധ്യങ്ങളെ സംരക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു പ്രധാനപ്പെട്ട പ്രോജക്ടായി അത് മാറാൻ പോകുകയാണ്.

ശ്രീ. റോജി എം. ജോൺ ആസിയാൻ കരാറിനെപ്പറ്റി പറഞ്ഞു. ആസിയാൻ കരാർ തങ്ങളുടെ തലയിലെ ഒരു ഉുവലായി കാണുന്നവരെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. നിറയെ പാലുള്ള അകിടിൽ കൊതുക് വന്നിരുന്നാലും പാല് കുടിക്കില്ല. അതുകൊണ്ടാണ് 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം' എന്നുപറയുന്നത്. ജാതികർഷകരുമായി ബന്ധപ്പെട്ട ഒരു പാർക്കിനെ സംബന്ധിച്ച് സ്പൈസസ് ബോർഡുമായിചേർന്ന് ബഹുമാനപ്പെട്ട അന്നത്തെ എം.പി. ശ്രീ. ഇന്നസെന്റ് മുൻകയ്യെടുത്താണ് പ്രവർത്തനങ്ങൾ നടന്നിരുന്നത്. അതിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടേണ്ട കാര്യമുണ്ടെങ്കിൽ ഇടപെട്ട് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ് ക്വാണ്ടിറ്റി വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ക്വാളിറ്റിയിൽ അത് പ്രതിഫലിക്കണമെന്ന് പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്നുള്ളത് ഗവൺമെന്റ് നയമാണ്. ഭക്ഷ്യ സുരക്ഷ മാത്രമല്ല, സുരക്ഷിത ഭക്ഷണം എന്നുള്ളതാണ് ഗവൺമെന്റിന്റെ പോളിസി. അതിന്റെ അടിസ്ഥാനത്തിലാണ് ജൈവ കാർഷികനയം നടപ്പാക്കിയത്. ആ ജൈവ കാർഷിക നയത്തിന്റെ ഭാഗമായി ഇപ്പോൾ കാർഷിക സർവ്വകലാശാല പുറത്തിറക്കിയിരിക്കുന്ന പീരിയോഡിക്കലായി രാസകീടനാശിനിയുടെ അവശിഷ്ടം പരിശോധിക്കുന്ന റിപ്പോർട്ടിൽ വളരെ വ്യക്തമായി കാണുന്നത് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിലും കാർഷിക വിളകളിലും 93 ശതമാനത്തിലധികം വിളകളും വിഷരഹിതം എന്നുള്ളതാണ്. അത് വലിയൊരു മാറ്റമാണ്. കീടനാശിനി പ്രയോഗത്തിൽ ഗവൺമെന്റ് ആവിഷ്കരിച്ച മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വന്നിരിക്കുന്ന ഒരു കാര്യമാണത്. കേന്ദ്ര ഗവൺമെന്റിന്റെ പരമ്പരാഗത കൃഷി വികാസ് യോജന എന്ന പദ്ധതിയുടെ ഭാഗമായി 619 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ക്വാണ്ടിറ്റി മാത്രമല്ല ക്വാളിറ്റിയും നിലനിർത്തുന്നതിനാവശ്യമായ, കൃത്യമായ ഒരു പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലാണ് ആ ക്ലസ്റ്ററുകളുടെ രൂപീകരണം നടന്നിരിക്കുന്നത്. എല്ലാ മേഖലയിലും ആ നിലയിലുള്ള പ്രോട്ടോക്കോൾ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞത് കാർഷിക സർവ്വകലാശാലയിലെ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. അക്കാര്യം പരിഹരിക്കാവുന്നതാണ്. കർഷകരുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട കാര്യത്തിൽ വളരെ പോസിറ്റീവായി, മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നമ്മൾ ഒരുമിച്ച്

നിൽക്കണമെന്നാണ് പറഞ്ഞത്. ആ വാദഗതി അംഗീകരിക്കുകയാണ്. കേരളത്തിലുണ്ടായിരിക്കുന്ന കർഷക ആത്മഹത്യ കഴിഞ്ഞ ഫെബ്രുവരിക്ക് ശേഷമുണ്ടായവയാണ്. അത് ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

മൊറട്ടോറിയത്തിന്റെ കാര്യത്തിൽ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം പങ്കെടുത്തുകൊണ്ട് State Level Banker's Committee (SLBC) മീറ്റിംഗ് കൂടി. നമ്മൾ പ്രഖ്യാപിച്ചിട്ടുള്ള മൊറട്ടോറിയം ഡിസംബർ 31 വരെ ദീർഘിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള തീരുമാനം SLBC എടുത്തിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാര്യങ്ങളിൽ റിസർവ് ബാങ്ക് ഗവർണറുടെ ഭാഗത്തുനിന്നുള്ള അംഗീകാരം ലഭിക്കേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടി നേരിട്ട് സമീപിക്കാനും അതിനാവശ്യമായ നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞ കാര്യങ്ങൾക്കെല്ലാം ഏകദേശം ഞാൻ മറുപടി പറഞ്ഞുവെന്ന് വിചാരിക്കുകയാണ്.

4.00 PM]

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയവസരത്തിൽ 2016-ൽ, നമ്മുടെ കാർഷിക മേഖലയുടെ വളർച്ചാ നിരക്ക് -5.16 ആയിരുന്നു. അത് 2017 ആയപ്പോൾ -4+0.18-ലെത്തി. ഇപ്പോൾ കേരളത്തിലെ കാർഷിക വളർച്ചാ നിരക്ക് 3.64-ലേയ്ക്ക് എത്തിയിരിക്കുകയാണ്. രണ്ടുമൂന്ന് പതിറ്റാണ്ടുകൾക്കിടയിൽ ദേശീയ ശരാശരി വളർച്ചാ നിരക്കിനേക്കാളും മുകളിൽ കേരളത്തിൽ വളർച്ചാ നിരക്ക് ഉണ്ടായിട്ടില്ലായിരുന്നു. എന്നാലിപ്പോൾ ദേശീയ ശരാശരി 3.4 ആണെങ്കിൽ കേരളത്തിന്റെ വളർച്ചാനിരക്ക് 3.64 ശതമാനത്തിലേയ്ക്ക് എത്തിക്കാൻ സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയുണ്ടായി. 55,000 ഹെക്ടർ സ്ഥലമാണ് നശിച്ചുപോയത്. ഓഖി ദുരന്തമുണ്ടായി. അതിനുശേഷംവന്ന പ്രളയത്തിൽ 19,000 കോടി രൂപയുടെ നാശനഷ്ടം കാർഷിക മേഖലയ്ക്കുണ്ടായി. ഈ മൂന്ന് മഹാദുരന്തങ്ങൾക്കിടയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് മൂന്ന് വർഷക്കാലത്തിനിടയിൽ കാർഷിക മേഖലയിലെ വളർച്ചാനിരക്ക് 3.64-ലേയ്ക്കെത്തിക്കാൻ കഴിഞ്ഞുവെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ശ്രീ. പി. ഉബൈദുള്ള സംസാരിച്ചപ്പോൾ ഞങ്ങൾ പദ്ധതികളൊന്നും നടപ്പാക്കിക്കണ്ടില്ലെന്ന് പറഞ്ഞു. അത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് എനിക്കറിയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളിൽ പ്രധാനപ്പെട്ടത് നെല്ലുൽപ്പാദനവുമായി ബന്ധപ്പെട്ടതാണ്. 2005-ൽ

കേരളത്തിൽ 2,75,742 ഹെക്ടർ നെൽവയലുണ്ടായിരുന്നു. അന്ന് ഉൽപ്പാദനം 6,29,987 മെട്രിക് ടണ്ണായിരുന്നു. എന്നാൽ 2016-ലേയ്ക്ക് വരുമ്പോൾ 1,71,398 ഹെക്ടർ നെൽവയലായി കുറയുകയും ഉൽപ്പാദനം 4,36,483 മെട്രിക് ടൺ ആകുകയും ചെയ്തു. 2005 മുതൽ ക്രമാനുഗതമായി പരിശോധിച്ചാൽ ഇത് താഴേയ്ക്ക് വരികയാണെന്ന് മനസ്സിലാകും. എല്ലാ ഗവൺമെന്റിന്റെ കാലത്തും ഇതുണ്ടായിട്ടുണ്ട്. പക്ഷെ ഈ മൂന്ന് വർഷംകൊണ്ട് 2017-18-ൽ 2,20,448 ഹെക്ടറിലേയ്ക്ക് നെൽവയലിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ നമുക്ക് സാധിച്ചു, മാത്രമല്ല, 8,41,784 മെട്രിക് ടൺ നെല്ല് ഈ വർഷം ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. നെല്ലുൽപ്പാദനത്തിൽ രണ്ട് ലക്ഷത്തിലധികം മെട്രിക് ടണ്ണിന്റെ വർദ്ധനവുണ്ടായി. ഇത് നമ്മൾ നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി മാത്രമല്ല, പ്രകൃതിയുടെ ആനുകൂല്യം കൂടി നമുക്കുണ്ടായിട്ടുണ്ട് എന്നത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ കഴിഞ്ഞവർഷം നമുക്ക് 2,20,000 എന്നുള്ളതിൽനിന്നും ഈ വർഷത്തേയ്ക്ക് വരുമ്പോൾ പ്രളയംമൂലം 35,000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ കഴിയാതെ വന്നിട്ടുപോലും എട്ട് ലക്ഷത്തിലധികം മെട്രിക് ടൺ നെല്ലുത്പാദനമുണ്ടായി എന്ന് പറഞ്ഞാൽ കേരളത്തിലെ നെല്ലുത്പാദന രംഗത്തുണ്ടായത് റെക്കോഡ് നേട്ടമാണ്.

ജൈവ കൃഷിയെപ്പറ്റി ശ്രീ. പി. ജെ. ജോസഫ് പറഞ്ഞ കാര്യം, പ്രളയത്തെത്തുടർന്ന് കുട്ടനാട്ടിലെയും തൃശ്ശൂർ കോൾ നിലങ്ങളിലെയും പൊന്നാനിയിലെയും മണ്ണിന് വന്നിരിക്കുന്ന ജൈവപരമായ നേട്ടംമൂലം രാസവളങ്ങൾ ചേർക്കാതെയും രാസ കീടനാശിനികൾ ഉപയോഗിക്കാതെയും രാസപരിപാലനമുറകൾ അനുവർത്തിക്കാതെയും പുതിയ ഹൈബ്രിഡ് വിത്ത് കണ്ടുപിടിക്കാതെയും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വിത്തും നിലവിലുള്ള രാസപരിപാലന രീതിയുമില്ലാതെതന്നെ കേരളത്തിലെ നെല്ലുത്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു. തൃശ്ശൂരിലെ ഒരു പാടശേഖരത്തിൽ 12.8 ടൺ നെല്ലുത്പാദിപ്പിക്കാൻ സാധിച്ചു. ഇതൊരു വലിയ പാഠമാണ്. അതുകൊണ്ട് പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജൈവ കാർഷിക നയത്തിനനുസൃതമായ ഒരു പ്രോട്ടോക്കോളുണ്ടാക്കാൻ ഗവൺമെന്റ് കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടനാട് മേഖലയിൽ പ്രളയത്തിനുശേഷം ഉണ്ടായിരിക്കുന്ന അധിക ഉൽപ്പാദന വർദ്ധനവ് ഏകദേശം 40 ശതമാനമാണ്. ഇവിടെ നെല്ലുമായി ബന്ധപ്പെട്ടുകൊണ്ട് 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് നടത്തിയത് വലിയൊരിടപെടലാണ്. കൃഷി ഡിപ്പാർട്ട്മെന്റ് മാത്രമല്ല, ഹരിത കേരളം മിഷനും ഇതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷൻ എന്ന നിലയിൽ 'സുജലം സുഫലം' എന്ന പദ്ധതിയിൻകീഴിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ വളരെ ആത്മാർത്ഥമായി സഹകരിച്ചതിന്റെ ഫലമായിട്ടാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. നെൽകൃഷിയുടെ വ്യാപനമുണ്ടാകേണ്ടത് ആവശ്യമാണ്. ഇവിടെ ശ്രീ. പി. ഉബൈദുള്ള പറഞ്ഞതുപോലെ നെൽവയൽ തണ്ണീർത്തട നിയമം ഭേദഗതി ചെയ്തതുകൊണ്ട് ഒരിഞ്ച് ഭൂമിപോലും അതിന്റെ പേരിൽ നികത്താൻ അനുവാദം കൊടുത്തിട്ടില്ലായെന്നുമാത്രമല്ല തരിശ് നിലങ്ങളിൽ ഉടമസ്ഥൻ അനുവദിച്ചില്ലെങ്കിൽപ്പോലും അത് ഏറ്റെടുത്ത് കൃഷി ചെയ്യാനുള്ള ഭേദഗതി വന്നതിനുശേഷം അവിടെ കൃഷിചെയ്യാനുള്ള അവസരമുണ്ടായിട്ടുണ്ട്. പുതിയ തലമുറയെക്കൂടി നെൽകൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി 'പാഠം 1 പാടത്തേയ്ക്ക് ' എന്നൊരു പരിപാടി സംഘടിപ്പിക്കുന്നുണ്ട്. നെല്ലിന്റെ ജന്മദിനമായി മലയാളികൾ പണ്ടുമുതൽ ആഘോഷിച്ചുവന്നിരുന്ന ദിവസമാണ് കന്നിമാസത്തിലെ മകം നക്ഷത്രം. ഈ വർഷം മുതൽ കന്നിമാസത്തിലെ മകം നക്ഷത്രം നെല്ലിന്റെ ജന്മദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തി എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും ഈ പരിപാടിയിൽ ബന്ധപ്പെടുത്തി 'പാഠം 1 പാടത്തേയ്ക്ക് എന്ന പരിപാടി സംഘടിപ്പിച്ചുകൊണ്ട് നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി സൂചിപ്പിച്ച കാര്യം, ഒരു സെന്റ് നെൽവയൽ കൃഷി ചെയ്യുമ്പോൾ 14,500 ലിറ്റർ വെള്ളം ഭൂഗർഭജലസമ്പത്തായി ശേഖരിക്കപ്പെടുന്നുണ്ടെന്നാണ്. ഇത് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ ഒരു സെന്റ് നിലത്തിൽ നെല്ല് മാത്രമല്ല വെള്ളവും വിളയുന്നുണ്ട് എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ട് നെൽകൃഷിയുടെ വ്യാപന പരിപാടി ഊർജ്ജിതമായി നടപ്പാക്കി അരിയുടെ ഉൽപ്പാദനം 10 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് എത്തിക്കുക, അതോടൊപ്പം 3 ലക്ഷം ഹെക്ടറിലേയ്ക്ക് നെല്ലിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ഞാറ്റുവേല കണ്ടുപിടിച്ച ആൾക്കാർ തന്നെയാണ് നെല്ലിന്റെ ജന്മദിനം കണ്ടുപിടിച്ചതും.

നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 35 ലക്ഷം കൃഷിക്കാരുള്ള ഒരു മേഖലയാണ് നാളികേരമേഖല. ആ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് വിപുലമായ പരിപാടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. അത് ഞാൻ നേരത്തെ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. 27 രൂപയ്ക്ക് നാളികേരം സംഭരിക്കാനാവശ്യമായ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. കേരഫെഡിന്റെ നേതൃത്വത്തിൽ നോഡൽ ഏജൻസിയായി അവരെ പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും സഹകരണം, കൃഷി എന്നീ വകുപ്പുകൾ ഉൾപ്പെടെ കേരഫെഡിന്റെ

പ്രതിനിധികൾ അടങ്ങുന്ന ഒരു സബ് കമ്മിറ്റി ചേർന്ന് ഓരോ ജില്ലയിലെയും നാളികേര സംഭരണ ഏജൻസികളായിട്ടുള്ള സഹകരണ സംഘങ്ങളുടെ ലിസ്റ്റ് എടുത്തുകൊണ്ടിരിക്കുകയാണ്. ആ ലിസ്റ്റ് രണ്ടുമൂന്ന് ദിവസത്തിനകം പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞാൽ ആ സംഘങ്ങളുടെ നേതൃത്വത്തിൽ 27 രൂപയ്ക്ക് പച്ചത്തേങ്ങ സംഭരിക്കുന്ന നടപടികൾ ജൂലൈ മാസം ആദ്യവാരത്തിൽത്തന്നെ പരിപൂർണ്ണ തോതിൽ ആരംഭിക്കാൻ കഴിയും. പച്ചക്കറി വികസന കാര്യത്തിൽ 2010-11 കാലഘട്ടത്തിൽ നമ്മുടെ ഉൽപ്പാദനം 1,27,000 മെട്രിക് ടൺ മാത്രമാണ്. പച്ചക്കറി വികസന പദ്ധതി ആരംഭിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അന്നുതന്നെ ഉൽപ്പാദനം വർദ്ധിച്ചുവെന്നുള്ള വസ്തുത ഞാൻ നിഷേധിക്കുന്നില്ല. 2016 ആകുമ്പോഴേയ്ക്കും ഉൽപ്പാദനം 6 ടണ്ണിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. 'ഓണത്തിന് ഒരുമുറം പച്ചക്കറി' പോലുള്ള പദ്ധതികളും 'എല്ലാവരും കൃഷിക്കാരാകുക, എല്ലായിടത്തും കൃഷി ചെയ്യുക' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും വീടുകളിൽ തുടങ്ങി എല്ലാ പ്രദേശത്തും പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന വിപുലമായ പരിപാടിയുടെ ഭാഗമായിട്ട് ഓണത്തിന് ഒരു മുറം പച്ചക്കറി കഴിഞ്ഞ മൂന്ന് കൊല്ലമായി സംസ്ഥാനം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി 2016-ൽ 6,28,000 മെട്രിക് ടൺ പച്ചക്കറിയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ നമ്മുടെ പച്ചക്കറി ഉൽപ്പാദനം 12,12,000 മെട്രിക് ടണ്ണായിട്ട് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2020-ൽ 14 ലക്ഷം ടണ്ണിലേയ്ക്ക് പച്ചക്കറി ഉൽപ്പാദനം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. നമ്മുടെ ആവശ്യകത 20 ലക്ഷം ടണ്ണാണ്. 14 ലക്ഷത്തിലേയ്ക്ക് എത്തിക്കാൻ കഴിയുന്നുവെന്ന് പറഞ്ഞാൽത്തന്നെ ഏകദേശം പച്ചക്കറി ഉൽപ്പാദന രംഗത്തേയ്ക്ക് നല്ലനിലയിൽ എത്തിയെന്നുള്ളതാണ്. 5,84,000 ടൺ പച്ചക്കറിയാണ് ഈ മൂന്ന് കൊല്ലംകൊണ്ട് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നത്. 35,666 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. പച്ചക്കറികളും പഴവർഗ്ഗങ്ങളും കയറ്റി അയയ്ക്കുന്നതിനുവേണ്ടി വി.എഫ്.പി.സി. കെ. (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള) എന്ന ഏജൻസിയെ അതിന്റെ നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ കാർഷികവിളകൾ കയറ്റുമതി ചെയ്യുന്നതിന്റെ ഭാഗമായി വാഴപ്പഴവും പൈനാപ്പിളുമാണ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്. തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ പൈനാപ്പിളും വാഴപ്പഴവും കൃഷിചെയ്യുന്നുണ്ട്. 500 ഹെക്ടർ സ്ഥലത്ത് വാഴക്കൃഷിയും 50 ഹെക്ടർ സ്ഥലത്ത്

കയറ്റുമതിക്കുവേണ്ടിയുള്ള പൈനാപ്പിൾ കൃഷിയും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കയറ്റുമതി ചെയ്യാൻവേണ്ടി പ്രാപ്തരാക്കാൻ കഴിയുന്ന കൃഷിക്കാരുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുകയാണ്. അതിനുവേണ്ട APEDA (Agriculture and Processed Food Products Export Development Authority) ട്രെയിനിംഗ് അടക്കം കൊടുത്തുകൊണ്ട്, കൃഷി ആരംഭിക്കുന്നത് മുതൽ ഹാർവെസ്റ്റ് വരെയും അതിന്റെ പാക്കിംഗ് മുതൽ ട്രേഡിംഗ് വരെയുമുള്ള കാര്യങ്ങളിൽ അവർക്ക് പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അടുത്തവർഷം മുതൽ കേരളത്തിൽനിന്നും ഈ പോളിസിയനുസരിച്ച് വാഴപ്പഴവും പൈനാപ്പിളും കൃഷിക്കാർക്ക് തന്നെ നേരിട്ട് കയറ്റുമതി ചെയ്യാൻ കഴിയുന്ന തരത്തിലുള്ള സാഹചര്യമുണ്ടാക്കി കൊടുക്കുന്നതിനുവേണ്ടി വി.എഫ്.പി.സി.കെ.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കാരണം, വി.എഫ്.പി.സി.കെ.-യുടെ കീഴിലാണ് ഇപ്പോൾ 3000-ത്തിലധികം വരുന്ന കർഷക സംഘങ്ങളുള്ളത്. ഏകദേശം 2 ലക്ഷത്തോളം കൃഷിക്കാർ അവരുടെ കീഴിലുള്ള സംഘങ്ങളിൽ അംഗങ്ങളാണ്. 273 മാർക്കറ്റുകൾ അവർക്കുണ്ട്. ഇവയെല്ലാം പ്രയോജനപ്പെടുത്തിക്കൊണ്ട് മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് പ്രധാനപ്പെട്ട ചില പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ആദിവാസി മേഖലയിലെ കൃഷിരീതി വളരെ യുണീക് ആയിട്ടുള്ളതാണ്. പരമ്പരാഗ വിത്തുകളും പരമ്പരാഗത രീതികളുമാണ് അവർ കൃഷിക്ക് അവലംബിക്കുന്നത്. ആദിവാസി മേഖലയിലെ കൃഷിയെ സംരക്ഷിക്കുവാനുള്ള പരിപാടികൾ 2 വർഷമായി ആരംഭിച്ചിരിക്കുകയാണ്. ആദിവാസി ഊരുകൾക്കുവേണ്ടി പ്രത്യേകം അവാർഡുകൾ ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആദിവാസി മേഖലയിലെ കൃഷിയെയും അതുവഴി അവരുടെ വരുമാനം സസ്റ്റൈനബിൾ ആയി വർദ്ധിപ്പിക്കുവാനും അവരുടെ പട്ടിണി മാറ്റാനും വേണ്ടിയുള്ള പരിപാടികളുടെ ഭാഗമായി ആരംഭിച്ച 'മില്ലറ്റ് വില്ലേജ്' പദ്ധതി അട്ടപ്പാടിയിൽ വൻവിജയമായി. 1720 ഏക്കർ സ്ഥലത്ത് ഇപ്പോൾ ആ പദ്ധതി വ്യാപിപ്പിക്കാൻ കഴിഞ്ഞു. വയനാട്ടിലും ഇടുക്കിയിലുംകൂടി ഇത് വ്യാപിപ്പിച്ചിരിക്കുകയാണ്. അതിനുപുറമെയാണ് അതിരപ്പിള്ളി ട്രൈബൽ വാലി പ്രോജക്ട് വരുന്നത്. ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ മണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ട്, വയനാട് ജില്ലയുമായി ബന്ധപ്പെട്ട 3 എം.എൽ.എ.-മാരെയും കൂട്ടി ആദിവാസികളുടെ പ്രത്യേക ബ്രാൻഡിൽ പ്രോഡക്ട് ഇറക്കാനാവശ്യമായ കാര്യങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ആദിവാസി മേഖലയായ തായണ്ണൻകുടി ഊര് ഒരു പ്രധാനപ്പെട്ട വില്ലേജാണ്. ഏറ്റവും കൂടുതൽ അപൂർവ്വമായ

വെറൈറ്റി ചെറുധാന്യങ്ങൾ ശേഖരിച്ചിരിക്കുന്ന ഒരു ആദിവാസി മേഖലയാണത്. അഖിലേന്ത്യാതലത്തിൽ തന്നെ അവർക്ക് പ്ലാന്റ് ജിനോ സേവ്യർ ഫാർമേഴ്സ് അവാർഡ് വാങ്ങിക്കൊടുക്കാൻ നമുക്ക് സാധിച്ചു. റാഗി തന്നെ 20-ലധികം വെറൈറ്റി അവർ സംരക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ പരമ്പരാഗതകൃഷി സംരക്ഷിക്കുന്നതിന്റെ ഭാഗമായി 'പരമ്പരാഗത് കൃഷി വികാസ് യോജന'-യുടെ യൂണിറ്റുകളാക്കി ഈ ആദിവാസി ഊരുകളെ മാറ്റാനും അതോടൊപ്പം ആദിവാസികൾക്കുവേണ്ട പോഷകാഹാരങ്ങൾ അവർ തന്നെ ഉൽപ്പാദിപ്പിച്ച് അതിന് ഉടമസ്ഥൻമാരായി വരികയും അവരുൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളിൽ അവരുടെ ആവശ്യം കഴിഞ്ഞ് കൂടുതലായി വരുന്നതെല്ലാം പൂർണ്ണമായും ഡിപ്പാർട്ട്മെന്റ് തന്നെ സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി സഹകരിച്ചുകൊണ്ട് ആദിവാസികൾക്കുവേണ്ട ട്രെയിനിംഗ് കൊടുക്കുവാനും അവർക്ക് Value added product-കളുണ്ടാക്കാനും വേണ്ടിയുള്ള പ്രവർത്തനം അട്ടപ്പാടിയിൽ ആരംഭിച്ചുകഴിഞ്ഞു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഏകദേശം 5 ലക്ഷത്തോളം ജാതി കർഷകരുണ്ട്. എന്റെ പ്രസംഗത്തിൽ പറഞ്ഞതാണ്. ജാതി കൃഷിയിൽ മാത്രമാണ് ഹൈബ്രിഡ് വെറൈറ്റികൾ വികസിപ്പിക്കുന്നതിനാവശ്യമായ ഗവേഷണങ്ങളോ, പഠനങ്ങളോ നടക്കാതിരിക്കുന്നത്. അതുപോലെതന്നെ ജാതിമരങ്ങൾ വിളവുകുറഞ്ഞ് ഒരു കായ പോലുമില്ലാതെ നിൽക്കുകയാണ്. ഇതെന്തുകൊണ്ട് സംഭവിക്കുന്നുവെന്ന് കർഷകർക്കും വ്യക്തമായി അറിയില്ല. കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട്, ഈ രണ്ട് വിഷയങ്ങളിൽ കൃത്യമായൊരു പഠനം നടത്തി ഇതിന് പരിഹാരം കാണാൻ ശ്രമിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, മണ്ണിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. ജാതികൃഷി ചെയ്യുന്ന സ്ഥലത്തുള്ള മേൽമണ്ണിന്റെ മാറ്റത്തെക്കുറിച്ച് വ്യക്തമായിട്ടുള്ള പഠന റിപ്പോർട്ട് വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ജാതി ഇനങ്ങൾ ഹൈബ്രിഡ് വെറൈറ്റി എന്നതിലുപരിയായി 5 വെറൈറ്റികൾ പുതുതായി കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കർഷകരുടെ സഹകരണത്തോടുകൂടിയുള്ള പുതിയ വെറൈറ്റിയാണ് വികസിപ്പിച്ചെടുത്തിരിക്കുന്നത്. ഭൗമസൂചിക ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ ഇപ്പോൾ പൊക്കാളി അരി, കൈപ്പാട് അരി, വാഴക്കുളം കൈതച്ചക്ക, വയനാടൻ ജീരകശാല, ഗന്ധകശാല അരി, തിരുവല്ല പതിയൻ ശർക്കര, ചെങ്ങാലിക്കോടൻ

വാഴ, മറയൂർ ശർക്കര, നിലമ്പൂർ തേക്ക് എന്നീ 9 ഇനങ്ങൾക്ക് ഭൗമസൂചിക പദവി ലഭ്യമാക്കിയിട്ടുണ്ട്. നേരത്തെ പറഞ്ഞ ഇടയൂർ മുളക്, അട്ടപ്പാടി തുവര, ആട്ടുകൊമ്പൻ അമര, കുറ്റ്യാട്ടൂർ മാങ്ങ, കാന്തല്ലൂർ വെളുത്തുള്ളി തുടങ്ങിയവ ഭൗമസൂചിക പദവിയിലേയ്ക്ക് പോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നെതർലാന്റ് സന്ദർശിച്ചതിനുശേഷം എടുത്ത തീരുമാനമനുസരിച്ച് കേരളത്തിലെ പുഷ്പകൃഷിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ആവശ്യമായ നടപടികളെടുക്കുകയാണ്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സ്റ്റേറ്റ് ഹോർട്ടി മിഷന്റെ നേതൃത്വത്തിൽ നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി വയനാട്ടിൽ ഒരു 'സെന്റർ ഓഫ് എക്സലൻസ്' സ്ഥാപിക്കാൻ പോകുകയാണ്. അത് സ്ഥാപിക്കപ്പെടുന്നതോടുകൂടി കേരളത്തിന്റെ പുഷ്പകൃഷിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങളുണ്ടാകും. നമ്മുടെ കർഷകർക്ക് ഫാം പ്ലാന്റ് അടിസ്ഥാനത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയുടെ ഭാഗമായി 10000 പുരയിടങ്ങളിൽ ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം ആത്മ വഴി നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ 25 സെന്റിൽ താഴെമാത്രം കൃഷിയിടങ്ങളുള്ള നാമമാത്രമായ കർഷകർക്ക് മുൻഗണന നൽകിക്കൊണ്ട് 10000 പുരയിടങ്ങളിൽ സംയോജിത ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം നടപ്പാക്കാനുദ്ദേശിക്കുന്നു. കേരഫെഡിന്റെ കരുനാഗപ്പള്ളി പ്ലാന്റിൽ പ്രതിദിനം 150 മെട്രിക് ടൺ ശേഷിയുള്ള കൊപ്ര സംഭരണ യൂണിറ്റ് ആരംഭിക്കുവാൻ പോകുകയാണ്. വെളിച്ചെണ്ണയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഭാഗമായി കേരഫെഡിന്റെ കരുനാഗപ്പള്ളി പ്ലാന്റിൽ വൈറ്റമിൻ 'എ', വൈറ്റമിൻ 'ഡി' എന്നിവ അടങ്ങുന്ന രീതിയിലുള്ള ഫോർട്ടിഫൈഡ് കോക്കനട്ട് ഓയിലിന്റെ ഉത്പാദനം ഉടൻ ആരംഭിക്കും. നടുവണ്ണൂർ പ്ലാന്റിൽ വെളിച്ചെണ്ണയിൽനിന്നും കുട്ടികൾക്കുവേണ്ടിയുള്ള ബേബി ഓയിൽ കൊമേഴ്സ്യൽ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. എസ്.എഫ്. എ.സി. (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം)-യുടെ നേതൃത്വത്തിൽ കേരളത്തിൽ 100 പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് (50 എണ്ണം പുതിയതും 50 എണ്ണം പഴയതും) ശക്തിപ്പെടുത്താൻ വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച മില്ലറ്റ് വില്ലേജ് അട്ടപ്പാടിയിലെ ആദിവാസികളുടെ പരമ്പരാഗതമായ കൃഷിരീതിയായ റാഗി, ചാമ, ചോളം, തിന ഇവയുടെയൊക്കെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇവ സമൂഹത്തിന് പരിചയപ്പെടുത്തേണ്ടതാണ്. ഇത് ഏറ്റവും ഫ്രെഷായതും അനേകം അസുഖങ്ങൾക്കുള്ള പ്രതിവിധി ഉണ്ടാക്കുന്നതുമായ

പോഷകാഹാരമാണ്. ഇത്തരം പ്രോഡക്ടുകളെക്കുറിച്ച് ലോകത്തിന് വേണ്ടത്ര അറിയില്ല. ഇവയുടെ മാർക്കറ്റിംഗ് വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യത്തിന്, രാവിലത്തെ ചോദ്യോത്തരവേളയിൽ ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ചോദ്യത്തിനുത്തരമായി ഇക്കാര്യം വളരെ വിശദമായി പറയുകയുണ്ടായി.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പ്രളയാനന്തരം കാർഷിക മേഖലയ്ക്ക് വലിയ ദുരന്തമുണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭൂമിയുടെ ഘടനയിൽ വന്ന മാറ്റങ്ങളാണ്. ഇടുക്കി പോലുള്ള പ്രദേശത്ത് ഏലം, കുരുമുളക് എന്നിവപോലും ഇത്തവണ ഉൽപ്പാദിപ്പിക്കുന്നില്ല. അക്കാര്യത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. ഏലത്തിന് വില അൽപ്പം കൂടിയിട്ടുണ്ട്. ഉൽപ്പാദനക്കുറവുകൊണ്ട് കർഷകർ വലിയ ദുരിതത്തിലാണ്. ഭൂമി നഷ്ടപ്പെടുന്ന കർഷകർക്ക് ഭൂമിയുടെ വിലയായി നൽകുന്നത് തുച്ഛമായ തുകയാണ്. കർഷകരെല്ലാം വലിയ ദുരിതത്തിലാണ്. കഴിഞ്ഞ ദിവസം പാട്ടത്തിനെടുത്ത ഭൂമിയിൽ 3000 വാഴ കൃഷിചെയ്ത ആളാണ് തോപ്രാംകുടിയിൽ ആത്മഹത്യ ചെയ്തത്. എല്ലാം നഷ്ടപ്പെട്ടപ്പോഴാണ് ആത്മഹത്യ ചെയ്യേണ്ടിവന്നത്. വലിയ ദുരന്തവും പ്രളയവുമുണ്ടാകുമ്പോൾ അതിനെ കലാമിറ്റിയായിക്കാണാതെ ഒരു പ്രത്യേക പാക്കേജായി കണ്ട് അവരെ പരിരക്ഷിക്കുവാനും ഭൂമിക്ക് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരത്തുകയിൽ വർദ്ധനവുവരുത്തി കർഷകരെ പരിരക്ഷിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തീർച്ചയായിട്ടും അവരെ സഹായിക്കാം. റീ-ബിൽഡ് കേരളയുടെ ഭാഗമായി വരുന്നതാണ് ഇടുക്കി പാക്കേജുകൾ. ഇങ്ങനെയുള്ള കൃഷിഭൂമിയെയും കൃഷിക്കാരെയും സോയിൽ ഹെൽത്ത്, അതുപോല പ്ലാൻ ഹെൽത്ത് മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾ അവിടെ വരുന്നതാണ്.

പ്രധാനപ്പെട്ടൊരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. പ്രളയാനന്തര കേരളത്തെ പുനർസൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി നവകേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി. പ്രളയത്തിനുശേഷമുണ്ടായിട്ടുള്ള അനുഭവത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ കാർഷിക ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും ജൈവ വൈവിദ്ധ്യത്തിന്റെയും അടിസ്ഥാനത്തിൽ കാർഷിക മേഖലയെ അഗ്രോ ഇക്കോളജിക്കൽ

സോണുകളായി തിരിക്കാൻ ഗവൺമെന്റ് തീരുമാനമെടുക്കുകയുണ്ടായി. കോസ്റ്റൽ പ്ലെയ്ൻ, മിഡ്‌ലാന്റ് ലാറ്ററൈറ്റ്, ഫുഡ് ഹിൽസ്, ഹൈ ഹിൽസ്, പാലക്കാട് പ്ലെയ്ൻ എന്നിങ്ങനെ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് അഗ്രോ ഇക്കോളജിക്കൽ സോണുകളായിട്ടാണ് കാർഷിക മേഖലയെ തിരിക്കുന്നത്. അതിന്റെ കീഴിൽ ഏറ്റവും ചുരുങ്ങിയത് 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളെങ്കിലും കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തെയും മണ്ണിന്റെയും കാലാവസ്ഥയുടെയും ജലലഭ്യതയുടെയും ഭൂമിയുടെ ചരിവിന്റെയുമൊക്കെ അടിസ്ഥാനത്തിൽ ഏത് ക്രോപ്പാണ്, ഏത് പരിപാലനമുറയാണ്, ഏത് പ്രോട്ടോക്കോളാണ് തുടങ്ങിയ കാര്യങ്ങളെല്ലാം നിശ്ചയിച്ചുകൊണ്ടുള്ളൊരുരീതി കേരളത്തിലാരംഭിക്കുകയാണ്. ഓരോ മേഖലയ്ക്കുംവേണ്ട പ്രോട്ടോക്കോൾ/പാക്കേജ് ഓഫ് പ്രാക്ടീസ് ക്രമീകരിക്കുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൃഷിവകുപ്പിന്റെ ഭരണപരമായ ഒരു ഘടനയിലും മാറ്റംവരുത്താതെ മേൽപ്പറഞ്ഞ ഭൂഘടനയുടെ അടിസ്ഥാനത്തിൽ കൃഷിയിലേയ്ക്ക് കൊണ്ടുവരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി പാക്കേജ് ഓഫ് പ്രാക്ടീസ്, ക്രോപ്പ് ലെവൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോട്ടോക്കോൾ എന്നിവ തയ്യാറാക്കി കൃഷിക്കാരിലേയ്ക്ക് എത്തിക്കുന്നതാണ്. സോൺ അടിസ്ഥാനത്തിൽ വിത്തുമുതൽ വിപണിവരെയുള്ള കാര്യങ്ങളെത്തിക്കുക എന്നുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ വിളവികസനം പുനഃസംഘടിപ്പിക്കുകയും കേരളത്തിന്റെ കാർഷികോൽപ്പാദന രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കിയെടുക്കുവാൻ കഴിയുക എന്നുള്ളതാണ്. അതിനുപുറമെ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ചുകൊണ്ട് നീർത്തടാധിഷ്ഠിത രീതിയിലുള്ള പരിപാടികൾ, അതിന്റെ യൂണിറ്റുകൾ തുടങ്ങിയവ രൂപീകരിക്കുവാനുള്ള പ്രവർത്തനം ആരംഭിക്കുകയാണ്. കർഷക ക്ഷേമ ബോർഡ് സംബന്ധിച്ച ബിൽ കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിച്ചിരുന്നു. നാല് സിറ്റിംഗ് ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ സിറ്റിംഗ് കൂടി പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞാൽ വരുന്ന നിയമസഭാ സമ്മേളനത്തിൽ ബിൽ പാസ്സാക്കാം. ഇന്ത്യയിൽ ആദ്യത്തെ കർഷക ക്ഷേമ ബോർഡ് കേരളത്തിൽ നിലവിൽ വരാൻ പോകുകയാണ്, കർഷകർക്ക് പെൻഷനും അവരുടെ വിളകൾക്കുള്ള ഇൻഷ്വറൻസും ലൈഫ് ഇൻഷ്വറൻസും ചികിത്സാസഹായവും മക്കളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനുമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം നൽകുവാൻ കഴിയുന്ന വിപുലമായൊരു ക്ഷേമ ബോർഡ് ആരംഭിക്കുവാൻ പോകുകയാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ അൻപതാം വാർഷികാഘോഷത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

രാഷ്ട്രീയം അധികമാരും പറഞ്ഞിട്ടില്ലാത്തതുകൊണ്ട് രാഷ്ട്രീയത്തിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ പറഞ്ഞതുപോലെ യു.ഡി.എഫ്.-നുണ്ടായ നേട്ടം ശരിയാണ്. ഞങ്ങൾക്ക് തിരിച്ചടിയുണ്ടായി എന്നുള്ളതും സത്യമാണ്. ഏതൊരു കാര്യത്തിലും റിയാലിറ്റിയുണ്ട്. ഇവിടെ ഉണ്ടായിട്ടുള്ളൊരു കാര്യം കേരളത്തിലെ 84% ആൾക്കാരും ബി.ജെ.പി.-ക്കെതിരായിട്ടാണ് വോട്ട് ചെയ്തതെന്നുള്ളത് ഒരു വസ്തുതയാണ്. കൂടുതൽ വോട്ടുകൾ നിങ്ങൾക്ക് ലഭിച്ചു, നിങ്ങൾ വിജയിച്ചു എന്നുള്ളത് സത്യമാണ്. അത് നിങ്ങളുടെ മഹത്വം കൊണ്ടാണെന്ന് വിചാരിക്കരുത്. ഞാൻ രാഷ്ട്രീയം പറയുകയല്ല. 'വിയറ്റ്നാം കോളനി' എന്ന സിനിമയിൽ ശ്രീ. മോഹൻലാൽ വിയറ്റ്നാം കോളനിയിലേയ്ക്ക് എത്തുമ്പോൾ ഓട്ടോറിക്ഷയിൽ നിന്നിറങ്ങി ഓട്ടോ ചാർജ്ജ് കൊടുക്കുന്നതിനിടയിൽ ഓട്ടോറിക്ഷാക്കാരനുമായി വഴക്കിടുന്നൊരു രംഗമുണ്ട്. കുറച്ച് കഴിയുമ്പോൾ ഓട്ടോറിക്ഷാക്കാരൻ പേടിച്ചുവിറച്ച് കിട്ടിയ ചാർജ്ജും വാങ്ങിപോകുമ്പോൾ ശ്രീ. മോഹൻലാലിന്റെ ധാരണ, തന്നെ പേടിച്ചിട്ടാണ് ഓട്ടോറിക്ഷാക്കാരൻ തിരിച്ചുപോയതെന്നാണ്. പിന്നിൽ നിൽക്കുന്ന ഗുണ്ടയെ കണ്ടാണ് ഓട്ടോറിക്ഷാക്കാരൻ തിരിച്ചുപോയതെന്നറിയാതെ നിൽക്കുന്ന ശ്രീ. മോഹൻലാലിന്റെ മനോഭാവത്തിലേയ്ക്ക് യു.ഡി.എഫ്. പോകരുതെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. മറ്റുകാര്യങ്ങളൊന്നും പറയുന്നില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് ചെറിയൊരു കറക്ഷൻ പറയാനുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ കെ. കൃഷ്ണൻകുട്ടി): സർ, ചെറിയൊരു തിരുത്താണ്, പിറവം പ്രോജക്ട് ഡിവിഷൻ നിലനിർത്തുമെന്നാണ് ഞാൻ പറഞ്ഞത്. ഡിവിഷൻ എന്നത് ശരിയല്ല, സബ് ഡിവിഷനാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് പറ്റിയ പിശക് തിരുത്തിയിട്ടുണ്ട്. പാർട്ടികളെ പ്രതിനിധീകരിച്ചാണ് ഇവിടെ ചർച്ചകൾ നടക്കുന്നത്. ചർച്ച നടക്കുന്ന സമയത്ത് ലോകത്തുള്ള മുഴുവൻ കാര്യങ്ങൾ പറയുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്ന സമയത്ത് വിഷയം സംബന്ധിച്ച് ചോദിക്കുന്നതും ശരിയായ നടപടിയല്ല. ശ്രീ. ഉബൈദുള്ള വളരെ ഭംഗിയായി സംസാരിച്ചു. പക്ഷെ സംസാരിച്ചത് കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യരായ മന്ത്രിമാരൊക്കെ സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്. എനിക്ക് ഒരു പ്രത്യേക കാര്യം

പറയാനുണ്ട്. ശ്രീ. പി. ടി. തോമസ് ആണ് ഇന്നത്തെ ധനാഭ്യർത്ഥന ചർച്ച അവസാനിപ്പിച്ചത്. ശ്രീ. പി. ടി. തോമസ് കോൺഗ്രസ്സിന്റെ പ്രതിനിധി ആയിട്ടാണ് സംസാരിക്കുന്നത്. കോൺഗ്രസ്സിന്റെ നയം തന്നെയാണോ സംസാരിക്കുന്നതെന്ന് അവർ പരിശോധിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ എഴുന്നേറ്റുനിന്ന് സംസാരിക്കുവാൻ അവസരം ലഭിക്കുമ്പോഴൊക്കെ കമ്മ്യൂണിസ്റ്റ് വിരുദ്ധ ജ്വരം ബാധിച്ച് വല്ലാതെ തുള്ളുന്ന അവസ്ഥയാണ് എപ്പോഴും കാണുന്നത്. അതിന്റെ ഭാഗമായി സംഭവിക്കുന്നതെന്താണ്; ഇന്നത്തെ വിഷയവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളൂ. പിന്നീട് ആ വിഷയമേ പറഞ്ഞിട്ടില്ല. ശുദ്ധജല വിതരണവും ശുദ്ധീകരണവും, കൃഷി, ജലസേചനം എന്നിവയെപ്പറ്റി മറ്റ് ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം പറഞ്ഞു. അദ്ദേഹത്തിനതൊന്നും പറയാനില്ല. Marxism is a degenerated non-human anthropology. ഇതാണ് ശ്രീ. പി. ടി. തോമസിന്റെ വ്യാഖ്യാനം. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളെക്കുറിച്ച് എന്തൊക്കെ പറയുവാനുണ്ടോ അതൊക്കെ പറയുന്നുണ്ട്. ഇടയ്ക്ക് ശ്രീ. ജേക്കബ് തോമസിലേയ്ക്ക് പോകുന്നുണ്ട്. അദ്ദേഹമെന്തോ കാണാതെ വമ്പൻ സ്രാവുകളെക്കുറിച്ച് പറയുന്നുണ്ട്, അത് നിങ്ങളാണോ എന്ന് ഇങ്ങോട്ട് ചോദിക്കുന്നുണ്ട്. അതുപോലെ മരടിലെ ഫ്ലാറ്റിനെക്കുറിച്ച് പറയുന്നുണ്ട്. ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും

ശ്രീ. പി. ടി. തോസ് പറയുന്നുണ്ടെങ്കിലും വിഷയത്തെക്കുറിച്ച് ഒന്നും പറയുന്നതായി കാണുന്നില്ല. കമ്മ്യൂണിസ്റ്റുകാരെ എത്രത്തോളം അനാവശ്യം പറയുവാൻ കഴിയുമോ അതിനൊക്കെ ഈ അവസരം ഉപയോഗിക്കുകയാണ്. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളോട് എന്താണ് ഇദ്ദേഹത്തിന് ഇത്ര വിരോധം? അമേരിക്കയ്ക്കെതിരെയുള്ള വിരോധം നമുക്ക് മനസ്സിലാക്കാം. അമേരിക്കയുമായുള്ള രാജ്യത്തിന്റെ ബന്ധം മുമ്പ് തുടങ്ങിവച്ചത് ഇപ്പോൾ എവിടെയെത്തി? ഇനിയൊരു യുദ്ധമുണ്ടാകുമ്പോൾ നമ്മുടെ രാജ്യത്തെക്കൂടി യുദ്ധത്തിന്റെ ഭാഗമാക്കുവാൻ പോകുകയാണ് ശ്രീ. നരേന്ദ്ര മോദി. ഇത് തുടങ്ങിവച്ചതാരാണ്?

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആർക്ക് വേണ്ടിയാണോ മറുപടി പറയുന്നത് അദ്ദേഹം വളരെ നിശബ്ദനായി കേട്ടുകൊണ്ടിരിക്കുകയാണ്. മറ്റ് മെമ്പർമാർ എന്തിനാണ് ബഹളം വയ്ക്കുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: അമേരിക്കയുടെ സ്വരമാണല്ലോ ഇവിടെ കേട്ടത്. അന്ധമായ സോഷ്യലിസ്റ്റ് വിരോധം. എന്തിനാണ് അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത്? ഇവിടെ പ്രതിപക്ഷം സർക്കാരിനെ വിമർശിക്കുന്നതിൽ തെറ്റൊന്നുമില്ല. വിമർശിക്കണം. പക്ഷെ വിമർശനം വിമർശനത്തിനായിരിക്കണം. ഉള്ള കാര്യംവച്ചുകൊണ്ടല്ലേ; അതിനൊരു ശത്രുതാഭാവം വേണോ? ഈ ചർച്ചയിൽ

അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ശത്രുതാഭാവം മാത്രമാണല്ലോ ഉണ്ടായത്; അങ്ങനെയൊരു സംസാരരീതി ആവശ്യമുണ്ടോ; സർക്കാരിനെക്കുറിച്ച് പറഞ്ഞത് മുഴുവൻ ഒരു രീതിയിലുള്ള അപവാദരീതികളാണ്. ഏതെങ്കിലും വസ്തുത പറയാനുണ്ടായോ? അദ്ദേഹത്തിന്റെ കണ്ണിൽ ഭരണപക്ഷത്തുള്ളവർ ചെയ്ത മഹാപാതകമെന്താണ്? നെഹ്റുവിനെക്കുറിച്ചുപറഞ്ഞു. അന്ന് ഗാന്ധിജിയെ ആയിരുന്നില്ല കൊല്ലേണ്ടിയിരുന്നത്. അന്ന് കൊല്ലേണ്ടിയിരുന്നത് നെഹ്റുവിനെയാണ് എന്ന് അന്ന് പറഞ്ഞ കാര്യം ഓർമ്മയില്ലേ? അന്ന് നാക്കനങ്ങിയോ; ഇടതുവശത്തിട്ട നാക്ക് വലതുവശത്തേയ്ക്ക് ഇട്ടോ; അന്ന് കമ്മ്യൂണിസ്റ്റുകാർ അതിനെതിരെ പ്രതികരിച്ചല്ലോ; അന്ന് പ്രതികരിക്കാതെ പല്ലുംകടിച്ച് നിന്നിട്ട് അന്ന് പ്രതികരിച്ചവരെ ഇപ്പോൾ ആക്ഷേപിക്കാൻ നോക്കുകയാണ്. ഓർമ്മയില്ലേ; മഹാത്മാഗാന്ധിയെ വെടിവച്ച് കൊന്നതിനെ ന്യായീകരിച്ചുകൊണ്ട് സംഘ് പരിവാർ രംഗത്തുവന്ന കാഴ്ച; എന്തെല്ലാമാണ് നടന്നത്; ഗോഡ്സെയെ പവിത്രവൽക്കരിക്കുകയും അമ്പലം പണിയുകയും ചെയ്തില്ലേ? എന്തെല്ലാം തരത്തിലുള്ള ശബ്ദങ്ങളാണ് കേട്ടത്. ..............(ബഹളം)...............

<u>മി. സ്പീക്കർ</u>: സഭയിൽ മുഖ്യമന്ത്രിക്ക് സംസാരിക്കാൻ അവകാശമില്ലേ; ഈ വിഷയങ്ങൾ ശ്രീ. പി. ടി. തോമസ് പറഞ്ഞപ്പോൾ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായില്ലേ?

<u>ശ്രീ. പിണറായി വിജയൻ</u>: ശ്രീ. പി. ടി. തോമസിന്റെ പുറകിലിരുന്ന് സംസാരിക്കുന്നവരില്ലേ? ശ്രീ. പി. ടി. തോമസ് സംസാരിക്കുമ്പോൾ അവരാണ് പറയേണ്ടിയിരുന്നത് ഇത് പുത്തരിക്കണ്ടമല്ലെന്ന്. ആ സമയത്താണ് പറയേണ്ടിയിരുന്നത്. അപ്പോൾ പറയാതെ ഇപ്പോൾ പറഞ്ഞതുകൊണ്ട് കാര്യമില്ല. അതാണ് പ്രശ്നം..........(ബഹളം)...........

<u>മി. സ്പീക്കർ</u>: ഇതൊട്ടും ശരിയായ നടപടിയല്ല. സഭാനാഥൻ സംസാരിക്കുമ്പോൾ ഇങ്ങനെ പെരുമാറുന്നത് ശരിയല്ല. പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ആരും ഇത്തരത്തിൽ ഇടപെടാറില്ല. .........(ബഹളം)...........

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുതന്നെയാണ് സംഭവിക്കുന്നത്. ഭീരുക്കളാണ്, ആ ഭീരുത്വം കൊണ്ടാണ് പോകുന്നത്. എന്താണോ പറഞ്ഞത് അതിനെക്കുറിച്ചുള്ള പ്രതികരണം കേൾക്കാനുള്ള ആർജ്ജവംപോലും പ്രതിപക്ഷാംഗങ്ങൾക്കില്ല. അവർ അത്രയും ഭീരുക്കളായി മാറിയിരിക്കുന്നു. ആ ഭീരുത്വം വന്നത് എന്തുകൊണ്ടാണ്; അതാണ് പ്രശ്നം, ഇതാണോ കോൺഗ്രസ്സിന്റെ നിലപാട്? മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. .........(ബഹളം)...........

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ ബഹിഷ്കരിച്ചു.)

## ധനാഭ്യർത്ഥന നമ്പർ XX

### ശുദ്ധജലവിതരണവും ശുചീകരണവും

മി. സ്പീക്കർ: സർവ്വശ്രീ പാറക്കൽ അബ്ദുല്ല, മഞ്ഞളാംകുഴി അലി, കെ. എൻ. എ. ഖാദർ, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ്, പി. കെ. അബ്ദു റബ്ബ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, അബ്ദുൽ ഹമീദ്. പി, പി. ഉബൈദുള്ള, കെ. എസ്. ശബരീനാഥൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. ഉമ്മർ, സി. മമ്മൂട്ടി, കെ. സി. ജോസഫ്, ടി. വി. ഇബ്രാഹിം, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, വി. എസ്. ശിവകുമാർ, റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, വി. ടി. ബൽറാം, മോൻസ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX

### കൃഷി

മി. സ്പീക്കർ: സർവ്വശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്, കെ. എൻ. എ. ഖാദർ, വി. ടി. ബൽറാം, എൽദോസ് പി. കുന്നപ്പിള്ളിൽ, പാറക്കൽ അബ്ദുല്ല, സി. മമ്മൂട്ടി, പി. കെ. അബ്ദു റബ്ബ്, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, റോജി എം. ജോൺ,

അബ്ദുൾ ഹമീദ് പി., അനൂപ് ജേക്കബ്, പി. ഉബൈദുള്ള, എം. ഉമ്മർ, അഹമ്മദ് കബീർ, മഞ്ഞളാംകുഴി അലി, സണ്ണി ജോസഫ്, കെ. സി. ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, വി. എസ്. ശിവകുമാർ, കെ. എസ് ശബരീനാഥൻ, വി. ഡി. സതീശൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മോൻസ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVIII

### ജലസേചനം

<u>മി. സ്പീക്കർ</u>: സർവ്വശ്രീ അനൂപ് ജേക്കബ്, എം. ഉമ്മർ, ടി. വി. ഇബ്രാഹിം, പാറക്കൽ അബ്ദുല്ല, എൻ. ഷംസുദ്ദീൻ, കെ. എൻ. എ. ഖാദർ, ടി. എ. അഹമ്മദ് കബീർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, മഞ്ഞളാംകുഴി അലി, സി. മമ്മൂട്ടി, പി. ഉബൈദുള്ള, ഐ. സി. ബാലകൃഷ്ണൻ, പി. കെ. അബ്ദു റബ്ബ്, അബ്ദുൽ ഹമീദ് പി., വി. എസ് ശിവകുമാർ, മോൻസ് ജോസഫ്, കെ. സി. ജോസഫ്, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, വി. ഡി. സതീശൻ, അൻവർ സാദത്ത്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി.സ്പീക്കർ: ഓർഡർ.......... ഓർഡർ..........

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 27-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.34-ന് പിരിഞ്ഞു.)

# VIII അനുബന്ധം

*423 (അമൃത്, സ്മാർട്ട് സിറ്റി പദ്ധതികളുടെ പുരോഗതി)-ാം നമ്പർ ചോദ്യത്തിന്റെ 'സി' പിരിവിനുള്ള വിശദമായ ഉത്തരം.

## സ്മാർട്ട് സിറ്റീസ് മിഷൻ കൊച്ചി - പദ്ധതി നിർമ്മാണ പുരോഗതി നിർമ്മാണം തുടങ്ങിയവയും കോൺട്രാക്ട് അവാർഡ് ചെയ്യതുമായ പദ്ധതികൾ

ആകെ പദ്ധതികൾ - 11 എണ്ണം

ആകെ പദ്ധതി തുക - 268.61 കോടി രൂപ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (കോടി രൂപ) |
|---|---|---|
| (1) | (2) | (3) |
| 1. | സൗരോർജ്ജ പാനലുകൾ.<br>സർക്കാർ സ്ഥാപനങ്ങളിൽ വൈദ്യുതി ഉല്പാദനത്തിനായി സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു. | 5.7 |
| 2. | സൈക്കിൾ ഗതാഗതം.<br>കൊച്ചി നഗരത്തിൽ സൈക്കിൾ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് പി.പി.പി. മാതൃകയിൽ പബ്ലിക് ബൈക്ക് ഷെയറിംഗ് പദ്ധതി | 10 (പി. പി.പി.) |
| 3. | സമഗ്ര ഗതാഗത സിഗ്നൽ സംവിധാനം (ഐ.റ്റി.എം.എസ്.)<br>കൊച്ചി നഗരത്തിന് മുഴുവനായി ഒരു സമഗ്ര ഗതാഗത സംവിധാനം രൂപീകരിക്കുന്നതിനുള്ള പദ്ധതി. നഗരത്തിലെ പ്രധാന ജംഗ്ഷനുകളിൽ സിഗ്നലുകൾ സ്ഥാപിക്കാനും സിഗ്നലുകളും അനുബന്ധ ക്യാമറകളും തമ്മിൽ ബന്ധപ്പെടുത്തി അതിന്റെ വിവരങ്ങൾ ഒരു കമാന്റ് ആന്റ് കൺട്രോൾ റൂമിൽ എത്തിക്കുവാനും അവിടെനിന്ന് ഗതാഗതത്തെ നിയന്ത്രിക്കുവാനും സാധിക്കും. | 26.9 |

| (1) | (2) | (3) |
|---|---|---|
| 4. | ഇന്റഗ്രേറ്റഡ് കമാൻഡ്, കൺട്രോൾ ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ (ഐ.സി.4)<br>വിവിധ സർക്കാർ ഏജൻസികൾ ഒരേ സ്ഥലത്തിരുന്നുകൊണ്ട് നിയന്ത്രിക്കാനും ഏകോപിപ്പിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനുമായി ഒരു കമാന്റ് ആന്റ് കൺട്രോൾ റൂം സ്ഥാപിക്കുവാനും അതിനാവശ്യമായ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവ സ്ഥാപിക്കുവാനും പരിപാലിക്കുവാനുമുള്ള പദ്ധതിയാണ്. | 64.5 |
| 5. | കാൻസർ കെയർ സെന്റർ, ജനറൽ ഹോസ്പിറ്റൽ, കൊച്ചി കാൻസർ കെയർ വാർഡുകൾക്കായുള്ള കെട്ടിട നിർമ്മാണ പദ്ധതി | 17.0 |
| 6. | ഇ-ഹെൽത്ത് സൊല്യൂഷൻസ്, ജനറൽ ഹോസ്പിറ്റൽ, കൊച്ചി ആശുപത്രികളിലെ വിവിധ വകുപ്പുകളുടെ ഭരണം സംയോജിപ്പിക്കാനും നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും വേണ്ടി ഇ-ഫയലിംഗ് പദ്ധതി | 3.7 |
| 7. | റോഡ് വികസന പദ്ധതി (സ്മാർട്ട് റോഡ്സ്) എറണാകുളം. എറണാകുളം പ്രധാന നഗരത്തിലെ റോഡുകളിൽ നിലവിലുള്ള വീതിയുടെ അടിസ്ഥാനത്തിൽ നടപ്പാതകൾ, വൈദ്യുതി കമ്പികൾ ഭൂമിക്കടിയിൽ സ്ഥാപിക്കൽ, ഡാറ്റാ കേബിളുകൾ ഭൂമിക്കടിയിൽ സ്ഥാപിക്കൽ, മീഡിയനുകൾ സ്ഥാപിക്കൽ, ചെടികൾ നട്ടുപിടിപ്പിക്കൽ എന്നിവ ചെയ്യുവാൻ ഉദ്ദേശിക്കുന്ന പദ്ധതി | 61.53 |
| 8. | റോഡ് വികസന പദ്ധതി (സ്മാർട്ട് റോഡ്സ്) - പശ്ചിമ കൊച്ചി വാർഡ് 1-5 വരെയുള്ള റോഡുകളിൽ നിലവിലുള്ള വീതിയുടെ അടിസ്ഥാനത്തിൽ നടപ്പാതകൾ, വൈദ്യുതി കമ്പികൾ ഭൂമിക്കടിയിൽ സ്ഥാപിക്കൽ, ഡാറ്റാ കേബിളുകൾ ഭൂമിക്കടിയിൽ സ്ഥാപിക്കൽ, മീഡിയനുകൾ സ്ഥാപിക്കൽ, ചെടികൾ നട്ടുപിടിപ്പിക്കൽ എന്നിവ ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതി | 30.31 |

| (1) | (2) | (3) |
|---|---|---|
| 9. | റോഡ് വികസന പദ്ധതി (അദർ റോഡ്സ്) എറണാകുളം | 43.60 |
| 10. | ഭവനതല ഖരമാലിന്യ ശേഖരണത്തിനായി പദ്ധതി.<br>ഖരമാലിന്യം വീടുകളിൽ നിന്ന് മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനായി ബിന്നുകൾ ഏകദേശം 20000 വീടുകളിൽ നൽകുന്നതിനുള്ള പദ്ധതി | 0.67 |
| 11. | യന്ത്രേതര ട്രാൻസ്പോർട്ട് പദ്ധതികൾ<br>യന്ത്രേതര ട്രാൻസ്പോർട്ട് (നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട്) പദ്ധതികളുടെ ഭാഗമായി മഹാരാജാസ് കോളേജ് മെട്രോ സ്റ്റേഷൻ മുതൽ എറണാകുളം ബോട്ട് ജെട്ടി വരെയുള്ള ഹോസ്പിറ്റൽ റോഡിൽ നടപ്പാതയുടെ നിർമ്മാണം (ജൂണിൽ പൂർത്തീകരിക്കും.) | 4.7 |
| | ആകെ തുക | 268.61 |

<u>ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുന്ന പദ്ധതികൾ</u>

ആകെ പദ്ധതികൾ - 16 എണ്ണം

ആകെ പദ്ധതി തുക - 652.9 കോടി രൂപ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (കോടി രൂപ) |
|---|---|---|
| (1) | (2) | (3) |
| 1. | റോഡ് വികസന പദ്ധതി (അദർ റോഡ്സ്) പശ്ചിമ കൊച്ചി | 60.2 |
| 2. | വൈദ്യുതി കമ്പികൾ ഭൂമിക്കടിയിൽ സ്ഥാപിക്കൽ | 63.4 |
| 3. | ഓട്ടോമേറ്റഡ് കാർ പാർക്കിംഗ്, കച്ചേരിപ്പടി | 6.15 |

| (1) | (2) | (3) |
|---|---|---|
| 4. | എറണാകുളം മറൈൻ ഡ്രൈവ് നടപ്പാത നവീകരണം | 7.1 |
| 5. | ഖരമാലിന്യ ശേഖരണത്തിനായി - കോംപാക്ടർ | 4.4 |
| 6. | ഖരമാലിന്യ ശേഖരണത്തിനായി - സ്വീപ്പിംഗ് മെഷീൻ | 3.2 |
| 7. | സ്വീവറേജ് പദ്ധതി | 154.5 |
| 8. | പൊതു ശൗചാലയ നിർമ്മാണം | 1.8 |
| 9. | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നവീകരണം - മട്ടാഞ്ചേരി | 4.57 |
| 10. | ഫോർട്ട് കൊച്ചി താലൂക്കാശുപത്രിയുടെ നവീകരണം | 4.65 |
| 11. | കൽവത്തി ഹയർ സെക്കന്ററി സ്കൂൾ നവീകരണം | 4.65 |
| 12. | ഓപ്പൺ എയർ തിയേറ്റർ, ഫോർട്ട് കൊച്ചി | 1.1 |
| 13. | ബീച്ച് നവീകരണം & വാസ്കോ സ്ക്വയർ പുനർനിർമ്മാണം | 1.58 |
| 14. | ഡച്ച് പാലസ് പരിസര വികസനം, ഫോർട്ട് കൊച്ചി | 1.1 |
| 15. | എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതി | 32.9 |
| 16. | Intelligent street poles | 301.6 (ppp) |
| | ആകെ തുക | 652.90 |

വിശദ പദ്ധതി രൂപരേഖ തയ്യാറാക്കൽ പുരോഗമിക്കുന്ന പ്രധാന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (കോടി രൂപ) |
|---|---|---|
| 1. | കനാലുകളുടെ നവീകരണം (4 എണ്ണം) | 40 |
| 2. | എറണാകുളം മാർക്കറ്റ് നവീകരണം | 100 |
| 3. | ബ്രോഡ്‌വേ മാർക്കറ്റ് നവീകരണം | 10 |
| 4. | ഫോർട്ട് കൊച്ചി ബീച്ച് നവീകരണം | 10 |
| 5. | പാർപ്പിട വികസനത്തിനായുള്ള (RAY/LIFE/PMAY) സംയോജിപ്പിച്ചുകൊണ്ടുള്ള വിവിധ തരം പദ്ധതികൾ | 100 |
| 6. | കാൽനടക്കാർക്കായുള്ള മേല്പാത നിർമ്മാണം | 6 |
| 7. | CCTV surveillance:<br>നഗര സുരക്ഷ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതി | 15 |
| 8. | വിവിധ പാർക്കുകളുടെയും മൈതാനങ്ങളുടെയും നവീകരണം | 203 |
| | ആകെ തുക | 283.30 |

തിരുവനന്തപുരം സ്മാർട്ട്സിറ്റി - പുരോഗതി റിപ്പോർട്ട്

2016 ജൂലൈയിൽ സ്മാർട്ട് സിറ്റി ചലഞ്ച് മൂന്നാം റൗണ്ടിൽ തിരുവനന്തപുരം നഗരസഭ ഒന്നാമതായി യോഗ്യത നേടി. അതുപ്രകാരം 2017 ആഗസ്റ്റ് 30-ന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി ഐ.പി.ഇ. ഗ്ലോബൽ കൺസോർഷ്യവുമായി 2018 മേയ് 14-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. 2018 ജൂൺ 1 മുതൽ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് പ്രവർത്തനം ആരംഭിച്ചു. 1538 കോടി രൂപയുടെ പദ്ധതികളാണ് തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | പദ്ധതി - വിവരങ്ങൾ | തുക |
|---|---|---|
| 1. | കേന്ദ്ര വിഹിതം | 500 കോടി |
| 2. | കേരള സംസ്ഥാന വിഹിതം | 500 കോടി |
| 3. | നഗരസഭാ വിഹിതം | 135.7 കോടി |
| 4. | കേന്ദ്രത്തിൽനിന്നുള്ള മറ്റ് പദ്ധതികൾക്ക് (കൺവർജൻസ് പ്രോജക്ടുകൾ) | 260.1 കോടി |
| 5. | സ്വകാര്യ പങ്കാളിത്തം | 142.39 കോടി |
| | ആകെ തുക | 1538.19 കോടി |

<u>പദ്ധതികളുടെ പുരോഗമനം ഒറ്റ നോട്ടത്തിൽ</u>

| ക്രമ നമ്പർ | വിശദ വിവരങ്ങൾ | ആകെ പ്രോജക്ടുകൾ | തുക |
|---|---|---|---|
| 1. | വർക്ക് അവാർഡഡ് | 7 | 4.50 കോടി |
| 2. | ടെണ്ടർ ചെയ്യാനുള്ളത് | 1 | 4.26 കോടി |
| 3. | ടെണ്ടർ സ്റ്റേജിലുള്ളവ | 3 | 6.89 കോടി |
| 4. | സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരിക്കുന്നവ | 6 | 99.43 കോടി |
| 5. | ഡി.പി.ആർ. തയ്യാറാക്കിയത് | 14 | 883.32 കോടി |
| 6. | ഫീസിബിലിറ്റി റിപ്പോർട്ട് ഘട്ടത്തിൽ | 8 | 352.64 കോടി |
| 7. | ടെണ്ടർ ചെയ്ത പ്രോജക്ടുകൾ (കൺവർജൻസ് പ്രോജക്ടുകൾ) | 4 | 186.19 കോടി |
| | ആകെ | 43 | 1538 കോടി |

പദ്ധതി വിവരണം - ഏറ്റവും പുതിയ കണക്കുകൾ പട്ടികയായി

| ക്രമ നമ്പർ | വർക്ക് അവാർഡഡ് പ്രോജക്ടുകൾ | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1a. | അപ്ഗ്രഡേഷൻ ഓഫ് എക്സിസ്റ്റിംഗ് പബ്ലിക് ടോയ്ലറ്റ് - റിനൊവേഷൻ ഓഫ് എക്സിസ്റ്റിംഗ് ബിൽഡിംഗ് ഫേസ് | 0.48 കോടി |
| 2. | ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ | 7.32 കോടി |
| 3. | ഇൻട്രാക്ടീവ് ഇൻഫർമേഷൻ കിയോസ്ക് & ഡിസ്പ്ലേ ബോർഡ് | 0.29 കോടി |
| 4a. | ലിങ്ക്ഡ് ഗ്രീൻ ആക്ടിവിറ്റീസ് സോൺ & പെഡസ്ട്രിയൽ സ്ട്രീറ്റ്സ് (ഗാന്ധിപാർക്ക് & ശ്രീകണ്ഠേശ്വരം പാർക്ക്, ഓപ്പൺ ജിം) ഫെയ്സ്1 | 0.40 കോടി |
| 5. | റീ-ഡിസൈൻ ഓഫ് ബസ് സ്റ്റോപ്പ് വിത്ത് വൈ ഫൈ ഹോട്ട്സ്പോട്ട് ഫെസിലിറ്റീസ് ഫെയ്സ് 1 | 0.89 കോടി |
| 6. | അംഗൻവാടികളുടെ അപ്ഗ്രഡേഷൻ & പബ്ലിക് ഹെൽത്ത് സെന്റേഴ്സ് | 5.27 കോടി |
| 1b. | അപ്ഗ്രഡേഷൻ ഓഫ് എക്സിസ്റ്റിംഗ് പബ്ലിക് ടോയ്ലറ്റ് (ന്യൂ ബിൽഡിംഗ്) | 0.61 കോടി |

| ക്രമ നമ്പർ | ടെണ്ടർ സ്റ്റേജിലുള്ള പ്രോജക്ടുകൾ | എസ്റ്റിമേറ്റ് തുക |
|---|---|---|
| 7 | ലാസ്റ്റ് മൈൽ കണക്ടിവിറ്റി (ഇ-ഓട്ടോസ്, ടാക്സി സ്റ്റാന്റ്, ബൈസൈക്കിൾ ഷെയറിംഗ് പോഡ്സ്) 2 എണ്ണം | 0.60 കോടി |
| 4b. | ലിങ്ക്ട് ഗ്രീൻ ആക്ടിവിറ്റീസ് സോൺ & പെഡസ്ട്രിയൽ സ്ട്രീറ്റ്സ് (ശാന്തി നഗർ പാർക്ക്, ചിൽഡ്രൻസ് പാർക്ക്, ഇ. കെ. നായനാർ പാർക്ക്, പൊന്നറ ശ്രീധർ പാർക്ക്, ഗാന്ധിപാർക്ക്, ശ്രീകണ്ഠേശ്വരം പാർക്ക്) ഫെയ്സ് 2 | 1.03 കോടി |
| 8a. | സസ്റ്റെയ്നബിൾ കാമ്പസസ് (സോളാർ റൂഫ് ടോപ്പ്, റെയ്ൻ വാട്ടർ ഹാർവെസ്റ്റിംഗ് & പബ്ലിക് ബൈക്ക് ഷെയറിംഗ്) ഫെയ്സ് 2 | 5.26 കോടി |

| ക്രമ നമ്പർ | ടെണ്ടർ ചെയ്യാനുള്ള പ്രോജക്ടുകൾ | എസ്റ്റിമേറ്റ് തുക |
|---|---|---|
| 8b. | സസ്റ്റെയ്നബിൾ കാമ്പസസ് (സോളാർ റൂഫ് ടോപ്പ്, റെയ്ൻ വാട്ടർ ഹാർവെസ്റ്റിംഗ് & പബ്ലിക് ബൈക്ക് ഷെയറിംഗ്) ഫെയ്സ് 1 | 0.86 കോടി |
| 9 | കൾച്ചറൽ സ്ട്രീറ്റ്സ് - മാനവീയം വീഥി | 3.40 കോടി |

| ക്രമ നമ്പർ | സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രോജക്ടുകൾ | എസ്റ്റിമേറ്റ് തുക |
|---|---|---|
| 10. | ഓപ്പൺ എയർ തിയേറ്റർ - പുത്തരിക്കണ്ടം മൈതാനം | 10.07 കോടി |
| 11. | എം.എൽ.സി.പീസ് കം കമേഴ്സ്യൽ കോംപ്ലക്സ് (4 നം.) ഫെയ്സ്1 | 20.82 കോടി |
| 12a. | അണ്ടർ ഗ്രൗണ്ട് ഡക്റ്റിംഗ് ഓഫ് യൂട്ടിലിറ്റീസ് ഫെയ്സ് 1 | 16.98 കോടി |
| 13. | ട്രാഫിക് & ട്രാൻസ്പോർട്ടേഷൻ (ഇന്റലിജന്റ് ട്രാൻസ്പോർട്ട്, വേരിയബൾ മെസേജ് സൈൻ ബോർഡ് & സ്മാർട്ട് പാർക്കിംഗ്)23.96 കോടി | 23.96 കോടി |
| 14. | സ്മാർട്ട് മൊസ്കിറ്റോ ഡെൻസിറ്റി സിസ്റ്റം | 0.54 കോടി |
| 15. | സേഫ്റ്റി & സെക്യൂരിറ്റി (സിസിറ്റിവി ക്യാമറ സർവ്വയലൻസ് സിസ്റ്റം & സ്ട്രീറ്റ് ലൈറ്റിംഗ് വിത്ത് കൺട്രോൾ സിസ്റ്റം) | 23.74 കോടി |

| ക്രമ നമ്പർ | ഡി.പി.ആർ. ഘട്ടത്തിലുള്ള പ്രോജക്ടുകൾ | എസ്റ്റിമേറ്റ് തുക |
|---|---|---|
| (1) | (2) | (3) |
| 16. | ഓൺ-സ്ട്രീറ്റ് പാർക്കിംഗ് ലോട്ട്സ് | 1.48 കോടി |
| 17. | റോഡ് & ജംഗ്ഷൻ ഇംപ്രൂവ്മെന്റ് (ക്യാരേജ് വേ ഇംപ്രൂവ്മെന്റ്, ട്രീ പ്ലാന്റേഷൻ, സ്ട്രീറ്റ് ലൈറ്റിംഗ് & ജംഗ്ഷൻ) | 319.56 കോടി |
| 18. | വേ ഫൈന്റിംഗ് സിഗ്നേജ് & മാർക്കേഴ്സ് | 0.57 കോടി |
| 19. | ഇന്റഗ്രേറ്റഡ് സോഷ്യൽ ഹൗസിംഗ് കോംപ്ലക്സ് - സ്ലം എച്ച്.എച്ച്.എസ്. | 95.90 കോടി |
| 12b. | അണ്ടർ ഗ്രൗണ്ട് ഡക്റ്റിംഗ് ഓഫ് യൂട്ടിലിറ്റീസ് ഫെയ്സ് 2 | 143.32 കോടി |
| 20. | റീ ഡെവലപ്മെന്റ് ഓഫ് പാളയം മാർക്കറ്റ് | 118.22 കോടി |
| 21. | എൻ.എം.റ്റി. (സൈക്കിൾ ട്രാക്സ് & ഫുഡ് പാത്ത്സ് റെയിലിംഗ്, പവേഴ്സ് ഫോർമേഷൻ, കർബ്സ്റ്റോൺസ്) | 77.00 കോടി |
| 22. | റീ ഡിസൈൻ ഓഫ് ബസ് സ്റ്റോപ്പ് വിത്ത് വൈഫൈ ഹോട്ട് സ്പോട്ട് ഫെസിലിറ്റീസ് | 3.21 കോടി |
| 23. | സെൻട്രലൈസ്ഡ് കമാന്റ് കൺട്രോൾ സെന്റർ | 29.63 കോടി |
| 24. | സ്മാർട്ട് വാട്ടർ നെറ്റ്വർക്ക് | 58.55 കോടി |
| 25. | എസ്.ഡബ്ല്യൂ.എം. ഡാറ്റാ സെന്റർ | 0.12 കോടി |
| 26. | യൂണിഫൈഡ് ഇ ഗവേണൻസ് പോർട്ടൽ | 5.00 കോടി |

| (1) | (2) | (3) |
|---|---|---|
| 27. | ഡിസാസ്റ്റർ മാനേജ്മെന്റ് (ലോക്കൽ വാണിംഗ് കം റെസ്പോൺസ് സിസ്റ്റം) | 10.54 കോടി |
| 4c. | ലിങ്ക്ഡ് ഗ്രീൻ ആക്ടിവിറ്റീസ് സോൺ & പെഡസ്ട്രിയൽ സ്ട്രീറ്റ്സ് (ശാന്തി നഗർ പാർക്ക്, ചിൽഡ്രൻസ് പാർക്ക്) ഫെയ്സ്3 | 11.42 കോടി |
| 28. | അർബൻ സ്ട്രീറ്റ് ഹാറ്റ് (ചരിത്ര വീഥി) | 4.68 കോടി |
| 29. | നോൺ വെഹിക്കുലർ സോൺ | 1.72 കോടി |

| ക്രമ നമ്പർ | ഫീസിബിലിറ്റി റിപ്പോർട്ട് ഘട്ടത്തിലുള്ള പ്രോജക്ടുകൾ | എസ്റ്റിമേറ്റ് തുക |
|---|---|---|
| (1) | (2) | (3) |
| 30. | ഡീ സെൻട്രലൈസ്ഡ് സോളിഡ് വേസ്റ്റ് മാനേജ്മെ ന്റ് | 2.57 കോടി |
| 31. | വൈഫൈ ലോഞ്ചസ് | 5.62 കോടി |
| 32. | വെന്റിംഗ് സോൺസ് | 5.27 കോടി |
| 33. | ഹെറിറ്റേജ് കൺസർവേഷൻ (മോണമെന്റ്സ്, ടാങ്ക്സ്, ഫസാഡ് ഇംപ്രൂവ്മെന്റ്, ഗേറ്റ് വേ ക്ലോക്ക് ടവർ & സ്റ്റാറ്റസ്) | 1.69 കോടി |
| 34. | ഹെറിറ്റേജ് സെറ്റിൽമെന്റ്സ് (അഗ്രഹാരംസ്) | 4.68 കോടി |
| 35. | തമ്പാനൂർ റെയിൽവേ കമേഴ്സ്യൽ കോംപ്ലക്സ് | 44.38 കോടി |
| 36. | ഇന്റഗ്രേറ്റഡ് ട്രാൻസിറ്റ് നോഡ് (ഈസ്റ്റ് ഫോർട്ട് ബസ് സ്റ്റാന്റ്) | 54.51 കോടി |

| (1) | (2) | (3) |
|---|---|---|
| 37. | വെയർ ഹൗസ് ഫെസിലിറ്റീസ് വിത്ത് ആൻസിലറി ആക്ടിവിറ്റീസ് - ചാല<br>ചാല വെയർ ഹൗസ് വിത്ത് കമേഴ്സ്യൽ കോംപ്ലക്സ് | 10.82 കോടി |
| 38. | ചാല ബസാർ ഇംപ്രൂവ്മെന്റ് (സ്ട്രീറ്റ്സ് ക്യാപ്പിംഗ് സിഗ്നേജ്, ഫർണിച്ചർ) | 3.60 കോടി |
| 39. | അനന്ത– ഫെയ്സ്2 (ഡിസാസ്റ്റർ മാനേജ്മെന്റ്) | 64.60 കോടി |
| 40a. | റിനൊവേഷൻ ഓഫ് ശ്രീഅനന്ത പത്മനാഭ സ്വാമി ടെമ്പിൾ പരിസരം (ഫെസിലിറ്റീസ്, റിനൊവേഷൻ ഓഫ് സ്ട്രക്ചേഴ്സ്, കണക്ടിവിറ്റി, സ്ഗ്നേജ് വാക് വേസ്) | 8.93 കോടി |
| 8c. | സസ്റ്റെയ്നബിൾ കാമ്പസസ് (സോളാർ റൂഫ് ടോപ്പ്, റെയ്ൻ വാട്ടർ ഹാർവെസ്റ്റിംഗ് & പബ്ലിക് ബൈക്ക് ഷെയറിംഗ്) ഫെയ്സ്3 | 60.11 കോടി |
| 11b. | എം.എൽ.സി. പീസ് കം കമേഴ്സ്യൽ കോംപ്ലക്സ് (4 നമ്പർ) ഫെയ്സ്2 | 75.86 കോടി |

| ക്രമ നമ്പർ | ടെണ്ടർ ചെയ്ത പ്രോജക്ടുകൾ (കൺവർജൻസ് പ്രോജക്ടുകൾ) | എസ്റ്റിമേറ്റ് തുക |
|---|---|---|
| 39b. | റിനൊവേഷൻ ഓഫ് ശ്രീഅനന്ത പത്മനാഭ സ്വാമി ടെമ്പിൾ പരിസരം (ഫെസിലിറ്റീസ്, റിനൊവേഷൻ ഓഫ് സ്ട്രക്ചേഴ്സ്, കണക്ടിവിറ്റി, സ്ഗ്നേജ് വാക് വേസ്) | 80.36 കോടി |
| 41. | കണ്ടിന്യുവസ് പൈപ്പ്ഡ് വാട്ടർ സപ്ലൈ | 22.83 കോടി |
| 42. | അണ്ടർ ഗ്രൗണ്ട് ഡ്രെയ്നേജ് നെറ്റ്‌വർക്ക് | 26.57 കോടി |
| 43. | സ്റ്റോം വാട്ടർ ഡ്രെയിൻ | 47.5 കോടി |
| | ആകെ തുക | 1538.19 കോടി |